
ചാവറയച്ചൻ

കേരള ആധുനികത്വത്തിന്റെ ശില്പി



എഡിറ്റർ
ജോൺ മണ്ണാറത്തറ

ചാവറയച്ചൻ
കേരള ആധുനികത്വത്തിന്റെ ശില്പി



എഡിറ്റർ
ജോൺ മണ്ണാറത്തറ

മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS
2014

ചാവറയച്ചൻ : കേരള ആധുനികത്വത്തിന്റെ ശില്പി
Malayalam | Anthology
CHAVARAYACHAN : KERALA ADHUNIKATHWATHINTE SILPI
Editor | John Mannarathara
Layout | Jiji Mathew
Published by
Mathrubhumi Books
First Edition | October 2014

ISBN: 978-81-8266-227-8
ME-I/ 3000/ 2014
₹ 500

© Rights Reserved.
No part of this work may be reproduced or utilized in any form or by any means without the prior written permission of the publisher.

An Imprint of
The Mathrubhumi Printing & Publishing Co. Ltd., Kozhikode, Keralam, India.
Printed by P V Chandran at The Mathrubhumi MM Press, Kozhikode
327/2014/mb.5306/kn/ns/mmp.

Editorial Office
Mathrubhumi MM Press, Cherootty Road, Kozhikode-673 001
Tel: 0495 2765381, 2765388. Fax: 0495 2760138
e-mail: mbibooks@mpp.co.in
website: www.mathrubhumibooks.com

Sales Centres
Kozhikode, Kochi, Thiruvananthapuram, Thrissur, Kannur, Kottayam
Malappuram, Kollam, Palakkad, Kalpetta
Nedumbasseri Airport, Ernakulam North, Shoranur, Aluva (Rly Stations)

The Mathrubhumi Printing & Publishing Co. Ltd.

PUBLISHERS OF
Mathrubhumi Daily • Mathrubhumi Illustrated Weekly • Grihalakshmi • ArogyaMasika • SportsMasika
ThozhilVartha • Balabhumi • Yathra • Minnaminni • Cartoon Plus • Mathrubhumi Star & Style

MATHRUBHUMI DAILY IS PUBLISHED FROM
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam
Malappuram • Kollam • Palakkad • Alappuzha • Mumbai • Chennai • Bengaluru • Delhi • Dubai

REGISTERED OFFICE
Mathrubhumi Buildings, K P Kesava Menon Road, Kozhikode 673 001

www.mathrubhumi.com



ചാവ്റയച്ചൻ

കേരള ആധുനികത്വത്തിന്റെ ശില്പി

ആമുഖം

'തലമുറകളായി ആവർത്തിതവിളവെടുപ്പുമൂലം തരിശായിത്തീർന്ന മണ്ണിൽ ഉരുളക്കിഴങ്ങ് എന്നപോലെ ഫലപുഷ്ടി അറ്റുപോയ ഒരേ മണ്ണിൽ മനുഷ്യപ്രകൃതിയും മെച്ചപ്പെടുന്നില്ല. വരുംതലമുറകളുടെ വേരുകളെങ്കിലും പുതിയ മണ്ണുതേടിപ്പോകേണ്ടതുണ്ട്' എന്ന് നതാനിയൽ ഹോത്തോൺ നിരീക്ഷിക്കുന്നുണ്ട്. മറ്റൊരു ലോകം സ്വപ്നം കാണാത്ത, കാണാൻ കഴിയാത്ത, കാണേണ്ടത് അവശ്യമായി തോന്നാത്ത ആർജ്ജവം അറ്റുപോയ ഒരു ഭൂമികയിൽ ദിവ്യമായ അസ്വസ്ഥത (holy discontent) അനുഭവിക്കുന്നിടത്താണ് വ്യത്യസ്ത ലോകത്തെ വിഭാവനം ചെയ്യാൻ കഴിയുക. പുരോഹിതൻ ആത്മാവിന്റെ സൂക്ഷിപ്പുകാരൻ മാത്രമല്ല, സമൂഹത്തിന്റെ പ്രവാചകനും നായകനും മനുഷ്യരെ സംബന്ധിക്കുന്ന ഏതു ചുറ്റുപാടിലും തന്റെ ഇടപെടൽ അനിവാര്യമാണെന്ന് സംവേദിച്ചറിയുന്നു. പുതിയ വഴി വെട്ടാനും അറിവിന്റെ ജാലകം എല്ലാവർക്കുമായി തുറന്നുകൊടുക്കാനും മെച്ചപ്പെട്ട സമൂഹത്തെ സൃഷ്ടിക്കാനും നിയോഗിക്കപ്പെട്ട ഋഷിവര്യനായ പുരോഹിതനായിരുന്നു ചാവറയച്ചൻ. ഒരാൾ കവിയും കഥാകാരനും ഋഷിയും അഭിഷിക്തനും എല്ലാമായി സമൂഹത്തിൽ ഇടപെടുമ്പോൾ മനുഷ്യപ്രകൃതിയെ പുനർനിർമ്മിതിക്ക് വിധേയമാക്കുന്നു. ചാവറയച്ചന്റെ ജീവിതം വർത്തമാനകാലത്തെ സങ്കീർണ്ണങ്ങളായ സമസ്യകൾക്കും ഉത്തരം നൽകുന്നുണ്ട്.

സ്ഥാപനങ്ങളുടെ ദൗർബല്യം അത് ചലനമറ്റുപോകുന്നുവെന്നും ആത്മാവ് നഷ്ടപ്പെടുന്നുവെന്നും മനുഷ്യനെ മറക്കുന്നുവെന്നും നാം അറിയുന്നു. എന്നാൽ സുസ്ഥിതിക്കും സുരക്ഷിതത്വത്തിനും സ്ഥാപനങ്ങൾ അനിവാര്യമെന്ന് ചാവറയച്ചൻ അടിവരയിട്ട് പഠിപ്പിക്കുന്നു. അദ്ദേഹം സ്ഥാപനങ്ങൾ നിർമ്മിച്ചു: പള്ളിക്കൂടങ്ങൾ, വൃദ്ധമന്ദിരങ്ങൾ, നന്മരണ സംഘങ്ങൾ, സെമിനാരികൾ, മഠങ്ങൾ. വർത്തമാനകാലത്ത് വിമർശനങ്ങൾക്കിടയിലും ഈ സ്ഥാപനങ്ങൾ തന്നെയാണ് മനുഷ്യന് നങ്കൂരങ്ങളായി വർത്തിച്ചുകൊണ്ടിരിക്കുന്നത്. ചാട്ടവാറുമായി അതിൽ പ്രവേശിക്കേണ്ടതും അതിനെ ശുദ്ധീകരിക്കേണ്ടതും പ്രവാചകദൗത്യം ഏറ്റെടുക്കുന്നവരാണ്. മനുഷ്യനെ മറക്കുവാൻ ആരംഭിക്കുമ്പോൾ, അപമാനവീകരണം സംഭവിക്കുമ്പോൾ സ്ഥാപനങ്ങളുടെ ശുദ്ധീകരണവും, അതു കഴിയാതെ വരുന്നിടത്ത് വിഗ്രഹഭഞ്ജനം നടത്തുന്നതും പ്രവാചക ധർമ്മത്തിന്റെ ഭാഗമാണ്.

ചാവറയച്ചന്റെ ജീവിതത്തെയും പുനർനിർമ്മിക്കുന്നത് കലകളുടെ സാധ്യതകൾ ആരാഞ്ഞുകൊണ്ടാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി സമൂഹത്തെ നയിച്ചവരെ പാഠ്യവിഷയമാക്കുകയെന്നതാണ് നാം ചെയ്യുന്നത്. ഇടം അവകാശപ്പെടാതെ കടന്നുപോവുന്നവരാണ് വിശുദ്ധാത്മാക്കൾ. ഓർക്കപ്പെടാൻ തങ്ങൾ അർഹരല്ലെന്ന് അവർ പറയുന്നത് അവരുടെ വലിപ്പം കൊണ്ടും വിനയംകൊണ്ടുമാണ്. നമ്മെ നാമാക്കിയവരെ മറക്കുന്നെങ്കിൽ നാം ചെറിയ മനുഷ്യരായി ഗണിക്കപ്പെടും. ഒരാൾ ജീവിച്ചു തീരുന്നിടത്താണ് മറ്റൊരാൾ ജീവന്റെ ദീപശിഖ ഏറ്റുവാങ്ങുന്നത്. അല്ലെങ്കിൽ നൂറ്റാണ്ടുകൾ കൊണ്ട് ആർജ്ജിച്ച വിജ്ഞാനങ്ങളും അനുഭവങ്ങളും അനുഭൂതികളും വരുംതലമുറകളുടെ ഭാഗമാകില്ല. നാം സംസാരിക്കുമ്പോൾ അനേകം അധരങ്ങളാണ് നമ്മിലൂടെ മന്ത്രിക്കുന്നത്.

ചാവറയച്ചനെയും അച്ചന്റെ കൃതികളെയും പഠിച്ച് എഴുതുക ശ്രമകരമായ കാര്യമായിരുന്നു പലർക്കും. അറിഞ്ഞു കഴിഞ്ഞപ്പോൾ അറിയാൻ വൈകിയതിൽ പരിഭവം പങ്കുവച്ചവരുമുണ്ട്. ഈ അന്വേഷണത്തിൽ ഭാഷയുടെ വളർച്ചയും ഭാഷയുടെ വളർച്ചയിൽ ചാവറയച്ചന്റെ നിർണ്ണായക പങ്കും വ്യക്തമാകുന്നുണ്ട്. കേരളത്തിലേയ്ക്കും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലേയ്ക്കും എത്തിയ വിദേശികൾ വഴി ലഭ്യമായ അറിവുകളും സാങ്കേതികവിദ്യകളും തദ്ദേശീയ പശ്ചാത്തലത്തിൽ സാമൂഹിക പരിഷ്കരണത്തിന്

എങ്ങനെ ചാവറയച്ചൻ ഉപയോഗിച്ചുവെന്നും മനസ്സിലാകുന്നു. നമ്മുടെ സമൂഹം ഇന്ന് ആയിരിക്കുന്ന ഔന്നത്യം ആർജ്ജിച്ചിരിക്കുന്നത് അനേകം മഹാത്മാക്കളുടെ പ്രയത്നം കൊണ്ടാണ്. ആദാനപ്രദാനങ്ങളിലൂടെ കാലങ്ങൾകൊണ്ട് രൂപപ്പെട്ടും പരിണാമം സിദ്ധിച്ചും ധന്യതയിലേക്കു പ്രയാണം നടത്തുന്ന കഥയാണ് മനുഷ്യന്റേത്. അവിടെ ഇടറി വീഴുന്ന സമൂഹത്തിനും വ്യക്തികൾക്കും നേർവഴി കാട്ടുന്നത് ഇത്തരം ധന്യാത്മാക്കളാണ്. സമൂഹത്തിന് ദിശാബോധം നൽകിയവരുടെ കൂട്ടത്തിലാണ് ചാവറയച്ചനെയും നാം കണ്ടെത്തുന്നത്.

സാമൂഹിക ദുരാചാരങ്ങളെ പൈതൃകമായി കൈവന്ന 'ദിവ്യദൗത്യ'ങ്ങളായി കരുതിയ ചരിത്രദശയിലാണ് ചാവറയച്ചൻ മാറ്റത്തിന്റെ വെള്ളിരേഖയായി കടന്നുവന്നത്. എഴുതിയ ചരിത്രം ഒരിക്കലും പൂർണ്ണമാകുന്നില്ല. രേഖപ്പെടുത്താതെ പോകുന്നവയാണ് അധികവും. ചാവറയച്ചന്റെ കാര്യത്തിൽ രേഖപ്പെടുത്തിയ ചരിത്രസാക്ഷ്യങ്ങൾ പോലും ലഭ്യമാകാതെ പരിമിതപ്പെട്ട ഇടങ്ങളിൽ ഒതുങ്ങിപ്പോയി എന്ന് കരുതുന്നു.

ചാവറയച്ചന്റെ സംഭാവനകളെയും ദർശനങ്ങളെയും വിശാലമായ പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമാണിത്. ചാവറയച്ചനെ നാം വിസ്മരിച്ചിട്ടില്ല. എന്നാൽ നാമമാത്രമായ ഇടമേ ചാവറയച്ചനെന്ന ഈ യുഗപുരുഷനു നൽകിയിട്ടുള്ളു. ചാവറയച്ചനെ പൊതുസമൂഹത്തിനു പരിചയപ്പെടുത്താൻ അടുത്തകാലത്ത് നടത്തുന്ന ശ്രമങ്ങൾ ആശാവഹമാണ്. അതിന്റെ ഭാഗമായി സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ സമുന്നതരായ വ്യക്തികളുടെ അഭിപ്രായങ്ങളും പഠനങ്ങളും ഉൾപ്പെടുത്തിയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. കൂടാതെ കർമംകൊണ്ടും വിശുദ്ധികൊണ്ടും ദീപ്തമാക്കിയ വ്യക്തി ജീവിതത്തെയും ജീവിതപരിസരങ്ങളെയും ഭാവനാത്മകമായി പിൻതുടർന്നുകൊണ്ട് കലാകാരൻമാർ ചാവറയച്ചനെ പുനരവതരിപ്പിക്കുന്നു. നമ്മെ ഇന്നിലേക്കെത്തിച്ച ഇന്നലെകളുടെ പിന്നാമ്പുറം ഭാവിയിലേക്കും പ്രകാശം പരത്തുന്നുണ്ട്. അന്ധകാരത്തെ അകറ്റാൻ കത്തിനിന്ന ഇത്തരം വിളക്കുകളിൽ നിന്നാണ് നാമാകുന്ന മൺചെരാതുകൾ പ്രകാശം പകർന്നെടുക്കേണ്ടത്. ചാവറയച്ചന്റെ ദർശനങ്ങളെ ആഴത്തിൽ പഠനവിധേയമാക്കാൻ ഈ ഗ്രന്ഥം ഒരു എളിയ ജാലകമാകുമെന്ന് കരുതുന്നു.

ജോൺ മണ്ണാറത്തറ

അവതാരിക

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ (1805–1871) അഥവാ ചാവറയച്ചനെ ഒരു ആത്മീയ, സാമൂഹിക, സാംസ്കാരിക പരിഷ്കർത്താവ് എന്ന നിലയിൽ മാത്രം പരിമിതപ്പെടുത്താനാവില്ല. ഈ മേഖലകളിൽ, പത്തൊമ്പതാം ശതകത്തിന്റെ ആദ്യപാദത്തിൽ തന്നെ സമൂല വിപ്ലവം സൃഷ്ടിച്ച അനുപമ പ്രതിഭയാണ് ഈ മഹാമനുഷ്യൻ. കാലത്തിന് വഴികാണിച്ച ചാവറയച്ചന്, ആ കാലഘട്ടത്തിൽ ചിന്തിക്കാൻ പോലുമാകാത്ത, നിരവധി കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ സാധിച്ചു. വെല്ലുവിളികളെയും തടസ്സങ്ങളെയും അതിജീവിച്ചുകൊണ്ട് കേരളീയ സമൂഹത്തിന് അർപ്പിച്ച സംഭാവനകൾ പരിശോധിച്ചാൽ ചാവറയച്ചന് അമാനുഷ സിദ്ധികളുണ്ടായിരുന്നുവെന്ന് ബോധ്യപ്പെടും.

കേരളീയരെ ഒരു പൊതുസമൂഹമാക്കി മാറ്റാൻ ഒന്നര നൂറ്റാണ്ടിന് മുമ്പാണ് ഈ മനുഷ്യസ്നേഹി നേതൃത്വം നൽകിയത്. തീവ്രമായ ജാതി-മത ചിന്തകളും നീചമായ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമൊക്കെ ഛിന്നഭിന്നമാക്കിയ ഒരു സമൂഹത്തെ ഉദ്ധരിക്കുവാൻ ശ്രമിക്കുന്നതുപോലും വലിയൊരു കുറ്റമായി കണ്ടിരുന്ന കാലത്ത് ചാവറയച്ചൻ ആ ദൗത്യത്തിന്റെ അമരക്കാരനായി. സവർണർക്ക് സമൂഹത്തിൽ അമിതമായ മാന്യത നൽകപ്പെട്ടപ്പോൾ, താഴ്ന്ന ജാതിയിൽ ജനിച്ച അവർണർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുവാനോ ആരാധന നടത്തുവാനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല; പൊതുനിരത്തിൽക്കൂടി നടക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല; സർക്കാർ ജോലിയാകട്ടെ, അചിന്ത്യവും. ആ സാഹചര്യത്തിലാണ് ചാവറയച്ചൻ അവരുടെ ഉന്നമനത്തിന് മുന്നിട്ടിറങ്ങുന്നത്. അദ്ദേഹം വിശ്വസിച്ച ദൈവനീതി തന്നെയാണ് അതിനദ്ദേഹത്തിന് കരുത്തുപകർന്നതും. 'ഒരു പള്ളിക്കൊരു പള്ളിക്കൂടം' എന്ന തന്റെ ആശയം പ്രചരിപ്പിച്ചുകൊണ്ടാണ് ചാവറയച്ചൻ കേരളത്തിന്റെ പൊതുസമൂഹനിർമിതിക്ക് തുടക്കം കുറിച്ചത്.

ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്ന വിജ്ഞാനസമ്പാദനത്തിന് പകരം ചാവറയച്ചൻ ബീജാവാപം നൽകിയ 'പൊതുവിദ്യാഭ്യാസം' എന്ന ആശയം കീഴാളവർഗക്കാർക്ക് പ്രത്യാശയുടെ പൊൻകിരണങ്ങളായി. ഇതുവഴി ജാതി തിരിച്ചുള്ള തൊഴിൽവിഭജനത്തിന്റെ അടിത്തറയിളക്കാൻ കാരണഭൂതനായത് ചാവറയച്ചനാണ്. അദ്ദേഹത്തിന്റെ പൊതുവിദ്യാഭ്യാസ ആശയത്തിനെതിരെ ജാതിക്കോമരങ്ങൾ ഉറഞ്ഞുതുള്ളിയപ്പോഴും ആ മനുഷ്യസ്നേഹി പിൻവാങ്ങിയില്ല. കേരളത്തിൽ ജാതിമത ചിന്തകൾക്കതീതമായി ഒരു പൊതുസമൂഹം വളർന്നുവികസിച്ചത് ചാവറയച്ചൻ സ്ഥാപിച്ച പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയായിരുന്നു. അവർണരും സവർണരും ഒരേ ക്ലാസ്സിൽ, തൊട്ടുതൊട്ടിരുന്നാൽ, ആകാശം ഇടിഞ്ഞുവീഴുകയില്ല എന്ന് തെളിയിച്ച മഹാമനസ്കനായിരുന്നു ചാവറയച്ചൻ.

വിദ്യാഭ്യാസത്തെക്കുറിച്ച് ചാവറയച്ചന് വിശാലവും ഭാവനാപൂർണവുമായ നിലപാടുകളും ദർശനങ്ങളുമുണ്ടായിരുന്നു. അദ്ദേഹം വിദ്യാഭ്യാസത്തെ നിർവചിച്ചത് 'പഠിത്വം' എന്ന പേരിലാണ്. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ: "കണ്ണിന്റെ വെളിവുകൂടാതെ ലോകത്തുള്ള വസ്തു കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവുകൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവർ കുരുടന്മാരായിരിക്കുന്നു എന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനക്കുരുടന്മാരാകുന്നു."

ചാവറയച്ചൻ തന്റെ ആശ്രമത്തോടു ചേർന്ന് 1846ൽ മാന്നാനത്ത് ഒരു സംസ്കൃത

വിദ്യാലയം സ്ഥാപിച്ചു. ആശ്രമവാസികളായ വൈദികരെയും ശെമ്മാശ്ശന്മാരെയും പ്രസ്തുത വിദ്യാലയത്തിൽ ചേർത്തു. ദളിതരടക്കമുള്ള കീഴാള ജാതിക്കാർക്ക് സംസ്കൃത വിദ്യാലയത്തിൽ പ്രവേശനം നൽകുക മാത്രമല്ല, അവർക്ക് പഠനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചാവറയച്ചൻ ഒരുക്കുകയും ചെയ്തു. അവർക്ക് ഉച്ചക്കഞ്ഞി നൽകാൻ അദ്ദേഹം സ്ഥിരം സംവിധാനങ്ങളേർപ്പെടുത്തി. ഇതിനുള്ള മാർഗം കണ്ടെത്തിയത് 'പിടിയരി' എന്ന ലളിതവും എന്നാൽ ശ്രമകരവുമായ പരിപാടി നടപ്പിലാക്കിക്കൊണ്ടായിരുന്നു. സവർണർക്കുമാത്രം വിദ്യാഭ്യാസം എന്ന അലംഘനീയനിയമം നിലനിന്ന കാലത്താണ് ചാവറയച്ചൻ ഇതൊക്കെ ചെയ്തതെന്നോർക്കണം.

മതസൗഹാർദ്ദം സ്വന്തം ജീവിതത്തിൽ പകർത്തി മാതൃക കാണിച്ച ഉദാരമനസ്കനായിരുന്നു ചാവറയച്ചൻ. "ഹിന്ദുമതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ അറിഞ്ഞുകൊണ്ടല്ലാതെ സഭാപ്രവർത്തനം സാർഥകമാക്കാൻ സാധ്യമല്ലെന്ന് ചാവറയച്ചൻ എപ്പോഴും ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഹിന്ദുമതത്തെ മാത്രമല്ല, ഇസ്ലാം മതത്തെയും ചാവറയച്ചൻ ആദരിച്ചുപോന്നുവെന്നത് പ്രത്യേകമായി സ്മരിക്കേണ്ട വസ്തുതയാണ്" എന്ന് പ്രൊഫ. എം.കെ. സാനു 'നവോത്ഥാനത്തിലെ ശുക്രനക്ഷത്രം' എന്ന ശീർഷകത്തിലെഴുതിയ ഒരു ലേഖനത്തിൽ നിരീക്ഷിച്ചിട്ടുണ്ട്.

കേരളത്തിലെ നവോത്ഥാനപ്രസ്ഥാനത്തിന്റെ മുൻനിരയിൽ, ഒന്നരനൂറ്റാണ്ടിനപ്പുറം തന്നെ നിലയുറപ്പിച്ച ഉത്പതിഷ്ണുവായിരുന്നു ചാവറയച്ചൻ. ആചാരാനുഷ്ഠാനങ്ങളല്ല, പ്രത്യുത കരുണാർദ്രമായ സേവനകർമങ്ങളാണ് യഥാർഥവിശ്വാസിയെ സൃഷ്ടിക്കുന്നതെന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞു.

ഇന്നു നാം ആവർത്തിച്ചാവർത്തിച്ചുറപ്പിക്കുന്ന സ്ത്രീശാക്തീകരണത്തിന് ഇരുന്നൂറിലേറെ വർഷങ്ങൾക്ക് മുമ്പ് ചാവറയച്ചൻ തുടക്കം കുറിച്ചിരുന്നു. പെൺകുട്ടികളെ പള്ളിക്കൂടങ്ങളിലയയ്ക്കുക എന്നത് അക്കാലത്ത് അചിന്തനീയമായിരുന്നു. അതൊരു നീചപ്രവൃത്തിയാണെന്നുവരെ യാഥാസ്ഥിതികർ വിശ്വസിച്ചു. എന്നാൽ, സ്ത്രീവിദ്യാഭ്യാസത്തിന്റെ നിർണായക പ്രാധാന്യം കണ്ടറിഞ്ഞ ക്രാന്തദർശിയായിരുന്നു ചാവറയച്ചൻ. പെൺകുട്ടികളെ വിദ്യാലയങ്ങളിലയക്കാൻ അദ്ദേഹം നടത്തിയ നേതൃപരമായ പ്രവർത്തനങ്ങൾ സ്ത്രീശാക്തീകരണത്തിന്റെ തുടക്കമായിരുന്നുവെന്ന് ഇരുപത്തിയൊന്നാം ശതകത്തിൽ ജീവിക്കുന്ന നാം ഓർക്കണം.

അഗതികൾക്ക് അഭയം നൽകാൻ ചാവറയച്ചൻ സ്ഥാപിച്ച മന്ദിരമായിരുന്നു 'പരസ്പര സ്നേഹ ധർമശാല'. ദൈവം പാവപ്പെട്ടവരുടെ കൂടെയാണെന്ന് ചാവറയച്ചൻ ഉറച്ചുവിശ്വസിച്ചു. ഒരു ധാർമിക പെരുമാറ്റ സംഹിതയ്ക്ക് അദ്ദേഹം രൂപം നൽകി. സ്നേഹം, വിനയം, മിതവ്യയം, ദയ, നീതി, ദൈവഭയം, മാതാപിതാക്കളോടുള്ള കടമകൾ, മുതിർന്നവരോട് ബഹുമാനം എന്നിവ പാലിക്കണമെന്നും മറ്റുമുള്ള നിർദേശങ്ങൾ ചാവറയച്ചന്റെ ശാസനങ്ങളിലുൾപ്പെടുന്നു.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന് മലയാളം, തമിഴ്, സംസ്കൃതം തുടങ്ങിയ ഭാഷകൾക്കുപുറമെ പല പശ്ചിമേഷ്യൻ-യൂറോപ്യൻ ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. ബാല്യകാലംതൊട്ടുതന്നെ അദ്ദേഹത്തിന് സർഗാത്മക രചനയിൽ വലിയ താൽപര്യമായിരുന്നു. മഹാഭൂരിപക്ഷം ജനങ്ങൾക്കും മനസ്സിലാക്കാനാവാത്ത വരേണ്യ ഭാഷകളിൽ വിരചിതമായ ആത്മീയഗ്രന്ഥങ്ങൾ ജനകീയ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത് ദൈവനിന്ദയായി അംഗീകരിക്കപ്പെട്ടിരുന്ന പ്രാകൃതകാലത്താണ് മതപരമായ കാര്യങ്ങളിൽ മാതൃഭാഷയ്ക്ക് (മലയാളത്തിന്) പ്രാധാന്യം വേണമെന്ന് ചാവറയച്ചൻ പ്രഖ്യാപിച്ചത്.

ഇതിന്റെ ഭാഗമായി നിലവിലുള്ള ഏതാനും ആത്മീയകൃതികൾ അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. കൂടാതെ, മലയാള സാഹിത്യത്തിന് ഗദ്യത്തിലും പദ്യത്തിലുമായി തന്റേതായ നിരവധി രചനകൾ ഈ ഭാവനാശാലി സമർപ്പിക്കുകയും ചെയ്തു. മലയാള സാഹിത്യം പിച്ച വയ്ക്കാൻ തുടങ്ങുന്ന കാലത്താണ് ചാവറയച്ചൻ എഴുതാനാരംഭിക്കുന്നത്. ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടാനുള്ള പാന തുടങ്ങിയ കാവ്യങ്ങളും കവിതകളും അദ്ദേഹത്തിന്റെ രചനാവൈഭവത്തിനുള്ള സാക്ഷ്യങ്ങളാണ്.

സാധാരണക്കാരന് മനസ്സിലാവുന്ന തരത്തിൽ എഴുതുന്നത് അക്കാലത്ത് സാഹിത്യമായി അംഗീകരിക്കപ്പെട്ടിരുന്നില്ല. ശൈലി ക്ലിഷ്ടമായാൽ മാത്രമേ രചന ശ്രേഷ്ഠമാകൂ എന്ന ധാരണ രൂപപ്പെട്ടു വരുന്ന കാലയളവിലായിരുന്നു ചാവറയച്ചൻ പച്ചമലയാളത്തിൽ ഗദ്യവും പദ്യവും എഴുതിയത്.

കവിതാരചനയിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം വ്യക്തമാക്കാൻ 'അനസ്താസ്യായുടെ രക്തസാക്ഷ്യം' എന്ന ഒരൊറ്റ രചന മാത്രം മതി. ആ കവിതയുടെ ഇതിവൃത്തത്തിന്റെ ചുരുക്കം ഇങ്ങനെ: കാലം എ.ഡി. മൂന്നാം നൂറ്റാണ്ട്. റോമിലെ വലേറിയൻ ചക്രവർത്തി ക്രൈസ്തവരെ ഇല്ലായ്മ ചെയ്യാനും അവരെ ജൂപിറ്റർ ദേവന്റെ ആരാധകരാക്കാനും ശ്രമിച്ചുകൊണ്ടിരുന്നു. സോഫിയ എന്ന കന്യാസ്ത്രീ നടത്തിയിരുന്ന മഠത്തിൽ അനസ്താസ്യാ എന്ന യുവതി ആത്മീയ പഠനത്തിനെത്തി. അതീവ സുന്ദരിയായിരുന്ന അനസ്താസ്യായെ വലേറിയൻ ചക്രവർത്തിയുടെ മന്ത്രി കൊട്ടാരത്തിലേക്ക് ബലം പ്രയോഗിച്ച് കൊണ്ടുപോവുകയും ക്രിസ്തുമതം ഉപേക്ഷിച്ചാൽ രാജ്ഞിയായി വാഴിക്കാമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. ഒരു പ്രലോഭനത്തിനും അനസ്താസ്യാ വഴങ്ങിയില്ല. തടവറയിലും അവൾ യേശുവിന് ആത്മാർപ്പണം ചെയ്തു. കോപാന്ധനായ മന്ത്രി അവളുടെ നാക്ക് അറുത്തു കളഞ്ഞു. സമീപത്തുണ്ടായിരുന്ന സിറിലോസ് എന്ന യുവാവിനോട് അല്പം ദാഹജലത്തിന് ആംഗ്യഭാഷയിൽ അനസ്താസ്യാ ആവശ്യപ്പെട്ടു. അയാൾ അവൾക്ക് കുടിവെള്ളം പകർന്നു കൊടുത്തു. ചക്രവർത്തിയുടെ കിങ്കരന്മാർ അവരെ ഇരുവരെയും നിഷ്ഠുരമായി വധിച്ചു. തനിക്കു പ്രിയങ്കരരായ അവരുടെ ആത്മാക്കളെ യേശുദേവൻ പറുദീസയിലേക്ക് ആനയിക്കുന്നതോടെ ചാവറയച്ചന്റെ കവിത അവസാനിക്കുന്നു.

ഹൃദയദ്രവീകരണക്ഷമമാണ് കഥ. വഞ്ചിപ്പാട്ടിന്റെ താളനിബദ്ധമായ ഈണത്തിലാണ് കുട്ടനാട്ടുകാരനായ ചാവറയച്ചൻ തന്റെ കവിത രചിച്ചിരിക്കുന്നത്. ഇതാകട്ടെ, കേരളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യവുമാണ് - അതംഗീകരിക്കാൻ പല പണ്ഡിതകേസരികളും തയ്യാറായിരുന്നില്ലെങ്കിലും. 91 ഈരടികൾ മാത്രമേ ഈ കവിതയിലുള്ളൂ. ചാവറയച്ചന്റെ ലാളിത്യമാർന്ന രചനാരീതിക്ക് ഉദാഹരണമായി, അനസ്താസ്യായുടെ മേൽ ഏൽപിക്കപ്പെട്ട ക്രൂരപീഡനങ്ങളെക്കുറിച്ചുള്ള ഏതാനും ഈരടികൾ:

"കന്നിതന്റെ ദേഹമൊക്കെ മാന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ട് കുതിർത്തുഭൂമി
വെള്ളിപോലെ വെളുത്തുള്ള കന്നി തന്റെ
പല്ലുകളെ വല്ലിയൊരു ചുറ്റികയാൽ തല്ലി വീഴിച്ചു.
പുണ്യമാർന്ന കാലുകൈയിൻ നഖങ്ങളെ പറിപ്പിച്ചു
തണ്യവാൻ ലജ്ജയില്ലാതെ പിന്നെയും ക്രോധാൽ."

ആത്മീയതയുടെയും ഭക്തിപാരമ്യത്തിന്റെയും വിശുദ്ധപരിവേഷത്തോടൊപ്പം ആത്മവേദന വായനക്കാരുടെ മനസ്സിൽ സംക്രമിപ്പിക്കുന്നതാണ് ഈ കാവ്യതല്ലജം.

പന്ത്രണ്ട് അദ്ധ്യായങ്ങളും 4,029 വരികളുമുള്ള കാവ്യമാണ് ചാവറയച്ചന്റെ മറ്റൊരു കൃതിയായ 'ആത്മാനുതാപം'. അത് ആരംഭിക്കുന്നത് ഇങ്ങനെ:

"ആദിനായകനായ സർവേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമെ!
ആദ്യഹീനനാം നിന്റെ ദയതന്നെ."

മറ്റൊരിടത്ത് ലളിതമായ മലയാളത്തെ വാരിപ്പുണരുന്ന കവി ഇങ്ങനെ എഴുതുന്നു!

"കാരുണ്യമൂർത്തിയാം ദൈവകുമാരന്റെ
ആരുണ്യ ശോഭയെ കാണാകേണം
ഉന്നതനാം ദൈവം കന്യാമറിയത്തിൽ
വന്നുപിറന്നതും കാണാകേണം."

ശുദ്ധവും ലളിതവുമായ മലയാളത്തിൽ വിരചിതമായ ഈ ഈരടികൾ വായിക്കു

മ്പോൾ നമുക്കോർമവരിക മഹാകവി പുന്താനത്തെയാണ്. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ 'മഹാകവി ചാവറയച്ചനെ'ന്ന് എത്രയോ കാലം മുമ്പ് മലയാളസാഹിത്യം വിശേഷിപ്പിച്ചാദരിക്കേണ്ടതായിരുന്നു എന്നു തോന്നിപ്പോകും അദ്ദേഹത്തിന്റെ കവിതകളിലൂടെയും കാവ്യങ്ങളിലൂടെയും സഞ്ചരിക്കുമ്പോൾ.

ചാവറയച്ചന്റെ 'മരണവീട്ടിൽ പാടുന്ന പാന'യുടെ തുടക്കം വളരെ അർഥപൂർണവും ദർശനപരവുമാണ്.

"ജന്മദിനത്തെക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തെക്കാൾ മരണഘോഷം
കല്യാണപന്തലിൽ പോകുന്നതിനേക്കാൾ
കണ്ണോക്കിൻ കേതത്തിൽ പോക നല്ലൂ."

അദ്ദേഹത്തിന്റെ കവിതകളുടെ ശബ്ദഭാവാർഥ തലങ്ങൾ അവഗാഢമായ പഠന മർഹിക്കുന്നവയാണ്. ലളിതമായ വൃത്തം, അകൃത്രിമമായ പ്രാസം, ആലാപനസുഖമരുളുന്ന ഈണം, നിർമലമായ ശൈലി, സുന്ദരമായ ഭാഷ തുടങ്ങിയവകൾകൊണ്ടൊക്കെ അനുഗൃഹീതമാണ് ചാവറയച്ചന്റെ കവിതകൾ.

സി.എം.ഐ. സന്ന്യാസസഭയുടെ സ്ഥാപകനായ ചാവറയച്ചൻ, മലയാള നാടകപ്രസ്ഥാനത്തിന് ജന്മം നൽകിയ പ്രതിഭ കൂടിയായിരുന്നു. തന്റെ നാടകങ്ങളെ 'എകലോഗ്സ്' (ഇടയനാടകങ്ങൾ) എന്നാണ് അദ്ദേഹം വിളിച്ചത്. 'ഇടയനാടകങ്ങളു'ടെ സംഭാഷണം കവിതകളുടെ രൂപത്തിലാണ് രചിക്കപ്പെട്ടിരുന്നത്. അദ്ദേഹം പത്തു നാടകങ്ങൾ രചിച്ചു. 1846-56 കാലത്ത് സി.എം.ഐ. സഭയിലെ വൈദിക വിദ്യാർഥികൾക്ക് അവതരിപ്പിക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം പ്രസ്തുത നാടകങ്ങൾ എഴുതിയത്.

മഹത്തുക്കൾ ജീവിച്ചിരിക്കുമ്പോൾ അവരുടെ മഹത്ത്വം വാഴ്ത്തപ്പെടാറില്ലെന്ന് പലപ്പോഴും തോന്നാറുണ്ട്. മൗലികപ്രതിഭയുള്ളവർ മരണത്തെ അതിജീവിക്കുന്നു. നിരവധി ആയുസ്സുകളിൽ മാത്രം ചെയ്തു തീർക്കാനാവുന്ന കാര്യങ്ങൾ ഹ്രസ്വജീവിതത്തിനിടയിൽത്തന്നെ ആ യുഗപ്രഭാവന്മാർ പൂർത്തീകരിക്കുകയും അങ്ങനെ യശസ്വികളാകുകയും ചെയ്യുന്നു. യശസ്വികൾക്ക് മരണമില്ല. തങ്ങളുടെ ജീവിതം തന്നെയാണ് മാനവരാശിക്ക് നൽകാനുള്ള അവരുടെ സന്ദേശം. ചാവറയച്ചൻ മരണത്തെ അതിജീവിച്ച നിത്യയശസ്വിയാണ്. എല്ലാ അർഥത്തിലും ദൈവത്തിന്റെ മനുഷ്യൻ.

ചാവറയച്ചനെ അടുത്തറിയാൻ ഉതകുന്നതാണ് *ചാവറയച്ചൻ: കേരള ആധുനികത്വത്തിന്റെ ശില്പി* എന്ന ഈ ലേഖനസമാഹാരം. ജോൺ മണ്ണാറത്തറയുടെ ആമുഖത്തോടെ ലഘു ജീവചരിത്രം, നിശ്ശബ്ദമായ തിരുത്തിയെഴുത്തുകൾ, സാഹിത്യ സംഭാവനകൾ, ബഹുസ്വര നിരീക്ഷണങ്ങൾ, ആരാണ് വിശുദ്ധർ എന്നിങ്ങനെ അഞ്ചു വിഭാഗങ്ങളിലായാണ് ഈ ഗ്രന്ഥം ചാവറയച്ചന്റെ അനുഗൃഹീത ജീവിതത്തിലേക്ക് വെളിച്ചം പകരുന്നത്.

ഒ.പി. സുരേഷ്, റിൻസി ഏബ്രഹാം എന്നിവർ ചേർന്നെഴുതിയ ചാവറയച്ചന്റെ ലഘു ജീവചരിത്രം ആ സമർപ്പിത ജീവിതത്തിനുനേരെ പിടിച്ച ദർപ്പണംതന്നെ.

സി. രാധാകൃഷ്ണൻ, എം.ജി.എസ്. നാരായണൻ, രമേശ് ചെന്നിത്തല, പി.കെ. രാജശേഖരൻ, കെ.എസ്. രാധാകൃഷ്ണൻ എന്നിങ്ങനെ കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക ചരിത്രത്തിന്റെ മർമ്മമറിഞ്ഞവർ ചാവറയച്ചന്റെ കാലത്തെ കേരളം എന്തായിരുന്നുവെന്നു പരിചയപ്പെടുത്തുന്നു.

ചാവറയച്ചൻ സാഹിത്യകേരളത്തിനു നൽകിയ സംഭാവനകളെ പ്രശസ്ത എഴുത്തുകാരായ എം. തോമസ് മാത്യു, പി.കെ. രാജശേഖരൻ, ശ്രീധരനുണ്ണി, കൽപറ്റ നാരായണൻ, കെ.വി. തോമസ്, പി.ഗോപകുമാർ, ലാൽമോഹൻ പി., പോൾ തേലക്കാട്ട്, ജോൺ മണ്ണാറത്തറ, എം.പി. ബീന, ആഷാമേനോൻ, ശ്രീധരനുണ്ണി, എം.ഗോപിനാഥ്, സുഭാഷ് ചന്ദ്രൻ, എൻ.പി. ഹാഫിസ് മുഹമ്മദ്, ജാൻസി ജെയിംസ്, ബോബി ജോസ് കട്ടിക്കാട്ട്, ആന്റണി ഞള്ളംപുഴ, മുഞ്ഞിനാട് പത്മകുമാർ തുടങ്ങിയവർ വിലയിരുത്തുന്നു.


ചട്ടക്കൂടുകളിലൊതുക്കി നിർത്താവുന്നത്ര ചെറുതോ ലളിതമോ ആയിരുന്നില്ല ചാവ

റയച്ചന്റെ ജീവിതവും ചിന്തകളും സംഭാവനകളും. രണ്ടു നൂറ്റാണ്ടുകൾക്കിപ്പുറം രാജ്യാതിർത്തികളും കടന്ന് ആഫ്രിക്കയിലും അമേരിക്കയിലും യൂറോപ്പിലുമുള്ള മനുഷ്യ ജീവിതങ്ങളെ സ്പർശിക്കാൻ തക്കവിധം ബഹുമുഖമായിരുന്നു ആ ജീവിതം. സി.കെ. രാമചന്ദ്രൻ, കെ.വി. മോഹൻകുമാർ, എൻ. ഗോപാലകൃഷ്ണൻ, സിറിയക് തോമസ്, തോമസ് പന്തപ്ലാക്കൽ, സെബാസ്റ്റ്യൻ പോൾ, മൈക്കിൾ തരകൻ, പി.എസ്. ശ്രീധരൻപിള്ള, ബിനോയി പി. ജേക്കബ്, പോൾ കല്ലാനോട് എന്നിവർ ചാവറയച്ചനെ വിവിധ മാനങ്ങളിൽ നോക്കിക്കാണുന്നു.

മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിക്കുന്ന പ്രൗഢമായ ഈ കൃതിക്ക് അവതാരിക യെഴുതുവാൻ നിയോഗമുണ്ടായതിൽ എനിക്ക് അനല്പമായ സന്തോഷവും ചാരിതാർഥ്യ വുമുണ്ട്.

കോഴിക്കോട്
25 ഒക്ടോബർ 2014

എം. പി. വീരേന്ദ്രകുമാർ



ഉള്ളടക്കം

ആമുഖം 7

അവതാരിക 9
എം.പി. വീരേന്ദ്രകുമാർ

ലഘു ജീവചരിത്രം 18
ഒ.പി. സുരേഷ്, റിൻസി ഏബ്രാഹം

നിശ്ശബ്ദമായ തിരുത്തിയെഴുത്തുകൾ

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ– പ്രവാചക ദാർശനികതയുടെ കവി 69
സി. രാധാകൃഷ്ണൻ

നവോത്ഥാന പാതയിൽ മുൻപേ നടന്ന ഒരാൾ 73
എം.ജി.എസ്. നാരായണൻ

കുലം പവിത്രം ജനനീ കൃതാർത്ഥം 77
രമേശ് ചെന്നിത്തല

വാഴത്തടവിപ്ലവം: ചാവറയച്ചനും കേരളീയ മുദ്രണപാരമ്പര്യവും 81
പി.കെ. രാജശേഖരൻ

വെളിച്ചത്തിലേക്ക് നയിച്ച വിപ്ലവം 98
കെ.എസ്. രാധാകൃഷ്ണൻ

സാഹിത്യ സംഭാവനകൾ

നാടൻശീലിന്റെ മൊഴിച്ചന്തം 105
പി.കെ. രാജശേഖരൻ

ആത്മാവുള്ള കവിത 109
ശ്രീധരനുണ്ണി

കാവ്യപര്യന്തം 114
കൽപറ്റ നാരായണൻ

ആദ്യപഥികന്റെ കാവ്യപരിശ്രമം 117
കെ.വി. തോമസ്

എഴുത്തച്ഛൻ സരണിയും ചാവറയച്ചനും 121
പി. ഗോപകുമാർ

ചാവറയച്ചന്റെ വിനിമയ രൂപങ്ങൾ, രൂപകങ്ങൾ 125
ലാൽമോഹൻ പി.

കാവ്യപ്രതിഭയിൽ കാലമാറ്റം കല്പിച്ചവൻ 132
ഫാ. പോൾ തേലക്കാട്ട്

അമ്മയുടെ ഭൂപടം 142
ജോൺ മണ്ണാറത്തറ

ആത്മാനുതാപം 145
എം.പി. ബീന

ആത്മാവിൽ സ്നാനപ്പെട്ട ഒരാൾ 150
ആഷാമേനോൻ

മൃതിയുടെ തത്ത്വശാസ്ത്രം 154
ശ്രീധരനുണ്ണി

ആന്തരിക പുനർസൃഷ്ടിക്കൊരു ഗാഥ 155
എം. ഗോപിനാഥ്

ഈ കടലാസ് മരിക്കയില്ല! 167
സുഭാഷ് ചന്ദ്രൻ

കുടുംബചട്ടത്തിന്റെ സമൂഹശാസ്ത്രതലം 169
എൻ.പി. ഹാഫിസ് മുഹമ്മദ്

ചാവറയച്ചന്റെ കുടുംബദർശനം 177
ജാൻസി ജെയിംസ്

വീട്ടിലേക്കുള്ള വഴി 182
ബോബി ജോസ് കട്ടിക്കാട്ട്

ചാവറയച്ചന്റെ ഇടയനാടകങ്ങൾ 192
കെ.വി. തോമസ്

മാന്നാനം നാളാഗമങ്ങൾ–ചെറിയ ചുവടുകളിലൂടെ വലിയ ദൂരം 197
എം. ഗോപിനാഥ്

ചാവറയച്ചന്റെ കത്തുകൾ 202
എം. ഗോപിനാഥ്

കത്തുകൾ: ആത്മാവിന്റെ കണ്ണാടികൾ 208
ആന്റണി ഞള്ളംപുഴ

ധ്യാനവിശുദ്ധിയുടെ അമരസല്ലാപം 213
മുഞ്ഞിനാട് പത്മകുമാർ

ബഹുസ്വര നിരീക്ഷണങ്ങൾ

ശ്വസിക്കുന്ന കളിമണ്ണ് 218
ജോൺ മണ്ണാറത്തറ

മതനിരപേക്ഷ വിദ്യാഭ്യാസപ്രചാരകൻ 220
സി.കെ. രാമചന്ദ്രൻ

മഹത്ത്വത്തിന്റെ കെടാവിളക്ക് 223
കെ.വി. മോഹൻകുമാർ

കർമയോഗിയായ പുരോഹിതൻ 225
എൻ. ഗോപാലകൃഷ്ണൻ

കാവ്യം ധന്യം സമ്പൂർണം 227
ജോൺ മണ്ണാറത്തറ

ഇതിഹാസവും പൈതൃകവും 231
സിറിയക് തോമസ്

മതാതീതദർശനങ്ങളുടെ സന്ന്യാസി 235
തോമസ് പന്തപ്ലാക്കൽ

കാലം കൊളുത്തിയ ജ്വാല 240
സെബാസ്റ്റ്യൻ പോൾ

അവഗണിക്കപ്പെട്ട നവോത്ഥാന നേതൃത്വം 243
മൈക്കിൾ തരകൻ

പൊതുസമൂഹത്തെ നെഞ്ചിലേറ്റിയ നവോത്ഥാന നായകൻ 246
പി.എസ്. ശ്രീധരൻപിള്ള

ജ്ഞാനകർമങ്ങളുടെ നാനാർഥങ്ങൾ 248
പോൾ കല്ലാനോട്

ആരാണ് വിശുദ്ധർ

ആകാശവീഥിയിൽ വിശുദ്ധി വിതറുന്നവർ 251
ബിനോയി പി. ജേക്കബ്

എവുപ്രാസ്യാമ്മ: നിശ്ശബ്ദ പ്രാർഥനയുടെ അനുഗ്രഹീതമർമരം 254
എം. ഗോപിനാഥ്

ഗ്രന്ഥസൂചി 258

കടപ്പാട് 264



ലഘു ജീവചരിത്രം

കാവ്യം ധന്യം സമ്പൂർണം

ഒ.പി. സുരേഷ്

- കൈനകരി: പ്രപഞ്ചപുണ്യത്തെ ഗർഭം ധരിച്ച ഗ്രാമം
- ചാവറ: കുടുംബചരിത്രം
- മാതൃവാത്സല്യമറിഞ്ഞ് ദൈവവിളിയിലേക്ക്
- വിശുദ്ധവിളി
- മഹാനിയോഗം
- സെമിനാരിയിലെ ദിനങ്ങൾ
- സഭാസംസ്ഥാപനത്തിലെ സന്ന്യാസത്രിത്വം
- മാന്നാനം: വിശുദ്ധിയുടെ ഗിരിശൃംഗം
- സി.എം.ഐ. സഭയുടെ കേന്ദ്രഭവനം
- അക്ഷരങ്ങളുടെ മിഷനറി
- സ്ത്രീ മുന്നേറ്റത്തിന്റെ ശുഭാരംഭമായി സന്ന്യാസിനി സഭ
- സംസ്കൃതത്തിലൂടെ സത്തയിലേക്ക് വിദ്യയിലൂടെ വിമോചനത്തിലേക്ക്
- വിദ്യാഭ്യാസത്തിനായി വിപ്ലവാഹ്വാനം
- ദളിതർക്കു സൗജന്യ വസ്ത്രം, പുസ്തകം, ഭക്ഷണം
- പിടിയരി പ്രസ്ഥാനം
- സന്ന്യാസാശ്രമങ്ങൾ മാനവികതയുടെ സർവകലാശാലകൾ
- പ്രിയോർ മാവ്: പാരിസ്ഥിതിക ചിന്തയുടെ ആദ്യനാമ്പ്
- ചരിത്രബോധമുള്ള, ക്രാന്തദർശിയായ അക്ഷരസ്നേഹി
- നന്നായി ജീവിക്കാനും നന്നായി മരിക്കാനും

റിൻസി എബ്രാഹം


- ചാവറയച്ചന്റെ അവസാന നാളുകൾ
- സമാനതകളില്ലാത്ത മഹാദൗത്യം

കൈനകരി:
പ്രപഞ്ചപുണ്യത്തെ ഗർഭം ധരിച്ച ഗ്രാമം

ഉർവരതയാണ് എന്നും ആലപ്പുഴയുടെ അടയാളം. കാരുണ്യത്താലെന്നോണം അകം നിറഞ്ഞ് തുളുമ്പുന്ന ഒരു ദേശത്തിന്റെ സദാ സജലങ്ങളായ ഹൃദയധമനികൾ. അവിടെ നിന്നും സ്നേഹവിശ്വാസങ്ങളുടെ അവിരാമമായ ജലപ്രവാഹങ്ങൾ. അതിന്റെ കുളിർമയിൽ കോരിത്തരിച്ചും നനവിൽ പച്ചപിടിച്ചും അകൃത്രിമമായ അനേകം ജീവിതങ്ങൾ. ചെറുതും വലുതുമായ അസംഖ്യം ജലസഞ്ചയങ്ങളുടെയും അവയുടെ കൈവഴികളുടെയും സമാഹാരം കൂടിയാണ് കിഴക്കിന്റെ വെനീസ്.

വയലേലകളും തെളിനീരരുവികളും ഇടതിങ്ങിയ കുട്ടനാടൻ സൗന്ദര്യത്തിന്റെ നേർപകർപ്പാണ് ആലപ്പുഴയുടെ കൈനകരി ഗ്രാമം. വേമ്പനാട്ടുകായലിനോടും പമ്പയുടെ കൈപ്പുഴകളോടും തൊട്ടുരുമ്മിക്കിടക്കുന്ന പ്രശാന്ത സുന്ദരമായ ഭൂപ്രദേശം. നാലുപാടും ജലസമൃദ്ധിയാൽ ആശ്ലേഷിക്കപ്പെട്ട നന്മകളുടെ തുരുത്ത്. പ്രകൃതീശ്വരൻമാർ കനിഞ്ഞു നൽകിയ സവിശേഷതകൾ ഏറെയുള്ള ഈ കൊച്ചു ഗ്രാമമാണ് പിൽക്കാലത്ത് പുണ്യതേജസ്സായ ഒരു മഹാത്മാവിനെ ഗർഭം ധരിച്ചത്. ദിവ്യമായ ഉൾവിളികൾക്ക് സജ്ജമാക്കി ആ ശൈശവ മനസ്സിനെ കായലിന്റെ കളകളം കൊണ്ട് താരാട്ടിയുറക്കിയത്; വിശ്വസാഹോദര്യത്തിന്റെ മഹാകാശം കാണിച്ചത്; പരസ്പര സ്നേഹത്തിന്റെയും ദയാവായ്പിന്റെയും പ്രഥമ പാഠങ്ങൾ പഠിപ്പിച്ചത്; കർമോത്സുകതയുടെ രഥവേഗങ്ങളിലേക്ക് ചുവടുവയ്പിച്ചത്. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ എന്ന ആത്മീയ ചൈതന്യത്തിന് ആരംഭകാല ശുശ്രൂഷകൾ ചെയ്തതിന്റെ നിറവിൽ, നിർവൃതിയുടെ പുഞ്ചിരി ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ട് കൈനകരി ഗ്രാമം.





കൈനകരിയിലെ ചാവറയച്ചന്റെ ജന്മഗൃഹം. കുര്യാക്കോസ് ചാവറ - മറിയം തോപ്പിൽ ദമ്പതിമാരുടെ ഇളയമകനായി 1805 ഫെബ്രുവരി 10 ന് കുര്യാക്കോസ് ജനിച്ചു.

ഒരു കാലത്ത് വലിയൊരു വാണിജ്യ നഗരമായിരുന്നതിന്റെ അവശേഷിപ്പുകൾ ഇന്നുമുണ്ട് ആലപ്പുഴയുടെ പരിസരങ്ങളിൽ. പൊട്ടിപ്പൊളിഞ്ഞ പഴയ കൊപ്രാക്കളങ്ങളും കയർ ഫാക്ടറികളുമൊക്കെ ആലപ്പുഴയുടെ പ്രാചീനമായ വ്യാപാരപ്രൗഢിയുടെ സ്മാരകങ്ങളായി ഇന്നും കാണാം. വേമ്പനാട്ടുകായൽ വഴി വള്ളങ്ങളിൽ കിഴക്കൻ ദേശങ്ങളിൽ നിന്നും വ്യാപാരപ്രമുഖർ ആലപ്പുഴയിലെത്തി കച്ചവടം ചെയ്തിരുന്നു.

അധ്വാനശീലരായിരുന്നു ആലപ്പുഴക്കാർ. പരന്നു കിടക്കുന്ന കായൽപരപ്പിൽ വലിയ ബണ്ടുകൾ തീർത്ത്, കായൽ പകുത്തുമാറ്റി വെള്ളം വറ്റിച്ച്, കൃത്രിമ കൃഷിഭൂമി സൃഷ്ടിച്ചായിരുന്നു കരഭാഗത്തിന്റെ വിസ്തൃതി തുലോം കുറവായിരുന്ന ആലപ്പുഴയിലെ ആദ്യ കാല കൃഷിരീതി. ലഭ്യമായ കരഭൂമിയിലും കായൽ ജലം വറ്റിച്ച ഭൂമിയിലും അവർ വിയർപ്പിന്റെ വിത്തുമുളപ്പിച്ചു. നെല്ലും തെങ്ങും സമൃദ്ധമായി വളർന്നു കേരളത്തിന്റെ നെല്ലറയായും ഹരിതഭൂമിയായും ആലപ്പുഴ മാറുന്ന മിഴിവാർന്ന ചിത്രങ്ങളാണ് ഈ നാടിന്റെ പഴയകാല ചരിത്രം.

ഏറെ പാരമ്പര്യമുള്ള മണ്ണാണ് കുട്ടനാടിന്റേത്. വിദ്യാഭ്യാസപരമായി ഏറെ മുന്നോക്കം നിൽക്കുന്ന പ്രദേശം. ഉയർന്ന സാക്ഷരതാ നിരക്ക്, സ്ത്രീ വിദ്യാഭ്യാസത്തിലെ മുന്നേറ്റം, രാഷ്ട്രീയമായ അവകാശപ്പോരാട്ടങ്ങളുടെ സജീവത തുടങ്ങി എല്ലാ മേഖലകളിലും മുന്നാക്കം നിൽക്കുന്ന കുട്ടനാടൻ തലസ്ഥാനമായ ആലപ്പുഴയിൽ നിന്ന് അരമണിക്കൂർ മതി കൈനകരി ഗ്രാമത്തിലെത്താൻ. അവിടുത്തെ പുരാതനമായ രണ്ട് ക്രിസ്തീയ കുടുംബങ്ങളാണ് കിഴക്കെ ചാവറയും പടിഞ്ഞാറെ ചാവറയും. മാർത്തോമ്മാ ശ്ലീഹായാൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ട പകലോമറ്റം ശാഖയിൽപ്പെട്ട കിഴക്കേ ചാവറ കുടുംബത്തിൽ 1805 ഫെബ്രുവരി 10 നാണ് കുര്യാക്കോ-മറിയം ദമ്പതികളുടെ മകനായി കുര്യാക്കോസ് അച്ചന്റെ ജനനം.

ചാവറ: കുടുംബചരിത്രം

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ ക്രിസ്തു ശിഷ്യനായ തോമാശ്ലീഹാ ക്രിസ്തീയ വിശ്വാസത്തിലേക്ക് ജ്ഞാനസ്നാനം ചെയ്തെടുത്ത പാലയൂരിലെ പ്രമുഖ കുടുംബങ്ങളിലൊന്നായിരുന്നു പകലോമറ്റം. പിന്നീട് ഈ കുടുംബങ്ങളിൽ ചിലത് ഏറ്റുമാനൂരിലേക്കും അവിടെ നിന്ന് കുറവിലങ്ങാട്ടേക്കും എത്തിയെന്ന് കരുതപ്പെടുന്നു.

ഇക്കാലത്ത് ആലപ്പുഴ കൈനകരിയിലെ പുരാതനമായ ഹിന്ദുകുടുംബമായിരുന്നു മുക്കട്ട് മഠം. കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന അസംഖ്യം താഴ്ന്ന ജാതിക്കാർ ജോലിക്കാരായുണ്ടായിരുന്നു. താഴ്ന്ന ജാതിക്കാർ തൊട്ടാൽ കാര്യങ്ങൾ അശുദ്ധമാവുമെന്നും പിന്നീട് അതൊരു നസ്രാണി തൊട്ടാൽ പൂർവസ്ഥിതിയിൽ ശുദ്ധമാവുമെന്നുമുള്ള ഒരു വിശ്വാസം ഇവർക്കിടയിലുണ്ടായിരുന്നു. അതിന്റെ ഭാഗമായി, ഇവരുടെ ക്ഷണമനുസരിച്ച് കുറവിലങ്ങാട് കാർഷികവൃത്തിയുമായി കൂടിയിരുന്ന പകലോമറ്റം കുടുംബത്തിലെ കുറച്ചുപേർ കൈനകരിയിലെത്തി താമസമായി. പിൽക്കാലത്ത് ഇവരും മുക്കട്ട് കുടുംബം എന്ന് അറിയപ്പെടാൻ തുടങ്ങിയതായി കരുതപ്പെടുന്നു.

മുക്കട്ട് കുടുംബം പിന്നീട് രണ്ട് വഴികളായി പിരിഞ്ഞു. അവർ താവളമുറപ്പിച്ച പുതിയ സ്ഥലത്തിന്റെ പേരിലായിരുന്നു കുടുംബങ്ങൾ അറിയപ്പെട്ടത്. മീമ്പള്ളിയും കാളാശ്ശേരിയും. കാലക്രമേണ മീമ്പള്ളിക്കുടുംബം നാലു കുടുംബങ്ങളായി വളർന്നു വിഭജിച്ചു. മന്ത്ര, ചാവറ, കളിപ്പറമ്പ, വള്ളോന്തറ. നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഇത്തരം കുടുംബരൂപീകരണങ്ങളെയും വിഭജനങ്ങളെയും കുറിച്ച് വ്യത്യസ്തമായ പല സങ്കൽപങ്ങളും നിലനിൽക്കുന്നുണ്ടെങ്കിലും എല്ലാ ഗവേഷകരും ജീവചരിത്രകാരന്മാരും ഏറെക്കുറെ ഒരേ മട്ടിൽ സമ്മതിക്കുന്ന ഒരു കാര്യമുണ്ട്: കുറവിലങ്ങാട്ടെ പകലോമറ്റം കുടുംബത്തിൽ നിന്നു തന്നെയാണ് ചാവറ കുടുംബത്തിന്റെ ആവിർഭാവം. ഇവർ പിന്നീട് കിഴക്കേ ചാവറ എന്നും പടിഞ്ഞാറെ ചാവറ എന്നും രണ്ട് കുടുംബങ്ങളായി കൈനകരിയുടെ ചരിത്രത്തിന്റെ ഭാഗമായി മാറി.

കൈനകരിയിൽ നിന്ന് ഏതാനും കിലോമീറ്ററുകൾ ദൂരെയാണ് വെളിയനാട് ഗ്രാമം. തോട്ടക്കാട് ചോതിരിക്കുന്നേൽ കുടുംബത്തിന്റെ ഒരു കൈവഴിക്കുടുംബമായ തോപ്പിൽ കുടുംബം വെളിയനാട്ടെ പ്രമുഖ കുടുംബമായിരുന്നു. കിഴക്കേ ചാവറ കുടുംബത്തിലെ കുര്യാക്കോസ് ചാവറയും തോപ്പിൽ കുടുംബത്തിലെ മറിയവും ദൈവനിശ്ചയം പോലെ വിവാഹത്തിലൂടെ ഒന്നു ചേർന്നതിന്റെ പുണ്യഫലമാണ് ചാവറയച്ചൻ. അത്യന്തം ദൈവസ്നേഹമുള്ളവരും സാത്വികരുമായ കുര്യാക്കോസ്-മറിയം ദമ്പതികളുടെ ആറുമക്കളിൽ ഇളയവനായിട്ടായിരുന്നു ചാവറയച്ചന്റെ ജനനം. പിൽക്കാലത്ത് ദൈവവഴികളിലൂടെ വളർന്ന് ചാവറകുടുംബത്തിന്റെയും കേരള സഭയുടെയും പേരും പെരുമയും ലോകമാകെ പരത്തിയ വിശുദ്ധ ഇടയൻ.



മാതൃവാത്സല്യമറിഞ്ഞ് ദൈവവിളിയിലേക്ക്

"പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യം കൂടാതെ തന്നുമാതാവിനെ
അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനംതന്നു വളർത്തുമ്പോൾ,
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾതന്നെ ഗ്രഹിപ്പിച്ചുതന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചുനിശ്ചയം.
അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമറിഞ്ഞു ദൈവത്തെയും."


(ആത്മാനുതാപം)

അമ്മയായിരുന്നു കുഞ്ഞു കുര്യാക്കോസിന്റെ ഇളം മനസ്സിൽ ദൈവചിന്തയുടെയും മനുഷ്യനന്മയുടെയും ബാലപാഠങ്ങൾ ഉറപ്പിച്ചത്. ഏറെ സാതിശയും ദൈവഭക്തയുമായ മറിയത്തിന്റെ സ്നേഹപൂർവമായ ശിക്ഷണത്തിൽ ആ ബാല്യം പ്രസന്നതയോടെയും പ്രശാന്തിയോടെയും പരിലസിച്ചു. അതിന്റെ സ്വച്ഛതയിൽ ദൈവത്തിന്റെ ഇംഗിതങ്ങൾ അനശ്വര വിശ്വാസങ്ങളായി എഴുതിച്ചേർത്തു.


ചാവറയച്ചന്റെ ആത്മകഥാപരം കൂടിയായ 'ആത്മാനുതാപം' എന്ന കൃതിയിൽ മാതാവുമായുള്ള ഹൃദയബന്ധം, അവരുടെ ദൈവഭക്തി, സ്വഭാവമഹത്വം എന്നിവയെക്കുറിച്ച് എടുത്തുപറയുന്നുണ്ട്. ദ്രുതകാകളിയിലും കേകയിലുമായി സാഹിതീയ പ്രാധാന്യം കൂടിയുള്ള 'ആത്മാനുതാപ'ത്തിലൂടെ ചാവറയച്ചന്റെ ബാല്യകാല ജീവിതവും ആനുഷംഗികമായി ഇതൾ വിരിയുന്നുണ്ട്.

ജനിച്ചതിന്റെ എട്ടാം ദിവസം 1805 ഫെബ്രുവരി 18 ന് ചേന്നങ്കരി പള്ളിയിലായിരുന്നു കുഞ്ഞു കുര്യാക്കോസിന്റെ മാമോദീസാ. കുഞ്ഞുനാൾ മുതൽ കുര്യാക്കോസിനേയും കൊണ്ട് വിവിധ ദൈവാലയങ്ങളിൽ പോയി പ്രാർഥിക്കുന്നത് മറിയത്തിന്റെ ശീലമായിരുന്നു. അങ്ങിനെ, 1805 സെപ്റ്റംബർ 8 ന് വെച്ചൂർ പള്ളിയിൽ വിശുദ്ധമാതാവിന്റെ തിരുസന്നിധിയിലെത്തി കുഞ്ഞിനെ വിശുദ്ധ മാതാവിന്റെ തൃപ്പാദത്തിൽ കാഴ്ചവച്ച് ആ അമ്മ ഇങ്ങനെ പറഞ്ഞു:

"ശുദ്ധമാതാവെ, ദൈവജനനീ, കന്നിയമ്മേ,
അശുദ്ധ മമോദര ഫലമാമിതിനെ നീ,
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ച വച്ചേൻ."



കുര്യാക്കോസ് മാമ്മോദീസ സ്വീകരിച്ച ചേന്നങ്കേരി ഇടവകാ ദേവാലയം. ഇവിടെ വച്ചു തന്നെയാണ് ചാവറ 1829 നവംബർ 30 ന് പ്രഥമദിവ്യബലിയർപ്പിച്ചതും.




ഈ സമയം ദൈവാലയശ്രേഷ്ഠനായ ഗുരു പൂജാദ്രവ്യങ്ങളായ പൂവും നീരും ആ അമ്മയുടെ കൈയിൽ കൊടുത്ത് ഇങ്ങനെ പറഞ്ഞു:

"പിടിച്ചു മമ ചെറുകരത്തിലതുനേരം
കൊടുത്തു ചൊല്ലി, 'മാതൃദാസനായിവനെ നീ
സൂക്ഷിച്ചു വളർത്തുക, പാലിച്ചു ഭരിക്ക നീ
സാക്ഷാൽ നിൻ സുതനല്ല, മാതാവിൻ ദാസൻ ദൃഢം'."

അന്ന് മാതാവിന്റെ ദാസനായി സ്വന്തം കുഞ്ഞിനെ ഏറ്റുവാങ്ങി ഉത്തരവാദിത്തത്തോടെ ദൈവവഴിയിൽ ശുശ്രൂഷയും വാത്സല്യവും നൽകി വളർത്തിയ പ്രിയപ്പെട്ട അമ്മയെക്കുറിച്ച് 'ആത്മാനുതാപ'ത്തിൽ നിരവധി തവണ പരാമർശിക്കുന്നുണ്ട്. 'മാതാവിന്റെ ദാസനാണ് നീ' എന്ന് ആ അമ്മ മകനെ സദാ ഓർമിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ വളർന്നുവന്നപ്പോൾ കാണുന്നതും കേൾക്കുന്നതുമായതിന്റെ പിന്നാലെ ബാലചാപല്യങ്ങളോടെ പാഞ്ഞുപോയ കാലത്തെക്കുറിച്ച് പശ്ചാത്താപത്തോടെ സ്മരിക്കുന്നുണ്ട്.

അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ആശാൻ-പള്ളിക്കൂടത്തിലായിരുന്നു, 1810 ൽ അഞ്ചാംവയസ്സിൽ കുഞ്ഞുകുര്യാക്കോസിന്റെ പ്രാഥമിക വിദ്യാഭ്യാസം. പ്രധാനമായും ഹിന്ദുമതത്തിൽപ്പെട്ട ആശാൻമാർ നടത്തുന്ന കളരിയിൽ വ്യത്യസ്ത വിശ്വാസമുള്ളവരോടൊത്തുള്ള സഹവാസവുമായി അഞ്ചുവർഷക്കാലം കഴിഞ്ഞെങ്കിലും കുര്യാക്കോസിന്റെ വിശ്വാസങ്ങൾക്കും നിശ്ചയങ്ങൾക്കും ഇളക്കമൊന്നുമുണ്ടായില്ല. പ്രധാനമായും മാതൃഭാഷയായ മലയാളവും അടിസ്ഥാന ഗണിതവും കൂടുതൽ പഠിക്കേണ്ടവർക്ക് ചില്ലറ തമിഴും സംസ്കൃതവും അതായിരുന്നു ആശാൻ കളരികളിലെ പൊതുരീതി. ഇതിലെല്ലാം കുഞ്ഞുകുര്യാക്കോസ് പ്രാവീണ്യം നേടി. കളരിയിലെ അഞ്ചു വർഷക്കാലം വിശ്വാസപരമായി പരീക്ഷണങ്ങളുടേതായിരുന്നെങ്കിലും ദൈവഹിതത്താൽ അതിനെ മറികടന്നു മാതാവിന്റെ ദാസനായിത്തന്നെ വളർന്നു, കുഞ്ഞുകുര്യാക്കോസ്.



വിശുദ്ധവിളി

കളരിയിലെ പഠനവും കുടുംബത്തിലെ വാത്സല്യവും ദൈവചിന്തയും, പ്രാർഥനകളും മറ്റുമായി കുഞ്ഞുകുര്യാക്കോസ് പത്തു വയസ്സ് പിന്നിടുമ്പോഴാണ് മഹത്തായ ആ സംഭവത്തിന് കാലമായത്. മാതാവിന്റെ ദാസനായി, ദൈവത്തിന്റെ ശുശ്രൂഷകൾക്കായി, അതുവഴി മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കുമായി സ്വജീവിതം ദൈവപാദങ്ങളിലർപിക്കണമെന്ന ഉൾവിളി. ബാല്യത്തിന്റെ ചാപല്യങ്ങളിലും ലീലാകൗതുകങ്ങളിലും അഭിരമിച്ചു രസിക്കേണ്ട പ്രായത്തിൽ അതീവ ഗൗരവതരമായ ചുമതലാബോധങ്ങളിലേക്ക് ചിന്തയെയും സ്വപ്നങ്ങളെയും ഉണർത്താൻ സാധാരണക്കാർക്കാവില്ല. കുഞ്ഞുകുര്യാക്കോസിന്റെ ഇളം മനസ്സിലേക്ക് അലൗകികമായ ആ ആഹ്വാനം ദിവ്യമായ ഒരലയൊലിയായി എത്തുന്നതോടെത്തന്നെ യഥാർഥത്തിൽ ആ ജീവിതത്തിന്റെ ദിവ്യമഹത്വം വെളിപ്പെട്ടിരിക്കണം. അസാധാരണമായ ആത്മീയപ്രകാശമുള്ള ആ കണ്ണുകളിലപ്പോൾ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും നീരുറവ തെളിഞ്ഞിരിക്കണം.


തെക്കേപ്പള്ളിപ്പുറം ഇടവകയിലെ മല്പാൻ തോമസ് പാലയ്ക്കലിന്റെ ആകസ്മികമായൊരു കുടുംബ സന്ദർശനത്തോടെയാണ് സംഭവബഹുലമായ ആ ജീവിതത്തിന്റെ വഴിതിരിയലുകൾക്ക് ദൈവം നിമിത്തം സൃഷ്ടിച്ചത്. കുര്യാക്കോസ്-മറിയം ദമ്പതികളുടെ ഭവനം സന്ദർശിച്ച മല്പാന് കുഞ്ഞുകുര്യാക്കോസിന്റെ ചുറുചുറുക്കുള്ള പെരുമാറ്റത്തിലും ബുദ്ധിശക്തിയിലും വലിയ മതിപ്പു തോന്നി. മാത്രമല്ല, എന്തോ ഒരാകർഷണം ആ കുഞ്ഞുബാലനിൽ മൽപാൻ ദർശിച്ചു. മനസ്സാന്നിധ്യത്തോടെ ദൈവധ്യാനം നടത്തിയ മൽപാൻ തോമസ് പാലയ്ക്കലിന് ആ നിശ്ചയത്തിൽ പിന്നീട് മാറ്റമുണ്ടായില്ല. അദ്ദേഹം കുഞ്ഞുകുര്യാക്കോസിന്റെ അച്ഛനെ വിളിച്ച് ദൈവവിളിയെക്കുറിച്ചുള്ള ദർശനമറിയിച്ചു.

മകനെ അതിരറ്റു സ്നേഹിക്കുന്ന വാത്സല്യനിധികളായ ആ മാതാപിതാക്കൾക്ക് ആദ്യനിമിഷത്തിൽ സ്വാഭാവികമായും ഇതുൾക്കൊള്ളാനായില്ല. എട്ടുംപൊട്ടും തിരിയാത്ത പ്രായത്തിൽ പ്രിയ പുത്രനെ ദൂരദേശങ്ങളിലേക്കയച്ച് വിരഹത്തിന്റെ വേദനയിൽ കഴിയാൻ സ്നേഹനിധികളായ ആ മാതാപിതാക്കൾക്കാവുമായിരുന്നില്ല. എന്നാൽ കാര്യങ്ങളുടെ വൈകാരികത മാറ്റിവച്ച് ആലോചിച്ചപ്പോൾ ദൈവനിശ്ചയത്തിന്റെ തീർപിൽ വിശ്വാസമർപിച്ച ആ ദമ്പതികൾ സന്തോഷത്തോടെയും അഭിമാനത്തോടെയും തങ്ങളുടെ പ്രിയപുത്രനെ ദൈവത്തിന്റെ ബലിഷ്ഠ കരങ്ങളിൽ ഏൽപിക്കാൻ തയ്യാറായി.



മാതാപിതാക്കളുടെ വ്യസനം മനസ്സിലാക്കിയ മല്പാൻ, അതു പരിഹരിക്കുന്നതിനായി ഒരു പോംവഴിയും മുന്നോട്ട് വച്ചു: ആദ്യത്തെ രണ്ടുവർഷം വീടിനടുത്തുള്ള ചേന്നങ്കരി പള്ളിയിലും തുടർന്ന് പള്ളിപ്പുറം സെമിനാരിയിലുമായി വൈദിക വിദ്യാഭ്യാസം. അങ്ങനെ 1816 ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വൈദികപഠനത്തിന് ചേന്നങ്കരി ഇടവകയിൽ ഔപചാരിക തുടക്കമായി. തുടർന്ന് 1818 ൽ, 13-ാം വയസ്സിൽ പള്ളിപ്പുറം സെമിനാരിയിൽ പഠനം തുടർന്നു.

മഹാനിയോഗം



പള്ളിപ്പുറം സെമിനാരി

1819 ൽ കൂട്ടനാട്ടിലാകെ പടർന്നുപിടിച്ച പകർച്ചവ്യാധി (വസൂരി) മൂലം കുഞ്ഞുകുര്യാക്കോസിന്റെ അപ്പനും അമ്മയും ഈലോക ജീവിതത്തിൽനിന്നു യാത്രപറഞ്ഞു. കുര്യാക്കോസിന്റെ മൂത്ത സഹോദരൻ ജോസഫ് കുഞ്ഞിനെയും ഭാര്യയെയും കൂടി മരണം കവർന്നെടുത്തു. കുടുംബത്തിൽ ആകെ അവശേഷിച്ചത് മൂന്നുപേരാണ്. കുര്യാക്കോസ്, മൂത്ത സഹോദരി, ജോസഫ് കുഞ്ഞിന്റെ കുഞ്ഞുമകൾ മറിയക്കുട്ടി.

മരണം കഴിഞ്ഞ് മൂന്നാഴ്ച കഴിഞ്ഞാണ് സെമിനാരിയിലായിരുന്ന കുര്യാക്കോസിനെ അറിയിക്കുന്നത്. പകർച്ചവ്യാധി പടരാതിരിക്കാൻ ഗ്രാമത്തിനു പുറംലോകവുമായി ബന്ധം വിലക്കിയിരുന്നതിനാൽ ആർക്കും പുറത്തേക്കുപോകാൻ കഴിയുമായിരുന്നില്ല. അതിനാൽ മരണവും സംസ്കാരവുമൊന്നും മകനെപ്പോലും അറിയിച്ചില്ല.

ചിറ്റപ്പന്മാർ കുര്യാക്കോസിനെ ചേന്നങ്കരി പള്ളിയുടെ സെമിത്തേരിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ അവൻ പ്രാർഥിച്ചു, നെടുവീർപ്പിട്ടു, വിതുമ്പി, ഏറെ കരഞ്ഞു. പിന്നെ അവനെ അവർ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

കുടുംബത്തിൽ ആകെ അവശേഷിക്കുന്ന ആൺതരിയാണ്. കുടുംബത്തിന്റെയും കുടുംബസ്വത്തിന്റെയും മുഴുവൻ ചുമതലയും അധികാരവും അവനുള്ളതാണ്. അത് ഏറ്റെടുക്കാൻ കനത്ത സമ്മർദ്ദമുണ്ടായി. ചേച്ചിയും അളിയനും അമ്മാവന്മാരും മറ്റു ബന്ധുക്കളും അയൽക്കാരും അഭ്യുദയകാംക്ഷികളുമെല്ലാം പറഞ്ഞു: ഇനി സെമിനാരിജീവിതം മതിയാക്കി കുടുംബം നോക്കിനടത്തിയാൽ മതി.

കുര്യാക്കോസിന്റെ മനസ്സും ഒരു യുദ്ധക്കളമായിരുന്നു. ഹൃദയത്തിന്റെ വിളി, ദൈവത്തിന്റെ വിളി ഒരു വശത്ത്, മറുവശത്ത് കുടുംബത്തോടുള്ള ഉത്തരവാദിത്വത്തിന്റെയും

ലോകജീവിതത്തിലെ സാമാന്യബുദ്ധിയുടെയും വിളി. അവൻ ആഴമായി പ്രാർഥിച്ചു. ഉള്ളുരുകി പ്രാർഥിച്ചു; വീട്ടിൽ, പള്ളിയിൽ, സെമിത്തേരിയിൽ അപ്പനമ്മമാരുടെയും ചേട്ടന്റെയും മുമ്പിൽ. അവരുടെ അനുഗ്രഹാശിസ്സുകളോടെ, പ്രാർഥന നൽകിയ കരുത്തിൽ അവനൊരു തീരുമാനമെടുത്തു; ഹൃദയത്തിന്റെ വിളിക്കു തന്നെ ഉത്തരമരുളാം.

അവിടെനിന്ന് അവൻ വീട്ടിലേക്കു മടങ്ങി. ചേച്ചിയോടു വിവരം പറഞ്ഞു. മറിയക്കുട്ടിക്ക് പ്രായം തികയുംവരെ സ്വത്തും കാര്യങ്ങളുമൊക്കെ നോക്കിനടത്താൻ ചേച്ചിയെയും അളിയനെയും ഏൽപിച്ചു. എന്നിട്ട് സെമിനാരിയിലേക്കു പോകാനൊരുങ്ങി.

'അപകടമതിയായ ചെറുക്കന്റെ താളത്തിനു തുള്ളാൻ' മനസ്സു വരാഞ്ഞ ഒരു ചിറ്റപ്പൻ കുര്യാക്കോസിനെ ഒരു മുറിയിലിട്ടു പൂട്ടി.

പതിനൊന്നാം വയസ്സിൽ താൻ കണ്ടെത്തിയ വഴി, ആത്മാവു കാട്ടിയ വഴി, തന്റെ മുന്നിൽ കൊട്ടിയടയുന്നത് കുര്യാക്കോസ് കണ്ടു. അവന് ഒന്നും ചെയ്യാൻ കഴിയില്ല. അവൻ പ്രാർഥിച്ചു. പിന്നെയും പ്രാർഥിച്ചു; പിന്നെയും.

വാതിൽ തുറന്നു. കടന്നുവന്നത് തോപ്പിൽ അമ്മാവൻ. കുടുംബത്തിൽ എല്ലാക്കാര്യങ്ങളിലും അവസാനവാക്ക് അദ്ദേഹത്തിന്റേതാണ്. അദ്ദേഹം വിധി പ്രസ്താവിച്ചു: "ആലോചിച്ചു യുക്തിഭദ്രമായ തീരുമാനമെടുക്കാൻ കുര്യാക്കോസിന് പ്രാപ്തിയുണ്ട്. പതിനൊന്നാം വയസ്സിൽ സെമിനാരിയിലേക്ക് ഇറക്കിവിട്ട കൊച്ചുപയ്യനല്ല അവനിപ്പോൾ. പക്വതയും ലോകപരിചയവുമായി.



സഭാസേവനത്തിനായി വിളിക്കപ്പെട്ടവനാണ് താൻ എന്ന് അവനു തോന്നുന്നെങ്കിൽ അതു സഫലമാക്കാൻ സർവ പിന്തുണയും നൽകുക എന്നതാണ് നമ്മുടെ ചുമതല.

അങ്ങനെ, കുര്യാക്കോസ് പള്ളിപ്പുറം സെമിനാരിയുടെ അകത്തളങ്ങളിലേക്കു മടങ്ങിയെത്തി; തനിക്കായി കാത്തുവച്ചിരുന്ന മഹത്തായ കർമങ്ങളിലേക്ക്, നിയോഗങ്ങളിലേക്ക്.

സെമിനാരിയിലെ ദിനങ്ങൾ

വൈദിക വിദ്യാഭ്യാസം പ്രചുരമായിട്ടില്ലാത്ത അക്കാലത്ത് കുര്യാക്കോസടക്കം ആറുപേർ മാത്രമാണ് പാലയ്ക്കലച്ചന് കീഴിൽ പള്ളിപ്പുറം സെമിനാരിയിൽ പരിശീലനത്തിനെത്തിയിരുന്നത്. എല്ലാ കാര്യത്തിലും അതീവശ്രദ്ധാലുവായി പരിശീലനത്തിന് നേതൃത്വം നൽകിയിരുന്ന മല്പാൻ, സ്വയം ചിട്ടപ്പെടുത്തിയ പാഠ്യപദ്ധതിയും സമയക്രമവുമായി വൈദിക പരിശീലനത്തിന് മാതൃകാപരമായ വഴികൾ സൃഷ്ടിച്ചിരുന്നു.

ഇരുനിലകളുള്ള പള്ളിയുടെ മുകളിലത്തെ നിലയിലെ വലിയ ഹാളിൽ ഒരുക്കിയ ബെഞ്ചുകളിലിരുന്നാണ് ക്ലാസ്സുകൾ നടത്തിയിരുന്നത്. ക്ലാസ്സ് സമയം മുഴുവൻ മല്പാനും കൂടെയുണ്ടാവും. ഹാളിനോട് ചേർന്നുതന്നെ



വൈദിക പരിശീലനത്തിനിടയിൽ പാലയ്ക്കൽ തോമസ് മൽപാന്റെ ക്ലാസ് ശ്രദ്ധിക്കുന്ന ബ്രദർ കുര്യാക്കോസും മറ്റു വൈദികാർത്ഥികളും.

യാണ് അദ്ദേഹത്തിന്റെ മുറി. ഉച്ചഭക്ഷണത്തിനുശേഷം ഒരു ചെറിയ മയക്കമൊഴിച്ചാൽ ബാക്കി സമയമെല്ലാം വിദ്യാർഥികളോടൊത്ത് തന്നെയുള്ള മല്പാൻ, വളരെ കർക്കശമായ രീതികളായിരുന്നു പിന്തുടർന്നിരുന്നത്. ഭക്ഷണത്തിനും അത്യാവശ്യം പ്രാഥമികാവശ്യങ്ങൾക്കുമൊഴികെ ഒരാൾക്കും ഹാൾ വിട്ടിറങ്ങാൻ അനുമതിയുണ്ടായിരുന്നില്ല. പോരാത്തതിന് മുഴുവൻ സമയവും ലാറ്റിൻ മാതൃകയിലുള്ള ഇടുങ്ങിയ പ്രത്യേക സഭാവസ്ത്രം ധരിക്കുകയും വേണം. വിശ്രമത്തിന് ഏറെ കുറഞ്ഞ സമയം മാത്രമായിരുന്നു പാലയ്ക്കൽ മല്പാന്റെ ദിനചര്യയിൽ ഉണ്ടായിരുന്നത്. മല്പാൻ ഉച്ചമയക്കത്തിന് പോകുമ്പോൾ ശിഷ്യർ മലയാളവും സുറിയാനിയും പഠിക്കണം. വൈകിട്ട് അഞ്ചുമണിക്ക് ഇത്തിരിനേരം ചുറ്റുപാടും നടക്കാം. ആറുമണിക്ക് പ്രാർഥനയ്ക്കായി പള്ളിയിൽ ഒത്തുചേരണം. ആത്മീയ പുസ്തകങ്ങളുടെ വായനയും ധ്യാനവുമാണ് പിന്നെ. അതിനുശേഷം അത്താഴത്തിന് പിരിയും. വീണ്ടും ക്ലാസ്സുകളിൽ ആത്മീയ പുസ്തകങ്ങളുടെ വായനയും ആത്മീയ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളും ചർച്ചകളുമാണ് നടക്കുക.

എല്ലാറ്റിനും മല്പാന്റെ സാന്നിധ്യം കൂടെയുണ്ടായിരുന്നെങ്കിലും ഇളം പ്രായത്തിലുള്ളവർക്ക് കുറച്ച് കടുപ്പം തന്നെയായിരുന്നു മല്പാന്റെ നിഷ്ഠകൾ. ഇതിനിടെ സെമിനാരിയിൽ മൂന്ന് മരണവും നടന്നു. ഇതോടെ പാലയ്ക്കലിന്റെ കഠിനനിഷ്കർഷകൾക്കെതിരെ വിമർശനങ്ങൾ ഉയരാൻ തുടങ്ങി. മറ്റ് മല്പാൻമാരിൽ നിന്ന് വ്യത്യസ്തമായി കർശനമായ ശിക്ഷണരീതികൾ പിന്തുടർന്ന പാലയ്ക്കലച്ചന്റെ മേൽ മരണത്തിന്റെ ഉത്തരവാദിത്തം ആരോപിക്കപ്പെടുകവരെ ചെയ്തു. ഇതിനെത്തുടർന്ന് പാലക്കലച്ചൻ തന്റെ ചിട്ടയിലെ കാർക്കശ്യങ്ങൾക്ക് അയവുവരുത്തി.

നല്ല പുസ്തകങ്ങളൊന്നും അന്ന് സെമിനാരിയിൽ ലഭ്യമായിരുന്നില്ല. തന്റെ യാത്രകൾക്കിടയിൽ കണ്ടു കിട്ടുന്ന കയ്യെഴുത്തുപ്രതികൾ പാലയ്ക്കൽ മൽപാൻ കൊണ്ടുവരും. ചാവറയും കൂട്ടുകാരിൽ ചിലരും ചേർന്ന് ഇത് പകർത്തും. വലിയ പുസ്തകപ്രേമിയാ



പാവറ പൗരോഹിത്യം സ്വീകരിച്ച അർത്തുങ്കൽ പള്ളി



യിരുന്ന പാലയ്ക്കൽ മല്പാന്റെ കൈയിൽ എപ്പോഴും ഏതെങ്കിലും പുസ്തകമുണ്ടായിരിക്കുമെന്ന് ചാവറയച്ചൻ ആ ദിനങ്ങളെക്കുറിച്ച് പിന്നീട് സ്മരിക്കുന്നുണ്ട്. സാഹിത്യത്തിലേക്കും ഭാഷയിലേക്കും ചാവറയച്ചനെ കൈപിടിച്ചു നടത്തിയ വായനശീലത്തിന് തീർച്ചയായും പാലയ്ക്കൽ മൽപാനായിരിക്കണം കാരണം.

അറിവിന്റെ ആഴങ്ങൾ ഖനനം ചെയ്തെടുക്കാൻ മലയാളവും സുറിയാനിയും മാത്രം പോരെന്ന് പാലയ്ക്കലച്ചനറിയാമായിരുന്നു. മിടുക്കരായ ചില വിദ്യാർഥികളെ അദ്ദേഹം സ്വന്തം ഉത്തരവാദിത്വത്തിൽ വാരാപ്പുഴ സെമിനാരിയിലയച്ച് ലാറ്റിൻ ഭാഷ പഠിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ മത്തായി കടവിൽ, ചാണ്ടി മംഗലത്ത് എന്നിവർക്കൊപ്പം ചാവറ കുര്യാക്കോസ് വരാപ്പുഴയിലെത്തിയെങ്കിലും കാര്യങ്ങൾ അനുകൂലമായിരുന്നില്ല. വരാപ്പുഴയിലെ ലാറ്റിൻകാരായ മറ്റ് വിദ്യാർഥികൾ സെമിനാരിയിലെത്തിയ പുതിയ മൂന്ന് പേർക്കൊപ്പമിരുന്ന് പഠിക്കാൻ വിസമ്മതിച്ചതോടെ കാര്യങ്ങൾ കുഴഞ്ഞുമറിഞ്ഞു. പരാജയപ്പെട്ട് തിരിച്ചു പോരേണ്ടിവന്നെങ്കിലും പാലയ്ക്കൽ മല്പാന്റെ ദൃഢനിശ്ചയങ്ങൾക്ക് അതിരുകളുണ്ടായിരുന്നില്ല. ഏത് വിധേനയും കുര്യാക്കോസിനെയെങ്കിലും ലാറ്റിൻ പഠിപ്പിച്ചേ അടങ്ങൂ എന്ന വാശിയിൽ അദ്ദേഹം നടത്തിയ ശ്രമങ്ങൾക്കൊടുവിൽ തങ്കിയിലെ ബവിയച്ചന്റെ ശിക്ഷണത്തിൽ ചാവറ കുര്യാക്കോസ് അൽപസ്വല്പം ലാറ്റിൻ പഠിച്ചു.

പഠനത്തിലും മറ്റ് കാര്യങ്ങളിലും ഒരുപോലെ മികവു പുലർത്തിയ കുര്യാക്കോസ് ഒരു മാതൃകാ പുരോഹിതനിലേക്കുള്ള ദൂരങ്ങൾ പിന്നിടുകയായിരുന്നു. ദൈവത്തിലുള്ള സമ്പൂർണമായ സമർപണം, അച്ചടക്കം, എളിമ, സഹോദരസ്നേഹം, കരുണ എന്നിങ്ങനെ ഒരു നല്ല പുരോഹിതനുവേണ്ട മുഴുവൻ ഗുണങ്ങളും സ്വാംശീകരിച്ച കുര്യാക്കാസിനെക്കുറിച്ച് സഹപാഠികൾക്കും ഗുരുക്കൻമാർക്കും വലിയ മതിപ്പും സ്നേഹവുമായിരുന്നു. 13-ാം വയസ്സിൽ, സെമിനാരിയിൽ ചേർന്ന വർഷം തന്നെ ബിഷപ്പ് പീറ്റർ അലകാന്ത്രയിൽ നിന്ന് വിശുദ്ധ ടോൻഷർ (Sacred Tonsure) ലഭിക്കുക എന്ന അപൂർവതയും കുര്യാക്കോസിന് അവകാശപ്പെടാനായി.

പൗരോഹിത്യത്തിലേക്കുള്ള ചുവടുകളിൽ അക്കാലത്തെ രീതിയനുസരിച്ച് വീടുകയറ്റം എന്നൊരു ചടങ്ങുണ്ടായിരുന്നു. ഇടവകയിൽ പുരോഹിതന് സ്വീകരണം നൽകുന്ന ചടങ്ങാണത്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ചേന്നങ്കരി ഇടവകയിൽ ചാവറ കുര്യാക്കോസിന് ഈ അവകാശം നിഷേധിച്ചു. ഒരാൾ പുരോഹിതനാകാൻ പോകുമ്പോൾ സ്വന്തം ഇടവകയിൽ നിന്നും 'ദേശക്കുറി' നൽകുക എന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നു. അതില്ലാതെ കുര്യാക്കോസ് നേരിട്ട് സെമിനാരിയിലെത്തിയതിന്റെ ഇഷ്ടക്കേട് തീർത്തതായിരിക്കാം, അന്നത്തെ ഇടവക ചുമതലക്കാർ. എന്നാൽ തൊട്ടടുത്ത ആലപ്പുഴ ഇടവക വലിയ ആഘോഷത്തോടെ തന്നെ കുര്യാക്കോസിന്റെ 'വീടുകയറ്റം' ഒരുത്സവമാക്കി.

1827 ൽ ബിഷപ്പിൽ നിന്നും കൽപനകൾ കൈപ്പറ്റുവാൻ കുര്യാക്കോസിനായി. 1828 ൽ വരാപ്പുഴ വികാരി അപ്പോസ്തോലിക്കയായ സ്തബിലിനി മെത്രാപ്പോലീത്തയിൽ നിന്നു ഡീക്കൻ പട്ടം സ്വീകരിച്ചു. അതിനുശേഷം മല്പാൻ ഇല്ലാത്ത നേരത്ത് സെമിനാരിയുടെ ചുമതല ഡീക്കൻ കുര്യാക്കോസിനായിരുന്നു.

1829 നവംബർ 29 ന് അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദൈവാലയത്തിൽ വച്ച് ചാവറ കുര്യാക്കോസ് പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. അടുത്ത ദിവസം ചേന്നങ്കരി പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു.

ഭക്തിയും വിജ്ഞാനദാഹവും സമർപണവും തികഞ്ഞ മികച്ച വിദ്യാർഥിയായിരുന്നു കുര്യാക്കോസ്. പാലയ്ക്കൽ മല്പാൻ ആ ബാലനിലെ അപൂർവപ്രതിഭയെയും ദാർശനികനെയും തിരിച്ചറിഞ്ഞു. പുതിയ അറിവുകൾ നേടാൻ, പുതിയ സേവനമാർഗങ്ങൾ തുറക്കാനുള്ള എല്ലാ അവസരവും അദ്ദേഹം അവന് വച്ചുനീട്ടി. അവൻ വിനയത്തോടെ, വിധേയത്വത്തോടെ തന്നെത്തന്നെ പൂർണമായി സമർപിച്ചു. അറിവിനോട് അടങ്ങാത്ത ദാഹവും ആഴമായ ആദരവുമായിരുന്നു ആ ബാലന്. അജ്ഞാനിയായ പുരോഹിതൻ ആർക്കും ഉപകാരമില്ലാത്തവനാണ്. മറ്റുള്ളവരെ തെറ്റായ വഴിക്കു നയിക്കുക വഴി അയാൾ ഗുണത്തെക്കാളേറെ ദോഷത്തിനു വഴിവെക്കും. അതുകൊണ്ട് എത്രമാത്രം അറിവു നേടാമോ അത്രയും നല്ലത്. സഹപാഠികളുമായുള്ള ചർച്ചകളിൽ ചാവറയച്ചൻ ആവർത്തിച്ചുപോന്ന നിലപാടായിരുന്നു ഇത്. സെമിനാരി പഠനകാലത്ത് അദ്ദേഹം ലത്തീൻ, പോർച്ചുഗീസ്, സുറിയാനി ഭാഷകൾ പഠിച്ചു.

സഭാസംസ്ഥാപനത്തിലെ സന്ന്യാസത്രിത്വം

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഇന്ത്യയിലെ മാർത്തോമ്മ ക്രിസ്ത്യൻ സമുദായത്തിന് സന്ന്യാസ സമൂഹജീവിതം നയിക്കുന്നതിനെക്കുറിച്ചുള്ള വ്യവസ്ഥാപിത മായ മാതൃകകളോ കൂലങ്കഷമായ ആലോചനകളോ ഉണ്ടായിരുന്നില്ല. ഭാരതീയമായ വിവിധ പാരമ്പര്യ സന്ന്യാസരീതികളും പടിഞ്ഞാറൻ മാതൃകകളും അവ്യക്ത പശ്ചാത്തലമായി ഉണ്ടായിരുന്നെങ്കിലും ഒരു ക്രിസ്ത്യൻ സന്ന്യാസസംഘത്തെക്കുറിച്ചുള്ള മൂർത്തമായ സങ്കൽപങ്ങൾ രൂപമാർജിച്ചിരുന്നില്ല.

ഒറ്റപ്പെട്ടതും ദുർബലവുമായ ചില ശ്രമങ്ങൾ പലയിടങ്ങളിൽ നിന്നും പലപ്പോഴായി ഉണ്ടായെങ്കിലും പ്രായോഗികമായ സാക്ഷാത്ക്കാരവഴികളിലെത്തും മുമ്പേ അവയെല്ലാം ശിഥിലമായിപ്പോവുകയായിരുന്നു. എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മാർത്തോമ്മാ സഭയിൽ സന്ന്യാസ സംസ്ഥാപനത്തെക്കുറിച്ചുള്ള സജീവമായ ആലോചനകൾക്ക് വീണ്ടും ജീവൻ വച്ചു. കർമവഴികളിൽ ദൈവസാന്നിധ്യവും മനസ്സിൽ ആത്മീയതയും നിറഞ്ഞ മുന്ന് പ്രപിതാക്കളിലായിരുന്നു ദൈവം ആ ചരിത്രദൗത്യം ഭാരമേൽപിച്ചത്. പാലയ്ക്കൽ തോമസ് മല്പാൻ, തോമസ് പോരൂക്കരയച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവർക്കായിരുന്നു കേരളത്തിലെ സന്ന്യാസ ആത്മീയതയ്ക്ക് അടിത്തറ പാകുന്നതിനുള്ള ദൈവനിയോഗമുണ്ടായത്.

പള്ളിപ്പുറത്തെ പുരാതന കുടുംബമായ പാലയ്ക്കൽ തറവാട്ടിൽ 1780 നോടടുത്തായിരിക്കും പാലയ്ക്കലച്ചന്റെ ജനനം എന്ന് കരുതുന്നു. സമ്പത്തും ക്രിസ്തീയ പാരമ്പര്യവും വേണ്ടത്രയുള്ള കുടുംബത്തിൽ ജനിച്ചെങ്കിലും അക്കാലത്തെ മാരകമായ ഒരു വസൂരി വാഴ്ചയിൽ ഉറ്റവരെല്ലാം നഷ്ടപ്പെട്ട പാലയ്ക്കലിന് സ്വയം വൈദികവൃത്തിക്കായി സമർപിക്കാൻ ഉൾവിളിയുണ്ടായി. 1807 ൽ വൈദികപ്പട്ടം നേടിയ തോമസ് പാലയ്ക്കൽ വരാപ്പുഴ വികാരിയുടെ സെക്രട്ടറിയായി. പിന്നീട് പള്ളിപ്പുറം സെമിനാരിയുടെ മല്പാനായും ചാവറയച്ചന്റെ വൈദിക ഗുരുവായും മാറി. ശിഷ്യർക്കും സഹപ്രവർത്തകർക്കും ഏറെ ആദരവും സ്നേഹവുമായിരുന്നു മല്പാനോട്. കഠിനാധ്വാനിയും ആത്മാർഥതയുടെ ആൾരൂപവുമായിരുന്ന പാലയ്ക്കലച്ചന്റെ മികച്ച ശിക്ഷണം ചാവറയച്ചന്റെ വ്യക്തിത്വ രൂപവൽക്കരണത്തിൽ ഏറെ സ്വാധീനം ചെലുത്തി. സുറിയാനി മലയാളത്തിന് പുറമേ ലാറ്റിനും പോർച്ചുഗീസും പഠിക്കാനും അതുവഴി വിജ്ഞാനത്തിന്റെ പുതിയ ഭൂമികകൾ കണ്ടെത്താനും അദ്ദേഹം ശിഷ്യരെ പ്രേരിപ്പിച്ചു. താൻ തന്നെ കണ്ടെത്തി താൻതന്നെ പഠിപ്പിച്ചു തന്നേക്കാൾ വളർ



പോരൂക്കര തോമസ് മല്പാൻ


ത്തിയ ശിഷ്യനോടൊത്ത് ഭാവിയിൽ കാർമ ലീത്ത സന്ന്യാസ സഭയുടെ അടിത്തറയായി ത്തീരുംവിധം പ്രവർത്തിക്കാനും ദീർഘദർശി യായ ഈ സന്ന്യാസശ്രേഷ്ഠനായി.

പാലയ്ക്കലച്ചനും ചാവറയച്ചനുമൊപ്പം ആശ്രമസ്ഥാപനത്തിന്റെ നെടുംതൂണായി മാറിയ മറ്റൊരു വൈദികവര്യനാണ് തോമസ് പോരുക്കരയച്ചൻ. ആത്മീയ ജീവിതത്തിന്റെ അവസാനമില്ലാത്ത ആനന്ദത്തെക്കുറിച്ച് കുട്ടി ക്കാലത്തേ വിചാരശീലനായിരുന്നു തോമസ് പോരുക്കരയച്ചൻ. അതീവ ബുദ്ധിശാലിയും കഠിനാധ്വാനിയും മതചര്യകളിൽ കണിശക്കാ രനുമായിരുന്ന പോരുക്കരയച്ചന്റെ വിശ്രമമി ല്ലാത്ത പ്രവർത്തനത്തിന്റെ കൂടി സദ്ഫല മാണ് കേരള ക്രിസ്ത്യാനികളുടെ അഭിമാന മായി മാറിയ കർമ്മലീത്താ സന്ന്യാസ സമൂഹം.

ചമ്പക്കുളത്തെ പ്രസിദ്ധമായ പോരുക്ക രത്തറവാട്ടിൽ 1800 ൽ ഇട്ടിക്കുരുവിള തരക ന്റെയും മറിയത്തിന്റെയും മൂത്തമകനായി ജനിച്ച തോമസിന് അച്ഛന്റെ മരണശേഷം കുടുംബത്തിന്റെ ബാധ്യതകൾ ഏറ്റെടുക്കേ ണ്ടിവന്നു. ആത്മീയമായ ജീവിതത്തിന്റെ വഴി യിൽ കെട്ടുപാടുകളില്ലാതെ സഞ്ചരിക്കാൻ കൊതിച്ചിട്ടും വിധിയേൽപിച്ച ഭൗതിക ജീവി തത്തിന്റെ ഉത്തരവാദിത്തം കൈയൊഴിയാൻ അദ്ദേഹത്തിനു സാധിച്ചില്ല. സ്നേഹനിധി യായ മകനും സഹോദരനുമായിരുന്നു തോമസ് പോരുക്കര. 1823 ൽ വൈദികപ്പട്ടം നേടിയ ശേഷവും രണ്ടു വർഷക്കാലം തന്റെ അമ്മയെയും സഹോദരങ്ങളെയും സംരക്ഷി ക്കേണ്ട ഉത്തരവാദിത്തം മടികൂടാതെ നിർവ ഹിച്ചു, ഈ കർമയോഗി.

ചെറുപ്പത്തിൽത്തന്നെ ഏകാന്തത യെയും വായനയെയും അതിയായി സ്നേഹി ച്ചിരുന്ന കുഞ്ഞു തോമസ്, ലൗകികമായ തൃ ഷ്ണകളിൽ നിന്ന് കുട്ടിക്കാലത്തേ അകന്നു നിന്നു. 1823 ൽ പോരുക്കര പള്ളി വികാരി യായ ശേഷം അക്കാലത്ത് നിലനിന്നിരുന്ന ഓട്ടേറെ അനാവശ്യ ആരാധനാരീതികൾ അദ്ദേഹം അവസാനിപ്പിച്ചു. ഗാനങ്ങളിലൂടെ വി. യൗസേപ്പ് പിതാവിന്റെ ഭക്തി പ്രചരിപ്പി ക്കുന്നതിനായി ഗായകസംഘം രൂപീകരിക്കു ന്നതുൾപ്പെടെ ഒട്ടേറെ പുതിയ കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തു. ഓരോ അംഗത്തിൽ നിന്നും ഓരോ 'ചക്രം' വീതം ശേഖരിച്ച് വി. യൗസേപ്പ് പിതാവിന്റെ പ്രതിമ സ്ഥാപിക്കുന്നതിലൂടെ, സഹകരണത്തിലൂടെ സംഭരിക്കപ്പെടുന്ന ശക്തിയെക്കുറിച്ചുള്ള ഓർമപ്പെടുത്തലും നടത്തി. 1827 ൽ തങ്കശ്ശേരി പള്ളിയിൽ നിയമിക്കപ്പെട്ടശേഷം ആത്മീയ മേഖലയിൽ പോരുക്കരയച്ചൻ നടത്തിയ വിപ്ല വകരമായ മുന്നേറ്റം ചരിത്രമാണ്. അദ്ദേഹ ത്തിന്റെ സുവിശേഷപ്രസംഗങ്ങളിൽ ആകൃ ഷ്ടരായി ധാരാളമാളുകൾ ജീവിതനവീകര ണത്തിന്റെ പാതയിലേക്ക് ഒഴുകിയെത്തി. പി ന്നീട് ആർച്ച്ബിഷപ്പ് മൗറീലിയസ് സ്തബി ലിനിയുടെ സെക്രട്ടറിയായി വാരാപ്പുഴയിലെ ത്തിയതോടെ രണ്ട് മഹാത്മാക്കളുടെ അനി വാര്യമായ കൂടിച്ചേരലിന് കളമൊരുങ്ങുകയാ യിരുന്നു. പാലയ്ക്കലച്ചൻ പിതൃനിർവിശേഷ മായ സ്നേഹത്തോടും സൗഹൃദത്തോടും തന്നോടു പെരുമാറിയതിനെക്കുറിച്ചു പോരു ക്കരയച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

പോരുക്കരയച്ചന്റെ ബാല്യകാല സുഹൃ ത്തും പിന്നീട് സന്തത സഹചാരിയും അനു യായിയും ഒക്കെയായി മാറിയ ബ്രദർ ജേക്ക ബ് കണിയാന്തറയുടെ ജീവിതവും സന്ന്യാസ സഭാ ആസ്ഥാന നിർമാണത്തിന് വേണ്ടി യുള്ള പ്രയത്നത്തിൽ ശ്ലാഘനീയമാണ്. കുട്ടിക്കാലത്തേ വനവാസ സന്ന്യാസത്തെ



തോമസ് പാലയ്ക്കൽ മല്പാൻ



ക്കുറിച്ച് ചിന്തിച്ചിരുന്ന പോരുക്കരയച്ചൻ അക്കാര്യം ജേക്കബിനോട് പറയുകയും കൂടെക്കൂടാമെന്നു ജേക്കബ് സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ കാലാന്തരത്തിൽ ഈ വാക്കു മറന്ന് വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുമ്പോഴാണ് പോരുക്കരയച്ചൻ തന്റെ പുതിയ പദ്ധതിയെക്കുറിച്ച് പറയുന്നതും ജേക്കബിന്റെ പഴയ വാക്കിനെക്കുറിച്ച് ഓർമിപ്പിക്കുന്നതും. അരികിലെത്തിയ കുടുംബജീവിതത്തെ ഉപേക്ഷിച്ച് സന്ന്യാസ വഴിയിൽ പോരുക്കരയച്ചനൊപ്പം സഞ്ചരിക്കാൻ ജേക്കബ് കണിയാന്തറയ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിയിരുന്നില്ല. പിന്നീട് ആസ്ഥാനമന്ദിരത്തിനുള്ള സ്ഥലമന്വേഷണത്തിലും മാന്നാനത്ത് അതിന്റെ നിർമാണത്തിലും മുഖ്യപങ്കുതന്നെ വഹിച്ചു. 1898 ൽ തന്റെ 98-ാം വയസ്സിൽ മാന്നാനത്ത് മരണപ്പെടുമ്പോൾ പോപ്പ് ലിയോ പതിമൂന്നാമന്റെ അനുഗ്രഹങ്ങൾ നേടാനും ബ്രദർ ജേക്കബ് കണിയാന്തറക്കായി.

പാലയ്ക്കലച്ചന്റെയും പോരുക്കരയച്ചന്റെയും നിരന്തരമായ കൂടിക്കാഴ്ചകളും ദീർഘസംഭാഷണങ്ങളും ഒരു സന്ന്യാസസഭാ ആസ്ഥാനത്തെക്കുറിച്ച് ഇരുവരുടേയും മനസ്സിൽ ഉറങ്ങിക്കിടന്നിരുന്ന സ്വപ്നങ്ങൾക്ക് നിറം പകർന്നു. ഇവർക്കൊപ്പം ചാവറയച്ചൻ കൂടി ചേർന്നതോടെ ആ സ്വപ്നങ്ങൾ വർണാഭമാവാൻ തുടങ്ങി. വൈകാതെ ഫലശ്രുതിയിലെത്തുകയും ചെയ്തു.

സന്ന്യാസജീവിതത്തെ അകമഴിഞ്ഞു സ്നേഹിക്കുന്നുവെന്ന് നാലു പേർക്കും അറിയാമായിരുന്നു. എന്നാൽ എങ്ങനെയാണ് അതു യാഥാർഥ്യമാക്കുക എന്ന് ആർക്കും നിശ്ചയമില്ലായിരുന്നു. ഭാരതത്തിലെങ്ങും അന്നോളം ക്രൈസ്തവ സന്ന്യാസാശ്രമങ്ങളില്ലായിരുന്നു. പാശ്ചാത്യരുടെ ഒരു ഏകാന്തവാസശൈലി എന്ന മട്ടിലാണ് അതു മനസ്സിലാക്കപ്പെട്ടിരുന്നത്. (നാല്, അഞ്ച് നൂറ്റാണ്ടു കാലത്ത് മൈലാപ്പൂരിൽ ക്രൈസ്തവ സന്ന്യാസാശ്രമം നിലനിന്നിരുന്നതായി സൂചിപ്പിക്കുന്ന ചരിത്രരേഖകൾ പിന്നീടു കണ്ടെത്തിയെങ്കിലും പാലയ്ക്കലച്ചനും സംഘവും സന്ന്യാസാശ്രമത്തെക്കുറിച്ച് ആലോചിക്കുന്ന കാലത്തൊന്നും ആർക്കും അതേപ്പറ്റി കേട്ടറിവുപോലും ഇല്ലായിരുന്നു).

വാത്സല്യനിധിയും ജനങ്ങൾക്കു പ്രിയങ്കരനുമായിരുന്നു പാലയ്ക്കലച്ചൻ. കാലത്തിനു മുൻപേ നടന്ന പുരോഗമനവാദിയായ പോരുക്കരയച്ചൻ അന്യമതസ്ഥരുടെയും വിദേശികളുടെയും സർക്കാരുദ്യോഗസ്ഥരുടെയും ആദരവും പ്രീതിയും നേടിയ പ്രഗത്ഭനായിരുന്നു. ചെറുപ്രായക്കാരനായ ശെമ്മാശനായിരുന്നിട്ടും അസാമാന്യപ്രതിഭയെന്ന് സെമിനാരിക്കു പുറത്തുപോലും അറിയപ്പെട്ടു തുടങ്ങിയിരുന്നു കുര്യാക്കോസ്. ഇവരുടെയൊക്കെ പ്രതിഭയുടെ സദ്ഫലങ്ങൾ രുചിച്ച വരാരും അവരെ ഏകാന്തസന്ന്യാസത്തിനു വിട്ടുകൊടുക്കാൻ മനസ്സായിരുന്നില്ല. അതുകൊണ്ടുതന്നെ കേട്ടവർ കേട്ടവർ അവരെ നിരുത്സാഹപ്പെടുത്തിയതേയുള്ളു.


ഒരുപാട് ആലോചനകൾക്കും ധ്യാനങ്ങൾക്കും ശേഷം അവർ ഒരു തീരുമാനത്തിലെത്തി. തങ്ങളുദ്ദേശിക്കുന്ന സന്ന്യാസാശ്രമം ആളുകളിൽ നിന്നു പിൻവലിഞ്ഞു സമ്പൂർണ ഏകാന്തവാസം നയിക്കുന്നവരുടെ ഭവനമല്ല, ആത്മീയനിറവിനെ ചുറ്റുപാടുമുള്ള സമൂഹത്തിന്റെ അനുദിന ജീവിതവുമായി സമന്വയിപ്പിക്കുന്ന ഒരു ആശ്രമമായിരിക്കും.

മാന്നാനം: വിശുദ്ധിയുടെ ഗിരിശൃംഗം


അന്വേഷിക്കുന്നത് മനുഷ്യനായിരിക്കും. കണ്ടെത്തിത്തരുന്നത് ദൈവവും. ദൈവചിന്തയിൽ മുഴുകി തപസ്സും പ്രാർഥനയും അനുഷ്ഠിച്ച് കർമ്മമാർഗത്തിൽ സജീവമാകുന്ന ഒരു സന്ന്യാസസഭയുടെ ആസ്ഥാനം പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മാന്നാനം മലമുകളിലായതിന് പിന്നിലും അതിശയകരമായ ഒരുപാട് വിസ്മയങ്ങളുണ്ട്. ആസ്ഥാനം എവിടെയായിരിക്കണമെന്ന് തീരുമാനിക്കാനായി നടത്തിയ ദീർഘമായ അന്വേഷണങ്ങൾക്കൊടുവിൽ യാദൃച്ഛികമായി കണ്ടെത്തുംപോലെയായിരുന്നു മാന്നാനം ഗിരിയുടെ വെളിപ്പെടൽ. തപസ്സുഭവനവും ദർശനവീടും സ്ഥാപിക്കുന്നതിനുള്ള അദമ്യമായ ആഗ്രഹവുമായി നടന്നിരുന്ന സന്ന്യാസശ്രേഷ്ഠർക്ക് ദൈവം കാണിച്ചു കൊടുത്ത ഉചിതമായ സ്ഥലം.

പാലയ്ക്കലച്ചൻ, പോരൂക്കരയച്ചൻ, ബ്രദർ ജേക്കബ് കണിയാന്തറ എന്നിവർ വിവിധ സ്ഥലങ്ങളിൽ നടത്തിയ ദീർഘമായ അന്വേഷണങ്ങൾക്ക് ഒടുവിൽ ദുർഘടങ്ങൾ പലതും പിന്നിട്ട് അവർ കൊള്ളാവുന്ന ഒരു സ്ഥലം, കുടമാളൂരിനടുത്ത് കണ്ടുപിടിച്ചു, 'പുല്ലരിക്കുന്ന്'. എന്തുകൊണ്ടും അനുയോജ്യമായ സ്ഥലം എന്ന് കണ്ട് കാര്യങ്ങൾ ഉറപ്പിക്കാൻ തുടങ്ങുമ്പോഴാണ് ഗുരുതരമായ ഒരു പ്രശ്നം ശ്രദ്ധയിൽ പെടുന്നത്. സമീപത്തെ കുമാരനല്ലൂർ ഭഗവതിയുടെ ദൃഷ്ടിപ്രദേശമത്രെ പുല്ലരിക്കുന്ന്. അവിടെ ഒരു ക്രിസ്ത്യൻ ആരാധനാലയം വരുന്നതിൽ ഹിന്ദുക്കൾ ചിലർക്ക് ചില്ലറ അസംതൃപ്തി. സ്ഥലത്തിന്റെ ഉടമയെ കണ്ടെത്തുകയും അദ്ദേഹത്തിന്റെ സമ്മതം നേടുകയും ചെയ്തു. സർക്കാരിൽനിന്നുള്ള അനുമതിയും മറ്റും ശരിയാക്കാനായി പോരൂക്കരയച്ചൻ കൊല്ലത്തേക്ക് പോകാൻ ഒരുങ്ങി. അപ്പോഴാണ് ഈ പ്രശ്നം. എന്നാൽ വലിയ എതിർപ്പുമില്ല, വേണമെങ്കിൽ ആവാം. ഹിന്ദുക്കളിൽ ഒരു വിഭാഗം സ്ഥലം നൽകുന്നതിൽ എതിർപ്പില്ലെന്നറിയിച്ച് മുന്നോട്ടുവന്നു. പിന്നെന്ത് പ്രശ്നം പണി തുടങ്ങാമെന്നായി ക്രിസ്ത്യാനികളിൽ ഒരു വിഭാഗം. വലിയ വഴക്കും വക്കാണവുമൊന്നുമില്ലാതെ കാര്യങ്ങൾക്ക് തീർപ്പ് വന്നതുപോലെ തോന്നിയപ്പോഴാണ് ചാവറയച്ചൻ ആ തീരുമാനം അറിയിച്ചത്. ആ സ്ഥലം വേണ്ട. വരാനിരിക്കുന്ന വലിയ ഭവനത്തിന്റെ വഴിയിൽ അനിഷ്ടത്തിന്റെ തരിമ്പുപോലും ഉണ്ടാവരുതെന്ന് നിർബന്ധമുണ്ടായിരുന്നു ചാവറയച്ചന്. അങ്ങനെ, നടന്നു എന്ന് കരുതിയ ഒരു ഘട്ടത്തിൽ പുല്ലരിക്കുന്നിന് സഭാ ആസ്ഥാനമാവാനുള്ള സൗഭാഗ്യം നഷ്ടമായി.

വീണ്ടും അന്വേഷണങ്ങൾ. അതിനിടെ മാന്നാനം വഴി അതിരമ്പുഴയിലേക്കുള്ള യാ



1831 മെയ് 11-ാം തിയ്യതി മോൺ. സ്റ്റബിലീനിയുടെയും വൈദികരുടെയും ജനങ്ങളുടെയും സാന്നിധ്യത്തിൽ പോരൂക്കര തോമസ് മല്പാൻ വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിൽ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നു.



മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദേവാലയത്തിന്റെ മണിമാളിക

ത്രയിലാണ് ഓളൻകണ്ണമുകൾ എന്ന പ്രശാന്തസുന്ദരമായ പ്രദേശം പാലയ്ക്കലച്ചന്റെയും സംഘത്തിന്റെയും ശ്രദ്ധയിൽപ്പെട്ടത്. മരങ്ങൾ ഇടതിങ്ങി വളർന്ന് മണ്ണാകെ പച്ചമുടിയ മലയോരം. ഒറ്റമാത്രയിൽ തന്നെ കാഴ്ചക്കാരന്റെ മനസ്സും ഹൃദയവും കവരുന്ന മനോഹാരിത. ഭാവിയിൽ കേരളത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ വിസ്മയകരമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ പോകുന്ന ഒരു സന്ന്യാസ സമൂഹത്തിന്റെ ആസ്ഥാനമായി മാറുന്നതിനുള്ള നിയോഗം ദൈവം കരുതിവച്ചിരുന്നത് മാന്നാ



നത്തിന്റെ ഈ മനോഹരശൃംഗങ്ങളിലായിരുന്നു.

കാട് വെട്ടിത്തെളിച്ച് ആശ്രമ സ്ഥാപനത്തിന്റെ പണികൾ പുരോഗമിക്കുന്നതിനിടെ കണ്ടെത്തിയ കിണർ മറ്റൊരു അത്ഭുതമായി. ഒരു ജലസ്രോതസ്സുണ്ടായിരുന്നെങ്കിൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാവുമായിരുന്നു എന്ന ആലോചനയിൽ സംഘാംഗങ്ങൾ ഇരിക്കെയാണ് യാദൃച്ഛികമായി കിണർ കണ്ടെത്തുന്നത്. പിന്നീടുള്ള കാര്യങ്ങൾക്കെല്ലാം ദൈവത്തിന്റെ കരം കൂടെയുള്ളതുപോലെയായിരുന്നു.


സമുദ്രനിരപ്പിൽ നിന്നു 150 അടി ഉയരത്തിൽ, കോട്ടയം എം. സി. റോഡിൽ നിന്നു നാലു കിലോമീറ്റർ ദൂരത്തിലാണ് മാന്നാനം. ചെന്നു കാണുന്നവരുടെ മനസ്സിലെ പ്രക്ഷുബ്ധതകളത്രയും ഒപ്പിയെടുത്ത് സമാശ്വാസത്തിലേക്ക് നയിക്കുന്ന ശാന്തത. ഹൃദയങ്ങൾ ഇവിടെ അതുവരെ അനുഭവിക്കാത്ത അനിർവചനീയമായ അനുഭൂതിയാൽ തളിർക്കുന്നു. ഒരു പുണ്യസ്ഥലത്തിന്റെ സാമീപ്യമറിഞ്ഞ് ആത്മാവ് നിർവൃതി കൊള്ളുന്നു. 'മാന്നാനം', പൂർവികരുടെ പുണ്യവും ദൈവത്തിന്റെ അനുഗ്രഹവും ഒന്നു ചേർന്ന് തലമുറകളെ സാന്ത്വനിപ്പിക്കുന്ന ശാന്തിഗിരി.

പടിഞ്ഞാറ് വേമ്പനാട്ടു കായൽ അതിരിട്ടുകിടക്കുന്ന തെങ്ങിൻതോപ്പും നെൽപ്പാടങ്ങളും. വടക്ക് മഹാത്മാഗാന്ധി സർവകലാശാല കാമ്പസ്, തെക്ക് കോട്ടയം മെഡിക്കൽ കോളേജ്, തെക്കുകിഴക്കായി കോട്ടയം നഗരം. നയനമനോഹരമായ ഭൂപ്രകൃതിയാൽ അനുഗൃഹീതമായ ഈ പ്രദേശം സി.എം.ഐ. സമൂഹവും കേരളസഭയും കൈവരിച്ച നേട്ടങ്ങൾക്ക് മുഴുവൻ പിറകിൽ പ്രവർത്തിച്ച പ്രചോദക ശക്തികൂടിയാണ്.

1846 ൽ ചാവറയച്ചൻ സ്ഥാപിച്ച സംസ്കൃത വിദ്യാലയവും നസ്രാണി ദീപിക ആദ്യമായി അച്ചടിച്ച സെന്റ് ജോസഫ്സ് പ്രസ്സും ചരിത്ര സ്മാരകങ്ങളെന്നോണം മാന്നാനത്തിന്റെ പ്രൗഢിക്ക് തിളക്കമേറ്റി ഇന്നും സംരക്ഷിച്ചുപോരുന്നു.

സി.എം.ഐ. സഭയുടെ കേന്ദ്രഭവനം

മാന്നാനത്തെ മനോഹരമായ മലയോരം. കേരളത്തിലെ സി.എം.ഐ. സഭയുടെ പ്രവർത്തനങ്ങളുടെ കേന്ദ്രഭവനമായി മാറുന്നതിന് പിന്നിൽ അക്ഷീണമായ പ്രയത്നത്തിന്റെയും ത്യാഗത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത ഇച്ഛാശക്തിയുടെയും മികവുണ്ട്. സന്ന്യാസ സമൂഹത്തിന്റെ ആത്മീയ കേന്ദ്രവും ധ്യാനശാലയും ഭരണകാര്യങ്ങളുടെ ഏകോപനകേന്ദ്രവുമൊക്കെയായി ഒരു കാട്ടു പ്രദേശത്തെ മാറ്റിയെടുക്കുക എളുപ്പമുള്ള കാര്യമായിരുന്നില്ല. അതിലും പ്രയാസമായിരുന്നു, ഭാരതീയമായ ഒരു ക്രിസ്ത്യൻ സന്ന്യാസി സമൂഹത്തിന്റെ നിഷ്ഠകളും ചര്യകളും ക്രമപ്പെടുത്തിയെടുക്കുക എന്നത്. അങ്ങേയറ്റം ദുഷ്കരമായ ഈ രണ്ട് കാര്യങ്ങൾക്കും പാലയ്ക്കലച്ചന്റെയും പോരൂക്കരയച്ചന്റെയും അനുഗ്രഹാശിസ്സുകളോടെ മുൻനിന്ന് പ്രവർത്തിച്ചു, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. വരാനിരിക്കുന്ന സ്വപ്നസാക്ഷാത്കാരം സമ്മാനിക്കുന്ന ആഹ്ലാദത്തിന്റെ നിമിഷങ്ങളോർത്ത് ആ മഹാത്മാവ് എല്ലാ വൈതരണികളെയും തട്ടിമാറ്റി. പ്രതിസന്ധികളുടെ പേമാരികൾക്കിടയിൽ ദൈവഹിതം സംരക്ഷണത്തിന്റെ അദൃശ്യമായ കുട വിരിച്ചു. അതിന്റെ വിശ്വാസദാർഢ്യമാർന്ന തണലിൽ ലക്ഷ്യബോധത്തോടെ കർമനിരതനായപ്പോൾ കേര



മാന്നാനം ആശ്രമദേവാലയത്തിന്റെ മേൽക്കൂര



ളത്തിലെ കർമലീത്താ സന്ന്യാസസമൂഹത്തിന് എക്കാലവും അഭിമാനിക്കാവുന്ന സംഘടിത പ്രസ്ഥാനകേന്ദ്രം യാഥാർഥ്യമായി.

പാലയ്ക്കലച്ചനും പോരൂക്കരയച്ചനും തുടക്കമിട്ട മാന്നാനത്തെ നിർമാണ പ്രവൃത്തികളിലേക്ക് വളരെ കുറച്ചു പേരെ മാത്രമേ നിയോഗിച്ചിരുന്നുള്ളൂ. വൈദികന്റെ ആത്മീയ പ്രഭാവവും ചുറുചുറുക്കും ബുദ്ധിശക്തിയും മറ്റുശേഷികളും ഗുണങ്ങളുമെല്ലാം കണക്കിലെടുത്ത് പാലയ്ക്കലച്ചനാണ് മാന്നാനത്തേക്കുള്ള മൂന്നാമനെ നിയോഗിക്കേണ്ടിയിരുന്നത്. പലരും അതിയായി മോഹിച്ചിരുന്ന ആ ഉത്തരവാദിത്തം ചാവറ കുര്യാക്കോസിനെ ഏല്പിക്കാനാണ് ദീർഘദൃഷ്ടിയായ ആ സാത്വികൻ തീരുമാനിച്ചത്. അതനുസരിച്ച് മാന്നാനത്തെത്തിയ ചാവറയച്ചൻ നിർമാണ പ്രവൃത്തികൾക്ക് നേതൃത്വം കൊടുത്തു. പാലയ്ക്കലച്ചൻ രോഗബാധിതനാവുകയും പോരൂക്കരയച്ചൻ നിർമാണച്ചെലവുകൾ കണ്ടെത്താനായി ഊരുചുറ്റാനിറങ്ങുകയും ചെയ്തതോടെ ജോലിയുടെ മേൽനോട്ടം ഏതാണ്ട് പൂർണമായും ചാവറയച്ചന്റെ ചുമലിലായി. ഒട്ടും വിഷമമില്ലാതെ സന്തോഷത്തോടെയും സംതൃപ്തിയോടെയും രാപകൽ വിശ്രമമില്ലാതെ അതേറ്റു നടത്തുമ്പോഴാണ് പരീക്ഷണങ്ങൾ തുടർച്ചയായി ആ സാധുമനസ്സിനെ വേട്ടയാടിയത്. എന്നാൽ അചഞ്ചലമായ വിശ്വാസവും കടുകിട വ്യതിചലിക്കാത്ത സത്യസന്ധതയും എല്ലാറ്റിനെയും അതിജീവിക്കാൻ അദ്ദേഹത്തെ സഹായിച്ചു.

മാന്നാനത്തെ നിർമാണജോലികൾ അത്യന്തം വേഗത്തിലും അത്യുത്സാഹത്തിലും പുരോഗമിക്കുന്നതിനിടയിലാണ് ചാവറയച്ചനെ പള്ളിപ്പുറത്തേക്ക് സ്ഥലം മാറ്റിക്കൊണ്ട് ബിഷപ് ഫ്രാൻസീസ് സേവ്യർ പെസ്കറ്റോ (Francis Xavier Pescetto)യുടെ ഉത്തരവിറങ്ങിയത്. തന്റെ സ്ഥലംമാറ്റം നിർമാണ ജോലികളെ പ്രതികൂലമായി ബാധിക്കുമെന്ന് ആ പുണ്യാത്മാവ് ഭയന്നു. അതദ്ദേഹത്തെ വേദനിപ്പിച്ചു. കാര്യങ്ങൾ വിശദമാക്കി മാന്നാനത്ത് തന്നെ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ നിഷ്കരുണം നിരസിക്കപ്പെട്ടു. മാത്രമല്ല ചാവറയുടെ പ്രവൃത്തികൾ അച്ചടക്കമുള്ള സഭാപ്രവർത്തകർക്ക് ചേർന്നതല്ലെന്ന് കൂടി വിധിച്ചു. ഇതോടെ ചാവറയച്ചൻ മാനസികമായി തളർന്നെങ്കിലും ദൈവവിധിയെ മനസാ സ്വീകരിച്ച് പള്ളിപ്പുറത്തെ ജോലി ഏറ്റെടുത്തു. കഴിയുന്നതും ആത്മാർഥമായി പുതിയ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചപ്പോഴും മാന്നാനത്തെ സ്വപ്നപദ്ധതിക്ക് സമയം കിട്ടുമ്പോഴെല്ലാം മേൽനോട്ടം നടത്താൻ ചാവറയച്ചൻ ശ്രമിച്ചു.


1841 ജനുവരി 16 ന് പാലയ്ക്കലച്ചനും 1846 ജനുവരി 8 ന് പോരൂക്കരയച്ചനും ഇഹലോകവാസം വെടിഞ്ഞതോടെ പുതുതായി രൂപം കൊണ്ട മതസമൂഹത്തെ നയിക്കാനുള്ള പൂർണചുമതല ചാവറയച്ചന്റെ ചുമലുകളിലായി. അഗാധമായ പ്രാർഥനകളും പഠനങ്ങളും പഠിപ്പിക്കലും സുവിശേഷപ്രഭാഷണങ്ങളും മറ്റനേകം സാമൂഹികപ്രവർത്തനങ്ങളുമായി ആത്മീയതയുടെ വഴിയിൽ അച്ചൻ ഏകനായി സഞ്ചരിച്ചു. എന്നും എപ്പോഴും കൂടെയുള്ള അചഞ്ചലമായ ദൈവവിശ്വാസം ഒന്നുമാത്രം കൈമുതലാക്കി.

വളർന്നുവികസിക്കാൻ പോവുന്ന ഒരു സന്ന്യാസ സമൂഹത്തിന് വ്യക്തമായൊരു ജീവിതക്രമം ചിട്ടപ്പെടുത്തുക, ഒരു പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യുക, അതെല്ലാം ലിഖിതമായ നിയമാവലിയാക്കി രേഖപ്പെടുത്തുക തുടങ്ങി അത്യന്തം ദുഷ്കരവും സങ്കീർണവുമായ ചുമതലകൾ ചാവറയച്ചന്റെ ദിനങ്ങളെ സംഘർഷഭരിതമാക്കി. പൂർവമാതൃകകളോ മുൻനിശ്ചയങ്ങളോ ഇല്ല. തന്റെ വഴികാട്ടികളായ ബഹുമാനപ്പെട്ട അച്ചന്മാരുടെ ആത്മീയാഭിലാഷങ്ങൾ സാർഥകമാവും വിധം തന്റെ സ്വന്തം ജീവിതത്തിലെ ആത്മീയലക്ഷ്യങ്ങൾ കൂടി ഉൾച്ചേർത്ത് പുതിയൊരു ആത്മീയജീവിതക്രമവും സഭാഭരണക്രമവും നിർമിക്കുന്നതിൽ വ്യാപൃതനായ ദിനങ്ങളായിരുന്നു പിന്നീട്.

സാർവലൗകികമായ ആത്മീയസത്തയും ഭാരതീയമായ ആത്മീയദർശനവും ചേർന്ന് സമഗ്രവും സവിശേഷവുമായ ഒരു കർമ-ധ്യാന പദ്ധതിയാണ് ചാവറയച്ചൻ വിഭാവനം ചെയ്തത്. ഡൊമിനിക്കൻ രീതി പിന്തുടർന്ന ഒരു ജീവിതക്രമം. പലസ്തീനിലെ മൗണ്ട് കാർമൽ രീതിയും ചാവറയച്ചനെ സ്വാധീനിച്ചതായി കരുതാം. ഭാരതീയമായ സന്ന്യാസരീതികളും ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 'ആത്മാനുതാപ'ത്തിന്റെ കർത്താവിനാൽ വിരചിതമായ ഒരു സന്ന്യാസക്രമം, അങ്ങനെയാവാതെയും നിർവാഹമില്ല. അടിയുറച്ച ക്രിസ്തുദൈവവിശ്വാസത്തിലധിഷ്ഠിതമായി തോമസ് പാലയ്ക്കലച്ചനും തോമസ് പോരൂക്കരയച്ചനും ചാവറ കുര്യാക്കോസച്ചനും ദീർഘദർശനം ചെയ്ത് സാക്ഷാത്കരിച്ചെടുത്ത കേരളത്തിലെ സി.എം.ഐ. സഭയുടെ ആസ്ഥാനഭവനം, പിന്നീടുള്ള മാതൃകാപരവും വിപ്ലവകരവുമായ മത-സാമൂഹ്യ വിദ്യാഭ്യാസ മുന്നേറ്റങ്ങളുടെ മാതൃഭവനമായി മാറി.

അക്ഷരങ്ങളുടെ മിഷനറി

പള്ളിപ്പുറത്തെ സെമിനാരിക്കാലം തൊട്ടേ കുര്യാക്കോസ് പുസ്തകങ്ങളുമായി നിരന്തര സമ്പർക്കത്തിലായിരുന്നു. വായന മാത്രമല്ല, കുര്യാക്കോസ് എഴുതുകയും ചെയ്തുമായിരുന്നു. സഭാസംബന്ധിയായ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം സുറിയാനിയിൽ നിന്നും തമിഴിൽ നിന്നും മലയാളത്തിലേക്കു വിവർത്തനം ചെയ്തു. വിജ്ഞാനത്തെയും വിജ്ഞാന വ്യാപനത്തിൽ പുസ്തകങ്ങൾക്കുള്ള പങ്കിനെയും അദ്ദേഹം അളവറ്റ് ആദരിച്ചിരുന്നു. അതിന്റെ തുടർച്ചയായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു സ്വപ്നം, മലയാളം പുസ്തകങ്ങൾ അച്ചടിക്കാനൊരു അച്ചടിശാല. അന്നോളം കത്തോലിക്കാ പ്രാർഥനകളൊന്നും മലയാളത്തിൽ അച്ചടിച്ചിട്ടില്ലായിരുന്നു. തിരുവിതാംകൂറിലാകെ രണ്ടു പ്രസ്സുകളേ ഉള്ളൂ. ഒന്ന് കോട്ടയത്ത് സി.എം.എസ്. പ്രസ്സ് (ചർച്ച് മിഷൻ സൊസൈറ്റി), മറ്റേത് തിരുവനന്തപുരത്തെ സർക്കാർ പ്രസ്സ്.



ചാവറയച്ചൻ സ്ഥാപിച്ച മരപ്രസ്സ്. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറ അറിയപ്പെടുന്നത്.

ചാവറയുടെ ആശയം കേട്ടവരൊക്കെ അവഗണിച്ചുതള്ളി. ചിലരൊക്കെ പരിഹസിച്ചു. അവരുടെ മനസ്സുകൾക്കു ഗ്രഹിക്കാൻ കഴിയുന്നതിനുമപ്പുറമായിരുന്നു അത്. എന്നാൽ എളുപ്പത്തിൽ കീഴടങ്ങുന്ന ഒരു മനസ്സായിരുന്നില്ല അദ്ദേഹത്തിന്റേത്.

ഒരു പ്രസ്സിന്റെ പ്രവർത്തനം നേരിൽ കണ്ടു പഠിക്കണമെന്നു നിശ്ചയിച്ച് അദ്ദേഹം കോട്ടയത്തിനു യാത്രതിരിച്ചു. എന്നാൽ സി.എം.എസ്. പ്രസ്സുകാർ അദ്ദേഹത്തെ അടുപ്പിച്ചില്ല. വിട്ടുകളയുന്ന ശീലമില്ലല്ലോ. അദ്ദേഹം തിരുവനന്തപുരത്ത് സർക്കാർ പ്രസ്സ് സന്ദർശിച്ചു. അവിടെ ചില പരിചയക്കാരെ ഒത്തുകിട്ടി. പ്രസ്സിന്റെ വിവിധ ഭാഗങ്ങളും അവയുടെ പ്രവർത്തനങ്ങളുമെല്ലാം അവർ അദ്ദേഹത്തിനു വിവരിച്ചുകൊടുത്തു. സൂക്ഷ്മതയുള്ള ആ മനസ്സിൽ അതു മുഴുവൻ ചിത്രങ്ങളായി പതിഞ്ഞു. മാന്നാനത്തു തിരിച്ചെത്തി വാഴപ്പിണ്ടിയിൽ പ്രസിന്റെ നിശ്ചല മാതൃക പണിതു. ഓർമയിൽ നിന്ന് മാഞ്ഞു പോകും മുൻപേ പകർപ്പെടുക്കണമല്ലോ. ഈ മാതൃക ഒരു ആശാരിയെ ഏല്പിച്ച് അതേപോലൊരു യന്ത്രം ഉണ്ടാക്കാൻ ആവശ്യപ്പെട്ടു.

അടുത്തതായി വേണ്ടത് മലയാളം അക്ഷരങ്ങളായിരുന്നു. അക്ഷരങ്ങളുണ്ടാക്കാനറിയാവുന്ന ഒരു തട്ടാനെ തപ്പിയെടുത്തു. ഒരു തമിഴൻ. അയാൾ മുൻപ് സി.എം.എസ്. പ്രസ്സിൽ ജോലിയെടുത്തിരുന്നു. വിവരമറിഞ്ഞ സി.എം.എസ്. കാർ അയാളെ തിരികെയെടുക്കാൻ ശ്രമിച്ചു. ചാവറയച്ചൻ അയാളെ പുളിങ്കുന്നിൽ ഒരു സുഹൃത്തിന്റെ വീട്ടിൽ ഒളിവിൽ പാർപ്പിച്ച് ആവശ്യമായ അച്ചുകളെല്ലാം വാർത്തെടുത്തു.

അച്ചടിയന്ത്രവും അച്ചുകളും തയ്യാർ. പക്ഷേ പ്രസ്സ് നടത്തണമെങ്കിൽ സർക്കാരി



ന്റെ അനുമതി വേണം. 1846 ജൂലൈയിൽ ലൈസൻസ് ലഭിച്ചു. വരാപ്പുഴ ആർച്ച്ബിഷപ് ലുഡോവിക്കോസ് വഴി ബ്രിട്ടീഷ് റസിഡന്റിന്റെ ശുപാർശ നേടി. അതിന്റെ ബലത്തിലാണ് തിരുവിതാംകൂർ രാജാവിൽ നിന്നു ലൈസൻസ് ലഭ്യമായത്.

വെല്ലുവിളികൾ തീർന്നിരുന്നില്ല. അച്ചടിക്കടലാസ് വേണം, മഷി വേണം, ഈയം വേണം. അന്നത്തെ വലിയ അങ്ങാടികളായിരുന്നു പുതുച്ചേരിയും മദ്രാസും. അവിടെങ്ങുമില്ല. ഇന്ത്യയിലെമ്പാടും അന്വേഷിച്ചിട്ടും കിട്ടാനില്ല. ഒടുവിൽ യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്യാൻ കൊച്ചിയിലെ ഒരു വ്യാപാരിയെ ചട്ടംകെട്ടി. നൂറു രൂപയ്ക്കുള്ള ചരക്കിന് ഓർഡർ കൊടുത്തു. ചരക്കു വന്നപ്പോൾ നാനൂറു രൂപ. ചില്ലറ വിൽക്കാൻ വ്യാപാരി തയ്യാറില്ല. ചാവറയച്ചന്റെ കൈവശം അത്ര പണം എടുക്കാനുമില്ല. അവിടെയും ദൈവസഹായം മനുഷ്യരൂപത്തിൽ ഇടപെട്ടു. സഹായിക്കാൻ ആളുണ്ടായി.

പിന്നെയും തടസ്സങ്ങൾ. പ്രസ്സ് പ്രവർത്തിപ്പിക്കാനറിയുന്ന ഒരാളെ വേണം. ഏറെ അന്വേഷണത്തിനൊടുവിൽ തിരുവനന്തപുരം സർക്കാർ പ്രസ്സിൽ പണി പഠിച്ച ഒരാളെ കിട്ടി. അച്ചടി തുടങ്ങി. വിശ്വാസികൾക്കുള്ള ചാവറയച്ചന്റെ ഒരു ചെറുസന്ദേശമായിരുന്നു ആദ്യമായി അച്ചടിച്ചത്. ഒരു ലഘുലേഖ.

എന്നാൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണമെങ്കിൽ അച്ചടിച്ചാൽ മാത്രം പോര. ബൈൻഡിങ് അറിയാവുന്നവരും വേണം. അന്വേഷണമായി. ബോംബെയിൽ പോയി ബൈൻഡിങ് പഠിച്ചു വന്ന ഒരു യഹൂദൻ കൊച്ചിയിലുണ്ടായിരുന്നു. അദ്ദേഹം മാന്നാനത്തെ ബൈൻഡിങ്ങുകാരനായി.

ഒരു പ്രാർഥനപുസ്തകമായിരുന്നു ആദ്യമായി പ്രസിദ്ധീകരിച്ചത് 'ജ്ഞാനപീയൂഷം'. ചാവറയച്ചൻ സന്തുഷ്ടനായി. വായന ഏകാന്തതയിൽ സന്തോഷം നൽകും. ആളുകൾ വായിക്കട്ടെ, അറിവും ആനന്ദവും കണ്ടെത്തട്ടെ.

മറ്റു വഴികളിലും പുതിയ സന്തോഷങ്ങൾ കൊണ്ടുവന്നു അച്ചടിശാല. ഒരുപാടു പേർ പ്രിന്റിങ്ങും ബൈൻഡിങ്ങും പഠിച്ച് അവിടെ ജോലി നേടി. മത-സാമൂഹിക-സാംസ്കാരിക പ്രസക്തിയും പ്രതിബദ്ധതയുമുള്ള നിരവധി പ്രസിദ്ധീകരണങ്ങളുടെ ഉറവിടമായി മാന്നാനം പ്രസ്സ്. കോട്ടയം കേരളത്തിന്റെ അക്ഷരകേന്ദ്രമായി വളരുകയായിരുന്നു.

കട്ടിയുള്ള അച്ചടിക്കടലാസ് ആയിരുന്നു ഒരു നിരന്തര തലവേദന. പലപ്പോഴും രണ്ട് എഴുത്തുകടലാസുകൾ കൂട്ടിയൊട്ടിച്ച് ഉപയോഗിക്കേണ്ടിവന്നു. ഒടുവിൽ വരാപ്പുഴ ആർച്ച് ബിഷപ്പിന്റെ സഹായത്തോടെ സ്പെയിനിൽ നിന്നും ഫ്രാൻസിൽ നിന്നും മുടങ്ങാതെ കടലാസ് കിട്ടാനുള്ള ഏർപ്പാടുകളുണ്ടാക്കി.

ചാവറയച്ചന്റെ സ്വപ്നങ്ങളുടെ തുടർച്ചയെന്നോണം മാന്നാനം പ്രസ്സിൽ നിന്ന് പിന്നീട് നസ്രാണിദീപിക പുറത്തിറങ്ങി. ക്രമേണ അത് മലയാളത്തിലെ ആദ്യ ദിനപ്പത്രമായി മാറി. അങ്ങനെ ഒരു തരത്തിൽ ആധുനിക മലയാള പത്രപ്രവർത്തനത്തിന്റെ തലതൊട്ടപ്പനെന്നും ചാവറയച്ചനെ വിശേഷിപ്പിക്കാം.

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ തങ്ങളുടെ പ്രസ്സ് (സി.എം.എസ്. പ്രസ്സ്) മതപ്രചാരണത്തിനു മാത്രം ഉപയോഗിച്ചപ്പോൾ ചാവറയച്ചനും അദ്ദേഹത്തിന്റെ പിൻഗാമികളും അത് നാടിന്റെയും അവിടുത്തെ ജനങ്ങളുടെയും ക്ഷേമത്തിനുള്ള ഒരു മാധ്യമമായി വളർത്തി.

സ്ത്രീ മുന്നേറ്റത്തിന്റെ ശുഭാരംഭമായി സന്ന്യാസിനി സഭ



1866 ൽ കൂനമ്മാവിൽ താത്കാലികമായി നിർമ്മിച്ച പനമ്പുമഠം. സി.എം.സി. എന്ന് ഇന്ന് അറിയപ്പെടുന്ന തദ്ദേശീയ സന്ന്യാസിനീസഭയുടെ ആരംഭം. രണ്ട് വിധവകളും രണ്ട് പെൺകുട്ടികളുമായിരുന്നു തുടക്കക്കാർ.

ദൈവത്തിന് വിവേചനങ്ങളില്ല. ദൈവഹിതമറിഞ്ഞവർക്കും അങ്ങനെതന്നെ. വരിഷ്ഠമായ ഭാരതീയ പാരമ്പര്യത്തിൽ സന്ന്യാസികളെപ്പോലെത്തന്നെ സന്ന്യാസിനിമാരും ആത്മീയമായ കാര്യങ്ങളിൽ മുഴുകി ജീവിതം വിമുക്തിയുടെ വഴിയിൽ കൂടുതൽ ശോഭനമാക്കിയിരുന്നു. മാർത്തോമാ പാരമ്പര്യത്തിലും നൂറ്റാണ്ടുകൾക്കു മുമ്പേ സന്ന്യാസിനിമാരുടെ ജീവിതരേഖകൾ ചരിത്രത്തിൽ പതിഞ്ഞിട്ടുണ്ട്. കൊടുങ്ങല്ലൂരെത്തിയ തോമാശ്ലീഹായുടെ അനുഗ്രഹമേറ്റുവാങ്ങിയ രാജകുടുംബത്തിലെ സന്തതി പിൽക്കാലത്ത് വിരക്തജീവിതത്തിൽ പ്രവേശിച്ച് ഭാരതത്തിന്റെ സഭാചരിത്രത്തിലെ ആദ്യത്തെ സന്ന്യാസിനിയായിത്തീർന്നതായി 'ക്രൈസ്തവ വിജ്ഞാനകോശം' സാക്ഷ്യപ്പെടുത്തുന്നു.

കേരളത്തിലെ ക്രിസ്ത്യാനികൾക്കിടയിൽ ആത്മീയ ജീവിതത്തിന്റെ പ്രകാശധാരയറിയാനും പൊരിയാനുമായി താല്പര്യമുള്ള സ്ത്രീകൾക്കും അതിനാവണം എന്നത് ചാവറയച്ചന്റെ കേവല മോഹം മാത്രമായിരുന്നില്ല. സഭാ സംസ്ഥാപനത്തിനുള്ള മൂർത്തമായ നിരവധി പദ്ധതികളിൽ വ്യക്തതയുള്ള ഒന്നായിരുന്നു അതും. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ നിരവധി പ്രതിബന്ധങ്ങളിൽ തടഞ്ഞ് പലപ്പോഴായും വീണുപോയെങ്കിലും 1866 ഫെബ്രുവരി 13-ാം തീയതി കൂനമ്മാവിൽ കർമലീത്താ സന്ന്യാസിനിമഠം യാഥാർഥ്യമാവുക തന്നെ ചെയ്തു.

സ്ത്രീ വിദ്യാഭ്യാസം, സ്ത്രീകളുടെ തൊഴിൽ തുടങ്ങി സമൂഹത്തിന്റെ വിവിധശ്രേണികളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിൽ ചാവറയച്ചന്റെ ദീർഘദൃഷ്ടി ശ്രദ്ധേയമാണ്. നല്ല സമൂഹത്തിന്റെ സൃഷ്ടി നല്ല കുടുംബത്തിൽ ആരംഭിക്കുന്നു. നല്ല കുടുംബത്തിന്റെ പിറവി നല്ല വീട്ടമ്മയിലാണ്. അവൾ അറിവും വെളിച്ചവും ഉള്ളവളായാലേ കുടുംബം വിവേകപൂർണമായ ജീവിതത്തി

ന്റെ വിളനിലമാവു. സ്ത്രീജീവിതത്തിന്റെ നിരവധി സവിശേഷതകളെയും പ്രതിസന്ധികളെയും ആത്മീയമായി സമീപിക്കാൻ സന്ന്യാസിനിമാർക്ക് കൂടുതൽ ശേഷിയുണ്ടായിരിക്കും. മാത്രമല്ല, സ്ത്രീകൾക്കിടയിലും ആത്മീയമായ ഉണർവുനേടിയവരുണ്ട്. അവരുടെ കാര്യങ്ങളിൽ മുഴുകി മുഴുവൻ സമയവും ചെലവഴിക്കുന്നതിനായി ഒരു സന്ന്യാസിനിസഭ എന്ന ആശയം ആദ്യകാലത്തുതന്നെ ചാവറയച്ചനിൽ നാമ്പിട്ടിരുന്നു. പുത്തൻപള്ളിയിൽ സ്ഥലം കണ്ടെത്തുകയും പണി തുടങ്ങുകയും ചെയ്തു. എന്നാൽ ദൗർഭാഗ്യകരമായ ചില കാരണങ്ങളാൽ ആ ഉദ്യമം പാളിപ്പോയി. നാളാഗമങ്ങളിൽ ചാവറയച്ചൻ പറയുന്നു.



അന്ന



ഏലീശ്വാ



ക്ലാര



തെരേസ്യ

വായ്പ്പേശ്ശേരി തൊമ്മന്റെ മകളും വിധവയുമായ ഏലീശ്വായും മകൾ അന്നയും, ഇവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്ത് മഠത്തിന്റെ പണികൾ വേഗം തന്നെ തുടങ്ങിയെങ്കിലും പണക്കുറവ് കാര്യങ്ങൾ മന്ദഗതിയിലാക്കി. മുളയും ഓലയും കൊണ്ടുണ്ടാക്കിയ മൂന്ന് മുറികളും പ്രാർഥനാഹാളും തീൻമുറിയുമടങ്ങുന്ന ചെറിയൊരു വീട്. അതായിരുന്നു ഭാരതത്തിന്റെ ആദ്യ സന്ന്യാസിനിസഭയുടെ ആസ്ഥാനമന്ദിരം.

ഏലീശ്വായെയും അന്നയെയും കൂടാതെ ക്ലാരയും തെരേസയും ഒരു സഹായിയുമായി പ്രവർത്തനം തുടങ്ങി, ദാരിദ്ര്യത്തിന്റെ വഴികളിൽ തപ്പിത്തടഞ്ഞ് മുന്നോട്ട് നീങ്ങിയ മഠത്തിന് 1866 ജൂൺ 23 ന് പുതിയ കെട്ടിടത്തിനുള്ള അടിത്തറയൊരുക്കാനായി മറ്റ് ഇടവകകളിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായത്തിന് പുറമേ ചരിത്രപ്രസിദ്ധമായ പിടിയരി പ്രസ്ഥാനവും മഠം നിർമാണത്തിന് സഹായകമായി.

ആത്മീയ കാര്യങ്ങളിൽ മാത്രമായിരുന്നില്ല സന്ന്യാസിനിസഭയുടെ ശ്രദ്ധ. വിദ്യാഭ്യാസം, കൈത്തൊഴിൽ തുടങ്ങിയ മേഖലകളിൽ പ്രവീണരായി ഭൗതികജീവിതത്തിൽ നേട്ടങ്ങൾ കൊയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് ചുമതലപ്പെട്ടവരായിരുന്നു കന്യാസ്ത്രീകൾ. കേവലമായ മത ആത്മീയ ചുറ്റുവട്ടത്തുനിന്ന് സാമൂഹ്യപരിഷ്കരണത്തിന്റെയും സ്ത്രീവിമോചനത്തിന്റെയും ബൃഹദ്തലങ്ങളിലേക്ക് സന്ന്യാസിനിമാരുടെ പ്രവർത്തനം വിപുലീകരിക്കുന്നതിൽ സാമൂഹ്യപരിഷ്കർത്താവ് കൂടിയായ ചാവറയച്ചന് കർശന നിഷ്കർഷ ഉണ്ടായിരുന്നു.

കുനമ്മാവിൽ ഒരു കർമലീത്താ സന്ന്യാസിനി സമൂഹമെന്ന ലെയോപോൾദ് മിഷനറിയുടെ സാദാ ലക്ഷ്യത്തെ, കേരളത്തിലങ്ങോളമിങ്ങോളം ശാഖകളുള്ള ഒരു മാതൃകാ സ്ത്രീമുന്നേറ്റമായി മാറ്റുന്നതിനു ചുക്കാൻ പിടിക്കാൻ ചാവറയച്ചന് സാധിച്ചു. നാല് അംഗങ്ങളോടുകൂടി തുടങ്ങിയ സന്ന്യാസിനി സഭ രണ്ടായി ഇന്ന് സി.എം.സി., സി.റ്റി.സി. എന്നീ പേരുകളിൽ അറിയപ്പെടുന്നു.

വിദ്യാഭ്യാസത്തിനും സാമൂഹികസേവനത്തിനുമുള്ള സൗകര്യവും അവിടെയുണ്ടായിരുന്നു. സന്ന്യാസിനികൾ കൈത്തയ്യലും എംബ്രോയ്ഡറിയും കൊന്തനിർമാണവും മറ്റു കൈത്തൊഴിലുകളും പഠിച്ചു. എന്നിട്ട് ചുറ്റുവട്ടത്തുള്ള സ്ത്രീകളെ അവ പഠിപ്പിച്ചു. സ്ത്രീകൾ ശക്തി പ്രാപിക്കുകയായിരുന്നു. അവരിലൂടെ കുടുംബവും സമൂഹവും. ഭൗതികവളർച്ചയും ആത്മീയ വളർച്ചയും സമതുലനം ചെയ്ത് അവർ വളർന്നു.

ഇന്നും കുനമ്മാവ് പഞ്ചായത്തിൽ മൂവായിരത്തിലേറെ കുടുംബങ്ങൾ കൊന്ത നിർമിച്ച് ഉപജീവനം നേടുന്നു. ഒരു ഗ്രാമക്കരയുടെ ഉപജീവനത്തിന് ഇന്നും അടിസ്ഥാനം നൂറ്റിയൻപതു വർഷം മുൻപ് ചാവറയച്ചൻ ദീർഘവീക്ഷണത്തോടെ നടത്തിയ പരിശീലനമാണ്. സന്ന്യാസിനികൾ കൈത്തൊഴിലുകൾ പരിശീലിക്കണമെന്നും അത് നാട്ടിലെ സാധുസ്ത്രീകളെ പഠിപ്പിക്കണമെന്നും നിഷ്കർഷിച്ചപ്പോൾ സ്ത്രീശാക്തീകരണവും അതുവഴി കുടുംബശാക്തീകരണവുമായിരുന്നു അദ്ദേഹം സാധ്യമാക്കിയത്. അത് ഒരു നാടിന്റെ തന്നെ നട്ടെല്ലായി മാറി.

സംസ്കൃതത്തിലൂടെ സത്തയിലേക്ക് വിദ്യയിലൂടെ വിമോചനത്തിലേക്ക്

20-ാം നൂറ്റാണ്ടിന്റെ ഉത്തരാർധം വരെ തീക്ഷ്ണമായും ഇവിടെ ജാതീയമായ ഉച്ച നീചത്വങ്ങൾ നടമാടിയിരുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിലും ഇപ്പോഴും ഒളിഞ്ഞും തെളിഞ്ഞും ഇതു തുടരുന്നുണ്ട്. ദൈവത്തിന്റെ നിശ്ചയങ്ങളിലും വിധിയിലും അചഞ്ചലമായി വിശ്വസിച്ചിരുന്ന മനുഷ്യസ്നേഹത്തിന്റെ അപാരത ഹൃദയത്തിൽ സ്വന്തമായുണ്ടായിരുന്ന ചാവറയച്ചന് ജാതിയുടെ പേരിൽ മനുഷ്യൻ മനുഷ്യനെ നികൃഷ്ടനായി കരുതുന്നത് അംഗീകരിക്കാനാവുമായിരുന്നില്ല. ദൈവസൃഷ്ടികളിൽ മഹത്വം കുറഞ്ഞത് ഒന്നുമില്ല. കർമങ്ങളിലൂടെ ചിലർ കൂടുതൽ മഹത്വമാർജിക്കുന്നു. മറ്റു ചിലരാകട്ടെ കർമത്തിലൂടെ തന്നെ മനുഷ്യമഹത്വം നഷ്ടമാക്കുന്നു.

വൈദികരുടെയും കൂടപിറപ്പുകളുടെയും വിദ്യാഭ്യാസപരമായ ഉന്നമനത്തിനായി പ്രവർത്തിക്കുമ്പോഴും ഹിന്ദുസമുദായത്തിലെ നിരാലംബരായ അസംഖ്യം മനുഷ്യരുടെ ദീനമുഖം ചാവറയച്ചന്റെ മനസ്സിൽ വിഷാദം വീഴ്ത്തിയിരിക്കണം. അക്കാലത്തെ സാമൂഹിക വിലക്കുകളെല്ലാം ലംഘിച്ച് അധഃസ്ഥിതർക്ക് കൂടി പ്രവേശനമുള്ള വിദ്യാലയങ്ങൾ ആരംഭിക്കാൻ ആ മഹാത്മാവ് യത്നിച്ചത് ദൈവത്തിന്റെ മുന്നിൽ എല്ലാ മനുഷ്യരും തുല്യരാണെന്ന മഹനീയ ജ്ഞാനം കൊണ്ടു കൂടിയാണ്. കുറേക്കൂടി കടന്ന് ദേവഭാഷയായി ഹിന്ദുക്കൾ കരുതിപ്പോന്നിരുന്ന സംസ്കൃതം കൂടി പഠിക്കാൻ അധഃസ്ഥിതർക്ക് അവസരമൊരുക്കിയ മാന്നാനത്തെ സംസ്കൃത വിദ്യാലയത്തിന്റെ സ്ഥാപനം സഭയുടെ മാത്രമല്ല, രാജ്യത്തിന്റെ തന്നെ വിദ്യാഭ്യാസചരിത്രത്തിൽ വിസ്മയകരവും വിപ്ലവകരവുമായ ഒരു നാഴികക്കല്ലാണ്.

1846 ലാണ് മാന്നാനത്തെ സംസ്കൃത



1846 ൽ ചാവറയച്ചൻ മാന്നാനത്തു സ്ഥാപിച്ച സംസ്കൃത സ്കൂൾ.



വിദ്യാലയം ആരംഭിക്കുന്നത്. ക്രിസ്തുമതത്തിലെ വൈദികർക്കും മറ്റുള്ളവർക്കും സംസ്കൃതഭാഷ പഠിപ്പിക്കുക എന്നതിനൊപ്പം തദ്ദേശീയരായ അധഃസ്ഥിതർക്കും ആ ഭാഷയിലേക്കും അതുവഴി ഭാരതീയ പാരമ്പര്യങ്ങളിലേക്കുമുള്ള പ്രവേശനം സാധ്യമാക്കുകയാണ് ചാവറയച്ചൻ ചെയ്തത്. ഭാരതീയതയുടെ ആഴങ്ങൾ കണ്ടെത്താതെയുള്ള ഇന്ത്യയിലെ മത, വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ അന്തസ്സാരശൂന്യത അച്ചന് വ്യക്തമായറിയാമായിരുന്നു. സ്വന്തം നാടിന്റെ സംസ്കാരവും പാരമ്പര്യവും തിരിച്ചറിയുകയും സ്വായത്തമാക്കുകയും ചെയ്താൽ മാത്രമേ നാടിന്റെയും നാട്ടുകാരുടെയും ഹൃദയങ്ങളിലേക്ക് വഴിതുറക്കാനാവൂ എന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞിരുന്നു. മാത്രമല്ല, എല്ലാ സഭാപ്രവർത്തനങ്ങളിലും ഭാരതീയമായ ആചാര അനുഷ്ഠാന ക്രമങ്ങൾ പാലിച്ച് നടപ്പാക്കുന്നതിലും അച്ചൻ ശ്രദ്ധിച്ചുപോന്നിരുന്നു. നിലവിളക്ക് കത്തിക്കലും സന്ധ്യാനാമം ഉരുവിടലും അടക്കമുള്ള ഹൈന്ദവ പാരമ്പര്യരീതികൾ ക്രിസ്തീയ രീതികളായി സ്വാംശീകരിച്ച് നടപ്പാക്കുന്നതിൽ അച്ചന് യാതൊരു മടിയുമുണ്ടായിരുന്നില്ല.

തൃശ്ശൂരിൽ നിന്നുള്ള പ്രമുഖ സംസ്കൃത പണ്ഡിതനായ ഒരു വാര്യരെയാണ് മാന്നാനത്തെ സംസ്കൃത വിദ്യാലയത്തിന്റെ അമരക്കാരനായി ചാവറയച്ചൻ നിയമിച്ചത്. കർമകുശലനും ജ്ഞാനശീലനുമായ ഇദ്ദേഹത്തിൽനിന്ന് അച്ചനും സംസ്കൃത പഠനം നടത്തിയിരുന്നു. ആശ്രമത്തിലെ വൈദികർക്ക് സംസ്കൃത പഠനത്തിലൂടെ അറിവിന്റെയും അനുഭവങ്ങളുടെയും പുതിയ ഉൾക്കാഴ്ച നൽകാൻ അച്ചന് കഴിഞ്ഞു. ഒപ്പം ഭാരതീയമായ സാംസ്കാരിക ഇടങ്ങളിലേക്ക് സവിശേഷമായൊരു തീർഥയാത്രയ്ക്കും അതവരെ യോഗ്യരാക്കി. ഒരുപക്ഷേ, അതിനെക്കാളൊക്കെ മേലെയായിരിക്കും സംസ്കൃതവിദ്യാലയത്തിൽ അധഃസ്ഥിതരെ പ്രവേശിപ്പിച്ചതിലൂടെ ചാവറയച്ചൻ നേടിയെടുത്ത ചരിത്രസ്ഥാനം. നൂറ്റാണ്ടുകളായി ജാതീയതയുടെ കൊടും നുകങ്ങൾക്ക് കീഴിൽ യാതനയുടെ കൊടിയ വേദനകൾ തിന്നുതീർത്ത ഒരു സമുദായത്തിലെ നിസ്വരായ ജനങ്ങൾക്ക് വിമോചനത്തിന്റെ പാത കാണിച്ചു കൊടുത്ത വിപ്ലവകരമായ പ്രവൃത്തിയായി ചരിത്രം അതിനെ രേഖപ്പെടുത്തും.

വിദ്യാഭ്യാസത്തിനായി വിപ്ലവാഹ്വാനം

വിദ്യാഭ്യാസരംഗത്ത് മുന്നേറാതെ ഒരു സമൂഹത്തിനും പുരോഗതി പ്രാപിക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ ദീർഘദർശിയായിരുന്നു ചാവറയച്ചൻ. ജീവിതക്ലേശങ്ങളുടെയും പ്രാരബ്ധങ്ങളുടെയും പടുകുഴികളിൽപ്പെട്ട് ഉഴറി നടക്കുന്നവർക്ക് ജീവിതത്തിന്റെ അർഥവും ലക്ഷ്യവും കാണിച്ചു കൊടുക്കുക എന്നത് വളരെ പ്രധാനമായ കാര്യമായിരുന്നു. വിദ്യാഭ്യാസത്തിന്റെ ശക്തിയും പ്രാധാന്യവും തിരിച്ചറിയാതെ ഏറെക്കുറെ അപരിഷ്കൃതമെന്ന് വിശേഷിപ്പിക്കാവുന്ന ജീവിതാവസ്ഥകളിൽ കഴിഞ്ഞുകൂടിയിരുന്ന മനുഷ്യരെ അറിവിന്റെയും അക്ഷരങ്ങളുടെയും ലോകത്തേക്ക് ആനയിക്കാൻ ധീരതയോടെയും സാഹസികതയോടെയും മുൻനിന്ന് പ്രവർത്തിച്ച ചരിത്രമാണ് ചാവറയച്ചന്റേത്.

ചാവറയച്ചൻ സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനായുള്ള കഠിനാധ്വാനങ്ങളിൽ വ്യാപൃതനായിരുന്നു. 'സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം' എന്ന സങ്കൽപം ഇന്ത്യൻ ഭരണഘടനയിൽ എഴുതിച്ചേർക്കുന്നതിനും പതിറ്റാണ്ടുകൾക്കു മുമ്പാണ് പൊതു വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തിനും വ്യാപനത്തിനുമായി സഭാവേദികൾ ഒന്നടങ്കം ഉപയോഗപ്പെടുത്തിയുള്ള വിദ്യാഭ്യാസ വിപ്ലവത്തിന് ചാവറയച്ചൻ തയ്യാറായത്. സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാൾ ആയിരിക്കെ 1865ൽ ചാവറയച്ചൻ പുറപ്പെടുവിച്ച ചരിത്രപ്രസിദ്ധമായ സഭാ സർക്കുലർ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ നാഴികക്കല്ലാണ്. ഓരോ പള്ളിയോടും അനുബന്ധമായി ഒരു പള്ളിക്കൂടം സ്ഥാപിക്കണം. അവിടെ ജാതിമതവർഗ പരിഗണനകളില്ലാതെ എല്ലാവർക്കും പ്രവേശനം നൽകണം. ഇതിനു സാധിക്കാത്ത പള്ളികൾ അടച്ചു പൂട്ടണം എന്നായിരുന്നു ആ സർക്കുലറിന്റെ സാരം. കേരളം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി പ്രാഥമികമായ തിരിച്ചറിവുകളിലേക്ക് എത്തിച്ചേർന്നിട്ടുപോലുമില്ലാത്ത കാലത്ത് സാമൂഹ്യനീതിയിലും തുല്യതയിലും അടിയുറച്ച സാർവത്രികമായ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ചാവറയച്ചന്റെ ആഹ്വാനത്തെ വിശേഷിപ്പിക്കാൻ വാക്കുകളില്ല.



സഭാ പ്രവർത്തനത്തെ സാമൂഹിക പ്രവർത്തനവുമായി കണ്ണിചേർക്കുന്ന, ആധ്യാത്മിക ആക്റ്റിവിസത്തിന്റെ ആദ്യ നാമ്പുകൾ നമുക്ക് ചാവറയച്ചനിൽ ദർശിക്കാനാവും. പ്രാർഥനകളും ജപങ്ങളും മാത്രം പോര, അവ നൽകുന്ന ആത്മീയോർജത്താൽ പ്രചോദിതരായി കർമനിര



തരായാലേ ദൈവഹിതത്തിന്റെ സാക്ഷാത്കാരം സാർഥകമാവൂ എന്ന് കരുതിയ ജ്ഞാനചൈതന്യമായിരുന്നു അദ്ദേഹം. ആ പ്രവർത്തനത്തിന്റെ ഗുണഫലങ്ങൾ തനിക്കോ തന്റെ സമുദായത്തിനോ മാത്രമല്ല മറിച്ച് സകല മനുഷ്യർക്കും പ്രാപ്യമാവുംവിധം അത് ജനകീയമാവേണ്ടതുണ്ട് എന്നും ചാവറയച്ചന് ബോധ്യവും നിർബന്ധവുമുണ്ടായിരുന്നു.

സഭാചരിത്രത്തിലോ മറ്റേതെങ്കിലും മതസമൂഹങ്ങളുടെ ചരിത്രത്തിലോ ചാവറയച്ചൻ നടത്തിയതുപോലുള്ള ഒരു വിപ്ലവാഹ്വാനമുണ്ടെന്ന് തോന്നുന്നില്ല. പള്ളി നിലനിൽക്കണമെങ്കിൽ പള്ളിക്കൂടം കെട്ടിയേ തീരൂ എന്ന നില ഓരോ ഇടവകയിലും സംജാതമാക്കുകവഴി പള്ളിക്കൂടത്തിന്റെ പ്രാധാന്യത്തെ മതപരമായ വിശ്വാസത്തിന്റെ കൂടി പിൻബലത്തിൽ ജനമനസ്സിൽ ദൃഢപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. കൃഷിയും മറ്റ് അനുബന്ധ ജോലിയുമായി നടന്നിരുന്ന സാധാരണക്കാരായ ജനങ്ങളെ വിദ്യാഭ്യാസത്തിന്റെ വഴിയിലേക്കടുപ്പിക്കാനും ജീവിത പുരോഗതിക്ക് ആധുനിക വേഗങ്ങൾക്കൊപ്പം നടക്കാൻ പ്രാപ്തരാക്കാനും ചാവറയച്ചന്റെ ആഹ്വാനം പര്യാപ്തമായി. പിൽക്കാലത്ത് കേരളത്തിലെ ക്രൈസ്തവസമൂഹം കരസ്ഥമാക്കിയ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിനും ജീവിത വിജയത്തിനും കാരണമായിത്തീർന്നതും ചരിത്രരേഖയായി മാറിയ ചാവറയച്ചന്റെ ഈ ആഹ്വാനമാണ്.

ദളിതർക്കു സൗജന്യ വസ്ത്രം, പുസ്തകം, ഭക്ഷണം

പഠിക്കുക, അറിവു നേടുക. ചാവറയച്ചൻ എന്നും ഏറെ വിലമതിച്ചിരുന്ന കാര്യങ്ങളായിരുന്നു ഇവ. അദ്ദേഹം എപ്പോഴും പുതിയ കാര്യങ്ങൾ പഠിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അറിവിന്റെ മഹാകാശങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കാനും.

മാന്നാനത്ത് അദ്ദേഹം ഒരു സെമിനാരിയും സംസ്കൃതവിദ്യാലയവും തുടങ്ങിവച്ചിരുന്നു. പക്ഷേ അത് ഏതാനും പേർക്കു മാത്രമേ ഉപകരിക്കുന്നുണ്ടായിരുന്നുള്ളൂ. ജനസമൂഹമൊന്നാകെ വിദ്യ നേടി പ്രബുദ്ധരായാലേ കാര്യമായ സാമൂഹികവികസനം സാധ്യമാകൂ എന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. അദ്ദേഹം ആർച്ച്ബിഷപ് ബെർണാദിനോസുമായി ഇക്കാര്യം പങ്കുവച്ചു: "പ്രൊട്ടസ്റ്റന്റുകാരുടെ ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) നിരവധി സ്കൂളുകൾ നടത്തുന്നുണ്ട്. എന്നാൽ സുറിയാനി കത്തോലിക്കർക്ക് ഇതുവരെയും ആധുനിക വിദ്യാഭ്യാസത്തിന്റെ മെച്ചങ്ങളൊന്നും കിട്ടിത്തുടങ്ങിയിട്ടില്ല. കേരളത്തിലെ സുറിയാനി കത്തോലിക്കർക്കും ഇതരമതക്കാരായ സാധാരണക്കാർക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക എന്നത് എന്റെയൊരു സ്വപ്നമാണ്. എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം, കുറെപ്പേർക്കെങ്കിലും ഉന്നതവിദ്യാഭ്യാസം. ആളുകൾ ഇംഗ്ലീഷ് പഠിച്ചാൽ അവരുടെ മുൻപിൽ വലിയൊരു ലോകം തുറക്കപ്പെടും."

ആർച്ച്ബിഷപ്പിന് ആശയം ബോധിച്ചു. വിദ്യാഭ്യാസം നൽകുക എന്നത് ഇടവകകളുടെ ഉത്തരവാദിത്തമായി ഏല്പിച്ചുകൊടുക്കാനും അതിനായി കേരള സുറിയാനി കത്തോലിക്കാ സഭയുടെ വികാരി ജനറാൾ എന്ന അധികാരം പ്രയോഗിക്കാനും ആർച്ച് ബിഷപ് ചാവറയച്ചനെ ഉദ്ബോധിപ്പിച്ചു. അതനുസരിച്ചാണ് ചാവറയച്ചൻ എല്ലാ ഇടവകകൾക്കും സർക്കുലർ അയച്ചത്. ഉടൻ തന്നെ മാന്നാനത്ത് ഒരു സ്കൂൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു.

കുറച്ചു നാളുകൾക്കു ശേഷം ഇടവകകളിലെ പള്ളിക്കൂടം പണി എത്രയായി എന്നൊരു അവലോകനം നടത്തിയപ്പോൾ മിക്കയിടത്തും പണി തുടങ്ങിയിട്ടുപോലുമില്ല എന്നദ്ദേഹം കണ്ടു. പണമില്ലെന്നായിരുന്നു പലരുടെയും പരിദേവനം. ചില ഇടവകകളിൽ അക്രൈസ്തവരായിരുന്നു ഭൂരിപക്ഷം. അവർക്കു കൂടുതൽ ഗുണം കിട്ടുന്ന പള്ളിക്കൂടം നമ്മുടെ പണം കൊണ്ടു തുടങ്ങേണ്ട കാര്യമുണ്ടോ എന്നായിരുന്നു ചിലരുടെ നിലപാട്.

ചാവറയച്ചന് 'അവരും നമ്മളും' ഇല്ലായിരുന്നു. എല്ലാവരുംകൂടി ചേരുന്നതായിരുന്നു 'നമ്മൾ'. അദ്ദേഹത്തിന്റെ കാഴ്ചപ്പാട് സുവ്യക്തമായിരുന്നു; അദ്ദേഹം നൽകിയ മറുപടിയും. പള്ളിക്കൂടങ്ങളിൽ നിന്ന് അന്യമതസ്ഥർക്കു കൂടുതൽ ഗുണം കിട്ടുന്നതിൽ തെറ്റൊന്നുമില്ല. അറിവ് ആർക്കും നിഷേധിക്കേണ്ടതല്ല. ആളുകൾ കൂടുതൽ വിദ്യാസമ്പന്നരാകുമ്പോൾ സമൂഹം കൂടുതൽ പുരോഗതി പ്രാപിക്കും. ഉടൻ തന്നെ പണം സ്വരൂപിക്കാനും വീഴ്ച കൂടാതെ പള്ളിക്കൂടം തുടങ്ങാനും ചാവറയച്ചൻ ഇടവകകൾക്കു



നിർദേശം നൽകി.

പള്ളിക്കൂടം തുടങ്ങാൻ നിർദേശം നൽകിയിട്ട് വർഷം മൂന്നു കഴിഞ്ഞു. മിക്ക ഇടവകകളിലും ക്രിയാത്മകമായ നടപടികൾ കാണാൻ കഴിഞ്ഞില്ല. ചാവറയച്ചനു ദുഃഖം തോന്നി. അദ്ദേഹം ആർച്ച്ബിഷപ്പുമായി ഇതു പങ്കുവച്ചു. അദ്ദേഹത്തിന്റെ മറുപടി അസന്നിഗ്ധമായിരുന്നു വികാരി ജനറാളിന്റെ അധികാരം പ്രയോഗിക്കുക.

ചാവറയച്ചൻ ഇടവകകൾക്കു സർക്കുലറയച്ചു മുൻ നിർദേശപ്രകാരം സ്കൂളുകൾ തുടങ്ങാത്ത എല്ലാ ഇടവകകളും അടച്ചുപൂട്ടും. പള്ളികളിൽ കുർബാനയും കുദാശകളും വിലക്കും. ഇടിമുഴക്കം പോലെ ഈ കല്പന വൈദികരെയും ജനങ്ങളെയും ഉണർത്തി. അറിവിന്റെ ഉണർവിലേക്ക് കേരള കത്തോലിക്കരും കേരള സമൂഹമൊന്നാകെയും ഒത്തു ചേർന്നുള്ള പ്രയാണത്തിന്റെ ഒരു നിർണായകഘട്ടം തുടങ്ങുകയായിരുന്നു അവിടെ.

അന്നോളം പള്ളിക്കൂടങ്ങളെല്ലാം, സർക്കാർ പള്ളിക്കൂടങ്ങൾ പോലും ഉയർന്ന ജാതിക്കാരുടേതായിരുന്നു. താഴ്ന്ന ജാതിക്കാരായ കുട്ടികൾക്ക് അവയിൽ പ്രവേശനമില്ലായിരുന്നു. കത്തോലിക്കാ പള്ളിക്കൂടങ്ങളിൽ ദളിത് കുട്ടികൾക്കു പ്രവേശനം ഉറപ്പാക്കാൻ ചാവറയച്ചൻ പ്രത്യേക ശ്രദ്ധ ചെലുത്തി. അദ്ദേഹം അവരുടെ വീടുകളിലേക്ക് ആളുകളെ അയച്ച് കുട്ടികളെ പള്ളിക്കൂടത്തിൽ വിടാൻ പ്രേരിപ്പിച്ചു. ആ കുട്ടികൾക്ക് വസ്ത്രവും പുസ്തകങ്ങളും സൗജന്യമായി നൽകി. ഇതിനുള്ള പണം ഓരോ ഇടവകയും സംഭാവനകളിലൂടെ കണ്ടെത്തി.

എന്നിട്ടും പള്ളിക്കൂടങ്ങളിൽ ദളിത് കുട്ടികളുടെ എണ്ണം കുറയുന്നു. ചാവറയച്ചൻ കാരണമന്വേഷിച്ചു. കൂലിപ്പണിക്കാരായ മാതാപിതാക്കൾ പണിക്കു പോകുമ്പോൾ കുട്ടികളെ ഒപ്പം കൂട്ടുകയാണ് പതിവ്. പണിക്കു പോകുന്ന വീട്ടിൽ നിന്നു പിള്ളേർക്കും ഭക്ഷണം കിട്ടും. പള്ളിക്കൂടത്തിൽ വിട്ടാൽ പിള്ളേരു പട്ടിണിയാകും. പൊതിച്ചോറു കൊടുത്തുവിടാനൊന്നും അവർക്കു കെല്പില്ല.

പ്രശ്നമുണ്ടെങ്കിൽ പരിഹാരവുമുണ്ടാകും അതാണ് ചാവറയച്ചന്റെ രീതി. പള്ളിക്കൂടങ്ങളിൽ സൗജന്യ ഉച്ചഭക്ഷണം നൽകാൻ സംവിധാനമൊരുക്കി അദ്ദേഹം. അങ്ങനെ കൊഴിഞ്ഞുപോയ കുട്ടികൾ വീണ്ടും തിരികെയെത്തി. ഉച്ചഭക്ഷണത്തിനു വേണ്ട വക കണ്ടെത്തേണ്ടതും ഇടവകകൾ തന്നെയായിരുന്നു, ഇടവകക്കാരായിരുന്നു. സമൃദ്ധിയുടെ ധാരാളിത്തത്തിൽ നിന്നല്ല, ഇല്ലായ്മയിൽ നിന്ന് ഉള്ളതു പങ്കുവയ്ക്കുകയായിരുന്നു അവർ. അതായിരുന്നു ചാവറയച്ചന്റെ വിശ്വാസതീക്ഷ്ണതയും പ്രചോദനശേഷിയും. ദൈവം നൽകിയ വിഭവങ്ങൾ ദൈവത്തിന്റെ ജനതയ്ക്കായി സ്നേഹപൂർവം പങ്കുവയ്ക്കുന്ന വിശ്വാസികൾ.



സുമനസ്സുകളിൽ നിന്നു സംഭാവന പിരിച്ച് ചാവറയച്ചൻ മാന്നാനത്ത് കുറച്ചു നെൽവയലുകൾ വാങ്ങി. അധ്യാപകരുടെ ശമ്പളത്തിനും വിദ്യാർഥികൾക്ക് ഉച്ചഭക്ഷണത്തിനുമുള്ള ഒരു സ്ഥിരം സ്രോതസായിട്ടാണ് അദ്ദേഹം ഇതു ചെയ്തത്. കുട്ടികളെ സ്കൂളിലയയ്ക്കാൻ അദ്ദേഹം നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു കുറിപ്പുകളിലൂടെ, ലഘുലേഖകളിലൂടെ, പ്രസംഗങ്ങളിലൂടെ, ഇടവക വികാരിമാരിലൂടെ, സാധ്യമായ മാർഗങ്ങളിലെല്ലാം.

ഏഴെട്ടു പതിറ്റാണ്ടുകൾക്കുശേഷമാണ് 1936 ൽ, തിരുവിതാംകൂറിലെ സർക്കാർ സ്കൂളുകളിൽ സൗജന്യ ഉച്ചക്കഞ്ഞി വിതരണം നടപ്പാക്കുന്നത്. ഇതിനായി ദിവാൻ സർ സി.പി.രാമസ്വാമി അയ്യർ മഹാരാജാവിനു സമർപിച്ച നിവേദനത്തിൽ മാതൃകയായി ചൂണ്ടിക്കാട്ടിയിരിക്കുന്നത് ക്രൈസ്തവവിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞിവിതരണമാണ്.

പണമോ ഭൗതികസൗകര്യങ്ങളുടെ കുറവോ ഒരിക്കലും ചാവറയച്ചനെ തന്റെ സ്വപ്നങ്ങളിൽ നിന്ന് അകറ്റിനിർത്തിയില്ല. പണമില്ലാതെ അസ്തപ്രജ്ഞനായി നിൽക്കുമ്പോൾ അപ്രതീക്ഷിതമായ ഇടങ്ങളിൽ നിന്ന് അത് എത്തി, സാങ്കേതിക തടസങ്ങൾ വഴി മുടക്കുമ്പോൾ ദൈവത്തിന്റെ അദൃശ്യകരങ്ങൾ അവയെ തുടച്ചുനീക്കി.

പിടിയരി പ്രസ്ഥാനം

'അന്യർക്ക് വേണ്ടി വല്ല ഉപകാരവും ചെയ്യാത്ത ദിവസങ്ങൾ നിങ്ങളുടെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുകയില്ല' എന്ന് വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത ഒരു കാരുണ്യസ്വരൂപന്, ഇല്ലായ്മ കൊണ്ട് ഒരുവൻ പട്ടിണികിടക്കുന്നത് സഹിക്കുവാൻ കഴിയാത്തത് സ്വാഭാവികം. ദാരിദ്ര്യത്തെയും സമ്പന്നതയെയും 'ദൈവഹിതം' എന്ന് തലകുനിച്ച് അംഗീകരിച്ച്, അതേറ്റുവാങ്ങി ജീവിക്കുവാൻ ആഹ്വാനം ചെയ്യുന്ന കേവലപൗരോഹിത്യത്തിനപ്പുറമായിരുന്നു ചാവറയച്ചന്റെ ജീവിതസങ്കൽപങ്ങൾ. അത് എല്ലാവരും സന്തോഷത്തോടെയും സമാധാനത്തോടെയും വർത്തിക്കുന്ന ലോകം സ്വപ്നം കാണുന്ന കാരുണ്യവാനായ ഒരു ദൈവദാസന്റെ സങ്കല്പങ്ങളായിരുന്നു. ഭൂമിയിലെ ദാരിദ്ര്യം ദൈവഹിതത്തിന്റെ സൃഷ്ടിയല്ലെന്നും ന്യൂനപക്ഷ മനുഷ്യരുടെ അത്യാർത്തിയുടെ അനന്തരഫലമാണെന്നും തിരിച്ചറിഞ്ഞ ഒരാൾക്ക് പിന്നെ കർമനിരതനായേ പറ്റൂ. പട്ടിണിക്കാരനെ അവന്റെ ദാരുണമായ ജീവിതാവസ്ഥകളിൽ നിന്ന് കൈപിടിച്ചുയർത്തുന്നതിന് മുന്നിൽനിന്ന് പ്രവർത്തിക്കുക മാത്രമല്ല അതിന് ത്യാഗത്തിന്റെയും സമഭാവനയുടെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും അടിത്തറയിൽ നിന്നു കൊണ്ടുള്ള കർമപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു ചാവറയച്ചൻ.

വിശപ്പിന്റെ ലോകത്തുനിന്നും ആവുന്നത്ര മനുഷ്യരെ കരകേറ്റാനുള്ള ആത്മാർഥ ശ്രമത്തിന്റെ ആദ്യപടിയായി ആരംഭിച്ച് ഒരു ജനകീയ വിഭവ സമാഹരണ പ്രസ്ഥാനമായി മാറിയ 'പിടിയരി സമ്പ്രദായം' ചരിത്രത്തിൽ ചാവറയച്ചന്റെ സംഭാവനയാണ്. എല്ലാ വീടുകളിലും ഭക്ഷണത്തിന് അരി വേവിക്കുന്നതിന് മുമ്പ് ഓരോ നേരവും അതിൽ നിന്ന് ഒരു പിടി അരി മാറ്റി സൂക്ഷിക്കുകയും ആഴ്ചയിലോ മാസത്തിലോ വീടുകളിൽ നിന്ന് ഇത് സംഭരിച്ച് പള്ളികളിൽ എത്തിച്ച് അവിടെ നിന്നും ഇല്ലാത്ത വീടുകളിൽ റേഷൻ പോലെ വിതരണം നടത്തുകയുമാണ് പിടിയരി പ്രസ്ഥാനത്തിന്റെ രീതി. ഒരു നേരത്തെ ആഹാരത്തിൽ നിന്നും അതില്ലാത്തവർക്ക് വേണ്ടി മാറ്റിവയ്ക്കപ്പെടുന്ന ഒരു പിടി അരി അവനെ ത്യാഗത്തിന്റെ യഥാർഥ മൂല്യം അറിയിക്കുന്നു. പല തുള്ളി പെരുവെള്ളമാകും പോലെ ഓരോ വീടുകളിൽ നിന്നും സംഭരിക്കപ്പെടുന്ന ചെറിയ ചെറിയ വിഭവങ്ങൾ ഒത്തുകൂടി ഒരു ദരിദ്രസമൂഹത്തിനാകെ അന്നവും ആശ്രയവുമാവുന്നതിലൂടെ മാനുഷികമായ സമഭാവനയുടെയും ത്യാഗത്തിന്റെയും സഹവർത്തിത്തത്തിന്റെയുമെല്ലാം മനോഹരമായ മേളനമാണ് നടക്കുന്നത്. ഒരർഥത്തിൽ ഇതു തന്നെയാണ് 'പിടിയരി സമ്പ്രദായ'ത്തിന്റെ കാതൽ.





ആധുനിക റേഷനിംഗ് സമ്പ്രദായം ആരംഭിക്കുന്നതിനും നൂറ്റാണ്ടിന് മുമ്പ് തന്നെ സവിശേഷമായൊരു പൊതുവിതരണ സമ്പ്രദായവും വിഭവസമാഹരണരീതിയും കണ്ടെത്തി നടപ്പാക്കാൻ ചാവറയച്ചന് സാധിച്ചു. വേദനിക്കുന്ന മനുഷ്യരോടുള്ള വിട്ടുവീഴ്ചയില്ലാത്ത ആഭിമുഖ്യവും ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുന്ന ഒരു ജനസമൂഹത്തോടുള്ള അനുകമ്പയും മനുഷ്യനന്മയിലുള്ള വിശ്വാസവും എല്ലാം ചേർത്ത് ഈ കർമയോഗിയിൽ സാധ്യമാക്കിയ അത്ഭുതമായിരുന്നു അത്. 'പിടിയരി സമ്പ്രദായ'ത്തിൽ ദാനം നൽകുന്നവനും വലിയ കാര്യങ്ങൾ പഠിക്കുന്നു. തന്റെ ഏതെങ്കിലും വിധത്തിലുള്ള സമ്പാദ്യമോ നീക്കിയിരിപ്പോ ബാക്കിയോ ഒന്നുമല്ല അയാൾ മാറ്റിവയ്ക്കുന്നത്. മറിച്ച്



തനിക്കും കുടുംബത്തിനുമുള്ള ഒരു നേരത്തെ ആഹാരത്തിന് കരുതിവച്ചിട്ടുള്ളതിൽ നിന്ന് ഒരു പങ്കാണ്. ഇവിടെ കുറയുന്ന ഈ പങ്കാണ് അയാളുടെ ത്യാഗം. ഇപ്രകാരം നാമോരോരുത്തരും ഒരൽപ്പം ശ്രദ്ധിച്ചാൽ എത്രമാത്രം നീക്കിയിരിപ്പുകൾ സാധ്യമാകില്ല? സമൂഹത്തിന് അതുകൊണ്ടുള്ള പ്രയോജനം ഏറെ വലുതായിരിക്കും.

പിടിയരി പ്രസ്ഥാനം ഒരർഥത്തിൽ പ്രതീകാത്മകമായ ഒരു സാമൂഹ്യസമ്പ്രദായമാണ്. ഒത്തൊരുമയോടും ത്യാഗസമ്പന്നതയോടും കൂടിയ സമൂഹജീവിതത്തിന്റെ ബഹുവിധമായ സാധ്യതകളിലേക്കാണ് 'പിടിയരി'യിലൂടെ ചാവറയച്ചൻ മനുഷ്യസമൂഹത്തെ ക്ഷണിച്ചത്. പങ്കുവയ്ക്കലിന്റെ ഊഷ്മളതയേയും കരുതലിന്റെ, സ്നേഹത്തിന്റെ, നന്മയേയും കോർത്തിണക്കി ഒരു സമൂഹത്തിനാകെ പ്രത്യാശയും തണലുമാകാൻ ഓരോരുത്തർക്കുമാവുമെന്ന വലിയ പാഠമാണ് അച്ചൻ പഠിപ്പിച്ചത്.

ഇവ്വിധം ഓരോരോ അത്യാവശ്യസന്ദർഭങ്ങളിൽ ചാവറയച്ചൻ വിഭാവനം ചെയ്ത സാമൂഹ്യസംഭാവനാസംരംഭങ്ങളാണ് നൂറുക്കഞ്ച്, കെട്ടുതെങ്ങ് എന്നീ പേരുകളിൽ നടപ്പാക്കിയത്.

എനിക്കുള്ളതിന്റെ നൂറിൽ അഞ്ചു ഭാഗം ഞാൻ പള്ളിക്കു കൊടുക്കുന്നു. അതിനർഥം പള്ളി ചെയ്യുന്ന കാര്യങ്ങൾ പ്രധാനമാണെന്നു ഞാൻ മനസ്സിലാക്കുന്നു, എന്റെ പണം കൈകാര്യം ചെയ്യുന്നതിൽ പള്ളിയുടെ വിവേകത്തിൽ ഞാൻ വിശ്വസിക്കുന്നു, ആ കാര്യങ്ങൾ ഞാൻ കൂടി പങ്കാളിയാകേണ്ടതു തന്നെയാണ് എന്നൊക്കെയാണല്ലോ. ഇവിടെ പള്ളി എന്നത് ഒരു മതസ്ഥാപനം മാത്രമല്ല, സമൂഹത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രസ്ഥാനമാണ്. ഒരു നാടിന്റെ സർവതോൻമുഖമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന, നാടിന്റെ തലച്ചോറാണ്.


എനിക്കുള്ള തെങ്ങുകളിൽ ഒരു വീതം ഞാൻ പള്ളിക്കു കൊടുക്കുന്നു. അതിന്റെ അടയാളമായി ആ തെങ്ങുകളിൽ ഞാനൊരു കെട്ടിടുന്നു. കെട്ടുള്ള തെങ്ങുകളിൽ നിന്നുള്ള ആദായം മുഴുവൻ പള്ളിക്കാണ്. ഞാൻ കൊടുക്കാൻ കടപ്പെട്ടവനാണ്, എനിക്കുള്ളതിൽ ഏറ്റവും നല്ലതുതന്നെയാണ് ഞാൻ കൊടുക്കുന്നത് എന്നുള്ള സ്വയം ഓർമപ്പെടുത്തലാണ് ആ കെട്ട്. തെങ്ങും തേങ്ങയും ചകിരിയുമെല്ലാം സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായിരുന്ന ഒരു നാടിന്റെ വളർച്ചയ്ക്ക് ഇതിലും മെച്ചപ്പെട്ട എന്തു സംവിധാനമാണ് ആലോചനയിൽ തെളിയുക. ഓരോരുത്തരും സമൂഹത്തിനായി എത്രമാത്രം നല്ല തെങ്ങാണ് മാറ്റിവച്ചിരിക്കുന്നത് എന്നു മറ്റുള്ളവർക്കു കാണാനുള്ള ഒരു സോഷ്യൽ ഓഡിറ്റ് സംവിധാനം കൂടിയായിരുന്നു ഈ കെട്ട്.

പിടിയരിയും നൂറുക്കഞ്ചും കെട്ടുതെങ്ങും കേരളത്തിന്റെ സാമൂഹ്യപുരോഗതിയുടെ, സാമ്പത്തിക വളർച്ചയുടെ, വിദ്യാഭ്യാസ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിൽ നിർണായക പങ്കുവഹിച്ച ആശയങ്ങളായിരുന്നു.

സന്ന്യാസാശ്രമങ്ങൾ മാനവികതയുടെ സർവകലാശാലകൾ

മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വങ്ങൾക്ക് ഭൗതികമായ പരിഹാരങ്ങൾ ശാശ്വതമല്ല. അടുത്തനിമിഷത്തിന്റെ ഭാവിയെക്കുറിച്ചുപോലും ആകാശക്കോട്ട കെട്ടാവുന്ന ഭാവനയും ചിന്തയും സ്വന്തമായുണ്ടെങ്കിലും ആ നിമിഷത്തിന്റെ നിയന്ത്രണം നിശ്ചയമായും അവനിലില്ല. എന്തും എപ്പോഴും സംഭവിക്കാവുന്ന കഠിനമായ ആകസ്മികതകളാണ് ജീവിതത്തിന്റെ സ്ഥായിയായ ഭാവമെന്ന് ചിന്തിക്കുന്നവർ തിരിച്ചറിഞ്ഞിട്ടുണ്ട്. ദരിദ്രരാജ്യങ്ങളിലാവട്ടെ, സമ്പന്നരാജ്യങ്ങളിലാവട്ടെ, കാലദേശ ഭേദമില്ലാതെ മനുഷ്യന്റെ ഈയൊരു നിസ്സാരത എല്ലാ സാധ്യതകൾക്കുമേലും നിഴൽവിരിച്ചുകിടക്കുന്നുണ്ട്.

ജീവിതനിരാസത്തോളം ചെന്നെത്തുന്ന നിരാശകളിലേക്ക് മനുഷ്യനെ നയിച്ചിട്ടുണ്ട്, അനിശ്ചിതത്വങ്ങൾ നിറഞ്ഞ ജീവിതത്തിന്റെ ഉദ്വിഗ്നതകൾ. "വിസ്മയം പോലെ ലഭിക്കും നിമിഷത്തിനർഥം കൊടുത്ത് പൊലിപ്പിച്ചെടു"ത്തിട്ടാണ് വിവേകമതികളായ ശുഭാപ്തിവിശ്വാസികൾ ഈ സന്ദിഗ്ധതയെ നേരിട്ടത്. ഇതൊന്നുമറിയുകപോലും ചെയ്യാതെ ക്ഷണികതയുടെ ആഘോഷത്തിമിർപ്പിൽ സർവം മറന്ന് നിറഞ്ഞാടുകയാണ് ഇനിയൊരു കൂട്ടർ. ചിന്തിക്കുന്ന



ചാവറയച്ചൻ മാന്നാനം സെന്റ് ജോസഫ്സ് ആശ്രമഗ്രന്ഥശാലയിൽ. വിദേശ രാഷ്ട്രങ്ങളിലുള്ള മോണസ്ട്രികൾക്കുണ്ടായിരുന്ന ഗ്രന്ഥശാലാസംവിധാനം അക്ഷരസ്നേഹിയായ ചാവറയച്ചൻ ഇവിടെയും ആരംഭിച്ചു. കേരളത്തിലെ വായനശാലാപ്രസ്ഥാനത്തിനു ഇതു മാതൃകയായിരുന്നു.



മനുഷ്യനിൽ പക്ഷേ, ആത്മാന്വേഷണത്തിന്റെ ആരംഭം കുറിക്കുകയായിരുന്നു ജീവിതത്തെയും മരണത്തെയും മുൻനിർത്തിയുള്ള ആലോചനകൾ.

ആത്മാന്വേഷണങ്ങൾ അലൗകികമായ ലോകത്തിന്റെ ആനന്ദങ്ങളും സാധ്യതകളും അവന് കാണിച്ചു കൊടുത്തു. ലൗകികതയുടെ ക്ഷണികപ്രകാശത്തിനപ്പുറം നിത്യമായ ആത്മീയജ്യോതി. അതിന്റെ തേജസ്സിൽ മനസ്സു കൂടുതൽ ദീപ്തമാവുന്നു. കാഴ്ചക്കപ്പുറമുള്ള കാഴ്ചയായി, ചിന്തക്കപ്പുറമുള്ള ഭാവനയായി, ശരീരത്തിനപ്പുറമുള്ള ആനന്ദമായി നിത്യതയുടെ മറ്റൊരു ലോകം സാധ്യമാക്കുന്ന യഥാർഥ തിരിച്ചറിവിന്റെ ആരംഭമായി ജീവിതം മാറാൻ തുടങ്ങുന്നു. കിഴക്കെന്നോ പടിഞ്ഞാറെന്നോ വ്യത്യാസമില്ലാതെ ജീവിതാന്വേഷണങ്ങളുടെ ആത്മീയയാനങ്ങൾക്ക് ആദിമകാലം മുതൽ തുടക്കമാവുകയായിരുന്നു.


ചരിത്രത്തിൽ ഏറ്റവും പുരാതനമെന്ന് കരുതപ്പെടുന്ന സന്ന്യാസജീവിതം ഭാരതത്തിലാണ് നിലനിന്നിരുന്നത്. ബി സി 2000 വർഷത്തിലെങ്കിലും ആരംഭിച്ചിട്ടുണ്ട് ഇന്ത്യയിലെ സന്ന്യാസ മാതൃകകൾ. സന്ന്യാസിനികൾ സംഘം ചേർന്ന് ജീവിക്കുന്ന ആശ്രമ സംസ്ഥാപനത്തിനും അത്ര തന്നെ പ്രായമുണ്ട്.

ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെ നാലു ഘട്ടങ്ങളാണ് ഭാരതീയാചാര്യന്മാർ ജീവിതത്തിന് കല്പിച്ചിട്ടുള്ളത്. ക്രമാനുഗതമായി ഓരോ ഘട്ടത്തിലൂടെയും അതത് ഘട്ടത്തിലെ കടമകളും കർത്തവ്യങ്ങളും നിർവഹിച്ച് അടുത്ത ജീവിത ഘട്ടങ്ങളിലേക്ക് സ്വാഭാവികമായി പ്രവേശിക്കുന്ന രീതിയാണത്. ഇതനുസരിച്ച് എല്ലാ മനുഷ്യർക്കും പ്രാപ്യമായ, പ്രാപ്യമാവേണ്ട ഒരു ജീവിത സന്ദർഭമാണ് സന്ന്യാസം. ലൗകിക ജീവിതത്തിന്റെ നിരവധിയായ മുഹൂർത്തങ്ങളിലൂടെ മുന്നേറി ഒടുവിൽ വിരക്ത ജീവിതത്തിന്റെ അവസ്ഥാന്തരങ്ങൾ അറിഞ്ഞ് ജ്ഞാനത്തിന്റെ മാർഗത്തിലെത്തുന്ന ഈശ്വര സാക്ഷാത്കാര രീതി. തപസ്സും ധ്യാനവുമായി ആത്മസാക്ഷാത്കാരത്തിന്റെയും അനുഭൂതിയുടെയും അലൗകിക സുന്ദര ലോകത്ത് വിരാജിക്കുമ്പോഴും തങ്ങളുടെ ആത്മീയ നേട്ടങ്ങൾ ഇതര മനുഷ്യർക്കും സമൂഹത്തിനും ഗുണകരമാകണമെന്ന ക്രിയാത്മക ചിന്തയത്രെ ആശ്രമ സ്ഥാപനത്തിന്റെ കാതൽ. 'ബഹുജന ഹിതായ, ബഹുജന സുഖായ' എന്നാണ് ആർഷ സൂക്തം.

ഹൈന്ദവാശ്രമങ്ങളുടെ പ്രൗഢമായ ചരിത്രം കൈമുതലായുള്ള ഭാരതം സ്വാഭാവികമായും ഇതര ആത്മീയധാരകളുടെയും വിളനിലമായി മാറിയിരുന്നു. ബുദ്ധവിഹാരങ്ങളും ജൈനവിഹാരങ്ങളും ധാരാളമായി ഉയർന്നുവന്ന ഭാരതത്തിന്റെ മധ്യകാലഘട്ടം ഒരർഥത്തിൽ ആത്മീയമായ ഉണർവുകളുടേതു കൂടിയായിരുന്നു. നളന്ദയും തക്ഷശിലയും പോലുള്ള ആധ്യാത്മിക കേന്ദ്രങ്ങൾ പിൽക്കാലത്ത് ലോകമറിയപ്പെടുന്ന സർവകലാശാലകളായി മാറിയതിൽ അത്ഭുതമില്ല. അറിവിന്റെയും പഠനത്തിന്റെയും ഗവേഷണനിരീക്ഷണങ്ങളുടെയും സജീവതയായിരുന്നു ഈ ആശ്രമങ്ങളെ സാമൂഹികസ്ഥാപനങ്ങളായി പരിവർത്തിപ്പിച്ചത്.

ഇന്ത്യക്കൊപ്പം പുറം രാജ്യങ്ങളിലും മതാത്മകമായ ആത്മീയാന്വേഷണങ്ങളും സന്ന്യാസാശ്രമങ്ങളും സ്ഥാപിക്കപ്പെട്ടിരുന്നു. നർസിയായിലെ ബെനഡിക്ട് എ.ഡി. 529 ൽ മോണ്ടി കാസ്സിനോയിൽ സ്ഥാപിച്ച ആശ്രമമാണ് പിൽക്കാലത്ത് വിവിധ രാജ്യങ്ങളിലേക്ക് വ്യാപിച്ച ബെനഡിക്ടൻ ആശ്രമങ്ങളുടെ മാതൃപദവിയിൽ. ക്രിസ്തീയ വിശ്വാസത്തിലധിഷ്ഠിതമായ സന്ന്യാസജീവിതത്തിന്റെ ഉദാത്ത മാതൃകകളായി നിരവധി ആശ്രമധാരകൾ ലോകത്തുണ്ട്. അസ്സീസി, കപ്പൂച്ചിൻ, ഫ്രാൻസിസ്കൻ, കാർമലൈറ്റ്സ് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തീയ പാരമ്പര്യത്തിലധിഷ്ഠിതമായി ആത്മീയ വഴിയിൽ പ്രഭ ചൊരിഞ്ഞ സന്ന്യാസാശ്രമ പ്രസ്ഥാനങ്ങൾ നിരവധിയാണ്. ഇസ്ലാം മതത്തിലുമുണ്ട്, ആത്മീയതയെ പുണരാനായുള്ള വരിഷ്ഠമായ സൂഫി മാർഗങ്ങൾ.

വിവിധ മതങ്ങളുടെ വിശ്വാസ വ്യക്ഷങ്ങളിൽ വേരുറച്ചു നിൽക്കുമ്പോഴും മതാതീതമായ ദൈവചേതനയെക്കുറിച്ചും അതിന്റെ ദിവ്യമായ സാന്നിധ്യത്തെക്കുറിച്ചുമുള്ള ആലോചനകളും അന്വേഷണങ്ങളുമാണ് എല്ലാ സന്ന്യാസാശ്രമങ്ങളുടെയും പൊതുധാര. ആദിമകാലത്ത് സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അഭ്യുന്നതി ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന അറിവിന്റെ കേന്ദ്രങ്ങൾ തന്നെയായിരുന്നു ആശ്രമങ്ങൾ. അജ്ഞതയാണ് മനുഷ്യന്റെ ശത്രുവെന്നും അറിവിലൂടെ അജ്ഞതയെ അതിജീവിക്കണമെന്നുമുള്ള വിചാരം ആദികാലം മുതൽതന്നെ പ്രബലമായിരുന്നു. ചൈനയിൽ പോയിട്ടാണെങ്കിലും അറിവു സമ്പാദിക്കണം എന്ന ഖുർആൻ വചനം ശ്രദ്ധേയമാണ്. അറിവ് വെളിച്ചമാണ്, വെളിച്ചം നമ്മെ നയിക്കട്ടെ എന്ന മഹദ് ചിന്തയുടെ പ്രയോഗ കേന്ദ്രങ്ങളായിരുന്നു ഓരോ ആശ്രമവും.



ആദിമകാലത്തെ സർവകലാശാലകളായിരുന്ന ആശ്രമങ്ങൾ വിദ്യാഭ്യാസത്തിന് ഉന്നതമായ സ്ഥാനമാണ് നൽകിയിരുന്നത്. തത്ത്വചിന്ത, സാഹിത്യം, ഭാഷ, മതം, തർക്കശാസ്ത്രം, ഇതിഹാസം തുടങ്ങിയ ബൃഹത്തായ വിജ്ഞാനധാരകളുമായി സമൂഹത്തെ ബന്ധിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന വിജ്ഞാനകേന്ദ്രങ്ങളായിരുന്നു ആശ്രമങ്ങൾ. കാർഷികവൃത്തിയുടെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിച്ചിരുന്ന ആശ്രമങ്ങളും കുറവല്ല. സമൂഹനന്മയ്ക്കായും പുരോഗതിക്കായും ആർജിച്ച അറിവുകളെയത്രയും ഫലപ്രദമായി വിനിയോഗിക്കാനുള്ള സന്നദ്ധത എല്ലാ ആശ്രമങ്ങളും ഏറെക്കുറെ ഒരുപോലെ പരിശീലിപ്പിച്ചിരുന്നു.

ഭാരതീയ പാരമ്പര്യങ്ങൾ സ്വാംശീകരിച്ച് തദ്ദേശീയമായ ഒരു ക്രിസ്ത്യൻ സന്ന്യാസാശ്രമം സ്ഥാപിക്കുമ്പോൾ ചാവറയച്ചനെ നയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തിരുന്നതും മറ്റൊന്നല്ല. വിദ്യാഭ്യാസപുരോഗതിക്കായി നിരവധി പ്രവർത്തനങ്ങൾ നടത്തിയ ആശ്രമത്തിന്റെ സദ്ഫലമെന്നോണം നല്ല രീതിയിൽ പ്രവർത്തിക്കുന്ന എത്രയോ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്ന് രാജ്യത്തിനു തന്നെ മാതൃകയാണ്. ആശ്രമവാസികൾക്കും അല്ലാത്തവർക്കും പുസ്തകപാരായണത്തിനായി പലയിടങ്ങളിൽ നിന്നു കൊണ്ടുവന്ന പുസ്തകങ്ങളുടെ വിപുലമായ ശേഖരം ഒരു പക്ഷേ, കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാലാ മാതൃകയായിരിക്കും. ഓരോരുത്തരും, ഓരോ പുസ്തകമെടുത്ത് വായിക്കുകയും വായിച്ചത് തിരിച്ചുവച്ച് വീണ്ടും പുസ്തകമെടുക്കുകയും ചെയ്യുക എന്ന അക്കാലത്ത് തീർത്തും പുതുമയുള്ള പുസ്തകവായനരീതിയാണ് ചാവറയച്ചൻ മാന്നാനം ആശ്രമത്തിൽ സാധ്യമാക്കിയത്. ഈ രീതി പിൻപറ്റിയാണ് പിൽക്കാലത്ത് കേരളത്തിലെ സഹകരണപ്രസ്ഥാനവും ഗ്രന്ഥശാലാപ്രസ്ഥാനവും ചരിത്രത്തിലെ അതിന്റെ മഹനീയമായ ഉയരങ്ങളിലേക്ക് വളർന്നത്.

അന്യർക്ക് സേവനം ചെയ്യാനുള്ള ഒരവസരവും പാഴാക്കരുതെന്ന നിർബന്ധം സ്വന്തം ജീവിതത്തിൽ മാത്രമല്ല, താൻ സ്ഥാപിച്ച സന്ന്യാസസഭയിലും ആശ്രമത്തിലും കൂടി പ്രാവർത്തികമാക്കാൻ ചാവറയച്ചൻ ശ്രമിച്ചു. അങ്ങനെ പൗരാണികമായ സന്ന്യാസാശ്രമങ്ങളുടെ ചരിത്രപരമായ ദൗത്യത്തോടും പ്രാധാന്യത്തോടും സി.എം.ഐ സന്ന്യാസ സമൂഹത്തെയും അദ്ദേഹം കണ്ണി ചേർക്കുകയായിരുന്നു.

പ്രിയോർ മാവ്:
പാരിസ്ഥിതിക ചിന്തയുടെ ആദ്യനാമ്പ്

കേരളത്തിന്റെ ജ്ഞാനമേഖലകളിൽ പരിസ്ഥിതി ഒരു വിഷയമായി പ്രതിപാദിക്കാൻ തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിലാണ്. ഇന്നാകട്ടെ സാമൂഹികവും സാമ്പത്തികവും വികസനോന്മുഖവും സാംസ്കാരികവും രാഷ്ട്രീയവും സാഹിത്യവുമായ ആലോചനകളിലെല്ലാം ഒഴിവാക്കാനാവാതെ നിറഞ്ഞു നിൽക്കുന്ന ഹരിത സാന്നിധ്യമാണ് പരിസ്ഥിതി. മണ്ണിന്റെയും മനുഷ്യന്റെയും മറ്റനേകം ജീവിവർഗങ്ങളുടെയും നിലനില്പുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ചിന്തകൾ പരിസ്ഥിതി രാഷ്ട്രീയത്തിന്റെ പുതിയ ഭൂമിക തന്നെ സൃഷ്ടിച്ചിരിക്കുന്നു. അധികാരത്തിന്റെ ബലാബലങ്ങൾ നിർണയിക്കുന്ന അനിവാര്യ സ്വാധീനമായി പരിസ്ഥിതി രാഷ്ട്രീയം മാറിയിരിക്കുന്ന സാമൂഹ്യ സാഹചര്യം കൂടിയാണിത്. എന്നാൽ ഏതാണ്ട് ഒന്നര നൂറ്റാണ്ടു മുമ്പുതന്നെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ചുള്ള അന്തർജ്ഞാനം കൈമുതലാക്കിയിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ, അത് വരും തലമുറയ്ക്ക് പകർന്നു നൽകാനായി പ്രതീകാത്മകമായി പ്രവർത്തിച്ച ആദ്യ കേരളീയനായിരിക്കും.

കൂനമ്മാവിലെ ആശ്രമത്തിൽ ആത്മീയ ജീവിതത്തിന്റെ പൊരുളുകളുരുക്കഴിച്ച് കഴിയുന്ന കാലം. 1864 നും 1871 നും ഇടയിലാണത്. ആത്മീയാന്വേഷണത്തിൽ കണ്ടെത്തുന്ന സത്യങ്ങളെ ഭൗതിക ജീവിതത്തിൽ അനുകരണീയമായി പകർത്തുന്നതിൽ അച്ചന്റെ ശേഷി അപാരമായിരുന്നു. 1864 ൽ ചാവറയച്ചൻ കൂനമ്മാവ് ആശ്രമത്തിലെ തന്റെ മുറിയോട് ചേർന്ന് നട്ട് വളർത്തിയ സവിശേഷതരം മാവിൻതൈ, യഥാർഥത്തിൽ സാർഥകമായ പാരിസ്ഥിതികാലോചനയുടെ വിത്തുനടൽ കൂടിയായിരുന്നു. പിൽക്കാലത്ത് അച്ചന്റെ ഓർമയ്ക്കായി പ്രിയോർമാവ് എന്നു വിളിക്കപ്പെട്ട ആ മാവിൻതൈയിലൂടെ വരും തലമുറയ്ക്കായി ഹരിതാവബോധത്തിന്റെ അപൂർവമായ പ്രവർത്തന മാതൃകയാണ് ചാവറയച്ചൻ കാണിച്ചത്.

അച്ചന് സമ്മാനമായി കിട്ടിയ വിശേഷപ്പെട്ട മാമ്പഴത്തിന്റെ വിത്തു മുളപ്പിച്ച് ആശ്രമത്തിൽ തന്റെ കിടപ്പുമുറിയുടെ ചാരത്ത് തന്നെ, എപ്പോഴും തന്റെ പരിചരണവും ശ്രദ്ധയും ഏൽക്കും വിധം നട്ടുവളർത്തി. അതിനോടുള്ള അച്ചന്റെ അടുപ്പവും സ്നേഹവും കണ്ടറിഞ്ഞാവണം മറ്റുള്ളവർ ആ മാവിനെ പ്രിയോർമാവ് എന്ന് വിളിക്കാൻ തുടങ്ങി. 'പ്രിയോർ' എന്നത് ചാവറയച്ചന്റെ സ്ഥാനപ്പേരായിരുന്നു. അദ്ദേഹം നേതൃത്വമേറ്റെടുത്ത സഭയുടെ അതുവരെയുള്ള എല്ലാ ആശ്രമങ്ങളുടെയും പൊതുസുപ്പീരിയർ ചാവറയച്ചനായിരുന്നു. സഭാംഗങ്ങളും മറ്റുള്ളവരും അദ്ദേഹത്തെ 'വലിയ പ്രിയോറച്ചൻ' എന്നേ വിളിച്ചിരുന്നുള്ളു. പ്രിയോറച്ചന്റെ പ്രിയപ്പെട്ട മാവ്





അങ്ങനെ പ്രിയോർമാവായി.

ഒരു നൂറ്റാണ്ടിലധികം ഫലം നൽകി. ഉണങ്ങിപ്പോയ പ്രിയോർമാവിന്റെ ചെറുകഷണങ്ങൾ കുനമ്മാവ് ആശ്രമത്തിലെ അന്നത്തെ പ്രിയോരായിരുന്ന മെലേസിനുസച്ചൻ വിവിധ മഠങ്ങളിലേക്കും കൊവേന്തകളിലേക്കും കൊടുത്തുവിട്ടു. വാസ്തവത്തിൽ ഇതും പ്രതീകാത്മകമായ ഒരു പ്രവൃത്തിയായിരുന്നു. ചാവറയച്ചന്റെ പാരിസ്ഥിതിക ദർശനം ഏറ്റെടുത്ത് നടപ്പാക്കാൻ ഓരോ ആശ്രമത്തോടുമുള്ള അഭ്യർഥനയും സന്ദേശവും ആഹ്വാനവുമൊക്കെയായി അതിനെ കണക്കാക്കാം.

പ്രകൃതി ദൈവദത്തമാണ്. മനുഷ്യൻ അതിലെ വിശേഷബുദ്ധിയുള്ള ഒരു സൃഷ്ടി മാത്രമാണ്. പ്രകൃതിയോടിണങ്ങി, പ്രകൃതിയെ സ്നേഹിച്ചും ആ സ്നേഹമേറ്റുവാങ്ങിയും ജീവിക്കുമ്പോൾ ദൈവസാന്നിധ്യം കൂടുതൽ സമീപസ്ഥമാവുന്നു. സ്വയം മറന്ന് സ്വന്തം അതിജീവനത്തിനെന്ന വ്യാജേന പ്രകൃതിയെ നശിപ്പിക്കുന്നവരോട് പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഓർമപ്പെടുത്തുകയാണ് ഇന്നും നഴ്സറികളിൽ ലഭ്യമായ പ്രിയോർമാവുകൾ!

ചരിത്രബോധമുള്ള, ക്രാന്തദർശിയായ അക്ഷരസ്നേഹി

ജീവിതം സിദ്ധിയും സാധനയുമായിരുന്നു ചാവറയച്ചന്. അക്ഷരപ്രേമവും വിജ്ഞാനദാഹവും അതിന്റെ ചാലകശക്തികളായിരുന്നു. സെമിനാരികാലം മുതലേ വളരെ പ്രകടമായിരുന്ന ഈ വാസന സെമിനാരിയിലെ മല്പാനായിരുന്ന പാലയ്ക്കലച്ചൻ നന്നായി പരിപോഷിപ്പിക്കുകയും ചെയ്തു. അങ്ങനെ മലയാള സാഹിത്യത്തിനു തന്നെ മുതൽക്കൂട്ടാകുന്ന ഒരുപിടി കൃതികളുടെ രചയിതാവുകൂടിയായി ചാവറയച്ചൻ. അതിൽ പലതും മലയാള സാഹിത്യശാഖയിൽ ആദ്യത്തേതുമായിരുന്നു. സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്താൻ തക്കവിധം ഗവേഷകരുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ലെങ്കിലും സമീപകാലത്ത് നിരവധി പണ്ഡിതർ ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. മലയാളത്തിലെ ആദ്യഖണ്ഡകാവ്യം, മലയാളിയെക്കുറിച്ചു മലയാളിയെഴുതിയ ആദ്യജീവചരിത്രം എന്നിവ ഈ ഗണത്തിൽ പെടുന്നു.



തിരുവനന്തപുരത്തെ കൈയെഴുത്തുശാലയുടെ മേധാവിയായിരുന്ന ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിൽ കൈയെഴുത്തു വിദഗ്ധരുടെ പഠനങ്ങൾക്കുശേഷമാണ് ചാവറയച്ചന്റെ കൃതികൾ എന്ന് ഇവയെ നിശ്ചയിച്ചുറപ്പിച്ചത്.

പണ്ഡിതഭാഷകളുടെ സ്വാധീനം കൊണ്ടു കൈമോശം വന്നുപോകാത്ത ഭാഷാശുദ്ധിയാണ് ചാവറ കൃതികളുടെ ഒരു സവിശേഷത. പണ്ഡിതരല്ലാത്ത സാധാരണക്കാർക്ക് വായിച്ചു മനസ്സിലാക്കാനും ആസ്വദിക്കുവാനുമാണ് താൻ എഴുതുന്നതെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ക്രൈസ്തവസഭയിലേക്ക് ആളെക്കൂട്ടുക എന്നതായിരുന്നില്ല ചാവറകൃതികളുടെ ലക്ഷ്യം. എന്നാൽ ക്രൈസ്തവമൂല്യങ്ങൾ ആളുകളുടെ ജീവിതത്തെ പരിവർത്തിപ്പിച്ചു കൂടുതൽ മനോഹരമാക്കണമെന്ന് അദ്ദേഹം ആശിച്ചിരുന്നു. അതിനാൽ സരളമായ ശൈലിയിലായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. സ്വന്തം നാടിനോടും അവിടുത്തെ സംസ്കാരത്തോടും അകളങ്കമായ ആദരവുണ്ടായിരുന്നു ചാവറയച്ചന്. അദ്ദേഹത്തിന്റെ നിലപാടുകളിലും ഭാഷയിലും സുറിയാനി കത്തോലിക്കാസഭയിൽ അദ്ദേഹം നടപ്പാക്കിയ ആചാരാനുഷ്ഠാനങ്ങളിലും ഇതു പ്രകടമാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ഹൈന്ദവനാമജപങ്ങളോടും കീർത്തനങ്ങളോടും സാമ്യമുള്ള അനേകം ഭാഗങ്ങളും ഇതിനു നിദർശനമാണ്.

'മതത്തെ സാഹിത്യവൽക്കരിക്കുകയും സാഹിത്യത്തെ മതവൽക്കരിക്കുകയും ചെയ്തയാൾ' എന്നാണ് ഡോ. സുകുമാർ അഴീക്കോട് ചാവറയച്ചനെ വിശേഷിപ്പിച്ചത്.

ചാവറയച്ചന്റെ രചനകളെ അഞ്ചു വിഭാഗങ്ങളിൽ പെടുത്താം.

1. സാഹിത്യകൃതികൾ



2. മിസ്റ്റിക് ധ്യാനസല്ലാപങ്ങൾ

3. നാളാഗമങ്ങൾ (ഡയറിക്കുറിപ്പുകളായുള്ള ചരിത്രാലേഖനം)

4. കത്തുകൾ (സഭാസംബന്ധമായ കാര്യങ്ങളും പൊതുവ്യവഹാരങ്ങളും പരാമർശിക്കുന്നവ)

5. കത്തോലിക്കാസഭയുടെ ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ചുള്ളവ

സാഹിത്യകൃതികൾ

ആത്മാനുതാപം: രണ്ടായിരത്തോളം ഈരടികളുള്ള മഹാകാവ്യം. സ്വന്തം ആത്മീയ ജീവിതത്തിന്റെ ഉയർച്ചതാഴ്ചകൾ, യേശുദേവന്റെ ജീവിതസന്ദർഭങ്ങൾ എന്നിവ ചേർത്തുവച്ചുകൊണ്ട് മനുഷ്യജീവിതം സംബന്ധിച്ച ചിന്തകൾ.

മരണവീട്ടിൽ പാടുന്നതിനുള്ള പാന: (581 ഈരടികൾ മാത്രമുള്ള ചെറുകാവ്യം. ജീവിതം, നന്മരണം, മോക്ഷം മുതലായവ സംബന്ധിച്ചുള്ള വീക്ഷണങ്ങൾ).

ഒരു നല്ല അപ്പന്റെ ചാവരുൾ: (വീടു നന്നായാൽ നാടു നന്നാവും എന്ന അടിസ്ഥാനപ്രമാണത്തിലൂന്നിയുള്ള രചന. ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന പ്രൗഢമായ ചിന്തകൾ കൊണ്ട് കാവ്യമായി മാറിയ ഗദ്യകൃതി. വേലക്കാർക്കു ന്യായമായ കൂലി കൊടുക്കേണ്ടതിന്റെ ആവശ്യകത, അതു സമയം വൈകാതെ കൊടുക്കേണ്ടതിന്റെ നിഷ്കർഷ, വിവാഹത്തിൽ മക്കളുടെ സ്വാതന്ത്ര്യം, പരോപകാരം, സാമൂഹ്യനീതി, അധ്വാനത്തിന്റെ മഹത്ത്വം എന്നിങ്ങനെ കാലത്തിനും ഏറെ മുൻപേയുള്ള പുരോഗമനാത്മക ചിന്തകൾ).

അനസ്താസ്യായുടെ രക്തസാക്ഷ്യം (1862). 91 ഈരടികൾ മാത്രമുള്ള ലഘുകാവ്യം. കേരളപാണിനി എ.ആർ. രാജരാജവർമയുടെ മലയവിലാസം (1895) എഴുതപ്പെടുന്നതിനു മൂന്നു പതിറ്റാണ്ടു മുൻപ് രചിക്കപ്പെട്ടത്.

പാലയ്ക്കൽ തോമാമല്പാന്റെ ജീവചരിത്രം

ഇടയനാടകങ്ങൾ: മലയാളത്തിൽ മൗലികനാടകങ്ങൾ പ്രചാരത്തിലാകുന്നതിനും മുൻപേയുള്ള രചനകൾ. ക്രിസ്തുമസ് മുതൽ പത്തുനാൾ വൈദികവിദ്യാർഥികൾക്ക് അവതരിപ്പിക്കാനായി 1846-56 കാലത്തു രചിച്ചവ. ക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ട ഇതിവൃത്തം.

നാളാഗമങ്ങൾ

മനുഷ്യന്റെ ദുർബലമായ ഓർമശക്തിക്കു പരിഹാരം ചെയ്യലാണ് ഡയറിക്കുറിപ്പുകൾ. വ്യക്തിജീവിതത്തിന്റെ ഇടുങ്ങിയ മതിൽക്കെട്ടു കടന്ന് സമൂഹത്തിനു നേരെ പിടിച്ച കണ്ണാടിയായി വർത്തിക്കാൻ അപൂർവം ചില ഡയറിക്കുറിപ്പുകൾക്കേ കഴിഞ്ഞിട്ടുള്ളൂ. ഡയറിക്കുറിപ്പുകൾ സമൂഹോന്മുഖമാകുമ്പോൾ അവ നാളാഗമങ്ങളായി-ചരിത്രരേഖകളായി-മാറുന്നു.

യൂറോപ്യൻ നാൾവഴികളും കേരളോത്പത്തിയും ഗ്രന്ഥവരികളും ഒക്കെ വായിച്ചറിഞ്ഞ ചാവറയച്ചന്റെ മനസ്സിൽ നാളാഗമങ്ങൾ സംബന്ധിച്ച് ചില കാഴ്ചപ്പാടുകളും നിലപാടുകളുമുണ്ടായിരുന്നു. കിട്ടുന്ന കൂലിക്കു കൂറു കാട്ടാൻ പൊലിപ്പിച്ചെഴുതുന്ന സ്തുതിപാഠകരിൽ നിന്നു ചരിത്രാലേഖനത്തെ മോചിപ്പിച്ച് പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളെ തിരഞ്ഞുപിടിച്ച് യഥാതഥവും വസ്തുനിഷ്ഠവുമായി അവതരിപ്പിക്കുക വഴി ചരിത്രരചനയ്ക്കു അദ്ദേഹം പുതിയ മാനങ്ങൾ നൽകി. എഴുതുന്നയാളുടെയും സമകാലിക സമൂഹത്തിന്റെയും മനസ്സിനെ പ്രതിഫലിപ്പിക്കുന്ന, ആത്മപരിശോധനയും സ്വയംവിമർശനവും ഉൾച്ചേർന്ന, ഉന്നതമായ ധാർമിക ബോധത്തോടെ സഭാനിലപാടുകൾ സ്പഷ്ടമാക്കുന്ന ഇതളുകളാകണം ആ താളുകളെന്ന് അദ്ദേഹത്തിനു നിഷ്കർഷയുണ്ടായിരുന്നു. ആ നിലപാടുതറയിൽ നിന്നുകൊണ്ടാണ് അദ്ദേഹം കർമനിരതവും സംഭവബഹുലവുമായ നാല്പതു വർഷത്തെ (1829-1870) സന്ന്യാസ ജീവിതത്തെ അടയാളപ്പെടുത്തുന്നത്. ആഗോള കത്തോലിക്കാസഭയുടെ ക്രൈസ്തവമൂല്യങ്ങളും കേരളത്തിന്റെ തനതുസംസ്കാരവും പരസ്പരം സമന്വയിച്ച വർഷങ്ങളായിരുന്നു അവ. മാന്നാനത്തെ സി. എം.ഐ. ആശ്രമത്തിൽ രണ്ടു വാല്യങ്ങളിലായി *മാന്നാനം നാളാഗമങ്ങൾ* സംരക്ഷിച്ചിരിക്കുന്നു.

കത്തുകൾ

യുഗനായകർ മാർഗദർശനത്തിനുള്ള ഉപകരണമായി കത്തുകളെ ഉപയോഗിക്കുന്നത് ക്രിസ്തുവിനും മുൻപ് ഗ്രീക്ക്-റോമൻ സംസ്കാരങ്ങൾ കത്തിനിന്ന കാലം മുതലെങ്കിലും കാണാവുന്നതാണ്. ആദിമ ക്രൈസ്തവസഭകൾക്ക് വി. പൗലോസ് എഴുതിയ കത്തുകൾ ബൈബിളിന്റെ തന്നെ ഭാഗമായതു ചരിത്രസാക്ഷ്യം. കേരളത്തിന്റെ സാമൂഹ്യപുരോഗതിയിലും ഇവിടുത്തെ കത്തോലിക്കാസഭയുടെ സുസംഘടിതമായ വളർച്ചയിലും ചാവറയച്ചന്റെ കത്തുകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ചാവറയച്ചൻ ഏതാണ്ട് രണ്ടര ദശാബ്ദക്കാലം കൊണ്ട് മലയാളം, സുറിയാനി, ഇറ്റാലിയൻ, തമിഴ് ഭാഷകളിലായി 86 കത്തു



കൾ എഴുതിയിട്ടുണ്ട്.

സാംസ്കാരികത്തനിമയുടെയും സ്വത്വത്തിന്റെയും കരുത്തുറ്റ വക്താവായിരുന്നു ചാവറയച്ചൻ. കേരളത്തനിമ നിലനിർത്തുന്ന ഒരു സഭ ഉരുത്തിരിഞ്ഞുവരുന്നതിനും മതാതീതമായി കേരളസമൂഹം കരുത്താർജിക്കുന്നതിനും അദ്ദേഹം നൽകിയ സംഭാവനകൾ ആ കത്തുകളിൽ തെളിഞ്ഞുകാണാം. ആത്മീയതയും ദൈവശാസ്ത്രവും ധാർമികതയും ഭരണകാര്യങ്ങളുമൊക്കെ ആ കത്തുകളിൽ പരാമർശവിഷയമാകുന്നുണ്ട്. സമകാലിക വിഷയത്തെക്കുറിച്ച് എഴുതുമ്പോൾ പോലും തത്കാലപരിഹാരത്തിൽ അവസാനിക്കാതെ കാലാതിവർത്തിയായ ആധ്യാത്മിക-സാമൂഹിക പ്രസക്തിയുള്ള വിധമാണ് അദ്ദേഹത്തിന്റെ കത്തുകൾ.

മലയാള ഭാഷയും കത്തെഴുത്തു ശീലങ്ങളും ഉരുത്തിരിഞ്ഞു വരികയായിരുന്ന കാലത്ത് പരിപക്വമായ ഒരു ഘടന കത്തുകളിലൂടനീളം പാലിക്കാൻ ചാവറയച്ചൻ ശ്രദ്ധിച്ചിരുന്നു. തീയതി, അഭിസംബോധന, ഉപസംഹാരം, കോപ്പി അടയാളപ്പെടുത്തൽ മുതലായ ഘടനാംശങ്ങൾ മിക്കവാറും കത്തുകളിൽ പാലിക്കപ്പെട്ടിട്ടുണ്ട്.



നന്നായി ജീവിക്കാനും നന്നായി മരിക്കാനും


ജാതിയോ മതമോ ഏതായാലും നന്നായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്നു വിശ്വസിച്ചിരുന്നു ചാവറയച്ചൻ. വാർധക്യം, അനാരോഗ്യം, ദാരിദ്ര്യം, അനാഥത്വം മുതലായവകൊണ്ടൊന്നും സന്തോഷത്തോടെ ജീവിക്കാനും സമാധാനത്തോടെ മരിക്കാനുമുള്ള അവസരം ആർക്കും നിഷേധിക്കപ്പെടരുത് എന്ന് അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം തുടങ്ങിവച്ച ഉപവിശാലയും നന്മരണക്കൂട്ടായ്മയുമാണ് ഇന്നു നാടൊട്ടുക്കും കാണുന്ന അനാഥാലയങ്ങളുടെയും പാലിയേറ്റീവ് കെയർ കേന്ദ്രങ്ങളുടെയും ആദിമാതൃക എന്നു പറയാം.

എല്ലാ പുതിയ ആശയങ്ങൾക്കും വളക്കൂറുള്ള മണ്ണായി അദ്ദേഹം കണ്ടെത്തിയത് സ്വന്തം ഗ്രാമമായിരുന്നു. പരസ്പരവിശ്വാസത്തിലും വാത്സല്യത്തിലും അധിഷ്ഠിതമായ ആഴമേറിയ ഒരു ആത്മബന്ധമുണ്ടായിരുന്നു കൈനകരിക്കാരും ചാവറയച്ചനും തമ്മിൽ. അദ്ദേഹം 1869 ഒക്ടോബർ 15 ന് കൈനകരിക്കാർക്കെഴുതിയ കത്താണ് നന്മരണക്കൂട്ടായ്മയ്ക്കും ഉപവിശാലയ്ക്കും നിദാനമായത്. ഉത്തമമായ മരണത്തിന് അവനവനെത്തന്നെയും മറ്റുള്ളവരെയും ഒരുക്കേണ്ടതിന്റെ ആവശ്യകതയും രോഗികളെയും മരണാസന്നരെയും സ്നേഹത്തോടെ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യവും ഈ കത്തിൽ അദ്ദേഹം എടുത്തുപറയുന്നു. നിരവധി കഥകളും സംഭവങ്ങളും വല്യാറ ചാക്കോ അച്ചന്റെ ജീവിതമാതൃകയും ഉദാഹരണങ്ങളായി പറഞ്ഞിട്ട് അദ്ദേഹം നിരാലംബരെ പരിപാലിക്കാനുള്ള ഒരു കൂട്ടായ്മ കെട്ടിപ്പടുക്കാൻ അവരെ ഉദ്ബോധിപ്പിക്കുന്നു. ഈ ഉപവിശാല എങ്ങനെ നടത്തിക്കൊണ്ടു പോകണമെന്ന് അദ്ദേഹത്തിന് കൃത്യമായ പദ്ധതികളുമുണ്ടായിരുന്നു.

സ്വന്തമായി വേണം ഈ ധർമശാലയ്ക്കു വേണ്ട പണം കണ്ടെത്താനെന്നും അന്യദേശക്കാരുടെ സഹായം തേടരുതെന്നും അദ്ദേഹം പ്രത്യേകം നിഷ്കർഷിക്കുന്നു. കാരണം, ഓരോ ദേശക്കാർക്കും അവരവരുടെ ദേശത്ത് ഇതേ മാതൃക പിന്തുടരാനുള്ളതാണ്. 'നന്മരണസഹായത്തിനുള്ള സംഭാവനപ്പെട്ടി' എന്ന് അടയാളപ്പെടുത്തിയ ഒരു പെട്ടിയുമായി അപമാനം വിചാരിക്കാതെ ഭിക്ഷയെടുക്കണം, അങ്ങനെ സ്വന്തമായി പണം കണ്ടെത്തി പള്ളിയുടെ സമീപത്ത് മിതമായ സൗകര്യങ്ങളോടെ ഒരു ഉപവിശാല (പരസ്പരസ്നേഹധർമശാല) തുടങ്ങണം, ആരോരുമില്ലാത്ത ഒന്നോ രണ്ടോ പേരെയെങ്കിലും അവിടെ താമസിപ്പിച്ചു പരിചരിക്കണം. അങ്ങനെ ചെയ്യാനായാൽ അത് എല്ലാവർക്കും മാതൃകയാകും, ആ സ്നേഹദൗത്യം എങ്ങും പടരും.

പള്ളിക്കു സംഭാവന നൽകാനായി നീക്കിവച്ചിട്ടുള്ള തെങ്ങിൽ നിന്നുള്ള വരുമാനവും ദേശക്കാരിൽ നിന്നു പിരിക്കുന്ന സംഭാവനകളും കൊണ്ടുവേണം ഉപവിശാല നടത്തിക്കൊണ്ടു പോകാൻ. നടത്തിപ്പിനായി നാലു പേരെ നാമനിർദേശം ചെയ്യണം. 'ദൈവാലയത്തോടു ചേർന്ന് ഞങ്ങളൊരു നന്മരണക്കൂട്ടായ്മ ആരംഭിച്ചിരിക്കുന്നു. നല്ല മരണം ലഭിക്കാൻ നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർഥിക്കുന്നതു കൂടാതെ മരണാസന്നരും നിരാലംബരുമായവരെ പരിചരിക്കാൻ ഒരു ഉപവിശാല നടത്തുകയും ചെയ്യുന്നുണ്ട്. അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ വേണ്ടത് നിങ്ങളിൽ നിന്നു ലഭിക്കുമെന്ന പ്രതീക്ഷയിൽ ഈ സംഭാവനപ്പെട്ടി ഇവിടെ വയ്ക്കുന്നു' എന്ന കുറിപ്പോടെ 'നന്മരണസഹായത്തിനുള്ള സംഭാവനപ്പെട്ടി' നിങ്ങളുടെ പള്ളിയുടെയും പരിസരത്തെ മറ്റു പള്ളികളുടെയും അടുത്തും ചങ്ങനാശേരി, ആലപ്പുഴ ചന്തകളിലും വയ്ക്കണം. കൊയ്ത്തുകാലത്ത് നാണക്കേടു വിചാരിക്കാതെ പാടങ്ങളിലൂടെ നടന്നു ഭിക്ഷയെടുക്കണം. നിങ്ങൾക്ക് ആവശ്യമുള്ളതിന്റെ വലിയ പങ്ക് ഇങ്ങനെ ലഭിക്കും. ബാക്കി ദൈവം തരും.

'നമ്മുടെ ഇടവകയിൽ ഈ കൂട്ടായ്മ സംഘടിപ്പിക്കാൻ സഹായിച്ച എല്ലാവർക്കും വേണ്ടി സന്തോഷത്തോടെ മരിക്കാനുള്ള അനുഗ്രഹത്തിനായി ഞങ്ങൾ പ്രാർഥിക്കും; പരിചരിക്കാനും പ്രാർഥിക്കാനും ആരുമില്ലാത്തവർക്കു വേണ്ടിയും ഞങ്ങൾ പ്രാർഥിക്കും. അവരെ പരിചരിക്കുന്നതിനായി ഒരു ഭവനം തുടങ്ങാനും ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു'



എന്നിങ്ങനെ ചേന്നങ്കരി പള്ളിയിലെ വികാരിയച്ചൻകൂടി ഒപ്പിട്ട കത്തായിരുന്നു മറുപടി. അവർ അതു പ്രാവർത്തികമാക്കുകയും ചെയ്തു.

എല്ലാ വിശുദ്ധാത്മാക്കളെയും ഒന്നിപ്പിക്കുന്ന ഒരു ഘടകമാണെന്നു തോന്നുന്നു 'ദൈവം തരും' എന്ന ആഴമേറിയ വിശ്വാസം. ഒരു രൂപപോലും കൈയിലില്ലാത്തപ്പോഴും ബോധ്യമുള്ള ദൗത്യത്തിന് ഇറങ്ങിപ്പുറപ്പെടാനുള്ള ചങ്കുറപ്പ്. 'ചുമരുകളുടെ കനമല്ല, ഉള്ളിൽ പാർക്കുന്നവരുടെ പുണ്യമാണ് സന്ന്യാസാശ്രമങ്ങളുടെ കരുത്ത്' എന്ന് ചാവറയച്ചൻ സഹപ്രവർത്തകർക്കെഴുതിയ ഒരു കത്തിൽ ഓർമിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ചിന്തയിലും പ്രവൃത്തികളിലും എന്നും തെളിഞ്ഞുനിന്നു ഈ ബോധ്യം.

മരണാസന്നരോടുള്ള കാരുണ്യം ഉപവിശാലയും നന്മരണക്കൂട്ടായ്മയും വഴി വെളിപ്പെട്ടു. മരിച്ചുപോകുന്നവരുടെ കുടുംബത്തിന്റെ പ്രാരബ്ധങ്ങളും ചാവറയച്ചന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. വിവാഹം പോലെ തന്നെ കുടുംബത്തിന്റെ അടിത്തറയിളക്കുന്ന ചെലവായിരുന്നു മരണാനന്തരച്ചടങ്ങുകൾക്കും. മരിക്കുന്നതു കുടുംബനാഥനാണെങ്കിൽ പറയാനുമില്ല. മുന്നോട്ടുള്ള ജീവിതം കൂടി വഴിമുട്ടിപ്പോകും ചിലപ്പോൾ. ആരെങ്കിലും മരിച്ചാൽ അനന്തരകർമങ്ങൾക്കു വേണ്ട സഹായങ്ങൾ നൽകാൻ നല്ല അയൽക്കൂട്ടങ്ങളൊരുക്കാൻ പഠിപ്പിച്ചു ചാവറയച്ചൻ. ആളായും പണമായും താങ്ങായും ഒപ്പം നിൽക്കാൻ. അയൽക്കാരന്റെ സുസ്ഥിതി സ്വന്തം ഉത്തരവാദിത്തമായി ഏറ്റെടുക്കാൻ കേരളജനതയെ പഠിപ്പിക്കുകയായിരുന്നു അദ്ദേഹം.

ചാവറയച്ചന്റെ അവസാന നാളുകൾ



പ്രിയപ്പെട്ടവരുടെ രോഗപീഡകളും മരണങ്ങളും അദ്ദേഹം അടുത്തറിഞ്ഞു. മരണം അദ്ദേഹത്തെ ഒരിക്കലും ഭയപ്പെടുത്തിയില്ല. പിതാവായ ദൈവവുമായി സംഗമിക്കുന്ന മിസ്റ്റിക് സൗന്ദര്യമാർന്ന ഒരു അനുഭവമായിരുന്നു ചാവറയച്ചന്റെ മരണദർശനം.

കൂനമ്മാവ് മഠം പണിയാൻ സംഭാവനകൾ തേടിയുള്ള സഞ്ചാരത്തിനിടെ 1866 ൽ അദ്ദേഹത്തിനു കടുത്ത വാതപ്പനി വന്നു. രണ്ടു ദിവസത്തോളം ബോധമറ്റു കിടന്നുപോയി. കാലു രണ്ടും വല്ലാതെ നീരുവച്ചു വീർത്തു. അതൊന്നും കൂസാതെ അദ്ദേഹം കർമനിരതമായ ജീവിതത്തിലേക്കു തിരികെ വന്നു. മഠംപണി പൂർത്തിയാക്കി, സന്ന്യാസിനികൾക്കു മാർഗദർശനം നൽകി, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കു മുൻകൈയെടുത്ത് വീണ്ടും സേവനങ്ങളിൽ സജീവമായി.

രണ്ടു വർഷംകൂടി കഴിഞ്ഞപ്പോഴേക്ക് മരണം അടുത്തെത്തി എന്ന തോന്നൽ അദ്ദേഹത്തിന്റെയുള്ളിൽ ശക്തമായെന്നു സൂചനകൾ കാണാം. മരുമകനായ ഫാ. ജോസഫ് ചാവറയ്ക്ക് 1868 ൽ എഴുതിയ കത്തിൽ മരണത്തെപ്പറ്റി ദീർഘമായി എഴുതുകയും തനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്.


1869 ഓഗസ്റ്റിൽ ഒന്നാം വത്തിക്കാൻ സൂനഹദോസിനു പോകുകയാണ് ആർച്ച്ബിഷപ് ലെയനാർഡ് ലൂയിസ്. കേരളത്തിലെ സുറിയാനി കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് ഫാ. ലെയോപോൾഡ് ബെക്കാരോയെ കൂടെക്കൊണ്ടുപോകാൻ അദ്ദേഹം തീരുമാനിച്ചു. ചാവറയച്ചന്റെ മനസ്സാക്ഷിയെന്നോ മറുപാതിയെന്നോ വിളിക്കാവുന്ന

ആത്മീയഗുരുവും സന്തതസഹചാരിയുമായിരുന്നു ലെയോപോൾഡ് മിഷനറി. ചാവറയച്ചന്റെ ആരോഗ്യം വല്ലാതെ ക്ഷയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിരൂപതയുടെ ഭരണച്ചുമതല രണ്ടു മിഷനറി വൈദികരായ ഫിലിപ്പച്ചനെയും ജെറാൾഡച്ചനെയും ഏല്പിച്ചുകൊടുത്തു. ചാവറയച്ചന്റെ ഉപദേശം വാങ്ങിയേ തീരുമാനങ്ങളെടുക്കാവൂ എന്ന് ആർച്ച് ബിഷപ് അവരെ ഓർമിപ്പിച്ചു. കൂടുതൽ ദിവസങ്ങൾ എവിടേക്കും മാറിനിൽക്കരുതെന്ന് ചാവറയച്ചനോടും ആർച്ച്ബിഷപ് അഭ്യർഥിച്ചു.

ആർച്ച്ബിഷപ്പും തന്റെ ആത്മീയപിതാവും ഒരുമിച്ച് അകലത്തായിരിക്കുന്നത് ചാവറയച്ചനെ വല്ലാതെ ദുഃഖിപ്പിച്ചു. യാത്രയയപ്പു സമ്മേളനത്തിൽ ഈ വിയോഗത്തിന്റെ ദുഃഖം നിറഞ്ഞ ഒരു കവിത ചാവറയച്ചൻ അവതരിപ്പിച്ചു. 1870 കാലത്ത് മറ്റിടവകകളിൽ കുർബാനയർപ്പിക്കുമ്പോഴും ധ്യാനപ്രസംഗങ്ങൾ നടത്തുമ്പോഴുമൊക്കെ അവിടെ തന്റെ അവസാനസന്ദർശനമായിരിക്കും അത് എന്ന് അദ്ദേഹം സൂചിപ്പിക്കുമായിരുന്നു.

ശരീരം രോഗങ്ങൾക്കു കീഴ്പെടുമ്പോഴും ചാവറയച്ചന്റെ മനസ്സ് അറിവിനു ദാഹിക്കുകയായിരുന്നു. ഇറ്റാലിയൻ ഭാഷയോടും പുസ്തകങ്ങളോടും വല്ലാത്തൊരു അഭിനിവേശം വളർന്നു അദ്ദേഹത്തിന് ഇക്കാലത്ത്. അദ്ദേഹം ആ ഭാഷ പഠിക്കാൻ തുടങ്ങി. ഇറ്റാലിയൻ അറിയാവുന്ന വൈദികരെക്കൊണ്ട് ആ ഭാഷയിലുള്ള പുസ്തകങ്ങൾ വായിച്ചു കേൾക്കാനും തുടങ്ങി. മരിയ അഗ്രതയുടെ 'ദ സിറ്റി ഓഫ് ഗോഡ്' വായിച്ചുകേട്ടപ്പോൾ സമാനമായ വിചാരവികാരങ്ങൾ തന്റെയുള്ളിലുമുണ്ടല്ലോ എന്നു അദ്ദേഹത്തിന് തോന്നി. അതിന് കാവ്യഭാഷ്യം നൽകാൻ തുടങ്ങി. അതായിരുന്നു 'ആത്മാനുതാപ'ത്തിന്റെ പിറവി. യേശുവിന്റെയും അമ്മയായ മേരിയുടെയും ജീവിതത്തിന്റെ വിവരണവും അവരുടെ പീഡകൾക്കു തന്റെ പാപങ്ങൾ കാരണമാകുന്നല്ലോ എന്ന അനുതാപവുമാണ് 'ആത്മാനുതാപ'ത്തിന്റെ പ്രമേയം.

റോക്കോസ് ശീശ്മക്കുശേഷമുള്ള പുനരൈക്യങ്ങളുടെ കാലമായിരുന്നു അത്. അവശതയൊന്നും വകവയ്ക്കാതെ ചാവറയച്ചൻ ഫിലിപ്പച്ചന്റെയും ജെറാൾഡച്ചന്റെയും കൂടെ ആനക്കല്ലുങ്കൽ പള്ളിയിലെ പുനരൈക്യ സമാഗമത്തിനു പോയി. ആ യാത്ര അദ്ദേഹത്തെ വല്ലാതെ തളർത്തി. വാതപ്പനിയും കടുത്ത കണ്ണുവേദനയുമായി ഏറെ ദിവസം കിടക്കയിൽ തന്നെ കഴിയേണ്ടിവന്നു. രോഗം മാറിയപ്പോൾ വിശുദ്ധരുടെ ജീവചരിത്രങ്ങളുടെ വായന തുടർന്നു. തീവ്രമായ വായന വീണ്ടും കണ്ണുകളെ തളർത്തി. ഒരുപാട് ഡോക്ടർമാരും പാരമ്പര്യവൈദ്യന്മാരും ശ്രമിച്ചെങ്കിലും മാറ്റമൊന്നുമുണ്ടായില്ല. ഒടുവിൽ സുപ്രസിദ്ധനായിരുന്ന ഡോ. ഗെസ്ത്രുവിന്റെ ചികിത്സയിൽ ചാവറയച്ചന് ഒട്ടൊരു ആശ്വാസം കിട്ടി.



കൂനമ്മാവ് സെന്റ് ഫിലോമിനാസ് മോണസ്ട്രി. ചാവറയച്ചൻ തന്റെ ജീവിതത്തിന്റെ അവസാന 7 വർഷങ്ങൾ താമസിച്ചിരുന്നത് ഇവിടെയാണ്. 1861 ജൂൺ 8 ന് വികാരി ജനറാളായി നിയമിക്കപ്പെട്ട ചാവറയച്ചൻ 1864 ജനുവരി 12 ന് കൂനമ്മാവിലേക്ക് താമസം മാറ്റി. 1871 ജനുവരി 3 ന് മരണം പ്രാപിച്ച് 4 ന് ഫിലോമിനാസ് ആശ്രമദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു. കൂനമ്മാവ് ആശ്രമവും ദേവാലയവും അഗ്നിക്കിരയാവുകയും ചാവറയച്ചൻ താമസിച്ചിരുന്ന കെട്ടിടഭാഗം മാത്രം കേടുകൂടാതെ നിലനിൽക്കുകയും ചെയ്തു.



തീവ്രമായ വേദനയും വല്ലാത്ത തളർച്ചയും ഉണ്ടായിട്ടും ഇടതടവില്ലാത്ത പ്രാർഥനയും ധ്യാനവുമായിരുന്നു ചാവറയച്ചന്റെ ദിനചര്യ. അത് അദ്ദേഹത്തിന്റെ ആരോഗ്യം വല്ലാതെ കെടുത്തുന്നുവെന്നു കണ്ട ഫിലിപ്പച്ചൻ പ്രാർഥനകൾ കുറച്ച് വിശ്രമിക്കാൻ നിർബന്ധിച്ചു. ഒരുപാട് നിർബന്ധങ്ങൾക്കൊടുവിൽ ചാവറയച്ചൻ വഴങ്ങി.

1870 നവംബറിൽ ആർച്ച്ബിഷപ്പും ലെയോപോൾഡച്ചനും വത്തിക്കാനിൽ നിന്നു മടങ്ങിയെത്തി. ഒരുപാടു നാളുകൾക്കുശേഷം ആത്മീയഗുരുവിനെ കണ്ട ചാവറയച്ചന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ചാവറയച്ചന്റെ തളർന്നുവിവശമായ രൂപം കണ്ട് ലെയോപോൾഡ് മിഷനറി വിങ്ങിക്കരഞ്ഞു. അദ്ദേഹം ഓടിവന്ന് ചാവറയച്ചനെ കെട്ടിപ്പിടിച്ചു. അവശത വകവയ്ക്കാതെ അവർ മണിക്കൂറുകളോളം സംസാരിച്ചു.

കുറച്ചുകൂടി നല്ല അന്തരീക്ഷത്തിൽ ആരോഗ്യം ഒന്നു മെച്ചപ്പെടുമെന്നു കരുതി ചാവറയച്ചനെ അമ്പഴക്കാട് ആശ്രമത്തിലേക്കു മാറ്റി. അവിടെയെത്തിയപ്പോൾ ആരോഗ്യം ഒന്നുകൂടി വഷളാകുകയാണ് ചെയ്തത്. അതോടെ അദ്ദേഹത്തെ തിരികെ കൂനമ്മാവിലേക്കു കൊണ്ടുപോന്നു. ആരോഗ്യം ക്ഷയിക്കുമ്പോഴും അദ്ദേഹത്തിന്റെ ആത്മീയതീക്ഷ്ണത വളരുകയായിരുന്നു. കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ആത്മീയകാര്യങ്ങൾ മാത്രമേ സംസാരിക്കാവൂ എന്ന് മുറിയുടെ മുന്നിൽ സന്ദർശകർക്കായി അറിയിപ്പു തൂക്കി. തന്നെയോർത്തു സങ്കടപ്പെടരുതെന്ന് ലെയോപോൾഡ് മിഷനറിയെ ഉദ്ബോധിപ്പിച്ചു. "നമുക്ക് നമ്മുടെ കർത്താവായ ദൈവമുണ്ടെങ്കിൽ ദുഃഖിക്കേണ്ട കാര്യമില്ല. ദുഃഖിക്കരുത്, മറ്റുള്ളവരെ ദുഃഖിപ്പിക്കുകയുമരുത്. മനുഷ്യന്റെ ദുഃഖം ദൈവത്തെയും ദുഃഖിപ്പിക്കും".

1871 ജനുവരി രണ്ട്. ചാവറയച്ചൻ കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിച്ചു. ഉച്ചയോടെ അദ്ദേഹം വല്ലാതെ അവശനായി. ലെയോപോൾഡച്ചൻ അൾത്താരയ്ക്കു മുന്നിൽ കരഞ്ഞു പ്രാർഥിച്ചു. ചാവറയച്ചനുവേണ്ടി പ്രത്യേകം പ്രാർഥിക്കണമെന്ന് ഒരു കുറിപ്പ് അദ്ദേഹം കന്യാസ്ത്രീമഠത്തിലേക്കു കൊടുത്തയച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ ചാവറയച്ചൻ അന്ത്യകൂദാശ വേണമെന്ന് ആവശ്യപ്പെട്ടു. ലെയോപോൾഡച്ചനിൽ നിന്നു കൂദാശ സ്വീകരിക്കണമെന്നായിരുന്നു ചാവറച്ചന്റെ ആഗ്രഹം. ആകെ തകർന്നുപോയിരുന്ന മിഷനറി തനിക്കതിനു വയ്യെന്നു പറഞ്ഞൊഴിഞ്ഞു. ആശ്രമവാസികളെല്ലാം ചാവറയച്ചന്റെ കട്ടിലിനരികിലുണ്ട്. വിഷാദം തളംകെട്ടിയ മുഖങ്ങൾ. ചിലർ കരയുന്നു. തലയിണയിൽ ചാരിയിരുന്ന്, തല നിവർത്തിവയ്ക്കാൻ പാടുപെട്ടുകൊണ്ട് ചാവറയച്ചൻ മന്ത്രിച്ചു: "നിങ്ങളെന്തിനു ദുഃഖിക്കുന്നു. ആരുതന്നെയായാലും മനുഷ്യൻ മരിക്കാനുള്ളവനാണ്. എനിക്കുള്ള സമയം ആഗതമായിരിക്കുന്നു. ഈ സമയത്തിനായി ഞാൻ എന്നെത്തന്നെ ഒരുക്കുകയായിരുന്നു ഇത്രയും കാലം. നമ്മുടെ ഈ പാവപ്പെട്ട സഭയെയും നിങ്ങളെയോരോരുത്തരെയും ഞാൻ തിരുക്കുടുംബത്തിനു സമർപിക്കുന്നു. എന്റെ മരണത്തെക്കുറിച്ചോർത്തു ദുഃഖിക്കരുത്. ദൈവതിരുമനസ്സിന് സന്തോഷത്തോടെ കീഴ്വഴങ്ങുക. എന്നെക്കാൾ കൂടുതലായി നിങ്ങൾക്കു നന്മ വരുത്താൻ കഴിവുള്ള പുതിയൊരു പ്രിയോരച്ചനെ ദൈവം തരും. ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ജീവജലം കോരിയെടുക്കുക. സഭാംഗങ്ങളെല്ലാവരും പരസ്പരം ഉപവിയുള്ളവരായിരിക്കുക. അപ്പോൾ നമ്മുടെ സഭ വഴി ദൈവത്തിനു സ്തുതിയും ആത്മാക്കൾക്കു രക്ഷയും ഉണ്ടാകുകയും സഭ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും."

കൂനമ്മാവ് ആശ്രമത്തിന്റെ വികാരിയായ ഔസേപ്പച്ചനിൽ നിന്ന് അദ്ദേഹം അന്ത്യകൂദാശ സ്വീകരിച്ചു. ലെയോപോൾഡച്ചൻ രാത്രി മുഴുവൻ പ്രാർഥനയിൽ കഴിച്ചുകൂട്ടി. പുലർച്ചയുടെ യാമങ്ങളിലെപ്പോഴോ അദ്ദേഹം ചാവറയച്ചന്റെ മുറിയിൽ കയറി, ഏതാനും വാക്കുകൾ സംസാരിച്ചു. ഭാരം നിറഞ്ഞ ഹൃദയവുമായി അദ്ദേഹം തിരിച്ചുനടന്നു.

1871 ജനുവരി 3-ാം തീയതി രാവിലെ ഏഴരയോടെ കൂനമ്മാവ് ആശ്രമദൈവാലയത്തിൽ കുർബാന നടന്നുകൊണ്ടിരിക്കെ, ദൈവത്തിനും ദൈവജനതയുടെ ക്ഷേമത്തിനുമായി ഈ ലോകത്തിൽ താൻ പടുത്തുയർത്തി നോക്കിനടത്തിയതിനെയെല്ലാം ഉപേക്ഷിച്ച് ചാവറയച്ചൻ യാത്രയായി.



സമാനതകളില്ലാത്ത മഹാദൗത്യം

തങ്ങളുടെ സ്വപ്നങ്ങൾ യാഥാർഥ്യമാകുന്നതും അതിന് പൊന്തിഫിക്കൽ അംഗീകാരം ലഭിക്കുന്നതും കാണാൻ കാത്തുനിന്നില്ല പാലയ്ക്കലച്ചനും പോരൂക്കരയച്ചനും. റോമിന്റെ അംഗീകാരം നേടിയെടുക്കുന്നതുവരെ കർമലീത്താ സഭയെ നയിക്കാൻ ചാവറയച്ചനുണ്ടായിരുന്നു. എന്നാൽ ലോകത്തിന്റെ മുക്കിലും മൂലയിലും സ്നേഹത്തിന്റെ ദൗത്യവുമായി സഭ പടർന്നുപന്തലിക്കുന്നതു കാണാൻ അദ്ദേഹത്തിനുമായില്ല. മോശയുടെയും വിധി അതായിരുന്നല്ലോ. വ്യക്തികൾ അനിവാര്യരല്ല, ദൈവം ഭരമേല്പിച്ച ദൗത്യമാണ് പരമപ്രധാനം എന്ന ബോധ്യം അവർക്കെല്ലാമുണ്ടായിരുന്നു.

അമരനായകർ ഓരോരുത്തരായി ദൈവസമക്ഷത്തിങ്കലേക്കു വിടവാങ്ങുമ്പോഴും അവശേഷിച്ചവർ പതറിയില്ല. പ്രയാണവേഗം മന്ദീഭവിച്ചില്ല. ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് സമർപണബുദ്ധിയോടെ, വർധിതവീര്യത്തോടെ ദൗത്യം തുടരുകയാണ് ഓരോരുത്തരും ചെയ്തത്. അത്ര സുവ്യക്തമായിരുന്നു അവരുടെ ദർശനം, അത്ര സുദൃഢമായിരുന്നു അവരുടെ വിശ്വാസം. അത്രമേൽ സുഘടിതമായിരുന്നു സഭാദൗത്യത്തിന് അവർ സ്ഥാപിച്ച അടിസ്ഥാനശിലയും ചട്ടക്കൂടും. അത്ര അചഞ്ചലമായിരുന്നു ഓരോ ഗുരുവര്യനും ശിഷ്യരിലേക്കു പകർന്നു നൽകിയ വിശ്വാസതീക്ഷ്ണതയും ദിശാബോധവും. അവരുടെ സ്വപ്നങ്ങളും കരവിരുതും അവരുടേതായിരുന്നില്ല, സർവശക്തനായ ദൈവത്തിന്റേതായിരുന്നു.

വലിയ പ്രിയോരച്ചന്റെ ദർശനങ്ങൾക്കും സ്നേഹദൗത്യത്തിനും തുടർച്ചയേകാൻ പോന്നവരാണു തങ്ങളെന്ന് അമലോത്ഭവമാതാവിന്റെ ദാസരായ കർമലീത്താ വൈദികരും സന്ന്യാസിനികളും പ്രവൃത്തിനിർഭരമായ വിശ്വാസജീവിതത്തിലൂടെ തെളിയിച്ചു. തിരുഹൃദയത്തിൽ നിന്നു ജീവൻ സ്വാംശീകരിച്ച്, പരസ്പരം സ്നേഹിച്ച്, അത്രമേൽ തന്നെ ലോകത്തെ സ്നേഹിച്ച് അവർ വിശ്വമാനവികതയുടെ സ്നേഹദൗത്യം അഭംഗുരം തുടർന്നു. അപരിമേയനായ കർത്താവിന് അളവില്ലാത്ത സ്തുതിയും അസംഖ്യം ആത്മാക്കൾക്കു രക്ഷയും ക്രൈസ്തവരും അക്രൈസ്തവരുമായ ലക്ഷക്കണക്കിനാളുകൾക്ക് ജീവിതമാർഗവും അവരിലൂടെ കൈവന്നു.

വിശ്വാസതീക്ഷ്ണതയാലുരുകിയ രണ്ടു വൈദികശ്രേഷ്ഠരുടെയും ഒരു ശെമ്മാശന്റെയും ഒരു അൽമായസഹോദരന്റെയും സമർപിതവേലയിലൂടെ 1820 കളിൽ ഉരുത്തിരിഞ്ഞ പ്രേഷിതസഭ. മധ്യകേരളത്തിലെ കോട്ടയം പട്ടണത്തിനു തൊട്ടുകിടക്കുന്ന മാന്നാനം കുന്നിൻമുകളിൽ 1831 മേയ് 11 ന് അത് അമലോത്ഭവമാതാവിന്റെ ദാസസംഘമായി രൂപം കൊണ്ടു. 1860 ൽ യൂറോപ്പിലെ കർമലീത്താ നിഷ്പാദുക സംഘത്തിന്റെ (ഒ.സി.ഡി.) ഭാഗമായി കർമലീത്താ നിഷ്പാദുക മൂന്നാം സംഘം (ക.നി.മൂ.സ.) എന്നു പേരു മാറ്റം. 1885 ൽ പൊന്തിഫിക്കൽ അംഗീകാ





ഫാദർ ലെയോപ്പോൾഡ് ബൊക്കാറോ ഒ.സി.ഡി. 1837-1914. ഇറ്റാലിയൻ മിഷനറിയായിരുന്ന ലെയോപ്പോൾദച്ചൻ ചാവറയച്ചന്റെ ആത്മനിയന്താവായിരുന്നു. സി.എം.സി. സന്ന്യാസിനീസഭ സ്ഥാപിക്കുന്നതിന് ചാവറയച്ചനൊപ്പം ശ്രദ്ധേയമായ പങ്കു വഹിച്ചു. 16 വർഷത്തോളം മലബാറിൽ സേവനമനുഷ്ഠിച്ചു.

രം. 1958 ൽ കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (സി.എം.ഐ.) എന്ന ഇപ്പോഴത്തെ പേരു സ്വീകരിച്ചു. 1967 ൽ പൊന്തിഫിക്കൽ എക്സൈംപ്ഷൻ ലഭിച്ചു.

ചാവറയച്ചനും ലിയോപോൾഡ് ബെക്കാരോ എന്ന ഇറ്റാലിയൻ മിഷനറി വൈദികനും ചേർന്ന് 1866 ൽ സ്ഥാപിച്ച കർമലമാതാവിന്റെ ദാസിസംഘം (കോൺഗ്രിഗേഷൻ ഓഫ് മദർ കാർമൽ- സി.എം.സി.) കേരളത്തിലെ ആദ്യത്തെ തദ്ദേശീയ ക്രൈസ്തവ സന്ന്യാസിനി സഭയായി. അതു പിന്നീട് സി.എം.സി., സി.ടി.സി. എന്നീ രണ്ടു ശാഖകളായി വളർന്നു. കേരളത്തിലെ സ്ത്രീകളുടെ പുരോഗതിയിൽ അതുല്യമായ പങ്കാണ് ഈ സന്ന്യാസിനിസമൂഹങ്ങൾ വഹിച്ചത്. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമൂഹിക നിലവാരം, സ്വയംപര്യാപ്തത, സ്വാതന്ത്ര്യം, സാമ്പത്തിക ശാക്തീകരണം തുടങ്ങിയ മേഖലകളിലെല്ലാം അവരുടെ ഇടപെടലിലൂടെ അസൂയാവഹമായ വളർച്ചയാണുണ്ടായത്. കേരളത്തിന്റെ സാമൂഹ്യപരിണാമത്തിനു ഗതിവേഗം കൂട്ടുകയായിരുന്നു ഈ ഇടപെടലുകൾ.

മൈക്രോഫൈനാൻസ്, മൈക്രോക്രെഡിറ്റ്, റൂറൽ ഓൻട്രപ്രണർഷിപ്പ് എന്നൊക്കെ സാമ്പത്തികശാസ്ത്രവിശാരദർ പറഞ്ഞുതുടങ്ങുന്നതിനും ഒരു നൂറ്റാണ്ടു മുമ്പ് ചാവറയച്ചനും പിൻഗാമികളും ഈ വഴികളിലൂടെ കേരളത്തിന്റെ ഉൾഗ്രാമങ്ങളിൽ നിശ്ശബ്ദവിപ്ലവം തീർക്കുകയായിരുന്നു.

ഇന്ന് സി.എം.ഐ. സഭ 22 രാജ്യങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തുന്നു. 14 പ്രോവിൻസുകളിലായി ആറു ബിഷപ്പുമാരും 1600 വൈദികരും അടക്കം മൂവായിരത്തിലേറെ പേരാണ് ഈ സ്നേഹസേനയിലുള്ളത്.

സി.എം.സി. സന്ന്യാസിനികൾ ആറു റീജിയനുകളിലെ 20 പ്രോവിൻസുകളിലായി 6300 സന്ന്യാസിനികളുള്ള സ്നേഹസൈന്യമായി വളർന്നിരിക്കുന്നു. അമേരിക്ക, ഇറ്റലി, ജർമനി എന്നീ വികസിത രാജ്യങ്ങളിലും അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഇന്ത്യയിലെയും ആഫ്രിക്കയിലെയും അവികസിത പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ അവർ ചെയ്യുന്ന സേവനം വാക്കുകളാൽ വർണിക്കാവുന്നതല്ല.

അറിവിന്റെയും വായനയുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞ ചാവറയച്ചന്റെ പിൻഗാമികൾ ഇന്നു നേതൃത്വം നൽകുന്ന വിദ്യാഭ്യാസ സംരംഭങ്ങൾ അസംഖ്യമാണ്. അവികസിത ഉൾപ്രദേശങ്ങളിലെ പ്രാഥമികവിദ്യാലയങ്ങൾ മുതൽ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വരെ വിവിധ തലങ്ങളിലും നിലവാരത്തിലുമായി ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിച്ചുകൊണ്ട് ആ മഹാനദി ഒഴുകുന്നു.

ക്രൈസ്തവവിജ്ഞാനീയത്തിനും സഭാപോഷണത്തിനുമായി നിരവധി വിജ്ഞാന-സംവാദകേന്ദ്രങ്ങളിലൂടെ തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങളിലും കാനൻ നിയമ (സഭാനിയമം) പരിഷ്കരണങ്ങളിലും സി.എം.ഐ. സഭ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നു. ബാംഗ്ലൂർ-ധർമ്മാരാം, വാർധ-ദർശന, ഭോപ്പാൽ-സമന്വയ, അമേരിക്കയിലെ ലിബർട്ടിയിലുള്ള സ്പിരിചാലിറ്റി സെന്റർ, റോമിലെ സെന്റർ ഫോർ ഇന്ത്യൻ ആൻഡ് ഇന്റർകൾച്ചറൽ സ്റ്റഡീസ്, ആഫ്രിക്കയിലെ നമീബിയയിലുള്ള റീജിയനൽ മേജർ സെമിനാരി എന്നിവ ചില പേരുകൾ മാത്രം. സഭയുടെ വളർച്ചയിൽ അതുല്യമായ സംഭാവനകൾ നൽകുന്നതിനിടയിലും മതാതീതമായ പ്രേഷിത പ്രവർത്തനത്തിലൂടെ ചാവറയച്ചന്റെ ദാർശനികഗരിമയും മതത്തെക്കാൾ വലുത് മനുഷ്യനാണ് എന്ന ആശയവും ലോകത്തിന്റെ എല്ലാ കോണുകളിലേക്കും സംവഹിക്കുന്നു.

വൈജ്ഞാനിക, സൈദ്ധാന്തിക, ദൈവശാസ്ത്ര മേഖലകളിലെ മഹാമേരുക്കളായ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ നടത്തുന്ന

അതേ ഗൗരവത്തോടെയും സമർപണത്തോടെയും തന്നെ അധഃസ്ഥിത ജനങ്ങൾക്കായി സാക്ഷരതാ പ്രവർത്തനങ്ങളും പ്രാഥമികവിദ്യാലയങ്ങളും സ്വയംസഹായസംഘങ്ങളും ആതുരാലയങ്ങളും ഉപവികേന്ദ്രങ്ങളും സഭാംഗങ്ങൾ നടത്തുന്നുണ്ട്. ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ പ്രദേശങ്ങളിലും നമീബിയ, കെനിയ, പെറു, പാപ്പുവ ന്യൂഗിനി, മഡഗാസ്കർ, ഘാന, നേപ്പാൾ മുതലായ അവികസിത രാജ്യങ്ങളിലും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളാണ് എണ്ണത്തിലും വണ്ണത്തിലും മുന്നിൽ.

സുവിശേഷവത്കരണം കർമലീത്താസഭയ്ക്ക് ഒരു ജീവിതശൈലിയാണ്—മനുഷ്യരെ കൂടുതൽ നല്ല മനുഷ്യരാകാൻ സഹായിക്കുന്ന ജീവിതശൈലി. അതൊരു ദൗത്യമാണ്, സ്നേഹദൗത്യം. ചുറ്റുമുള്ളവരിലേക്കു പടരുന്ന സ്നേഹത്തിന്റെ, ആനന്ദം വിതയ്ക്കുന്ന സ്നേഹത്തിന്റെ ദൗത്യം. സ്നേഹത്തിന്റെ, ആനന്ദത്തിന്റെ, ആഴമേറിയ ബോധ്യങ്ങളുടെ, സമ്പൂർണസമർപണത്തിന്റെ ആ ദൗത്യം കാടുകളും കടലുകളും താണ്ടി കാതങ്ങളോളം സഞ്ചരിച്ചിരിക്കുന്നു. യേശുനാഥൻ പ്രഘോഷിച്ച സ്നേഹത്തിന്റെ സന്ദേശം ലോകമെങ്ങും പ്രസരിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

മതനിരപേക്ഷമായ സ്നേഹം കൊണ്ട് സമൂഹത്തിന്റെ വളർച്ചയ്ക്ക് അതുല്യസംഭാവനകൾ നൽകിയ ഭാരതപുത്രനെ ആദരിച്ചുകൊണ്ട് രാജ്യം ചാവറയച്ചന്റെ ചിത്രം ആലേഖനം ചെയ്ത തപാൽ സ്റ്റാമ്പ് തിരുവനന്തപുരത്ത് വച്ച് രാഷ്ട്രത്തിന് സമർപ്പിച്ചു. 1987 ഡിസംബർ 20 ന് സ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ട് അന്നത്തെ രാഷ്ട്രപതി ഡോ. ആർ. വെങ്കിട്ടരാമൻ പറഞ്ഞത് ഇങ്ങനെയാണ്: "ചാവറയച്ചനെ പോലുള്ള ചുരുക്കം ചില



1987 ഡിസംബർ 20 ന് ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ തപാൽ സ്റ്റാമ്പ്




2014 നവംബർ 23 ന് ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ഫ്രാൻസീസ് മാർപാപ്പ

മനീഷികൾക്കേ ഭാരതത്തിന്റെ കഴിഞ്ഞ കാലത്തെ അതിന്റെ ഭാവിഭാഗധേയവുമായി ബന്ധിപ്പിക്കാൻ അറിയാമായിരുന്നുള്ളു. ഭാരതത്തിന്റെ ഭാവി തിരുത്തിക്കുറിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരതത്തിന്റെ പുരാതനമായ ജ്ഞാനസമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്തു അദ്ദേഹം."

തദ്ദേശവത്കരണം എന്ന ഈ ഉത്കൃഷ്ട പൈതൃകം—ഓരോരോ ജനതകളോടും അവരുടെ പാരമ്പര്യങ്ങളോടുമുള്ള അകൈതവമായ ആദരം— ലോകമെങ്ങുമുള്ള മിഷൻ പ്രവർത്തനങ്ങളിൽ കർമലീത്താസഭയ്ക്ക് എന്നും മാർഗദീപമാണ്.

ദുരിതമനുഭവിക്കുന്നവർക്ക് ദൈവത്തിന്റെ അനുഗ്രഹം ലഭിക്കുന്നതിനായി മധ്യസ്ഥത വഹിക്കാനുള്ള ചാവറയച്ചന്റെ വരസിദ്ധി കത്തോലിക്കാസഭ തിരിച്ചറിഞ്ഞ് അംഗീകരിച്ചു. 1986 ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇന്ത്യ സന്ദർശിച്ച വേളയിൽ ഫെബ്രുവരി 8 ന് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി ഉയർത്തി. 2014 നവംബർ 23 ന് ചാവറയച്ചനെയും എവുപ്രാസ്യാമ്മയെയും ഫ്രാൻസീസ് മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചു.



നിശബ്ദമായ തിരുത്തിയെഴുത്തുകൾ


ചാവറയച്ചൻ ഒരു നാടിന്റെ ആകാശം

വിശുദ്ധ ചാവറ-
പ്രവാചക ദാർശനികതയുടെ കവി

സി. രാധാകൃഷ്ണൻ

പ്രപഞ്ചസൃഷ്ടിയുടെ തുടക്കം വചനമായിരുന്നു. പിന്നെ ആ വചനം പ്രപഞ്ചത്തെ സൃഷ്ടിച്ചു. തുടർന്ന്, ലോകം നേരായ വഴിയിൽനിന്ന് മാറിപ്പോകുമ്പോഴെല്ലാം പ്രവാചകർ ശരിയായ മാർഗം ചൂണ്ടിക്കാണിക്കാൻ വചനത്തെത്തന്നെ ഉപയോഗിച്ചു. സ്നേഹത്തോടും നീതിയോടും മനുഷ്യനുള്ള വൈകാരികമായ ആഭിമുഖ്യത്തിന്റെ ഏറ്റവും നല്ല ആവിഷ്കാരങ്ങൾ വാക്കുകളിലും, വിശേഷിച്ച് കവിതയിലും, ആയിപ്പോയതിൽ അതിനാൽ അത്ഭുതമില്ല. കവികൾ പണ്ടേതന്നെ അനുഗൃഹീതരായി പരിഗണിക്കപ്പെടുന്നു, അവരുടെ ദർശനം പ്രവചനാത്മകമായും. കവി എന്ന സംസ്കൃതപദത്തിന്റെ ധാത്വർഥം സമയാതിവർത്തിയായി സർവം കാണുന്നവൻ എന്നാണ്. മാത്രമല്ല, കവികളെ തിരിച്ചറിഞ്ഞിരുന്നത് 'നാനൃഷി കവി' എന്ന സൂത്രവാക്യത്തിന്റെ വെളിച്ചത്തിലാണ്. അതായത്, ഋഷിയല്ലാത്ത ആരും കവിയാവില്ല എന്ന്.

കവികൾ ദീപസ്തംഭങ്ങളാണ്, അവർ ഇരുട്ടിൽ നേർവഴി കാണിക്കുന്നു. ഈ ഉപഭൂഖണ്ഡത്തിലെ നവോത്ഥാനത്തിന്റെ പൊതുനിലവാരത്തിനു വളരെ മുകളിലാണ് കേരളത്തിന്റെ സ്ഥാനമെങ്കിൽ അതിനു കാരണം ഈ ദീപസ്തംഭങ്ങൾ പണ്ടേതന്നെ ഇവിടെ സുപ്രതിഷ്ഠിതങ്ങളായിരുന്നു എന്നതാണ്. അനുഗൃഹീത ചാവറയച്ചൻ പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ജനിച്ചതെന്ന വസ്തുത ശ്രദ്ധാർഹമാണ്. അത് ശ്രീനാരായണഗുരുവിനും ചട്ടമ്പിസ്വാമികൾക്കും ഏതാണ്ട് അമ്പതു കൊല്ലം മുൻപാണ്. കടിഞ്ഞാണയഞ്ഞ ഹേതുവാദത്തിൽ നിന്ന് ലോകം ഏറെക്കുറെ മുക്തമായി കാല്പനികമായ ഒരു ആസ്തിക ഉണർവിലേക്കു വരുന്ന കാലം. ഇതിന്റെ തെളിവുകളായി





ദേശീയതാവബോധവും സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള വെമ്പലും എങ്ങെങ്ങും ഉറവപൊട്ടുന്നുണ്ടായിരുന്നു.

കവിത രചിച്ചതിനു പുറമെ ചാവറയച്ചൻ എന്ന കവി തന്റെ കവിത മാത്രമല്ല എല്ലാ പ്രവാചകവചനങ്ങളും, കാതോടുകാതോരത്തിനതീതമായും വ്യാപകമായും പ്രചരിപ്പിക്കാൻ ഭഗീരഥപ്രയത്നം നടത്തി എന്നത് വളരെ പ്രസക്തമാണ്. വ്യവസായ വിപ്ലവത്തിന്റെ ഫലമായി അച്ചടിയന്ത്രം ഇവിടെയും എത്തിയിരുന്നു. കടലാസ്സും വന്നിരുന്നു. കാളവണ്ടിയാത്രയിൽ നിന്ന് ബഹിരാകാശവാഹനം ഓടിക്കുന്നിടത്തേക്കുള്ളത്ര വലിയ എടുത്തുചാട്ടമായിരുന്നു താളിയോലയിലെ എഴുത്തിൽനിന്ന് അച്ചടിയിലേക്കുള്ള മാറ്റം. മാന്നാനത്ത് ഒരു അച്ചുകൂടം സ്ഥാപിക്കാൻ അനുഗൃഹീത ചാവറയച്ചൻ സഹിച്ച യാതനകളും നടത്തിയ ഐതിഹാകസികശ്രമവും അദ്ദേഹത്തിന് വചനപ്രചാരണത്തിൽ എത്രത്തോളമാണ് താല്പര്യമുണ്ടായിരുന്നതെന്ന് കാണിക്കുന്നു. അച്ചടിച്ച വചനം സ്ഥലകാലങ്ങളെ അതിജീവിക്കാൻ കെല്പുള്ള സഞ്ചിതമായ വിദ്യാഭ്യാസസാമഗ്രിയാണെന്ന് തിരിച്ചറിയാനുള്ള ദൂരക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു.

വില്പനക്കാർ, സാമാന്യമായി പറഞ്ഞാൽ, അവർ വിൽക്കുന്ന സാമഗ്രിയിൽ യാഥാർഥ താൽപര്യം ഉള്ളവരായിരിക്കണമെന്നില്ല. വില്പനയുടെ അളവിനെയാണല്ലോ അവരവരുടെ കഴിവിന് നിദാനമായി പരിഗണിക്കാറ്. പക്ഷേ, ദൈവസന്ദേശത്തിന്റെ പ്രചാരണം മറ്റൊന്നാണ് എന്ന് അനുഗൃഹീത ചാവറയച്ചന് തീർത്തറിവുണ്ടായിരുന്നു. കൈകാര്യം ചെയ്യുന്നവന് താൻ പ്രതിനിധീകരിക്കുന്ന കാര്യത്തിൽ കറതീർന്ന ഗുണബോധ്യവും ആത്മാർഥമായ അർപണവും ആവശ്യമാണ്. കാരണം, നൽകപ്പെടുന്നത് കൈകളിൽനിന്ന് കൈകളിലേക്കല്ല. പിന്നെയോ, ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്കാണ്. വേറെയും പ്രശ്നങ്ങളുണ്ടായിരുന്നു, കാളവണ്ടിയൊ നാടൻവള്ളമൊ മാത്രമേ യാത്രയ്ക്കുള്ളു. അതുകൊണ്ട് എത്ര ശ്രമിച്ചാലും എത്തിപ്പെടാവുന്ന ഇടം വളരെ പരിമിതമാണ്. ടെലിഫോണും കമ്പിയില്ലാക്കമ്പിയും അപ്പോഴും വരാനിരുന്നതേ ഉള്ളു.

പുരാതനകാലത്ത് എത്ര മനോഹരമായിരുന്നു ചിത്രമെന്നിരുന്നാലും, പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളം എന്ന് ഇന്നറിയപ്പെടുന്ന ഭൂഭാഗത്തു നിലവിലിരുന്ന സാമൂഹികാവസ്ഥ അടിമുടി ജുഗുപ്സാവഹമായിരുന്നു-സ്വാമി വിവേകാനന്ദനെക്കൊണ്ട് ഭ്രാന്താലയം എന്നു പറയിപ്പിക്കത്തക്ക അളവിൽ. ചാതുർവർണ്യത്തിന്റെ സംഭാവനകളായ ഉച്ചനീചത്വങ്ങൾ നടമാടി, അന്ധവിശ്വാസങ്ങൾ നാടുവാണു. വിശ്വാസദാർഢ്യം ഒന്നു മാത്രം നിലനിർത്തിയാലല്ലാതെ ഒരു വിശ്വാസപ്രചാരകന് താൻ ശുശ്രൂഷിക്കുന്നവരിൽ മതിയായ വിശ്വാസസ്ഥൈര്യം ജനിപ്പിക്കാൻ കഴിയുകയില്ല.

ഈ പരിതസ്ഥിയിലാണ് ചാവറയച്ചന്റെ സർഗരചനകൾ സന്ദേശവാഹകർക്കും സന്ദേശസ്വീകർത്താക്കൾക്കും സവിശേഷാനുഭവമായി തീരുന്നത്. *ആത്മാനുതാപം* മഹാകാവ്യംതന്നെ ഏറ്റവും നല്ല ഉദാഹരണം. അദ്ദേഹത്തിന്റെ രചനകളിൽ ഏറ്റവും വലുതും മുൻപന്തിയിൽ നിൽക്കുന്നതും ഇതാണ്. ഹൃദയത്തിലെ പശ്ചാത്താപചിന്ത എന്നും പാപബോധമുള്ള ഹൃദയത്തിന്റെ രോദനം എന്നുമൊക്കെയാണ് ആത്മാനുതാപം എന്ന വാക്കിന് സാധാരണയായി പറയാറുള്ള അർഥം. വാസ്തവത്തിൽ അനുതാപം എന്നത് അനുകമ്പ എന്നപോലെ സഹാനുഭൂതി എന്നും ആത്മാവ് എന്നത് സ്വത്വം അഥവാ ഉള്ളം എന്നുമാണ് വിവക്ഷിക്കുന്നത്. അപ്പോൾ ആത്മാനുതാപം എന്നാൽ ഹൃദ



യത്തിൽ സഹാനുഭൂതി നിറഞ്ഞ അവസ്ഥ എന്നു സാരം. മുഴുവൻ മനുഷ്യവർഗത്തിന്റെയും സകലമാന ദുരിതങ്ങളും തന്റെ ഹൃദയത്തിൽ ഏറ്റെടുത്ത പ്രവാചകന്റെ മനോനിലയുടെ എറ്റവും മികച്ച രത്നച്ചുരുക്കം!

യേശുദേവന്റെ ജനനം മുതൽ സ്വർഗാരോഹണം വരെ ഉള്ള ജീവിതകഥയും യേശുദേവന്റെ സ്വർഗാരോഹണം മുതൽ തന്റെ സ്വർഗപ്രവേശം വരെയുള്ള മേരിയുടെ ജീവിതകഥയുമാണ് കൃതിയിലെ പ്രതിപാദ്യം. വിവിധ മലയാളവൃത്തങ്ങളിലായി 4023 പാദങ്ങളുള്ള സുദീർഘരചനയാണിത്. അനുഗൃഹീത ചാവറയച്ചൻ സംസ്കൃതഭാഷയിൽ പ്രവീണനായിരുന്നു എങ്കിലും ഈ രചനയിൽ സംസ്കൃതപദങ്ങളും വൃത്തങ്ങളും അവയുടെ തികഞ്ഞ അഭാവംകൊണ്ടേ മുഴച്ചുനിൽക്കുന്നുള്ളു.

അക്കാലത്ത് മലയാളത്തിലെ എഴുത്തിൽ നിലനിന്ന പ്രവണതകൾ മുഴുവലിപ്പത്തിൽ കണക്കിലെടുത്ത് താരതമ്യം ചെയ്തില്ലെങ്കിൽ ഈ കൃതി സാധിച്ച വിപ്ലവകരമായ വ്യതിയാനം ശ്രദ്ധിക്കപ്പെടാതെ പോയേക്കാം. സംസ്കൃതത്തിന്റെ അതിപ്രസരംകൊണ്ട് മലയാളസാഹിത്യം ശ്വാസംമുട്ടുകയായിരുന്നു. സംസ്കൃതപദ്യശാഖയിൽ നിലനിന്ന ശബ്ദാലങ്കാരജടിലവും ക്ലിഷ്ടവുമായ രചനാരീതിയിൽ പരസ്പരം മത്സരിക്കയായിരുന്നു അന്നത്തെ എഴുത്തുകാർ. സാധാരണക്കാരുമായി ഇവരുടെ കൃതികൾക്ക് ഒരു ബന്ധവും ഉണ്ടായിരുന്നില്ല. കാരണം, സാധാരണക്കാരുടെ ഭാഷയ്ക്ക് ഇവരുടെ ഭാഷയുമായി പുലബന്ധംപോലും ഇല്ലായിരുന്നു. രണ്ടു നൂറ്റാണ്ടു മുമ്പ് തുഞ്ചത്തെഴുത്തച്ഛൻ അവതരിപ്പിച്ച ദ്രാവിഡവൃത്തങ്ങളും അദ്ദേഹം മലയാളഭാഷയുടെ ആത്മാവിനും സംസ്കൃതത്തിലെ അഭിരുചികൾക്കും ഉതകുംവിധം സ്വീകരിച്ച് ഉദാഹരിച്ച സംസ്കൃത-മലയാള പദമിശ്രരീതികളും തോതുകളും എന്നോ വിസ്മൃതമായിരുന്നു. അരാജകവും അന്യവൽകൃതവുമായിക്കഴിഞ്ഞിരുന്നു എഴുത്തത്രയും.

ചുരുക്കത്തിൽ സാഹിത്യം ചാതുർവർണ്യമേധാവിത്വത്തിന്റെ ഇരയായിപ്പോയിരുന്നു. തലയ്ക്കു മുകളിൽ മേൽക്കൂരയൊ, അന്തിക്ക് വിശപ്പടക്കാൻ ഭക്ഷണമൊ, പൊതുവഴിയിലൂടെ നടക്കാനുള്ള അവകാശം പോലുമൊ നഷ്ടപ്പെട്ട സാധാരണക്കാരന് ഇപ്പോൾ അവന്റെ ഭാഷയിൽ പാട്ടു പാടാനും പറ്റാതായി! ഓരോ ജാതിക്കാരനും ഓരോ പ്രത്യേക ആചാരഭാഷയും പദാവലിയും വ്യാകരണവും ഉച്ചാരണവും ഉപയോഗിച്ചു വേണം സംസാരിക്കാൻ! അതിനാൽ ഒരേ നാട്ടിൽ ഒരേ സമയം നിരവധി ഭാഷകൾ നിലനിന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന് ഇന്നറിയപ്പെടുന്ന ഇവിടെ സർവജനത്തിനും ഒരുപോലെ ഉപയോഗിക്കാവുന്ന മാനവഭാഷ ഉരുത്തിരിഞ്ഞു കിട്ടിയത് ചാവറയച്ചൻ ഉൾപ്പെടെയുള്ള സമർപിതമിഷനറിമാരുടെ പ്രവർത്തനഫലമായിട്ടാണ്.

ചാവറയച്ചന്റെ രചനകളായ, *മരണവീട്ടിൽ വായിക്കാനുള്ള പാനയും അനസ്താസ്യയുടെ രക്തസാക്ഷ്യവുമാണ്* മലയാളത്തിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിന് തുടക്കമിട്ടത്. ഒരു നൂറ്റാണ്ടിനുശേഷം മലയാളത്തിലെ കവിത്രയം ഈ കാവ്യശാഖയിൽ വ്യാപകമായി വിഹരിച്ച് മലയാളത്തെ സമ്പന്നമാക്കുകയുണ്ടായല്ലോ.

ചാവറയച്ചന്റെ പദസ്വീകാരനിഷ്കർഷ ഒന്നു പ്രത്യേകമാണ്. അദ്ദേഹത്തിന്റെ ഓരോ വാക്കും അനുവാചകമനസ്സിൽ അമ്പുപോലെ ഏൽക്കുന്നു. ജനപ്രിയവൃത്തങ്ങളിലും ശീലുകളിലും എഴുതപ്പെട്ട ഗാഥകൾ പെട്ടെന്ന് അർഥം ഗ്രഹിക്കാവുന്നവയും കേട്ടുതന്നെ കാണാപ്പാഠം പഠിക്കാവുന്നവയുമാണ്. അതിനാൽ നിരക്ഷരർപോലും അവയുടെ ഗുണഭോക്താക്കളായി. കവിതയെ അധഃസ്ഥിതരുടെ അരികിലേക്കു കൊണ്ടുപോവുക എന്ന വിദ്യ ഇരുപതാംനൂറ്റാണ്ടിൽ ആരും പുതുതായി കണ്ടുപിടിച്ചതല്ല. ഒരു പഴയ വിജയഗാഥയുടെ രഹസ്യം പുനരാവിഷ്കരിക്കപ്പെടുക മാത്രമായിരുന്നു എന്നർഥം.

ധ്യാനസല്ലാപങ്ങൾ എന്ന കൃതിയാണ് ഒരുപക്ഷേ, ചാവറയച്ചന്റെ ഹൃദയം തുറന്നു കാണാൻ ഏറ്റവും ഉതകുക. ഈ കൃതിയിൽ തെളിഞ്ഞുനിൽക്കുന്ന കവിമനസ്സിലെ ഏറ്റവും ആന്തരികമായ അനുഭൂതി ഒരു കൊച്ചു കുട്ടിയുടേതിനു തുല്യമായ നിഷ്കളങ്കതയാണ്. യേശുദേവനേയും ദൈവത്തെയും അപ്പാ എന്നാണ് വിളിക്കുന്നത്. ഏറ്റവും പ്രിയങ്കരവും അന്നുമിന്നും ഏറെ പ്രചാരമുള്ളതുമായ ഒരു അഭിസംബോധനാരീതിയാണത്. എല്ലാവർക്കും അറിയാവുന്നതും അതീവ സരളവുമായ എന്റെ എന്ന വിശേഷണം മിക്കപ്പോഴും ഈ സംബോധനയുടെ കൂടെ വരുന്നുമുണ്ട്. സംസാരഭാഷയെ അപ്പടി എഴുത്തുഭാഷയിലേക്ക് കൊണ്ടുവന്ന് ദൈവപ്രേമത്തിന്റെ നിലവാരത്തെ സർവപ്രകാരേണയുള്ള ദൈവതാദാത്മ്യമായി ഉയർത്തുന്നു. അച്ഛൻ എന്നതിന്റെ സംസ്കൃതിരൂപമാണ് പിതാവ്. നൂറ്റാണ്ടുകളായി പര്യായപദങ്ങളായി ഉപയോഗിച്ചുവരുന്ന സംസ്കൃതവാക്കുകൾപോലും അവയുടെ മലയാളതത്സമങ്ങൾക്ക് പകരം നിൽക്കാൻ ഇന്നും ത്രാണി



കൈവരിച്ചിട്ടില്ല എന്നോർക്കുക. ഉദാഹരണത്തിന്, ഇപ്പോഴും മോഷ്ടാവ് കള്ളനേക്കാൾ ചെറിയ കള്ളനാണ്, മത്സ്യബന്ധനം മീൻപിടുത്തത്തേക്കാൾ മേൽജാതിക്ക് സ്വീകാര്യമായ തൊഴിലുമാണ്.

അപ്പ എന്ന വാക്ക് ധ്യാനസല്ലാപങ്ങളിൽ മുപ്പത്തിരണ്ടു തവണ ഉപയോഗിച്ചുകാണുന്നു. കൃതിയുടെ ശൈലി സരളവും ഋജുവും വികസ്വരവും ഭാവോദ്ദീപകവുമാണ്. ആഴമേറിയ മിസ്റ്റിക് അനുഭൂതികളിലേക്ക് നയിക്കാൻ കഴിവുറ്റ ഈ രചനകൾ ഭക്തിപ്രസ്ഥാനത്തിലെ ഏറ്റവും മികച്ച സൃഷ്ടികളോളം കലാപരമായ മേന്മയും സൗന്ദര്യത്തികവും രസപൂർത്തിയും ഉള്ളവയാണ്.

ധ്യാനക്കുറിപ്പുകൾ വൈദികരുടെ ആത്മീയനവീകരണവേദികളിൽ ഉപയോഗിക്കുന്നതിന് തയ്യാറാക്കിയ പാഠങ്ങളാണ്. ദൈവവിളിമേൽ ധ്യാനം എന്നാണ് ചാവറയച്ചൻ ഇതിനു നൽകിയ ശീർഷകം. അർപണപൂർണതയിലേക്ക് അദ്ദേഹം അത്യധികം ആത്മാർഥതയോടെ തെളിയിക്കുന്ന വഴി യുവവൈദികർക്ക് അത്യുപകാരപ്രദമാണ്. യഥാർഥത്തിൽ പ്രായോഗികമെന്ന് നിരീക്ഷിച്ചും പരീക്ഷിച്ചും സ്വയം അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ മാത്രമേ ഗുരുനാഥർക്കും ഗുരുവായ അദ്ദേഹം അവതരിപ്പിക്കുന്നുമുള്ളൂ.

കവിയെന്ന നിലയ്ക്കും ദൈവഭക്തനെന്ന നിലയ്ക്കും അദ്ദേഹം അനുശാസിച്ച ഒരു പ്രധാനകാര്യം ദൈവപ്രേമം ദരിദ്രരും നിരക്ഷരരും നിരാധാരരുമായവർക്കുള്ള സേവനമായി സ്വയം പരിഭാഷപ്പെടണമെന്നാണ്. കഴിയുന്നത്രയും പാവങ്ങൾക്ക് നൽകാൻ തന്റെ അനുയായികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. സൗജന്യവും സാർവലൗകികവുമായ വിദ്യാഭ്യാസത്തിനായി അദ്ദേഹം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. വിദ്യാർഥികൾക്ക് ഉച്ചഭക്ഷണവും ഉടുപ്പും പുസ്തകവും സൗജന്യമായി നൽകണമെന്ന് ശഠിച്ച ആദ്യത്തെ വിദ്യാഭ്യാസ പ്രവർത്തകനും അദ്ദേഹമായിരുന്നു. നിരക്ഷരതയിൽ നിന്ന് കേരളം കരകയറിയതിൽ എന്തത്ഭുതം!

മറ്റുള്ളവർക്ക് ഒരു സേവനവും നൽകാത്ത ഒരു ദിവസവും നിങ്ങളുടെ ജീവിതത്തിന്റെ കണക്കിൽ ഉൾപ്പെടില്ലെന്നും മറ്റുള്ളവർ നിങ്ങളെ ഭയപ്പെടുന്നതിനു പകരം സ്നേഹിക്കുന്നതിലാണ് നിങ്ങൾക്ക് ജാഗരൂകത അനിവാര്യമെന്നും അദ്ദേഹം ഘോഷിച്ചു.

അദ്ദേഹം തുടർന്നു- തൊഴിലാളികളുടെ ന്യായമായ കൂലി വൈകിക്കുകയൊ നിഷേധിക്കുകയൊ ഒരിക്കലും അരുത്. എന്തുകൊണ്ടെന്നാൽ അത് ദൈവസിംഹാസനത്തിനു മുന്നിൽ പ്രതിവിധിക്കായി അലമുറയുയരാനിടയാക്കുന്ന അപരാധമാണ്. അവരുടെ കണ്ണീരിന് കണക്കു പറയാൻ ദൈവം നിശ്ചയമായും നിങ്ങളോടാവശ്യപ്പെടും.

കേരളത്തിൽ സംഭവിച്ച അത്ഭുതങ്ങൾ വിരലിലെണ്ണി നോക്കുക - പരിപൂർണസാക്ഷരത കൈവരിക്കുന്നതിൽ ഇന്ത്യാരാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ പിൻതള്ളി ഒന്നാമതെത്തിയത്, സമൂഹ നവോത്ഥാനത്തിനും സന്തുലിതവികസനത്തിനും ലോകത്തിനുതന്നെ മാതൃകയായി പരിണമിച്ചത്- എന്നിങ്ങനെ പോകുന്നു ആ പ്രത്യേകതകൾ. ഇതിനെല്ലാം മഹത്വ്യക്തിത്വങ്ങളുടെ ജീവിതവും പ്രവർത്തനങ്ങളും ചിന്തകളും എഴുത്തും നിഷ്കർഷയോടെ പരിശോധിച്ചാൽ ധാരാളം മതിയാവും. കൃതജ്ഞതാപൂർവം ആ മഹത്വത്തിന്റെ ഓർമയ്ക്കു മുന്നിൽ നമസ്കരിക്കുകയും ആവാം!



നവോത്ഥാന പാതയിൽ മുൻപേ നടന്ന ഒരാൾ


എം. ജി. എസ്. നാരായണൻ

ചാവറ കുര്യാക്കോസ് അച്ചൻ, വാഴ്ത്തപ്പെട്ട പിതാവ് എന്നൊക്കെ സാധാരണ നാം പറയാറുണ്ടെങ്കിലും, അദ്ദേഹം ജനിച്ച് വളർന്ന് സേവനം നടത്തിയ കാലഘട്ടത്തെക്കുറിച്ച് പലപ്പോഴും ഓർക്കാറില്ല എന്നതാണ് സത്യം. അദ്ദേഹം ജീവിച്ചത് പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിലായിരുന്നു. ഭാരതത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു കാലഘട്ടമായിരുന്നു അത്. പ്രതിസന്ധികൾ നിറഞ്ഞ കാലം. ആദ്യത്തെ സ്വാതന്ത്ര്യ സമരം നടന്നത് ആ നൂറ്റാണ്ടിന്റെ പകുതിയിലാണ്. വടക്കെ ഇന്ത്യയിലെ ഹൈന്ദവ സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ച രാജാ റാം മോഹൻ റായിയുടെ ബ്രഹ്മസമാജവും ബംഗാളിലും പഞ്ചാബിലും രാജസ്ഥാനിലുമൊക്കെ യാഥാസ്ഥിതിക ഹൈന്ദവ സമൂഹത്തിൽ കോളിളക്കം സൃഷ്ടിച്ച ദയാനന്ദ സരസ്വതിയുടെ ആര്യസമാജവുമൊക്കെ വലിയ പരിഷ്കാരങ്ങൾക്ക് തിരി കൊളുത്തിയ ഒരു കാലഘട്ടം കൂടിയാണത്. പിന്നീടാണ് കേരളത്തിൽ ശ്രീനാരായണ ഗുരുദേവന്റെ പരിഷ്കാരങ്ങൾക്ക് വഴിതെളിഞ്ഞത്. ചട്ടമ്പിസ്വാമികളും വാഗ്ഭടാനന്ദനും സഹോദരൻ അയ്യപ്പനുമെല്ലാമുണ്ടായിരുന്നു ഈ യത്നത്തിൽ ഗുരുദേവനൊപ്പം.

ഒരു ചരിത്ര വിദ്യാർഥി എന്ന നിലയിൽ പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്; നൂറ്റാണ്ടുകളായി ജാതിക്കുരുക്കിൽപ്പെട്ട് ജീർണിച്ചുകിടന്ന ഈ സമൂഹത്തിൽ എങ്ങനെ ഇത്ര പെട്ടെന്ന് പരിഷ്കരണ ശ്രമങ്ങൾ ഉണ്ടായെന്ന്. അതിൽ പ്രധാന ഘടകം ക്രൈസ്തവ മിഷനറിമാരുടെ വരവാണ് എന്നു നമുക്ക് കാണാം. ഒറ്റ നോട്ടത്തിൽ അവർ ഹൈന്ദവ സമൂഹത്തെ ഭീഷണിപ്പെടുത്തുകയും അവരെ ഭിന്നിപ്പിക്കുകയും ചെയ്തുവെന്ന് തോന്നിയേക്കാം. എന്നാൽ, വാസ്തവത്തിൽ പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്യൻ പാതിരിമാരുടെ വരവ് ക്രിസ്തുമതത്തിനു മാത്രമല്ല ഹിന്ദുമതത്തിനും ഇവിടെയുള്ള പൊതുവായ സംസ്കാരത്തിനുമൊക്കെ വലിയ നേട്ടങ്ങളാണുണ്ടാക്കിയത്.

ഇതുതന്നെയാണ് ബംഗാളിലും നേരത്തെ സംഭവിച്ചത്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ തലസ്ഥാനം കൽക്കട്ട ആയിരുന്നല്ലോ. അതുകൊണ്ടുതന്നെ അവിടെ ക്രൈസ്തവ മത പ്രചരണവും സജീവമായിരുന്നു. അതിന്റെ സ്വാധീനം രാജാറാം മോഹൻ റായിയുടെയും അദ്ദേഹത്തിന്റെ അനുയായികളുടെയും പ്രവർത്തനങ്ങളിൽ ദൃശ്യമായിരുന്നു. അങ്ങനെ പടിഞ്ഞാറു നിന്നു വന്ന ഈയൊരു കാറ്റാണ് അതുവരെ മയക്കത്തിൽ കഴിയുകയായിരുന്ന ഇന്ത്യൻ സമൂഹത്തെ ഉണർത്തിയതെന്നു കാണാം.

ഭാരതമാണ് ആധ്യാത്മികതയുടെയും ധാർമികതയുടെയുമെല്ലാം ഉറവിടമെന്ന് നമ്മൾ ഊറ്റം കൊള്ളാറുണ്ട്. പാശ്ചാത്യ





രാജ്യങ്ങളൊക്കെ ഉറക്കത്തിൽ കഴിഞ്ഞ കാലത്ത് നമ്മൾ ഉണർന്നിരിക്കുകയായിരുന്നു. യേശുദേവന്റെ ജനനത്തിന് ആയിരം വർഷങ്ങൾക്കു മുൻപ് തന്നെ ഭാരതത്തിൽ വേദങ്ങളുണ്ടായി. ഒരു അഞ്ഞൂറു വർഷങ്ങൾക്കു മുൻപു തന്നെ ഗൗതമ ബുദ്ധൻ അദ്ദേഹത്തിന്റെ യുക്തിചിന്തകളിലൂടെ അനാചാരങ്ങളെ എതിർത്ത് പുതിയ ചിന്താശ്രേണിക്ക് തുടക്കമിട്ടു.

എന്നാൽ, ഇതേസമയം തന്നെ നമ്മൾ ആലോചിക്കേണ്ട മറ്റൊരു സംഗതി കൂടിയുണ്ട്. പലപ്പോഴും നമ്മൾ ആലോചിക്കാൻ വിട്ടുപോകുന്ന ഒന്നാണത്. മുൻപന്തിയിൽ



നിൽക്കുന്നവർ നേരിടുന്ന ഒരു വലിയ പ്രശ്നമുണ്ട്. കുറേ കഴിയുമ്പോൾ അവർ ഓടിയോടി തളരും. മറ്റുള്ളവർ ആ സ്ഥാനത്തേക്ക് ഓടിയെത്തുകയും ചെയ്യും. അതു തന്നെയാണ് ഭാരതത്തിനും സംഭവിച്ചത്. പതിനാറാം നൂറ്റാണ്ടോടെ മാത്രമാണ് യൂറോപ്പിൽ സാമൂഹിക പരിഷ്കാരങ്ങളുടെയും നവോത്ഥാനത്തിന്റെയുമെല്ലാം ഫലമായി പാശ്ചാത്യസമൂഹം ഉണർന്നു വന്നത്. അപ്പോഴേക്കും ഭാരതം സാമൂഹികമായി ജീർണിച്ച അവസ്ഥയിലായി.

അന്നിവിടെ പുതിയ ഉണർവുണ്ടാക്കിയത് ആദ്യം പോർച്ചുഗീസുകാരും പിന്നീട് അവരുടെ ചുവടുപിടിച്ച് യൂറോപ്യൻ ശക്തികൾക്കൊപ്പമെത്തിയ മിഷനറിമാരുമായിരുന്നു. ഇതാണ് പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിലെ വസ്തുത. അതിലൊരാളാണ് ചാവറയച്ചൻ. ഹെർമൻ ഗുണ്ടർട്ടിനെപോലെയുള്ള പണ്ഡിതരെ നാം എന്നും ഓർക്കാറുണ്ട്. കാരണം നമ്മൾ ഓരോ ദിവസവും ഭാഷയിൽ വല്ല സംശയവും വന്നാൽ ഗുണ്ടർട്ടിന്റെ നിഘണ്ടുവിനെയാണ് ആശ്രയിക്കാറുള്ളത്. ചാവറയച്ചന്റെ കൃതികൾ അത്ര മാത്രം ഓർമിക്കപ്പെടുന്നില്ലെങ്കിലും ആലോചിച്ചു നോക്കിയാൽ ഗുണ്ടർട്ടിനെപ്പോലെ തന്നെ സവിശേഷമായൊരു പങ്കുതന്നെയാണ് ചാവറയച്ചനും കേരളീയ നവോത്ഥാനത്തിൽ വഹിച്ചിട്ടുള്ളത് എന്ന് കാണാം.

വിവേകാനന്ദസ്വാമികൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ കേരളത്തിലെത്തിയപ്പോൾ ഒറ്റ നോട്ടത്തിൽ അദ്ദേഹത്തിനു മനസ്സിലായി ഇതൊരു ഭ്രാന്താലയമാണെന്ന്. അതിൽ അതിശയോക്തി ഒട്ടുമില്ലായിരുന്നു. ജാതിയുടെ ആധിപത്യവും ജാതിപരമായ അസമത്വവുമെല്ലാം കേരളത്തെ ശരിക്കുമൊരു ഭ്രാന്താലയമാക്കി മാറ്റിയ അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ഭ്രാന്തു പിടിച്ചാൽ പിന്നെ ഒരേയൊരു കടുത്ത ചികിത്സയേയുള്ളൂ. ഷോക്ക് ട്രീറ്റ്മെന്റ്. അത്തരത്തിലൊരു ഷോക്ക് ട്രീറ്റ്മെന്റ് നടത്തിയത് അന്നിവിടെ വന്ന യൂറോപ്യൻ മിഷനറിമാരായിരുന്നു. അവർ കേരളീയ ജനസമൂഹത്തിന് ഒരു പുതിയ സന്ദേശം പകർന്നുനൽകി. സത്യത്തിൽ അത് പുതിയൊരു സന്ദേശമൊന്നുമായിരുന്നില്ല. കേരളത്തിന്റെ മണ്ണിൽ യേശുദേവന്റെ വചനവും സന്ദേശവുമൊക്കെ പണ്ടുമുതലേ എത്തിയിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഇവിടെ നേരത്തെയെത്തിയ ക്രിസ്തുവിന്റെ അനുയായികൾ ഇവിടുത്തെ ഭൂരിപക്ഷ സമൂഹത്തിനൊപ്പം ചേർന്ന് അവരിൽ നിന്ന് അന്ധവിശ്വാസങ്ങളും ജാതിയുമൊക്കെ സ്വാംശീകരിക്കുയാണ് ചെയ്തത്. അങ്ങനെ പൊതുവായ ഒരു ജീർണാവസ്ഥ, ഒരു ഭ്രാന്ത് തന്നെയായിരുന്നു അന്നിവിടെ നിലനിന്നിരുന്നത്.


ആ ഭ്രാന്ത് ചികിത്സിച്ചത് ക്രിസ്തുവിന്റെ സന്ദേശവുമായി പുറത്തു നിന്ന് വന്നവരായിരുന്നു. തീർച്ചയായിട്ടും അതിൽ പാശ്ചാത്യരുമുണ്ടായിരുന്നു. ആ പാശ്ചാത്യരുടെ കൂടെത്തന്നെ അതേ പ്രാധാന്യത്തോടെ സേവനം ചെയ്ത ഒരാളായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹം ഈ മണ്ണിൽ ജനിച്ച്, ഇവിടുത്തെ ജനങ്ങൾക്കൊപ്പം ജീവിച്ച മനുഷ്യനായിരുന്നു. ഒരു വലിയ വൃക്ഷ

മുണ്ടെങ്കിൽ ആ വൃക്ഷത്തിന്റെ കൊമ്പും ഇലകളും ഒക്കെ ആകാശത്തേക്കാണ് നീളുന്നത്. ആകാശത്തുനിന്നാണ് വായുവും വെളിച്ചവുമൊക്കെ വലിച്ചെടുക്കുന്നത്. അതേ സമയം ഈ വൃക്ഷത്തിന് ഇങ്ങനെ തലയുയർത്തി നിൽക്കണമെങ്കിൽ മണ്ണിൽ വേരുകൾ ഉണ്ടായിരിക്കണം. ഭാരതത്തിന്റെ മണ്ണിൽ, പ്രത്യേകിച്ച് കേരളത്തിന്റെ മണ്ണിൽ ക്രിസ്തുവിന്റെ സന്ദേശത്തിന് വേരൂന്നാൻ കഴിഞ്ഞതിന്റെ പ്രധാന കാരണക്കാരൻ ചാവറയച്ചൻ തന്നെയായിരുന്നു.

യാഹ്വെയെന്നും അല്ലാഹുവെന്നുമൊക്കെ നമ്മൾ ദൈവത്തെ വിശേഷിപ്പിക്കുന്നെങ്കിലും ഈശ്വരൻ എന്നു വിളിക്കുമ്പോലെ മനസ്സിന്റെ അടിത്തട്ടിൽ അനുരണനങ്ങൾ ഉണ്ടാക്കാൻ മറ്റുള്ള പദങ്ങൾക്കോ വിശേഷണങ്ങൾക്കോ കഴിയാറില്ല. അതു മാതൃഭാഷയുടെ കരുത്താണ്. സ്വന്തം ഭാഷയിലായാൽ ഏതു സന്ദേശവും നമുക്ക് വേഗം ഹൃദിസ്ഥമാകും. അവിടെയാണ് ചാവറയച്ചന്റെ കൃതികളുടെ പ്രസക്തി. അദ്ദേഹത്തിന്റെ പരിശ്രമങ്ങളിൽ നമ്മൾ കാണുന്നതും ഈ ഒരു സവിശേഷതയാണ്.

ഏതൊക്കെ വിധത്തിലാണ് ചാവറ കുര്യാക്കോസ് അച്ചൻ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പുതിയൊരു അധ്യായം തുറന്നതെന്ന് മുമ്പ് ഞാൻ പരിശോധിച്ചിരുന്നു. വെറുതെ അക്കമിട്ട് എഴുതിനോക്കി. 1846 മുതൽ അദ്ദേഹം ജനങ്ങൾക്കിടയിൽ സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കാൻ തുടങ്ങിയിരുന്നു. 1846 എന്നു പറയുമ്പോൾ 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സംസ്കൃതം ഏതാണ്ട് മൃതപ്രായമായ ഭാഷയാണെന്ന ധാരണ പ്രബലമായ കാലമാണെന്ന കാര്യമോർക്കണം. അങ്ങനെയാണ് ബ്രിട്ടീഷുകാർ അടക്കമുള്ള അധികാരികളും സാമ്രാജ്യത്ത മേലാളന്മാരും ജനങ്ങളെ പറഞ്ഞ് വിശ്വസിപ്പിച്ചിരുന്നത്. വേദങ്ങളും ഉപനിഷത്തുകളും കാവ്യങ്ങളുമൊക്കെ സംസ്കൃതത്തിൽ പഠിച്ച ആളുകൾപോലും സംസ്കൃതം വേണ്ട എന്നു ധരിച്ചുവച്ച ഈ കാലത്താണ് ചാവറയച്ചൻ സംസ്കൃത വിദ്യാഭ്യാസത്തിന് മുന്നിട്ടിറങ്ങിയത്.

ഇവിടുത്തെ ഭൂരിപക്ഷസമൂഹമായ ഹിന്ദുക്കൾക്കിടയിൽ അന്നു പതിവുണ്ടായിരുന്ന സന്ധ്യാജപം, നാമകീർത്തനാലാപനം എന്നിവയുടെ മാതൃകയിൽ ക്രിസ്ത്യാനികൾക്കിടയിലും ജപമാലയുടെ ഉപയോഗവും ഇടവക ധ്യാനവും വാർഷിക ധ്യാനവുമെല്ലാം ശീലമാക്കുകയാണ് ചാവറയച്ചൻ ചെയ്ത മറ്റൊരു കാര്യം. ഇതാണ് ക്രിസ്ത്യൻ സമൂഹത്തിലും സഭയിലും പിൽക്കാലത്തുണ്ടായ ഭാരതീയവൽക്കരണത്തിന്റെ ആദ്യത്തെ ചുവടെന്ന് നമുക്ക് കാണാം.



നിലവിളക്ക് കത്തിക്കുക, പായസം വയ്ക്കുക, നാലുകെട്ട് പണിയുക, ഭരതനാട്യവും കഥകളിയുമൊക്കെ പഠിക്കുക തുടങ്ങിയ കാര്യങ്ങൾ ഹിന്ദുക്കളുടേതാണെന്നും അവയൊന്നും നമുക്ക് ചേർന്നതല്ലെന്നും ചില വിഭാഗക്കാർ വിശ്വസിച്ചിരുന്ന ഒരു കാലമായിരുന്നു അത്. അതിനെതിരെ പുതിയ പരീക്ഷണങ്ങളിലൂടെ ധീരമായ ചുവടുവച്ച തുടക്കക്കാരിൽ ഒരാളായിരുന്നു ചാവറയച്ചൻ.

ഇതിന്റെ ഭാഗമായി അദ്ദേഹം മലയാളത്തിൽ പ്രസംഗങ്ങൾ അവതരിപ്പിച്ചു. ആശ്രമങ്ങളും പള്ളികളും അവതരിപ്പിച്ചു. പള്ളിക്കൂടങ്ങൾ ആരംഭിച്ചു. അക്കാലത്ത് വളരെ അപൂർവമായേ പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നുള്ളു. കോളേജുകളും വിരലിൽ എണ്ണാവുന്നത്ര മാത്രം. ഇതിൽ തന്നെ സർക്കാറിന്റെ പള്ളിക്കൂടങ്ങളിൽപോലും താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം പ്രയാസമായിരുന്നു. തിരുവിതാംകൂറിലെ സംസ്കൃതചിത്തരായ ചില നാട്ടുരാജാക്കന്മാർ അതൊക്കെ പ്രോത്സാഹിപ്പിച്ചിരുന്നെങ്കിലും അതു വളരെ അപൂർവമായിരുന്നു എന്നതാണ് യാഥാർഥ്യം. എന്നാൽ ചാവറയച്ചൻ സ്ഥാപിച്ച പള്ളിക്കൂടങ്ങളിൽ ഇന്നു ദളിതർ എന്നു വിളിക്കുന്ന താഴ്ന്നജാതിക്കാർക്ക് പ്രവേശനത്തിന് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. അവർക്ക് പഠിക്കാനുള്ള അവസരം ഉണ്ടാക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്, പഠിക്കണമെങ്കിൽ അവർക്ക് ആദ്യം ഭക്ഷണം കഴിക്കാൻ കഴിയണമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അങ്ങനെ സൗജന്യ വിദ്യാഭ്യാസത്തിനൊപ്പം സൗജന്യ ഭക്ഷണവും അദ്ദേഹം ലഭ്യമാക്കി.

താൻ സ്ഥാപിച്ച പള്ളിക്കൂടങ്ങൾക്കായി



'ജ്ഞാന പീയൂഷം' എന്ന പ്രാർഥനാപുസ്തകം അദ്ദേഹം തയ്യാറാക്കി. ജ്ഞാനപീയൂഷം എന്ന വാക്കുതന്നെ ജ്ഞാനാമൃതം, അതായത് സംസ്കൃതത്തിൽ പറയുന്ന അതേ ശൈലിയിൽ തന്നെ അദ്ദേഹം അതു അവതരിപ്പിച്ചു. ഗാന്ധിജിയെയും അംബേദ്കറെയും പോലുള്ളവർ ഇതുപോലുള്ള പാവങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചു പ്രവർത്തിക്കുന്നതിന് എത്രയോ മുൻപാണ് ചാവറയച്ചന്റെ ഈ പ്രവൃത്തി എന്നു നാം സ്മരിക്കേണ്ടതുണ്ട്.

ഉയർന്നജാതിക്കാർ, കാലിക്കൂട്ടങ്ങളായി കണ്ട് തള്ളിയിരുന്ന ജനവിഭാഗത്തിന് വിദ്യാഭ്യാസത്തിലൂടെ പുതിയ ജീവിതമാണ് അദ്ദേഹം കൊടുത്തത്. പുസ്തകങ്ങളും ഭക്ഷണവും മാത്രമല്ല, അവർക്കു വേണ്ടി അനാഥാലയങ്ങൾ, അഭയകേന്ദ്രങ്ങൾ, ഭവനങ്ങൾ എന്നിവ നിർമിച്ചു നൽകുകയും ചെയ്തു അദ്ദേഹം. ചരിത്രത്തിൽ സവിശേഷമായ ഒരിടം അർഹിക്കുന്ന പ്രവൃത്തികൾ തന്നെയായിരുന്നു ഇവയെല്ലാം.

അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന സംഭാവന സ്ത്രീകൾക്ക് വിദ്യാഭ്യാസവും സ്വാശ്രയത്തിനുള്ള സാഹചര്യവും ലഭ്യമാക്കി എന്നതാണ്. സ്ത്രീശാക്തീകരണത്തിന്റെ കാലഘട്ടമാണിതെന്ന് നമ്മൾ പറയാറുണ്ടെങ്കിലും പ്രവൃത്തിപദത്തിൽ അത് അത്രയൊന്നും കാണാറില്ല എന്നതാണ് യാഥാർഥ്യം. എന്നാൽ, 19-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽതന്നെ കർമലീത്ത കന്യാസ്ത്രീമഠങ്ങൾ വഴി അവരെ തുന്നലും മറ്റു കൈത്തൊഴിലുകളും പഠിപ്പിക്കുന്ന പദ്ധതിക്ക് അദ്ദേഹം തുടക്കമിട്ടിരുന്നു. സ്ത്രീകളിൽ സ്വാശ്രയശീലം വളർത്തുക എന്ന വിപ്ലവകരമായ പ്രവർത്തനപദ്ധതിയാണ് ഇതുവഴി അദ്ദേഹം വിജയകരമായി ആവിഷ്കരിച്ചു നടപ്പിലാക്കിയത്. എല്ലാ അർഥത്തിലും ഇന്നത്തെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ നാന്ദി തന്നെയായിരുന്നു ഇതെന്നും നമുക്ക് കാണാം.

ഇതുമാത്രമല്ല ഈ പള്ളിക്കൂടങ്ങൾക്കും അഭയകേന്ദ്രങ്ങൾക്കുമെല്ലാം ഒരു പ്രവർത്തന രീതിയും പെരുമാറ്റചട്ടവുമെല്ലാം അദ്ദേഹം എഴുതിയുണ്ടാക്കി. അദ്ദേഹം തുടക്കമിട്ട് നടപ്പിലാക്കിയ മറ്റൊരു സമ്പ്രദായമാണ് താൻ തുടങ്ങിയ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ എഴുതിവയ്ക്കുക എന്നത്. ചരിത്രനിർമിതിക്കും സ്വയം വിലയിരുത്തലിനുമെല്ലാം ഡയറി എഴുത്തുപോലുള്ള നാളാഗമങ്ങൾ എന്ന ഈ സമ്പ്രദായം വലിയ തോതിലാണ് സഭയെ സഹായിച്ചത്.


തങ്ങളുടെ പ്രവർത്തനങ്ങൾ എത്രമാത്രം മുന്നോട്ടുപോയി, എവിടെയെല്ലാം അതിനു ദൗർബല്യങ്ങൾ ഉണ്ടായി, എവിടെയെല്ലാം നേട്ടങ്ങൾ കൊയ്യാൻ സാധിച്ചു എന്നു മനസ്സിലാകണമെങ്കിൽ ഈ ചരിത്രം ആവശ്യമാണ്. ഈ സമ്പ്രദായം പള്ളിക്കൂടങ്ങളിൽ മാത്രമല്ല, കന്യാസ്ത്രീമഠങ്ങളിലുമെല്ലാം അദ്ദേഹം നടപ്പിലാക്കിയിരുന്നു. ഇത്തരത്തിലുള്ള അനുപമവും വിപ്ലവകരവുമായ പ്രവർത്തനങ്ങൾ കൊണ്ടാണ് നാം ഇന്നും അദ്ദേഹത്തെ ഓർമിക്കുന്നത്. ക്രൈസ്തവസഭാംഗങ്ങൾ മാത്രമല്ല, ഹിന്ദുക്കളും ഇന്നും അദ്ദേഹത്തെ ആദരവോടെ സ്മരിക്കുന്ന കാരണവും ഈ പ്രവർത്തനങ്ങൾ തന്നെയാണ്. അദ്ദേഹം ഈ പരിഷ്കരണങ്ങളൊക്കെ നടത്തിയ കാലത്ത് ശ്രീനാരായണഗുരു, കേവലം സ്കൂളിൽ പഠിക്കുന്ന ഒൻപതോ പത്തോ വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിയായിരുന്നു. ഇത്തരത്തിൽ ചിന്തിച്ചാൽ ശ്രീനാരായണഗുരുദേവന്റെ നവോത്ഥാനശ്രമങ്ങൾക്ക് പരോക്ഷമായെങ്കിലും വഴിതെളിക്കുന്നതിലും അതിനുള്ള ഒരു വിളനിലമൊരുക്കുന്നതിലും ചാവറയച്ചന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ വഹിച്ച പങ്ക് ചെറുതല്ലെന്നു കാണാം.

കുലം പവിത്രം ജനനീ കൃതാർത്ഥം

രമേശ് ചെന്നിത്തല

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് കേരളത്തിലെ സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളുടെ നാന്ദി കുറിക്കപ്പെട്ടത്. ഇരുപതാംനൂറ്റാണ്ടിന്റെ മധ്യംവരെ മലയാളി സമൂഹത്തിൽ ഈ പ്രസ്ഥാനങ്ങളുടെ സ്വാധീനം വലിയ തോതിൽ നിലനിൽക്കുകയും ചെയ്തു. ഇന്നത്തെ പ്രബുദ്ധകേരളത്തെ രൂപകൽപന ചെയ്തതിൽ ഈ നവോത്ഥാന പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമായിരുന്നു. ശ്രീനാരായണഗുരുവും, ചട്ടമ്പി സ്വാമികളും മഹാത്മാ അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും വക്കം മൗലവിയും വാഗ്ഭടാനന്ദ ഗുരുവും ഉഴുതുമറിച്ചിട്ട മണ്ണിലാണ് കേരളത്തിന്റെ നവോത്ഥാന വിപ്ലവം നൂറുമേനി പൂത്തുലഞ്ഞത്. എന്നാൽ ഇവർക്കെല്ലാം അഗ്രഗാമിയായ, ഈ യുഗപുരുഷന്മാർക്കും അവർ ബീജാവാപം ചെയ്ത മഹൽപ്രസ്ഥാനങ്ങൾക്കും മണ്ണൊരുക്കിയ, വഴികാട്ടിയായ ഒരു ഋഷിവര്യനുണ്ട്, ചാവറയച്ചൻ എന്ന് വിശ്വാസികളും ആരാധകരും വിളിക്കുന്ന, മനുഷ്യാസ്തിത്വത്തിന്റെ അങ്ങേയറ്റമായ വിശുദ്ധപദവിയിലേക്ക് കാലെടുത്ത് വയ്ക്കുന്ന, കുറച്ച് കാൽപനികമായി വിശേഷിപ്പിക്കുകയാണെങ്കിൽ ദൈവം ഭൂമിയിലിറങ്ങിവന്ന് സ്പർശിച്ച തേജോസ്ഫുലിംഗം, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. രാജാറാം മോഹൻ റോയ് ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവാണെങ്കിൽ, കേരളീയ നവോത്ഥാനത്തിന്റെ പിതാവെന്ന് നിസംശയം വിളിക്കാവുന്ന യുഗപ്രഭാവൻ. ആഗോള കത്തോലിക്കാസഭയുടെ വിശുദ്ധപദവിയിലേക്ക് ദ്ദേഹം ഉയർത്തപ്പെടുമ്പോൾ ലോകത്തിലെ അപൂർവമായൊരു ആത്മീയ തേജസിന് ജൻമം നൽകിയ നമ്മുടെ നാടും അഭിനമാനപൂരിതമാവുകയാണ്.

1805 ൽ ഇന്ന് കുട്ടനാട് എന്നറിയപ്പെടുന്ന പ്രദേശത്തെ കൈനകരിയിലാണ് കുര്യാക്കോസ് ഏലിയാസ് എന്ന ചാവറയച്ചൻ ജനിച്ചത്. കുര്യാക്കോസ് എന്ന പദത്തിന്റെയർഥംതന്നെ 'സ്നേഹത്തിന്റെ ഭവനം' എന്നാണ്. ഇത്രയും അനുയോജ്യമായ പേര് ഈ മഹാനുഭാവന് ലഭിച്ചതുപോലും ഈശ്വരനിശ്ചയപ്രകാരമായിരിക്കണം.



കേരളത്തിലെ ക്രൈസ്തവസഭകളുടെ ചരിത്രം അന്വേഷിച്ച് പോകുമ്പോൾ അപ്പസ്തോലന്മാരുടെ കാലഘട്ടം വരെ അത് ചെന്നെത്തുന്നുണ്ട്. ലോകത്തിലെ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പട്ടികയിൽ കേരളത്തിലെ ക്രൈസ്തവരും ഉൾപ്പെടുന്നുവെന്നും നിസംശയം പറയാം. യൂറോപ്പിൽ ക്രിസ്തുമതം വ്യാപകമാകുന്നതിന് മുമ്പുതന്നെ കേരളത്തിൽ ക്രൈസ്തവ വിശ്വാസികൾ ഉണ്ടായിരുന്നതായും ഒരു വിഭാഗം ചരിത്രകാരന്മാർ കരുതുന്നുണ്ട്.

ചാവറ കുര്യാക്കോസ് ഏലി



യാസ് എന്ന ചാവറയച്ചൻ പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കെട്ടഴിച്ചു വിട്ട നവോത്ഥാനത്തിന്റെ അലയൊലികളാണ് ആധുനിക കേരളത്തിന്റെ സൃഷ്ടിക്ക് കാരണഭൂതമായി തീർന്നത്. അതോടൊപ്പംതന്നെ കേരള ക്രൈസ്തവ സമൂഹത്തിൽ ഭാരതീയ വൽക്കരണത്തിന് തുടക്കം കുറിച്ചതും അദ്ദേഹമായിരുന്നു. പത്തൊൻപതാംനൂറ്റാണ്ടിന്റെ മധ്യത്തിൽ സംസ്കൃതഭാഷാധ്യയനം ബ്രാഹ്മണരുടെ മാത്രം കുത്തകയായിരുന്ന കാലത്ത്, സംസ്കൃതവിദ്യാഭ്യാസം സാർവത്രികമാക്കാൻ അദ്ദേഹം പ്രയത്നിച്ചു. ലോകചരിത്രത്തിലാദ്യമായിട്ടായിരിക്കണം ഒരു ക്രൈസ്തവ പുരോഹിതന്റെ നേതൃത്വത്തിൽ സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കാനുള്ള പരിശ്രമങ്ങൾ നടന്നത്. മാത്രമല്ല, ക്രൈസ്തവ പ്രാർത്ഥനകൾ മലയാളത്തിലാക്കിക്കൊണ്ട് തന്റെ ആരമീയ പദ്ധതിയെ വലിയൊരു സാംസ്കാരിക മുന്നേറ്റത്തിന്റെ ഭാഗമാക്കി അദ്ദേഹം മാറ്റി. പ്രൊട്ടസ്റ്റന്റ് സഭയുടെ കീഴിലുണ്ടായിരുന്ന ലണ്ടൻ മിഷൻ സൊസൈറ്റിയും, ചർച്ച് മിഷൻ സൊസൈറ്റിയും മാത്രമാണ് അന്ന് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചിരുന്ന ക്രൈസ്തവ സംഘടനകൾ. കത്തോലിക്കാസഭയും ഇതര ക്രൈസ്തവസഭകളും ഈ മേഖലയിൽ വലിയ താൽപര്യം പുലർത്തിയിരുന്നില്ല. എന്നാൽ ചാവറയച്ചന്റെ പ്രവർത്തനഫലമായി നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. വിദ്യാഭ്യാസം അഥവാ അറിവാണ് എല്ലാ നവോത്ഥാന പ്രസ്ഥാനങ്ങളുടെയും ചാലകശക്തിയായി പ്രവർത്തിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം അതീവ ശ്രദ്ധയാണ് നൽകിയത്. സാർവത്രികവിദ്യാഭ്യാസം എന്ന സങ്കൽപത്തിന് കേരളത്തിൽ വേരോട്ടമുണ്ടാക്കിയതുപോലും അദ്ദേഹമായിരുന്നു. ചാവറയച്ചന്റെ മരണശേഷം എത്രയോ വർഷങ്ങൾക്ക് ശേഷമാണ് സർക്കാരുകൾ സാർവത്രിക വിദ്യാഭ്യാസം എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കാൻപോലും തുടങ്ങിയത്. കാലത്തിനുമുമ്പെ നടന്ന ധിഷണാശാലിയായിരുന്നു അദ്ദേഹം. കാലത്തിനുമുമ്പെ നടന്ന് ചരിത്രത്തെ കവച്ചു വയ്ക്കുന്നവരാണ് വിശുദ്ധരെങ്കിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ വിശുദ്ധൻ തന്നെയെന്ന് നിസംശയം പറയാം.

സാമൂഹ്യരംഗത്തെ അദ്ദേഹത്തിന്റെ നിസ്തുലമായ സംഭാവനകളെപ്പറ്റി വാചാലമാകുമ്പോൾ ആധ്യാത്മിക രംഗത്തെ പ്രവർത്തനത്തെ ഒരിക്കലും വിസ്മരിച്ചുകൂടാ. ഇന്ത്യയിലെ ആദ്യത്തെ ക്രൈസ്തവ സന്ന്യാസസമൂഹമായ കാർമലൈറ്റ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (സി.എം.ഐ.) സ്ഥാപിച്ചത് അദ്ദേഹമായിരുന്നു. 1855 ഡിസംബർ 8 ന് മാന്നാനത്തെ ആശ്രമത്തിൽ വച്ച് ഭാരതത്തിലെ ആദ്യത്തെ ക്രിസ്ത്യൻ സന്ന്യാസസഭയിലെ അംഗങ്ങൾ വിശ്വാസ പ്രതിജ്ഞയെടുത്തപ്പോൾ ഭാരത കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ സുവർണ ലിപികളിൽ എഴുതപ്പെട്ട ദിനമായത് മാറി. അതോടൊപ്പം സ്ത്രീകൾക്കുവേണ്ടി 'കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമൽ' എന്ന സന്ന്യാസ സംഘടനയും അദ്ദേഹം രൂപീകരിച്ചു.

വിദ്യാഭ്യാസരംഗത്ത് നൂതനമായ ആശയങ്ങളായിരുന്നു അദ്ദേഹത്തിൽ നിന്നുയിർക്കൊണ്ടിരുന്നത്. ഒന്നര നൂറ്റാണ്ട് മുമ്പ് അന്നത്തെ സമൂഹത്തിന് വിഭാവനം ചെയ്യാൻ പോലും കഴിയാത്ത വിപ്ലവകരമായ മാറ്റങ്ങളാണ് അദ്ദേഹം വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയത്. അധ്യാപകർക്ക് ശമ്പളം കൃത്യമായി നൽകുന്ന രീതി അദ്ദേഹമാണ് ആദ്യമായി അവലംബിച്ചത്. അതോടൊപ്പം വിപ്ളവകരമായ മറ്റൊരു പദ്ധതിയും നടപ്പാക്കി. വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പരിപാടിയായിരുന്നു അത്. അദ്ദേഹം ഇതാരംഭിച്ച് ഒന്നര നൂറ്റാണ്ടിനുശേഷമായിരുന്നു ജനാധിപത്യ സർക്കാരുകൾക്ക് ഇത്തരത്തിലൊരു ആശയം അവതരിപ്പിക്കാനും അതിനെ പ്രത്യക്ഷവൽക്കരിക്കാനും കഴിഞ്ഞത്. ചാവറയച്ചൻ കാലത്തിനുമുമ്പെ നടന്ന വ്യക്തിത്വമാണെന്ന് ഈ ലേഖനത്തിനിടയിൽ സൂചിപ്പിച്ചതും അതുകൊണ്ടാണ്.

കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ ദൂരവ്യാപകമായ ചലനങ്ങളുണ്ടാക്കിയ ആശയങ്ങളുടെ പിതാവ് എന്ന ബഹുമതിയും ചാവറയച്ചനാണ്. അച്ചടി വിദ്യയുടെ വികാസത്തിനും, പ്രചാരണത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ അതിരറ്റതാണ്. കോട്ടയത്ത് സി.എം.എസ്. സഭക്കാരുടെ അച്ചുകൂടവും തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടവും മാത്രം നിലവിലുള്ളപ്പോഴാണ് മാന്നാനത്ത് പുതിയ അച്ചുകൂടം അദ്ദേഹം സ്ഥാപിക്കുന്നത്. തിരുവനന്തപുരത്ത് പ്രവർത്തിച്ചിരുന്ന സർക്കാർ അച്ചുകൂടത്തിന്റെ പ്രവർത്തനം നേരിട്ടു കണ്ട് മനസിലാക്കിയാണ് അദ്ദേഹം മാന്നാനത്ത് അച്ചടിശാല സ്ഥാപിച്ചത്. യൂറോപ്പിൽ നിന്ന് അന്ന് 400 രൂപ ചിലവാക്കിയാണ് അദ്ദേഹം അച്ചടിക്കുന്നതിനാവശ്യമായ മഷിയും കടലാസും ഇറക്കുമതി ചെയ്തത്. പത്തൊൻപതാം നൂറ്റാണ്ടിലെ 400 രൂപയുടെ വില ഇന്ന് നമുക്ക്

കണക്കാക്കാൻ കഴിയുന്നതിനപ്പുറമാണ്. ഇത്തരത്തിലൊരു അച്ചടി ശാല സാക്ഷാത്കരിച്ചത് വലിയ പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടായിരുന്നു. മലയാളത്തിലെ ആദ്യ കത്തോലിക്കാ പ്രാർഥനാ പുസ്തകമായ ജ്ഞാനപീയൂഷം അച്ചടിക്കപ്പെട്ടത് ഈ അച്ചടിശാലയിലാണ്.

തന്റെ ജീവിതത്തിൽ എപ്പോഴും ലാളിത്യത്തിന്റെ വഴികളിലൂടെ മാത്രം സഞ്ചരിച്ചയാളായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെയായിരിക്കും മെത്രാനായി അവരോധിക്കാനുള്ള സഭാ നേതൃത്വത്തിന്റെ ആഗ്രഹത്തോട് അദ്ദേഹം അനുകൂലമായി പ്രതികരിക്കാതിരുന്നത്.

സിറിയൻ റീത്തിന്റെ ആരാധനക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലും ചാവറയച്ചൻ നൽകിയ സംഭാവന നിസ്തുലമായിരുന്നു. ഫാ. തോമസ് പാലയ്ക്കലിന്റെ സഹകരണത്തോടുകൂടിയാണ് സിറിയൻ റീത്തിന്റെ ആരാധനാക്രമങ്ങളെ അദ്ദേഹം ക്രോഡീകരിച്ചത്.





മാന്നാനത്തും, കുനമ്മാവിലും സ്ഥാപിച്ച അച്ചടിശാലകളിലൂടെ നിരവധി പ്രാർഥനാ പുസ്തകങ്ങൾ അദ്ദേഹം മലയാളത്തിൽ എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി. സിറോ മലബാർ സഭയ്ക്ക് കീഴിലുള്ള ക്രൈസ്തവ ദൈവാലയങ്ങളിലും, ഗൃഹങ്ങളിലും നിത്യേനയുള്ള പ്രാർഥനയ്ക്കും ഇവ ഇന്നും ഉപയോഗിക്കുന്നു.

എങ്ങനെയാണ് ഒരു മനുഷ്യൻ വിശുദ്ധനായി തീരുന്നത്? വിശുദ്ധൻ എന്ന പദത്തിന് മതപരമായി നൽകുന്ന കേവലാർഥത്തേക്കാൾ മാനങ്ങളുണ്ടെന്നാണ് എന്റെ വിശ്വാസം. ഭാരതീയ തത്വചിന്തയനുസരിച്ച് മോഹങ്ങളിൽ നിന്നും ആസക്തികളിൽ നിന്നും വിമുക്തനായവനാണ് വിശുദ്ധൻ അഥവാ ഋഷി. ചാവറയച്ചൻ മഹാനായ ഭാരതീയ ഋഷിയാണ് എന്ന് ഞാൻ നിസംശയം പറയും. കാരണം അദ്ദേഹത്തിന്റെ കർമങ്ങളെല്ലാം അനാസക്തിയുടേതായിരുന്നു. ആസക്തിയില്ലാതെ കർമം ചെയ്യുമ്പോൾ അവയുടെ കർതൃത്വം ചെന്ന് ചേരുക ഈശ്വരനിലേക്കാണ്. ഈശ്വരനെ മുൻനിർത്തി ചെയ്യുന്ന കർമങ്ങളൊന്നും പാഴായി പോകില്ലെന്ന് ഭാരതീയ ദർശനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അദ്ദേഹം വിതച്ച നന്മയുടെ വിത്തുകളെല്ലാം വൻമരങ്ങളായി വളർന്ന് ലോകത്തിന് തണലേകുന്നതും തന്റെ കർമങ്ങളെല്ലാം ഈശ്വരനെ മുൻനിർത്തി ചെയ്തത് കൊണ്ടാണ്.

യുഗങ്ങൾതോറും അവതരിക്കുന്ന നന്മയുടെ അവതാരങ്ങളാണ് മാനവരാശിക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും അറിവിന്റെയും തെളിനീരുറവകൾ പകർന്നുനൽകുന്നത്. ചാവറയച്ചൻ അത്തരത്തിലൊരു അവതാരപുരുഷനായിരുന്നു. നന്മയുടെ ആ മഹാവ്യക്ഷത്തിന്റെ സാന്ദ്രഛായയിൽ ലോകം സമാശ്വസിക്കുന്നതും അതുകൊണ്ടു തന്നെ. ഒരാൾ ഋഷിയാകുമ്പോൾ സംഭവിക്കുന്നതെന്തെന്ന് സൂചിപ്പിക്കുന്ന സംസ്കൃത ശ്ലോകമാണ് എനിക്കിപ്പോൾ ഓർമവരുന്നത്.

കുലം പവിത്രം ജനനീ കൃതാർഥാ
വസുന്ധരാ ഭാഗ്യവതീ ച ധന്യ.

(പ്രപഞ്ചത്തെ മുഴുവൻ ഏകമായി ദർശിക്കാൻ കഴിയുന്ന ഋഷിയാകുന്നതോടെ അങ്ങ് ജനിച്ച കുലം പവിത്രീകരിക്കപ്പെടുന്നു, അങ്ങേക്ക് ജന്മം നൽകിയ മാതാവ് കൃതാർഥയും അനുഗ്രഹിക്കപ്പെട്ടവളുമാകുന്നു. അങ്ങയുടെ സാന്നിധ്യത്തിൽ ഭൂമിയിലെ സർവചരാചരങ്ങളും ധന്യമായിത്തീരുന്നു.) ചാവറയച്ചനെക്കുറിച്ചെഴുതുമ്പോൾ ഈ ശ്ലോകത്തിന്റെ അർഥഗരിമയാണ് എന്റെ മനസിൽ നിറയുന്നത്. ആ വിശുദ്ധന്റെ അനുഗ്രഹം നമ്മളിലെല്ലാവരിലും നിറയട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് നിർത്തുന്നു.

വാഴത്തടവിപ്ലവം: ചാവറയച്ചനും കേരളീയ മുദ്രണപാരമ്പര്യവും

പി. കെ. രാജശേഖരൻ

കേരളത്തിന്റെ ആധുനികത്വത്തിനു കടലാസുകൊണ്ടുള്ള ഒരു വാതിൽകൂടിയുണ്ട്. ആ കടലാസുവാതിലിലൂടെ കേരളാധുനികത്വ (Kerala Modernity) ത്തിന്റെ ചരിത്രത്തിലേക്കു കടക്കാനാവും. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളം ആധുനികത്വ'ത്തിന്റെ ഘട്ടത്തിലേക്കു കടന്നതും ആ കടലാസുവാതിലിലൂടെയാണ്. യൂറോപ്യൻ സാമ്രാജ്യത്വാധിനിവേശവുമായുള്ള രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ പരിചയങ്ങളും ഇടപെടലുകളും സൃഷ്ടിച്ച അന്തരീക്ഷത്തിലാണ് 19-ാം നൂറ്റാണ്ടിലെ കേരളത്തിൽ ആധുനികത്വത്തിന്റെ അന്തരീക്ഷമുണ്ടായത്. യൂറോപ്യൻ അധിനിവേശകർ കൊണ്ടുവന്ന വിദ്യാഭ്യാസവും ക്രിസ്തുമത പ്രചാരണവും നിയമസംവിധാനവും അച്ചടിയെയും അച്ചടിച്ച പുസ്തകത്തെയും കേന്ദ്രമാക്കിയുള്ള, മറ്റൊരുതരത്തിൽ പറഞ്ഞാൽ കടലാസിനെയും മഷിയെയും കേന്ദ്രമാക്കിയുള്ള ഒരു സാംസ്കാരിക യുക്തികൂടി കേരളത്തിൽ സൃഷ്ടിച്ചു. സാങ്കേതികവിദ്യയും സംസ്കാരവും പരസ്പരം അഭിമുഖീകരിച്ചു നിന്ന ആ കാലാവസ്ഥയിൽ സവിശേഷമായൊരു സാംസ്കാരികാധുനികത്വം രൂപപ്പെടുകയായിരുന്നു. അച്ചടിച്ച പുസ്തകം, ജനകീയഗദ്യം, വർത്തമാനപ്പത്രം എന്നിവയിലൂടെ അത് പുതിയ വ്യവഹാരമണ്ഡലങ്ങൾ തുറന്നു. ഈ സാംസ്കാരികാധുനികത്വത്തെ രൂപപ്പെടുത്തിയ സാങ്കേതികവിദ്യയുടെ ബിംബമായിരുന്നു അച്ചടിയന്ത്രം. അച്ചടിച്ച വാക്കിന്റെ വ്യവഹാരമണ്ഡലത്തിൽ സ്വയം നിർവചിക്കാൻ തുടങ്ങിയ കേരളീയൻ രൂപപ്പെട്ട ഘട്ടമാണത്. സാങ്കേതികവിദ്യയാൽ സ്വാധീനിക്കപ്പെട്ട സംസ്കാരത്തിലേക്ക് അഥവാ സാങ്കേതികസംസ്കാരത്തിലേക്ക് കേരളം ആദ്യമായി പ്രവേശിക്കുകയായിരുന്നു ആ ഘട്ടത്തിൽ. പിൽക്കാല സാമൂഹികപരിവർത്തനങ്ങൾക്കെല്ലാം ആധാരമായിത്തീർന്ന് കേരളാധുനികത്വം രൂപപ്പെടുത്തിയെടുത്ത അച്ചടിയന്ത്രത്തെയും അച്ചടിച്ച പുസ്തകത്തെയും കുറിച്ച് ഇനിയും വേണ്ടത്ര പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ല. മലയാളം അച്ചടിയുടെ ഒരു സമഗ്ര ചരിത്രം എഴുതപ്പെടാനിരിക്കുന്നതേയുള്ളൂ.

പുസ്തകചരിത്രം എന്നൊരു പഠനശാഖ സമീപകാലത്തായി വികാസം നേടിയിട്ടുണ്ട്. പാശ്ചാത്യലോകത്തെ അച്ചടിയുടെയും പുസ്തകാവിർഭാവത്തിന്റെയും ചരിത്രം വിശദമായി അപഗ്രഥിക്കുന്ന ഒട്ടേറെ ഗംഭീരപഠനങ്ങളുണ്ട്. എലിസബത്ത് ഐസൻസ്റ്റൈന്റെ *ദി പ്രിന്റിങ്ങ്പ്രസ്സ് അസ് ആൻ ഏജന്റ് ഓഫ് ചെയ്ഞ്ച്*[2], ലൂസിയൻ ഫെബ്വ്രെയും ഹെൻറിഴാങ് മാർട്ടിനും ചേർന്നെഴുതിയ *ദ കമിങ് ഓഫ് ദ ബുക്ക്*[3] എന്നിവ ഉദാഹരണം. ഇന്ത്യയിലെ അച്ചടിയുടെയും പുസ്തകത്തിന്റെയും ചരിത്രം വിശകലനം ചെയ്യുന്ന സമീപകാലഗ്രന്ഥങ്ങൾ മിക്കവയും ഉത്തരേന്ത്യയിലെ പ്രസാധന ചരിത്രത്തിലാണ് ഊന്നുന്നത്. ബംഗാളിയിലും ഹിന്ദിയിലുമുണ്ടായ





അർണോസ് പാതിരി (1681-1732)

ആദ്യകാല മുദ്രണമാണ് അവയുടെ വിഷയം. അഭിജിത്ത് ഗുപ്തയും സ്വപൻകുമാർ ചക്രവർത്തിയും ചേർന്നെഴുതിയ *പ്രിന്റ് ഏരിയാസ്: ബുക്ക് ഹിസ്റ്ററി ഇൻ ഇന്ത്യ*[4], *മൂവബിൾ ടൈപ്പ്: ബുക്ക് ഹിസ്റ്ററി ഇൻ ഇന്ത്യ*[5], റിമി ബി. ചാറ്റർജിയുടെ *എമ്പയേഴ്സ് ഓഫ് ദ മൈൻഡ്: എ ഹിസ്റ്ററി ഓഫ് ദ ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്*[6], ഉൾറിക് സ്റ്റാർക്കിന്റെ *ആൻ എമ്പയർ ഓഫ് ബുക്സ്: ദ നവൽ കിഷോർ പ്രസ് ആൻഡ് ദ ഡിഫ്യൂഷൻ ഓഫ് ദ പ്രിന്റഡ് വേഡ് ഇൻ കൊളോണിയൽ ഇന്ത്യ*[7], ഫ്രാൻസെസ്ക ഓർസീനിയുടെ *പ്രിന്റ് ആന്റ് പ്ലഷർ: പോപ്പുലർ ലിറ്ററേച്ചർ ആൻഡ് എന്റർടെയ്നിങ് ഫിക്ഷൻ ഇൻ കൊളോണിയൽ ഇന്ത്യ*[8], തുടങ്ങിയ പുസ്തകങ്ങൾ ഉദാഹരണം. തെക്കേ ഇന്ത്യയിലെ ആദ്യകാലമുദ്രണത്തിന്റെ വിസ്തൃതചരിത്രം അവയിൽ പ്രത്യക്ഷപ്പെടുന്നില്ല. കേരളത്തിന്റെ മുദ്രണചരിത്രം അല്പം പോലുമില്ല ആ സമകാലിക പഠനങ്ങളിൽ. ഈ അസന്നിഹിതത്വം അക്കാദമിക് ചരിത്രപഠനങ്ങളിലെ വൈരുധ്യങ്ങളിലേക്കു കൂടി വിരൽചൂണ്ടുന്നുണ്ട്. തെക്ക് ഒരു 'അന്യ' (Other) മാണവിടെ. അധിനിവേശാനന്തരസിദ്ധാന്തത്തിന്റെ വൈരുധ്യങ്ങൾ!

കേരളത്തിന്റെ അച്ചടി-പുസ്തകചരിത്രം അന്വേഷിക്കുന്ന ഒരു പുസ്തകമേയുള്ളൂ - കെ. എം. ഗോവിയുടെ *ആദി മുദ്രണം ഭാരതത്തിലും മലയാളത്തിലും*[9], പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിലെ മുദ്രണചരിത്രം ഏതാണ്ടു സമഗ്രമായിത്തന്നെ അവതരിപ്പിക്കുന്ന *ആദിമുദ്രണം* മലയാളത്തിന്റെ 'പുസ്തകചരിത്ര'ത്തെക്കുറിച്ചുള്ള ഏക രേഖയാണ്. *മലയാളഗ്രന്ഥസൂചി* എന്ന ബഹുവാല്യ ഗ്രന്ഥസൂചിക തയ്യാറാക്കിയ സാഹസികനായ ഗോവി കേരളത്തിലെ അച്ചടിയുടെ ചരിത്രം കാലാനുക്രമമായി പിന്തുടരാനാണ് ശ്രമിച്ചത്. ഗ്രന്ഥാലയശാസ്ത്രജ്ഞനും ഗ്രന്ഥാലയാധിപനുമായിരുന്ന ഗോവി[10]യുടെ പഠനത്തിന്റെ പ്രധാന പരിമിതി അതൊരു വസ്തുസ്ഥിതിവിവരണം മാത്രമാണെന്നുള്ളതാണ്. അച്ചടി സാങ്കേതികവിദ്യയെ സാമൂഹികവും സാംസ്കാരികവുമായ സന്ദർഭങ്ങളിൽ പരിശോധിക്കാനോ യൂറോപ്യൻ അധിനിവേശവും ക്രിസ്തുമതപ്രചാരണവുമായി അതിനുള്ള ബന്ധത്തിലെ രാഷ്ട്രീയവും സാംസ്കാരികവുമായ വിവക്ഷകൾ അപഗ്രഥിക്കാനോ ഗോവി ശ്രമിച്ചിട്ടില്ല. പുസ്തകം എന്ന ഭൗതികവസ്തുവിന്റെ കാലാനുക്രമ ചരിത്രമാണ് *ആദിമുദ്രണ*ത്തിന്റെ പ്രമേയം. എന്നാൽ വസ്തുതാപരമായ കൃത്യതയും വിശ്വാസ്യതയുമുണ്ട് ആ ഗ്രന്ഥത്തിന്. ആദ്യകാല അച്ചടിയെയും പുസ്തകപ്രസാധനത്തെയും പറ്റി മലയാളത്തിലുള്ള മറ്റു പരാമർശങ്ങൾ മിക്കതും ആവർത്തനങ്ങൾ മാത്രമാണ്. അഭ്യൂഹങ്ങളും മറ്റു സ്രോതസ്സുകളെ ആശ്രയിച്ചു നിൽക്കുന്ന പ്രസ്താവങ്ങളുമാണവ. സംശയിക്കപ്പെടാവുന്ന ആധികാരികത്വമാണ് അവയുടേത്. അച്ചടിയന്ത്രം, പുസ്തകം എന്നിവയും പത്തൊൻപതാം നൂറ്റാണ്ടിൽ രൂപപ്പെട്ട കേരളാധുനികത്വവും തമ്മിലുള്ള ബന്ധത്തെയോ പാരമ്പര്യവും ആധുനികത്വവുമായുള്ള സംഘർഷത്തെയോ പരിശോധിക്കാതെ അച്ചടിയുടെ സമയരേഖ (Timeline) അവതരിപ്പിക്കലാണ് ആദ്യകാല മുദ്രണവുമായി ബന്ധപ്പെട്ട് മലയാളത്തിലുള്ള വിജ്ഞാനകോശലേഖനങ്ങൾ, പ്രബന്ധങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ തുടങ്ങിയവയുടെ വഴി. മലയാളമുദ്രണത്തിന്റെ ഒരു സാംസ്കാരിക ചരിത്രത്തെ ഇനിയും എഴുതപ്പെടേണ്ടിയിരിക്കുന്നതാക്കുന്നത് ഈ പുസ്തകചരിത്രരചനാരീതിയാണ്.

പുതിയൊരു സാങ്കേതികവിദ്യയെ അഭിമുഖീകരിക്കലും അതിലൂടെ ആശയങ്ങളും അറിവും വിതരണം ചെയ്യലും മാത്രമായിരുന്നില്ല 19-ാം നൂറ്റാണ്ടിലെ കേരളത്തിൽ അച്ചടിക്കു തുനിഞ്ഞവരുടെ പ്രശ്നം. ദുർല്ലഭവും വലിയ വിലയുള്ളതുമായ യൂറോപ്യൻ സാങ്കേതികവിദ്യ ആർജിക്കലും അതു പഠിച്ചെടുത്ത് മാതൃഭാഷാനുകൂലമാക്കലും കൂടി വേണ്ടിയിരുന്നു അവർക്ക്. സാങ്കേതികവിദ്യയെ മാത്രമല്ല, കൊളോണിയലിസ

ത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക താത്പര്യത്തെക്കൂടി അഭിമുഖീകരിച്ചുകൊണ്ടു മാത്രമേ 19-ാം നൂറ്റാണ്ടിൽ അതു സാധ്യമാകുമായിരുന്നുള്ളൂ. അച്ചടിയന്ത്രം മാത്രമല്ല അതിൽ ഉപയോഗിക്കേണ്ട സാമഗ്രികളും ഇന്ത്യയിൽ നിർമിക്കപ്പെട്ടിരുന്നില്ല. യൂറോപ്യൻ അധിനിവേശകരെ ആശ്രയിക്കുകയോ, സാങ്കേതിക വിദ്യ തദ്ദേശീയമായി വികസിപ്പിക്കുകയോ, ലഭ്യമായ വിദ്യയെ മാതൃഭാഷക്കും തങ്ങളുടെ സാംസ്കാരത്തിനുമനുസരിച്ചു രൂപപ്പെടുത്തുകയോ, ചെയ്യാനുള്ള വലിയ ബാധ്യതയായിരുന്നു അവരുടേത്. തദ്ദേശീകരണത്തിന്റെ ആ വെല്ലുവിളി ഏറ്റെടുത്തുകൊണ്ടാണ് 19-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിലുള്ള അച്ചടിക്കാർ കേരളത്തെ ആധുനികത്വത്തിലേക്കു നയിച്ചത്. കേരളാധുനികത്വത്തിന്റെ യഥാർഥ പണിയാലകളായിരുന്നു അവർ സ്ഥാപിച്ച അച്ചടിശാലകൾ (അച്ചകമെന്നും ഛാപകമെന്നും പേരുണ്ടായിരുന്നു ഒരിക്കൽ മുദ്രണാലയങ്ങൾക്ക്). യൂറോപ്യൻ ക്രിസ്തുപ്രചാരകരായ ബെഞ്ചമിൻ ബെയ്ലിയിലും (സി.എം.എസ് പ്രസ്സ്, കോട്ടയം, 1822) ഹെർമൻ ഗുണ്ടർട്ടിലും (മിഷൻ പ്രസ്സ്, തലശ്ശേരി, 1845) നിന്നും തുടങ്ങുന്ന ആ മുദ്രണാധുനികത്വ പാരമ്പര്യം തദ്ദേശീയമായിത്തുടങ്ങുന്നത് തിരുവിതാംകൂർ മഹാരാജാവായിരുന്ന സ്വാതിതിരുനാൾ രാമവർമ (ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം, 1836) മുതലാണ്.

മഹാരാജാവായ സ്വാതിതിരുനാളിന് അച്ചടിശാല സ്ഥാപിക്കാൻ ഭൗതികാധ്വാനമോ വൈയക്തികക്ലേശമോ വേണ്ടിവന്നിരിക്കാനിടയില്ല. ആധുനികത്വത്തിലേക്കുള്ള തന്റെ ഭാവിനോട്ടത്തെ ഒരു 'തുല്യം ചാർത്തലി'ലൂടെ നടപ്പാക്കാൻ രാജാവിനു കഴിയുമായിരുന്നു. അന്ന് തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന നാഗർകോവിലിൽ (ഇന്ന് തമിഴ്നാട്ടിൽ) ഇംഗ്ലീഷ് മതപ്രചാരകനായ ചാൾസ് മീഡ് സ്ഥാപിച്ച എൽ.എം.എസ്. (ലണ്ടൻ മിഷൻ സൊസൈറ്റി) പ്രസ്സിൽ നിന്ന് (ബെഞ്ചമിൻ ബെയ്ലി കോട്ടയത്ത് പ്രസ്സ് ഉണ്ടാക്കുന്നതിനു മുമ്പ് 1820 ൽത്തന്നെ ചാൾസ് മീഡ് പ്രസ്സ് സ്ഥാപിച്ചുവെങ്കിലും അവിടെ അച്ചടിച്ചതെല്ലാം തമിഴിലുള്ള ക്രിസ്തുമതപ്രചാരണ ഗ്രന്ഥങ്ങളായിരുന്നു) എത്തിയ അച്ചടിവേലക്കാരായ സമാധാനം മേസ്തിരിയും[11] മറ്റു തൊഴിലാളികളും ചേർന്ന് തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടം പണിതു. തിരുവിതാംകൂറിന്റെ ഭാഗമായ കോട്ടയത്തു പ്രവർത്തിച്ചിരുന്ന ഇംഗ്ലീഷ് പ്രൊട്ടസ്റ്റന്റ് മതപ്രചാരകനായ ബെഞ്ചമിൻ ബെയ്ലി തന്റെ പണിക്കാർ വഴി മലയാളം അച്ചുകൾ ഉണ്ടാക്കിക്കൊടുത്തും മഹാരാജാവിനെയും സർക്കാർ അച്ചകത്തെയും സഹായിച്ചു. രാജകല്പനയ്ക്കു കല്ലേപ്പിളർക്കുന്ന ശക്തിയുള്ള കാലമായിരുന്നതിനാൽ അച്ചുകൾക്കും അതു ബാധകമായിരുന്നു.

വൈദേശികരായ ക്രിസ്തുമതപ്രചാരണ സംഘങ്ങൾക്കും സർക്കാർ സംവിധാനത്തിനും പുറത്ത് വൈയക്തികമായ ഒരു ധാരയുണ്ട് മലയാളമുദ്രണത്തിന്റെ ചരിത്രത്തിൽ. ഒറ്റ മനുഷ്യൻ നടത്തിയ അച്ചടിവിപ്ലവത്തിന്റെ കഥയാണത്. അങ്ങേയറ്റത്തെ ക്ലേശങ്ങളും ഇല്ലായ്മയും സഹിച്ചുകൊണ്ട് സാങ്കേതികവിദ്യ തനതായി വികസിപ്പിച്ചും സ്വായത്തമാക്കിയും കേരളത്തെ ആധുനികത്വത്തിലേക്കു നയിച്ച മുദ്രണപാരമ്പര്യം. ലാഭകരമാവുമെന്ന് ഒരു ഉറപ്പുമില്ലാതെ നടത്തിയ ആ അച്ചടിപാരമ്പര്യത്തെ ദാരിദ്യത്തിന്റെ മുദ്രണമെന്നു വിളിക്കാം. അച്ചടിയിലെ കേരളീയ പാരമ്പര്യത്തിന്റെ തുടക്കമായിരുന്നു അത്. കുര്യാക്കോസ് ഏലിയാസ് ചാവറ എന്ന ചാവറയച്ച(1805-1871)[12]നിൽ നിന്നാണ് അതിന്റെ ആരംഭം. ഭാരതീയമായ ക്രൈസ്തവ സന്ന്യാസപാരമ്പര്യം സൃഷ്ടിച്ച ചാവറയച്ചൻ കേരളീയ ക്രൈസ്തവ ആധ്യാത്മിക പാരമ്പര്യത്തിലെ അത്ഭുതമാണ്. ആധ്യാത്മികതയെയും ആധുനികത്വത്തെയും കൂട്ടിയിണ



ബെഞ്ചമിൻ ബെയ്ലി (1791-1971)



ഹെർമൻ ഗുണ്ടർട്ട് (1814-1893)

ക്കിയ പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റേത്. പള്ളിയിൽ നിന്നും പള്ളിക്കൂടത്തിലേക്കും അച്ചുകൂടത്തിലേക്കും എഴുത്തിലേക്കും നീങ്ങിയ അദ്ദേഹം 19-ാം നൂറ്റാണ്ടിലെ കേരളത്തിലുണ്ടായ സാമൂഹികപരിവർത്തനങ്ങളുടെ ചാലകരിലൊരാളാണ്. 'വാഴത്തടവിപ്ലവ'ത്തിലൂടെ മലയാള മുദ്രണത്തിന്റെ കേരളീയ താവഴി തുടങ്ങിവച്ച ചാവറയച്ചന്റെ മുദ്രകപാരമ്പര്യത്തിൽ നക്ഷത്രശോഭയോടെ നിൽക്കുന്ന ഒട്ടേറെ പേരുകൾ കാണാം. നമ്മുടെ നവോത്ഥാന (ആധുനികത്വത്തിനു പകരം 'നവോത്ഥാനം' എന്ന സംജ്ഞയാണ് മുമ്പ് പൊതുവെ ഉപയോഗിച്ചിരുന്നത്. യൂറോപ്യൻ ആസ്പദമുള്ള റിനസാൻസ്/Renaissance എന്ന സംജ്ഞയുടെ പരിഭാഷയായ 'നവോത്ഥാന'ത്തിൽ ആയൂറോപ്യൻനിഴൽ വീണുകിടക്കുന്നതിൽ 'ആധുനികത്വ'മാണ് കൂടുതൽ ഉചിതം) ത്തിന്റെ ചരിത്രങ്ങളിൽ പൊതുവെ പ്രത്യക്ഷപ്പെടാത്ത ആ പേരുകളിങ്ങനെ: കുര്യാക്കോസ് ഏലിയാസ് ചാവറ (സെന്റ് ജോസഫ്സ് പ്രസ്സ്, മാന്നാനം, കോട്ടയം, 1846), ഈശ്വരപിള്ള വിചാരിപ്പുകാർ[13] ('കേരളവിലാസം', തിരുവനന്തപുരം, 1852-53), മാനുവൽ പഞ്ഞിക്കാരൻ (സെന്റ് ജോൺ അച്ചുകൂടം, ഫോർട്ട് കൊച്ചി, 1860?), തമിഴരായ ചതുരംഗപട്ടണം കാളഹസ്തിയപ്പ മുതലിയാർ, അദ്ദേഹത്തിന്റെ മകൻ അരുണാചലം മുതലിയാർ (വിദ്യാവിലാസം, മഞ്ചേരിയിലും പിന്നീട് കോഴിക്കോട്ടും, 1862?), പാറമ്മേൽ ഉ(ഇ)ട്ടൂപ്പ് (സെന്റ് തോമസ് അച്ചുക്കൂടം, കൊച്ചി, 1869, വിദ്യാരത്നപ്രഭ, കുന്നംകുളം, 1881), ഗുജറാത്തിയായ ദേവ്ജി ഭീംജി (വെസ്റ്റേൺ സ്റ്റാർ, മട്ടാഞ്ചേരി, കൊച്ചി, 1864)..... അങ്ങനെ നീളുന്നു 19-ാം നൂറ്റാണ്ടിലെ വൈയക്തികമുദ്രകരുടെ നിര. കേരളീയരുടെ മലയാളം അച്ചടി പാരമ്പര്യം അവരിൽനിന്നാണ് തുടങ്ങുന്നത് (ഗുജറാത്തിയും തമിഴനും ഈ കൂട്ടത്തിലുണ്ടെങ്കിലും അവർ കേരളീയരായിരുന്നു). അച്ചടിയും അച്ചടിച്ച പുസ്തകവും വഴി ആധുനികത്വത്തെ ആനയിച്ച അവരുടെ പേരുകൾ അപൂർവമായേ അച്ചടിച്ച ചരിത്രങ്ങളിലും പ്രത്യക്ഷപ്പെടാറുള്ളൂ.

അനായാസമോ സുഗമമോ ആയിരുന്നില്ല ആ ആധുനികത്വസന്ദേശവാഹകരുടെ മുദ്രണയാത്രകൾ. സാങ്കേതികവിദ്യക്കുവേണ്ടിയുള്ള സമരവും സാങ്കേതികവിദ്യയുമായുള്ള സമരവും മാത്രമല്ല, അച്ചടിച്ച വാക്കിനേക്കാൾ ഓർമയ്ക്കും അച്ചിനെക്കാൾ നാരായത്തിനും കടലാസിനേക്കാൾ താളിയോലയ്ക്കും മൂല്യം കൽപിച്ച സാമൂഹികബോധത്തോടുള്ള സമരംകൂടി നടത്തിക്കൊണ്ടാണ് ചാവറയച്ചനും ഈശ്വരപിള്ള വിചാരിപ്പുകാരും ഉൾപ്പെടെയുള്ള ആദ്യകാല മുദ്രകർ കേരളീയ അച്ചടിപാരമ്പര്യത്തിനും ആധുനികത്വത്തിനും വഴിയൊരുക്കിയത്. വൈയക്തികവും ഭൗതികവും സാമൂഹികവുമായ 'മുദ്രണസംഘർഷ'ങ്ങൾ നേരിട്ടുകൊണ്ടായിരുന്നു അത്. പാരമ്പര്യവും ആധുനികത്വവും തമ്മിലുള്ള അഭിമുഖീകരണം സൃഷ്ടിച്ച സംഘർഷാത്മകത്വത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിലെ ആദ്യകാല അച്ചടി നടന്നത്. സാംസ്കാരികമായ ആ മുദ്രണസംഘർഷം, അച്ചും കൈയെഴുത്തും തമ്മിലും അച്ചടിയും ഓർമയും തമ്മിലും കടലാസും ഓലയും തമ്മിലും സ്വാഭാവികമായി നിലനിന്ന ആ ഏറ്റുമുട്ടൽ 19-ാം നൂറ്റാണ്ടിൽത്തന്നെ പ്രസിദ്ധീകരിച്ച ഒ. ചന്തുമേനോന്റെ *ഇന്ദുലേഖ* (1889)യിൽ കാണാം. മലയാളത്തിലെ ആദ്യത്തെ നോവലായ *ഇന്ദുലേഖ* അച്ചടിയുടെയും യൂറോപ്യൻ/കൊളോണിയൽ ആധുനികത്വത്തിന്റെയും സന്തതിയാണ്. ആധുനികത്വത്തോടുള്ള ആകർഷണവും സംഘർഷവും നിറഞ്ഞു നിൽക്കുന്ന *ഇന്ദുലേഖ* അച്ചടി എന്ന ആധുനിക സാങ്കേതികവിദ്യയോടുള്ള 19-ാം നൂറ്റാണ്ടിലെ മലയാളിയുടെ ഏറ്റുമുട്ടലുകൾകൂടി രേഖപ്പെടുത്തിയ ചരിത്രരേഖയാണ്. അച്ചടിയും അച്ച

ടിച്ച പുസ്തകവും വ്യാപിക്കാൻ തുടങ്ങിയ 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ പ്രസിദ്ധീകരിച്ച *ഇന്ദുലേഖ* (സ്പെക്ടേറ്റർ അച്ചുകൂടം, കോഴിക്കോട്)യിലെ പലതരം ആധുനികത്വസംഘർഷങ്ങളിൽ ഏറ്റവും പ്രധാനമാണ്. 'ലേഖ'വും 'അലേഖ'വും തമ്മിലുള്ളത്. 'ലേഖം' താളിയോലയിലെ കൈയെഴുത്തും 'അലേഖം' കടലാസിലെ അച്ചടിയുമാണ്. അച്ചടിക്കപ്പെട്ട പുസ്തകം എന്ന പുത്തൻ സാംസ്കാരികോത്പന്നം ആവിർഭവിക്കുകയും സ്വത്വനിർമാണത്തിലും ലോകവീക്ഷണത്തിലും പങ്കുവഹിക്കാൻ തുടങ്ങുകയും ചെയ്ത 19-ാം നൂറ്റാണ്ടിലെ പാരമ്പര്യ/ആധുനികത്വ മുദ്രണ സംഘർഷം *ഇന്ദുലേഖ* അവതരിപ്പിക്കുന്നു. അച്ചടിച്ച പുസ്തകങ്ങളിലല്ലാതെ താളിയോലഗ്രന്ഥങ്ങളിൽ ഒട്ടും താത്പര്യമില്ലാത്ത പുത്തൻ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ദുലേഖാ മാധവന്മാരെപ്പറ്റി തറവാട്ടുകാരണവരായ പഞ്ചുമേനവൻ പരിഭവിക്കുന്നതിങ്ങനെയാണ്: 'അലേഖഗ്രന്ഥങ്ങളെ അവൾക്കും പുച്ഛമാണ്. കടലാസുബുക്കുകളല്ലാതെ ഇവരാരും കൈകൊണ്ടു തൊടുമോ? കലിയുഗത്തിന്റെ മൂർധന്യം[14]?' ഇംഗ്ലീഷ് നോവൽ വായിച്ചിരിക്കുന്ന ഇന്ദുലേഖ വിദേശത്തുനിന്നെത്തിയ ആ അച്ചടിപ്പുസ്തകത്തിന്റെ കഥാസാരം മലയാളത്തിൽ പറഞ്ഞുകേട്ടപ്പോഴുണ്ടായ പരിഭ്രമം മുൻനിർത്തിയാണ് യാഥാസ്ഥിതിക/കൈയെഴുത്ത്/വാമൊഴി പാരമ്പര്യത്തിന്റെ പ്രതിനിധിയായ പഞ്ചുമേനവൻ 'അലേഖ'വും 'ലേഖ'വുമായ പുസ്തകങ്ങളിലേക്കെത്തുന്നത്. 'എന്തെല്ലാം ശാസ്ത്രങ്ങൾ നുമ്മളുടെ ശാസ്ത്രത്തിൽ ഉള്ളതു പൂവള്ളിയിലുണ്ട്. അതൊന്നും കൈകൊണ്ട് ഒരാളും തൊടാറേ ഇല്ല. ഗ്രന്ഥങ്ങൾ അലേഖയിലുള്ളത് ഒക്കെയും ദ്രവിച്ചു നാനാവിധമായിപ്പോയി. മാധവനോടു പണ്ടൊരു ദിവസം ഈ ഗ്രന്ഥങ്ങൾ തുടച്ചു നന്നാക്കിവയ്ക്കാൻ പറഞ്ഞു – അവൻ ചെയ്തില്ല'[15] എന്നും പഞ്ചുമേനവൻ പരിഭവിക്കുന്നുണ്ട്.

അച്ചടിച്ച പുസ്തകവും വർത്തമാനപ്പത്രവും വായിക്കുന്നവരും (കൊളോണിയൽ) ആധുനികവിദ്യാഭ്യാസം നേടിയവരും ടെലിഗ്രാഫ് പോലുള്ള വിനിമയ സാങ്കേതികവിദ്യകളാൽ കൂട്ടിയിണക്കപ്പെട്ടവരുമാണ് ആധുനികത്വത്തിന്റെ സന്തതികളായ ഇന്ദുലേഖയും മാധവനും. അലേഖഗ്രന്ഥങ്ങൾക്കുപകരം ലേഖഗ്രന്ഥങ്ങളിൽ തത്പരരായ അവർ പാരമ്പര്യം തിരസ്കരിക്കുന്നവരല്ലെങ്കിലും അതിലെ കാലാനുകൂലമല്ലാത്ത അംശങ്ങൾ തള്ളിക്കളയുന്നവരും ആധുനിക സാങ്കേതികവിദ്യയെ പുൽകുന്നവരുമാണ്. അച്ചടിച്ച പുസ്തകവും അച്ചടിയുമാണ് അവരെ ആധുനികത്വത്തിന്റെ പുരുഷനും സ്ത്രീയുമാക്കുന്നത്.

അച്ചടിക്കാത്തതും അച്ചടിച്ചതും തമ്മിലുള്ള ഈ സംഘർഷത്തിൽ മതം, പാരമ്പര്യം, ഭാഷ, കാർഷികജന്മിത്തം, വ്യവസായമുതലാളിത്തം, സാങ്കേതികവിദ്യ, പുതിയ വിദ്യാഭ്യാസം, മതാത്മകജ്ഞാനം, ആധുനികശാസ്ത്രജ്ഞാനം തുടങ്ങിയ 19-ാം നൂറ്റാണ്ടിലെ കേരളീയസമൂഹത്തിൽ പരിവർത്തനവിധേയമായ മറ്റനേകം മണ്ഡലങ്ങളിലെ സംഘർഷങ്ങൾക്കൂടി പ്രതിഫലിക്കുന്നു. താളിയോലയിലെ നാരായങ്കനവും കടലാസിലെ അച്ചടിയും തമ്മിലുള്ള സംഘർഷത്തിനും പിന്നിൽ മറഞ്ഞുനിൽക്കുന്ന മറ്റൊരു സംഘർഷത്തെക്കൂടി ചന്തുമേനോൻ വെളിപ്പെടുത്തുന്നുണ്ട്, സാങ്കേതികവിദ്യ ആർജിക്കാൻ അന്നത്തെ കേരളീയ സമൂഹം നേരിട്ട സംഘർഷം. (അച്ചടിച്ച) പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന ഇന്ദുലേഖയെ പഞ്ചുമേനവൻ കാണാനെത്തുന്ന സന്ദർഭം അവതരിപ്പിക്കുന്ന നോവലിസ്റ്റ് അച്ചടിസാങ്കേതികവിദ്യ ആർജിക്കാൻ അന്നുണ്ടായിരുന്ന വിഷമതകൾകൂടി വ്യക്തമാക്കുന്നു. ഇന്ദുലേഖ *ശാകുന്തളം* വായിച്ചുകൊണ്ടിരിക്കുമ്പോൾ അങ്ങോട്ടെത്തിയ പഞ്ചുമേനവൻ, 'പെണ്ണേ, നീ എന്താണു വായിക്കുന്നത്? ഇന്നാൾ പറഞ്ഞമാതിരിയുള്ള കള്ളക്കഥയോ?' എന്നു ചോദിക്കുന്നു. ആ സംഭാഷണസന്ദർഭം ഇങ്ങനെയാണ്:

'ഇന്ദുലേഖ: അല്ല, ശാകുന്തളമാണു വലിയച്ഛാ. ഈ പുസ്തകത്തിലെ അച്ച് വളരെ





ചീത്തയാണ്. വായിപ്പാൻ ബഹുപ്രയാസം.

പഞ്ചുമേനവൻ: നല്ല ബുക്ക് വാങ്ങിക്കൊള്ളരുതോ? എവിടെ കിട്ടും നല്ല ബുക്ക്? ഞാൻ പണം ഇപ്പോൾ തരാമല്ലോ.

ഇന്ദുലേഖ: ഇതിൽ നല്ല അച്ചിൽ അച്ചടിച്ചിട്ടുള്ള ബുക്ക് ഉണ്ടോ എന്നറിഞ്ഞില്ല. ഉണ്ടോ എന്ന് അന്വേഷിച്ച് വലിയച്ഛനെ അറിയിക്കാം.

പഞ്ചുമേനവൻ: വലിയ അച്ഛായിട്ട് എന്റെ മകൾ ഒന്ന് അച്ചടിപ്പിച്ചോളൂ.

ഇന്ദുലേഖ: (ചിരിച്ചുംകൊണ്ട്) അതു പ്രയാസമല്ലേ വലിയച്ഛാ. വളരെ ചെലവുണ്ടാകും- പിന്നെ ഇതിൽ വലിയ ടൈപ്പു തന്നെ ഉണ്ടോ എന്നറിഞ്ഞില്ല.

പഞ്ചുമേനവൻ: എന്തന്ന് ഉണ്ടോ എന്നറിഞ്ഞില്ല?

ഇന്ദുലേഖ: വലിയ അക്ഷരക്കരുക്കൾ.

പഞ്ചുമേനവൻ: എനിക്ക് ഇതൊന്നും അറിഞ്ഞുകൂടാ, കുട്ടീ. കരുക്കൾ ഇല്ലെങ്കിൽ അതും വാങ്ങിക്കോ.'[16]

ഈ സംഭാഷണസന്ദർഭത്തിൽ നിന്ന് 19-ാം നൂറ്റാണ്ടിലെ അച്ചടിയുടെയും പുസ്തകനിർമാണത്തെയും സംബന്ധിച്ച ചില നിരീക്ഷണങ്ങൾ വേർതിരിച്ചെടുക്കാനാവും: 'അച്ച് വളരെ ചീത്തയാണ്, വായിക്കാൻ വളരെയധികം ക്ലേശം', 'നല്ല അച്ചിൽ അടിച്ച പുസ്തകം ഉണ്ടോയെന്നറിയില്ല', 'അച്ചടി ചെലവേറിയ സാങ്കേതികവിദ്യയാണ്' അച്ചുകൾക്ക് വൈവിധ്യമില്ല. അൻപതോളം അച്ചടിശാലകൾ കേരളത്തിൽ പലഭാഗത്തായി പ്രവർത്തിക്കുന്ന 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ചന്തുമേനോൻ നടത്തിയ ഈ നിരീക്ഷണങ്ങൾ ആ സമയത്തുപോലും അച്ചടിയുടെയും പുസ്തകനിർമാണത്തിന്റെയും രംഗത്തുണ്ടായിരുന്ന ഭൗതിക ക്ലേശങ്ങളും സാങ്കേതിക പരിമിതികളും വെളിപ്പെടുത്തുന്നു. അപ്പോൾ, അതിനു അരനൂറ്റാണ്ടു പിന്നിലുള്ള കാലത്തുണ്ടായിരുന്ന അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. അച്ചടി യന്ത്രം മാത്രമല്ല മലയാളം അച്ചുകളും കടലാസും മഷിയുമൊന്നും എളുപ്പത്തിൽ കിട്ടുന്ന വസ്തുക്കളായിരുന്നില്ല. സാങ്കേതിക വിദഗ്ധരുടെയും വിദഗ്ധത്തൊഴിലാളികളുടെയും കാര്യവും മറിച്ചായിരുന്നില്ല. യൂറോപ്യൻ നിർമിതികളായ അച്ചടിയന്ത്രവും അച്ചടിമഷിയും അച്ചടിക്കടലാസും നേടുക വലിയ സാമ്പത്തികബാധ്യത വരുത്തുന്ന കാര്യമായിരുന്നു. അച്ചടി എന്ന സാങ്കേതികവിദ്യ സ്വായത്തമാക്കൽ ആപത്കരമായ പ്രവൃത്തിയായിരുന്ന ആ അന്തരീക്ഷത്തിലാണ് ചാവറയച്ചൻ മുദ്രണത്തിന്റെ കേരളീയ പാരമ്പര്യം തുടങ്ങിവച്ചത്. ആധുനികത്വത്തിലേക്കുള്ള ആ ചുവടുവയ്പിൽ അദ്ദേഹത്തിനുമുന്നിൽ ഒരു വഴിയേ ഉണ്ടായിരുന്നുള്ളൂ-സാങ്കേതികവിദ്യയുടെ തദ്ദേശീകരണം. മലയാള മുദ്രണത്തിന്റെ തലതൊട്ടപ്പനായി കുര്യാക്കോസ് ഏലിയാസ് ചാവറയെ അടയാളപ്പെടുത്തുന്നത് ആ ഘടകമാണ്. വിശുദ്ധമായൊരു വാഴ്ത്തടവിപ്ലവത്തിന്റെ കഥയാണത്.

കോട്ടയം പട്ടണത്തിനടുത്തുള്ള മാന്നാനത്ത് 1846 ൽ ചാവറയച്ചൻ സ്ഥാപിച്ച സെന്റ് ജോസഫ്സ് പ്രസ്സ് മലയാളിയുടെ ആദ്യത്തെ (സർക്കാറിതര) മുദ്രണസംരംഭമാണ്. ഒരു അച്ചടി യന്ത്രത്തിന്റെ സ്ഥാപനം എന്നതിനേക്കാൾ വലിയ പ്രാധാന്യമുണ്ട് കേരളത്തിന്റെ ആധുനികത്വത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രത്തിൽ ആ പ്രവർത്തനത്തിന്. യൂറോപ്പിന്റെ കുത്തകയായ അച്ചടി സാങ്കേതികവിദ്യയെ യുറോപ്യൻ സഹായമില്ലാതെ കേരളത്തിൽ ആവിഷ്ക്കരിക്കുകയാണ് ആ സന്ന്യാസി ചെയ്തത്, ആധുനിക സാങ്കേതിക വിദ്യയുടെ തദ്ദേശീകരണം. സഭാ പ്രവർത്തനങ്ങളിലും ആത്മീയജീവിതത്തിലും രചനകളിലുമെല്ലാം തദ്ദേശീകരണത്തിന്റെ സന്ദേശവാഹകനായിരുന്ന അദ്ദേഹം അച്ചടിയിലും അതേവഴിതന്നെ സ്വീകരിച്ചു. ഇന്ന് ആലോചിക്കാൻ പോലുമാകാത്ത കല്ലും മുള്ളും നിറഞ്ഞ ക്ലേശപാതയായിരുന്നു സാങ്കേതികവിദ്യാർജനത്തിലേക്കുള്ള ആ തന്നാട്ടുവഴി. 'വിദേശീയരുടെ സാങ്കേതികസഹായം കൂടാതെ ഒരു കേരളീയൻ ആദ്യമായി സ്ഥാപിച്ച അച്ചുകൂട'[17]മായിരുന്നു മാന്നാനം പ്രസ്സ്. രാഷ്ട്രീയമായി പ്രത്യേക രാജ്യങ്ങളായിരുന്നുവെങ്കിലും സാംസ്കാരികമായി ഒന്നുതന്നെയായിരുന്ന അന്നത്തെ കേരളത്തിൽ അഞ്ച് അച്ചടിശാലകളാണ് ഉണ്ടായിരുന്നത്. തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന നാഗർകോവിലിലെ എൽ.എം.എസ് പ്രസ്സ് (1820)[18], കോട്ടയത്തെ സി.എം.എസ്. പ്രസ്സ് (1821)[19], തിരുവനന്തപുരത്തെ ഗവണ്മെന്റ് പ്രസ്സ് (1836)[20], തലശ്ശേരിയിലെ ലിത്തോഗ്രാഫ് പ്രസ്സ് (കല്ലച്ച്)[21]. ഇവയിൽ തലശ്ശേരിയിൽ ഹെർമൻ ഗുണ്ടർട്ട് ആരംഭിച്ച ലിത്തോഗ്രാഫ് പ്രസ്സ് ഒഴികെയുള്ളവ ഗുട്ടെൻബെർഗിന്റെ ജംഗമാച്ചുകൾ (Movable types) ഉപയോഗിച്ച ആധുനിക അച്ചകങ്ങളായിരുന്നു. സാങ്കേതികവിദ്യയും അസംസ്കൃതവസ്തുക്കളും കിട്ടാനുള്ള പ്രയാസം മൂലം അച്ചടിച്ച പുസ്തകം വിലയേറിയ വസ്തുവും പ്രസാധനം ലാഭകരമല്ലാത്ത, ചെലവേറിയ വ്യവസായവുമായിരുന്ന ആ ഘട്ടത്തിലാണ് ചാവറയച്ചൻ പരസഹായമി



1846-ൽ മാന്നാനം പ്രസ്സിൽ നിന്നും അച്ചടിച്ച ആദ്യ പുസ്തകമായ 'ജ്ഞാനപീയൂഷം' എന്ന പുസ്തകത്തിന്റെ ഏതാനും താളുകൾ

മുന്നിൽ ഉണ്ടായിരുന്നത്. കേരളീയ സുറിയാനി കത്തോലിക്കനായ ചാവറയച്ചന് സഭാവ്യത്യാസം കൊണ്ടുതന്നെ എളുപ്പം പ്രാപ്യമായ ഒന്നായിരുന്നില്ല സി.എം.എസ് പ്രസ്സ്. അച്ചടിയന്ത്രത്തിനുവേണ്ടി ആഗ്രഹിച്ച അദ്ദേഹത്തിനു മുന്നിൽ സാമ്പത്തികക്ലേശങ്ങളുമുണ്ടായിരുന്നു. അച്ചടിവിദ്യ അറിയാവുന്ന തോപ്പിൽ ഇട്ടിക്കുരുവിള എന്ന പുലിങ്കുന്നുകാരനുമായി 1843 സെപ്തംബറിൽ ചാവറയച്ചൻ കോട്ടയത്തെത്തി ഒരു അച്ചടിത്തൊഴിലാളിയുമായി ചില ഏർപ്പാടുകൾ ഉണ്ടാക്കിയതായി ജീവചരിത്രകാരനായ ഫാ. എ.എം. മുണ്ടാടൻ സൂചിപ്പിച്ചിട്ടുണ്ട്.[22]

ആത്മീയസന്ദേശവിതരണത്തിനായി സാങ്കേതികവിദ്യയെ ആലിംഗനം ചെയ്യാൻ കൊതിച്ച ചാവറയച്ചൻ നേരിട്ട വെല്ലുവിളി മൂലധനത്തിന്റെതായിരുന്നു. ക്രിസ്തുവിന്റെ ദാരിദ്ര്യം സ്വീകരിച്ച സന്ന്യാസിമാർക്ക് വിദൂരമായ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആ മധ്യദശയിൽ ധനികത്വം അന്യമായിരുന്നിരിക്കാനല്ലേ തരമുള്ളൂ. 1843 നവംബറിൽ കപ്പമാവുമ്മൂട്ടിൽ മറിയത്തുമ്മ എന്ന വനിത മാന്നാനം ക്രൈസ്തവാശ്രമത്തിന് 12000 ചക്രം[23] സംഭാവന നൽകി. ആ പണം മൂലധനമാക്കിയാണ് ചാവറയച്ചൻ അച്ചടിയന്ത്രത്തിനായി ശ്രമം തുടങ്ങിയത്.[24] അച്ചടിവിദ്യ മനസ്സിലാക്കുന്നതിനു വേണ്ടി 1844 സെപ്തംബറിൽ അദ്ദേഹം കോട്ടത്തെ സി.എം.എസ് പ്രസ്സിലേക്കു പോയി. ആ അച്ചകസന്ദർശനത്തെപ്പറ്റി ആത്മകഥാപരമായ *നാളാഗമത്തിൽ* ചാവറയച്ചൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: '1844 കാലം ചിങ്ങം മുതൽ പൊസ്തകം അടിപ്പാനുള്ള വേലക്കു പ്രത്യേകം മനസ്സുവച്ചു തുടങ്ങി. രണ്ടുകുറി ഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നാറെ അവർ കാട്ടിയതുമില്ല'.[25] സാങ്കേതിക വിദ്യ പങ്കുവയ്ക്കാനുള്ള ആ വിരോധത്തിനു പിന്നിൽ സഭാവ്യത്യാസമല്ലാതെ മറ്റൊന്നുമായിരിക്കില്ലല്ലോ. രണ്ടു പതിറ്റാണ്ടു മുമ്പേ തന്നെ തുടങ്ങിയ സി.എം.എസ്.പ്രസ്സ് അപ്പോഴേക്കും കേരളത്തിലച്ചടിച്ച ആദ്യ മലയാളപുസ്തകമായ *ചെറുപൈതങ്ങളും, പുതിയ നിയമവും*[26] ഉൾപ്പെടെ ഒട്ടേറെ പുസ്തകങ്ങൾ മുദ്രണം

ല്ലാതെ അച്ചടിസാഹസത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. ചരിത്രം സൃഷ്ടിക്കാൻ വിധിക്കപ്പെട്ടവരെല്ലാം അങ്ങനെ പുറപ്പെട്ടതായാണ് ചരിത്രം.

ആധുനികതയുടെ വിഗ്രഹവും വാഹനവുമായ അച്ചടിയന്ത്രത്തിനുവേണ്ടി ചാവറയച്ചൻ നടത്തിയ തീവ്രയത്നത്തിന്റെ കഥ എത്ര വിശദീകരിച്ചാലും ഇന്ന്, വിനിമയ സാങ്കേതികവിദ്യയുടെ സ്വാതന്ത്ര്യപ്രവാഹമെന്ന ആശയം പ്രബലമായി നിൽക്കുന്ന ഈ വിവരയുഗ (Information age) ത്തിൽ മനസ്സിലാക്കാൻ പ്രയാസമാണ്. തന്റെ വിശ്വാസജീവിതത്തിന്റെ ആത്മീയസന്ദേശങ്ങൾ ആധുനിക സാങ്കേതികവിദ്യയിലൂടെ വിതരണം ചെയ്യാൻ തീരുമാനിച്ച അദ്ദേഹം, ആ വിദ്യയുടെ മൂർത്തിയായ അച്ചടിയന്ത്രം തേടുമ്പോൾ തടസ്സങ്ങളായിരുന്നു ചുറ്റും. പ്രൊട്ടസ്റ്റന്റ് സഭക്കാരനായ ബെഞ്ചമിൻ ബെയ്ലിയുടെ സി.എം.എസ് പ്രസ്സായിരുന്നു അച്ചടിവിദ്യയുടെ മാതൃകയായി ചാവറയച്ചനു




ചെയ്ത് അച്ചടിവിദ്യയിൽ വിദഗ്ധ സ്ഥാപനമായിക്കഴിഞ്ഞിരുന്നു.

നിഷേധിക്കപ്പെട്ട സാങ്കേതികവിദ്യക്കായി ചാവറയച്ചൻ മറ്റു വഴികൾ തേടി. കൊല്ലത്തെ തങ്കശ്ശേരിയിലേക്കു ചെന്ന് അവിടത്തെ വികാരി ഫാദർ മാനുവൽ റൊസാരിയോയെ കണ്ടു. ഇടക്കൊച്ചിക്കാരനായിരുന്ന ഫാദർ റൊസാരിയോ തങ്കശ്ശേരിയിലെ ഡെലിഗേറ്റിനോട് ചാവറയച്ചന്റെ മുദ്രണതൃഷ്ണ ധരിപ്പിച്ചു. വരാപ്പുഴയിലെ വികാരി നിയമിച്ചിട്ടുള്ള കർമലീത്തമിഷനറിയായ ഡെലിഗേറ്റ് ചാവറയച്ചനെ സഹായിക്കാനായി അച്ചടിയന്ത്രത്തിനും മഷിക്കും കടലാസിനുമായി ചെന്നൈയിലെയും പുതുച്ചേരിയിലെയും കത്തോലിക്കാമിഷനുകൾക്കു സന്ദേശമയച്ചു. അച്ചടിമഷി ലഭ്യമല്ലെന്നും 500 ബ്രിട്ടീഷ് രൂപയും ഗതാഗതച്ചെലവും നൽകിയാൽ അച്ചടിയന്ത്രം നൽകാമെന്നുമായിരുന്നു കിട്ടിയ മറുപടി. ആ ക്ലേശാനുഭവം *നാളാഗമ*ത്തിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. 'പുതുച്ചേരി മദ്രാസുയിങ്ങനെയുള്ളിടങ്ങളിൽ പ്രസ്സിനും മഷിക്കും എഴുതിച്ചാറെ മഷി അവിടെ കിട്ടുകയില്ലെന്നും പ്രസ്സിനു എരോപ്പവില അഞ്ഞൂറുരൂപയെന്നും പിന്നെയുള്ള കേവ മുതലായ ചിലവും കൊടുക്കണമെന്നും എന്നാൽ ഒരു പ്രസു വരുത്തിച്ചു തരാമെന്നും മറുപടി വരികയാൽ ദ്രവ്യച്ചുരുക്കത്താൽ മടുത്ത് ക്ലേശിച്ചു'.[27] യൂറോപ്യൻ വില (എരോപ്പവില) കൊടുക്കാൻ കഴിയാത്ത ദ്രവ്യച്ചുരുക്കം ചാവറയച്ചനെ അച്ചടിയന്ത്രം തനതായി രൂപകൽപന ചെയ്യുന്നതിലേക്കാണു നയിച്ചത്. അതിനായി അദ്ദേഹം വേറെവഴി തിരയാൻ തുടങ്ങി.

തിരുവിതാംകൂർ സർക്കാരിന്റെ മതനിരപേക്ഷ മുദ്രണാലയമായ ഗവൺമെന്റ് പ്രസ്സ് നിൽക്കുന്ന തിരുവനന്തപുരമായിരുന്നു ആ വേറെ വഴി. മുട്ടുചിറ പറമ്പിൽ പൗലോസ് കത്തനാരുമായി ഗവൺമെന്റ് പ്രസ്സിലെത്തിയ ചാവറയച്ചൻ അവിടുത്തെ കത്തോലിക്കരായ ജോലിക്കാരുടെ സഹായത്തോടെ അച്ചടിയന്ത്രത്തിന്റെ പ്രവർത്തനരീതി കണ്ടു മനസ്സിലാക്കി. കരവേലകളിലും സാങ്കേതിക നൈപുണ്യം വേണ്ട പ്രവൃത്തികളിലും വിദഗ്ധനായ പൗലോസച്ചനുമായി മാന്നാനത്തേക്കു മടങ്ങിവന്ന ചാവറയച്ചൻ വാഴത്തടയിൽ അച്ചടിയന്ത്രത്തിന്റെ മാതൃക നിർമിച്ചു. അതു മുൻനിർത്തി കൗശലക്കാരനായ ഒരു ആശാരി മരത്തിൽ അച്ചടിയന്ത്രം പണിതെടുത്തു. കരിങ്കല്ലിൽ അതിനൊരു അടിത്തട്ടുമുറപ്പിച്ചു. അങ്ങനെ അച്ചടിയന്ത്രം തയ്യാറായി.[28]

അച്ചടിക്കാൻ വേണ്ട ജംഗമാച്ചുകളായിരുന്നു അടുത്ത പ്രശ്നം. മുദ്രണം വിതയാണെങ്കിൽ അച്ച് വിത്തും മഷി വെള്ളവും കടലാസ് കൃഷിയിടവുമാണ്. മലയാളം അച്ചുകൾ മഴയിലും മഞ്ഞിലും നിന്ന് പൊഴിയുന്നതോ അങ്ങാടികളിൽ വിൽക്കുന്നവയോ ആയിരുന്നില്ല അന്ന്. വിലപിടിച്ചതും അപൂർവവുമായ സാങ്കേതിക വിദ്യയായിരുന്നു മലയാളം അച്ചുകളുടെ നിർമാണം. മനുഷ്യചരിത്രത്തിലെ മഹാവിപ്ലവങ്ങളിലൊന്നാണ് ജംഗമാച്ചുകളുടെ കണ്ടെത്തൽ. അച്ചുകളുടെ മയനായ യോഹൻ ഗുട്ടെൻബർഗ് 15-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നടത്തിയ ആ കണ്ടെത്തൽ അറിവും സാങ്കേതികവിദ്യയും തമ്മിൽ കൂട്ടിയിണക്കി. ഓർമയെയും വാമൊഴിയെയും അത് മഷിയുടെ മധ്യസ്ഥതയിൽ ദുർബലമായ കടലാസിന്റെ അപാരമായ ദാർഢ്യത്തിലേക്ക് യന്ത്രത്തിലൂടെ വീണ്ടെടുത്തു. ഗുട്ടെൻബർഗ് നിർമിച്ച താരാവലിയായിരുന്നു ലോഹനിർമിതവും വീണ്ടും വീണ്ടും ഉപയോഗിക്കാവുന്നതുമായ ജംഗമാച്ചുകൾ. യൂറോപ്പിനെ അത് പുസ്തകരൂപത്തിൽ ശാസ്ത്രവിപ്ലവത്തിലേക്കും വ്യവസായവിപ്ലവത്തിലേക്കും രാഷ്ട്രീയവിപ്ലവങ്ങളിലേക്കും കൈപിടിച്ചു നടത്തി. 20-ാം നൂറ്റാണ്ടിലെ വിവരവിപ്ലവ (Information revolution)ത്തിൽപ്പോലുമുണ്ട് ഗുട്ടെൻബർഗ് സൃഷ്ടിച്ച മാതൃകയുടെ നക്ഷത്രത്തിളക്കം. ഗുട്ടെൻബർഗിനു മൂന്നു നൂറ്റാണ്ടു കഴിഞ്ഞുമാത്രമാണ് മലയാളത്തിൽ ജംഗമാച്ചുകൾ പിറന്നത്. ആദ്യത്തെ മലയാളപുസ്തകമായ *സംക്ഷേപവേദാർത്ഥം* (1772) അച്ചടിച്ച റോമിലാണ് ആദ്യമായി ലോഹത്തിലുള്ള മലയാളം അച്ചുകൾ നിർമിക്കപ്പെട്ടതും. വരാപ്പുഴയിലെ കർമലീത്താ സന്ന്യാസാശ്രമത്തിൽ പ്രവർത്തിച്ചിരുന്ന ഇറ്റാലിയൻ പാതിരി ക്ലെമന്റ് പിയാനിയൂസ് ആയിരുന്നു അതിനു പിന്നിൽ. മലയാള ലിപിമാതൃകകൾ ചർച്ചചെയ്യുന്ന ലത്തീൻ കൃതിയായ *ആൽഫബെത്തും ഗ്രാൻഡോണിക്കോ മലബാറിക്കും സിവെ സംസ്കൃദോണിക്കും* (Alphabetum Grandonico Malabaricum Sive Samscrudonicum, 1772), പൂർണമായും മലയാളത്തിലുള്ള *സംക്ഷേപവേദാർത്ഥം* എന്നിവ അദ്ദേഹം റോമിൽ അച്ചടിച്ചു. അതേ റോമൻ മലയാളാച്ചുകളാണ് പൗലീനോസ് പാതിരി റോമിൽ മുദ്രണം ചെയ്ത *സിദ്ധരൂപം സ്യൂ ഗ്രാമാറ്റിക്ക സംസ്കൃദോണിക്ക* (Sidharubam Sue Grammatics, 1790) *സെന്തും അദാജിയ മലബാറിക്ക*[29] (Centum Adagia Malabarica, 1791) അഥവാ *നൂറു പഴ*



ഞൊല്ലുകൾ എന്നീ ലത്തിൻ ഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുള്ളതെന്ന് കെ.എം. ഗോവി നിരീക്ഷിക്കുന്നു.[30]

ഇന്ത്യയിൽ ആദ്യമായി മലയാളം അച്ചുകൾ നിർമിക്കപ്പെട്ടത് മുംബൈയിലാണ്. കൂറിയർ പ്രിന്റിംഗ് ഓഫീസ് എന്ന കൂറിയർ പ്രസ്സിലെ[31] ജീജിഭായ് ചാപ്ഘർ എന്ന അച്ചുകൊത്തിയാണ് ലോഹത്തിൽ അവ വാർത്തെടുത്തത്. കമ്പ്യൂട്ടറിൽ ഫോണ്ടുകൾ രൂപകൽപനചെയ്യുന്ന ഇന്നത്തെ കൃതഹസ്തരായ ഡിസൈനർമാരുടെ ആദിപൂർവികനായ വരിഷ്ഠശിൽപി. ഇന്ത്യയിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകമായ *പുതിയ നിയമം* (1811) മുദ്രണം ചെയ്ത കൂറിയർ പ്രസ്സിലെ അച്ചുകൊത്തി അഥവാ ടൈപ് ഡിസൈനർ (Type designer) ആയിരുന്നു ജീജിഭായ്. ഗുജറാത്തി, മറാഠി അച്ചുകൾ കൊത്തിയുണ്ടാക്കി അച്ചുനിർമാണ കലയിൽ ഇതിനകം തന്റെ വൈദഗ്ധ്യം തെളിയിച്ച ബെഹ്റാംജി ജീജിഭായ് (ജീജിഭായ് ചാപ്ഘർ എന്ന പേരിലും ഇദ്ദേഹം അറിയപ്പെടുന്നു) എന്ന പാഴ്സി ടൈപ്പോഗ്രാഫറുടെ ചുമലുകളിൽത്തന്നെയാണ് *മലബാർ* ടൈപ്പുകൾ നിർമിക്കാനുള്ള ഭാരവും കൂറിയർ പ്രസ്സ് അർപിച്ചത്. ജീജിഭായ് ഈ കൃത്യവും ഭംഗിയായി നിർവഹിച്ചു. കമ്പനിസഹായം ലഭിച്ച് ഏതാണ്ടൊരു വർഷത്തിനുള്ളിൽ മലയാളം അക്ഷരമാലയ്ക്ക് ഒരു ശ്രേണി അച്ചുകൾ സമ്മാനിച്ചുകൊണ്ട്, പഞ്ച് കട്ടിങ്ങിലും മോൾഡ് നിർമാണത്തിലുമുള്ള തന്റെ കുശലതയും ദക്ഷതയും അയാൾ പ്രദർശിപ്പിച്ചു. മാത്രമല്ല, താൻ സൃഷ്ടിച്ച അച്ചുകളുടെ മാതൃക പരസ്യപ്പെടുത്തുന്നതിനായി 'എ സ്പെസിമിൻ ഓഫ് മലബാർ ടൈപ്സ്' എന്ന ശീർഷകത്തിലൊരു ബ്രോഡ്ഷീറ്റ് (അച്ചടി ഒരു പുറത്തുമാത്രം) അച്ചടിക്കുകയും ചെയ്തു'.[32] 1779 ഫെബ്രുവരി 27 നാണ് ജീജിഭായ് ആ ബ്രോഡ്ഷീറ്റ്[33] അച്ചടിച്ചത്. ബോംബെ ഗവർണർ ജൊനാതൻഡങ്കനു സമർപ്പിക്കുന്ന നിവേദനത്തിന്റെ രൂപത്തിലാണ് ജീജിഭായ് തന്റെ മലയാളം അച്ചുകളുടെ ബ്രോഡ്ഷീറ്റ് അവതരിപ്പിച്ചത്. 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പിറന്നുവീണ മലയാളം അച്ചിന്റെ ആ മുംബൈ മാതൃകയല്ല കേരളത്തിലെ മലയാള മുദ്രകർ, ബെയ്ലിയും ചാവറയച്ചനും ഉൾപ്പെടെയുള്ളവർ പിന്തുടർന്നത്. അച്ചടിയന്ത്രത്തിനും അച്ചുകൾക്കും സ്വന്തം വഴി തേടാൻ മാത്രമേ 19-ാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ അവർക്കു വഴിയുണ്ടായിരുന്നുള്ളൂ.


കേരളത്തിലെ സ്വതന്ത്രമുദ്രണത്തിനു തുടക്കം കുറിച്ചുകൊണ്ട് ബെഞ്ചമിൻ ബെയ്ലി രൂപപ്പെടുത്തിയ അച്ചുകൾ ചാവറയച്ചനു കിട്ടാൻ വഴിയുണ്ടായിരുന്നില്ല. സഭാഭേദത്തിന്റെ ഫലമായിരുന്നു അത്. സ്വന്തവും സ്വതന്ത്രവുമായ അച്ചുകൾ തിരയുന്നതിലേക്ക്, സാങ്കേതികവിദ്യാർജനത്തിലേക്ക് നീങ്ങിയ അദ്ദേഹത്തെ സഹായിച്ചത് കോട്ടയത്തെ പഴുക്കാച്ചൻ[34] ആയിരുന്നു. സി.എം.എസ്. പ്രസ്സിലെ അച്ചടിവേലക്കാരനായിരുന്ന ശിവരാമൻ എന്ന തട്ടാനെ പഴുക്കാച്ചനാണ് മാന്നാനത്തേക്കു കൂട്ടിക്കൊണ്ടുവന്നത്.[35] അജ്ഞാതനായ ആ അച്ചുകൊത്തി തമിഴ് വംശജനും തിരുവല്ലാക്കാരനുമായിരുന്നുവെന്ന് *ദീപിക* ദിനപത്രം 1896 ഏപ്രിൽ 10 പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽ പറയുന്നു: 'ഇവിടെ അച്ചടി നടത്തുവാൻ ആരംഭമുണ്ടെന്ന് കേട്ടപ്പോൾ ചർച്ച് മിഷ്യൻ പ്രസ്സുകാർ തങ്ങളുടെ പണിക്കാരാരും ഇതിലേക്കു സഹായിക്കാതിരിപ്പാൻതക്ക മുൻകരുതലുകൾ ചെയ്തിരുന്നു. എങ്കിലും കീർത്തിപ്പെട്ട പഴുക്കാച്ചന്റെ സഹായത്താൽ കോട്ടയത്ത് അക്ഷരംകൊത്തുകാരിൽ ഒരുവനായിരുന്ന ശിവരാമൻ എന്നുപേരായ ഒരു പാണ്ടിത്തട്ടാനെ വളരെ പ്രയാസപ്പെട്ടു സ്വാധീനപ്പെടുത്തി ഇവിടെ കൊണ്ടുവന്ന് ചതുരവടിവിൽ ഒരുതരം അക്ഷരം കൊത്തിച്ചുണ്ടാക്കി. ഈ വർത്തമാനം അവന്റെ മുമ്പിലത്തെ യജമാനൻമാർ അറിയുകയും യൂറോപ്യന്മാരായ അവർക്ക് അക്കാലത്ത് സർക്കാരുദ്യോഗസ്ഥന്മാരുടെയും മറ്റും പൂർണസഹായവും ബലവും ഉണ്ടായിരുന്നതിനാൽ ഈ തട്ടാനെ പിടിച്ചു കൊണ്ടുപോകുമെന്നും ഉപദ്രവിക്കു

മെന്നും ഭയമുണ്ടാക്കുകയും ചെയ്തു. ആ ഭയം നിമിത്തം ഇക്കാര്യത്തിൽ പല പ്രകാരേണ സഹായിയും താൽപര്യക്കാരനുമായിരുന്ന പുളിങ്കുന്നുകാരൻ തോപ്പിൽ കുര്യൻ കുരുവിള അവർകളുടെ ഭവനത്തിൽ ഈ തട്ടാനെ ഗൂഢമായി കൊണ്ടുപോയി താമസിപ്പിച്ചുകൊണ്ടാണ് അക്ഷരങ്ങൾ കൊത്തിച്ചിരുന്നത്'.[36] സഭാവിരോധത്തിന്റെ ഫലമായ ആ ഒളിവുജീവിതത്തിൽ ശിവരാമൻ കൊത്തിയുണ്ടാക്കിയ മലയാളം അച്ചുകൾ ചതുരവടിവിലുള്ളവയായിരുന്നു. വട്ടവടിവിലുള്ള ബെയ്‌ലി/സി. എം. എസ് അക്ഷരങ്ങൾ കൊത്താൻ ശിവരാമനു കഴിയാതിരുന്നത് ആ സംഘർഷത്തിന്റെ ഫലമായിട്ടായിരിക്കണം. കൈയക്ഷരത്തിന്റെ വഴി പിന്തുടർന്നുള്ള ലോഹപ്പതിപ്പാണ് ചതുരവടിവ്. സി.എം.എസ്. പ്രസ്സിൽനിന്ന് വേലവിടുതി നേടിയ ശിവരാമൻ പിന്നീട് മാന്നാനം പ്രസ്സിൽ തുടർന്ന് *ദീപിക* പത്രത്തിന്റെ തുടക്കത്തിൽ ഉപയോഗിച്ച അക്ഷരങ്ങളും രണ്ടു തരം കൽദായ അക്ഷരങ്ങളും കൊത്തിത്തീർത്തുവെന്ന് 'ദീപികയുടെ ചരിത്രം' പറയുന്നു. മലയാള മുദ്രണത്തിലെ കേരളീയ പാരമ്പര്യം തുടങ്ങിവച്ച അച്ചുകൾ രൂപകൽപന ചെയ്ത ആ ശിവരാമൻ ആരാണെന്നതിനെപ്പറ്റി മറ്റുവിവരങ്ങളൊന്നുമില്ല. ബെയ്‌ലിക്കുവേണ്ടി വട്ടവടിവിലുള്ള മലയാള ലിപികൾ കൊത്തിയ അജ്ഞാതരായ രണ്ടു തട്ടാന്മാരെയും ആശാരിയെയുംപോലെ ശിവരാമനും ചരിത്രത്തിന്റെ ഇരുട്ടിലും നിശ്ശബ്ദതയിലും മറഞ്ഞുനിൽക്കുന്നു.

അച്ചടിയന്ത്രവും അച്ചും നിർമിച്ചുവെങ്കിലും അച്ചടിയിലേക്കു കടക്കുന്നതിനുമുമ്പ് ചാവറയച്ചനും ചെയ്തുതീർക്കാൻ കഠിനയത്നങ്ങൾ പിന്നെയും പലതുണ്ടായിരുന്നു. അച്ചകം തുടങ്ങാനുള്ള തിരുവിതാംകൂർ സർക്കാറിന്റെ അനുമതി, വിദഗ്ധത്തൊഴിലാളികൾ, കടലാസ്, മഷി, അച്ചു വാർക്കാനുള്ള ഈയം എന്നിവ നേടിയെടുക്കൽ തുടങ്ങിയവ. തിരുവിതാംകൂറിലെ ബ്രിട്ടീഷ് റെസിഡെന്റ് വില്യം കല്ലൻ (William Cullen, 1785–1862) വഴി സർക്കാരിന്റെ അനുമതി വാങ്ങാൻ വരാപ്പുഴയിലെ അപ്പോസ്തലിക വികാരി ലുദോവിക് മർത്തീനി സഹായിച്ചു. അച്ചടി വേലയ്ക്കായി തിരുവനന്തപുരത്തെ സർക്കാർ പ്രസ്സിലെ തൊഴിലാളിയായ കുര്യൻ എന്നയാളെയും പുസ്തകങ്ങൾ ബൈൻഡു ചെയ്യാനായി മുംബൈയിൽ നിന്നു പരിശീലനം നേടിയ കൊച്ചിക്കാരനായ ഒരു ജൂതനെയും[37] ചാവറയച്ചൻ കണ്ടെത്തി. സാങ്കേതിക വിദ്യയുടെ തദ്ദേശീകരണത്തിലൂടെ കേരളാധുനികത്വം രൂപപ്പെട്ടതിന്റെ മോഹനരംഗങ്ങളിലൊന്നായിരുന്നു അത്.

നൈപുണ്യമുള്ള തൊഴിലാളികളെ രൂപപ്പെടുത്താൻകൂടിയാണ് സാങ്കേതികവിദ്യാർജനം. അച്ചുകൊത്തിയായ ശിവരാമനെപ്പോലെത്തന്നെ അജ്ഞാതനായ ആ 'കുര്യൻ' അച്ചടിവിദ്യയുടെ വിത്തുവിതരണത്തിനാണു വഴിയൊരുക്കിയത്. 'ആ മനുഷ്യൻ ഇവിടെ വേലയിൽ പ്രവേശിച്ചതിനോടുകൂടി ഈ ദിഗ്വാസികളിൽ ചിലരെ വേല പഠിപ്പിക്കുകയും ചെയ്തു. ഇക്കാലത്ത് മുൻപറഞ്ഞ അച്ചുക്കൂടങ്ങളിലെങ്ങും അച്ചടി അത്ര അധികം പരിഷ്കൃതമട്ടിൽ അല്ലാതിരുന്നതിനാലും സമർഥന്മാരും വേലയിൽ അധികപരിചയക്കാരുമായ പണിക്കാരെ കിട്ടുവാൻ മാർഗമില്ലാത്തതു നിമിത്തവും കൈവശപ്പെട്ട പണിക്കാരുടെ അറിവും മിടുക്കും മുഴുവൻ ഉപയോഗിച്ച് ഒരുവിധം അച്ചടിവേല നടത്തിപ്പോന്നു'[38]വെന്നാണ് 1896 ൽ *ദീപിക* എഴുതിയത്. കുര്യൻ അച്ചടിവിദ്യ മറ്റുള്ളവർക്ക് പകർന്നു നൽകിയെങ്കിൽ ആ യഹൂദൻ ബുക്ക് ബൈൻഡിങ്ങ് വിദ്യയും തദ്ദേശീയരെ പഠിപ്പിച്ചു. സാങ്കേതികവിദ്യയുടെ ആ കേരളവത്ക്കരണം സാധ്യമാക്കാൻ ചാവറയച്ചന് വ്യർഥമാസങ്ങളും





മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സ്

കഷ്ടരാത്രികളും ഒരുപാടു ചെലവിടേണ്ടതുണ്ടായിരുന്നു. അപ്പോഴും പിടികിട്ടാദൂരത്തായിരുന്നു കടലാസും മഷിയും. സ്വന്തം നാടും തിരുവിതാംകൂറിലെ അന്നത്തെ പ്രധാനവ്യാപാരകേന്ദ്രവുമായിരുന്ന ആലപ്പുഴയിലേക്കാണ് കടലാസും മഷിയും തേടി ചാവറയച്ചൻ നീങ്ങിയത്. രണ്ടുപേർ അദ്ദേഹത്തെ സഹായിച്ചു - ഇലഞ്ഞിക്കൽ ചെറിയാൻകുഞ്ഞും വൈക്കത്തുകാരൻ കൊച്ചുപൗലോസും (കേരളീയ മുദ്രണചരിത്രത്തിലെ അജ്ഞാതരിൽപ്പെടുന്നു അവരും). ഇറക്കുമതിച്ചരക്കു വ്യാപാരിയായ കമീസ (Kameesa) എന്നൊരാളുമായി നൂറുരൂപക്ക് കടലാസ്, മഷി, ഈയം എന്നിവ വാങ്ങാനുള്ള ഒരു കരാറിൽ അവർ ഏർപെട്ടു. 'ദ്രവ്യച്ചുരുക്ക' ത്താൽ ക്ലേശിച്ചുമടുത്ത ആ ദിനങ്ങളെപ്പറ്റി *നാളാഗമ*ത്തിൽ ചാവറയച്ചൻ എഴുതുന്നു: 'ദ്രവ്യച്ചുരുക്കത്താൽ മടുത്തും ക്ലേശിച്ചും കൊണ്ട മറ്റു വഴിയിൽ ആലപ്പുഴെ എലഞ്ഞിക്കൽ ചെറിയാൻകുഞ്ഞും വൈക്കത്തുകാരൻ കൊച്ചു പൗലോസും എന്നിവരെക്കൊണ്ട് കമീശ എന്ന ഒരു കച്ചവടക്കാരനുമായിട്ട് 100 രൂപായുടെ കടലാസ്മഷി ഈയം ഈ വക വരുത്തിച്ചു തരുവാൻ പറഞ്ഞ ബോധിച്ച 10 രൂപായും കൊടുത്തു'.[39] 1846 സെപ്തംബറിൽ ആ മുദ്രണസാമഗ്രികൾ വന്നുചേർന്നു. അവ ഏറ്റുവാങ്ങാൻ ഫാദർ കാഞ്ഞിരപ്പള്ളി[40]യോടൊപ്പം ചാവറയച്ചൻ ആലപ്പുഴയിലെത്തി. ആവശ്യപ്പെട്ടതിന്റെ നാലിരട്ടി കടലാസും മഷിയുമാണ് എത്തിയിരുന്നത്. അത്രയും ചരക്കു വാങ്ങാനുള്ള പണം അവരുടെ കൈവശമുണ്ടായിരുന്നില്ല. ഒരു 'തോമൻ ചേന്നാട്ട്' ചാവറയച്ചനുവേണ്ടി കമീസയുമായി വിലപേശി. പകുതിസാധനം എടുത്താൽ മതിയെന്ന് കമീസ സമ്മതിച്ചെങ്കിലും അതിനുള്ള പണവും തികയുമായിരുന്നില്ല. ആ ചേന്നാട്ടു തോമൻ ഔസേപ്പു പുണ്യവാളന്റെ പേരിൽ ഒരു ചിട്ടിനടത്തി മൂവായിരം ചക്രം സംഘടിപ്പിച്ച് കമീസക്കു നൽകി. ബാക്കിത്തുകയായ മൂവായിരം ചക്ര



ത്തിന് പ്രോമിസറി നോട്ടും നൽകി. അച്ചടി സാമഗ്രികൾ വാങ്ങി ചാവറയച്ചനും കാഞ്ഞിരപള്ളിയച്ചനും മാന്നാനത്തേക്കു മടങ്ങി.[41] ആ കടങ്ങൾ വീട്ടിക്കഴിഞ്ഞപ്പോഴേക്കും അച്ചടിശാലയിലെ ജോലിക്കാർക്ക് കൊടുക്കാൻ പണമില്ലാതായി. ആ ദ്രവ്യച്ചുരുക്കകാലത്ത് ചേർപ്പുങ്കൽ ഇടവകയിലെ ഇട്ടി എന്ന മാന്യൻ 500 ചക്രം സംഭാവന നൽകിയതും അതേ തുക കൂടി നൽകാമെന്നും വാഗ്ദാനം ചെയ്തതും ഔസേപ്പു പുണ്യവാളനെ മുട്ടിപ്പായി പ്രാർഥിച്ചതിന്റെ ഫലമാണെന്ന് ചാവറയച്ചൻ *നാളാഗമത്തിൽ* രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റുപല വിശ്വാസികളും അച്ചന് അത്തരം സഹായങ്ങൾ നൽകി. മലയാളമുദ്രണത്തിനു വേണ്ടിയുള്ള ദക്ഷിണകളായിരുന്നു അവ.


കഠിനമായ പരിശ്രമത്തിലൂടെ യൂറോപ്യൻ സാങ്കേതികവിദ്യയെ തദ്ദേശീകരിച്ചു സ്ഥാപിച്ച മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിൽ നിന്ന് 1847 ൽ ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചു- *ജ്ഞാനപീയൂഷം.*[42] 332 പേജിൽ 18 ഃ 12 വലിപ്പത്തിലുള്ള *ജ്ഞാനപീയൂഷം* ഒരു തമിഴ് ക്രൈസ്തവകൃതിയുടെ പരിഭാഷയായിരുന്നു. ഒരു പ്രാർഥനപുസ്തകം. 1896 ഏപ്രിൽ 10 ലെ *നസ്രാണി ദീപിക*യിൽ ആ അച്ചടിശാലയുടെ സുവർണജൂബിലി പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽ ഇങ്ങനെ പറയുന്നു: 'പുസ്തകമായി അച്ചടിച്ചത് *ജ്ഞാനപീയൂഷം* എന്ന ജപപ്പുസ്തകമാണ്. മലയാളത്തിലെ സത്യവേദ ക്രിസ്ത്യാനികൾക്ക് സ്വഭാഷയിൽ ഒന്നാമതായി അച്ചടിച്ചുകിട്ടിയ ജപപ്പുസ്തകം ഇതുതന്നെയാണ്. അന്ന് അച്ചടിക്കടലാസ് നേരിട്ടു ശീമയിൽനിന്നും വരുത്തുവാനും മറ്റും തക്ക കൈവഴികൾ ഇല്ലാത്തതിനാലും നാട്ടിൽ എങ്ങും കിട്ടാതിരുന്നതുകൊണ്ടും സാധാരണ എഴുത്തുകലാസ് തമ്മിൽ ഇണച്ചു ചേർത്തൊട്ടിച്ചാണ് പുസ്തകത്തിനുപയോഗപ്പെടുത്തിയത്'.[43] പിൽക്കാലത്ത് മാന്നാനം പ്രസ്സിൽ നടന്ന അച്ചടിയെപ്പറ്റിയാവണം ഈ പരാമർശം. ആലപ്പുഴയിൽനിന്നു കടലാസ് വാങ്ങിയതുകൊണ്ട് *ജ്ഞാനപീയൂഷം* അച്ചടിക്കാൻ ബുദ്ധിമുട്ടിയിരിക്കാൻ ഇടയില്ല. കടലാസ് ഇറക്കുമതിക്ക് പിന്നീടും ദ്രവ്യച്ചുരുക്കം ഉൾപ്പെടെയുള്ള തടസ്സങ്ങൾ ഉണ്ടായിക്കാണാനിടയുണ്ട്. *ജ്ഞാനപീയൂഷ* ത്തിനു ശേഷം മതപ്രചാരണലക്ഷ്യമുള്ളതും ആത്മീയവുമായ രചനകൾ പലതും മാന്നാനം പ്രസ്സിൽ അച്ചടിച്ചിരിക്കാമെങ്കിലും അവയുടെ തെളിവുകളൊന്നും ശേഷിക്കുന്നില്ല.

അബ്രഹാം' കത്തനാരുടെ *സുറിയാനി മലയാളം നിഘണ്ടു* (248 പേജ്; 1848), *ബാല നിക്ഷേപം* (479 പേജ്; 1860), ബോസ്കിയുടെ *ജ്ഞാനപ്രജാഗാരം* (207 പേജ്; 1862), *നൊവേന* (24 പേജ്; 1863), *പാപികളുടെ സങ്കേതമായിരിക്കുന്ന പരിശുദ്ധ ദൈവമാതാവിന്റെ നേരെയുള്ള ഭക്തി* (106 പേജ്; 1865), ബോസ്കിയുടെ *തേമ്പാവണി പുത്രജനന പർവം* (156 പേജ്; 1866), *മാർ യൗസേപ്പു പുണ്യവാളന്റെ വണക്കമാസം* (338 പേജ്; 1867), *ഡൊറാഹ അമ്മ ഈശോടെ ത്രേസ്യ എന്ന പുണ്യവാളത്തിയുടെ ചരിത്രം* (314 പേജ്; 1868) തുടങ്ങിയ ക്രൈസ്തവഗ്രന്ഥങ്ങളാണ് മാന്നാനത്തെ അച്ചുക്കൂടത്തിൽ നിന്ന് ചാവറയച്ചന്റെ ജീവിതകാലത്തു പുറത്തിറങ്ങിയത്. അതേ അച്ചടിയന്ത്രം ഉപയോഗിച്ചാണ് ഇന്നു നിലനിൽക്കുന്നതിൽ ഏറ്റവും പഴക്കമുള്ള മലയാള പത്രമായ *ദീപിക* (ആദ്യകാലത്ത് *നസ്രാണി ദീപിക*) 1887 ഏപ്രിൽ 15 ന് ആദ്യമായി മുദ്രണം ചെയ്തതും. തന്റെ രചനകളൊന്നും ചാവറയച്ചൻ മാന്നാനം പ്രസ്സിൽ അച്ചടിച്ചില്ലെന്നകാര്യം ശ്രദ്ധേയമാണ്. 19-ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ ഒരു കൃതി മാത്രമേ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ചാവറയച്ചൻ അന്തരിച്ചതിന്റെ (1871) പിറ്റേവർഷം കൂനമ്മാവിലെ അമലോത്ഭവമാതാവിന്റെ അച്ചുക്കുടിൽ(Immaculate Mother Press)ത്തിൽ നിന്ന് ഫാദർ ലിയോപോൾഡ് ബെക്കാരോയാണ് *ആത്മാനുതാപം* എന്ന കാവ്യം പ്രസിദ്ധീകരിച്ചത്.

പല യൂറോപ്യൻ രാജ്യങ്ങളിലും പുസ്തകം അച്ചടിക്കുന്നതിനുമുമ്പുതന്നെ ഇന്ത്യയിൽ അതു തുടങ്ങിയിരുന്നു. 1556 സെപ്തംബർ ആറിന് ഗോവയിൽ പോർച്ചുഗീസ് അധിനിവേശകരാണ് ഇന്ത്യയിലെ ആദ്യത്തെ അച്ചടിയന്ത്രം സ്ഥാപിച്ചത്. 1557 ൽ *ഡെക്ത്രീന ക്രിസ്ത* എന്ന പോർച്ചുഗീസ് പുസ്തകം (ഇന്ത്യയിലച്ചടിച്ച ആദ്യ പുസ്തകം) അച്ചടിക്കുകയും ചെയ്തു. തുടർന്നുള്ള മൂന്ന് നൂറ്റാണ്ടുകാലം ഇന്ത്യയിലെ പുസ്തകമുദ്രണത്തിനു വലിയ പുരോഗതിയൊന്നുമുണ്ടായില്ല. ക്രിസ്തുമതപ്രചാരക കേന്ദ്രങ്ങളിലും സാമ്രാജ്യത്വ ഭരണസംവിധാനങ്ങളിലും (ഒരേ നാണയത്തിന്റെ ഇരുവശങ്ങളായിരുന്നു അവ രണ്ടും) മാത്രമായി അവ ഒതുങ്ങി. ബ്രിട്ടീഷ് അധിനിവേശമാണ് ഇന്ത്യയിലെ അച്ചടിസംസ്കാരത്തിനു വേഗം കൂട്ടിയത്. 1858 ൽ (1857 ലെ കലാപത്തിനുശേഷം) ബ്രിട്ടീഷ്രാജ് സ്വയം അതിനെ ഒരു ആധുനിക രാഷ്ട്രമായി പുന:സംഘടിപ്പിച്ചതു മുതലാണ് പുസ്തകപ്രസാധനം ഇന്ത്യയിൽ പ്രധാന വ്യവസായങ്ങളിലൊന്നാ

യിത്തീർന്നത്.[44] സാങ്കേതികവിദ്യയിലുള്ള നിയന്ത്രണം യൂറോപ്യൻമാരുടെ കുത്തകയായിരുന്നതുകൊണ്ടാണ് ആദ്യപുസ്തകം തൊട്ടുള്ള മുന്നൂറുവർഷം ഇന്ത്യയിൽ പുസ്തകപ്രസാധനം വ്യാപകമോ വ്യവസായമോ ആയിത്തീരാതിരുന്നത്. തങ്ങളുടെ നിയന്ത്രണത്തിലുള്ള ഇന്ത്യൻ രാഷ്ട്രവും സിവിൽ സർവീസും രൂപപ്പെടുത്തിയ ബ്രിട്ടീഷ് സാമ്രാജ്യശക്തിക്ക് അധിനിവേശത്തിന്റെ വ്യാപനത്തിന് (പ്രൊട്ടസ്റ്റന്റ് ക്രൈസ്തവതയുടെ വ്യാപനത്തിനും) ആ സാങ്കേതികവിദ്യ പ്രചരിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നു. ക്രിസ്തുമത പ്രചാരണം എന്ന പഴയ ലക്ഷ്യത്തിനപ്പുറമുള്ള വ്യാപാരലക്ഷ്യങ്ങളും രാഷ്ട്രീയ ലക്ഷ്യങ്ങളും നിറവേറ്റാൻ അച്ചടിവിദ്യ ആവശ്യമായിരുന്നു അവർക്ക്. ഈ വ്യാപനഘട്ടത്തിനു മുമ്പ്, സാങ്കേതികവിദ്യയൂറോപ്യൻ പ്രൊട്ടസ്റ്റന്റ് കുത്തകയായിരുന്ന ഘട്ടത്തിലാണ് ചാവറയച്ചൻ അതു സ്വായത്തമാക്കാൻ പുറപ്പെട്ടത്. യൂറോപ്യൻ സാങ്കേതികവിദ്യയെ അവരുടെ സഹായമില്ലാതെ തനതായ രീതിയിൽ തദ്ദേശീകരിക്കാനായിരുന്നു അദ്ദേഹത്തിന്റെ യത്നം. ദേശിമാർഗം, അതിന്റെ വിജയമാണ് വൈദേശികസഹായമില്ലാതെയുള്ള മാന്നാനം അച്ചുകൂടത്തിന്റെ സ്ഥാപനം. കേരളീയമായ അച്ചടിപാരമ്പര്യത്തിന്റെ തുടക്കമായിരുന്നു അത്. ക്രൈസ്തവവിശ്വാസത്തിനും ആധ്യാത്മികതക്കും പ്രേഷിതപ്രവർത്തനത്തിനും പുറത്തുനിന്നു നോക്കുന്ന, ചാവറയച്ചനെ കേരളത്തിന്റെ ആധുനികീകരണപ്രക്രിയയുടെ ചരിത്രത്തിൽ പ്രതിഷ്ഠിച്ച്, മതനിരപേക്ഷമായി നോക്കുന്ന, ഒരാൾക്ക് അദ്ദേഹത്തിന്റെ ആധ്യാത്മികവും ഭൗതികവുമായ ജീവിതത്തിന്റെ ഏറ്റവും വലിയ സവിശേഷത തദ്ദേശീകരണത്തിലുള്ള ദൃഢവ്രതമാണെന്നു കാണാനാവും.

കേരളീയവും ഭാരതീയവുമായ ഒരു ക്രൈസ്തവ സന്ന്യാസിസഭ (സി.എം.ഐ) സ്ഥാപിക്കാൻ നേതൃത്വം നൽകിയ ചാവറയച്ചൻ വിശ്വാസത്തിന്റെ തദ്ദേശീകരണത്തിനാണ് അടിത്തറയിട്ടത്. ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ ക്രൈസ്തവസന്ന്യാസിസഭയായിരുന്നു അത്. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസമാർഗം രൂപപ്പെടുത്തിക്കൊണ്ട് തനതുപാരമ്പര്യം ഉറപ്പിക്കുകയാണ് ചാവറയച്ചൻ ചെയ്തത്. വിശ്വാസത്തിലൂടെയുള്ള സ്വത്വാവിഷ്കാരത്തിന്റെ ആ യത്നം ആധ്യാത്മികപ്രവർത്തനത്തിന്റെ ഭാഗമായി അദ്ദേഹം നിറവേറ്റിയ ഓരോ കർമത്തിലും കാണാം. മാന്നാനത്ത് സംസ്കൃതവിദ്യാലയം (1846) തുടങ്ങിയതും സംസ്കൃത കാവ്യരീതിയുപേക്ഷിച്ച് ദ്രാവിഡശീലുകളും രൂപങ്ങളും സ്വീകരിച്ച് സാധാരണമലയാളികൾക്കു മനസ്സിലാകുന്ന തെളിമലയാളത്തിൽ കാവ്യങ്ങൾ രചിച്ചതുമെല്ലാം ആ സന്ന്യാസിയുടെ വിശ്വാസദാർഢ്യത്തിൽ ജ്വലിച്ചുനിന്ന തദ്ദേശബോധത്തിന്റെ ഫലങ്ങളാണ്. അച്ചടിസാങ്കേതികവിദ്യയുടെ കാര്യത്തിലും അതേ മാർഗമാണ് അദ്ദേഹം പിന്തുടർന്നത്. ചാവറയച്ചന്റെ അച്ചടിയത്നങ്ങളും മാന്നാനം പ്രസ്സ് സ്ഥാപനവും സാങ്കേതികവിദ്യയുമായുള്ള കേരളീയരുടെ അഭിമുഖീകരണത്തിന്റെ ആദ്യദൃശ്യങ്ങളിലൊന്നായി മാറുന്നതങ്ങനെയാണ്. വ്യവസായവിപ്ലവത്തിന്റെ ഭാഗമായ സാങ്കേ



സ്വാതിതിരുനാൾ രാമവർമ മഹാരാജാവ് സ്ഥാപിച്ച പ്രസ്സ്. റവ. ബഞ്ചമിൻ ബെയിലി തയ്യാറാക്കിയ മലയാളം-ഇംഗ്ലീഷ് നിഘണ്ടു ഇവിടെ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്

തികവിദ്യയെ സാമ്രാജ്യത്വാധിനിവേശത്തിന്റെ മധ്യസ്ഥതയിലൂടെ കേരളസമൂഹം ആദ്യമായി അഭിമുഖീകരിച്ച 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് ചാവറയച്ചൻ തന്റെ ആത്മീയാവശ്യങ്ങൾക്കു പ്രയോജനപ്പെടുത്താനായി അത് സ്വായത്തമാക്കാൻ ശ്രമിച്ചത്. അതിനുവേണ്ടി ഒട്ടേറെ ക്ലേശങ്ങൾ അദ്ദേഹത്തിനു സഹിക്കേണ്ടിവന്നത് തദ്ദേശീകരണത്തിലുള്ള ഉറച്ചുനിൽപുമൂലമായിരുന്നു. അച്ചടിയന്ത്രത്തിന്റെ പ്രവർത്തനം കാണാനുള്ള അവസരം കോട്ടയത്തുതന്നെ അദ്ദേഹത്തിനു നിഷേധിക്കപ്പെട്ടതോർക്കുക. നിഷേധിക്കപ്പെട്ട സാങ്കേതികവിദ്യ തനതായ രീതിയിൽ സ്വന്തമാക്കിയ ആ വാഴത്തടവിപ്ലവത്തിന്റെ കഥയെ സാമൂഹിക സന്ദർഭത്തിന്റെ പാശ്ചാത്തലത്തിൽക്കൂടി അപഗ്രഥിക്കേണ്ടി വരുന്നത് അങ്ങനെയാണ്. സാങ്കേതികവിദ്യയെ ശാസ്ത്രത്തിന്റെ സൃഷ്ടിയോ പ്രയോഗമോ മാത്രമായല്ല കാണേണ്ടത്. സാമൂഹിക സന്ദർഭവുമായുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ വേണം അതിനെ വിശകലനം ചെയ്യേണ്ടത്.

സാങ്കേതികവിദ്യയാണ് ലോകത്തെവിടേയുമെന്നപോലെ കേരളത്തിലും ആധുനികത്വത്തെ സാധ്യമാക്കിയത്. യൂറോപ്യൻ സാമ്രാജ്യത്വാധിനിവേശത്തിന്റെ ഭാഗമായിക്കൂടി ഉണ്ടായ കേരളാധുനികത്വത്തെ ഒരു വാഹനമായി സങ്കൽപിച്ചാൽ അച്ചടിയന്ത്രമായിരുന്നു അതിന്റെ എൻജിൻ. 19-ാം നൂറ്റാണ്ടിൽ കേരളത്തെ ആധുനീകത്വത്തിലേക്കു നയിച്ച വാതായനമായ ജംഗമാച്ചുകൾ ഉപയോഗിച്ചുള്ള അച്ചടിവിദ്യ ഇന്ന് ലുപ്തപ്രചാരമാണ്, വിസ്മൃതമെന്നുതന്നെ പറയാം. ലെറ്റർപ്രസ്സിൽ[45] പോയിട്ടുള്ളവരോ ഒരു ചെറുനോട്ടീസെങ്കിലും അച്ചടിച്ചിട്ടുള്ളവരോ അച്ചുകൾ കൈകൊണ്ടു തൊട്ടറിഞ്ഞിട്ടുള്ളവരോ പുതിയ തലമുറയിലില്ല. ഡിജിറ്റൽ യുഗത്തിന്റെ സന്തതികളായ അവർക്ക് അപരിചിതവും അചിന്ത്യവുമാണ് ജംഗമാച്ചുകളുടെ ആ ഗുട്ടെൻബർഗ് ഗാലക്സി[46]. ചാവറയച്ചനെപ്പോലുള്ള ആദിമുദ്രകർ സഹിച്ച പീഡയുടെ അർഥം അവർക്കു മനസ്സിലാകുന്നില്ലെങ്കിൽ അതു സ്വാഭാവികമാണ്. ഡിജിറ്റൽ ഗാലക്സിയുടെ സന്ദർഭത്തിൽ നിന്നുകൊണ്ടാണ് ഇന്നു നാം ചാവറയച്ചൻ തുടങ്ങിവച്ച കേരളീയ മുദ്രണപാരമ്പര്യത്തിലേക്കു തിരിഞ്ഞുനോക്കുന്നത്. ആദ്യകാല അച്ചടിക്കാരുടെ മഹാക്ലേശത്തിലുരുക്കിയെടുത്ത പവിത്രവും പരമാദരണീയവുമായ സംഭാവനകൾ ഇന്ന് ഏതാണ്ടു വിസ്മൃതമാണ്. ഭൂതകാലവുമായുള്ള ആ ബന്ധവിച്ഛേദം സമകാലികരെ ഒരു തരം സഞ്ചിത സ്മൃതിനാശത്തിനുവിധേയമാക്കിയിരിക്കുന്നു.

കേരളത്തിന്റെ സാമൂഹിക പരിവർത്തനത്തിന്റെ മധ്യസ്ഥഘടകമായി പ്രവർത്തിച്ച ആദ്യകാല മലയാളമുദ്രണത്തിന്റെ ചരിത്രം ആരാഞ്ഞു പോകുന്ന ഒരാൾക്ക് സഹായകമായ രേഖകൾ കിട്ടുകപോലും ക്ലേശകരമാണ്. ഓർമയും ചരിത്രവും സൂക്ഷിച്ചുവയ്ക്കുന്നതിൽ നമുക്കുണ്ടായിരുന്ന ഉദാസീനതയുടെയോ വൈമുഖ്യത്തിന്റെയോ ഉദാഹരണം. അച്ചടിയുടെ വരവ് 19-ാം നൂറ്റാണ്ടിലെ കേരളത്തിൽ അതുവരെ സംഭവിച്ചിട്ടില്ലാത്ത ഒരു വിനിമയ സ്ഥാനാന്തരണ (Communication shift) മാണു സൃഷ്ടിച്ചത്. കൈയെഴുത്തിൽ നിന്നു അച്ചടിയിലേക്കുള്ള (ഓർമയുടെ മുദ്രിതസ്ഥിരീകരണത്തിലേക്കും വാമൊഴിയിൽ നിന്നു വരമൊഴിയിലേക്കും താളിയോലയിൽ നിന്നു കടലാസിലേക്കും നാരായത്തിൽ നിന്നു മഷിയിലേക്കുമുള്ള) ആ സ്ഥാനാന്തരണം ഒരു വിനിമയ വിപ്ലവത്തിനു തുടക്കം കുറിച്ചു. നാരായലേഖത്തിന്റെ പ്രാചീനതയിൽനിന്ന് അത് കേരളത്തെ ജംഗമാച്ചിന്റെ ആദ്യകാലാധുനികത്വത്തിലേക്കു വഴി നടത്തി. ചാവറയച്ചന്റെ വാഴത്തടവിപ്ലവം അതിന്റെ ഹരിശ്രീയായിരുന്നു.

കുറിപ്പുകൾ

1. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ സാമൂഹികപരിവർത്തനങ്ങളെ 'നവോത്ഥാനം' എന്ന സംജ്ഞകൊണ്ടാണ് ചരിത്രമെഴുത്തുകാർ പൊതുവേ വിശേഷിപ്പിക്കുന്നത്. 'റിനൈസൻസ്' (Renaissance) എന്ന യൂറോപ്യൻ സങ്കൽപത്തിന്റെ ചുവടുപിടിച്ചുള്ള പ്രയോഗമാണത്, ഒരു തരം സാംസ്കാരിക സമാന്തരണം. കേരളത്തിന്റെ ചരിത്രപരവും സാമൂഹികവുമായ സന്ദർഭങ്ങൾ വ്യത്യസ്തമായതിനാൽ ആ സംജ്ഞയുടെ പരിഭാഷ അനുചിതമാണ്. ആധുനികത്വം (Modernity) എന്ന സംജ്ഞയാണ് കൂടുതൽ ഉചിതം. അതിൽ യൂറോപ്യൻ ആസ്പദത്തിന്റെ നിഴലില്ല.

2. Eisenstein, Elizabeth L. 1982 *The Printing Press As an Agent of Change.*
3. Febure, Lucien & Henri Jean-Martin (1976) *The Coming of the Book : The Impact of Printing,* 1450-1800
4. Gupta, Abhijith & Swapankumar Chakravarty (2004) *Print Areas : Book History in India.*
5. Gupta, Abhijith & Swapankumar Chakravarty (2006) *Movable Type : Book History in India.*
6. Chatterjee, Rimi B. (2006) *Empires of the Mind : A History of the Oxford University Press.*
7. Stark, Ulrike (2007) *An Empire of Books : The Naval Kishore Press and the Diffusion of the Printed Word in Colonial India.*



8. Orsini, Francesca (2009) *Print and Pleasure : Popular Literature and Entertaining Fictions in Colonial North India.*

9. ഗോവി. കെ. എം (1998) *ആദിമുദ്രണം ഭാരതത്തിലും കേരളത്തിലും*

10. ഗോവി. കെ. എം : തലശ്ശേരിയിൽ 1930 ജൂൺ പതിനേഴിന് ജനിച്ചു. ഗവ. ബ്രണ്ണൻ കോളേജിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിലും മദ്രാസ് സർവകലാശാലയിൽ നിന്ന് ഗ്രന്ഥാലയശാസ്ത്രത്തിലും ബിരുദങ്ങൾ. 1952-ൽ കോഴിക്കോട് ജില്ലാ ലൈബ്രറിയിൽ ലൈബ്രേറിയനായി. 1956-ൽ കൊൽക്കത്തയിലെ നാഷനൽ ലൈബ്രറിയിൽ ചേർന്നു. കേന്ദ്രസാംസ്കാരിക വകുപ്പിലെ ജീവനക്കാരനായാണ് അദ്ദേഹം അവിടെ പ്രവർത്തിച്ചത്. 1987-ൽ വിരമിച്ചു. അവിടെ ചീഫ് ഇൻഫർമേഷൻ ഓഫീസറായിരുന്ന ഭാര്യ പുഷ്പ വേണി വിരമിച്ചതോടെ 1994-ൽ തലശ്ശേരിയിലേക്കു മടങ്ങി. ആദ്യകാലം തൊട്ട് 1995 വരെ പ്രസിദ്ധീകരിച്ച മലയാള പുസ്തകങ്ങളുടെ കാറ്റലോഗായ *മലയാളഗ്രന്ഥസൂചി* ഏഴു വാല്യമായി (1970-1995) തയ്യാറാക്കി. 2013 ഡിസംബർ 3 ന് അന്തരിച്ചു.

11. സമാധാനംപോലുള്ള വ്യക്തിനാമങ്ങൾ ബ്രിട്ടീഷ് പ്രൊട്ടസ്റ്റന്റ് ക്രൈസ്തവപാരമ്പര്യത്തിന്റെ ഭാഗമാണ്. ക്രിസ്തുമതത്തിൽ ചേർക്കുന്ന ഇന്ത്യക്കാർക്ക് തദ്ദേശീകരിക്കപ്പെട്ട പേരുകൾ നൽകുന്നതായായിരുന്നു പ്രൊട്ടസ്റ്റന്റ് രീതി. തെക്കൻ തിരുവിതാംകൂറിലും തമിഴ്നാട്ടിലുമാണ് ഇതു വ്യാപകമായി ഉണ്ടായിരുന്നത്. ജ്ഞാനാർപ്പൂതം/ ജ്ഞാനാൽഭുതം (Wonder of the Wisdom), മരിയ അർപ്പൂതം (Miracle of Maria), ജ്ഞാനപ്പൂവ് (Flower of Wisdom), ശാന്തപ്പൂവ് (Flower of Peace), ജ്ഞാനത്തങ്കം (Golden Wisdom), ദേവസഹായം (God's Gift) തുടങ്ങിയ ശൈലീകൃത വ്യക്തിനാമങ്ങൾ ഉണ്ടായതങ്ങനെയാണ്.

12. ചാവറയച്ചൻ : കുര്യാക്കോസ് ഏലിയാസ് ചാവറ. ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ ക്രൈസ്തവ സന്ന്യാസസഭയായ കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്യൂലിറ്റി (സി.എം.ഐ) സ്ഥാപകരിൽ ഒരാൾ. 1805 ഫെബ്രുവരി 10 ന് ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു. 1829-ൽ പൗരോഹിത്യം സ്വീകരിച്ചു. 1833-ൽ സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതുസെമിനാരി കോട്ടയത്തിനടുത്തുള്ള മാന്നാനത്തു സ്ഥാപിക്കാൻ നേതൃത്വം നൽകി. 1846-ൽ മാന്നാനത്ത് സംസ്കൃത വിദ്യാലയം തുടങ്ങി. സുറിയാനി കത്തോലിക്കരുടെ ആരാധനാക്രമം നവീകരിച്ചു. *ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്നതിനുള്ള പാന* എന്നിവ കാവ്യകൃതികൾ. സഭാപ്രവർത്തനങ്ങളെ കുറിച്ചുള്ള ദിനസരിക്കുറിപ്പുകളായ *നാളാഗമങ്ങൾ* ആണ് മറ്റൊരു രചന. മരണാനന്തരമാണ് രചനകളെല്ലാം പ്രസിദ്ധീകരികരിക്കപ്പെട്ടത്. 1871 ജനുവരി 3 ന് അന്തരിച്ചു. 1984 ഏപ്രിൽ 7 ന് 'ധന്യ'നായും 1986 ഫെബ്രുവരി 8 ന് 'വാഴ്ത്തപ്പെട്ടവനാ'യും കത്തോലിക്കാസഭ പ്രഖ്യാപിച്ചു. 2014 ഏപ്രിലിൽ 'വിശുദ്ധ' പദവിയിലേക്കുയർത്താനുള്ള തീരുമാനം പോപ്പ് ഫ്രാൻസിസ് ഒന്നാമൻ കൈക്കൊണ്ടു.

13. ഈശ്വരപ്പിള്ള വിചാരിപ്പുകാർ (1815-1874): തിരുവനന്തപുരത്തെ കോട്ടയ്ക്കകത്ത് 1852-53 ൽ 'കേരളവിലാസം' പ്രസ് സ്ഥാപിച്ച ഈശ്വരപിള്ളയാണ് മലയാളത്തിലെ പ്രസാധനവ്യവസായത്തിന്റെ പിതാവെന്ന് കെ.എം. ഗോവി (ഗോവി കെ.എം,(1998) ആദിമുദ്രണം ഭാരതത്തിലും കേരളത്തിലും, പു.137) അഭിപ്രായപ്പെടുന്നു.

"സാഹിത്യാഭിവൃദ്ധിക്കും സാംസ്കാരികോന്നമനത്തിനും വേണ്ടി പ്രിന്റിങ് പ്രസ് കേരളത്തിലാദ്യമായി ഉപയോഗിച്ചത് ഈശ്വരപിള്ളയാണ്. ക്ലാസിക് കൃതികൾ പിഴതീർത്ത് അച്ചടിച്ചു, ലാഭേച്ഛയോടെയുള്ള പുസ്തകപ്രസാധനത്തിനും വിപണനത്തിനും അദ്ദേഹം തുടക്കം കുറിച്ചു." *മണിപ്രവാള കീർത്തനങ്ങൾ* (1854), *നളചരിതം കിളിപ്പാട്ട്* (1855), *തുഞ്ചത്തെഴുത്തച്ഛൻ ഉണ്ടാക്കിയ ദേവീമാഹാത്മ്യം കിളിപ്പാട്ട്* (1858), *അമ്പത്തിനാലു ദിവസത്തെ ആട്ടക്കഥകൾ* (1858), *മണിപ്രവാളശ്ലോകം ശ്രീകൃഷ്ണചരിതം* (1858), *ശിവപുരാണം* (1861) തുടങ്ങിയ കൃതികൾ പ്രസിദ്ധപ്പെടുത്തി. രാജഭരണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉദ്യോഗത്തിന്റെ പേരാണ് വിചാരിപ്പുകാർ.

14. ചന്തുമേനോൻ. ഒ. (1890) *ഇന്ദുലേഖ* പു.81

15. അതേപുസ്തകം പു. 80-81

16. അതേപുസ്തകം പു. 86-87

17. ഗോവി. കെ.എം (1998) ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും, പു.124

18. ലണ്ടൻ മിഷൻ സൊസൈറ്റി (എൽ. എം. എസ്) എന്ന പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതപ്രചാരണ സംഘം അന്ന് തിരുവിതാംകൂറിന്റെ ഭാഗവും ഇന്ന് തമിഴ്നാടുമായ നാഗർകോവിലിൽ ആരംഭിച്ച അച്ചടിശാല. ഇംഗ്ലീഷ് മിഷനറിയായ ചാൾസ് മീഡ് തന്റെ വീട്ടിലാണ് പ്രസ് സ്ഥാപിച്ചത്. അച്ചടിച്ചതെല്ലാം തമിഴിലുള്ള ക്രൈസ്തവഗ്രന്ഥങ്ങളാണ്.

19. ഇംഗ്ലണ്ടുകാരനായ പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതപ്രചാരകൻ ബെഞ്ജമിൻ ബെയ്ലി (1791-1871) കോട്ടയത്തു സ്ഥാപിച്ച അച്ചടിശാല. കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാളപുസ്തകമായ *ചെറുപൈതങ്ങൾ* ഉൾപ്പെടെ ഒട്ടേറെ കൃതികൾ മുദ്രണം ചെയ്തു. മലയാളമുദ്രണത്തെ വിപ്ലവവിധേയമാക്കിയത് സി.എം.എസ് പ്രസാണ്. കേരളത്തിൽ ആദ്യമായി മലയാളം അച്ചുകൾ നിർമിച്ചത് ബെയ്ലിയാണ്. കേരളത്തിനു പുറത്തുണ്ടാക്കിയ ചതുരവടിവിലുള്ള അച്ചുകൾക്കു പകരം വട്ടവടിവിലുള്ളവയാണ് അദ്ദേഹം നിർമിച്ചത്.

20. തിരുവിതാംകൂർ മഹാരാജാവ് സ്വാതിതിരുനാൾ രാമവർമ്മ തിരുവനന്തപുരത്ത് സ്ഥാപിച്ച അച്ചടിശാല. ബെയ്ലിയാണ് ഇവിടേക്കുള്ള അച്ചുകൾ നൽകിയത്. 1855-70 കാലത്ത് ചാൾസ് മീഡ് പ്രസിന്റെ സാരഥ്യം വഹിച്ചു. നോവലിസ്റ്റ് സി. വി. രാമൻപിള്ള ഇവിടെ സൂപ്രണ്ടായിരുന്നു. ഇന്നു നിലനിൽക്കുന്ന ഏക ആദ്യകാല അച്ചുകൂടം ഇതു മാത്രമാണ്.

21. ജർമൻ ക്രിസ്തുമതപ്രചാരകനും ബാസൽ മിഷനിലെ അംഗവുമായിരുന്ന ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ സ്ഥാപിച്ച അച്ചടിശാല. ഭാഷാശാസ്ത്രജ്ഞനും പണ്ഡിതനുമായിരുന്ന ഗുണ്ടർട്ട് മലയാള ഭാഷയ്ക്കു മഹത്തായ സംഭാവനകൾ നൽകി. *ഒരായിരം പഴഞ്ചൊല്ല്* (1850), *മലയാളഭാഷാ വ്യാകരണം* (1851), അശ്വഘോഷന്റെ കൃതിക്കു രചിച്ച വ്യാഖ്യാനമായ *വജ്രസൂചി* (1851), *പുതിയനിയമം* (1852), *ക്ഷേത്ര*



ഗണിതം (1857), *പഞ്ചതന്ത്രം* (1861), തുടങ്ങിയ കൃതികളും *രാജ്യസമാചാരം* (1847), *പശ്ചിമോദയം* (1847), എന്നീ ആനുകാലികങ്ങളും ഇവിടെനിന്നു പ്രസിദ്ധപ്പെടുത്തി. ഗുണ്ടർട്ടിന്റെ പൗത്രനാണ് നൊബേൽ സമ്മാനിതനായ ജർമൻ നോവലിസ്റ്റ് ഹെർമൻ ഹെസ്സേ.

22. Mundadan, A M (2008) *Blessed Kuriakose Elias Chavara*, p.348.

23. ചക്രം: തിരുവിതാംകൂറിലെ പഴയ നാണയം. 16 കാശ് ഒരു ചക്രം. നാലുചക്രം ഒരു പണം. ഏഴു പണം ഒരു സർക്കാർ രൂപ.

24. Mundadan (2008), p.348

25. ചാവറയച്ചൻ (2000), *ചാവറയച്ചന്റെ സമ്പൂർണ കൃതികൾ*, വാല്യം 1, പു. 41

26. കേരളത്തിൽ അച്ചടിച്ച ആദ്യ മലയാള പുസ്തകമായി ഗണിക്കുന്ന ഈ ബാലകഥാസമാഹാരത്തിന്റെ മുഴുവൻ പേര് *ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്നു പരിഭാഷപ്പെടുത്തിയ കഥകൾ* എന്നാണ്. 1824 - ൽ അച്ചടിച്ചു. എട്ടു കഥകളാണ് ഉള്ളടക്കം.

27. ചാവറയച്ചൻ (2000), പു. 42

28. Mundandan (2008), p. 350

29. മലബാർ എന്ന പദം കേരളം എന്ന അർഥത്തിലാണ് 20-ാം നൂറ്റാണ്ടിന്റെ തുടക്കം വരെയും അകേരളീയർ പ്രയോഗിച്ചിരുന്നത്.

30. ഗോവി. കെ.എം (1998), പു. 91

31. കൂറിയർ പ്രസ് അഥവാ കൂറിയർ പ്രിന്റിങ് ഓഫീസ്. 18-ാം നൂറ്റാണ്ടിന്റെ ഒടുവിൽ മുംബൈയിൽ (അന്ന് ബോംബെ) ഉണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട അച്ചടിശാല. മുംബൈയിലെ രണ്ടാമത്തെ പത്രമായ *ബോംബെ കൂറിയർ* (Bombay Courier) ഇവിടെനിന്നാണു പ്രസിദ്ധീകരിച്ചിരുന്നത്. 1790-ൽ *ബോംബെ കൂറിയർ* ആരംഭിച്ചുവെന്നു കരുതുന്നു. തലശ്ശേരിയിൽ 1769-ൽ ജനിച്ച ഇംഗ്ലീഷുകാരനായ വില്യം ആഷ്ബർണർ 1794-98 കാലത്ത് പത്രാധിപരായിരുന്നു. 1798 സെപ്തംബർ ഏഴിന് മുംബൈയിൽ ആഷ്ബർണർ അന്തരിച്ചു.

32. ഗോവി. കെ.എം. (1998), പു. 97

33. ബ്രോഡ്ഷീറ്റ് (Broadsheet): മുദ്രണസംജ്ഞാവലിയിൽ പൊതുവേ 14 മുതൽ 18 വരെ ഇഞ്ച് വീതിയും 22 മുതൽ 25 വരെ ഇഞ്ച് നീളവുമുള്ള കടലാസിനു പറയുന്ന പേര്. ടാബ്ലോയ്ഡ് അല്ലാത്ത വീതിയുള്ള കടലാസിൽ അച്ചടിക്കുന്ന പത്രങ്ങൾക്കും ബ്രോഡ്ഷീറ്റ് എന്നുപറയും. വലിയ കടലാസിൽ ഒട്ടേറെ കാര്യങ്ങൾ അച്ചടിച്ചു തെരുവിൽ വിറ്റിരുന്ന ജനപ്രിയ മുദ്രണത്തിൽ നിന്നാണ് ഈ വാക്ക് ഉരുത്തിരിഞ്ഞു വന്നത്.

34. Mundadan (2008), p. 350

35. Ibid, p. 350

36. തോമസ് ഐക്കര, റവ.ഡോ., (2012), എ.ഡി., *ദീപിക: ചരിത്രത്തിന്റെ ദീപശിഖ*, പു. 32-34

37. Mundadan (2008), p. 350-51

38. തോമസ് ഐക്കര, റവ. ഡോ. (2012), പു. 35

39. ചാവറയച്ചൻ (2000), പു. 42-43

40. ഈ കൊച്ചുപൗലോസ് 1841 - ൽ മാന്നാനം സന്ന്യാസ സമൂഹത്തിൽ ചേരുകയും 1855-നു മുമ്പു മരിക്കുകയും ചെയ്ത കാഞ്ഞിരപ്പള്ളി പുത്തൻപുരയിൽ കുഞ്ഞാക്കോ കത്തനാരാവാമെന്ന് ഫാ. മുണ്ടാടൻ ഊഹിക്കുന്നു.

41. Mundadan (2008), p. 351

42. *ജ്ഞാനപീയൂഷം* 1846-ൽ പ്രസിദ്ധീകരിച്ചുവെന്നാണ് ചാവറയച്ചന്റെ ജീവചരിത്രമെഴുതുന്ന ഫാ. എ.എം. മുണ്ടാടൻ അഭിപ്രായപ്പെടുന്നത്. *മലയാളത്തിലെ കാ.നി.മു. സഭയുടെ ചരിത്രസംക്ഷേപം* (മാന്നാനം: 1989) എന്ന ഗ്രന്ഥമെഴുതിയ ഫാ. ബെർണാർഡിനെ ഉദ്ധരിച്ചാണ് മുണ്ടാടൻ ഇങ്ങനെ പറയുന്നത്. കെ.എം. ഗോവി അത് 1847-ൽ ആണെന്ന് *ആദിമുദ്രണത്തിൽ* അഭിപ്രായപ്പെടുന്നു. ഗോപിയുടേതാണ് സ്വീകാര്യമായ വാദം. *മലയാള ഗ്രന്ഥസൂചിക*യും 1847 എന്ന വർഷമാണു നൽകിയിട്ടുള്ളത്.

43. തോമസ് ഐക്കര, റവ.ഡോ (2012), p. 36

44. Darnton, Robert (2002), p. 239

45. ലെറ്റർപ്രസ് (Letterpress printing). ജംഗമാച്ചുകൾ ഉപയോഗിച്ചുള്ള അച്ചടിസംമ്പ്രദായം. അച്ചുകൾ നിരത്തി കെട്ടിയുറപ്പിച്ച് അതിൽ മഷി പുരട്ടി കടലാസിലേക്കു പതിപ്പിക്കുന്നതാണ് മുദ്രണരീതി. ഗുട്ടൻബർഗിന്റെ കാലംതൊട്ട് 20-ാം നൂറ്റാണ്ടിന്റെ മധ്യംവരെയും ഇതായിരുന്നു പ്രധാന അച്ചടിസമ്പ്രദായം. ഓഫ്സെറ്റ് പ്രസുകൾ വന്നതോടെ വൻകിട പ്രസാധത്തിൽ ലെറ്റർപ്രസിനു സ്ഥാനമില്ലാതായി. ചെറുകിട ആവശ്യങ്ങൾക്കായി 20-ാം നൂറ്റാണ്ടിന്റെ അന്ത്യംവരെയും ലെറ്റർപ്രസുകൾ ഉപയോഗിക്കപ്പെട്ടു.

46. ഗുട്ടൻബർഗ് ഗാലക്സി: മാധ്യമസൈദ്ധാന്തികനായ മാർഷൽ മക്ലൂഹന്റെ പ്രയോഗം. *The Gutenberg Galaxy: The Making of Typographic Man* (1962) പുസ്തകത്തിലാണ് മക്ലൂഹൻ ഈ കല്പന പ്രയോഗിച്ചത്. യൂറോപ്യൻ സംസ്കാരത്തിലും മനുഷ്യാവബോധത്തിലും ബഹുജന മാധ്യമങ്ങൾ, വിശേഷിച്ചും അച്ചടിയന്ത്രം സൃഷ്ടിച്ച ഫലപ്രതിതികൾ വിശകലനം ചെയ്ത മക്ലൂഹൻ, അച്ചടിച്ച പുസ്തകങ്ങളിൽ മനുഷ്യ വിജ്ഞാനമത്രയും ശേഖരിച്ചുവച്ചിരിക്കുന്ന ലോകത്തെയാണ് 'ഗുട്ടൻബെർഗ് ഗാലക്സി' കൊണ്ടു വിശേഷിപ്പിച്ചത്. അച്ചടിച്ച പുസ്തകത്തിലൂടെ ഉണ്ടായ അവബോധപരിവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ 'ഗുട്ടൻബെർഗ് മാൻ' എന്നും മക്ലൂഹൻ വിളിച്ചു.



വെളിച്ചത്തിലേക്ക് നയിച്ച വിപ്ലവം

കെ. എസ്. രാധാകൃഷ്ണൻ

മലയാളികളെക്കുറിച്ച് കേരളത്തിനു പുറത്ത് രണ്ടഭിപ്രായങ്ങളുണ്ട്. ഒന്ന് അവർ അഹങ്കാരികളാണ് എന്നുള്ളതാണ്. രണ്ടാമത്തേത് അവർ വൃത്തികെട്ട അഹങ്കാരികളാണ് എന്നുള്ളതും. ഇതു രണ്ടും ശരിയാണ് എന്നെനിക്ക് തോന്നിയിട്ടുണ്ട്. ഇതു രണ്ടും ശരിയാണ് എന്നാദ്യം നിരീക്ഷിച്ച ഒരാൾ കേരളത്തിൽ ഉണ്ടായിരുന്നു, വൈക്കം മുഹമ്മദ് ബഷീർ.

ബഷീറാണ് മലയാളിയുടെ സ്വഭാവം ശരിക്കും നിരീക്ഷിച്ചിട്ടുള്ളത്. സാധാരണ മനുഷ്യരൊക്കെ ശോഭനമായ ഒരു ഭാവികാലമുണ്ടാക്കാൻ പരിശ്രമിക്കുമ്പോൾ മലയാളികൾ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് ശോഭനമായ ഒരു ഭൂതകാലമുണ്ടായിരുന്നു എന്നു സ്ഥാപിക്കാനാണ്. ഉപ്പൂപ്പാക്ക് ആനയുണ്ടായിരുന്നു എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നവരാണ് മലയാളികൾ. ഉപ്പൂപ്പാന്റെ ആന കുഴിയാനയാണ് എന്നറിഞ്ഞാലും ഉപ്പൂപ്പാക്ക് ആനയുണ്ടായിരുന്നു എന്നുതന്നെ പറഞ്ഞുകൊണ്ടിരിക്കുന്ന മലയാളിയുടെ സ്വഭാവത്തെ, അവന്റെ മനോഘടനയെ, ഇത്ര മനോഹരമായി, ഋഷിതുല്യമായ നിർമമതയോടുകൂടി മലയാള ഭാഷയിൽ അവതരിപ്പിച്ചുകൊണ്ട് മലയാളത്തെ ശ്രേഷ്ഠഭാഷയാക്കിത്തീർത്തത് വൈക്കം മുഹമ്മദ് ബഷീറാണ്. അഹങ്കാരികളായിരുന്ന മലയാളികൾ ജാതിയുടെയും മതത്തിന്റെയും തറവാട്ടു മഹിമയുടെയും തൊലിനിറത്തിന്റെയും അടിസ്ഥാനത്തിൽ തമ്മിലടിച്ച്, തലകീറി കഴിഞ്ഞിരുന്ന ഒരു ജനതയായിരുന്നു. അവരെ മനുഷ്യരാക്കി മാറ്റിയെടുക്കുന്ന ഒരു കാലത്തെയാണ് കേരളത്തിലെ നവോത്ഥാനകാലമെന്ന് നമ്മൾ വിശേഷിപ്പിക്കുന്നത്. ആ നവോത്ഥാനകാലത്താണ് കേരളത്തിൽ മലയാളി മനുഷ്യനായി മാറിയത്. എല്ലാ വൈവിധ്യങ്ങൾക്കുമപ്പുറത്ത് തങ്ങൾക്ക് പൊതുവിൽ ചിലതുണ്ട് എന്ന് മലയാളി തിരിച്ചറിഞ്ഞത് ആ നവോത്ഥാനത്തിലൂടെയാണ്. ഈ നവോത്ഥാനം ഏതെങ്കിലും വ്യക്തി ഉണ്ടാക്കിയെടുത്ത ഒന്നല്ല, ഒരു മാന്ത്രികവടി വീശി ഉണ്ടാക്കിയെടുത്ത ഒന്നല്ല. ഏതെങ്കിലും ഒരു പ്രസ്ഥാനം മാത്രം പ്രവർത്തിച്ച് ഉണ്ടാക്കി എടുത്തതല്ല. ഒട്ടനവധി വ്യക്തികളും പ്രസ്ഥാനങ്ങളും ഒരുമിച്ച് ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് മലയാളി ഇന്ന് കാണുന്ന രീതിയിൽ, വലിയ നാണക്കേടില്ലാത്ത വിധത്തിലുള്ള ഒരു സമൂഹമായി മാറിയത്. അതിനു മുമ്പ് അങ്ങനെയൊന്നുണ്ടായിരുന്നില്ല. പുറത്തുപോയി ഭയങ്കര ഇന്റലക്ചലാണെന്ന് പറയുമെങ്കിലും മലയാളിയുടെ എല്ലാ കാര്യങ്ങൾക്കും എന്തോ ഒരു പരിമിതി വന്നു പെടാറുണ്ട്.

ആദ്യം ഒരാൾ വന്നു. അയാളെ നമ്മൾ നാട്ടിൽ നിന്നേ ഓടിച്ചു. ഇത്രയൊന്നും വാഹനസൗകര്യമോ സഞ്ചാരസൗകര്യമോ ഇല്ലാതിരുന്ന കാലത്ത് വിജ്ഞാനത്തിന്റെ വിതരണനീതിയും ഭാരതീയ ദർശനങ്ങളുടെ യുക്തിസാഫല്യവും സാധാരണ മനുഷ്യരിലേക്ക് എത്തിക്കുന്നതിനുവേണ്ടി, ഈ മഹാരാജ്യത്തിന്റെ നാല് കേന്ദ്രങ്ങളിലും സഞ്ചരിച്ച് നാല് പ്രസരണകേന്ദ്രങ്ങൾ സ്ഥാപിച്ച ശ്രീശങ്കരൻ. പക്ഷെ, അദ്ദേഹത്തെ നമ്മൾ നാടുകടത്തി. അമ്മയെ സംസ്കരിക്കാൻ വേണ്ടി വന്നപ്പോൾ സഹകരിക്കാതിരിക്കാനുള്ള വിവേകം പ്രദർശിപ്പിച്ചുകൊണ്ട് ചരിത്രത്തിൽ സുസ്ഥിരമായൊരു ഇടം നമ്മൾ നേടി. ഇതൊക്കെ സൂചിപ്പിക്കുന്നത് നമ്മുടെ സ്വഭാവമെന്തായിരുന്നുവെന്ന് പറയുന്നതിന് വേണ്ടിയാണ്. ആ സ്വഭാവത്തിൽ നിന്ന് മലയാളി വളരെയേറെ വളരുകയും പുരോഗമിക്കുകയും ചെയ്തു. അങ്ങനെ വളരാനും പുരോഗമിക്കാനും നേതൃത്വം നൽകിയ മഹാപുരുഷന്മാരിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്ന ഒരാളാണ് ചാവറയച്ചൻ. അദ്ദേഹം ചെയ്ത കാര്യങ്ങൾക്ക് സമാനതകളില്ലായിരുന്നു.

സംസ്കൃതം ദേവഭാഷയായിരുന്നു. ദേവഭാഷ എന്നു പറഞ്ഞാൽ മനുഷ്യർക്ക് മനസ്സിലാകില്ല എന്നർഥം. തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധർക്ക് മാത്രം മനസ്സിലാക്കാൻ കഴിയുന്നതാണ് ദേവഭാഷ എന്ന് വിശ്വസിച്ചിരുന്ന ഒരു കാലത്ത്, ആ ദേവഭാഷയിലാണ് ഭാരതത്തിന്റെ മഹത്തായ വിജ്ഞാനങ്ങൾ എല്ലാം ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത് എന്ന് തിരി



വിദ്യാദാനം ആശാൻ കളരിയിലൂടെ

ച്ചറിഞ്ഞ ഒരു കാലത്ത് ഒരുപക്ഷേ ഇന്ത്യയിൽ തന്നെ ആദ്യമായിട്ടായിരിക്കാം, 1846 ൽ, എല്ലാവർക്കും പ്രവേശനം നൽകുന്ന ഒരു സംസ്കൃത വിദ്യാലയം അദ്ദേഹം തുടങ്ങിയത്. അന്നതിന്റെ പ്രാധാന്യം ആർക്കും മനസ്സിലായില്ല. ഇപ്പോഴും ഹിന്ദുക്കളുടെ ദൈവങ്ങൾക്ക് മനസ്സിലാകുന്ന ഭാഷ സംസ്കൃതമാണ് എന്നാണ് രഹസ്യമായിട്ട് എല്ലാ ഹിന്ദുക്കളും വിശ്വസിക്കുന്നത്. പ്രധാനപ്പെട്ട കർമങ്ങൾ ചെയ്യേണ്ടിവരുമ്പോൾ അതൊക്കെ സംസ്കൃതത്തിൽ പറയേണ്ടിവരും. ഞാൻ അതുപോലെ ഒരുപാട് കർമങ്ങൾക്ക് ഇരുന്നുകൊടുത്തിട്ടുള്ള ആളാണ്.

ദൈവത്തിന്റെ അടുത്തേക്ക് എത്തണമെങ്കിൽ സംസ്കൃതം വേണമെന്ന് ശഠിച്ചിരുന്ന കാലത്ത്, ഒരു സംസ്കൃത വിദ്യാലയം തുടങ്ങുകയും താൽപര്യമുള്ളവർ പഠിക്കണം എന്ന് പറയുകയും ചെയ്യുമ്പോൾ ഒരു രാജ്യത്തിന്റെ മഹത്തായ സംസ്കാരം അവിടുത്തെ ജനതയ്ക്ക് തുറുന്നു കൊടുക്കപ്പെടുകയായിരുന്നുവെന്ന് നമ്മൾ വിസ്മരിച്ചു എന്നതാണ് സത്യം. ഭാരതത്തിന്റെ വിജ്ഞാനത്തിന്റെ അധികാരികളായി ആരെല്ലാം മാറണമെന്ന ചോദ്യത്തിന് തിരഞ്ഞെടുക്കപ്പെട്ട ചെറുസമൂഹം എന്നത് മാറ്റി ഈ രാജ്യത്തെ സാധാരണ മനുഷ്യർ എന്ന് പ്രഖ്യാപിക്കുകയാണ് സൗമ്യമായ ഭാഷയിൽ ചാവറയച്ചൻ നടത്തിയത്. അതൊരു ചെറിയ സ്കൂളല്ല. അതിന്റെ തുടക്കം വളരെ വലുതാണ്. ഞാൻ ഹിമാലയയാത്രക്കിടയിൽ ഗംഗയുടെ ഉത്ഭവമായ ഗംഗോത്രിയിൽ പോയിട്ടുണ്ട്. അവിടെ ഇറ്റിറ്റു വീഴുന്ന വെള്ളംപോലെയാണ്. ആ ഇറ്റിവീഴുന്ന വെള്ളത്തുള്ളികളാണ് ഗംഗയായി പ്രവഹിക്കുന്നതെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. പക്ഷെ ആ വെള്ളത്തുള്ളികൾ ഇല്ലെങ്കിൽ ഗംഗ ഇല്ല എന്ന് നമ്മൾ ഓർക്കേണ്ടതാണ്. ഗംഗ പല ഭാവത്തിലും പല രൂപത്തിലും ഒഴുകുന്നത് കാണാൻ പറ്റും. ദേവഗംഗയായിട്ടും അളകനന്ദയായിട്ടുമൊക്ക ഒഴുകുന്നുണ്ട്. അളകനന്ദാനദി ഗംഗ തന്നെയാണ്. ഓരോ പ്രദേശത്തുകൂടി പോകുമ്പോഴും ഗംഗക്ക് ഓരോ ഭാവമാണ്. ഗംഗയെ ഇത്രയധികം വർണിക്കേണ്ടതുണ്ടോയെന്ന് കാളിദാസകൃതികൾ വായിച്ചപ്പോൾ എനിക്ക് സംശയമുണ്ടായിട്ടുണ്ട്. ആ സംശയം മാറിയത് ഹിമാലയയാത്രയിൽ ഗംഗയുടെ അനന്തമായ ഭാവവൈചിത്ര്യങ്ങൾ കണ്ട് വിസ്മയിച്ച് നിന്നപ്പോഴാണ്. ആ ഗംഗയുടെ ഉത്ഭവം ഈ വെള്ളത്തുള്ളികളിൽ നിന്നാണെന്ന് പറയുന്നതുപോലെയാണ് ഒരു കുഗ്രാമത്തിൽ തുടങ്ങിയ ഒരു ചെറിയ വിദ്യാലയം ഭാരതത്തിന്റെ വിജ്ഞാനത്തിലേക്ക് സാധാരണക്കാരെ ആകർഷിക്കുന്ന ഒരു മഹത്തായ വിദ്യാലയമായതും. ഇതിനെയും വേണമെങ്കിൽ വിപ്ലവമെന്ന് വിശേഷിപ്പിക്കാം. ഇതിന് തുടക്കം കുറിച്ചത് ചാവറയച്ചനാണ്.

ആ വിപ്ലവമാണ് 'പള്ളികൾക്കൊപ്പം പള്ളിക്കൂടം' എന്ന് പറയുന്നത്. അതിന് മുൻപും വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. വിദ്യാഭ്യാസസമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. അതൊക്കെ നമ്മുടെ സമൂഹത്തിന്റെ ജാതിഘടനയിലായിരുന്നു. തമ്പുരാന് അമ്പലത്തിലും സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർക്ക് കരിക്കാടിയും കരുതി സൂക്ഷിച്ച ഒരു സംസ്ഥാനം. മഹത്തായ ആയുർവേദ പാരമ്പര്യമുണ്ട്. പക്ഷെ സാധാരണക്കാർക്ക് രോഗം വന്നാൽ മരണമായിരുന്നു ആശ്രയം. ആയുർവേദത്തിന്റെ മഹാസിദ്ധികൾ മുഴു



വനും നമ്മുടെ സമൂഹത്തിലെ ചുരുക്കം ഭാഗ്യവാന്മാർക്ക് മാത്രമായി സംവരണം ചെയ്ത് സൂക്ഷിച്ചു. വിദ്യാഭ്യാസത്തിന്റെ അവസ്ഥയും അതുതന്നെ. ജാതികൾക്കുള്ള സ്കൂളുകളായിരുന്നു ഉണ്ടായിരുന്നത്. 1864 ൽ പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളും ആ പള്ളിക്കൂടങ്ങളിൽ ജാതിമതവർഗ വ്യത്യാസമില്ലാതെ സർവർക്കും വിദ്യാഭ്യാസവും എന്ന ഒരു ലക്ഷ്യത്തോടുകൂടി ഒരാൾ ഏകാംഗ സൈന്യം പോലെ പ്രവർത്തിച്ചു തുടങ്ങുമ്പോൾ നമ്മുടെ ഈ സംസ്ഥാനം കൂരിരുട്ടിലായിരുന്നു.

1888 ൽ മലയാള മനോരമയുടെ ആദ്യ ലക്കം പ്രസിദ്ധീകരിച്ചപ്പോൾ ആ ആദ്യകാലത്തെ എഡിറ്റോറിയലിൽ പറഞ്ഞിട്ടുള്ള കാര്യം പുലയർക്ക് വിദ്യാഭ്യാസം കൊടുക്കണം എന്നുള്ളതാണ്. അന്ന് അവർക്കതില്ല. അന്ന് ആ എഡിറ്റോറിയൽ വായിക്കാൻ ഒരൊറ്റ പുലയനുമുണ്ടായിരുന്നില്ല. ജാതിശ്രേണിയിലായിരുന്നു നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്നത്. 1910 ൽ തിരുവിതാംകൂറിൽ ദിവാനായിരുന്ന രാജഗോപാലാചാരി ജാതിമത വ്യത്യാസത്തിന്റെ പേരിൽ വിദ്യാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നത് തടയാൻ പാടില്ല എന്ന ഉത്തരവ് ഇറക്കിയപ്പോൾ ഒരു കാരണവശാലും അത് നടപ്പാക്കരുതെന്ന് പറഞ്ഞ് നടന്ന സമരം നയിച്ചത് കേരളത്തിൽ ഏറ്റവും വലിയ പുരോഗമനകാരനെന്ന് ചരിത്രം രേഖപ്പെടുത്തിയ സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഇതെന്ത് പുകില്. എത്രയോ ദീർഘകാലമായി ബുദ്ധിയിൽ കൃഷിചെയ്തുകൊണ്ടിരിക്കുന്ന സവർണനും പാടത്തും മണ്ണിലും കൃഷി ചെയ്തുകൊണ്ടിരിക്കുന്ന അവർണനും ഒരുമിച്ച് ഒരു വിദ്യാലയത്തിൽ ഇരുന്ന് പഠിക്കുക എന്ന് പറഞ്ഞാൽ കുതിരയെയും പോത്തിനെയും ഒരേ നുകത്തിൽ കെട്ടുന്നതിന് തുല്യമാണ്.' മലയാള ഭാഷ കണ്ട ഏറ്റവും വ്യത്തികെട്ട ഉപമ അതാണെന്ന് എനിക്ക് അഭിപ്രായമുണ്ട്.

ഇതൊക്കെ 1910 ൽ നടക്കുന്ന കാര്യമാണ് തിരുവിതാംകൂറിൽ. അപ്പോഴാണ് 1864 ൽ പള്ളിക്കൂടങ്ങളിലൂടെ ജാതിമത വർഗവ്യത്യാസമില്ലാതെ സർവർക്കും വിദ്യാഭ്യാസം നൽകണമെന്ന സന്ദേശം അന്നത്തെ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായിരുന്ന ചാവറയച്ചൻ മുന്നോട്ടുവച്ച് പ്രവർത്തിച്ചത്. അതൊരു തുടക്കമായിരുന്നു. തുള്ളികൾ വീണ് ഗംഗയായി രൂപപ്പെടുന്നതുപോലെ അദ്ദേഹത്തിന്റെ ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. അങ്ങനെയാണ് കായലോരങ്ങളിലും കടലോരങ്ങളിലും സമതലങ്ങളിലും പള്ളികളേക്കാളും വലിയ പള്ളിക്കൂടങ്ങളുമായി കത്തോലിക്കാ സഭ കടന്നുവന്ന് ജാതിമതവർഗ വ്യത്യാസമില്ലാതെ സർവർക്കും വിദ്യാഭ്യാസം കൊടുത്തത്. അങ്ങനെലഭിച്ച വിദ്യാഭ്യാസത്തിന്റെ ഒരു ഗുണഭോക്താവാണ് ഞാൻ. അല്ലെങ്കിൽ എന്റെ ഗ്രാമത്തിൽ ഇന്നുപോലും ഒരു വിദ്യാലയം നടത്തിയാൽ ലാഭകരമല്ല. അവിടെ കത്തോലിക്കാ സഭക്ക് ആറ് സ്കൂൾ ഉണ്ട് . ആ വിദ്യാലയങ്ങളിലാണ് ഞങ്ങളെല്ലാവരും ഒരുമിച്ചിരുന്ന് പഠിച്ചത്. ആ വിദ്യാലയങ്ങളിലൂടെയാണ് ഇന്ന് കാണുന്ന ജീവിതത്തിന്റെ തലമുറകൾ രൂപപ്പെട്ടു വന്നത്. പിന്നീട് വൈസ് ചാൻസലറായിരിക്കെ ഉത്തരേന്ത്യയിൽ സർക്കാറിനുവേണ്ടി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചർച്ചകൾക്കും സെമിനാറുകൾക്കുമൊക്കെ പോകുമ്പോൾ അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് പറയാറുണ്ട്: ഏറ്റവും കൂടുതൽ വിദ്യാഭ്യാസം നേടിയവരും ഏറ്റവും കൂടുതൽ പത്താം ക്ലാസ്സും പ്ലസ്ടുവും കഴിഞ്ഞവരും ഏറ്റവും കൂടുതൽ സ്ത്രീവിദ്യാഭ്യാസമുള്ളതും ഞങ്ങളുടെ സംസ്ഥാനത്താണെന്ന്. കേരളത്തിലെ പെൺകുട്ടികൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പെൺകുട്ടികളെക്കാൾ വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണ് എന്ന സത്യം അംഗീകരിക്കുമ്പോൾ അതിന് നാം കടപ്പെട്ടിരിക്കുന്നത് കന്യാസ്ത്രീകളോടാണ് എന്ന സത്യം വിസ്മരിക്കരുത്. ഏറ്റവും നല്ല 100 വിദ്യാലയങ്ങളുടെ എണ്ണം എടുക്കുകയാണെങ്കിൽ അതിൽ 80 എണ്ണവും കന്യാസ്ത്രീകൾ നടത്തുന്നതായിരിക്കും. കന്യാസ്ത്രീകളാണ്, കത്തോലിക്കാ സഭയുടെ ചാവറയച്ചന്റെ നിർദ്ദേശം യാഥാർഥ്യമാക്കിയത്.

ഇത്തരം വിദ്യാലയങ്ങളിലാണ് ജാതി സമൂഹത്തിന്റെ കെട്ടുകൾ അഴിയുകയും ഒരു പൊതുസമൂഹം രൂപപ്പെടുകയും ചെയ്തത്. വിദ്യാലയങ്ങൾ ഇല്ലായിരുന്നെങ്കിൽ കേരളത്തിൽ ഒരിക്കലും ഒരു പൊതുസമൂഹം രൂപപ്പെടുമായിരുന്നില്ല. ജാതി മതങ്ങൾക്കതീതമായി കുട്ടികൾക്ക് വിദ്യാലയ പ്രവേശനം ലഭിച്ചപ്പോഴാണ് മാധവനും മുഹമ്മദും മത്തായിയും ചാത്തനും ഒരുമിച്ച് ഒരു ബെഞ്ചിലിരുന്ന് ഒരു ടീച്ചർ പറഞ്ഞ് കേൾക്കുന്ന ഒരേ പാഠങ്ങൾ പഠിച്ച് പരസ്പരം കൂട്ടിത്തൊട്ടുപോയത്. അപ്പോഴാണ് മനസ്സിലായത് ചാത്തൻ തൊട്ടുകഴിഞ്ഞാൽ മാധവൻ ചാമ്പലായി തീരില്ലെന്ന്. ഒരു പൊതുസമൂഹം സൃഷ്ടിക്കപ്പെട്ടത് ഈ വിദ്യാലയങ്ങളിലൂടെയാണ്. ആ വിദ്യാലയങ്ങളാണ് ശിഥിലീകരിക്കപ്പെട്ട ഒരു

സമൂഹത്തെ ഏകീകൃതമായ ഒരു സമൂഹമാക്കി മാറ്റിയത്. കേരളത്തിലെ പരിഷ്കൃതസമൂഹത്തിന്റെ സ്രഷ്ടാവ് എന്ന ബഹുമതി ചാവറയച്ചന് അർഹതപ്പെട്ടതാണ്. ഈ വിദ്യാലയങ്ങൾ ഇല്ലായിരുന്നെങ്കിൽ ഒരിക്കലും കേരളത്തിൽ ഒരു പരിഷ്കൃത സമൂഹം ഉണ്ടാകുമായിരുന്നില്ല. 1914 ലാണ് മഹാരാജാസ് കോളേജിൽ ഒരു അവർണ വിദ്യാർഥിക്ക് പ്രവേശനം കിട്ടുന്നത്. അതുവരെ ഗവൺമെന്റ് സ്ഥാപനമായിരുന്നെങ്കിലും അവർണവിദ്യാർഥികൾക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. സെന്റ് ആൽബർട്സിലും സെന്റ് തേരേസാസിലും അത് നേരത്തെ ആരംഭിച്ചിരുന്നു. തേവരയൊക്കെ അതിനുശേഷം വന്നതാണ്. അവിടെ ഒരു വലിയ അത്ഭുതമുണ്ടായത് നമ്മുടെ ചരിത്രത്തിൽ കാണാവുന്ന ഒരു നാഴികക്കല്ലാണ്. അന്ന് സെന്റ് ആൽബർട്സിൽ വിദ്യാലയം നടത്തുന്നത് സഭ സമുദായ സേവനം മാത്രം ലക്ഷ്യമിടാതിരുന്ന ഒരു കാലത്താണ്. ഇന്ന് അങ്ങനെയല്ല. ഇന്ന് വിദ്യാലയം നടത്തുന്നത് സമുദായ സേവനത്തിന്റെ ഭാഗമായിട്ടാണ്. ഏത് സമുദായത്തിന്റെയാണോ വിദ്യാഭ്യാസസ്ഥാപനം, ആ സമുദായത്തിൽപ്പെട്ടവരായിരിക്കും അദ്ധ്യാപകരായി വരുന്നത്. സെന്റ് ആൽബർട്ട്സിലെ മലയാള വിഭാഗത്തിന്റെ മേധാവി മലയാള ഭാഷ കണ്ടിട്ടുള്ള പണ്ഡിതനായ എ.ഡി. ഹരിശർമ്മ ആയിരുന്നു. എഴുത്തച്ഛന്റെ കൃതികൾക്ക് പിഴ തീർത്ത് പ്രസിദ്ധീകരിക്കാൻ സർവത്ര യോഗ്യനെന്ന് മലയാളത്തിലെ പണ്ഡിതലോകം ഏകകണ്ഠമായി അഭിപ്രായപ്പെട്ട സാക്ഷാൽ എ.ഡി. ഹരിശർമ്മ. ഹരിശർമ്മ മാഷിനെ അന്നത്തെ ബിഷപ് പോയി വിളിച്ചുകൊണ്ട് വന്ന് ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കണമെന്ന് നിർബന്ധിക്കുകയായിരുന്നു. ഇന്ന് ഏതെങ്കിലും ഒരു ബിഷപ് അങ്ങനെ ചെയ്താൽ പിന്നെ അദ്ദേഹം ഇവിടെ ജീവിക്കേണ്ടിവരില്ല. വല്ല റോമിലും പോയി കഴിയേണ്ടിവരും. കാരണം സമുദായത്തിലുള്ള എല്ലാവരും കൂടി പറയും നമ്മുടെ സമുദായത്തിൽപ്പെട്ട ഒരുവനുണ്ടായിട്ട് അവന് കൊടുക്കാതെ ദാ പോയി ഒരു ശർമ്മയെ കൊണ്ടുവന്നിരിക്കുന്നുവെന്ന്.



ഹരിശർമ്മയുടെ ഏറ്റവും പ്രിയപ്പെട്ട വിദ്യാർഥി ഒരു ചാത്തനായിരുന്നു. ചാത്തൻ പിന്നീട് വളരെ പ്രശസ്തനായി. അദ്ദേഹം നമ്മുടെ നവോത്ഥാനകലാകഥാകാരന്മാരിൽ ഒരാളായി. കേരള സംസ്ഥാന സർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറായി. പിന്നീട് രാജ്യസഭാംഗമായ ടി.കെ.സി. വടുതല. നിങ്ങൾ ഓർക്കേണ്ട കാര്യം ഒരു മഹാബ്രാഹ്മണന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായി പുലയനായ ഒരു ചാത്തന് പഠിക്കാനുള്ള അന്തരീക്ഷം ഒരുക്കിക്കൊടുത്തത് ചാവറയച്ചനാണ്. ഒരു മഹാബ്രാഹ്മണന്റെ പ്രിയ ശിഷ്യനായി ഒരു പുലയനു പഠിക്കാൻ അവസരമുണ്ടാവുകയും അതിനുള്ള എല്ലാ അന്തരീക്ഷവും ഒരുക്കിക്കൊടുത്തുകൊണ്ട് ഒരു മഹാ വിദ്യാലയം നിലകൊള്ളുകയും ചെയ്തപ്പോൾ കേരളത്തിൽ വിദ്യയുടെ പേരിൽ ഉണ്ടായിരുന്ന എല്ലാ വേലിക്കെട്ടുക



ളെയും നിശബ്ദമായി പിഴുതുമാറ്റിക്കൊണ്ട് ഒരു പൊതുസമൂഹത്തിന്റെ സൃഷ്ടി ഉറപ്പു വരുത്തുകയായിരുന്നു. പൊതുസമൂഹത്തിന് ചില മൂല്യബോധങ്ങളുണ്ടായിരുന്നു. ആ മൂല്യബോധം സമത്വബോധം തന്നെയായിരുന്നു. ഇന്ന് കുറഞ്ഞ് കുറഞ്ഞ് വരുന്ന ഒന്നാണ് സമത്വബോധം. എല്ലാവരും സമന്മാരാണ്. ഞാൻ കുറച്ച് കൂടുതൽ സമനാണ് എന്നുള്ളതാണ്. All are equal but some are more equal. എല്ലാം ഒന്നാണ്. പക്ഷെ ഞാൻ ഒന്നരയാണ് എന്നതാണ്. എല്ലാ മതങ്ങളും ഒന്നാണ് പക്ഷേ അത്രയും പറഞ്ഞശേഷം എന്റെ മതം ഒന്നരയാണ്. ബഷീറാണ് ഇതൊക്കെ പറഞ്ഞത്. എല്ലാ മലയാളികളുടെയും മനസ്സിൽ ജീവിച്ചിരിക്കുന്ന ഒരു കഥാപാത്രമാണ് കൊച്ചുകൊച്ചമ്മമാർ. ഈ കൊച്ചുകൊച്ചമ്മമാർ മലയാളികളുടെ മനസ്സിൽ ഇങ്ങനെ ജീവിച്ചിരിക്കുന്നത് കണ്ട് സഹിക്കവയ്യാതെയാണ് ഇടശ്ശേരി എഴുതിയത് ഈ തറവാടിത്തശോഷണത്തെ പോലെ വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിലെന്ന്.

രൂഢമൂലമായ അന്ധവിശ്വാസങ്ങളുടെ കോട്ടകെട്ടി മനസ്സിൽ സൂക്ഷിക്കുകയും ആ കോട്ടക്കുള്ളിൽ നിന്ന് പുറത്തിറങ്ങാൻ മടിക്കുകയും ചെയ്തിരുന്ന മലയാളിയെ ആ വിശ്വാസങ്ങളുടെ ചട്ടക്കൂടുകളിൽ നിന്ന് പുറത്തെത്തിക്കുന്നത് ചാവറയച്ചന്റെ വിദ്യാലയങ്ങളിലൂടെയാണെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ പറ്റും. ആ അഭിമാനമാണ് കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയുടെ അടിത്തറ. ആ അഭിമാനമാണ് മലയാളികൾ മനുഷ്യരായി മാറിയതിന്റെ അടിത്തറ. നമ്മുടെ നവോത്ഥാനത്തിൽ ഈ തുല്യത എന്ന് പറയുമ്പോൾ മനുഷ്യർക്ക് മനുഷ്യരായി ജീവിക്കാനുള്ള തുല്യാവകാശം വേണമെന്നാണ് നവോത്ഥാനകാലം പറഞ്ഞത്. ആ തുല്യത കിട്ടണമെങ്കിൽ അതിന്റെ ഏറ്റവും വലിയ അടിത്തറ വിദ്യാഭ്യാസമാണ്. ഇന്ന് മലയാളികൾക്ക് കിട്ടിയ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ സവിശേഷത തുല്യതയെക്കുറിച്ചുള്ള ബോധ്യമായിരുന്നു. എന്നോടൊപ്പമുള്ളവൻ മനുഷ്യനാണ്. അവന് എന്നെപ്പോലെ തന്നെ ജീവിക്കാനുള്ള അവകാശമുണ്ട് എന്ന് ബോധ്യമായി.

ജീവിതം ആരംഭിക്കുന്നത് മരണത്തിനു ശേഷമാണ് എന്ന് പറയാറുണ്ട്. ഇംഗ്ലീഷിൽ ഒരു പഴമൊഴിയില്ലെ, ചിലർ വരുമ്പോൾ നമുക്ക് സന്തോഷം ലഭിക്കുന്നുവെന്ന്. Some people bring happiness when they come and other give happiness when they leave. ഇതിന്റെ ഒരു മറുവശം കൂടിയുണ്ട്. ജീവിച്ചിരുന്ന കാലത്ത് മനസ്സിലാക്കാതെ പോവുകയും പിന്നീടുള്ള കാലങ്ങളിൽ മനസ്സിലാക്കപ്പെടുകയും ചെയ്യാനുള്ള ഒരു യോഗം ചാവറയച്ചനുണ്ടായിരുന്നു. അതുകൊണ്ടാണ് ഇന്ന് അദ്ദേഹത്തെ കണ്ടെത്തുന്നതിനുള്ള പരിശ്രമം നാം തുടങ്ങുന്നത്. ആ പരിശ്രമത്തിന്റെ ഫലമാണ് ഇന്ന് കാണുന്ന അന്തസ്സ്. അതിന്റെ ഫലമാണ് വിദ്യാഭ്യാസം നൽകുന്നതിന് പണം വാങ്ങിക്കാൻ പാടില്ല എന്നുള്ള സങ്കല്പം, ചാവറയച്ചനുണ്ടാക്കി വച്ചതാണത്. ഇത് സൗജന്യമായിട്ട് കൊടുക്കണമെന്ന് പറഞ്ഞത് ചാവറയച്ചനാണ്. സംസ്കൃതം പഠിക്കാൻ അവരുടെയിടയിൽ നിന്ന് കാശ് വാങ്ങുകയല്ല ചെയ്തത്. അച്ചൻ ഓടിനടന്ന് പിടിയരി പിരിച്ച് അപ്പുറത്തുള്ളവന്റെ കൈയിൽ നിന്ന് നെല്ല് മേടിച്ച് കുത്തി അരികൊണ്ട് ഭക്ഷണം ഉണ്ടാക്കിക്കൊടുത്ത് വിദ്യാഭ്യാസം ചെയ്യിപ്പിക്കുകയാണ്. ഇന്ന് കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് തലയുയർത്തിപ്പിടിച്ചു നിൽക്കാനുള്ള അന്തസ്സും ആഭിജാത്യവും ഉണ്ടാക്കിക്കൊടുത്തത് ചാവറയച്ചനാണ്. ആ വിദ്യാഭ്യാസ സംസ്കാരത്തിലൂടെയാണ് ഒരു ജനത അറിവിന്റെ വെളിച്ചം എന്തെന്ന് തിരിച്ചറിഞ്ഞത്. ഏറ്റവും ശക്തമായ ആയുധം അറിവുതന്നെയാണ്. ഏറ്റവും ശക്തമായ ധനവും വിദ്യ തന്നെയാണ്. വിദ്യയാണ് മഹാധനം എന്ന് പറയുന്നത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് തോന്നിയിട്ടുണ്ട്. കാരണം അത് ഉള്ളവന് അറിയാൻ പറ്റും. അറിവുള്ളവൻ എന്നും അറിവില്ലാത്തവന്റെ മേൽ ആധിപത്യം പുലർത്തിയിട്ടുണ്ട്. യൂറോപ്പ് അങ്ങനെയാണ് ബാക്കി രാജ്യങ്ങളുടെമേൽ ആധിപത്യം പുലർത്തിയത്. അന്നത്തെ ഏറ്റവും നല്ല അറിവ് അവരുടെകൂടെയായിരുന്നു.

സാധാരണക്കാർക്ക് വിദ്യാഭ്യാസം നൽകുക എന്ന് പറഞ്ഞാൽ അവരെ അധികാരത്തിന്റെ വക്താക്കളാക്കി മാറ്റുന്നു എന്ന് മാത്രമല്ല അവരെ അതിന്റെ പ്രയോക്താക്കളും പ്രായോജകരുമാക്കി മാറ്റുക എന്നുകൂടിയാണ്. രണ്ടും രണ്ടും നാല് എന്ന് അറിയാത്തവനെ ആർക്കും പറ്റിക്കാൻ കഴിയും. സാധാരണ മനുഷ്യരെ അവരുടെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ഉറപ്പിച്ചു നിറുത്തുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങൾക്ക് നേതൃത്വം നൽകിയതും ചാവറയച്ചനാണ്. ചെറിയ കാര്യങ്ങളല്ല ഇത്. നമുക്കിതൊക്കെ ചെറിയ കാര്യങ്ങളായി തോന്നുന്നത് നമ്മുടെ ചെറുപ്പം കൊണ്ടാണ്. അവരുടെ വലുപ്പമാണ് നമ്മൾ കാണേണ്ടത്. ഒരു സമൂഹം മുഴുവൻ ജീവിതത്തിനെതിരെ പുറംതിരിഞ്ഞു നിന്നി



രുന്ന ഒരു കാലത്ത് ആ സമൂഹത്തെ തിരിച്ചുവിടുന്നതിനുവേണ്ടി പരിശ്രമിക്കുന്നു. ഹിമവാന്റെ മുകളിൽ നിന്ന് തുള്ളിതുള്ളിയായി വീഴുന്ന ഉറവകളാണ് ഒരുമിച്ച് ചേർന്ന് മഹാപ്രവാഹമായി ഇന്ത്യയെ മുഴുവൻ നിലനിർത്തുന്ന ഗംഗയായി മാറുന്നത്. അത് സുരഗംഗയായി മാറുന്നു. അളകനന്ദയായി മാറുന്നു. സമതലങ്ങളിലേക്ക് വരുമ്പോഴേക്കും അലറിപ്പാഞ്ഞൊഴുകുന്നു. അതുപോലെയാണ് ഈ ചെറിയ ദിശാമാറ്റത്തിലൂടെ ഈ സമൂഹത്തെ മുഴുവൻ മാറ്റിമറിക്കുന്നതിനുള്ള പരിശ്രമം നടത്താൻ ചാവറയച്ചന് കഴിഞ്ഞത്. ഇതൊക്കെ നമ്മുടെ കുട്ടികളെ നമ്മൾ പഠിപ്പിച്ചു കൊടുക്കേണ്ടതാണ്.

ഒരു കാലത്ത് ലളിതമായ ഭാഷയിലൂടെ സംസാരിക്കാൻ ആർജവം കാണിച്ച ഒരു എഴുത്തുകാരൻ കൂടിയാണ് ചാവറയച്ചൻ. മകൻ അച്ഛനോട് എന്നപോലെ പ്രാർഥിക്കണമെന്ന് അദ്ദേഹം എഴുതിവച്ചു. ഏറ്റവും ലളിതമായ ഭാഷ ഉപയോഗിച്ചത് യേശുദേവനാണ്. മുക്കുവന്മാരെല്ലാം കൂടിചെന്ന് യേശുദേവനോട് സ്വർഗരാജ്യമെന്താണെന്ന് ചോദിച്ചു. എല്ലാമീനും ഉൾക്കൊള്ളുന്ന വലയ്ക്ക് സമമെന്ന് യേശുദേവൻ പറഞ്ഞു. ഇതിനേക്കാൾ ലളിതമായി ആ മഹാതത്ത്വം പറഞ്ഞുകൊടുക്കാൻ ലോകത്ത് ഒരാൾക്കും സാധ്യമല്ല. Only a master can use simple language എന്ന് പറയും. ഈ രീതിയിൽ ഭാഷയ്ക്കുമേൽ ചാവറയച്ചന് ഒരാധിപത്യമുണ്ടായിരുന്നു.

നമ്മൾ നടന്ന് വന്ന വഴി എങ്ങനെയാണെന്ന് തിരിച്ചറിഞ്ഞാൽ മാത്രമേ നമുക്ക് നമ്മെത്തന്നെ മനസ്സിലാക്കാൻ കഴിയൂ. അവനവനെ മനസ്സിലാക്കാൻ കഴിയാതെ പോകുന്ന ഒരു ജനതയ്ക്ക് ജനാധിപത്യ പ്രക്രിയയിൽ സുശക്തം എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഭരണസംവിധാനം ഉണ്ടാക്കിയെടുക്കാൻ കഴിയില്ല. ജനാധിപത്യം എന്ന് പറഞ്ഞാൽ മത്തായിയെയും മാധവനെയും മുഹമ്മദിനെയും ചാത്തനെയും ഒരുമിച്ചുനിർത്തിക്കൊണ്ട് പോകുന്ന ഒരഭ്യാസമാണ്. ആ ജനാധിപത്യ സംവിധാനക്രമം ശക്തമാകണമെങ്കിൽ, നമ്മുടെ സംസ്കാരത്തിന്റെ ഏറ്റവും ഈടുറ്റ സംഭാവനയെന്ന് നാം വിശ്വസിക്കുന്ന ബഹുസ്വരത (pluralism) നിലനിർത്തിക്കൊണ്ട് പോകണമെന്നുണ്ടെങ്കിൽ ചാവറയച്ചന്റെ സംഭാവനകൾ നാം മനസ്സിലാക്കുകതന്നെ വേണം. നമുക്കുവേണ്ടി, ഭരണസംവിധാനത്തിനുവേണ്ടി, ലോകത്തിലെ വലിയ ജനാധിപത്യരാജ്യമെന്ന് അഹങ്കരിക്കുന്ന നമ്മുടെ അഹങ്കാരവും അഭിമാനവും നിലനിർത്താൻ വേണ്ടി ചാവറയച്ചന്റെ സംഭാവനകൾ പുതുതലമുറയും മനസ്സിലാക്കണം.



സാഹിത്യ സംഭാവനകൾ

പച്ചമലയാളത്തിന്റെ സമുദ്ഘാടകൻ



നാടൻശീലിന്റെ മൊഴിച്ചന്തം

പി. കെ. രാജശേഖരൻ

ആത്മീയ ജീവിതത്തിന്റെ ഭൗതിക പ്രയോഗങ്ങളിൽ ഒന്നായിരുന്നു ചാവറയച്ചന് എഴുത്ത്. അജപാലന ദൗത്യത്തിന്റെ നിർവഹണം എളുപ്പമോ ധനത്തിന്റെയോ ജനത്തിന്റെയോ പിന്തുണയുണ്ടായിരുന്നതോ അല്ലായിരുന്ന ഒരു കാലഘട്ടത്തിൽ എഴുത്തിനെ ഒരു പ്രയോഗോപാധിയാക്കാൻ ശ്രമിച്ചതിൽ നിന്നാണ് അദ്ദേഹത്തിന്റെ ഗദ്യവും പദ്യവും പിറന്നതെന്നു കാണാൻ വിഷമമില്ല. കവിതയും ചരിത്രവും ധർമോപദേശവും എഴുതിക്കൊണ്ട് വിശ്വാസിസമൂഹത്തിൽ ഇടപെട്ടതിനൊപ്പം പൊതുസമൂഹത്തിൽക്കൂടി ഇടപെടുകയായിരുന്നു അദ്ദേഹം. ഒന്നര നൂറ്റാണ്ടിനപ്പുറം ഒരു സംസ്കൃതപാഠശാല തുറക്കുകയും ഓരോ പള്ളിയിലും ഓരോ പള്ളിക്കൂടം തുടങ്ങണമെന്ന പവിത്രമായ ശാഠ്യം പിടിക്കുകയും ചെയ്ത അദ്ദേഹം തന്റെ കവിതയിലും ഗദ്യത്തിലും സംസ്കൃതത്തിന്റെ രാജപാതയേക്കാൾ മലയാളത്തിന്റെ നാട്ടുവഴിയാണു പിന്തുടർന്നത്. ഭൗതികപ്രയോഗമെന്ന നിലയിൽ തന്റെ എഴുത്ത് എത്തിച്ചേരേണ്ട, വിനിമയം ചെയ്യപ്പെടേണ്ട, സമൂഹത്തെക്കുറിച്ചുള്ള ജനകീയ ബോധം അതിനു പിന്നിൽ പ്രവർത്തിച്ചിരുന്നു. നിയോക്ലാസ്സിക് കാവ്യപാരമ്പര്യവും കാവ്യഭാഷയും ജയഭേരിയടിച്ചു നിന്ന കാലത്താണ് ചാവറയച്ചന്റെ കാവ്യകൃതികളായ *ആത്മാനുതാപവും അനസ്താസ്യാ'യുടെ രക്തസാക്ഷ്യവും മരണവീട്ടിൽ പാടുന്നതിനുള്ള പാനയും* രചിക്കപ്പെട്ടത്. എന്നാൽ പൂർണമായും ആ കാവ്യസമ്പ്രദായത്തിന്റെ മാർഗത്തിൽ അദ്ദേഹം സഞ്ചരിച്ചില്ല. സംസ്കൃതബദ്ധവും അലങ്കാരനിബിഡവുമായ നിയോക്ലാസ്സിക് കാവ്യഭാഷയ്ക്കു പകരം തന്നാട്ടുമൊഴിയോട് അടുത്തു നിൽക്കുന്ന ജനകീയ കാവ്യഭാഷ രൂപപ്പെടുത്താനായിരുന്നു ചാവറയച്ചൻ കവി എന്ന നിലയിൽ ശ്രമിച്ചത്.

തദ്ദേശീയമായൊരു കാവ്യഭാഷ

നിയോക്ലാസ്സിക് കവികൾ അഭിസംബോധന ചെയ്തതിൽ നിന്നു വ്യത്യസ്തമായ വായനാസമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് അദ്ദേഹം തന്റെ കാവ്യഭാഷയെ (പലപ്പോഴും കാവ്യഭംഗി ബലികഴിച്ചുകൊണ്ടുപോലും) തന്നാട്ടുഭാഷക്കു ചാരെ നിർത്തിയത്. നല്ല മലയാള ഗദ്യം രൂപപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത ആ ഘട്ടത്തിൽ ഗദ്യത്തോടു ചാർച്ചയുള്ള കാവ്യഭാഷയാണ് അദ്ദേഹം സ്വീകരിച്ചത്. ഭാവനയുടെ സ്വതന്ത്രവിനിമയം എന്നതിലുപരിയായ കാവ്യലക്ഷ്യം ആ കവിതയ്ക്കുണ്ടായിരുന്നു. കാവ്യശരീരത്തിന്മേൽ കർശന നിയന്ത്രണമേർപ്പെടുത്തുന്ന ആ ബാഹ്യലക്ഷ്യങ്ങൾ അദ്ദേഹത്തിന്റെ കവിതയിൽ സ്വാഭാവികമായും നിഴൽ വീഴ്ത്തിയിട്ടുണ്ട്. കേവലമായ ഭൗതിക പ്രയോഗം, മറ്റു പ്രവൃത്തികളിൽ ഭിന്നമായി കവിതയിൽ ആത്മാവു ചോർത്തിക്കളയും. എന്നാൽ *ആത്മാനുതാപത്തിലോ, അനസ്താസ്യായുടെ രക്തസാക്ഷ്യത്തിലോ, പാനയിലോ* ആത്മാവിന്റെ ഈ അസന്നിഹിതത്വമില്ല. ആത്മീയ ജീവിതത്തിന്റെ വിപുലനവും മേഖലാന്തരണവുമായി ചാവറയച്ചന്റെ കവിത മാറിയത് അങ്ങനെയാണ്. കവിത മാത്രമല്ല ഗദ്യവും അദ്ദേഹത്തിനു പ്രവർത്തനം തന്നെയായിരുന്നു, ജനകീയ പ്രവർത്തനം.

'സുപ്തിങന്ത' സംസ്കൃതപദങ്ങൾ നിറഞ്ഞ മണിപ്രവാളത്തിൽ ആട്ടക്കഥകളും ഉത്തരകാല ചമ്പുക്കളും ധാരാളമുണ്ടായിക്കൊണ്ടിരുന്ന കാലത്താണ് ചാവറയച്ചൻ 'സംസ്കൃത പദാനുപാതം കുറച്ച് ഒരു കാവ്യഭാഷ വികസിപ്പിച്ചെടുത്തത്. അന്നു വ്യാപകമായിരുന്ന മണിപ്രവാളശൈലിയുടെ നിഴലിൽ നിന്നു പൂർണമായും വിടുതി നേടാൻ കഴിഞ്ഞില്ലെങ്കിലും തന്റെ കവിതയുടെ ലക്ഷ്യത്തിന് കുറേക്കൂടി ജനകീയമായ ഒരു കാവ്യഭാഷാക്രമം വേണമെന്ന സൂക്ഷ്മബോധം അദ്ദേഹത്തെ ഭരിച്ചിരുന്നു. വെൺമണിമാരുടെ പച്ചമലയാളത്തിനും എ.ആർ.രാജരാജവർമ തുടങ്ങിവച്ച ആധുനിക കാവ്യവിപ്ലവത്തിനും മുമ്പായിരുന്നു ചാവറയച്ചൻ തദ്ദേശീയമായൊരു കാവ്യഭാഷയുടെ നിർമാണപ്രവർത്തനത്തിൽ മുഴുകിയത് എന്നു കൂടി കാണേണ്ടതുണ്ട്.



ജനകീയ ഗദ്യത്തിന്റെ പരിണാമവഴിയിൽ

കവിതയിലേക്കാൾ ഗദ്യത്തിലായിരുന്നു ചാവറയച്ചൻ തന്റെ ജനകീയ ഭാഷാബോധം ഏറ്റവും നന്നായി പ്രകടിപ്പിച്ചത്. *നാളാഗമങ്ങളിലും* (1840–1869), *ധ്യാനസല്ലാപങ്ങളിലും* (1869) അദ്ദേഹം ഉപയോഗിച്ച ഗദ്യം ജനകീയ ഗദ്യത്തിന്റെ ആദ്യമാതൃകകളിൽപ്പെടുന്നു. അധികം വൈകാതെ അച്ചടിയുടെ വ്യാപനവും പത്രപ്രവർത്തനവും ചേർന്നു മലയാളത്തിൽ രൂപപ്പെടുത്തിയ മതനിരപേക്ഷ ജനകീയ ഗദ്യത്തിന്റെ തൊട്ടുപിന്നിലുള്ള പടവുകളാണവ. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നിലവിലുണ്ടായിരുന്ന ഒദ്യോഗിക ഗദ്യത്തിൽ നിന്നും വ്യത്യസ്തമായ ഒരു വ്യാവഹാരിക ഗദ്യം രൂപപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. *നാളാഗമങ്ങൾ* എന്ന സഭാചരിത്ര നാൾവഴികൃതികളിലെ ഗദ്യം മതപരമായ ആവശ്യത്തിനുവേണ്ടിയുള്ളതായിരുന്നുവെങ്കിലും അതിൽ സാമാന്യവ്യവഹാരഭാഷയുടെ മൊഴിച്ചന്തം ഉണ്ടായിരുന്നു. ആധുനിക ഗദ്യത്തോട്, കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികളിൽ നിന്നു ജനിതകബന്ധം തുടങ്ങുന്ന മലയാള ഗദ്യത്തിലെ പ്രാധാന്യമുള്ള അധ്യായങ്ങളാണവ. കേരളത്തിലെ ക്രൈസ്തവസഭാചരിത്രങ്ങൾ തന്നെയായ *നാളാഗമങ്ങളിലെ* ഗദ്യം പിൽക്കാലത്തെ മതനിരപേക്ഷ ജനകീയ ഗദ്യത്തിലേക്ക് എങ്ങനെ ഒരു തന്നാട്ടുവഴി തുറന്നുവെന്നു വ്യക്തമാകണമെങ്കിൽ അതേകാലത്തു തന്നെ പുറത്തുവന്ന *രാജ്യസമാചാരത്തിലെ* ഗദ്യം വായിച്ചാൽ മതി. ആദ്യകാലത്തെ മലയാളപത്രമെന്ന് ഏതാണ്ടെല്ലാ ചരിത്രരചയിതാക്കളും അന്ധമായി ആവർത്തിക്കുന്ന *രാജ്യസമാചാരത്തിലെ* മതപ്രചാരണ ഗദ്യത്തിൽ നിന്ന് ബഹുകാതമകലെയാണ് *നാളാഗമങ്ങളി*ലെ മതാത്മകമായ ഗദ്യം. *ധ്യാനസല്ലാപങ്ങളിലെ* മതാത്മകഗദ്യമാകട്ടെ പിന്നീട് രൂപപ്പെട്ട ആഖ്യയികാ ഗദ്യത്തെ സ്വപ്നം കണ്ടു. ഈ ഗദ്യപാരമ്പര്യത്തിൽ നിന്നു വിമോചനം നേടിയാണ് അച്ചടിയും പത്രപ്രവർത്തനവും പിന്നീട് മതനിരപേക്ഷമായ ഗദ്യം മലയാളത്തിൽ നടപ്പിലാക്കിയത്. നോവലും ചെറുകഥയും ഉപന്യാസവും പൊടിച്ചുവളർന്നത് ആ മണ്ണിലായിരുന്നു. താഴെയുള്ള അസംഖ്യം അടരുകളാണ് ഫലഭൂയിഷ്ഠമായ മേൽമണ്ണ് രൂപപ്പെടുത്തുന്നത്. ആ അടരുകളിൽപ്പെടുന്നു ചാവറയച്ചൻ എഴുതിയ ഗദ്യം.

ധ്യാനസല്ലാപങ്ങളിൽ തന്റെ വിശ്വാസതീവ്രതയുടെയും ഉത്തമബോധ്യത്തിന്റെയും അസന്ദിഗ്ധതയിൽ നിന്നുകൊണ്ട് ചാവറയച്ചൻ ഇങ്ങനെയെഴുതി: "ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന് സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്നു സംസാരിക്കയത്രേ ഇതിന്റെ പ്രവൃത്തി. ഇതിനാൽ നിന്റെ തണുപ്പിന്റെ കാലമെന്നു നീ പേരുവിളിച്ചിരുന്ന തുടക്കകാലങ്ങളിൽ ലോകസംസാരത്തിൽ ദൈവത്തോടു സംസാരിപ്പാനായിട്ടു ധ്യാനത്തിൽ നിന്നും അകന്നിരുന്നു എന്നും നിന്റെ ചരിത്രത്തിൽ ഞാൻ വായിച്ചു കണ്ടു. എന്നതിനാൽ എന്റെ അമ്മേ, ഇതു ശരിതന്നെ, അതെന്തേ? ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്നു വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരംപോലെ ആകുന്നു."

ബിംബകല്പനകളിൽ സംസാരിക്കുന്ന കവിതയിലേക്കുള്ള പിൽക്കാലവഴി ഈ ഗദ്യശകലത്തിലുണ്ട്. ഗദ്യം രൂപപ്പെടുന്ന നാളിലാണ് കവിതയെ ആലിംഗനം ചെയ്യാൻ ആഗ്രഹിക്കുന്ന ധ്യാനാത്മകമായ ഈ ഗദ്യം എഴുതപ്പെട്ടതെന്നുകൂടി ഓർക്കണം.





കവിത ദൈവാലയസമം

ആത്മീയ ജീവിതത്തിൽ നിന്ന് ഇളക്കി മാറ്റാവുന്നതായിരുന്നില്ല ചാവറയച്ചനു കവിത. അതുകൊണ്ടു തന്നെ അത് വിശ്വാസദാർഢ്യത്തിന്മേൽ പണിഞ്ഞ ദൈവാലയമായി. സാമാന്യ ജനങ്ങൾക്കുകൂടി പരിചിതമായ കാവ്യഭാഷയിൽ വിശ്വാസത്തിന്റെ മഹത്വം വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ കാവ്യലക്ഷ്യം. ഒരേസമയം സന്ന്യാസിയുടെയും പ്രബോധകന്റെയും വഴി സ്വീകരിക്കാൻ നിർബന്ധിക്കുന്ന സന്ദർഭമാണത്. ജനകീയ സ്വഭാവമുള്ള കാവ്യഭാഷയും സാമാന്യ വായനക്കാരുടെ അഭിരുചിയെ എളുപ്പം സ്വാധീനിക്കുന്ന പ്രമേയങ്ങളും കൊണ്ട് ആ സന്ദർഭം മറികടക്കാനാണ് അദ്ദേഹം ശ്രമിച്ചത്. തന്റെ ആധ്യാത്മികചര്യയിൽനിന്ന് അണുപോലും വ്യതിചലിക്കാതെ അതു സാധിക്കുകയും ചെയ്തു.

മരണത്തെയാണ് ചാവറയച്ചൻ പ്രമേയമായി സ്വീകരിച്ചത്. *ചാവരുൾ*, *മരണവീട്ടിൽ പാടുന്നതിനുള്ള പാന*, *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്നീ ശീർഷകങ്ങൾ നോക്കുക. മരണത്തിന്റെ സന്ദർഭത്തിൽ നിന്നുകൊണ്ട് വിശ്വാസ ജീവിതത്തിന്റെ മഹത്ത്വത്തെക്കുറിച്ചുള്ള പ്രബോധനം എന്ന കാവ്യലക്ഷ്യം നിറവേറ്റപ്പെടുകയാണ് അവയിൽ. ആത്മീയതാ വാദത്തിന്റെയും ക്രൈസ്തവമായ ദർശനബോധത്തിന്റെയും ഭാഗം കൂടിയാണ് മരണത്തെക്കുറിച്ചുള്ള വിചാരങ്ങൾ ആ കാവ്യങ്ങളിൽ.

'മരണദിവസം ജനനദിവസത്തേക്കാൾ നല്ലത്', 'വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ വിലാപഗൃഹത്തിൽ പോകുന്നതാണ് നല്ലത്' എന്ന് സഭാപ്രസംഗകന്റെ വചനം അനുസ്മരിപ്പിച്ചുകൊണ്ടു തുടങ്ങുന്ന *മരണവീട്ടിൽ പാടാനുള്ള പാന* യഥാർഥത്തിൽ ജീവിതത്തെ സംബന്ധിച്ച ആത്മീയദർശനം അവതരിപ്പിക്കുകയാണു ചെയ്യുന്നത്. പ്രബോധനമാണ് അതിന്റെ ലക്ഷ്യം. ഇഹലോകം, സ്വജനം, സ്വദേഹം എന്നീ മൂന്നു സ്നേഹിതർ മരണസമയത്തു മനുഷ്യനു പ്രയോജനപ്പെടുന്നില്ല. നാലാമത്തെ സ്നേഹിതനായ പുണ്യമാണ് യഥാർഥ മിത്രം.

എഴുത്തച്ഛൻ പറയുന്നതുപോലുള്ള 'ദേഹാഭിമാനം നിമിത്ത' മായ മിഥ്യയെ ഒഴിവാക്കി നിരഹങ്കാരവും നിസ്വാർഥവുമായ കർമത്തിലൂടെ ദൈവത്തിനു സ്വയം സമർപിക്കാനുള്ള ഈ പ്രബോധനത്തിനു പിന്നിൽ ക്രൈസ്തവതയോടൊപ്പം ഭാരതീയ ആധ്യാത്മികവാദവും കൂടിക്കലർന്നിട്ടുണ്ട്.

അതേസമയം, അതിഭൗതികമായ ഒരു സാന്നിധ്യത്തെ, ബാഹ്യേന്ദ്രിയങ്ങൾക്കപ്പുറമുള്ള യാഥാർഥ്യ ലോകത്തെക്കുറിച്ചുള്ള പ്ലേറ്റോണിയൻ വീക്ഷണം സ്വാംശീകരിച്ച സെന്റ് അഗസ്റ്റിന്റെ ആത്മീയദർശനത്തിന്റെ നിഴലാട്ടവും അവിടെ കാണാം. ശരീരത്തിന്റെ മാധ്യസ്ഥമില്ലാതെ മനസ്സിലൂടെ ഈശ്വരനിലേക്കു നീങ്ങണമെന്ന അഗസ്റ്റീനിയൻ ദർശനം ഏതൊക്കെയോ അളവിൽ ഈ ആത്മീയതത്ത്വവിചാരത്തിന്റെ ഭാഗമായതുകൊണ്ടാണ് ലോകം-ബന്ധു-ശരീരം എന്ന ത്രിതത്ത്വത്തിനപ്പുറമുള്ള നാലാംമാനമായ പുണ്യകർമത്തിലേക്കു നീങ്ങാൻ കവി ആവശ്യപ്പെടുന്നത്.

എന്നാൽ ആത്മീയതയെക്കുറിച്ചുള്ള ഗഹന ചർച്ചയായി ചാവറയച്ചൻ കവിതയെ മാറ്റിയില്ല. പകരം തന്റെ വായനാസമൂഹത്തിന്/ശ്രോതൃസമൂഹത്തിന് (മരണവീട്ടിൽ പാടാൻ വേണ്ടിയാണല്ലോ കാവ്യം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്) വിശ്വാസബോധ്യമുണ്ടാവാൻ സഹായിക്കുന്ന കഥകൾ പറയുകയാണ് അദ്ദേഹം. ജനകീയ കാഴ്ചപ്പാടിന്റെയും കവിതയെ സംബന്ധിച്ച ക്ഷേമമൂല്യ വിശ്വാസത്തിന്റെയും ഫലമായിരുന്നു അത്. അതുകൊണ്ടു തന്നെ മരണത്തെ ജീവിതത്തെയും സഭാജീവിതത്തെയും കുറിച്ചുള്ള പ്രബോധന വേദിയാക്കി അദ്ദേഹം മാറ്റി. ചാവറയച്ചനെ സംബന്ധിച്ച് ആത്മീയജീവിതത്തിന്റെ ഭൗതിക പ്രയോഗങ്ങളിലൊന്നായിരുന്നു കവിത എന്നതുകൊണ്ടാണത്.

വിശ്വാസത്തിന്റെ ജനകീയവത്കരണം

ഖണ്ഡകാവ്യങ്ങൾ മലയാളത്തിൽ പതിവാകും മുമ്പാണ് ചാവറയച്ചൻ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എഴുതിയത്. പീഡിപ്പിക്കപ്പെട്ട ആദിമ യൂറോപ്യൻ ക്രൈസ്തവരുടെ ജീവിതത്തിൽ നിന്നുള്ളതാണ് അനസ്താസ്യായുടെ കഥ.

ക്രൈസ്തവ വിശ്വാസത്തിന്റെ തീവ്രത സഭാംഗങ്ങളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രചിക്കപ്പെട്ട ഈ കാവ്യം വഞ്ചിപ്പാട്ടിന്റെ വൃത്തമായ നതോന്നതയിലാണ് എഴുതിയിരിക്കുന്നത്. സാമാന്യ മനുഷ്യർക്കു പരിചിതമായ ഈണം കാവ്യത്തിനു നൽകിയതിനു പിന്നിലെ ജനകീയബോധമാണു ശ്രദ്ധിക്കേണ്ടത്. ചാവറയച്ചൻ ജനിച്ചു വളർന്ന കുട്ടനാടൻ ഭൂപ്രദേശത്തെ ജനങ്ങളിൽ ആദിമമുദ്രയെന്നോണം പതിഞ്ഞു കിടക്കുന്നതാണ് വള്ളപ്പാട്ട്. അപരിചിതമായ ഒരു പാശ്ചാത്യകഥയെ ആ ഈണത്തിലേക്കു മാറ്റിയെഴുതുമ്പോൾ വിശ്വാസത്തിന്റെ ജനകീയവത്കരണം എളുപ്പമാകുമെന്ന് ചാവറയ



ച്ചന് അറിയാമായിരുന്നു.

സഭാംഗങ്ങൾക്കു വിശ്വാസദാർഢ്യം പകരാനായി കഥകൾ പറഞ്ഞാൽ പോരെന്നും അവ മലയാളത്തിൽ പറയണമെന്നും ആ മലയാളം ലിപികളിൽ മാത്രം മലയാളമായാൽ പ്പോരെന്നും കൂടി അദ്ദേഹത്തിനറിയാമായിരുന്നു. തദ്ദേശീകരണം എന്നു വിളിക്കാവുന്ന തനിമയുണ്ടാക്കലിന് കവിതയിൽ അദ്ദേഹം ശ്രദ്ധിക്കാൻ കാരണമതാണ്. അദ്ദേഹത്തിന്റെ കാലത്തും അതിനു സമീപകാലങ്ങളിലുമുണ്ടായ ക്രിസ്തീയ മതസാഹിത്യത്തിൽ നിന്ന് ചാവറയച്ചന്റെ രചനകൾ വേറിട്ടു നിൽക്കുന്നത് ഈ തദ്ദേശബോധത്താലാണ്. സാഹിത്യചരിത്രകാരൻമാർ പാതിരിമലയാളം എന്നു വിളിക്കുന്ന ശൈലിയിൽ നിന്ന് വഴിമാറി നടക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതും അതുകൊണ്ടാണ്.

കവി എന്ന നിലയിൽ ചാവറയച്ചനുള്ള സാഹിത്യചരിത്രപരമായ സ്ഥാനം, ഖണ്ഡകാവ്യം ഉൾപ്പെടെയുള്ള കാവ്യരൂപങ്ങളിൽ ആദ്യചുവടുവച്ചു എന്നുള്ളതാണ്. മലയാളത്തിന്റെ ഊർജപ്രസരമുള്ള ഒരു കാവ്യഭാഷയുടെ ആദ്യമാതൃകയാണ് അദ്ദേഹം രൂപപ്പെടുത്തിയതും.



ആത്മാവുള്ള കവിത

ശ്രീധരനുണ്ണി

സാർഥകമായ വാക്കുകൾ അർഥബോധം ഉളവാകുംവിധം വിന്യസിച്ചാൽ കവിതയാകും എന്ന വിശ്വാസം ഇന്നില്ല; അന്നുമില്ല. അതിന് താളത്തിന്റെ അഥവാ ഛന്ദസ്സിന്റെ അകമ്പടിയുണ്ടെങ്കിലും കേവലം പദ്യമായേ അവ ഗണിക്കപ്പെടൂ. മലയാളത്തിൽ ആദ്യ കവിതയുടെ മുളകൾ പൊട്ടിയിരുന്ന കാലത്തേയും സ്ഥിതി ഇതുതന്നെ. ഭാഷയുടെ ബാലചാപല്യമായി അവ അവഗണിക്കപ്പെടാനും കാരണം ഇതുതന്നെ. അതുകൊണ്ടാണ് ആ പരിതാപകരമായ അവസ്ഥയിൽ നിന്ന് ഭാഷയെ ഉയർത്തിയ മലയാള കവിതയെ നാം കൊണ്ടാടുന്നത്.

വാക്കുകൾക്കപ്പുറത്തുള്ള ചില മൂല്യങ്ങളെക്കൂടി പരിഗണിച്ചാലേ ഒരു രചനയിൽ കവിതയുണ്ടോ അഥവാ കാവ്യഭംഗിയുണ്ടോ എന്ന് വിലയിരുത്താനാകൂ. വാക്കുകളാകുന്നു, കവിതയുടെ അസ്തിവാരം, അഥവാ അസ്ഥികൂടം. ആശയം അതിന്റെ മജ്ജയാകുന്നു. ആവിഷ്കാരഭംഗി അഥവാ അലങ്കാരം ആടയാഭരണങ്ങൾ. ഒക്കെയും ഉണ്ടായിക്കഴിഞ്ഞാലും അതിന് ചൈതന്യം അഥവാ ആത്മാവ് വേണ്ടേ? ആ ആത്മാവാണ് കവിതയെ നിലനിർത്തുന്നത്. അതിനെ ശാശ്വതമാക്കുന്നത്. ശിവം നഷ്ടപ്പെടുന്നത് ശവം എന്നുണ്ടല്ലോ. ആ ശിവം, കവിതയുടെ സന്ദേശം തന്നെ. ഏതു കവിതയുടേയും അളവുകോൽ, അതിൽ ആത്മാവ് എത്രത്തോളം അലിഞ്ഞു ചേർന്നിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അത് ആത്മനിഷ്ഠമാകാം; സമൂഹനിഷ്ഠവും ആകാം. ചെറുശ്ശേരിയുടെയും പൂന്താനത്തിന്റെയും കുഞ്ചൻ നമ്പ്യാരുടെയും കവിതകളിൽ ഇത് രണ്ടും ഉണ്ട്. ആത്മാവിഷ്കാരത്തിനുപരി കവിതയ്ക്ക് സാമൂഹ്യ ഉത്തരവാദിത്തവുമുണ്ട് എന്നർഥം. അത് കവിതയ്ക്ക് മാറ്റ് കൂട്ടുകയേയുള്ളൂ.

ചാവറയച്ചന്റെ കാവ്യരചനകളിലൂടെ കണ്ണോടിച്ചപ്പോഴാണ് ഇത്രയും ചിന്തകൾ ഉരുത്തിരിഞ്ഞത്. ആശയഗംഭീരവും കാവ്യസുന്ദരവുമായ ഒട്ടേറെ കൃതികൾ രചിച്ചിട്ടും, കവി എന്ന നിലയിൽ അല്ലല്ലോ അദ്ദേഹത്തെ ചരിത്രകാരന്മാർ ഗണിക്കുന്നത്. കേരളത്തിന്റെ സാഹിത്യ ചരിത്രത്തിൽ ആ നാമധേയം ആലേഖ്യമാകാത്തത് എന്തുകൊണ്ടെന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

അതിരിക്കട്ടെ; ചാവറയച്ചന്റെ ഉത്തമരചനകളിൽ ഒന്നാണ് "ആത്മാനുതാപം" എന്ന ദീർഘ കവിത. ആധ്യാത്മിക പശ്ചാത്തലവും പരിവേഷവുമുള്ള ഒരു ഉത്തമ കവിത. സാക്ഷാൽ ഈശോയുടെയും മാതാവായ മറിയത്തിന്റെയും കഥയിലൂടെ മനുഷ്യജീവിതത്തിന്റെ ഉള്ളറകളിലേക്കിറങ്ങി, മനുഷ്യഹൃദയത്തെയും ചേതോവികാരങ്ങളെയും അപഗ്രഥനം ചെയ്യുകയാണ് ഈ കൃതിയിൽ. നല്ല ഒഴുക്കുള്ള രചന.

"ആദിനായകനായ സർവേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനുള്ള കാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ."

എന്നാരംഭിക്കുന്ന കൃതി, പന്ത്രണ്ടോളം സർഗങ്ങളുടെ ഒരു ഉത്തമ രചനയാണ്. ഒട്ടേറെ ഭാഷാവൃത്തങ്ങൾ അദ്ദേഹം ഇതിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. കാവ്യഗൗരവത്തിന്റെ കാര്യത്തിൽ തുഞ്ചത്തെഴുത്തച്ഛനാണ് ഇവിടെ കവിയുടെ മാതൃക. സ്വന്തം ജീവിതാനുഭവങ്ങളുടെ തീച്ചൂളയിൽ നിന്ന് ഉയിർകൊണ്ട ഈ രചനയ്ക്ക് അതിന്റേതായ ചൂരും ചൂടുമുണ്ട്. ശുദ്ധമായ ക്ലാസിക് പാരമ്പര്യത്തിന്റെ സന്തതിയാണ് ഈ കൃതി. തൽകർത്താവിന് ഭാഷയിലെ ക്ലാസിക്കുകളുമായുള്ള അടുപ്പം ഓരോ പാദത്തിലും വ്യക്തമാണ്. ആഖ്യാന കവിതകൾ എഴുതി ഫലിപ്പിക്കുക എന്നത് ശ്രമകരമായ ഒരു ഉദ്യോഗമത്രേ. ആ കർമമാണ് കവി അനായാസം വിജയകരമായി നിർവഹിച്ചിരിക്കുന്നത്.

"കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യ ശോഭയെ കാണാകേണം
കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ്യ നീചവേഷത്തെ ധരിച്ചൊരു
മാനുഷ്യ ത്രാതാവേ, കാണാകേണം."

എന്ന കീർത്തന ശൈലി എത്ര മനോഹരം. ഒരു പക്ഷെ ഈ കൃതിയിലെ ഏറ്റവും



മനോഹരമായ പർവവും ഇതു തന്നെ. ക്രിസ്തു ചരിതത്തിന്റെ രൂപരേഖ എത്ര മനോഹരമായി കവി വരച്ചു കാണിക്കുന്നു! ഈ കീർത്തനം തുടരുകയാണ്. കാണാകേണം എന്ന മലയാള പദത്തിന് ഉൾക്കണ്ണു കൊണ്ട് കാണാൻ കഴിയണം എന്നാണ് അർഥം.

"ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം.

നോവും കുറയും കൂടാതെ പ്രസവിച്ച
ദൈവമാതാവെയും കാണാകേണം.

മാലാഖാ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ പുത്രനെ കാണാകേണം."

എന്തൊരനർഗ്ഗളമായ വാഗ്മയം...എഴുത്തച്ഛൻ കൃതികളുടെയും ചമ്പു കാവ്യങ്ങളുടെയും രചനാ സൗഷ്ഠവം കവി സ്വായത്തമാക്കി എന്ന് ഈ രചനയുടെ പദവിന്യാസം വിളിച്ചോതുന്നു.

ആത്മാനുതാപത്തിന്റെ അത്ര തന്നെ പ്രാധാന്യം ഏറിയ മറ്റൊരു കൃതിയത്രേ "മരണവീട്ടിൽ പാടുന്ന പാന". വ്യർഥമായ അഭിമാനം, സ്വ ശരീരം, ഈ ലോകം, എന്നിവയത്രേ ജീവിച്ചിരിക്കുമ്പോൾ മനുഷ്യന്റെ ഉറ്റ മിത്രങ്ങൾ. എന്നാൽ മരണസമയത്ത് അവ നമ്മെ കൈവെടിയുന്നു. അവിടെ നമ്മുടെ തുണക്കെത്തുന്നത് സുകൃതങ്ങൾ മാത്രമാണ്. സുകൃതം ചെയ്യേണ്ടതിന്റെ ആവശ്യകത മനുഷ്യനെ ബോധ്യപ്പെടുത്തുകയത്രേ ഈ കൃതിയുടെ ലക്ഷ്യം. പുന്നാനത്തിന്റെ ജ്ഞാനപ്പാനയിൽ എന്ന പോലെ മനുഷ്യജീവിതത്തിന്റെ നശ്വരതയെ ചൂണ്ടിക്കാട്ടി നാം ഈശ്വരാഭിമുഖമാകേണ്ടതിന്റെ ആവശ്യകത

കവി ചൂണ്ടിക്കാട്ടുന്നു. മരിച്ചു കിടക്കുന്ന വ്യക്തി തന്റെ മരണത്തിൽ അനുശോചനം അറിയിക്കാൻ വരുന്നവരോട് ജീവിതത്തെക്കുറിച്ച് സംസാരിക്കുകയാണ് ഇവിടെ. മെറ്റാഫിസിക്കൽ സങ്കേതം ഉപയോഗിച്ചുള്ള ഈ അവതരണ രീതി അന്ന് മലയാളത്തിൽ പുത്തരിയായിരുന്നു.

"ജന്മദിനത്തേക്കാൾ മൃത്യുദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം."

എന്നാണ് കവിയുടെ തത്വശാസ്ത്രം. മരണം കേന്ദ്രബിന്ദുവാക്കിയിട്ടുള്ള ഒട്ടേറെ കൃതികൾ മലയാളത്തിന് ലഭിച്ചിട്ടുണ്ട്. വാസ്തവത്തിൽ അവയെല്ലാം "മരണവീട്ടിൽ പാടാനുള്ള പാന"യുടെ പിൻഗാമികൾ എന്നേ പറയാവൂ.

കാവ്യാഖ്യാനത്തിൽ അദ്ദേഹം സ്വീകരിച്ചിരിക്കുന്ന തന്ത്രമാണ് ഈ കൃതിയെ വേറിട്ടു നിർത്തുന്നത്. മരണചിന്ത മധുരചിന്തയാക്കുന്ന തന്ത്രം, അതിനെ ദാർശനികതലത്തിലേക്ക് ഉയർത്തുന്ന തന്ത്രം. "വീണപൂവി"ലും "പ്രരോദന"ത്തിലും "ഒരു വിലാപ" ത്തിലും ഒക്കെ നാമിതനുഭവിച്ചതാണ്.

ഖണ്ഡകാവ്യ രീതിക്ക് കുറ്റമറ്റ മുൻമാതൃകകൾ ഒന്നും ഇല്ലാതിരുന്ന ഒരു കാലത്താണ് ചാവറയച്ചൻ തന്റെ കൃതികൾ രചിച്ചത്. ജ്ഞാനപ്പാനയുടെ ദാർശനിക ആഴവും കൃഷ്ണഗാഥയുടെ ശയ്യാഗുണവും ഒത്തിണങ്ങിയ ഈ പാന സാഹിത്യചരിത്രകാരന്മാർ ഇനിയും ശ്രദ്ധിക്കാനിരിക്കുന്നതേയുള്ളൂ. ഇതിൽ പരേതാത്മാവ് ഒരു കഥാപാത്രമായി നമ്മെ അനുധാവനം ചെയ്യുകയാണ്. രചനാഭംഗി, പ്രാസദീക്ഷ, വൃത്തസ്വീകാരം, ആശയസമൃദ്ധി എന്നീ കാര്യങ്ങളിൽ പ്രത്യേക നിഷ്കർഷ പുലർത്തിയിട്ടുണ്ട് നമ്മുടെ കവി. അന്നത്തെ നടപ്പുരീതിയും അതായിരുന്നുവല്ലോ. എന്നാലോ? കാവ്യഗുണം ഒട്ടും തന്നെ ചോർന്നു പോയിട്ടില്ലതാനും.

മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കൃതിയാണ് 'അനസ്താസ്യായുടെ രക്തസാക്ഷ്യം. വികാര തീവ്രമായ ഒരു കഥ ഏകാഗ്രതയോടെ ആഖ്യാനം ചെയ്തിരിക്കുന്നു ഇതിൽ. കൃതിക്ക് ഒരു കേരളീയ പരിസരം സൃഷ്ടിക്കാൻ വേണ്ടിയാകണം വഞ്ചിപ്പാട്ട് എന്ന വൃത്തം കവി തിരഞ്ഞെടുത്തിരിക്കുന്നത്. കേരളീയ സംസ്കാര തനിമയുമായി ഊടും പാവും ചേർന്ന വൃത്തമാണല്ലോ വഞ്ചിപ്പാട്ട്. പഴയ കാലത്ത് "കുചേലവൃത്ത"ത്തിലും പിൽക്കാലത്ത് "കരുണ"യിലും ആ മാധുര്യം നാം ആസ്വദിച്ചിട്ടുണ്ട്. ഭക്തിയുടെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും കഥ കരുണവീരരസ



'മർഡർ ഇൻ ദ കത്തീഡ്രൽ'



ചാവറയച്ചൻ മുറിയിൽ സൂക്ഷിച്ചുവന്ന തിരുക്കുടുംബത്തിന്റെ രേഖാചിത്രം

പ്രധാനമായി ഇതിൽ ആഖ്യാനം ചെയ്യുന്നു. ഹൃദ്യമായ ഈ ഈരടികൾ ശ്രദ്ധിക്കൂ...

"സൂക്ഷമുള്ള പൂട്ടകത്തിൽ താഴ്ചയുള്ള പുണ്യപൈതൽ
നേത്ര കാഴ്ച താഴ്ത്തിയുള്ളിൽ ഭജിച്ചീടുന്നു."

എത്ര സുന്ദരമായ വാഗ്മയം. ഇതാണ് ചിത്രഭാഷ..

കരുണയിൽ കുമാരനാശാൻ ചെയ്തതു പോലെ അന്യഥാ വെറുമൊരു പ്രണയകഥ യാവുമായിരുന്ന കഥാതന്തുവിനെ ദാർശനി കതയിലേക്ക് പരിവർത്തനം ചെയ്ത് അതി ന്നൊരു ശാശ്വത മൂല്യമുണ്ടാക്കി, ഈ കൃതി യിൽ ചാവറയച്ചൻ.

മലയാളത്തിൽ മിസ്റ്റിസിസം കവിതയിൽ സന്നിവേശിപ്പിക്കാൻ പല കവികളും ശ്രമിച്ചി ട്ടുണ്ട്. അതിൽ പലതും നാട്യമായി മാറി എന്ന് നിരൂപകർ പരിഹസിച്ചിട്ടുമുണ്ട്. മഹാ കവി ജി. ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ, വി.കെ. ഗോവിന്ദൻ നായർ, ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാട്, കെ.കെ രാജ, സിസ്റ്റർ മേരി ബനീഞ്ഞ എന്നിവർ ഈ രംഗത്ത് സംഭാവനകൾ അർപിച്ചവരാണ്. അവർക്കൊ ക്കെ മുമ്പു തന്നെ ദാർശനികമായ ആഴം ഉള്ള മിസ്റ്റിക് കവിതകൾ മലയാളത്തിന് സംഭാവന ചെയ്ത കവിയത്രേ ചാവറയച്ചൻ. ആത്മാനുതാപത്തിലെ ഈ ഈരടികൾ ശ്രദ്ധിക്കുക.

"മാമകപിതാവു നീ, ഭാഗ്യവുമെനിക്കു നീ,



മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയേ, നന്മയുമെനിക്കു നീ,
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ, ഭക്ഷണപാനീയം നീ
ആശ്വാസം നിന്നിലില്ലാതെവിടെ വയ്ക്കും നാഥാ."

കാവ്യഭാഷയുടെ മനോഹാരിത നടേ സൂചിപ്പിച്ചുവല്ലോ. ഹൃദയത്തിൽ അലിയുന്ന ഈരടികൾ എന്നേ പല രചനകളെയും വിശേഷിപ്പിക്കാവൂ. ചില ഉദാഹരണങ്ങൾ നോക്കുക.

"കന്നിതന്റെ ദേഹമൊക്കെ മാന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ട് കുതിർത്തുഭൂമി."
(അനസ്താസ്യായുടെ രക്തസാക്ഷ്യം)

"ഇത്തിരു വാക്യം കേട്ട്
മാതാവു ഹൃദയത്തിൽ
കത്തിക്കൊണ്ടതു പോലെ
വാടി തൻ തിരുമുഖം."
(ആത്മാനുതാപം)

"തന്റെ യാത്ര സമീപമായ്
എന്നറിഞ്ഞു പുതുകന്നി
തൻ കരങ്ങളുയർത്തിക്കൊ-
ണ്ടണച്ചു സ്തോത്രം
പാപികൾക്കു രക്ഷ ചെയ്യാൻ
നിന്ന് നീ പൂജിച്ച പോലെ
പാപിയെന്റെ ജീവ പൂജ
പൂർത്തിയാൽ എൽക്ക."
(അനസ്താസ്യായുടെ രക്തസാക്ഷ്യം)

ഒരു ക്ലാസിക് ഭാഷയുടെ പരിവേഷം പല ഈരടികളിലും ദൃശ്യമാണ്. ക്രിസ്തുമത ദർശനങ്ങളുടെ ആഴം ജനമനസ്സുകളിൽ എത്തിക്കുക എന്ന പ്രാഥമിക ധർമം നിർവഹിക്കാൻ കവിയായ ചാവറയച്ചൻ സ്വീകരിച്ച കുലീനമായ വഴിയായി അദ്ദേഹത്തിന്റെ കവിതകളെ കാണാം. മറ്റ് മതസംഹിതകളുമായി ഇണങ്ങി നിന്നുകൊണ്ട് അദ്ദേഹം അത് സാധിച്ചു. അത്രയും സാമൂഹികം. അതു കഴിഞ്ഞുള്ള രംഗമാണ് സാഹിതീയം. അതിൽ കവിത എന്ന മാധ്യമത്തെ അദ്ദേഹം സ്വീകരിച്ചത് കൈരളിയുടെ ഭാഗ്യം. അല്ലെങ്കിൽ കവികൾ സാമൂഹ്യ പരിഷ്കർത്താക്കളും കൂടി ആണല്ലോ. ചാവറയച്ചന്റെ കവിതകൾ മുഴുവൻ വെളിച്ചത്തിന്റെ വഴിയിലാണ്. പ്രസാദാത്മകതയാണ് അതിന്റെ മുഖമുദ്ര. മിക്ക കവിതകളിലും ഒരു പണ്ഡിതൻ ഒളിഞ്ഞിരിപ്പുണ്ട്. പക്ഷെ അവയിൽ നാം വായിക്കുന്നത് ലാളിത്യത്തിന്റെ ഭാഷയാണ്. നോക്കുക. ജീവാത്മ, പരമാത്മ ബന്ധത്തിന്റെ ദാർഢ്യം വെളിവാക്കിത്തരാൻ എത്ര ഈരടികൾ വേണമെങ്കിലും ഉദ്ധരിക്കാം. ഏതിനും പിന്നിൽ ജഗന്നിയന്താവാണ് എന്ന് സമർഥിക്കുന്നത് നോക്കുക.

"ഇന്നു കാണുന്ന പച്ചപ്പുല്ലുള്ള നാളെത്തന്നെ
മന്നിച്ചുവളരുന്നു, വാടുന്നു സൂര്യോഷ്ണത്താൽ."

നശ്വരതയെക്കുറിച്ചുള്ള പാഠമാണിത്. മറ്റൊരിടത്ത്,

"മന്നിലുള്ളവയൊക്കെ
സ്ഥൂലവുമസ്ഥൂലവും
മിന്നൽപോൽ കടന്നീടും."

എന്ന് ചൂണ്ടിക്കാണിക്കുന്ന കവിയുടെ മരണദർശനം കാണുക.

"മരണമെന്ന സ്മരണയെന്നി
ലുയരുമെന്നസമയമേ,
സ്മരണ രണ്ടു വിധമതായി
ഉഴലുമെന്റെ ചേതസി
മരണമെന്ന തിരയിറക്കിൽ
ദയനിറഞ്ഞ തിരുമുഖം
നയനമെന്നതിന്ന് ദൃശ്യ-
മാക്കുവാനപേക്ഷയും."

ദൈവമാണ് അവസാനത്തെ അത്താണി എന്ന് കവി വിശദീകരിക്കുന്നു.


ചാവറയച്ചന്റെ കവിതകളിലൂടെ കണ്ണോടിക്കുമ്പോൾ ഒരു കാര്യം മനസ്സിൽ അരക്കിട്ടുറപ്പിക്കേണ്ടിയിരിക്കുന്നു. അർഥസമൃദ്ധമായ വാക്കുകൾ ഉചിതമായി വിന്യസിക്കുന്നതിൽ ഈ കവി വിജയിച്ചിരിക്കുന്നു. ആ വിന്യാസ ഭംഗിയിൽ നിന്ന് ശുദ്ധമായ കവിത ജനിച്ചിരിക്കുന്നു; ആത്മാവുള്ള കവിത.

കാവ്യപര്യന്തം

കൽപ്പറ്റ നാരായണൻ

"ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കുകയില്ല." " ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക, മറ്റൊരോർമയും എന്നെക്കുറിച്ച് ചെയ്യണ്ട"- ചാവറ കുര്യാക്കോസച്ചന്റെ മാനിഫെസ്റ്റോ എന്ന് പറയാവുന്ന 'ചാവരുളിലെ' ഈ വാക്യങ്ങൾ എന്നെ മോഹിപ്പിക്കുന്നു. തനിക്കു ശേഷവും തന്നെക്കാൾ ഉത്തമമായ ഒരു സാക്ഷ്യമായി ഇവിടെ തുടരുവാനാവും ഓരോ എഴുത്തുകാരനും എഴുതുന്നത്. തന്നോടെന്നതിനേക്കാൾ അന്യരോടും വരാനിരിക്കുന്നവരോടും ഉത്തരവാദപ്പെട്ട ഒരാളുടെ വാക്കും കർമവുമായിത്തീരുക, ചാവറയച്ചൻ സാക്ഷാത്ക്കരിച്ചത് വാക്കിലും കർമത്തിലും ഇതായിരുന്നു.

ശ്രീനാരായണഗുരുവുമായി കാവ്യഭാവുകത്വത്തിലും ദർശനഗരിമയിലും ജീവിതാദർശങ്ങളിലും സ്വയം പിഴപറ്റാത്ത ഒരു ജീവിതമാതൃകയായി വർത്തിക്കുന്നതിലും (കഴിഞ്ഞ കാലത്തെ മലയാളത്തിലെ ഏറ്റവും മികവുറ്റ 'റോൾ മോഡലു'കളായിരുന്നു



അന്യർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ പുസ്തകത്തിൽ എണ്ണപ്പെടുകയില്ല



അച്ചനും ഗുരുവും) വലിയ സാമ്യങ്ങളുണ്ട് മുൻഗാമിയായ ചാവറയച്ചന്. പിന്നാലെ വന്ന ഒരു മഹാപുരുഷനുമായാണ്, മുൻപ് ജീവിച്ചിരുന്ന ആരെങ്കിലുമായല്ല ഈ താരതമ്യം എന്നോർക്കണം. ഇത് ചാവറയച്ചന് പ്രത്യേകം സ്തുതിപറയുന്നുണ്ടെന്നും. ഗുരുവിനെ ആദ്യൻ എന്നു പറയുന്ന പലതിലും ആദ്യൻ ചാവറയച്ചനായിരുന്നു എന്നും ഓർക്കാവുന്നതാണ്.

ഇരുവരും മികച്ച കവികളാണ്. 'നല്ല വാക്കോതുവാൻ ത്രാണിയുള്ളവർ' കവികളായിത്തീരാതിരിക്കുന്നതെങ്ങനെ? (ആശാനെ അതിശയിപ്പിക്കുന്ന കവിത്വം ഗുരുവിനുണ്ടായിരുന്നു എന്ന് അഭിപ്രായപ്പെട്ടവരുണ്ട്. മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യകാരനായ ചാവറയച്ചനെ സാഹിത്യ ചരിത്രം അറിഞ്ഞിില്ലെങ്കിലും മലയാളി അറിഞ്ഞിട്ടുണ്ട്).

"അന്നവളുടെ കാൽക്കലിരുന്ന്
മന്ദമന്ദമറിഞ്ഞു ദൈവത്തേയും." എന്നും

"ഈ മഹാ വലിഷത്തിന്റെ ചിത്തംപോൽ
ഈ മഹാപാപിയായോരടിയനെ
ഈ മഹത്ത്വത്തിന്റെ ഛായയിൽ ചെയ്തതും
ഈശനായ നിൻകാരുണ്യമല്ലയോ." എന്നും

"തണലേകുന്നു പുരുമോദം
തരുനിരക്കൊമ്പുമുറിച്ചോർക്കും." എന്നും

അനായാസ മധുരമായെഴുതിയ (ഭാഷ പതുക്കെ വളരുന്നതേ ഉണ്ടായിരുന്നുള്ളൂ, അവ്യക്തമായേ മലയാളി ഗഹനമായ കാര്യങ്ങൾ പറയുന്നുണ്ടായിരുന്നുള്ളൂ) ഒരാളുടെ കവിത്വശക്തിയെ ആരാണ് സംശയിക്കുക, ആരാണ് മോഹിക്കാതിരിക്കുക? എങ്കിലും ഗുരുവിനെപ്പോലെതന്നെ കേവലകാവ്യരചനയിൽ തൃപ്തിപ്പെട്ടൊരു കവിയായിരുന്നില്ല ചാവറയച്ചൻ. ഇരുവർക്കും കവിതകൾ ആത്മീയമായ ഉണർവ് സാക്ഷാത്കരിക്കാനും പകരാനുമുള്ള ഉപായങ്ങൾ ആയിരുന്നു. കവിതയിൽ വാക്കിനു കൈവരുന്ന ജീവത്തായ പരിണാമം പോലൊന്ന് വാക്കിലും കർമത്തിലും എപ്പോഴും സാക്ഷാത്കരിച്ചവരായിരുന്നു ഇരുവരും. കവിതയിൽ ഒതുങ്ങിനിൽക്കാത്ത ആസകലമായ ഒരു സൗന്ദര്യത്തെയാണ് കാവ്യഭാവുകത്വം എന്ന് ഇവരെ സംബന്ധിച്ച് പറയാവുന്നത്. കണ്ണാടി പ്രതിഷ്ഠ മുതൽ "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന ഉത്തേജക ശക്തിയുള്ള മുദ്രാവാക്യം വരെ സകലത്തിലും കാവ്യപ്രഭാവമുണ്ടായിരുന്നു ഗുരുവിന്. ചാവറയച്ചന്റെ കാവ്യഭാവുകത്വം കവിതകളിൽ മാത്രമല്ല അദ്ദേഹം ഉരുവിട്ടതിലും എഴുതിയതിലുമെല്ലാം പ്രശോഭിച്ചു.

"അന്യന് നന്മകൾ ചെയ്യാതെ
നീയൊരുദിവസവും പിന്നിട്ടാൽ
മർത്ത്യാ മാഞ്ഞിടുമാദിവസം
നിന്നുടെ ജീവിത ഗ്രന്ഥത്തിൽ" എന്നും

"ലുബ്ധൻ തൻ വക പുഴുതിന്നും
ധൂർത്തൻ തൻ മുതൽ പുകയാകും"

എന്നുമൊക്കെയുള്ള പ്രബോധനങ്ങൾ കാവ്യസൗന്ദര്യത്തിന്റെ ശക്തികൂടി വഹിക്കുന്നു.

"ഒരു നന്മയെങ്കിലും ഒരുദിനം ചെയ്യും
ഒരുമിച്ചൊരീശന്റെ മക്കളായ് വാഴും"

എന്ന വരിയുടെ കർതൃത്വം സന്തോഷത്തോടെയേ ഗുരുവും ഏൽക്കൂ. അത്രമേൽ ഇരുണ്ട ഒരു ലോകത്തിൽ ചൊരിഞ്ഞ അനിവാര്യമായ പ്രകാശത്തിന്റെ പ്രവാചകരായിരുന്നു ഇരുവരും. *ആത്മോപദേശശതകവും* (നാരായണഗുരു) *ആത്മാനുതാപവും* (ചാവറയച്ചൻ). ഇന്നും ഇന്നെഴുതപ്പെടേണ്ട കൃതികളായി മാറുന്നതിന് പിന്നിലുള്ളത് കവിത്വശക്തിയോട് കൈകോർത്ത ധാർമികബോധമത്രേ.

കവിയെന്ന വാക്കിനർഥം കവിഞ്ഞു നിൽക്കുന്നവൻ, വരും കാലത്തിനും ഇണങ്ങിയവൻ എന്നെല്ലാമാണ്. കവിത അനന്യമായൊരു പ്രവർത്തനമാണ്. നീ ഞാനുമാകുമ്പോൾ രൂപപ്പെടുന്നൊരു സംസ്കാരം. 'അവൻ ഞാനല്ലോ' എന്ന വിവേകമാണ് കവിത എന്ന് നമ്മുടെ ഒരു കവി. പകൽ കത്തിക്കാതെ വയ്ക്കുന്ന വിളക്ക് രാത്രിയിൽ ഉപകരിക്കുമ്പോലെ, സ്വയം നുകരാതെ വച്ച വെളിച്ചങ്ങൾ പരരുടെ രാത്രികൾക്ക് പകരുന്ന ആശ്വാസം പോലെ, സാർഥകമാകുന്ന പ്രവർത്തനങ്ങളായിരുന്നു അച്ചന്റേത്. ജാതിയുടെ കൂരിരുട്ടിൽ അച്ചൻ വിളക്ക് കത്തിച്ചു വച്ചു. *ആത്മാനുതാപത്തോളം* (ഈ സമസ്ത പദത്തിന്റെ രൂപീകരണത്തിനടിയിലുണ്ട് അച്ചന്റെ കവിപ്രതിഭ) ഉയർത്തി പരാനുതാപത്തെ ചാവറയച്ചൻ.

മാതൃഭാഷയാണ് ഭൂമിയിലെ ഏറ്റവും വലിയ ഭാഷയെന്ന് ഒരു കവിയറിയുമ്പോലെ ആരുമറിയുന്നില്ല. "മനുഷ്യന്റെ മാതൃഭാഷ കവിതയാണെന്ന" സങ്കൽപത്തിന്റെ അഴകും ഈ ധാരണയെ ഉറപ്പിക്കുന്നു. മലയാളിയുടെ ബാബേൽ മലയാള ഭാഷയിലേ ഉയരൂ. 'യാഹ്വേയ്ക്കോ', 'അല്ലാഹു'വിനോ ഇല്ലാത്ത വ്യാപ്തി മലയാളിയുടെ അകമനസ്സിൽ 'ഈശ്വര'നുണ്ട്. ചാവറയച്ചന്റെ വാക്കുകളും നിലപാടുകളും ഒരു 'നിറഞ്ഞ മലയാളി'



പാതിരിയുടേതായിരുന്നു. ഇവിടുത്തെ ഭൂരിപക്ഷ ജനതക്കിടയിൽ പതിവുണ്ടായിരുന്ന സന്ധ്യാജപത്തെയും ധ്യാനത്തെയും നാമോച്ചാരണത്തെയും ജപമാലയെയും ആദരിക്കുകയും ക്രിസ്തുമത വിശ്വാസികൾക്കിടയിലേക്കാനയിക്കുകയും ചെയ്തു ചാവറയച്ചൻ. ജപമാലയും ഇടവകധ്യാനവും വാർഷികധ്യാനവുമൊക്കെ പുത്തൻകൂറുകാരായ ക്രിസ്ത്യാനികൾക്ക് വേരുകൾ നൽകി, പ്രാചീനത നൽകി, ആരുറപ്പ് നൽകി, സ്വാസ്ഥ്യം നൽകി. നിലവിളക്ക് കത്തിക്കലും പായസം നൽകലും നാലുകെട്ടു പണിയലും ഭരതനാട്യവും കഥകളിയുമൊക്കെ ഹിന്ദുക്കളുടെയല്ല, മലയാളികളുടെ പൈതൃകമായി മാറുകയായിരുന്നു അച്ചനിലൂടെ. നല്ല മലയാളത്തിൽ പ്രസംഗിച്ച ഈ പിതാവ് ക്രിസ്ത്യാനികൾക്കുള്ള പള്ളിക്കൂടമല്ല മലയാളികൾക്കുള്ള പള്ളിക്കൂടമാണ് നിർമിച്ചത്. താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം നൽകാൻ സർക്കാർ പള്ളിക്കൂടങ്ങൾ പോലും മടിച്ചപ്പോൾ ചാവറയച്ചന്റെ പള്ളിക്കൂടം അവരെ ഹാർദമായി സ്വീകരിച്ചു. ക്രിസ്ത്യാനികളുടെ ആത്മീയമായ മുന്നേറ്റത്തെ പ്രോത്സാഹിപ്പിച്ചതിനൊപ്പം മലയാളിയുടെ ഭൗതികമായ മുന്നേറ്റത്തെ വളർത്താനും കഴിഞ്ഞു, ഒരു വൈരുദ്ധ്യവും കൂടാതെ ചാവറയച്ചന്.

"അവനവനാത്മസുഖത്തിനാചരിക്കുന്നവ
അപരന്നു സുഖത്തിനായ് വരേണം"

എന്ന ഗുരുവചനം വർഷങ്ങൾക്കു മുമ്പേ കവിയും ചിന്തകനും സാമൂഹ്യ പരിഷ്കർത്താവുമായ ചാവറയച്ചന് സാക്ഷാത്കരിക്കാൻ കഴിഞ്ഞു. ജീവിത ഗ്രന്ഥത്തിൽ അന്യനുതകാത്ത ഒരു ദിനംപോലും ശേഷിക്കുകയില്ലെന്നെഴുതിയ ചാവറയച്ചനിലെ കാവ്യഭാവുകത്വമാണ് അദ്ദേഹത്തിന് വലിയ തുണയായതെന്ന് ഞാൻ കരുതുന്നു. അജ്ഞതയും ജാതിഭ്രാന്തും ആണ് മലയാളിയെ അധോഗതിയിലേക്ക് നടത്തുന്നതെന്നറിഞ്ഞ് അദ്ദേഹം അതിനുതക്ക ചികിത്സ നൽകി, തന്റെ പ്രവർത്തനങ്ങളിലൂടെ.

ചാവറയച്ചൻ വിജയിക്കുംതോറും വിജയിച്ചത് ഓരോ മലയാളിയുമായിരുന്നു.

ആദ്യപഥികന്റെ കാവ്യപരിശ്രമം


കെ. വി. തോമസ്

ഒന്നര നൂറ്റാണ്ടു മുമ്പ് രചിക്കപ്പെട്ട ഒരു മലയാള കൃതിയെ ഇന്നു നിരീക്ഷണ വിധേയമാക്കുമ്പോൾ പല മുൻകരുതലുകളും ആവശ്യമായിവരുന്നു. എഴുത്തുകാരൻ ഒരു ക്രൈസ്തവ പുരോഹിതനാകുമ്പോൾ പ്രത്യേകിച്ചും. ചില മണിപ്രവാള കാവ്യങ്ങളും എഴുത്തച്ഛന്റെ കിളിപ്പാട്ടും നമ്പ്യാരുടെ തുള്ളൽ കൃതികളും പൂന്താനത്തിന്റെ ചില കീർത്തനങ്ങളുമൊഴികെ മലയാളത്തിൽ മൗലിക കൃതികൾ ഏറെയൊന്നും അന്നുണ്ടായിരുന്നില്ല. ഉണ്ടായിരുന്നവ തന്നെ അറിയപ്പെട്ടിരുന്നില്ല. അറിയപ്പെട്ടിരുന്നവയിൽ തന്നെ ബഹുഭൂരിപക്ഷം രചനകളും ഹൈന്ദവേതര വായനക്കാർക്കു പ്രാപ്യമായിരുന്നില്ല. എഴുത്തച്ഛന്റെ കിളിപ്പാട്ട് നിത്യപാരായണത്തിനു ഹൈന്ദവർ ഉപയോഗിച്ചിരുന്നതുകൊണ്ട് കേരളമൊട്ടാകെ അറിയപ്പെട്ടിരുന്നു. ഭക്തിപരമായ പ്രാധാന്യമായിരുന്നു അതിനുണ്ടായിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുവിൽ മാത്രമാണ് എഴുത്തച്ഛനുമുമ്പുള്ള വിപുലമായ സാഹിത്യസഞ്ചയം, കൃഷ്ണഗാഥ ഉൾപ്പെടെയുള്ളവ, ഗവേഷണങ്ങളിലൂടെ കണ്ടെത്തുന്നതും പ്രസിദ്ധീകരിക്കുന്നതും. എഴുത്തച്ഛനാണ് മലയാള ഭാഷ സൃഷ്ടിച്ചത് എന്നൊരു അബദ്ധധാരണ അന്നേക്കു പ്രബലമായിരുന്നു. ആ ധാരണ പൂർവാധികം ശക്തിയോടെ ഇന്നും നിലനിൽക്കുന്നു.



ഉദയംപേരൂർ സൂനഹദോസിനുശേഷം കാവ്യനാടകാദി ആഹ്ലാദങ്ങൾ പലതും വിലക്കപ്പെട്ട ഒരു ക്രൈസ്തവ സമൂഹമായിരുന്നു കേരളത്തിലേത്. കൃഷിയും കച്ചവടവുമൊക്കെയായി അവരങ്ങനെ മാമൂലുകളിൽ ബന്ധിക്കപ്പെട്ടുകിടന്നു. ബൈബിൾ വായിക്കാനുള്ള യോഗ്യതയോ അധികാരമോ അവർക്കുണ്ടായിരുന്നില്ല. കുർബാനക്രമങ്ങൾ സുറിയാനി ഭാഷയിൽ, പാട്ടും പ്രാർഥനകളും അർഥമറിയാതെ യാന്ത്രികമായി ഉരുവിട്ടുപോന്നു. ചുരുക്കിപ്പറഞ്ഞാൽ കാലഹരണപ്പെട്ട ചില പ്രാർഥനാഗ്രന്ഥങ്ങളുടെ ഇത്തിരിവട്ടത്തിനുള്ളിൽ ക്രിസ്ത്യാനിയുടെ ഭാഷാവ്യവഹാരങ്ങൾ കുടുങ്ങിക്കിടന്നു. ഈ സാഹചര്യങ്ങളോടു പടപൊരുതിയ വ്യക്തി എന്നതാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പ്രസക്തി. കാവ്യനിർമിതിക്കു പറയത്തക്ക പൂർവമാതൃകകളൊന്നുമില്ല. ക്രൈസ്തവ വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള പദാവലികൾ മലയാളത്തിലില്ല. അന്നത്തെ കാലത്ത് ഒരു ഹൈന്ദവന് ലഭ്യമായിരുന്ന കാവ്യശിക്ഷണത്തിന്റെ അഭാവം, ക്രൈസ്തവ സമൂഹത്തിന് പൊതുവെ കാവ്യനാടകാദികളോടുള്ള പരാങ്മുഖത- ഇതൊക്കെയായിരുന്നു ചാവറയച്ചന്റെ പശ്ചാത്തലം. ആ ശുദ്ധ ശൂന്യതയിൽ നിന്നാണ് ചാവറയച്ചൻ ആരംഭിക്കുന്നത്. പള്ളികളെക്കാൾ ആവശ്യം പള്ളിക്കൂടങ്ങളാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. മാറുന്ന കാലത്തിനൊപ്പിച്ചു ക്രിസ്ത്യാനിയും തന്റെ ജീവിതക്രമങ്ങൾ ചിട്ടപ്പെടുത്തണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. 'ഒരു നല്ല അപ്പന്റെ ചാവരുൾ' ലക്ഷ്യമാക്കുന്നത് അതാണ്. ക്രിസ്ത്യാനിയുടെ സാഹിത്യശൂന്യതയെ നേരിടാൻ സ്വയം കൃതികൾ രചിക്കാൻ അദ്ദേഹം തയ്യാറായി. അത്തരം ധീരപരിശ്രമങ്ങളിൽ ഒന്നാണ് 'ആത്മാനുതാപം' എന്ന കാവ്യകൃതി.

ബൈബിളിലൂടെ അനാവൃതമാകുന്ന



യേശുവിന്റെയും കന്യാമറിയത്തിന്റെയും കഥകൾ ആത്മനിഷ്ഠമായ ശൈലിയിൽ കേരളീയ വായനക്കാർക്കു പരിചയപ്പെടുത്തുകയെന്ന ദൗത്യമാണ് 'ആത്മാനുതാപം' എന്ന കൃതിയിൽ ചാവറയച്ചൻ നിർവഹിക്കുന്നത്. ബൈബിളിന്റെ കേവലമായ പരാവർത്തനമല്ല ഇതെന്നു ചുരുക്കം. മനുഷ്യന്റെ പാപപരിഹാരത്തിനായി മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ ചരിത്രം എന്ന ആശയത്തിലാണ് അദ്ദേഹം ഊന്നുന്നത്. ഇവിടെ 'പാപികളായ മനുഷ്യർ' എന്ന സങ്കൽപത്തിനു പകരം കവി തന്നെത്തന്നെ പ്രതിഷ്ഠിക്കുന്നു. 'ഞാൻ ചെയ്ത പാപത്തിന്റെ പരിഹാരത്തിനായി യേശു കുരിശുമരണം വരിച്ചു' എന്ന സങ്കൽപമാണ് ഇതിന്റെ അടിസ്ഥാനശ്രുതി. 'ആത്മാനുതാപം' എന്ന ശീർഷകത്തിന്റെ പ്രസക്തിയും അതുതന്നെ. ഭാഷ തന്നെയായിരുന്നു ചാവറയച്ചന്റെ പ്രധാന പ്രശ്നം. നാലു വിധത്തിലാണ് ഈ പ്രശ്നത്തെ അദ്ദേഹം നേരിട്ടത്.



1. പുതുതായി ചില സംസ്കൃത തദ്ഭവങ്ങളെ അദ്ദേഹം സൃഷ്ടിച്ചു.

ഉദാ: മാതൃവാൽ	- മാതാവിനാൽ
ദ്യേവ്	- ദയവ്
ശയനിപ്പിച്ചു	- കിടത്തി
അരോചത്തിങ്കൽ	- രുചിക്കാത്തപ്പോൾ ചിലപ്പോൾ സംസ്കൃത പദങ്ങൾക്ക് പുതിയ അർഥം നൽകി.
ഉദാ: ദേഹീരശ്മി	- ആത്മാവിന്റെ പ്രസാദവരം
കാരണപാപതോയം	- ഉത്ഭവപാപം നീക്കുന്ന ജലം (ജ്ഞാനസ്നാനം)

2. ഗ്രാമ്യപദങ്ങളെ ധാരാളമായി ഉപയോഗിച്ചു.

ഉദാ: അയ്യം	- അഴുക്ക്
കൗൾ	- കവിൾ
വലിപ്പാൻ	- വലുതാക്കാൻ
തണ്യത്	- തണുത്തത്
എതേർപ്പ്	- എതിരേൽപ്

3. സംസ്കൃത തത്സമങ്ങൾ - ഇവയിൽ വിഭക്തി രൂപങ്ങളും പെടും

ഉദാ: പതീനാംപതി	- ചക്രവർത്തി (സംസ്കൃതവിഭക്തി)
ശ്രുത്വാ	- കേട്ടിട്ട്
ഈപ്സ	- ആഗ്രഹം
നഃ	- നമ്മുടെ

4. ഗ്രീക്ക്, ലത്തീൻ, സുറിയാനി പദങ്ങളെ തത്സമങ്ങളായോ തദ്ഭവങ്ങളായോ ഉപയോഗിക്കുക.

ഉദാ:

സെപ്പുൾത്രു	- കല്ലറ
റെലിക്കാ	- തിരുശേഷിപ്പ്
യോക്യൻ	- യോവാക്കിം
ജ്യാനി, ജൂവാൻ	- ജോൺ
സക്രമെന്ത്	- തിരുശേഷിപ്പ്
മാർ ജൂസെ	- മാർ യൗസേപ്പ്
അപ്പത്തിൻ സഥലം / വേസലം	- ബത്ലഹേം

ഇന്നു പ്രചാരമില്ലാത്ത നിരവധി മലയാള പദങ്ങൾ ചാവറയച്ചൻ ഉപയോഗിക്കുന്നുണ്ട്. ആ അർഥത്തിൽ ഭാഷാ പഠിതാക്കൾക്ക് ഒരു അക്ഷയ ഖനിയാണ് 'ആത്മാനുതാപം'.

ഉദാ: യാവന	- ഭക്ഷം
കൊടുത്തിൽ	- കർട്ടൻ
കുമ്പൽ	- അഹങ്കാരം
അണ്ണാവി	- ആശാൻ
കൈത്താതൻ	- വളർത്തുപിതാവ്
കൈമാദ്	- കൃതജ്ഞത

ഒരു ടിപ്പണിക്കാരന്റെ സഹായം കൂടാതെ ഈ കാവ്യം വായിച്ചുകൊടുക്കാൻ പലപ്പോഴും പ്രയാസം നേരിടും. ഭാഗ്യവശാൽ സിസ്റ്റർ ലെയോനില സി.എം.സി. എഡിറ്റ് ചെയ്ത് 'ബേസ് റൗമ' പ്രസിദ്ധപ്പെടുത്തിയ പതിപ്പിൽ വേണ്ടത്ര അടിക്കുറിപ്പുകളുണ്ട്.

ബൈബിൾ മലയാളികൾക്കു പരിചയപ്പെടുത്താൻ കവിതയിൽ നടത്തപ്പെട്ട ആദ്യകാല പരിശ്രമങ്ങളിലൊന്ന് എന്ന പ്രാധാന്യമാണ് ഈ കൃതിക്കുള്ളത്. (1871 ലാണ് ഈ കൃതി പുസ്തകരൂപത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്). കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അടക്കമുള്ള കവികൾക്ക് പിൽക്കാലത്ത് മാതൃകയായത് ചാവറയച്ചന്റെ ഈ കാവ്യപരിശ്രമമാണ്. മലയാളത്തിലെ ആത്മനിഷ്ഠമായ കാവ്യസമീപനത്തിന്റെ ആദികന്ദളങ്ങൾ ഈ കൃതിയിൽ ദർശിക്കാം.

തന്റെ ബാല്യകാല ചാപല്യങ്ങളെപ്പറ്റി കവി പശ്ചാത്താപവിവശനാകുന്ന ഭാഗം നോക്കുക.



"ഇപ്പോലെയുള്ള മാഹാദുർഭാഗ്യമാർക്കുണ്ടായി
യല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം
മറ്റുള്ള ജനത്തെയും കാട്ടുവാനായിത്തന്ന
മാറ്റേറും വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി
യിങ്ങനെയടിയന്റെ പൈതൽ പ്രായത്തിൽ തന്നെ
മംഗലമൊക്കെക്കളഞ്ഞയ്യയ്യോ മഹാദുഃഖം
എന്നുടെ രക്ഷാനാഥാ നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽ നിന്നും ചിന്തിയ കൺനീരിനാൽ
പാപിയാം മമപൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെക്കേണു പ്രാർഥിക്കുന്നേൻ."

അപരിചിത പദങ്ങളും പ്രയോഗങ്ങളും ചിലപ്പോഴെല്ലാം വായനക്കാർക്കു തടസ്സം സൃഷ്ടിക്കുമെങ്കിലും തെളിനീരുറവപോലെയുള്ള ഭാഷയും അവിടവിടെ കാണാം. മറിയത്തിന്റെ അമലോത്ഭവത്തെ പരാമർശിക്കുന്ന ഒരു ഭാഗം.

"ആദത്തിൻ സുധയായി നീ ജനിച്ചെന്നാകിലും
വേദത്തിൻ മൂലമായ പാപത്തിൻ നിഴൽപോലും
നിന്നിലന്നണയാതെ നിന്നുടെ തിരുപാദാൽ
പന്നഗം തന്റെ തല തകർത്ത ഗുണനാഥേ."

ചിലയിടങ്ങളിൽ കവിത എഴുത്തച്ഛന്റെ കാവ്യശൈലിയെ അനുസ്മരിപ്പിക്കുന്നു.

"പരമപരാപരൻ സകല ഗുണാന്വിത-
നപരൻ രാജരാജൻ സർവജ്ഞൻ സമസ്തേശൻ
പരമത്രിത്വത്തിന്റെ ദ്വിതീയൻ ദൈവസുതൻ
നരവർഗരാജ്ഞിയാൽ പരിരക്ഷിതൻ നാഥൻ."

എഴുത്തച്ഛനുമായുള്ള ഈ ഹൃദയബന്ധം കേവലം യാദൃച്ഛികമാണെന്നു ഞാൻ കരുതുന്നില്ല. ചാവറയച്ചന്റെ കാവ്യശൈലിയിൽ എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും മുദ്ര നന്നായി പതിഞ്ഞുകാണാം. പാനയും കിളിപ്പാട്ടുവൃത്തങ്ങളുമാണ് അദ്ദേഹം കാവ്യരചനക്കുപയോഗിച്ചിരിക്കുന്നത് എന്നതു ശ്രദ്ധിക്കേണ്ടതാണ്.

അധികമാരും നടക്കാൻ ധൈര്യപ്പെടാത്ത കാവ്യപഥത്തിലൂടെ ഒന്നര നൂറ്റാണ്ടുമുമ്പ് നടന്ന ഒരാധ്യാത്മികാചാര്യന്റെ വിയർപ്പും കണ്ണീരുമാണ് ആത്മാനുതാപം എന്ന കൃതി.

എഴുത്തച്ചൻ സരണിയും ചാവറയച്ചനും

പി.ഗോപകുമാർ

സർവ്വസമർപ്പിതൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ അത്ഭുതമാണ് എനിക്ക്. "ദൈവവുമായുള്ള ഐക്യത്തിലൂടെ ആത്മാവ് അനുഭവിക്കുന്ന ആനന്ദം കാണിച്ചുതന്ന പ്രേഷിതൻ, കർമ്മലീത്ത സഭയുടെ സ്ഥാപകൻ - ഈ നിലകളിൽ മാത്രമല്ല. മലയാള സാഹിത്യത്തിലെ അഗ്രഗാമിയും രാജശിൽപിയുമായിരുന്നു, ചാവറയച്ചൻ. ഈ അറിവ് എന്നിൽ നിതാന്ത വിസ്മയമുണർത്തി- അദ്ദേഹത്തിന്റെ സമ്പൂർണ്ണ കൃതികളിലൂടെ മനസ്സിനെ പിന്നീടു വഴി നടത്തിയപ്പോൾ, പ്രത്യേകിച്ചും.


കേരളത്തിലെ സഭയോ ചാവറയച്ചന്റെ ശിഷ്യഗണങ്ങളോ മലയാളസാഹിത്യത്തിൽ അദ്ദേഹത്തിന്റെ അംശദാനത്തെപ്പറ്റി സർവ്വ സ്പർശിയായ അന്വേഷണം നടത്തിയിട്ടില്ല ഇന്നു വരെ. അക്ഷന്തവ്യം ഈ അനാസ്ഥ. അതു നിൽക്കട്ടെ.

മാതൃഭാഷയ്ക്കു പുറമെ, തമിഴ്, ലത്തീൻ, സുറിയാനി, പോർത്തുഗീസ്, സംസ്കൃതം ഈ ഭാഷകളിലും പ്രാമാണികമായ ജ്ഞാനം നേടിയിരുന്നു, ചാവറയച്ചൻ.

അച്ചടിയന്ത്രം കണ്ടിട്ടുപോലുമില്ലാത്ത ഈ വൈദികൻ മരം കൊണ്ട് അച്ചടിയന്ത്രം തീർപ്പിച്ചു. 'വാഴപ്പിണ്ടി പ്രസ്' എന്ന ചെല്ലപ്പേരിൽ അറിഞ്ഞിരുന്ന പ്രസ്സിന്റെ വരവോടെ വാമൊഴി പ്രാർത്ഥനകൾക്ക് പുസ്തകരൂപം കൊടുക്കാനായത് സഭാസംസ്കൃതിയിലെ ഒരു നിർണ്ണായകബിന്ദുവായി. 'ജ്ഞാനപീയൂഷം' ആയിരുന്നു ആദ്യത്തെ പ്രാർത്ഥനാപുസ്തകം. സുറിയാനി റീത്തിലെ പൂജാക്രമങ്ങൾക്ക് 'തൂക്കാസ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. 'ദീപിക' ദിനപത്രത്തിന്റെ ആരംഭം സ്വന്തം ഭാവനയിൽ വിടർന്ന മരപ്രസ്സിൽ നിർവ്വഹിച്ചു.

ചാവറയച്ചന്റെ സാഹിത്യലോകത്തിൽ





പ്രവേശിക്കണമെങ്കിൽ, അദ്ദേഹം നടത്തിയ മുന്നൊരുക്കങ്ങൾ അറിഞ്ഞിരിക്കണം. എന്നാൽ, ആദ്യത്തെ പ്രാർത്ഥനാപുസ്തകം മുതൽ ദീപികദിനപത്രം വരെ ദീർഘതയാർന്ന ആ പ്രവർത്തനമണ്ഡലത്തിലൂടെ വലത്തുവയ്പ് നടത്താൻ ഇവിടെ തുനിയുന്നില്ല.

അർണ്ണോസ് പാതിരി, ചാക്കോമാപ്പിള തുടങ്ങിയവരുടെ നാട്ടുരീതികളും മറിയ അഗ്രതായുടെ കൃതിയും ചാവറയച്ചന് ചുറ്റുമുണ്ടായിരുന്നു. അവരുടെ സ്വാധീനത ഒട്ടുമേ ഉണ്ടായിരുന്നില്ലെന്ന് പറയാനാകില്ലെങ്കിലും, സ്വന്തം മുശയിൽ വാർത്തെടുത്ത ശൈലിക്ക് ചേരുംപടി സുലളിതപ്രൗഢ പദസംഘാതങ്ങളെ അണിയിച്ചൊരുക്കി, അദ്ദേഹം.

ഒന്നിനെയും അനുകരിക്കാത്ത *ആത്മാനുതാപവും*, *മരണവീട്ടിൽ പാടുന്ന പാനയും* *അനസ്താസ്യായുടെ രക്തസാക്ഷ്യവും* വേറിട്ടു നിക്കുന്നതും, അതിനാൽ.

മംഗല്യവട്ടക്കളി, അന്നംചാർത്തുപാട്ട്, മൈലാഞ്ചിപ്പാട്ട്, അയനിപ്പാട്ട്, എടുത്തിരവട്ടക്കളി, വാഴുക്കളി, പന്തൽപ്പാട്ട് തുടങ്ങി വിവാഹപ്പാട്ട്, കിളിപ്പാട്ട്, പാന, വഞ്ചിപ്പാട്ട്-ഇവയെല്ലാം അക്കാലത്തെ മലയാളസാഹിത്യത്തിലെ കവനസംഭാരങ്ങളായിരുന്നു.

'ധ്യാനക്കുറിപ്പുകൾ'ക്ക്, ചാവറയച്ചൻ തോറ്റ പ്രകരണങ്ങളെയാണ് കൂട്ടിനു വിളിച്ചത്. ആത്മാനുതാപത്തിലിറ്റുന്ന ആത്മശാന്തിക്ക് കൈവല്യസ്പർശമുണ്ടെന്ന് ചാവറയച്ചൻ വിശ്വസിച്ചിരുന്നു.

ആ വിശ്വാസ ദൃഢതയുടെ സാക്ഷ്യപത്രങ്ങളാണ് 'ധ്യാനസല്ലാപങ്ങ'ളും 'ധ്യാനക്കുറിപ്പു'കളും. ധ്യാനസല്ലാപങ്ങളിലെ ഭാഷയാകട്ടെ പ്രവാചകഭാഷയും.

ധ്യാനസല്ലാപങ്ങളിലെ ഭാഷയുടെ മറ്റൊരു മുഖംകൂടി പറയാതെ പോകുന്നത് ശരിയല്ല. പ്രാക്തന പദങ്ങളാണ് ധ്യാനസല്ലാപങ്ങളിലെ ആകർഷണീയാംശം. പ്രാകൃതപദങ്ങൾ ഇവയെ വ്യവച്ഛേദിച്ചു തള്ളിക്കളയാനാകില്ല. പൗരാണികതയുടെ സൂക്ഷ്മരൂപങ്ങളാണിവ. ശ്രീബുദ്ധൻ ഉപയോഗിച്ച 'പ്രാകൃത്' ശബ്ദങ്ങളോട് സമാനത പുലർത്തുന്ന പ്രാക് ശബ്ദങ്ങൾ എന്നു പറഞ്ഞാലും നിരാധാരമാകില്ല.

മനസ്താപം/ പശ്ചാത്താപം- അതിന് 'തോറ്റം' എന്നാണ് പദം. 'കൊണ്ടാട്ട'മെന്നാൽ വന്ദനം. (ശുദ്ധമാതാവിന് കൊണ്ടാട്ടം)

ധൂർത്തടിച്ച് പൊടിയാക്കുന്നതിന് 'ധൂളിച്ചു' എന്നാണ്. കില്ലത്തുണി, കീറത്തുണി.....

മലയാള ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ തുടക്കം ഏ.ആറിന്റെ 'മലയവിലാസത്തിൽ' നിന്ന് എന്ന് ഒരു കൂട്ടർ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു.

എന്നാൽ ഖണ്ഡകാവ്യമായ 'മലയവിലാസ'ത്തിനും മൂന്നര പതിറ്റാണ്ടുമുമ്പ് രചിക്കപ്പെട്ട വഞ്ചിപ്പാട്ടു മട്ടിലുള്ള 'അനസ്താസ്യയുടെ രക്തസാക്ഷ്യം' ആണ് ആദ്യത്തെ മലയാള ഖണ്ഡകാവ്യമെന്ന് തറപ്പിച്ചു പറയാൻ പാഴൂർ പടിക്കൽ പോകണമെന്നാണ് ഒട്ടേറെ പണ്ഡിതന്മാരുടെയും കടുംപിടുത്തം. അതെല്ലാം നിൽക്കട്ടെ.

പ്രബന്ധ പ്രമേയത്തിലേക്കു വരാം. ആത്മാനുതാപമെന്ന കാവ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രബന്ധം രചിച്ചിട്ടുള്ളത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യന്തങ്ങളെ വിളക്കിച്ചേർക്കുന്ന ജീവിതമായിരുന്നു ചാവറയച്ചന്റേത്.

വൈവിധ്യമായ മറ്റു പലതിനെയും കൂട്ടിയോജിപ്പിക്കുന്നതിനിടയിൽ, ഏറ്റവും ഉയർന്ന ശൃംഗമായ സാഹിത്യത്തിലും കൂട്ടിയോജിപ്പിക്കൽ നടത്തി.

കേരളചരിത്രത്തിലെ സന്ധാന കാലയളവാണ് പത്തൊമ്പതാം ശതകം എന്നാണ് പണ്ഡിതമതം. സന്ധാന ശതാബ്ദത്തിൽ ജീവിച്ചിരുന്ന ചാവറയച്ചൻ മലയാള സാഹിത്യത്തിലും സന്ധാനക്രിയകൾ നടത്തി.

മതത്തെ സാഹിത്യ സാത്ക്കരിക്കുകയും സാഹിത്യത്തെ മതസാത്ക്കരിക്കുകയും ചെയ്തു, അദ്ദേഹം. അതായിരിക്കണം അദ്ദേഹത്തെ ക്രിസ്തീയ കവി എന്നു വിളിക്കാൻ കാരണം.

മതത്തിന്റെ സാഹിത്യാവിഷ്ക്കരണത്തിൽ ശ്രദ്ധാലുക്കൾ, മിസ്റ്റിക് കവികൾ. ആദ്ധ്യാത്മികാനുഭൂതികൾ സാഹിത്യാനുഭൂതിയിൽ അന്തസ്സന്നിവേശിപ്പിച്ചു, ചാവറയച്ചൻ; മിസ്റ്റിക് കവികളെപ്പോലെ. ഇതിനാൽ തന്നെ ചാവറയച്ചന്റെ കാവ്യങ്ങളിൽ ക്രിസ്തീയ ദർശനത്തിന്റെ ഉൾപ്പൊരുൾ അടിയുന്നു.

ക്രിസ്തീയ ആത്മീയത ചാവറയച്ചന്റെ മലയാള സാഹിത്യമായപ്പോൾ ആ സാഹിത്യം സ്വഭാവേന ക്രിസ്തീയ പരിമളം പ്രസരിപ്പിച്ചു. ചാവറയച്ചന്റെ വിജയവും പരാജയവും ഈ സന്ധാന പ്രക്രിയയിൽ തെളിയുന്നതും ചരിത്രത്തിന്റെ നേർവിധിയാണ്!


മലയാള ഭാഷയിൽ മതസാഹിത്യത്തിന്റെ ഒന്നിച്ചുകൂടൽ ആദ്യമായ് വരുത്തിയത് എഴുത്തച്ചനാണല്ലോ. പ്രതിപാദനത്തിലും ഭാഷയിലും ശൈലിയിലും ചാവറയച്ചൻ കൂടുതൽ അനുസരിച്ചിരിക്കുന്നത് എഴുത്തച്ഛനെത്തന്നെയാണ്.

ഈശ്വരനെ 'അനാദ്യഗുണനിധേ', സർവ്വേശാപരാപരാ, അനന്തദയാന്വിത, സർവ്വമംഗലദേവാ എന്നൊക്കെയുള്ള വിശേഷണങ്ങൾകൊണ്ട് വിഭൂഷിതമാക്കുന്നത്, എഴുത്തച്ഛന്റെ പദകോശങ്ങളുടെ വിനീത പിൻഗാമിയെന്ന് ചാവറയച്ചൻ സ്വയം പ്രഖ്യാപിക്കുന്നതിനുതുല്യമല്ലേ?

ചെറുശ്ശേരിയുടെ സംഗീതാത്മകതയോ കുഞ്ചൻനമ്പ്യാരുടെ ജനകീയ ശൈലിയോ അല്ല ചാവറയച്ചനെ ആകർഷിച്ചത്.

എഴുത്തച്ഛന്റെ പ്രൗഢിയെ അപ്പാടെ സ്വീകരിക്കുകയായിരുന്നു 'ആത്മാനുതാപ'രചനയ്ക്ക്. ആത്മാനുതാപത്തിലെ ഭാവനയുടെ മിതമയൂഖശോഭ താൻ എഴുത്തച്ഛന്റെ അന്തേവാസിയെന്ന പരോക്ഷപ്രസ്താവന കൂടിയാണ്.

ഡോ. സുകുമാർ അഴീക്കോടിന്റെ പ്രസ്താവന കടമെടുത്തുപറഞ്ഞാൽ, മലയാള കവിതയിൽ എഴുത്തച്ഛൻ സരണിയെന്നും ചെറുശ്ശേരി സരണിയെന്നും വ്യക്തമാ



എഴുത്തച്ഛൻ



യി വേർതിരിക്കാവുന്ന രണ്ടു രചനാ പ്രസ്ഥാനങ്ങൾ ഉണ്ട്. ഇന്നും അവ വ്യാവർത്തിതങ്ങളുമത്രെ.

എഴുത്തച്ഛൻ സരണി അടയാളപ്പെടുത്തുന്നത് ചിന്തയും ആദർശവുമാണ്. അലങ്കാര സമൃദ്ധിയും ബാഹ്യസൗന്ദര്യപരതയും കുറഞ്ഞിരിക്കുകയും ചെയ്യും. ബാഹ്യസൗന്ദര്യപരതയും അലങ്കാര സമൃദ്ധിയും ഏറിയിരിക്കുന്നതത്രെ ചെറുശ്ശേരി സരണി. ചാവറയച്ചൻ എഴുത്തച്ഛൻ സരണി അനുവർത്തിച്ച കവിയായിരുന്നു. കവിത സൗന്ദര്യപക്ഷത്തു നിന്നാൽപോര. സംസ്കാരപക്ഷത്തിന്റെ പ്രചാരകൻ കൂടിയാകണമെന്ന് വിശ്വസിച്ചിരുന്നു ചാവറയച്ചൻ.

'ആത്മാനുതാപ'ത്തിൽ ഇതെല്ലാം സുവ്യക്തമായി അടയാളപ്പെടുത്തിയിരിക്കുന്നു.

മലയാളമഹാകാവ്യപ്രസ്ഥാനത്തിലെ ശ്രേഷ്ഠപ്രതിനിധി ചാവറയച്ചൻ. എഴുത്തച്ഛൻ സരണിയിലെ ഏകാന്തപഥികൻ. ആത്മാന്വേഷണങ്ങളുടെയും ആത്മനിവേദനങ്ങളുടെയും ആവിഷ്കാരത്തിന് പ്രൗഢസുന്ദരമായ എഴുത്തച്ഛൻ പഥം സ്വയം സ്വീകരിച്ച കവി, ചാവറയച്ചൻ.

ചാവറയച്ചന്റെ അനുപമവിശുദ്ധമായ മാനസിക ഭാവം കാവ്യനുഭവങ്ങളായി വ്യവർത്തിച്ചറിഞ്ഞപ്പോൾ, അത് അന്നത്തെ മലയാളസാഹിത്യത്തിലെ നവനീതമായി.

പാരമ്പരീണതകളോടൊക്കെ എന്തിനെന്നറിയാതെ കലഹിച്ചു, പാശ്ചാത്യനാടിനെപ്പിടിച്ചാണയിട്ടു. മലയാളസാഹിത്യത്തെ ജനാധിപത്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന കാലം, ഇത്. അപ്പോൾ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സാഹിത്യത്തിന് എന്തു പ്രസക്തി.

മനസ്സ് കൂർപ്പിക്കുന്ന വായനക്കാരൻ പക്ഷേ, അറിയാതെ പറഞ്ഞുപോകും ഈ ജ്ഞാനതപസ്വിയുടെ എഴുത്തകത്തിലെ വെളിച്ചത്തിന് എന്തൊരു വെളിച്ചം!!

ചാവറയച്ചന്റെ വിനിമയ രൂപങ്ങൾ, രൂപകങ്ങൾ

ലാൽമോഹൻ പി.

സ്ഥല, സമയ രൂപങ്ങൾ വിനിമയ സാധ്യതകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നെന്ന് വിഖ്യാത ചിന്തകൻ മാർഷൽ മക്ലൂഹൻ നിരീക്ഷിക്കുന്നുണ്ട്. ലളിതമായി സൂചിപ്പിച്ചാൽ അടുപ്പം, അകലം, ഇന്നലെ/ഇന്ന്/നാളെ ഇവകൾ കൊളുത്തിയിട്ടിരിക്കുന്നത് വിനിമയത്തിന്റെ വേഗത്തെയും രൂപത്തെയും ഒട്ടിട ഉള്ളടക്കത്തെയും അടിസ്ഥാനമാക്കുന്നു എന്നു തന്നെ. അതായത് വ്യക്തവും സമഗ്രവുമായ ദർശനത്തെ സാധ്യമാക്കാൻ നോക്കുന്ന ദൂരവും സമയവും പ്രധാനമെന്നുതന്നെ. ദർശനം എന്നാൽ കാഴ്ചയെ മഹത്ത്വവൽക്കരിക്കലാണെന്നു ചിന്തകർ പറയും. എന്തായാലും ഉപരികാഴ്ചയുടെ ബോധമാണു ദർശനം. ദർശനങ്ങളെല്ലാം കാഴ്ചപ്പാടുകളെ സമഗ്രമാക്കുന്നുണ്ടുതാനും - അവയേതേതു ദിശകളിലേക്കു ചാഞ്ഞിരിക്കുന്നെങ്കിലും. ഈയർഥത്തിലാണ് ദാർശനികൻ എന്ന അർഥത്തിൽ കുര്യാക്കോസ് ഏലിയാസ് ചാവറയച്ചനെ പരിശോധിക്കാൻ ശ്രമിക്കുന്നത്. ചിന്തയുടെ പോക്കുവരവുകൾക്കുള്ള ഭൂമികയായി ഇവിടെ വർത്തിക്കുന്നത് മതബന്ധമായ ചിട്ടവട്ടങ്ങളാണെങ്കിലും ഉപരിദർശനമായി കാഴ്ചപ്പെടുന്നതു വ്യക്തി/സമൂഹം എന്ന സംഘർഷത്തിലൂടെയാണെന്നു തന്നെ തോന്നുന്നു.

എന്തുകൊണ്ട് ആത്മാനുതാപം

പത്താം വയസ്സിൽ ദൈവത്തിന്റെ വിളിയിലൂടെയാണ് സ്വന്തം വഴിയെക്കുറിച്ചുള്ള ബോധം ചാവറയച്ചനിലുണ്ടാകുന്നതെന്നു ചരിത്രം. 1871 ൽ ആത്മാനുതാപത്തിന്റെ ആദ്യ അഞ്ചു ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തിയതായും പറയുന്നു. വളർച്ചയുടെ ആദ്യനാളുകളിൽ ജീവിതനിഷ്ഠയുടെ വഴികൾ രൂപപ്പെടുംപോലെ തന്നെ ശൈലീപരമായ ചിട്ടകളും ഒരു വ്യക്തിയെ ഉറപ്പിച്ചെടുക്കുന്നുണ്ട്. അതായത് ആശയസ്ഫുരണത്തിന് സുഗമമായ, അനായാസമായ, അതോടൊപ്പം ഫലപ്രദമായ മാർഗമായി ഒരാൾ കഥ/കവിത/നാടകം/ലേഖനം അങ്ങനെ ഏതേതു വഴികൾ സ്വീകരിച്ചുകൂടായ്കയില്ല! ഈ പശ്ചാത്തലത്തിലാണ് ഏതാണ്ട് അക്കാലത്തിന്റെ ഗണനയിൽ പദ്യചാതുരിയുടെ മാനദണ്ഡങ്ങൾ ഒപ്പിയെടുത്ത മാതിരിയുള്ള (Malayalam poetic metres) വരികളിലേക്ക് ആത്മാനുതാപം വെളിച്ചപ്പെടുന്നത്. താളബന്ധമായ ഒരു പൊരുത്തം ഉടനീളം കൊണ്ടുപോകാനും അതിൽ ആകർഷകമായ ചില





തിലൂടെ അനുവാചകരിലേക്കു സുഗമമായി പ്രവേശിക്കാനും ചാവറയച്ചൻ ഉദ്ദേശിച്ചെന്നു വേണം കരുതാൻ. അതായത് ആശയസംക്ഷേപം ഏതു രൂപത്തിൽ വേണമെന്ന സ്വയം ചോദ്യം അദ്ദേഹം നടത്തിയിരിക്കാതെ തരമില്ലല്ലോ?

ആ അർഥത്തിൽ ആ മാധ്യമം ഏതാകണമെന്ന ചിന്ത സങ്കീർണമായി ഏതൊരാളെപ്പോലെയും അദ്ദേഹത്തെയും ആവാഹിച്ചിരിക്കണം. എന്നാൽ ധനിസാധ്യതയും ഭാവഭദ്രതയും തുലോം ഏറിയ അളവിൽ ഉണ്ടെന്നു കണ്ടെത്തിയതു കൊണ്ടാവാം കവിത അദ്ദേഹത്തിന്റെ ശ്രേഷ്ഠമാധ്യമമായത്. സഫലമായ വിനിമയ വക്താവാകണമെങ്കിൽ (Effective Communicator) വിനിമയത്തിന്റെ ഉള്ളടക്കത്തെപ്പോലെയോ, ഒരു പക്ഷേ, അതിലേറെയോ ബോധ്യം വിനിമയത്തിന് ഏതുരൂപം സ്വീകരിക്കണമെന്ന കാര്യത്തിൽ ആവശ്യമാണ്. ആ ബോധ്യത്തിലേക്കു കടക്കാതെ ഒരാൾക്കും കഥയോ കവിതയോ ലേഖനമോ സാധ്യമല്ല തന്നെ. തത്തുല്യമായതാണു സ്വകീയമായ വിനിമയശേഷിയും സ്വാതന്ത്ര്യവും. അത് വ്യക്തിപരമായ ഇച്ഛയെയും ആഗ്രഹത്തെയും ആശ്രയിച്ചിരിക്കുന്നു. അതായത് വ്യക്തിപരമായി തനിക്കു സ്വാതന്ത്ര്യവും സംതൃപ്തിയും വ്യക്തതയും സ്വാധീനവും ഉള്ള രൂപമെന്നതും കവിതയെന്ന നിലയിൽ വേണം ദർശനങ്ങളെ ക്രോഡീകരിക്കാനെന്ന തീരുമാനത്തിന് തുണയായിരിക്കണം. നേരത്തെ സൂചിപ്പിച്ചപോലെ വ്യക്തിപരമായ ഈ തിരഞ്ഞെടുക്കലും സമൂഹത്തെ സ്വാധീനിക്കാൻ തക്ക ഉപാധി ഏതെന്ന തിരിച്ചറിവും യഥാവിധി സമ്മേളിക്കുമ്പോൾ തന്നെയേ ഒരു സൃഷ്ടി എന്ന നിലയിൽ ചരിത്രത്തിലേക്ക് അതു കയറി നിൽക്കൂ. ആയുസ്സറ്റ വാക്കുകൾ എനിക്കുവേണ്ട, വാക്കിന്റെ ആയുസ്സ് വായനയുടെ കണ്ണുകളെ അടയാത്ത ജീവന്റെ അടയാളമാക്കണമെന്നല്ലേ ഏത് എഴുത്തുകാരനും കരുതൂ. 4023 വരികളുടെ ഈ കവിതയെ സ്വകീയമായ ഒരു അനുഭവതലത്തിൽ നിന്ന് സമൂഹത്തിന്റെ ആഗ്രഹ മണ്ഡലത്തിലേക്ക് ഉയർത്തിവിടാനായി എന്നത് മുൻചൊന്ന സാമൂഹിക വിനിമയോപാധിയെച്ചൊല്ലിയുള്ള ശരി അദ്ദേഹം കണ്ടെത്തിയതു കൊണ്ടുതന്നെയാണ്. അല്ലെങ്കിൽ പാടിക്കേട്ടും ചൊല്ലിപ്പറഞ്ഞും കേവല കാലഗണനയിൽ എണ്ണപ്പെടാതെ ഒരു പുസ്തകം മാത്രമായി ആത്മാനുതാപം ഒതുങ്ങിയേനെ. പക്ഷേ, മറിച്ചായതു ചരിത്രം.

സ്വന്തം വഴികളിലൂടെയുള്ള യാത്രയിൽ ആദ്യവും മുന്നിലും പോകുന്നയാൾക്കുള്ള യത്നങ്ങൾ ഒടുങ്ങില്ല എത്ര താണ്ടിയാലും. എന്നാൽ അയാളോളം അനുചരർക്ക് ഐക്യദാർഢ്യപ്പെടാൻ പോന്ന നേതാവും മറ്റൊരാളില്ല. ആത്മകഥകൾ എപ്പോഴും ഒന്നാംകിട സാഹിത്യമായി വിലയിരുത്തപ്പെടുന്നത് അവയുടെ ഈ ഒറ്റയാൾപ്രഭാവം കൊണ്ടാവണം. ഈ വിനിമയ സങ്കൽപം പുകൾപെറ്റതായി കേൾക്കാത്ത ഒരു നാളിലാണ് ചാവറയച്ചന്റെ ആത്മനിഷ്ഠമായ യുക്തികൾ സ്വദർശനത്തെ ആത്മാനുതാപത്തിന്റെ തലക്കെട്ട് അണിയിച്ചതെന്നു തിരിച്ചറിയുമ്പോൾ, ഉള്ളടക്കത്തെ അണിയിക്കാനുള്ള രൂപസൗഷ്ഠവത്തെ അദ്ദേഹം എപ്രകാരം ഉൾക്കൊണ്ടുവെന്നു മനസ്സിലാക്കുമ്പോൾ അദ്ഭുതപ്പെടാതെ വയ്യ. 1871 ൽ പ്രസിദ്ധപ്പെടുത്തിയ ആത്മാനുതാപത്തിൽ സ്വന്തം ജീവിതത്തെയും നാഥന്റെ ജീവിതത്തെയും ആലോചിച്ചു നീണ്ടു പോകുന്ന തത്ത്വചിന്തയോളം പോന്ന വരികളാണ് വഴികളായി തുറക്കപ്പെടുന്നത്. മാതാവിന്റെ ജീവിതയാതനകളും അതിന്റെ സാക്ഷ്യങ്ങളും ദൃശ്യമാകുന്ന വരികളിലൂടെ വായനക്കാരൻ തൊട്ടടുത്തെന്ന ബോധ്യം ഉൾക്കൊണ്ട ഒരു മികച്ച സാഹിത്യകാരൻ കൂടിയായി ചാവറയച്ചൻ മാറുന്നു.

ധ്യാനസല്ലാപങ്ങൾ – കുറിപ്പുകൾ

ആത്മാനുതാപത്തിലേക്കുള്ള വഴിയേത്? അതിനനുയുക്തമാക്കുന്ന പരിശീലനമേത് എന്ന ചോദ്യത്തിനുള്ള പ്രസക്തിയും ചെറുതല്ല. കാരണം കേവലമായ ഒരു പ്രയോഗസൗന്ദര്യമല്ല ആത്മാനുതാപം. എന്നാൽ കൃത്രിമമായ ഒരു പരിശീലനത്തിലൂടെ സാധ്യമാക്കുകയും വയ്യ - കാരണം അത് ലേഖനമോ തത്ത്വചിന്തയോ അല്ല; മറിച്ച് രൂപത്തിൽ കാവ്യമാണ്. ചാവറയച്ചന്റെ ഈ പരിശീലനം സാധ്യമായതിന്റെ വഴികൾ പരിശോധിച്ചപ്പോൾ സ്വാഭാവികമായും തെളിഞ്ഞത് ആത്മനിഷ്ഠമായ സല്ലാപങ്ങൾ തന്നെയാണ്. അതായത് വിനിമയശാസ്ത്രത്തിൽ താരതമ്യേന ഒച്ചയും (Noise) ഇടർച്ചയും ഇല്ലാത്ത ആത്മഭാഷണങ്ങൾ. അവിടെ ഒരാളുടെ സ്വയം ചോദ്യം ചെയ്യലുകളും പ്രാർഥനയും അപരശക്തിയുമായുള്ള മുഖാമുഖങ്ങളും സംഭവിക്കുന്നു. ആത്മചൈതന്യം കൈവരിക്കാൻ ഒരാൾ സ്വയം ചോദ്യം ചെയ്യുകയും ഉത്തരം തേടുകയും വേണമെന്നു തത്ത്വശാസ്ത്രങ്ങൾ നിഷ്കർഷിക്കുന്നതും വെറുതെയല്ല. ഈ പശ്ചാത്തലത്തിൽ ചാവറയച്ചന്റെ ധ്യാനസങ്കൽപങ്ങൾ അദ്ദേഹത്തെ ആത്മാനുതാപത്തിന്റെ വഴിയെ നടത്തിയെന്ന് അനു



മാനിക്കാവുന്നതാണ്. അതിലേക്കു ബാഹ്യമായ ഇടർച്ചകളോ വലിച്ചുനീട്ടലോ ഉണ്ടായില്ല. എന്താണോ അതായിരിക്കുക എന്ന വിശുദ്ധരൂപമാണത്രേ ധ്യാനമെന്ന് വിനിമയശാസ്ത്രത്തിലെ സൈദ്ധാന്തികർ പറഞ്ഞുവച്ചിട്ടുണ്ട്. ഈ ധ്യാനസല്ലാപങ്ങൾ (Meditation colloquies), 32 പേജുള്ള ധ്യാനക്കുറിപ്പുകൾ എന്നിവയുൾപ്പെടെ സഫലമായ എഴുത്തുവഴികൾ ചാവറയച്ചന്റെ വാക്ബലത്തെയും പ്രതിനിധീകരിക്കുന്നെന്നതും ഓർക്കാതെവയ്യ.

ഈ ധ്യാനപ്രബുദ്ധതയെത്തന്നെയാണ് അവയുടെ പരകോടിയിൽ പ്രവചനബുദ്ധിയായി നാം വിശേഷിപ്പിക്കുന്നത്. പുരോഗമനപാതയിലേക്കു കൂടി സമൂഹത്തെ പരിവർത്തിപ്പിക്കേണ്ടതുണ്ടെന്ന ചിന്താപദ്ധതികളിലൂടെയാണ് ഒരു ധ്യാനനിമഗ്നൻ ചിന്തകനോ പ്രവാചകനോ ആയി രൂപാന്തരപ്പെടുന്നത്. വരാനിരിക്കുന്ന നേരത്തെയും ഇഴകീറാനുള്ള പദ്ധതികൾ തയാറാക്കുകയെന്ന ഏകാഗ്രതയും ചിന്താദൃഢതയും കൈവരിക്കുക ക്ലേശകരമാണെന്ന തിരിച്ചറിവും താൻ ഉൾപ്പെടുന്ന വിശ്വാസപദ്ധതിയെ നവീകരിക്കുകയെന്ന പ്രവചനബുദ്ധിയും ചാവറയച്ചൻ കാണിച്ചെന്നത് ഈ ധ്യാനാത്മകമായ വിനിമയശേഷിയുടെ സഹായം കൊണ്ടുകൂടിയാണ്. കാരണം വിനിമയോപാധികൾ ദുർലഭവും ദുസ്സഹമായ ഇടപഴകലുകൾ ദുസ്സഹവുമായിരുന്ന കാലത്താണ് 67 കത്തിടപാടുകളിലൂടെ സ്വസമുദായ രൂപത്തെ പുതിയകാലത്തേക്ക് കൈ പിടിക്കാൻ ചാവറയച്ചൻ മുന്നിട്ടിറങ്ങിയത്. യാഥാസ്ഥികവും ചരി

ത്രപരിചിതത്വം മൂലം രൂഢമൂലവുമായ ഒരു വിശ്വാസപദ്ധതിയെ പരിഷ്കരിച്ചെടുക്കുകയെന്നതിലെ സംഘർഷം ഊഹിക്കാവുന്നതിലും അപ്പുറം തന്നെ. മൂന്നു തലങ്ങളിലായുള്ള ഈ വിനിമയ നിഷ്കർഷകൾ അദ്ദേഹം പുലർത്തിപ്പോന്നു.

1) ആന്തരികമായ വിനിമയ ബലപ്പെടുത്തൽ

2) സ്വസമുദായാംഗങ്ങളോടുള്ള വിനിമയം

3) വിദേശ വൈദിക സമൂഹവുമായുള്ള സമ്പർക്കം.

മൂന്നുതരം രീതികളും രൂപങ്ങളും അവലംബിക്കേണ്ട വിനിമയ ഇടപെടലുകളെ അദ്ദേഹം സുസാധ്യമാക്കിത്തീർത്തെന്നു കരുതാവുന്ന ഉദാഹരണങ്ങളാണ് ഇന്നു നമ്മുടെ മുന്നിലുള്ള ലഭ്യമായ 67 കത്തെഴുത്തുകൾ, തുടർന്നുപോന്ന വിശ്വാസക്രമത്തിൽ അനിവാര്യമായ മാറ്റങ്ങളെ മുൻനിർത്തിയാണ് ഏറിയ പങ്കുമെന്ന് ലഭ്യമായ ചരിത്രപുസ്തകങ്ങൾ രേഖപ്പെടുത്തുന്നു.

നാൽപതുമണി ആരാധന (40 hour adoration), ശനിയാഴ്ച പ്രവൃത്തിദിനമാക്കുക എന്നിങ്ങനെ ലത്തീൻ സമ്പ്രദായങ്ങളെ ഇഴചേർക്കേണ്ട ആവശ്യകതയിലേക്കായി ചാവറയച്ചൻ നിരന്തരം കത്തിടപാടുകളിൽ മുഴുകിയെന്നതു ചരിത്രം. ഒരേസമയം സ്വയം ആശയസുതാര്യതയും ദൃഢതയും നിലനിർത്തുകയും ആഭ്യന്തര സമുദായ അംഗങ്ങൾക്കിടയിൽ ഈ പ്രചാരണത്തിന് വേഗം കൂട്ടുകയും സംശയനിവൃത്തി വരുത്തുകയും ചെയ്യുന്നതിനൊപ്പം, വിദേശ വൈദിക ശ്രേഷ്ഠരിൽ നിന്ന് അനുബന്ധമായ വ്യക്തത വരുത്തുകയും ഈടുറപ്പിക്കുകയും ചെയ്യുന്നതും നിസ്സാരമല്ല തന്നെ.

സുതാര്യതയെന്നാൽ കേവലം തുറസ്സുകൾ മാത്രമല്ല എന്ന് വിനിമയ സൈദ്ധാന്തികനായ മാർഷൽ മക്‌ലൂഹൻ നിരീക്ഷിക്കുന്നുണ്ട്. അവ വിനിമയത്തിന്റെ സാധ്യതയുടെ തുറന്നിടലുകൾ കൂടിയാണ്. സംഭാഷണങ്ങൾ സാധ്യമാകുന്നിടത്തേ സുതാര്യത കൈവരൂ എന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നുണ്ട്. ജനാധിപത്യം രാഷ്ട്രീയത്തിലെ ശ്രേഷ്ഠമായ സംവിധാനമായി മാറുന്നത് ഈ വിനിമയസുതാര്യതയാൽ ആണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. വിനിമയ സമ്പ്രദായത്തിലെ മധ്യവർത്തികളോ നായകതുല്യരായ പരിഷ്കർത്താക്കളോ (opinion leaders) വിനിമയ ചാക്രികതയുടെ ആക്കം കൂട്ടുന്നവരാണെന്ന് മക്‌ലൂഹൻ സമർഥിക്കുന്നു. ആശയനിക്ഷേപവും വിതരണവും ഒരേസമയം സാധ്യമാകുന്ന സങ്കീർണരൂപമാണ് ഇക്കൂട്ടരുടേത് എന്നു സാരം. രാഷ്ട്രീയത്തിലും സാംസ്കാരിക സാഹിത്യരൂപങ്ങളിലും നവോത്ഥാനത്തിന്റെ നെടുനായകത്വം വഹിച്ചവരെല്ലാം ഈ മട്ടിൽ ശ്രദ്ധേയരാണെന്നു സാരം.

ഉച്ചക്കഞ്ഞിയും അറിവിന്റെ ഉപ്പും

നിങ്ങൾക്ക് പഠിപ്പിച്ച ഭാഗങ്ങൾ ഹൃദിസ്ഥമായില്ലേ എന്ന് അധ്യാപകർ ചോദിക്കുന്നതു സ്വാഭാവികവും സാധാരണവുമാണ്. എന്നാൽ പാഠത്തിന്റെ അകവും പുറവും വിനിമയ അളവുകോലുകളിൽ രണ്ടാണ് (Measuring text and context). പാഠത്തിന്റെ അകം സിദ്ധാന്തത്തെയും പുറം പ്രായോഗികതയെയും അർഥമാക്കുന്നെന്നു അതിലളിതമായി പറയാം-അതു കേവലമായി പോകുമെങ്കിലും. താങ്കൾ പഠിപ്പിച്ചതു മനസ്സിലായി, എന്നാൽ മനസ്സിലാകുന്നതു പലതും പഠിപ്പിച്ചില്ല എന്നു വിദ്യാർഥി തിരിച്ചു ചോദിക്കേണ്ടിവരുന്നത് ഈ പ്രതിഭാസം മൂലമാണ്. അതായത് പാഠത്തിന്റെ പരിസരം അതിപ്രധാനമാണെന്നു സാരം. ഈ പാഠപരിസരത്തിൽ നിന്നാണു പരിഷ്കർത്താക്കൾ അവർക്കു വേണ്ട പാഠങ്ങൾ പഠിച്ചതെന്നു അത്യുക്തിയിൽ പറകിലും അതാണ് ശരി. അർഥം ഒരു സാമ്രാജ്യമാണെന്നും പദം രാജാവാണെന്നും നിരീക്ഷിച്ചാൽ പാഠത്തിന്റെ അതിരുകൾ ആരു ഭരിക്കുന്നെന്നു തിരിച്ചറിയാം. അതുകൊണ്ടാണ് പാഠഭേദങ്ങൾ പ്രസക്തമായ വിചാരങ്ങളെ ഉണർത്തി വിടുന്നത്. ബദൽ സാധ്യതകളെ പ്രായോഗിക ചിന്ത ആരായുന്നത്. ഇല്ലെങ്കിൽ ജയം/പരാജയം ദ്വന്ദ്വങ്ങളിൽ അകപ്പെട്ടുപോയേനെ സമൂഹങ്ങളാകെ



ചാവറയച്ചൻ സഞ്ചരിച്ചിരുന്ന വില്ലുവണ്ടി



യും. എന്നാൽ നിലനിൽക്കാവുന്ന സാന്നിധ്യ സംവിധാനങ്ങളായി പ്രത്യയശാസ്ത്രങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും ചിരംനവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ ചിട്ടവട്ടങ്ങൾ ക്ലിഷ്ടമായിരുന്ന കാലത്ത് നവീകരണത്തിന്റെ എഞ്ചുവടി തുടങ്ങേണ്ടത് പട്ടിണിയുടെ പുറംചട്ട തുറന്നശേഷമായിരിക്കണമെന്നു തിരിച്ചറിഞ്ഞതാണ് ചാവറയച്ചന്റെ കർമധീരതയെന്നു കാണാം. വിദ്യാഭ്യാസം ഏത് സാമൂഹികാവസ്ഥയിലും പ്രായോഗികാർഥത്തിൽ ശാരീരികാധ്വാനം കൂടി ആവശ്യപ്പെടുന്ന ഒന്നാണ്. അത് രൂപവും ഉള്ളടക്കവും തമ്മിലുള്ള സംഘർഷവും പരിലാളനയും പോലെതന്നെയാണ്. അതായത് വിദ്യാഭ്യാസത്തിന്റെ രൂപം പാഠത്തെ/വാക്കിനെ/ കാഴ്ചയെ എന്നപോലെ അധ്യാപക/വിദ്യാർഥി സാന്നിധ്യത്തെയും കാംക്ഷിക്കുന്നുണ്ട്. ഉള്ളടക്കത്തിന്റെ ഗാംഭീര്യവും പ്രയോജനവും കരുതി വിദ്യാഭ്യാസം ക്രമഭംഗിയോടെ നടക്കുകയെന്നാൽ അവശ്യസനീയമാണ്. ഈ രൂപത്തെ സുഘടിതമാക്കാനുള്ള ആദ്യ പരിശ്രമമെന്ന നിലയിലാണ് ചാവറയച്ചന്റെ 'ഉച്ചക്കഞ്ഞി പള്ളിക്കൂടങ്ങളിൽ' എന്ന ഉദ്യമത്തെ വിലയിരുത്തേണ്ടതെന്നു തോന്നുന്നു. അത് വിദ്യാഭ്യാസസമ്പ്രദായത്തിന്റെ രൂപത്തെ പ്രതിയുള്ള വിചാരം അദ്ദേഹത്തെ അലട്ടിയിരുന്നെന്നു വേണം നിരൂപിക്കാൻ. ക്രയശേഷിയുള്ള ബൗദ്ധികസമ്പാദ്യത്തിനേ പുരോഗതിയിലേക്കുള്ള ആവിഷ്കാരം സാധ്യമാക്കാനാകൂ എന്ന് അദ്ദേഹം ഉറച്ചു. ഈ അർഥത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസചിട്ടവട്ടങ്ങളിൽ വിപ്ലവകരമായ ഒരു കാൽവയ്പായിരുന്നു ഉച്ചക്കഞ്ഞി പദ്ധതിയുടെ ആവിഷ്കാരമെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. രണ്ടു നൂറ്റാണ്ടിനിപ്പുറവും നാം തുടരുന്ന ഒരു വിദ്യാഭ്യാസഅനുബന്ധ പദ്ധതിയാണ് "ഉച്ചക്ക






ഞ്ഞി" എന്നതും ആ സംഭാവനയെ മഹത്ത്വവത്കരിക്കുന്നുണ്ട്.

അനായാസകരമെന്നു തോന്നാവുന്ന ചിന്തകൾ അവയുടെ ആരംഭത്തിൽ ഏറ്റവും അഗാധമായ ആലോചനകളെ അഭിസംബോധന ചെയ്തിരിക്കുമെന്നതു സത്യമാണ്. കാരണം ഒരു പരിഷ്കാരം എന്ന നിലയിലുള്ള ഈ കണ്ടെത്തലിലേക്ക് അദ്ദേഹത്തെ നയിച്ചിരിക്കുക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മാത്രമായിരിക്കില്ല. മറിച്ച് വരാനിരിക്കുന്ന ലോകക്രമത്തിന്റെ നിലയെക്കുറിച്ചുള്ള സന്ദേഹം കൂടിയായിരിക്കണം ഈ പുതുവഴിക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

വാഹനത്തിന്റെ റിയർവ്യൂ മിററിൽ നോക്കി വണ്ടിയോടിക്കുന്ന ആളെക്കുറിച്ച് മാർഷൽ മക്‌ലുഹൻ പറയുന്നു. അയാൾ മുന്നിൽ നിന്നു വരുന്ന വാഹനങ്ങളെ ശ്രദ്ധിക്കുന്നപോലെ പിന്നിലായി വരുന്നവയെയും ശ്രദ്ധിക്കുന്നു. യഥാർഥത്തിൽ സ്വന്തം യാത്രയുടെ അവസ്ഥയെ തന്നെ അയാൾ ഇടയ്ക്കിടെ തകിടം മറിയ്ക്കുകയാണ്. പിൻകാഴ്ചകളെക്കുറിച്ചുള്ള ഔൽസുക്യം പുരോഗമനങ്ങളെ അപകടത്തിലാക്കുകയാകും ഫലം. അതുകൊണ്ട് വണ്ടി ഓടിക്കുമ്പോൾ മുന്നോട്ടുള്ള ഗതിയാണ് അതെന്ന സത്യസന്ധത ഉൾക്കൊണ്ടുവേണം യാത്ര. പിന്നിൽ നിന്നു വരുന്ന ഈ വണ്ടികളെ അദ്ദേഹം നൊസ്റ്റാൾജിയ എന്നു വിളിക്കുന്നു. ഈ നൊസ്റ്റാൾജിയായിൽ കമ്പം കയറിയാൽ നമ്മുടെ മുന്നിൽ അപകടങ്ങൾ പെരുകുമെന്നും സുഗമവിനിമയം അടുത്ത തലമുറയുമായി അസാധ്യമാകുമെന്നും അവ പറഞ്ഞുവയ്ക്കുന്നുണ്ട്.

ഉൽപതിഷ്ണുത്വം എന്നു വിളിക്കാവുന്ന ഈ മുൻവിചാരങ്ങളിൽ അഗ്രഗണ്യനായിരുന്നു ചാവറയച്ചൻ. വിദ്യാഭ്യാസം എന്നതു സാർവത്രികമാക്കാൻ, സാർവത്രികവും സാമാന്യേന ഏവരും കാംക്ഷിക്കുന്നതുമായ ഒരു വിനിമയ സംസർഗ മാധ്യമമായി അദ്ദേഹം ഉച്ചക്കഞ്ഞി പദ്ധതിയെ വിഭാവനം ചെയ്തു. തികച്ചും സർഗാത്മകമായി അത് ആവിഷ്കരിക്കാനാകുമെന്ന് അദ്ദേഹം നേർക്കുനേർ കണ്ടു. അതായത് റിയർവ്യൂ മിററിലെ വിനിമയ പ്രതിരോധത്തിൽ അദ്ദേഹം അകപ്പെട്ടില്ലെന്നു തന്നെ. പകരം യുഗാന്തരങ്ങൾക്കപ്പുറത്തേക്കുള്ള സഞ്ചാരയോഗ്യമായ ഒരു പാതയിലൂടെ മുന്നേറാൻ തക്ക പ്രാപ്തി കൈവരിച്ചുവെന്നു സാരം.



മാന്നാനം പ്രഥമ സന്ന്യാസവേനത്തിന്റെ ശതാബ്ദി സ്മാരക കവാടം (1831-1931)



മാന്നാനം കുന്നിൽ നിന്നെത്ര ദൂരം

പുല്ലരിക്കുന്ന്, പാലയ്ക്കൽ, പോരൂർക്കര വഴി ജേക്കബ് കണിയന്തറയ്ക്കൊപ്പം യാത്ര ചെയ്യുമ്പോൾ ചാവറയച്ചൻ രണ്ടു കുന്നുകൾ കണ്ടു. ഇതിൽ തുറസ്സായത് ഏതെന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. കൂടുതൽ തുറസ്സായത് കൂടുതൽ നൽകാനും സ്വീകരിക്കാനും ശേഷിയുള്ള ഫലപുഷ്ടിയാണെന്നായിരുന്നത്രെ വിശദീകരണം. ഈ തുറസ്സിനെയാണ് വിനിമയകാരന്മാർ സഫലമാധ്യമം (Effective medium) എന്നു വിശേഷിപ്പിക്കുന്നത്. സ്ഥലരാശിയിലെ തുറസ്സുകൾ വിനിമയത്തിന്റെ അനന്ത സാധ്യതകൾ തുറക്കുന്നു. എത്ര അരങ്ങുകൾ കഴിഞ്ഞു കൊഴിഞ്ഞു തീരുമ്പോഴും നാടകങ്ങൾ ഗ്ലോബ് തിയേറ്റർ അവതരണങ്ങളെ സ്വാഗതം ചെയ്യുന്നു. ഒഴിഞ്ഞ പേജിൽ നിങ്ങൾ മുന്നേറണമെന്ന് യുവകവികളോട് കവിശ്രേഷ്ഠർ ആഹ്വാനം ചെയ്യുന്നു. 'ജാലകങ്ങൾ തുറക്കട്ടെ, തുറക്കട്ടെ അനന്തമാം തുറുങ്കുകൾ' എന്നു വിലങ്ങുകൾ അഴിച്ചിട്ട് വിപ്ലവകാരികൾ പറയുന്നു. തുറസ്സുകൾ ഉള്ളയിടം തന്നെ വേണമെന്ന് ചാവറയച്ചനും ശഠിച്ചതു വെറുതെയായിരിക്കില്ല. ഒഴുകാനുള്ള സ്വച്ഛതയുടെ ഉയരം അദ്ദേഹം കണ്ടെത്തിയതു മാന്നാനം കുന്നിലും. നേരത്തെ പറഞ്ഞുവച്ച സാഹചര്യം (context) ഇവിടെയും പ്രസക്തമാകുന്നു. വിനിമയത്തിന്റെ രൂപവും (form) പാഠത്തിന്റെ അകം പോലെ തന്നെ പുറവും. ആഖ്യാനങ്ങൾ ഏകദിശാപരവും വ്യാഖ്യാനങ്ങൾ ബഹുദിശാസഞ്ചാരിയും ആണെന്നു നിരീക്ഷിക്കുന്നത് ഈ പശ്ചാത്തലത്തിൽ രസകരമായിരിക്കും. ആദ്യനാളുകൾക്കുശേഷം വ്യാഖ്യാനത്തിലേക്കും മറിച്ചു രൂപപരിണാമം സംഭവിക്കുന്ന ഏതൊരാൾക്കും മാറ്റത്തിന് ചേരുന്ന പുറം അനിവാര്യമാണ്. അതായത് പുരോഗമനചര്യയുടെ വിശദീകരണങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും സമ്യക്കായ ഗതി സാധ്യമാകുന്ന ഒരു പരിസ്ഥിതി അനിവാര്യമാകുന്നു. വാതിൽ അടയ്ക്കാനുള്ളതെന്നു പറയുന്ന ശിഷ്യൻ പഠനശേഷം അതു തുറക്കാനുള്ളതാണെന്നു കണ്ടെത്തുന്നതാണ് പാഠത്തിനു പുറത്തുള്ള പരിസ്ഥിതിയുടെ പാഠം.

സ്ഥല, സമയ ഗണനകളിലൂടെ മാത്രം അനാവൃതമാകുന്ന ഒരു കേവല വ്യക്തിത്വമല്ല കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റേത്. എങ്കിലും അദ്ദേഹത്തിന്റെ ദർശനികയുക്തികളുടെ രൂപപരമായ സൂക്ഷ്മതകളെ ഒട്ടിട സ്പർശിക്കുക മാത്രമാണ് ചെയ്തത്. ഉള്ളടക്കത്തെക്കുറിച്ചുള്ള അന്വേഷണം ഈ പഠനത്തിന്റെ പരിമിതികൾക്കുള്ളിൽ സാധ്യവുമല്ല. കാരണം രൂപം നിർണയിക്കുന്ന സങ്കൽപങ്ങളാണ് ഉള്ളടക്കം എന്ന ചിന്താപദ്ധതിയെ പിൻപറ്റിയുള്ള നിരീക്ഷണങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് എന്നതുകൊണ്ട് തന്നെ, അല്ലെങ്കിൽ ഭാവങ്ങൾ കൊണ്ടുതന്നെ നാം വിനിമയം തുടരേണ്ടിവന്നേനെയെന്നും വാക്കുകൾ അപ്രസക്തമായേനെയെന്നും നിരീക്ഷിക്കുന്നതിനാൽതന്നെയെന്ന് ചുരുക്കം. അതായത് കവിതയുടെ പേര് 'ആത്മാനുതാപം' എന്നു കൈക്കൊള്ളുന്നതും മാന്നാനം കുന്നിൽ ചാവറയച്ചന്റെ പ്രവർത്തനം കേന്ദ്രീകരിച്ചതും യാദൃച്ഛികമല്ലെന്നു തന്നെയെന്നുള്ള രൂപവിനിമയ സാധ്യതകളെ മുൻനിർത്തിയുള്ള അന്വേഷണത്തിലേക്കുള്ള ഒരു പ്രവേശിക മാത്രമാണിത്.



കാവ്യപ്രതിഭയിൽ കാലമാറ്റം കല്പിച്ചവൻ

പോൾ തേലക്കാട്ട്

സാഹിത്യത്തിലെ വിശുദ്ധസ്വാധീനങ്ങൾ

സ്പെയിനിലെ ഫ്രാൻസിസ്ക്കൻ സന്ന്യാസിനിയായ മരിയ അഗ്രെദ (1602-1665) രചിച്ച അതിപ്രശസ്തമായിരുന്ന 'ദൈവനഗരം' എന്ന കൃതി '—സ്വകാര്യ വെളിപാടുകളുടെ ഈ മിസ്റ്റിക്കൽ ഗ്രന്ഥം' സ്പാനിഷ് ലോകത്തു മാത്രമല്ല ക്രൈസ്തവ ലോകത്തു മുഴുവൻ 20-ാം നൂറ്റാണ്ടുവരെ പ്രസിദ്ധമായിരുന്നു. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഈ കൃതി മൂലത്തിലും ഇറ്റാലിയൻ ഭാഷയിലും വായിച്ചിരുന്നു. ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ 'ആത്മാനുതാപം' എന്ന മഹാകാവ്യത്തിന്റെ പിന്നിലെ നിർണായക സ്വാധീനമായിരുന്നു. അത് അദ്ദേഹം തന്നെ പ്രസ്തുത മഹാകാവ്യത്തിൽ സൂചിപ്പിക്കുന്നുണ്ട്. 'ആത്മാനുതാപ'ത്തെ ഈ കൃതിയുടെ അകന്ന അനുകരണമായും കാണാം. എന്നാൽ അസാധാരണമായ വെളിപാടുകളും സംഭ്രമജനകമായ പ്രവർത്തനങ്ങളും ചാവറയച്ചൻ ഒഴിവാക്കിയിട്ടുണ്ട്. ഈ കൃതി മാത്രമല്ല ആവിലായിലെ അമ്മത്രേസ്യയുടെ (1515-1582) 'ആഭ്യന്തരഹർമ്യ'വും വിശുദ്ധ ജോൺ ഓഫ് ക്രോസിന്റെ (1542-1591) 'ഇരുണ്ട രാത്രി', 'സ്നേഹഗീത' എന്നീ ഗ്രന്ഥങ്ങളും അദ്ദേഹത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്. സെർവാന്റസിനെപ്പോലുള്ളവരുടെ സാഹിത്യ സംസ്കാരവും അതിന്റെ നവോത്ഥാനവും അദ്ദേഹത്തിന്റെ വീക്ഷണങ്ങളുടെ പിൻബലമാണ്.

സ്പാനിഷ് ലോകത്തെ വളരെ സ്വാധീനിച്ച ആവിലായിലെ അമ്മത്രേസ്യയെപ്പോലെയോ അതിലധികമായോ സ്പാനിഷ് കത്തോലിക്കാലോകത്തേയും സ്പാനിഷ് രാഷ്ട്രീയ മണ്ഡലത്തേയും വളരെ സ്വാധീനിച്ച വ്യക്തിയായിരുന്നു മരിയ അഗ്രെദ. തികച്ചും പുരുഷാധിപത്യസമൂഹത്തിൽ കന്യാസ്ത്രീമഠത്തിനു പുറത്തു പോകാത്ത അവർ ലാറ്റിൻ അമേരിക്കയിലെ തെക്കു പിടിഞ്ഞാറൻ മേഖലയുടെ മിഷനറിയായി അംഗീകരിക്കപ്പെട്ടു. വ്യവസ്ഥാപിത വിദ്യാഭ്യാസം വളരെ കുറച്ചു മാത്രം ലഭിച്ച ഈ വനിത വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ഉയർന്ന തലത്തിൽ പരിഗണിക്കപ്പെട്ടു. 22 വർഷക്കാലം സ്പെയിനിലെ ഫിലിപ്പ് നാലാമൻ രാജാവിന്റെ ഉപദേഷ്ടാവെന്ന വിധത്തിൽ അവർ തമ്മിൽ നടത്തിയ സംവാദത്തിന്റെ 600 കത്തുകൾ അവശേഷിക്കുന്നു. സ്പാനിഷ് ഇൻക്വിസിഷൻ 14 കൊല്ലക്കാലം 'ദൈവനഗരം' പഠിച്ച് അതിന് അനുകൂലമായ വിധി പുറപ്പെടുവിച്ചു. ഇത്രവലിയ സാമൂഹിക സാംസ്കാരിക നിലയിലേക്ക് അവർ എങ്ങനെ വളർന്നു?

മരിയ അഗ്രെദ അറിയപ്പെട്ടതു സാഹിത്യകാരിയായിട്ടല്ല, വെളിപാടിന്റെ ഉടമയായിട്ടാണ്. പക്ഷെ, രണ്ടിന്റെയും വേരന്വേഷിക്കുമ്പോൾ എത്തിച്ചേരുന്നത് ഒരിടത്തു തന്നെ. കാവ്യകാരൻ അഥവാ സാഹിത്യകാരൻ പദ്യമെഴുതുന്നവനല്ല. കാവ്യം അപാരമായ കൽപനിക സിദ്ധിയിലൂടെ മറ്റൊരു ലോകം നമുക്ക് കാഴ്ചവയ്ക്കുന്നതാണ്. അവിടെ അതിന്റെ ആധാരം കൽപനയുടെ സിദ്ധിതന്നെ. സാഹിത്യം ദിവാസ്വപ്നമാണ്. കാണുന്നതിൽ നിന്നു കാണാൻ ആഗ്രഹിക്കുന്നതിനെ കൽപിച്ചുണ്ടാക്കുകയാണ്.

ഗൗരവമായ ഏത് കലാപ്രവർത്തനവും വിമർശനപരമാണ്. അവിടെ പ്രസാദത്തിന്റെ പുതിയ ലോകവും നിഷേധത്തിന്റെ പഴയ ലോകവുമുണ്ട്; ഒന്നു നിഷേധിക്കുമ്പോൾ മറ്റേത് വന്നണയുന്നു. കലാകാരൻ രണ്ടു പാഷണ്ഡതകൾക്കിടയിലാണ്. കാലം വിധിച്ചു തരുന്ന വ്യവസ്ഥയോടുള്ള അന്ധവും അലസവുമായ വിധേയത്വവും കാലത്തോടുള്ള വന്ധ്യമായ കലാപവും. സിസ്റ്റർ മരിയയും ചാവറയച്ചനും തെരഞ്ഞെടുക്കുന്നത് പുതിയ ലോകം കല്പിക്കുന്ന നിഷേധമാണ്. അത് അന്ധമായ വിധേയത്വത്തിനും കലാപത്തിനുമിടയിലെ വിശുദ്ധമായ മാർഗമാണ്; അടിമയുടെ അനുസരണമോ അലസിപ്പോകുന്ന വിശുദ്ധന്റെ വിപ്ലവമോ അല്ല.

കിനാവ് കാണുന്ന വീട്

കാവ്യപ്രതിഭ മിസ്റ്റിക്കലും പ്രവാചികവും തികച്ചും കാല്പനികവുമാകാം. കാവ്യത്തിന്റെ ദിവാസ്വപ്നത്തിന് അനിവാര്യം ഒരു ഇടമാണ്. സ്വസ്ഥമായി സ്വപ്നം കാണാൻ സമുചിതമായ ഒരു ഇടം. അതു സ്വപ്നത്തിനും ദിവാസ്വപ്നത്തിനും പറ്റിയ വീടാണ്. വീട് എന്നത് ഒരു സർഗാത്മക രൂപകമത്രെ. അതിനു യുക്തിയുടെ മേൽത്തട്ടും യുക്തിഹീനമായ അടിത്തട്ടുമുണ്ട്. വീട് ഉറക്കത്തിന്റെ മണ്ഡലമാണ്. ഭയരഹിതമായി എല്ലാം വച്ച് തണുപ്പിച്ച് ഉറങ്ങാൻ ഒരിടം. അമ്മയുടെ ഗർഭപാത്രത്തിലേക്ക് എന്നപോലെ നാം ശിശുക്കളായി പിൻവാങ്ങുന്ന ഇടമാണ് വീട്. വീടിന്റെ അടിത്തട്ടിൽ എല്ലാത്തരും ഭ്രാന്തുകളും കുഴിച്ചിട്ടിട്ടുണ്ട്. അതിന്റെ മേൽത്തട്ടിൽ എല്ലാ ഉന്നതമായ ചിന്തകളും ആഗ്രഹങ്ങളും മോഹങ്ങളും വിളിക്കപ്പെടാൻ കാത്തിരിക്കുന്നു. ഇവിടെയാണ് എല്ലാ രഹസ്യങ്ങളും സൂക്ഷിക്കപ്പെടുന്നത്. ഇവിടെയാണ് ഗൂഢാലോചനകൾ നടക്കുന്നത്. ഇവിടെയാണ് ഇതിവൃത്തങ്ങൾ ഉണ്ടാക്കപ്പെടുന്നത്. ഇവിടെയാണ് നിശബ്ദതയുടെ വേദി. ഈ നിശബ്ദത എന്നത് ഒരുവൻ അവനിൽത്തന്നെ വസിക്കുന്നതാണ്. ഒരുവൻ അവന്റെ ശരീരമാകുന്ന ആലയത്തിൽ വസിക്കുന്നു. ജീവിതം അവിടെയാണ്. അവിടെ നിന്നാണ് ലോകം തുടങ്ങുന്നത്. നമ്മുടെ ഭൂതകാലം നമ്മുടെ ഏകാന്തതയുടെ വേദികളാണ്. ഭാവിയും ഭൂതവും വർത്തമാനവും ഇടങ്ങളാണ്. ഏകാന്തതയുടെ വേദികളാണ് സർഗാത്മക മണ്ഡലങ്ങൾ. ഈ ഏകാന്തതയോടുള്ള സർഗാത്മക പ്രതികരണമാണ് സാഹിത്യമായി ജനിക്കുന്നത്, അതു ദിവാസ്വപ്നമാണ്. അവിടെ യഥാർഥ്യത്തെ ഭിന്നമായി നാം സങ്കൽപിക്കുകയാണ്.

കവിത വായിക്കുക എന്നതു തന്നെ കിനാവ് കാണലാണ്. വീടാണ് സമാധാനത്തിൽ കിനാവ് കാണാൻ സഹായിക്കുന്നത്. ദിവാസ്വപ്നക്കാരനെ വീട് സംരക്ഷിക്കുന്നു. കിനാവ് കാണുന്നവൻ അവന്റെ ഭൂതത്തിൽ നിന്നു മാത്രമല്ല യാഥാർഥ്യത്തിൽ നിന്നും വേർപെട്ടവനാകുന്നു. കിനാവ് ഭാവിയുടെ മുഖമായിട്ടാണ് പ്രത്യക്ഷപ്പെടുക. കിനാവ് കാണുന്നവൻ ലോകം പണിയുകയാണ്, അവൻ ബാബേൽ ഗോപുരം നിർമിക്കുകയാണ്. വളരെ മുകളിലായാലും അവൻ കീഴോട്ട് കുഴിക്കുന്നു. ബാബേൽ ഗോപുരത്തിന്റെ അടിയിലേക്ക് അടിസ്ഥാനമിടാൻ. അവൻ എത്ര അടിയിലേക്ക് പോയാലും അമ്മയുടെ ഗർഭപാത്രത്തിനടിയിലേക്ക് പോകാനാവില്ല.

പഴയ ലോകമാണ് പുതിയ ലോകത്തിന്റെ പൊളിച്ചെഴുത്തിന്റെ വിഷയമാകുന്നത്. പുസ്തകം മാറ്റിയെഴുന്നതുപോലെ ഇന്നലെയുടെ വസ്തുവകകൾ കൊണ്ടുതന്നെ നാളെയുടെ കിനാവ് കാണുന്നു. ഇതു രൂപകങ്ങളുടെ ഘോഷയാത്രയിലാണ്. രൂപകങ്ങൾ തിളച്ചു മറിഞ്ഞു കാതിലും കണ്ണിലും വന്നലയ്ക്കുകയാണ്. സ്വപ്നലോകം ഒരു പുസ്തകശാലപോലെയാണ്. ലോകത്തിന്റെ തന്നെ അനേകം സ്വർഗീയ പതിപ്പുകൾ. ഇതെല്ലാം കല്പനയുടെ മായാജാലത്തിൽ സങ്കൽപിച്ച് ഉണ്ടാക്കുകയാണ്.

ഈ സങ്കൽപം ഏകാന്തതയുടെ ഫലമാകുന്നു. അതോടൊപ്പം അത് ഉറക്കത്തിന്റെയും ഫലമാണ്. ഉറക്കം അഹത്തിന്റെ ഉറക്കമാണ്. കാവ്യകാരൻ കൽപിക്കുന്നതു സ്വന്തം കഥയല്ല, അഹത്തിന്റെ അത്യാഹിതങ്ങളുമല്ല. കാവ്യവൃത്തിയിൽ ഉറക്കം അനി





വാര്യമാണ്. തന്റെ അഹത്തെ ഉറക്കി അഹത്തിൽ നിന്നു പിൻവലിയണം. ഉറക്കവും മരണവും തമ്മിലുള്ള അന്തരം സ്വപ്നത്തിന്റേതാണ്. മരണത്തിൽ സ്വപ്നമില്ല, അതു നാം അറിയുന്നുമില്ല. ഉറങ്ങുന്നവൻ സ്വപ്നം കാണുന്നത് അഹത്തിന്റെ സുഷുപ്തിയിലും ഏതോ ജാഗ്രത ഉണർന്നിരിക്കുന്നതു കൊണ്ടുമാണ്. ഈ ജാഗ്രതയാണ് ഉറക്കത്തിൽ സ്വപ്നം കാണിക്കുന്നത്. സ്വപ്നം കാണുന്നവൻ ആരാണ്? ഉറങ്ങുന്നവനോ? അവൻ ഉറങ്ങുകയല്ലേ? സ്വപ്നം കാണുന്നവൻ സ്വപ്നത്തിൽ ഉണ്ടാകണമെന്നില്ല. സ്വപ്നം കാണുന്നവൻ ഉറങ്ങുന്നവനാണോ എന്നും ഉറപ്പില്ല.

ഉറക്കത്തിലെ ജാഗ്രത

ഞാൻ ഉറങ്ങുമ്പോഴും അസ്തിത്വം എന്നിൽ ജാഗ്രതയിലാണ്. ഈ ജാഗ്രതയിലേക്കുള്ള മടക്കം ഉറക്കത്തിലും ഉണർവിന്റെ ഏകാന്ത ധ്യാനത്തിലും സംഭവിക്കാം. അതീന്ദ്രിയ ധ്യാനം നിശബ്ദതയുടെ ആഴമേറിയ ആദിയിലേക്കുള്ള മടക്കമാണ്. ആദി എന്നത് ഉൽപത്തിയുടെ ആദിയാണ്. എല്ലാറ്റിന്റെയും ആദി. ഈ ആദി എന്നിൽ വെളിപ്പെട്ട് എന്നിൽ സംസാരിക്കും, എന്നിൽ വിടരും. അതിന് ആദിയിലേക്കുള്ള മടക്കത്തിന്റെ ഉറക്കവും ആദിയിലേക്കുള്ള ഉണർവും ആവശ്യമാണ്.



ചാവറയച്ചൻ ജീവിച്ച സമൂഹം പല പ്പോഴും വലിയ വിധേയത്വത്തിന്റേതായിരുന്നു. കാലത്തിന്റെ നാട്ടുനടപ്പിനെ വിധിയായി സ്വീകരിച്ചു ജീവിച്ചവർ. ഈ വിധേയത്വം അപരന്റെ സഹനത്തോടുള്ള ഒരുതരം അന്ധതയായി മാറി. തിന്മകളെ വല്ലാത്ത സഹിഷ്ണുതയോടെ വീക്ഷിച്ചവർക്ക് അവയൊന്നും തിന്മയല്ലായിരുന്നു--അതൊരു ധാർമികതയുടെ മരവിപ്പായിരുന്നു. ജാതീയതയിൽ ആഴ്ന്നു കിടന്നവർ. ആൾക്കൂട്ടത്തിന്റെ സാധാരണത്വത്തിനപ്പുറം കടന്നുചിന്തിക്കാനോ സങ്കൽപിക്കാനോ കഴിയാത്ത സ്ഥിതിയാണിത്. ഇവിടെ പഠനം, അന്വേഷണം എന്നൊക്കെ പറയുന്നതു ചില വിവരശേഖരണം മാത്രമായി. അതു സത്യാന്വേഷണമല്ല. ശരിയായി അറിയുന്നവൻ അറിവിന്റെ അതിരു കണ്ടവനും അറിവിന്റെ അതിർത്തികളിൽ വലിയ പ്രതീക്ഷയോടെ അന്വേഷിക്കുന്നവനുമാണ്. പലർക്കും പഠനം സ്വന്തം പഠനശാഖയിലുള്ള വിഗ്രഹാരാധനയും പുതിയ അന്വേഷകരോടു പുലർത്തുന്ന പുച്ഛവുമാണ്.

പ്രാകൃതമനുഷ്യൻ പിശാചുക്കളുടെ മുമ്പിൽനിന്നു ധീരമായി അവർക്കു പേരിട്ടവനും അവരുടെ വിക്രിയകളെ അങ്ങനെ നിയന്ത്രിച്ചവനുമാണ്. ചാവറയച്ചന്റെ സമൂഹത്തിലും പിശാചുക്കളുണ്ടായിരുന്നു. അച്ചൻ അവയ്ക്കു പേരിടാൻ തയ്യാറായി, അവരെ കുമ്പിട്ടാരാധിക്കാൻ മനസ്സായില്ല. സമൂഹത്തിന്റെ സഹനദുരിതങ്ങളുടെ മുമ്പിൽ സ്വന്തം തൊലി സംരക്ഷിക്കാനല്ല അദ്ദേഹം തയ്യാറായത്. അപരന്റെ സഹനദുരിതങ്ങൾക്ക് ഉത്തരവാദിത്തം ഏൽക്കുന്നവരാണു സാഹചര്യത്തെ മാറ്റുന്നത്. ഏറ്റവും പ്രധാനം പ്രശ്നങ്ങൾക്കു പേരിടാൻ ഭാഷ കണ്ടെത്തുക എന്നതാണ്. ഏതു ചെകുത്താനും പേരിടാൻ പഠിച്ചവന് അതിനെ ചങ്ങലയ്ക്കിടാം. അതിനു തന്നിലുള്ള ദൈവിക അഗ്നിയെ പുജിക്കാനും കത്തിക്കാനും ആത്മബലം വേണം. തെറ്റു സത്യത്തിന്റെ വെളിപാടു നിമിഷമാണ്. വലിയ സത്യബോധനമാണു ജീവിതസാഹചര്യത്തിന്റെ തിന്മയെ കാണിക്കുന്നത്. സത്യത്തിന്റെ വെളിപാടുള്ളവൻ മാത്രമാണു തെറ്റുകൾ കാണുന്നത്, തെറ്റിൽ വേദ

നിക്കുന്നത്. തിന്മ കാണാൻ നന്മ വേണം, അതില്ലാത്തവർ തിന്മ കാണാനാകാത്ത അന്ധതയിലായിപ്പോകും. കവിയും മിസ്റ്റിക്കും പ്രവാചകനും ആദിയിലേക്ക് മടങ്ങുന്നവനും ആദിയിലേക്ക് കാതു കൊടുത്തിരിക്കുന്നവനുമാണ്.


മരിയ അഗ്രെദയുടെ മഠം ഇത്തരം ഒരു ഭവനമായി; അതു കൊടുത്ത നിശ്ശബ്ദമായ സുഷുപ്തിയിൽ നിന്നുണ്ടായ കാൽപനിക ഭാഷണമായിരുന്നു അവരുടെ ദർശനങ്ങൾ അഥവാ വെളിപാടുകൾ. ചാവറയച്ചന്റെ *ദർശനവീടി*ന്റെയും *താപസവന*ത്തിന്റെയും *ബെസ്റ്റാ*മയുടെയും ഭവനത്തിൽ നിന്നാണ് അദ്ദേഹം കാവ്യസാധനയുടെ കാൽപനികമായ ദർശനങ്ങളും കാഴ്ചപ്പാടുകളുംകൊണ്ട്, ചരിത്രത്തിൽ ഇടം കണ്ടെത്തുകയും ചരിത്രത്തെ മാറ്റുന്ന വിധത്തിൽ സഭയിലും സമൂഹത്തിലും സ്ഥാനം ഉറപ്പിക്കുകയും ചെയ്തത്.

പാശ്ചാത്യരുടെ ആധിപത്യത്തിന്റെ സഭയിൽ ചാവറയച്ചൻ ഒരു ഇടം കണ്ടെത്തിയതിന്റെ പിന്നിലും മരിയ അഗ്രെദയുടേതുപോലുള്ള വിഘടനങ്ങളുടെ അതിജീവനവുമുണ്ടായോ എന്നതു ചരിത്രപഠിതാക്കൾ പറയേണ്ട കാര്യമാണ്. ഏതായാലും ചാവറയച്ചൻ പാശ്ചാത്യർക്ക് വിരുദ്ധനായിരുന്നില്ല. പക്ഷേ, പാശ്ചാത്യർ സർവമനസ്സോടും കൂടി സുറിയാനിക്കാരനായ ഇദ്ദേഹത്തെ സ്വീകരിച്ചു എന്നും വരുന്നില്ല. അദ്ദേഹത്തെ മെത്രാനാക്കാനുള്ള മെത്രാന്റെ നിർദേശങ്ങൾ ശക്തമായി എതിർത്തവർ ഇവിടെ ഉണ്ടായിരുന്നു. പാശ്ചാത്യരോടുള്ള ചാവറയച്ചന്റെ സമീപനത്തെ അംഗീകരിക്കാത്തവർ സുറിയാനിക്കാരുടെ ഇടയിലും ഉണ്ടായിരുന്നല്ലോ. ഇതെല്ലാം മറികടന്ന് സുറിയാനിക്കാരൻ വികാരി ജനറാളാകുകയും സന്ന്യാസം സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ചരിത്രത്തിലെ ഇടം അദ്ദേഹം കാവ്യാത്മകമായി ചരിത്രത്തിൽ ഇടപെട്ടതിന്റെ ഫലമാണ്.

ഏറ്റുപറച്ചിലിന്റെ ആത്മകഥനം

ചാവറയച്ചന്റെ കാവ്യാത്മകമായ സാഹിത്യ സംഭാവനയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ വൈദേശികമായ ഒരു വെളിച്ചത്തിന്റെ പ്രാധാന്യം എടുത്തു പറയാതിരിക്കാനാവില്ല.

> "വെൺമയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാ മൂഢൻ എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ നിന്നെസ്സേവിപ്പാൻ വഴികാട്ടുവാൻ പന്തം തന്നു. അയ്യയ്യോ, മഹാ ദുഃഖമടിയൻ വളർന്നപ്പോൾ നെയ്യുമില്ലാഗ്നിയില്ലാ, പുകയുന്നതും കണ്ടേൻ ഇപ്പോലെയുള്ള മഹാ ദുർഭാഗ്യമാർക്കുണ്ടായിയല്പൻ ജ്ഞാനിയാതെ കെട്ടയ്യോ മമവെട്ടം."



എന്ന് 'ആത്മാനുതാപ'ത്തിൽ വായിക്കുമ്പോൾ എഴുത്തച്ഛനെ അനുകരിക്കുന്ന കേരളീയശൈലി സ്വീകരിച്ചു എന്ന് സുകുമാർ അഴിക്കോട് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷെ, അദ്ദേഹം വൈദേശീയവും ദേശീയവുമായ അതിനൂതന സന്ധാനക്രിയയുടെ ശതാബ്ദി സൃഷ്ടി നടത്തി എന്നും വ്യക്തമാക്കുന്നു. ഈ സന്ധാന പ്രക്രിയയ്ക്ക് പല മാനങ്ങളുണ്ട്. ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ കാവ്യശൈലിയിലെ ആത്മഭാഷണമാനമാണ്. അദ്ദേഹത്തിന്റെ കാവ്യം അനുതാപത്തിന്റെ ആത്മകീർത്തനമാണ്, അനുതാപജന്യമായ ആത്മാവിന്റെ സാക്ഷ്യമാണ്. വി. അഗസ്റ്റിന്റെ 'ഏറ്റുപറച്ചിൽ' ഇവിടെ മാതൃകയാണ്. സ്വന്തം ആത്മാവിന്റെ കഥനമായി അതു മാറുന്നു. സാഹിത്യത്തെക്കുറിച്ച് മോറീസ് ബ്ലാഞ്ചോ എഴുതിയതുപോലെ അത് ആത്മാവിന്റെ മരണമെഴുത്താണ്.



എഴുത്തിനെക്കാൾ പ്രധാനം എഴുത്തുകാരനാണ് എന്ന ചിന്ത പ്രൊട്ടസ്റ്റന്റ് വിപ്ലവത്തോടെ പ്രതിഷ്ഠിതമായതാണ്. റോളാങ് ബാർത്ത് എഴുതിയതുപോലെ അതു മുതലാളിത്തത്തിന്റെയും സ്വകാര്യസ്വത്തവകാശത്തിന്റെയും ഒരുതരം 'അവനവനിസ'ത്തിന്റെയും ഫലമാണ്. ഇന്ന് സാഹിത്യത്തിൽ എഴുത്തുകാരന്റെ നാമം പരമാധികാരത്തോടെ നിലകൊള്ളുന്നു. അയാളുടെ വികാരം, വ്യക്തിത്വം, ചിന്ത എന്നിവ എഴുത്തിൽ പ്രകടമാകുന്നു. സാഹിത്യരചനയിൽ എഴുത്തുകാരന്റെ അഹം മരിക്കണം. എഴുത്തിൽ എഴുത്തുകാരൻ, എഴുതുന്ന ആഖ്യമാത്രമാണ്, ഭാഷയുടെ ഐക്യം നിലനിറുത്തുന്നവൻ.

അഗസ്റ്റിന്റെ ആത്മകഥയിൽ അദ്ദേഹത്തിന്റെ 'ഞാൻ' എന്ന ബോധത്തിലെ ഞാനല്ല എഴുത്തിന്റെ വിഷയം. എന്റെ അഹം ബോധമല്ല എഴുത്തിന്റെ വിഷയം. അതുകൊണ്ട് എഴുത്ത് എന്റെ പിൻമാറ്റത്തിന്റെ വിലാപവുമാണ്. അവിടെ എഴുതപ്പെടുന്നതു 'നിന്റെ' കഥയാണ്. 'നീ എന്നിലായിരുന്നു, എന്നാൽ ഞാൻ നിന്നിലായിരുന്നില്ല' നീ എന്റെ അകത്തായിരുന്നു; ഞാൻ പുറത്തായിപ്പോയി എന്നീ വാചകങ്ങളിൽ അഗസ്റ്റിൻ വിലപിക്കുന്നു. അഗസ്റ്റിന്റെ ബോധമണ്ഡലം 'നീ' കൊണ്ടു നിറഞ്ഞിരിക്കുന്നു. ഇതേ വിധത്തിലുള്ള ഏറ്റുപറച്ചിലാണ് മരിയ അഗ്രെദയിലും കാണുന്നത്. അവിടെ 'നീ' കന്യകാമറിയമാണ് എന്നതാണ് പ്രത്യേകത. ഈ ബോധതലം പശ്ചാത്താപത്തിന്റെയുമാണ്. അതുകൊണ്ടാണ് അഗസ്റ്റിൻ എഴുതിയത് 'ഞാൻ പിഴയ്ക്കുന്നു എങ്കിൽ ഞാനുണ്ട്' (si fallor sum). പിഴപ്പിലാണ് 'ഞാൻ' എന്ന ബോധം നിലകൊള്ളുന്നത്. ഈ ബോധത്തിന്റെ ഉറക്കവും മരണവുമാണ് സന്ന്യാസവും അതിന്റെ തപസ്സും അർഥമാക്കുന്നത്. അതുകൊണ്ട് ചാവറയച്ചൻ എഴുതി: 'എന്റെ യിഷ്ടമൊക്കെ വിട്ടു നിന്റെയിഷ്ടം ചെയ്യ്വാൻ' (339). 'കുറ്റം ചെയ്തു പിഴച്ചഹം മമ സ്നേഹനാഥന്റെ സന്നിധേ' (342). ചാവറയച്ചൻ ചോദിക്കുന്നു: 'എനിക്ക് എന്റേതായ മനമുണ്ടോ?... എന്നോട് കൽപിച്ചതു ചെയ്യാൻ മാത്രമാണ് ഞാൻ സന്നദ്ധൻ.'

കുരിശിന്റെ യോഹന്നാൻ സ്വന്തം സന്ന്യാസ സമൂഹത്തിൽ നിന്നും സന്ന്യാസ സഹോദരന്മാരിൽ നിന്നും അനുഭവിച്ച കണക്കില്ലാത്ത പീഡനങ്ങളുടെയും അവഹേളനങ്ങളുടെയും ഒരു കഥയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലൊന്നിലും സ്ഥാനം പിടിച്ചിട്ടില്ല എന്നതുതന്നെ കൃതിയുടെ കർത്താവിന്റെ മരണത്തിന് ഉത്തമ ഉദാഹരണമാണ്. ഇതുപോലുള്ള തിക്താനുഭവങ്ങൾ ധാരാളം ചാവറയച്ചന് ഉണ്ടായിട്ടുണ്ട് എന്നത് അദ്ദേഹത്തിന്റെ ചരിത്രം ശ്രദ്ധാപൂർവം പഠിച്ചിട്ടുള്ളവർ പറയും. എന്നാൽ അതൊന്നും അദ്ദേഹം ഒരിടത്തും പരാമർശിച്ചിട്ടില്ല.

കടത്തുകടക്കൽ

ഈ വിധത്തിലുള്ള മരണത്തിന്റെ താപസഭവനത്തിൽ വസിച്ച ചാവറയച്ചന്റെ ദർശനമാണ് എഴുതുന്നത്.

"എങ്കിലും മഹാ തപസനുഷ്ഠിച്ചവരെല്ലാം
ശങ്കയില്ലാതെ നിന്റെ സന്നിധിയണഞ്ഞവർ
പാപിയാം ഞാനോ മമ പാപാബ്ധി കാണുന്നിതാ
താപസനായിടുവാൻ മേ ശക്തി വശഹീനം"

പാപത്തിന്റെ അബ്ധി എന്ന സാഗരം കടക്കുന്ന തപസ്സാണിവിടെ വിവക്ഷിതം. അതൊരു കടത്തുകടക്കലാണ്. അഹത്തിന്റെ ഇക്കരെ നിന്ന് അപരനിലേക്കു കടത്തു കടക്കുന്നു. അതു ഗ്രീക്കുകാർ പറഞ്ഞിട്ടുള്ളതുപോലെ മറവിയുടെ പാതാളനദി കടന്നു സത്യത്തിലേക്ക് (Aletheia) എത്തിച്ചേരലാണ്. ഇതു മറവിയുടെ കടലാണ്, അതു കാമത്തിന്റെ കടലുമാണ്. അതൊരു മറവിയാണ്, ഉറക്കവും മരണവുമാണ്. കുരിശിനോടു ചേർത്ത് ചാവറയച്ചൻ പാടുന്നു

"നിൻ മീതെ ശയനിച്ചു സുനിദ്ര ഭവിഷ്പനായ്
എൻ മനസ്സെത്ര ദാഹാൽ മോഹിച്ചു."(310)

"നിന്നുടെ മരണത്തിൽ പങ്കാളി ഞാനും കൂടെ
എന്നുടെ യഹന്തയാൽ ഭാഗ്യം ഞാനില്ലാതാക്കി."

ഈ കടത്തുകടക്കൽ നിത്യതയ്ക്ക്





അനിവാര്യമാണ്. ഇതു ശൂന്യതയിൽ നിൽക്കുന്നവന്റെ കാത്തുനിൽപാണ്. ഈ നിൽപിൽ അത്യന്തം വിസ്മയകരമായത് ഇവിടെ ലഭിക്കുന്ന അറിവ്, അറിവില്ലായ്മയാണ് എന്നതു തന്നെ. ഇതൊരു സ്വപ്നലോകമാണ്. ദർശനത്തിന്റെയും വിശ്രമത്തിന്റെയും ഉറക്കത്തിന്റെയും ഇടം. ഇവിടെ മനുഷ്യൻ ഏകാകിയാണ്. അതവന്റെ ദർശനലോകമാണ്, സ്വപ്നങ്ങളുടെയും മൂല്യങ്ങളുടെയും ലോകം. ഈ വീട് മുകളിലാണ്. ഇവിടമാണ് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ 'സ്വപ്ന സന്തോഷങ്ങളുടെ' ഉറവിടമാകുന്നത്. ഇതാണ് ചാവറയച്ചന്റെ ബേസ്റൗമ.

ചാവറയച്ചനും സംഘവും ചേർന്ന് സ്ഥാപിച്ച സന്ന്യാസസമൂഹത്തിന്റെ ആദ്യഭവനം മാന്നാനം കുന്നിൽ മുകളിലായത് ആകസ്മികമല്ല. ഉന്നതങ്ങളിലുള്ള ഭവനത്തെ (ബേസ് റൗമ) എന്നും കുർബാനയിൽ ആഘോഷിക്കുന്നവരാണ് തങ്ങളുടെ ഭവനം ഉന്നതത്തിലായിരിക്കണമെന്ന് ഭൗതികമായും ആഗ്രഹിച്ചത്. ഈ ഉന്നതമായ വീട് ദർശനവീടായിരുന്നു. ഈ കൊവേന്തയെക്കുറിച്ചുള്ള കാഴ്ചപ്പാട് മനുഷ്യന്റെ സൂത്രഫലമെന്നതിനെക്കാൾ ദൈവത്തിന്റെ ഉപദേശപ്രകാരമായിരുന്നു എന്നു ചാവറയച്ചൻ വ്യക്തമായി എഴുതി. അതിന്റെ ലക്ഷ്യം സ്വന്തം ആത്മരക്ഷയോ ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ അല്ലായിരുന്നു. ദൈവസേവനം 'ലൗകിക കാര്യത്തിലും കുടുംബകാര്യത്തിലും ഇടപെടുക' എന്നതുതന്നെയായിരുന്നു.

അതു ചരിത്രത്തിൽ നിന്നുള്ള രക്ഷപ്പെടലല്ല, ചരിത്രത്തിലുള്ള ഇടപെടലാണ്. അത് ചരിത്രം സൃഷ്ടിക്കലാണ്. അതിന്റെ പ്രേരകമായ ആത്മീയത ഭാരതീയമോ പൗരസ്ത്യമോ ആയിരുന്നില്ല; അത് പാശ്ചാത്യമായിരുന്നു. 'വ്യക്തമായി പറഞ്ഞാൽ പാശ്ചാത്യ നാഗരികതയിൽ നിർണായക സ്വാധീനം സൃഷ്ടിച്ച ഡൊമിനിക്കിന്റെതായിരുന്നു. 'ഭൗതികമായ എല്ലാറ്റിന്റെയും നിഷേധത്തിലൂടെ അതിഭൗതികമായതിലേക്കു രക്ഷപ്പെടുന്ന ദ്വൈതവാദം ഉപേക്ഷിച്ച് ഈ ലോകചരിത്രത്തിൽ ഇടപെട്ടുകൊണ്ട് ഈ ലോകത്തെ നവീകരിക്കുന്ന ചരിത്രസൃഷ്ടിയുടെ പാതയായിരുന്നു അത്. അതു ചരിത്രത്തെ മായയായി കണ്ട ഭാരതീയ വീക്ഷണമായിരുന്നില്ല. അതുപോലെ സാമൂഹികമായയാതൊരു ഇടപെടലുമില്ലാത്ത ആത്മരക്ഷമാത്രമായി മാറിയ പൗരസ്ത്യ സമീപനവുമായിരുന്നില്ല.

"അന്യനായി പരദേശത്തലഞ്ഞു നടന്നപ്പോൾ
മാന്യമായി മ്മക്കൊങ്ങെന്നെ വസതി നല്കീ ശുഭം
രോഗിയായി വലഞ്ഞു ഞാൻ ജയിൽവാസിയുമായി
ആരോഗ്യം വരുത്തുവാൻ സഹായിച്ചല്ലോ നിങ്ങൾ."

ഡോമിനിക്കൻ സന്ന്യാസം യൂറോപ്പിനു നല്കിയതു മഹാനായ ആൽബർട്ട്, തോമസ് അകിനാസ്, മയിസ്റ്റർ എക്കാർട്ട് പോലുള്ള ചരിത്രം മാറ്റിമറിച്ച മഹത്തുക്കളെയും പ്രതിഭകളെയുമാണ്. ഇവരുടെ സന്ന്യാസം ആഴമാർന്ന ധ്യാനത്തിന്റെതായപ്പോഴും അതു പഠനത്തിന്റെയും പ്രാർഥനയുടെയും കൂടുംബക്ഷേമ സേവനങ്ങൾ പോലുള്ള പ്രവർത്തനങ്ങളുടേതുമായിരുന്നു.

എഴുത്തുകാരന്റെ ചലനം സ്ഥലചലനമല്ല, രൂപകചലനമാണ്, രൂപങ്ങളുടെ ഘോഷയാത്രയാണ്, പദങ്ങളുടെ പരേഡ്. അതു സ്വന്തം മണ്ണിന്റെയാണ്.

"അനാദ്യഗുണനിധേ, സർവേശാ, പരാപരാ
അനന്തദയാന്വിതാ, സർവമംഗലദേവാ!"

"തന്റെ നീതിയെ പാർപ്പാൻ
മുന്നമേ കലിയുഗം തന്നിലങ്ങറിയിച്ചു."

പതിനഞ്ചിലേറെ ഗാനവൃത്തങ്ങളിലൂടെ അദ്ദേഹം പാടുന്നു. മാത്രമല്ല ഹിന്ദു സംസ്കാരത്തിന്റെ കീർത്തനങ്ങളും അദ്ദേഹം ഉൾച്ചേർക്കുന്നു. ഈ കാവ്യത്തിന്റെ പുറംചട്ടയിൽ പൊതിഞ്ഞു നല്കുന്നത് വൈദേശികവും ക്രൈസ്തവവുമായ സംസ്കാരമൂല്യങ്ങളാണ്, ദർശനങ്ങളാണ്. ആ വിധത്തിൽ ആരും സംസാരിക്കാത്ത ഭാഷയായി അതു മാറുന്നു. അതാണ് ചരിത്രം സൃഷ്ടിക്കുന്നത്, ചരിത്രത്തെ മാറ്റുന്നത്.

കൽപനയുടെ ലോകത്തിൽ

കേരളത്തിന്റെ അന്നത്തെ ലോകത്തിൽ ഇല്ലാത്തതാണ് അദ്ദേഹം കൽപിച്ചിട്ടുണ്ടാക്കുന്നത്. അസാന്നിധ്യത്തിനാണ് ഭാഷ കൊണ്ടു സാന്നിധ്യരൂപങ്ങൾ സൃഷ്ടിക്കുന്നത്. ഈ സങ്കൽപങ്ങളാണ് കർമങ്ങൾക്ക് ചാലുകീറുന്നത്, കർമങ്ങൾക്കു തീകൊളുത്തുന്നത്. കർമത്തിന്റെ ബോധത്തിനു ചിത്രങ്ങൾ ഉണ്ടാക്കികൊടുക്കുകയാണ്. സങ്കൽപിക്കുന്നത് രൂപകങ്ങളും ചിത്രങ്ങളും കഥകളും ഉൽപ്രേക്ഷകളുമാണ്. കർമത്തിന്റെ അനിവാര്യത ആദർശത്തിന്റെ ചിത്രലോകമാണ്. അതാണ് ചാവറയച്ചൻ ഉണ്ടാക്കുന്നത്.

കാവ്യലോകത്തിന്റെ സങ്കൽപം കാണുന്ന ലോകത്തിന് അതീതമായ പ്രതിഷേധവും വന്യമായ ലോകത്തിന്റെ മെരുക്കലുമാകാം. ഈ കാവ്യത്തിന്റെ പ്രാർഥന ഭൗതികതയുടെ ചലനമാണ്. ഭൗതിക ഭൂമി മേഘങ്ങളുമായി സന്ധിക്കുന്നു, കൂട്ടികൾ പക്ഷികളുമായി എന്നപോലെ. ഏതു സ്വപ്നവും ദിവാസ്വപ്നവും നിലവിലുള്ള ക്രമത്തെ തച്ചുടക്കുന്ന അക്രമമാകും. ഭൗതി



കതയുടെ ഉള്ളറകളിൽ കടന്നു ഖനനം ചെയ്തു രൂപകങ്ങളും ചിത്രങ്ങളും ഭാഷയുമാണ് പുറത്തെടുക്കുന്നത്.

ഭൗതികതയിലെ അന്തർലീനമായ മൂലാഗ്നിക്കു പുതിയ രൂപം നൽകുന്ന ക്രിയയാണിത്. അതു നരകത്തിന്റെ അഗ്നിയാണ്, പക്ഷേ, പറുദീസയുടെ വെളിച്ചമാക്കാവുന്നതുമാണ്. അതു പൊള്ളിക്കുന്ന ഭീകരതയാണ്, അതു പാകം ചെയ്യുന്ന അടുപ്പുമാകും. അത് അക്രമത്തിന്റെ തീയാണ്. അതു സ്നേഹത്തിന്റെ പ്രഭയുമാണ്. അഗ്നിപർവതമാണ്, അതു ശ്വാസം മുട്ടിക്കുന്ന പുകയുമാണ്. പക്ഷേ, അതു സ്വർഗവെളിച്ചവും ഉയർച്ചയുടെ ഊർജവും പറക്കുന്ന ശക്തിയുമാണ്. അതു പാതകത്തിന്റെ അരിശമാണ്, അതു ധർമത്തിന്റെ രോഷവുമാണ്. ധർമപുരോഗതിയുടെ പടികളാണ്, എഴുന്നേൽക്കലും നടക്കലും ഓട്ടവും നൃത്തവും പറക്കലും. ഭൂമിയിൽ നിന്നു പറക്കുന്നവൻ ലോകത്തിന്റെ വെട്ടിപ്പിടിത്തക്കാരനല്ല, ലോകം ഉപേക്ഷിക്കുന്നവനാണ്. മാറിയ ധർമാചരണത്തിന്റെ രൂപങ്ങൾ പുതുമയുള്ള ആയിത്തീരലിന്റെ വഴിവെട്ടലാണ്. അതു ലക്ഷ്യത്തിലേക്ക് തൊടുക്കുന്ന അസ്ത്രം പോലെയാണ്. അസ്ത്രത്തിന്റെ രൂപകം ലോകത്തിൽ ആയിരിക്കുന്നതിന്റെയല്ല ലോകത്തെ ഒരു പദ്ധതിയാക്കി മാറ്റുന്നതിന്റെയാണ്. സ്വപ്നലോകത്ത് നാം പറക്കുന്നതും നമുക്കു ചിറകുള്ളതുകൊണ്ടല്ല; നമുക്കു ചിറകുണ്ട് എന്നു നാം കരുതുന്നതു നാം പറക്കുന്നതു കൊണ്ടാണ്. ആത്മാവിന്റെ പറക്കൽ ദൈവിക മായ ആകർഷണത്താലാണ്. ദൈവത്തിന്റെ ഉച്ഛ്വാസമാണ് വായു. അതിൽ പറക്കുമ്പോൾ നാം ദൈവത്തിന്റെ പാതയിലാണ്. മേഘങ്ങൾ സ്വപ്നരൂപാന്തരീകരണത്തിന്റെ സഹായികളത്രെ.

പറയാനാവാത്ത ആദർശങ്ങളുടെ ആകാശത്തേക്കാണ് നാം പറക്കുന്നത്. ആദർശവത്ക്കരണത്തിന്റെ സങ്കൽപത്തിലേറുന്നത് ഒരു ഇച്ഛയിലാണ്. ആയിരിക്കുന്നത് അങ്ങനെ ആയിരിക്കാൻ പാടില്ല എന്ന കോപം. കോപത്തിന്റെ അമ്ലം യഥാർഥത്തെ അടിച്ചു രൂപപ്പെടുത്തുന്നു, സങ്കൽപത്തിൽ. ഇങ്ങനെ സങ്കൽപിക്കുന്നതു മാറ്റാനുള്ള ഇച്ഛയിലാണ്. ഒരു പുതിയ ധർമത്തിന്റെ വ്യാകരണവും അതിന്റെ ശീലുകളുമാണിവിടെ സൃഷ്ടിക്കുന്നത്. ഇത് ഏറെ വ്യക്തമായി ചാവറയച്ചൻ മനസ്സിലാക്കി എന്നതാണ് ശക്തമായ യുദ്ധമാണ് ജീവിതത്തിന്റെ ദൗത്യമെന്ന് അദ്ദേഹം എഴുതുന്നത്. ജറുസലേം സൂനഹദോസിൽ പങ്കെടുക്കാൻ എഫേസൂസിൽ നിന്നു ജറുസലേമിലേക്ക് കന്യകാമാതാവും യോഹന്നാനും കപ്പൽ യാത്ര ചെയ്യുമ്പോൾ പിശാച് സൃഷ്ടിച്ച കടൽക്ഷോഭത്തിൽ അമ്മയോട് പ്രാർഥിക്കുമ്പോൾ അമ്മയുടെ ഉപദേശം ചാവറയച്ചൻ കുറിക്കുന്നു.

> "ഇക്കാലം യുദ്ധത്തിന്റെ കാലമെന്നറിക നീ
> കെല്പോടെ യുദ്ധം ചെയ്ക നീതിയും സാഥൻപ്രതി
> എങ്കിലുമൊരു ജനം മുടിഞ്ഞിടുകയില്ല.
> ശങ്കിക്ക വേണ്ട സാഥൻ തുണയ്ക്കും സുനിശ്ചിതം."

ഈ പൈശാചിക പീഡനം അകത്തും പുറത്തുമാണ്.

> "ബ്രഹ്മചാരിണികളായ് അറിയപ്പെട്ടു നാട്ടിൽ
> ബ്രഹ്മമില്ലതിനുള്ളിൽ കാപട്യം മഹാകഷ്ടം."

ഇവിടെ ലോകത്തിന്റെ ചിത്രമാണ് മാറുന്നത്. അതു ലോകത്തെ മാറ്റുന്നു. ഈ കാവ്യസങ്കൽപങ്ങളും ചിത്രങ്ങളും ഭൂതത്തിന്റെ പ്രതിധ്വനികളല്ല. 'ഓർമ പൂർണമായി മരിക്കാതിരുന്നിട്ടും ആ ഓർമകളെ മറികടക്കുന്ന പുതുമയുടെ പുക്കാലം പിറക്കുന്നു. ഈ ലോകത്തോട് യുദ്ധം വെട്ടുന്ന ചാവറയച്ചൻ അതു ചെയ്യുന്നത് ലോകം തൂക്കി നോക്കുന്ന വിലയിരുത്തലിലാണ്. ലോകത്തിന്റെ തൂക്കം നോക്കുന്നവൻ പറക്കാനുള്ള



ഒരുക്കത്തിലാവണം. ഭൂമിയിൽ അധികം വസിച്ചു ഭൂമിയിലുള്ള ആളുകളുടെ ഒത്തു തീർപ്പിൽ തൂക്കം വച്ച് ലൗകീകനാവാത്തവനുമാത്രം സാധിക്കുന്നതാണിത്. അവിടെ ചോരയുടെ ചൂടാവലുണ്ട്. ദഹിപ്പിക്കുന്ന അഗ്നിയുടെ പ്രബുദ്ധതയുമുണ്ട്. അവിടെ നിലനിൽക്കുന്നതിനെ അതിലംഘിക്കുന്ന അനുസരണക്കേടുമുണ്ട്. തീ തൊടല്ലേ എന്ന മുൻതലമുറയുടെ അനുശാസനത്തോടുള്ള ബഹുമാനപൂർവകമായ അനുസരണക്കേടിന്റെ അഗ്നിപൂജയുമുണ്ട്. അഗ്നിഹോമത്തിന്റെ അതിലംഘനമാണ് അതു പഠിപ്പിക്കുന്നത്.

സുകുമാർ അഴിക്കോട് സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുള്ളതുപോലെ ചാവറയച്ചൻ ഒരു സന്ധാനശതാബ്ദത്തിന്റെ തന്നെ സ്രഷ്ടാവായിരുന്നു. മതത്തെ സാഹിത്യവത്ക്കരിക്കുകയും സാഹിത്യത്തെ മതവത്ക്കരിക്കുകയും ചെയ്തു എന്നതിൽ മാത്രമല്ല സാംസ്കാരിക പക്ഷത്തു നിന്ന് ദേശീയതയുടെ സാംസ്കാര പാരമ്പര്യങ്ങൾ സ്വീകരിച്ചപ്പോഴും പാശ്ചാത്യ നവോത്ഥാനത്തിന്റെ വെളിച്ചത്തെ സ്വീകരിച്ചു ചരിത്രത്തിൽ മാറ്റം വരുത്തി എന്നതാണ്. സംസ്കൃതവും മലയാളവും സുറിയാനിയും നിലനിറുത്തുമ്പോൾ തന്നെ ബാബിലോണിന്റെ സുറിയാനി തഴക്കങ്ങളിൽ കെട്ടിക്കിടക്കാൻ അദ്ദേഹം സന്നദ്ധനായില്ല. റോക്കോസുമായി ബന്ധപ്പെട്ട വേദകലാപത്തിന്റെ പ്രസക്തിയിതാണ്.

ബാബിലോൺ കേരളത്തിന്റെ നസ്രാണി ക്രൈസ്തവർക്കു "ഭാവി നിഷേധിക്കുന്നു" എന്ന ദീർഘദർശനം നടത്തിയ നാളെയുടെ കഥാകാരനായിരുന്നു ചാവറയച്ചൻ. സഭയുടെയും സമൂഹത്തിന്റെയും ആയിരിക്കുന്ന കഥയെ നാളെയുമായി തട്ടിച്ച് ആകാമായിരുന്നതും ആയിരിക്കേണ്ടതുമായ കഥ അദ്ദേഹം കൽപിച്ചു. ഇന്നിനെ നിഷേധിച്ച് നാളെയുടെ സ്വപ്നലോകത്തിലേക്ക് ധീരമായി നടന്നവനായിരുന്നു അദ്ദേഹം. 'വർത്തമാന പുസ്തക'ത്തെ സംബന്ധിച്ച് പാലയ്ക്കൽ തോമസ് മൽപാനോട് യോജിക്കുന്നതും അതുകൊണ്ടുതന്നെ. സുറിയാനി പാരമ്പര്യത്തെ അദ്ദേഹം നിരാകരിച്ചില്ല. പക്ഷെ, തുടർച്ചയുള്ള ഒരു ഇടർച്ചയായി അദ്ദേഹം ചരിത്രം സൃഷ്ടിച്ചു. അന്നത്തെ കേരള സമൂഹത്തിൽ തീണ്ടിക്കൂടാത്തവർ മേൽജാതിക്കാരിൽ നിന്നനുഭവിച്ച ഉച്ചനീചത്വം അതേ സാന്ദ്രതയിൽ ശീശ്മക്കാരിൽ നിന്ന് ചാവറയച്ചൻ അനുഭവിച്ചിട്ടുണ്ടാകാതിരിക്കാൻ ഇടയില്ല. അടിമ-ഉടമ വ്യവസ്ഥിതിയിൽ അടിമ സാധാരണമായി ആഗ്രഹിക്കുന്നതു വ്യവസ്ഥിതി മാറ്റാനല്ല, വ്യവസ്ഥിതിയിൽ ഉടമയാകാനാണ്. ബ്രാഹ്മണർ മാർഗം കൂടിയവരാണ് സുറിയാനി ക്രിസ്ത്യാനികൾ എന്നു കരുതിയിരുന്ന അക്കാലത്ത് അതിന്റെ മൂപ്പന്മാരാരും വ്യവസ്ഥിതി തച്ചുടയ്ക്കാൻ ചെറുവിരൽ അനക്കാൻ ഇടയില്ല. എന്നാൽ ചാവറയച്ചൻ വ്യവസ്ഥിതി പൊളിച്ചെഴുതുന്ന കാവ്യകാരനായി എന്നതാണ് ദൈവികമായ വെളിപാട് മാനം.

കവിരേവ പ്രജാപതി

വിദൂരമായ ആദിയുടെ മുഖമാണ് ചാവറയച്ചന് സമീപസ്ഥനായ മനുഷ്യൻ. മനസ്സിന്റെ ഉൾത്തലത്തിലെ അപരൻ എന്ന പേരില്ലാത്തവനാണു മനസ്സിൽ സാക്ഷിക്കുന്നത്. "ഇങ്ങനെ മനമന്ദിരത്തിന്റെ ഉള്ളിൽ പുക്കു നേരമേ, അങ്ങതിനുടെ മധ്യേ തുങ്ങുന്നവെട്ടമുള്ളവിളക്കാ" (160)യിട്ടാണു ചാവറയച്ചൻ അതിനെ വിശേഷിപ്പിക്കുന്നത്. അതു മനുഷ്യനിൽ സൃഷ്ടിക്കുന്നത് ഒരു ഉത്തരവാദിത്തബോധമാണ്. അത് അപരനോട് ഉത്തരം പറയാനുള്ള സന്നദ്ധതയാണ്. ഈ സന്നദ്ധത എന്റെ അഹത്തിന്റെ നിലപാടിൽ മാറ്റം വരുത്തുന്നു. ആ മാറ്റം എന്റെ ഭാഷയിലും വന്നുചേരുന്നു. മനസ്സിലെ അപരനു പേരു നല്കാൻ വിസമ്മതിക്കുന്നവരുണ്ടാകാം. ഏതായാലും അതാണു ധർമബോധമായി ജീവിതത്തിൽ ആചരിക്കപ്പെടുന്നത്.

ഇരുകാലിമൃഗമെന്ന വിധത്തിലുള്ള മനുഷ്യന്റെ മരണത്തിലാണ് ഉന്നതനായ മനുഷ്യൻ ജനിക്കുന്നത്. അവൻ അരചാൺ വയറിനപ്പുറം വിശക്കുന്നവനും അരയ്ക്കു മുകളിൽ ആഗ്രഹിക്കുന്നവനുമാണ്. അതുകൊണ്ടാണു പറയുക മനുഷ്യരുടെ കാര്യത്തിൽ ഇടപെടുന്നവൻ ദൈവവുമായി മല്ലിടുന്നു എന്ന്. അവൻ ദൈവത്തിന്റെ അസാന്നിധ്യത്തിന്റെ ഭാഷ പറയും. ഭാഷ നമ്മെ കൂടാതെ ഉണ്ടായി, അതു നമുക്കു മുമ്പുണ്ട്. അതുകൊണ്ടു ഭാഷ ദൈവത്തെ അറിയിക്കും. ആയിരിക്കുന്നതിനെ കാണുന്നവർ ആയിരിക്കൽ കാണാതെ പോകാം; ഉള്ളതിൽ ഉണ്മ കാണാതിരിക്കാമല്ലോ. അതു കാണാൻ തുടങ്ങുന്നവനാണ് ഉന്നതനായ മനുഷ്യൻ. അവൻ എല്ലാം മനസ്സിലാക്കാനുള്ള ശ്രമത്തിൽ എല്ലാറ്റിലേക്കും തിരിച്ചുപോകുന്നു. ഈ മടക്കത്തിലാണു മനുഷ്യന്റെ ഭാഷ സാഹിത്യമാകുന്നത്. ഒന്നിനെക്കുറിച്ചുമല്ലാതെ പറയുന്ന ഭാഷ. അത് ഇല്ലാത്തതു കാണുകയും പറഞ്ഞുണ്ടാക്കുകയും ചെയ്യും. അതു ധർമഭാഷണമാണ്, ഉദാത്തതയുടെ ഭാഷണം, നിശ്ശബ്ദതയുടെ ശബ്ദം.



ഈ കാവ്യമെന്ന ധർമഭാഷണം നില നിൽക്കുന്ന സദാചാരത്തെ സാധൂകരിക്കു ന്നതോ പിന്താങ്ങുന്നതോ ആകണമെന്നില്ല. എന്നാൽ അത് ഏതോ വെളിപാടും ഏതോ ആനന്ദവും നൽകുന്നു. അതു ലോകത്തിന്റെ ഒരു പതിപ്പാണ്. ഈ പതിപ്പുണ്ടാക്കലിൽ ഒരു സ്ലോറ് മായ്ക്കലുണ്ട്. സാമൂഹ്യവിപ്ലവകാരി യെപ്പോലെ സാഹിത്യകാരൻ സമൂഹ യാഥാർഥ്യങ്ങളെ നേരിട്ടു മാറ്റാൻ വിപ്ലവാ ഹ്വാനം നടത്തുന്നില്ല. അവിടെ മാറ്റത്തിന്റെ കർത്താവു തന്നെ അപ്രത്യക്ഷനാണ്. യാഥാർഥ്യത്തിന്റെ മേലുള്ള നടപടി പരോ ക്ഷമാണ്. സമൂഹമാറ്റത്തിനുള്ള കർത്തരിപ്ര യോഗമില്ല, കർമണിപ്രയോഗമേയുള്ളൂ. സാഹിത്യം എഴുത്തുകാരന്റെ മരണമായതു കൊണ്ടുതന്നെ മാറ്റത്തിന്റെ കർത്താവ് അയാ ളല്ല. സാഹിത്യം ആവശ്യപ്പെടുന്നതു സ്വാത ന്ത്ര്യവും അതിന്റെ ഇടപെടലുമാണ്. അവിടെ നിർവിചിതമായ ലക്ഷ്യമോ അർഥങ്ങളോ ഇല്ല. വാക്കുകൾക്കു സ്വകാര്യ അർഥവുമില്ല. പരമ്പരാഗതമായ ശബ്ദങ്ങൾതന്നെ. പക്ഷേ അവയ്ക്ക് അർഥം വിപ്ലവകരമായി മാറ്റിയതു പ്രകടമല്ല. അവിടെയാണ് അട്ടിമറിയുടെ ലോകവീക്ഷണം അന്തർലീനമായിരിക്കുന്ന ത്.

മതത്തെ ഒരു ആദർശസാമൂഹികത യുടെ അന്യവത്കരണമായി മാർക്സ് കണ്ടു. മാനുഷികതയുടെ അന്യവത്കരണത്തിന്റെ ഭാഷയാണു സാഹിത്യം. സാഹിത്യത്തിൽ രൂപമെടുക്കുന്ന നടപടികൾ എല്ലാവിധ ത്തിലും വിപ്ലവനടപടികൾക്കു സമാനമാണ് എന്നു ബ്ലാൻചോ എഴുതി. ദൈവസ്നേഹം പരസ്നേഹത്തിന്റെ സാഹിത്യഭാഷണമായി മാറുന്നു. ചാവറയച്ചൻ എഴുതി:

> "എന്നുടെ സ്നേഹം നീയേ നന്മയുമെനിക്കു നീ
> നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു."

ഇരുണ്ട രാത്രിയുടെ വെളിപാട് ചരി ത്രത്തെ ഉയർത്തുന്നതു കേരളത്തിലെ ജന തയുടെ ചരിത്രത്തിന് ഉത്ഥാനം നല്കിക്കൊ ണ്ടാണ്. അതുകൊണ്ടുതന്നെയാണ് ലോകാ

നുരാഗമാണെന്റെ മതമെന്ന് ഒ.എൻ.വി. പാടിയത്. അദ്ദേഹം തുടർന്നു: "എന്റെ മനസ്സിന് ഒരു ക്രിസ്തുവാകാൻ കഴിഞ്ഞാൽ അതിൽ പരം ഒന്നുമില്ല."

ഇങ്ങനെയൊരു സാംസ്കാരികമായ ചിത്രമാറ്റം സൃഷ്ടിക്കുന്നതിൽ ചാവറയച്ചന്റെ ചരിത്രത്തിലെ കാവ്യഇടപെടൽ അതീവ പ്രധാനമായി. അതു പള്ളിയോടു കൂടി പള്ളിക്കൂടങ്ങൾ തുടങ്ങുന്നതു മുതൽ സംസ്കൃതസ്കൂൾ, അച്ചടി, ആരാധനയിലെ പരിഷ്കാരങ്ങൾ, 40 മണി ആരാധന, സന്ന്യാസ സമൂഹങ്ങളുടെ സ്ഥാപനം തുടങ്ങി അനവധിയായ ചരിത്ര തുടക്കങ്ങളുടെ സൃഷ്ടിയാണ്. എല്ലാം ദീപ്തമായ ഒരു പ്രബുദ്ധതയുടെ, ആന്തരികതയുടെ കവിഞ്ഞൊഴുകലായി മാറി. ഈ ആന്തരികതയുടെ പ്രവാഹമാണ് അദ്ദേഹത്തിന്റെ സാഹിതി സംബന്ധമായ രചനകൾ.

"ഒകെയുമിതിലെന്റെ നാവിനാൽ കാട്ടീടുവാൻ
ശക്യത എതുമില്ല പറയാൻ വശം നാസ്തി."

എന്ന വലിയ ദുഃഖവുമുണ്ടായി. ഇത് ഏതു കവിയുടെയും ദുഃഖവുമാണ്. എങ്കിലും സുറിയാനി ക്രിസ്ത്യാനികളിൽ നൂറ്റാണ്ടുകളായി കൊളുത്തിയ തിരുവേദത്തിന്റെ വിളക്കു ജാതീയതയുടെ പറയിൽ ഒളിക്കപ്പെടുന്നതു തിരിച്ചറിഞ്ഞവനായി അദ്ദേഹം. ഈ ചരിത്രനിർമിതിയുടെ ബോധത്തിൽ നിന്ന് അദ്ദേഹത്തിന്റെ ശിമയോൻ കേപ്പ അതുകൊണ്ട് ഈ നസ്രാണികളോടു പറയുന്നു.

"സ്നേഹമേറീടും മമ മക്കളാം ക്രിസ്ത്യാനികൾ
സ്നേഹമായി സൂക്ഷിക്കണം നമ്മുടെ നാഥൻ യേശു
തന്നുടെ തിരുവേദം പ്രസിദ്ധപ്പെടുത്തുവാൻ
തന്ന കല്പനവശാലോരോരോ രാജ്യങ്ങളിൽ."

മരിയ ഭക്തനായ ചാവറയച്ചൻ മറിയത്തിന്റെ വേദവും എഴുതി.

"എത്രയും സ്നേഹപ്പെട്ട മക്കളെ നിങ്ങൾക്ക് ഞാൻ
ശുശ്രൂഷക്കാരി, ദാസി നിങ്ങൾതൻ സമൂഹത്തിൽ
എന്നുടെയപേക്ഷയെ, അറിയിപ്പതിന്നായി
തന്നനുഗ്രഹിക്കണം നിങ്ങളിന്നനുവാദം."

ചാവറയച്ചൻ കവിയായിരുന്നു-നാളെയുടെ കഥ പറഞ്ഞ കവി എന്ന പ്രവാചകൻ. ആ വിധത്തിൽ പ്രജാപതിയുമായി സുറിയാനി ക്രൈസ്തവരുടെ ചരിത്രത്തിൽ. കാളിദാസൻ വാല്മീകിയെക്കുറിച്ചു എഴുതി "രുധിതാനുസാരി കവി" എന്ന്. ചാവറയച്ചൻ സൃഷ്ടിച്ച സന്ധാന സംസ്കാരത്തിൽ മനുഷ്യ ദുഃഖത്തിന്റെ കുരിശിന്റെ വഴിയിൽ മനുഷ്യ രോധനത്തിന്റെ പിന്നാലെ പോകുന്ന സഭ ജീവിക്കുന്നു.

സന്ധാനശതാബ്ദി ചാവറയച്ചൻ സൃഷ്ടിച്ചു എന്നൊരിക്കലും അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. ഈ പുതിയ കാഴ്ചപ്പാടും അതിന്റെ രൂപക ഉദ്ഘാടനങ്ങളും താനല്ല നിർവഹിച്ചത് എന്ന അഹംബോധത്തിന്റെ അസാന്നിധ്യം വിളിച്ചു പറഞ്ഞുകൊണ്ട് അദ്ദേഹം ഉയരങ്ങളിലേക്ക് കൈകൾ ഉയർത്തുന്നു. ഉൽപത്തി പുസ്തകത്തിന്റെ കർത്താവും ഉൽപത്തിയുടെ കഥനത്തിൽ ലോകവും അതിലെ ഒന്നും ഉണ്ടായത് മനസ്സിലാക്കാൻ കഴിയാതെ സ്വർഗത്തിലേക്ക് കൈകളുയർത്തുകയാണല്ലോ. സൃഷ്ടിയുടെ രഹസ്യം ആദിയുടെ രഹസ്യമന്ത്രണമാണ്. അതിൽ രഹസ്യം അറിയിപ്പിന്റെ വിശ്വാസത്തിലെടുക്കലും അതിലേറെ പ്രതീക്ഷയുമുണ്ട്. സൃഷ്ടിയുടെ രഹസ്യം അറിയുന്നവന് അത് പറയാനാവില്ല; അറിയാത്തവർ പറയുന്നു. അവരുടെ പറച്ചിൽ ബേക്കൺ എഴുതിയതുപോലെ മണൽക്കാടുണ്ടാക്കുന്ന ഉണക്ക വെളിച്ചം (Lumen sicuum) മാത്രം നല്കുന്നു.

അമ്മയുടെ ഭൂപടം

ജോൺ മണ്ണാറത്തറ

കുഞ്ഞിന് അമ്മ സ്നേഹത്തിന്റെ ജൈവിക സാന്നിധ്യമാണ്. സ്നേഹത്തെ തൊടാം, കേൾക്കാം, രുചിക്കാം, കാണാം, മണക്കാം. സ്നേഹത്തെ ഇങ്ങനെ പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമാക്കിത്തരുന്ന ആരമീയ അനുഭൂതിയാണ് അമ്മ. അമ്മിഞ്ഞ കുടിക്കുമ്പോൾ വയറും മനസ്സും നിറയും, ശരീരവും മനസ്സും വളരും.

ആദ്യം അമ്മയ്ക്കുള്ളിലും പിന്നെ അമ്മയ്ക്കു ചുറ്റും ഭ്രമണം ചെയ്യുന്ന ചെറിയ ഗ്രഹമാണ് കുഞ്ഞ്. അമ്മയേക്കാൾ വളർന്നാലും ഈ ഗ്രഹം അമ്മയ്ക്കുള്ളിലാണ്. മനുഷ്യൻ



അമ്മയുടെ കാന്തിക വലയത്തിലാണ്. അമ്മയിൽ നിന്നു കുഞ്ഞിനെ എടുത്തു മാറ്റിയാൽ കുഞ്ഞ് എവിടെപ്പോകും? അമ്മയെന്ന ഭൗതികസാന്നിധ്യം തേടി അത് അലയും. അലഞ്ഞലഞ്ഞ് അത് തളർന്നുറങ്ങും. അമ്മയില്ലാതെ അതിനുണരാൻ കഴിയില്ല.

അമ്മ നഷ്ടമാകുന്നതാണ് പറുദീസ നഷ്ടം. അമ്മയെ അകറ്റിയാൽ നമ്മുടെ ഭൂമി ശ്മശാനമാകും. ആരാണ് അമ്മയെ മക്കളിൽ നിന്നകറ്റുന്നത്? രോഗമോ, യുദ്ധമോ, വെറുപ്പോ? എന്താകിലും അതു സൃഷ്ടിക്കുന്ന ശൂന്യത ഭയാനകമാണ്.

ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട അമ്മയുടെ പടം വരച്ച് അതിൽ കിടന്നുറങ്ങുന്ന ബാലികയുടെ ചിത്രം സോഷ്യൽ മീഡിയകളിലൂടെ ലോകശ്രദ്ധയാകർഷിച്ചു. ഇവിടെയുദ്ധമാണ് കുഞ്ഞിനെ അമ്മയിൽ നിന്നകറ്റിയത്. അമ്മയെ നഷ്ടപ്പെട്ട ബാലിക കരഞ്ഞ് തളർന്നു. ഭൗതികസാന്നിധ്യം വീണ്ടെടുക്കാൻ മനസ്സിൽ പതിഞ്ഞ അമ്മയുടെ ചിത്രം അവൾ മണ്ണിൽ വരച്ചു. അമ്മയുടെ ഭൂപടം. അതിൽ കിടന്നുറങ്ങി. അരുവികളും നദികളും ഹരിതലോകവും മിനറലുകളും ഒക്കെ ഉള്ള അമ്മയുടെ ഭൂപടം. ധമനികൾ നദികളാണ്. നെഞ്ചിടിപ്പുകൾ ജീവന്റെ താളമാണ്. ആശ്ലേഷണങ്ങൾ മിന്നലുകളാണ്. അവൾ ചിത്രത്തോടു ചെവിചേർത്തുവച്ചു. അമ്മയുടെ നെഞ്ചിടിപ്പുകൾ കേട്ടുറങ്ങി. അമ്മ മരിച്ചിട്ടില്ലെന്ന് അവൾക്കു ബോധ്യമായി. മരണം എന്തെന്ന് അവൾക്കറിയില്ല. അനാഥരാകുന്നത് അമ്മയെ നഷ്ടപ്പെടുന്നവരാണ്. വെറുക്കുന്നവരും കൊല്ലുന്നവരും അമ്മയെ ആത്മീയമായിട്ടെങ്കിലും നഷ്ടപ്പെട്ടവരാണ്.

ആര്/എന്ത് അമ്മയെ അപഹരിച്ചാലും എന്നും അമ്മയുടെ ഭൂപടത്തിനുള്ളിൽ കഴിയുക. അമ്മയുടെ ഭൂപടത്തിന് ഹൃദയത്തിന്റെ രൂപമാണ്. മക്കൾ അതിൽ അഭയം തേടുന്നു.

ചാവറ അമ്മയുടെ ഭൂപടം തീർത്തത് നൂലിൽ കോർത്ത ജപമാലകൊണ്ടാണ്. തന്റെ ഭ്രമണപഥം കൊന്തയും മന്ത്രങ്ങൾ ജപമാലയുമായി. ഓരോ വ്യക്തിയും കുടുംബവും



സമൂഹവും മാതൃഭക്തരായി ദൈവത്തിനു ചുറ്റും പ്രദക്ഷിണംവയ്ക്കുന്നവരാകാൻ ചാവറ തീവ്രമായി ആഗ്രഹിച്ചു.

"ഓ മ്മ മഹാസ്നേഹ ധാമ്മേ കുരിശേ ! നീ
വേഗമായ് വന്നു നിന്റെ മാറിൽ നീ കൈക്കൊൾകെന്നെ."

കുരിശിൻ ചുവട്ടിൽ സ്ഥാനമുറപ്പിച്ച ചാവറ തന്നെ ആശ്ലേഷിക്കാൻ ക്രൂശിതനായ ക്രിസ്തുവിനോടാവശ്യപ്പെടുന്നു. അമ്മയുടെ മാറിൽ അഭയം തേടിയ ബാലനായ ചാവറ ഇപ്പോൾ ഈശ്വരന്റെ കരവലയത്തിൽ അകപ്പെടാൻ പ്രാർഥിക്കുന്നു. ദൈവത്തിന്റെ ആശ്ലേഷമാണ് ചാവറയ്ക്ക് ആവ്യതിയും ആശ്രമവുമായിത്തീർന്നത്. താൻ ചലിക്കേണ്ട കർമപഥം തന്റെ ആവ്യതിയാവുകയാണ്. ഈ ആവ്യതി ദൈവത്തിന്റെ സ്വന്തം നാടും.

"തന്നുടെ രാജ്ഞി പിരിഞ്ഞെന്നേയ്ക്കുമകന്നിടു-
മെന്നുള്ള ദുഃഖം നെഞ്ചിൽകൊത്തിക്കൊണ്ടറിയിക്കും



ഇങ്ങനെ രാജ്ഞി തന്റെയാശീർവാദത്തിനായി
അങ്ങവർ പാർത്തുംകൊണ്ട് പ്രവൃത്തിയഥാകാട്ടും."

ജീവജാലങ്ങൾ മറിയത്തിനു വിടപറയുന്ന ഹൃദയസ്പർശിയായ ആത്മാനുതാപത്തിലെ വരികളാണിവ. ഭൂമിദേവി സ്വർഗാരോഹണം നടത്തുന്ന നേർക്കാഴ്ചയാണ് ഇവിടെ പരാമർശം. നക്ഷത്രങ്ങളും വൃക്ഷങ്ങളും പറവകളും മൃഗങ്ങളും അടങ്ങുന്ന ഈ വിശ്വലോകം അമ്മയെന്ന ആർദ്രവലയത്തിലാണ് നിലകൊള്ളുന്നത്. അവയ്ക്കൊന്നും അമ്മയോടു വിടചൊല്ലാൻകഴിയില്ല. ചെറിയ വൃത്തം വരച്ച് പുറത്താക്കിയവരെ വലിയ വൃത്തം വരച്ച് ഉള്ളിലാക്കുന്ന സമന്വയത്തിന്റെ ആർദ്രരൂപമാണ് അമ്മയുടെ ഭൂപടം. എല്ലാ മത്സ്യങ്ങളും ഉള്ള വലിയ വലയാണ് സ്വർഗരാജ്യവും അമ്മയുടെ ഹൃദയവും.

ഉറക്കത്തിൽ അബോധമനസ്സ് ഉണരുകയും സംഭവബഹുലമായ രംഗാവിഷ്കാരങ്ങൾ ഉണ്ടാവുകയും ചെയ്യുന്ന പ്രതിഭാസത്തെയാണ് സ്വപ്നം എന്നു നാം വിളിക്കുന്നത്. ജീവിത സാഹചര്യങ്ങൾ സംഘർഷപൂരിതമാകുമ്പോൾ കാഴ്ചകൾ ഭീകരമാകുകയും ശാലീനതയുടെ ജീവിതചുറ്റുപാടുകളിൽ സ്വപ്നങ്ങൾ ആർദ്രമാവുകയും ചെയ്യുന്നു. അർധരാത്രിയിൽ സ്വപ്നത്തിന്റെ തിരശ്ശീല ഉയരേണ്ട സമയത്താണ് ഇരുട്ടിന്റെയും നിശബ്ദതയുടെയും പശ്ചാത്തലത്തിൽ ചാവറയുടെ അമ്മ മറിയം മുട്ടിന്മേൽ നിന്ന് ബോധപൂർവം ഈശ്വരനോടും പരിശുദ്ധ മറിയത്തോടും സംവദിക്കാൻ ഉണർന്നിരിക്കുന്നത്. അബോധതലം ഉണരുംമുമ്പ് ബോധമനസ്സിനെ ജാഗ്രതപ്പെടുത്തി സൃഷ്ടിക്കുന്ന ഈ ഇടവേള മറിയത്തിന് ദിനചര്യയായി മാറി. ശ്രമകരമല്ലാതായിത്തീർന്ന ഈ ഭക്തിമാർഗം ദൈവമാതാവിന്റെ ദാസനാകുന്നതിനും ധ്യാനസല്ലാപം പ്രാർഥനയുടെ വികസിതരൂപമാകുന്നതിനും കാരണമായി എന്ന് ആത്മാനുതാപത്തിൽ ചാവറയച്ചൻ നിരീക്ഷിക്കുന്നു.

പിന്നെ ക്രിസ്തുചരിത്രം മുഴുവൻ ദിവ്യരംഗങ്ങളായി മനസ്സിൽ അരങ്ങേറാൻ പ്രാർഥിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ തങ്ങൾ കണ്ടുവെന്ന് സുഹൃത്തുക്കൾ തോമസിനോട് പറഞ്ഞപ്പോൾ പാർശ്വം പിളർക്കപ്പെട്ട മുറിപ്പാടോടെ ഗുരുവിനെ കാണണമെന്ന് തോമസ് ശാഠ്യം പിടിച്ചു. ഒരു രംഗമല്ല, സ്നേഹാവതാരത്തിന്റെ എപ്പിഫനികൾ മുഴുവന്റെയും ദർശനഭാഗ്യമുണ്ടാവാൻ ചാവറയച്ചൻ പ്രാർഥിക്കുന്നു. ക്രിസ്തുചരിത്രം വെറും പുനരാവർത്തനമായിട്ടല്ല തന്റെ ഭാവുകത്വത്തിനു അനുഗുണമായി ദൃശ്യസാധ്യമാകാനാണ് പ്രാർഥിക്കുന്നത്. ഇവിടെ ആത്മാനുതാപം മറ്റൊരു സുവിശേഷഭാഷ്യമായിത്തീരുന്നു.

The Robe ഒരു നോവലായും ചലച്ചിത്രമായും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിന്റെ തിരുവസ്ത്രം പട്ടാളക്കാർ ഉരിഞ്ഞെടുത്ത് ആരെടുക്കണമെന്ന് ചിട്ടിയിടുന്ന സമയത്ത് മറിയത്തിന്റെ മനസ്സ് അത് നിർമിച്ചെടുത്ത കാലത്തേക്ക് ഒരു ഫ്ളാഷ്ബാക്കായി സഞ്ചരിക്കുന്നു. നൂലിൽ നെയ്ത സ്നേഹമായിരുന്നു ആ വസ്ത്രം.

"നിർമലബാഹുക്കളാൽ നീയതെ നൂൽകൾ നൂറ്റു
നന്മയാൽ നെയ്തുനെയ്തു ചമച്ചു പിള്ളക്കച്ച."

യോഹന്നാനുമൊത്ത് ഒരു നൗകയിൽ മറിയം എഫേസൂസിലേക്ക് യാത്ര ചെയ്തപ്പോൾ ജലജീവികൾ വഞ്ചിക്കുചുറ്റും കൂട്ടമിട്ട് യാത്രയ്ക്ക് തടസ്സം വരുത്തി. സമുദ്രരാജ്ഞിയായ മാതാവിനെ കണ്ട് അനുഗ്രഹം വാങ്ങാൻ ഓടിക്കൂടിയതാണ് ഈ മത്സ്യങ്ങളൊക്കെയെന്നും അവയെ അനുഗ്രഹിച്ചയക്കണമെന്നും ക്രിസ്തുശിഷ്യൻ മാതാവിനോട ഭ്യർഥിക്കുന്നു.

"ജലത്തിൻ മീതെ മെല്ലെ തലയും നീട്ടിക്കൊണ്ട്
തലയാമവരുടെ രാജ്ഞിയെക്കാണ്മാൻമോദാൽ
ഇങ്ങനെ മുമ്പിൽക്കണ്ടിട്ടില്ലാത്തപലതരം
ഭംഗിയേറീടും ബഹുമീൻതരങ്ങളെക്കണ്ടു."

മറിയദാസനായിത്തീർന്ന ചാവറയുടെ ആത്മാനുതാപം കവിയെന്ന നിലയിൽ അമ്മയ്ക്കുള്ള ഗീതാർച്ചനയായിത്തീർന്നു.

ആത്മാനുതാപം

എം. പി. ബീന

ഒന്നരനൂറ്റാണ്ടുമുമ്പ് ജീവിക്കുകയും സ്വന്തം കർമവൈപുല്യംകൊണ്ട് കേരളീയ ജനസമൂഹത്തിന്റെ സമഗ്രമായ സാമൂഹിക സാംസ്കാരികാഭ്യുന്നതിയിൽ നിർണായകമായ പങ്കുവഹിക്കുകയും ചെയ്ത ചാവറയച്ചന്റെ നൂറ്റിപ്പന്ത്രണ്ടോളം രചനകളിൽ പ്രമുഖമാണ് *ആത്മാനുതാപം* എന്ന കാവ്യം. ലക്ഷണമൊത്ത ഒരുമഹാകാവ്യത്തെയോ ഖണ്ഡകാവ്യത്തെയോ തേടിച്ചെന്നാൽ ആത്മാനുതാപം നമ്മെ നിരാശപ്പെടുത്തിയേക്കാം. എന്നാൽ, നിരവധി വാങ്മയരൂപങ്ങൾകൊണ്ട്, അനേകമനേകം കഥകളും ഉപകഥകളും കൊണ്ട്, ഭക്തിയും ശോകവും വഴിയുന്ന ഭാവാത്മകതകൊണ്ട്, തരളമായ നാടൻശീലുകൾകൊണ്ട് ഈ കൃതി നമ്മെ അതിശയിപ്പിക്കാതിരിക്കില്ല. ഭാഷാപരമായും സാഹിത്യപരമായും ഈ കൃതി നൽകുന്ന വ്യതിരിക്തത അതുപിറന്ന കാലഘട്ടത്തിലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോകാതിരിക്കില്ല. അങ്ങനെ, രചിക്കപ്പെട്ട കാലത്തിന്റെ പശ്ചാത്തലത്തിൽ വായിക്കപ്പെടേണ്ട കൃതികളുടെ കൂട്ടത്തിൽ പരിഗണിക്കേണ്ട ഒന്നായിമാറുന്നു, 1870 ൽ രചിക്കപ്പെട്ടുവെന്നു കരുതുന്ന ഈ കൃതി. ഈ കാവ്യത്തിന്റെ രചനാകാലഘട്ടത്തിൽ മലയാളഭാഷ അതിന്റെ ഊർജം കൈവരിക്കുന്നതേയുണ്ടായിരുന്നുള്ളു. മഹാകാവ്യങ്ങൾ പിറവികൊള്ളാനിരിക്കുന്നതേയുള്ളു. സാഹിത്യരംഗമാകട്ടെ നനുനനുത്ത വെൺമണിക്കവിതകളാൽ വിവശവും.



ബംഗാളി ചിത്രകാരൻ മോൺടു ചിത്രകാർ വരച്ച മഡോണ

പതിനാലു ഭാഗങ്ങളിലായി ഏകദേശം രണ്ടായിരത്തോളം ഈരടികളുണ്ട് ഈ കൃതിയിൽ. യേശുദേവന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള ധ്യാനചിന്തകളാണ് ഇതിലെ പ്രധാനപ്രമേയം. ആത്മാംശം കലർന്നുവരുന്ന രീതിയിലാണ് ആത്മാനുതാപത്തിന്റെ രചന. ഇത്തരത്തിലുള്ള പ്രമേയസ്വീകരണരീതി അക്കാലത്ത് നമ്മുടെ നാട്ടിൽ നിലവിലില്ലാത്തതും എന്നാൽ വിദേശസാഹിത്യത്തിൽ സാധാരണവുമായിരുന്നു. കാവ്യശീർഷകത്തെ അന്വർഥമാക്കുന്ന തരത്തിൽ അനുതാപജന്യമാണ് ആത്മാനുതാപത്തിൽ നിറയുന്ന ഭാവം.

ഭൂമിയിലെ ചരാചരങ്ങളിൽ സവിശേഷ ബുദ്ധിയുള്ളവനെന്ന് സദാ അഹങ്കരിക്കുന്നവനാണ് മനുഷ്യൻ. പക്ഷെ ദൈവത്തോടു തുലനം ചെയ്യുമ്പോൾ താൻ എത്ര നിസ്സാരനാണെന്നവനു ബോധ്യപ്പെടും. അതു മനുഷ്യനെ വിനയം കൊള്ളിക്കാതിരി

ക്കില്ല. ഈ വിനയം മനുഷ്യജീവിതത്തെ തന്നെ ധന്യമാക്കിത്തീർക്കും. അഹങ്കാരത്തെ ഉപേക്ഷിക്കൽ തന്നെയാണ് ഇത്. ഈശ്വരനോടും പ്രകൃതിയോടുമുള്ള ഈ വിനയം ആത്മാനുതാപത്തിലെ അടിസ്ഥാനഭാവമായി പടർന്നുകിടക്കുന്നുണ്ട്. ഈ വിനയം അഥവാ അഹങ്കാരമില്ലായ്മ പാപബോധത്തോളമെത്തും. അതു പിന്നീട് പശ്ചാത്താപത്തിലും. എന്നാൽ ഒരിക്കലുമിത് ആത്മനിന്ദയാവുന്നില്ല. പകരം വിശ്വാസത്തിലേക്കുള്ള ചവിട്ടുപടികളായിത്തീരുന്നു.

"വെൺമയായ് നടപ്പാനായ്
തന്നൊരു വെള്ളവസ്ത്രം
നൻമയും കളഞ്ഞയ്യോ
പാപി ഞാൻ ഹാ മൂഢൻ" എന്നും

'പാപിയാം മമ പൈതൽപ്രായത്തിൽ കുറ്റങ്ങൾക്കു
താപത്താൽ പൊറുതിയേകണേ ഞാൻ പ്രാർഥിക്കുന്നേൻ.

എന്നുമെല്ലാം ബാല്യകാലത്ത് അറിയാതെ വന്നുപെട്ടിരിക്കാവുന്ന തെറ്റുകൾക്കു മുന്നിൽ കവിമനസ്സ് കേഴുന്നതുകാണാം. പശ്ചാത്താപജന്യമായ ഹൃദയനവീകരണം കൊണ്ടു മാത്രമേ മനുഷ്യനു സമഗ്രവ്യക്തിത്വത്തിലേക്കുയരാനാവൂ എന്ന ദർശനമാണ് ആത്മാനുതാപം മുന്നോട്ടുവയ്ക്കുന്നത്. ക്രിസ്തുവിന്റെയും കന്യാമറിയത്തിന്റെയും ജീവിതത്തിലെ ശോകപൂർണമായ രംഗങ്ങളിലൂടെയാണു കവി ഇതു വരച്ചുകാണിക്കുന്നത്.

ആത്മാനുതാപത്തിലെ ഒന്നും രണ്ടും കാണ്ഡങ്ങൾ ഏറെക്കുറെ ആത്മചരിതം തന്നെയാണ്. മനുഷ്യനായി ജന്മംനൽകിയതിൽ ദൈവത്തോടുള്ള നന്ദിയും ആ നന്ദി വേണ്ടവിധം പ്രകാശിപ്പിക്കാനാകാത്തതിലുള്ള അനുതാപവും ഇവിടെ പ്രകടമാകുന്നു. തന്റെതന്നെ കുട്ടിക്കാലവും തന്നെ വളർത്തിയ അമ്മയുടെ സ്വഭാവമഹിമയും അവ



മാന്നാനം ആശ്രമത്തിന് വിശാഖം തിരുനാൾ മഹാരാജാവ് സമർപിച്ച മഡോണയുടെ ചിത്രം. രാജാരവിവർമ വരച്ച ഈ ചിത്രം ആശ്രമത്തിൽ ഇന്നും അമൂല്യനിധിയായി സൂക്ഷിക്കുന്നു. രാജാരവിവർമയുടെ ചിത്രശേഖരത്തിൽ കാണാത്തതാണിത്. സി.എം.ഐ. സന്ന്യാസ സമൂഹവുമായി തിരുവിതാംകൂർ കൊച്ചി രാജകുടുംബങ്ങൾ അടുത്ത ബന്ധം പുലർത്തിയിരുന്നു.

രുടെ അചഞ്ചലമായ ദൈവഭക്തിയും വർണിക്കുന്നുണ്ട് ഈ സന്ദർഭത്തിൽ. കവിയുടെ മനസ്സിൽ ആഴത്തിൽ പതിയുന്ന ഓർമ സ്വന്തം അമ്മയുടേതാണെന്നും അമ്മയായിരുന്നു ഭക്തിയിലും വിശ്വാസത്തിലും ആദ്യമാതൃകയെന്നും കണ്ടെത്താം. ഒന്നാം കാണ്ഡത്തിൽ മാതാവിനെക്കുറിച്ചുള്ള ഓർമച്ചിത്രം ഇങ്ങനെ തെളിയുന്നു:

"മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിൻമേൽ ചാഞ്ഞിടും
രാജപം ദേവമാതാവിൻ പ്രാർഥന
രാജരാജനാമീശോതൻ നാമങ്ങൾ."

"പരം ജ്യോതിയേയീശോയേ രക്ഷിക്ക,
പാരിതിന്റെ പുഷ്പമേ ജയാജയാ'
എന്നീവണ്ണമോരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു
മന്ദമായതു കേട്ടിരുന്നുംകൊണ്ടാ
സുന്ദരിയുടെ പദേയുറങ്ങി ഞാൻ."

മൂന്നാം കാണ്ഡത്തിൽ യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിത മുഹൂർത്തങ്ങളെ വിവരിക്കുന്നു. നാലാം കാണ്ഡത്തിൽ ഗർഭിണിയായ കന്യാമറിയവും ജോസഫും അഭയംതേടി അലയുന്നതിനൊപ്പം ആകുലതകളേറ്റുവാങ്ങുന്ന കവിയെ കാണാം. ബത്‌ലഹേമിലെ പശുത്തൊഴുത്തിൽ ഉണ്ണിയേശുവിന്റെ ജനനവും സ്തുതിയുമാണ് അഞ്ചാം കാണ്ഡത്തിൽ. യേശുദേവന്റെ യാതനാപൂർണമായ ജീവിതവും കുരിശിലേറലുമാണ് ആറാം കാണ്ഡത്തിൽ വിവരിക്കുന്നത്. അതോടൊപ്പം ശാന്തിയെന്ന ഇടയസ്ത്രീയുമായി കന്യാമറിയത്തിന്റെ സങ്കൽപസംവാദവുമുണ്ട്. ഏഴും എട്ടും കാണ്ഡങ്ങളിൽ, സന്ദർശകരായെത്തിയ രാജാക്കൻമാരുടെ തിരുമുൽക്കാഴ്ചകളും മാതാവിന്റെ വ്യഥകളുമാണ്. യേശുദേവൻ കുരിശിൽ കിടന്നു പറഞ്ഞ ഏഴു തിരുവാക്യങ്ങളുമായാണ് എട്ടാംകാണ്ഡം അവസാനിക്കുന്നത്. കുരിശുമരണത്തെ തുടർന്നുള്ള സംഭവങ്ങളും ഉയിർത്തെഴുന്നേൽപ്, മാതൃസന്ദർശനം, സ്വർഗാരോഹണം, ജറുസലേം സമ്മേളനം എന്നിവ തുടർന്നുള്ള മൂന്നു കാണ്ഡങ്ങളിലൂടെ വർണിക്കുന്നു. മാതൃഭക്തിയിലും കൃപായാചനയിലുമാണ് ആത്മാനുതാപം അവസാനിക്കുന്നത്. കന്യകാമറിയമെന്ന സങ്കൽപത്തെ ക്രിസ്തുവിന്റെ മാതാവ് എന്നതിലുപരി ലോകജനനിയായി കണ്ട്, അതിർത്തികൾ ഭേദിക്കുന്ന മാതൃചൈതന്യമായി പ്രകീർത്തിക്കുന്ന ഭാഗങ്ങൾ സന്ദർഭോചിതമായി ഇണക്കിച്ചേർത്തിരിക്കുന്നതു ശ്രദ്ധേയമാണ്.



രാജാ രവിവർമ (1848-1906)

"മരണമെന്ന സ്മരണയെന്നിലുണരുമെന്ന സമയമേ
സ്മരണ രണ്ടുവിധമതായി ഉഴലുമെന്റെ ചേതസി
മരണമെന്ന തിരയിറക്കിൽ ദയനിറഞ്ഞ തിരുമുഖം
നയനമെന്നതിനു ദൃശ്യമാക്കുവാനപേക്ഷയും"

മരണമെത്തുന്ന നേരത്ത് ഉഴറിപ്പോകുന്നവന് ആശ്വാസമാകണമെന്ന അപേക്ഷയോടെ വിശുദ്ധമാതാവിനെക്കുറിച്ചുള്ള ഭക്തിയിലലിയുന്ന കാവ്യമായിത്തീരുന്നു ആത്മാനുതാപം.

കവിതയുടെ ഭാവസൗന്ദര്യത്തിലെന്നപോലെ രൂപസൗന്ദര്യത്തിലും ചാവറയച്ചൻ ശ്രദ്ധപതിപ്പിക്കുന്നതു കാണാം. അതിമനോഹരമായ പ്രാസഭംഗിയുളവാക്കുന്ന വരികൾ ആത്മാനുതാപത്തിൽ നിറയുന്നുണ്ട്. പദപ്രയോഗങ്ങൾ തീർക്കുന്ന വൈചിത്ര്യഭംഗിയും ആകർഷകങ്ങളാണ്. ആത്മാനുതാപത്തിലെ അനുബന്ധത്തിലെ ഒരു ഭാഗം:

"ഋഷികൾക്കൊക്കെയും ഈശൻ നീയെന്നിട്ടും
ഋക്ഷഭവേസരി മധ്യനായി
ഋക്ഷം മുതൽ വെട്ടം നാണിപ്പിച്ചിടുന്ന
ഋത്വിനാഥനെ കാണാകേണം."



മലയാള അക്ഷരമാലയിൽ സ്ഥാനം കൊണ്ടും രൂപംകൊണ്ടും നെടുനായകത്വം വഹിക്കുന്ന ഋഷിതുല്യനായ അക്ഷരമാണ് 'ഋ'. ഈ അക്ഷരത്താലുള്ള പദങ്ങൾ ഭാഷയിൽ ദുർലഭമായിരിക്കെ അത്തരം പദങ്ങളിൽ മാത്രമാരംഭിക്കുന്ന ഈരടികൾ തീർത്ത കവി കാവ്യരൂപത്തിൽ മാത്രമല്ല, ഭാഷാപരിപോഷണത്തിലും ശ്രദ്ധകൊടുത്തിരുന്നതായി കാണാം. അതിഖരം, ഘോഷം തുടങ്ങിയ വ്യഞ്ജനങ്ങളിലാരംഭിക്കുന്ന പദപ്രാസഭംഗിയും ഈ കാവ്യത്തിൽ കണ്ടെത്താം.

പ്രാചീനകേരളത്തിലെ വൈദേശികസാന്നിധ്യം വെളിപ്പെടുത്തിക്കൊണ്ട് ഇതരഭാഷകളിലെ ഒട്ടേറെ പദങ്ങൾ സന്ദർഭോചിതമായി കാവ്യത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്. *സിഞ്ഞോരി, റെലീക്ക, തബസ്സു, പ്രദെല്ല, മിലിത്താന്തി, ആലാഹ* എന്നിങ്ങനെ ഇറ്റാലിയനും സുറിയാനിയുമായ പദസഞ്ചയങ്ങളോടൊപ്പം *പതീനാംപതി* എന്നിങ്ങനെയുള്ള സംസ്കൃതവിഭക്തിരൂപങ്ങളും പ്രയോഗിച്ചു കാണുന്നുണ്ട്. കൂടാതെ പ്രാചീന മലയാളത്തിന്റെ ഈടുവയ്പ്പുകളായി ഒട്ടേറെ പദങ്ങൾ തൽഭവ-തൽസമങ്ങളായി കവിതയിലുടനീളം വിടർന്നുവിലസുന്നു. കണ്ടകം, തത്രാസം, തണ്യർ, ഖഗം. ന്യസ്തം എന്നിവ ഉദാഹരണങ്ങളാണ്. ഇങ്ങനെ ഒരേസമയം തനതുമലയാളപദങ്ങളുടെയും അന്യഭാഷാപദങ്ങളുടെയും സമഞ്ജസസമ്മേളനം കാവ്യത്തിലുടനീളം പ്രകടമാണ്. ഇവയെല്ലാം ചരിത്രപരമായി അക്കാലത്ത് കേരളത്തിലുണ്ടായ വിദേശസാന്നിധ്യത്തിന്റെയും അന്നത്തെ വ്യവഹാരഭാഷയിൽ വന്ന പരിവർത്തനങ്ങളുടെയും സൂചനകൾ നൽകുന്നവയാണ്.

കാവ്യത്തിൽ മിക്കയിടത്തും പ്രയോഗിക്കപ്പെടുന്ന പദങ്ങളിലെ അർഥനിഷ്ഠയും അർഥവൈപുല്യവും പ്രത്യേകം പഠിക്കേണ്ട



തുതന്നെയാണ്. ആത്മാനുതാപത്തിലെ മൂന്നാം കാണ്ഡം ഉദാഹരണമാണ്. യേശുവിനെക്കുറിച്ചുള്ള ഒരു കീർത്തനമാണിത്. അതിലെ ഈരടികളവസാനിക്കുന്നതു 'കാണാകേണം' എന്ന പ്രാർഥനയിലാണ്. ഉൾക്കണ്ണുകൊണ്ടു ദർശിക്കുവാൻ പ്രാപ്തനാക്കണേ എന്ന പ്രാർഥന തന്നെയാകുന്നു ആ പദം. വർണനാവിഷയത്തിൽ ചാവറയച്ചൻ പുലർത്തുന്ന വൈദഗ്ധ്യവും പ്രസ്താവ്യമാണ്.

'ആമ്പൽ പൂവതിൻ മീതെ താമരപ്പൂവെച്ചപോൽ
അംബുധിതാരാനാഥതൻ കരേ സുതൻനാഥൻ
താമരമെത്ത തൻമേൽ അന്നക്കുഞ്ഞതിൻവണ്ണം
താരസമുദ്ര കൈയിൽ നിദ്രയും മനോഹരം '

-എന്ന ഉണ്ണിയേശു വർണന ഉദാഹരണമാണ്.

ആമ്പൽപ്പൂവിൻമീതേ താമരപ്പൂവായും താമരമെത്തയിലെ അരയന്നക്കുഞ്ഞായും മറിയത്തിന്റെ മടിയിൽ മയങ്ങുന്ന ഉണ്ണിയേശുവിനെ എത്ര അനായാസമാണ് കവി കാണിച്ചുതരുന്നത്. സാന്ദർഭികമായി, അത്രയും ഒത്തിണങ്ങുമ്പോൾമാത്രമേ ഇത്തരം വാങ്മയചിത്രങ്ങൾ തീർക്കുന്നുള്ളു എന്നതും ശ്രദ്ധേയമാണ്.

വർണനാപാടവത്തിൽ എഴുത്തച്ഛനെ അനുസ്മരിപ്പിക്കുന്നുണ്ട് ഈ കവി. യേശുവിന്റെ ജീവചരിത്രമെഴുതുന്ന മൂന്നാം കാണ്ഡത്തിൽ ശിശുമനസ്സിന്റെ ലാവണ്യമറിഞ്ഞ കവിവർണന ഇങ്ങനെ:

ഇച്ചയോടമ്മയെ കെട്ടിപിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം
അന്നേരം കൊഞ്ചിച്ചു ചാഞ്ചലാട്ടുന്നതാം
ആനന്ദാധിക്യവും കാണാകേണം.

എഴുത്തച്ഛൻകൃതികളിലേതിനു സമാനമായ പദസഞ്ചയവും ചാവറകൃതികളെ പഠനാർഹമാക്കുന്നുണ്ട്. ഏകേശനാഥൻ, കാരണപാതതോയം, അന്നജാപുത്രൻ, സ്ത്രീണാംവര, ദേഹംദേഹി, കമലത്തിരുപാദം, താരകമകുടമണി, ചതുർദശം എന്നിങ്ങനെയുള്ള സമസ്തപദവൈപുല്യം ആത്മാനുതാപത്തിലേതുപോലെ ചാവറയച്ചന്റെ മറ്റു കൃതികളിലും കാണുന്നുണ്ട്.

ഒരു കാലഘട്ടത്തിലെ സാഹിത്യത്തിന്റെയും ഭാഷയുടെയും പ്രതിനിധാനമെന്ന നിലയിൽ പഠനവിധേയമാക്കാവുന്ന ചാവറയച്ചന്റെ കൃതികളിൽ പൊതുവെയും ആത്മാനുതാപത്തിൽ പ്രത്യേകിച്ചും കണ്ടെത്താവുന്ന സവിശേഷതകളെ ഇങ്ങനെ സംഗ്രഹിക്കാം:

1. ഏകദേശം ഒന്നര നൂറ്റാണ്ടുമുമ്പു രചിക്കപ്പെട്ടു.
2. ഭാഷാപദങ്ങളോടൊപ്പം സംസ്കൃതപദങ്ങളും തമിഴ്, ലത്തീൻ, പോർച്ചുഗീസ് പദങ്ങളും കാണാം.
3. പ്രാചീനമലയാളപദങ്ങളുടെയും സവിശേഷമായ പദപ്രയോഗങ്ങളുടെയും സമൃദ്ധി.
3. നാടൻശീലുകളായ കേക, വഞ്ചിപ്പാട്ട്, തരംഗിണി തുടങ്ങിയ വൃത്തങ്ങൾക്കു പ്രാധാന്യം കൊടുത്തു.
4. വൈദേശിക കാവ്യപാരമ്പര്യത്തിന്റെ ഭാഗമായി ആത്മകഥാവതരണം നടത്തി.
5. എഴുത്തച്ഛൻ ശൈലിയോട് അടുത്ത സാമ്യം.
6. വാങ്മയചിത്രങ്ങളാൽ സമ്പന്നം.
7. കാവ്യാത്മകമായ തുടക്കവും ഗദ്യസമ്പർക്കമുള്ള ഒടുക്കവും.

ആദിമധ്യാന്ത പൊരുത്തങ്ങളോടുകൂടിയ, സർവലക്ഷണവും തികഞ്ഞ ഒരു കാവ്യത്തെ ആത്മാനുതാപത്തിൽ കണ്ടെത്താനാവില്ല. എന്നാൽ വാങ്മയരൂപങ്ങളും ശൈലികളും വൃത്തസവിശേഷതകളും കൊണ്ട് ആധ്യാത്മിക ഭാവത്തെ പകർത്തിയിട്ട, പത്തൊൻപതാം നൂറ്റാണ്ടിലെ ആദ്യകാല കൃതി എന്ന നിലയിൽ ഈ കാവ്യം സവിശേഷം പഠനാർഹമാണ്.

ഇ: മ: യ:

ആത്മാനുതാപം

അതായതു
ഭക്തിയുള്ള ഒരു ആത്മാവിന്റെ
തമ്പുരാന്റെ നെരെയുള്ള
നന്ദിക്കടുത്തതും സ്നെഹത്തിന്നടുത്തതുമായ

സല്ലാപങ്ങൾ

എന്നത്
മലയാളത്തിൽ സ്ഥാപിക്കപ്പെട്ട
ക: ദി: മു: സ: കൊവേന്തകളുടെ പ്രിയൊര

എ: ബ: കുറിയാക്കൊസ എലിയ
എന്ന ദേഹത്താൽ ഉണ്ടാക്കപ്പെട്ടു.

കൂനമ്മാവു കൊവേന്തയിലെ
അമലൊത്ഭവ മാതാവിന്റെ നാമധേയത്തിൽ
സ്ഥാപിക്കപ്പെട്ട അച്ചുക്കൂട്ടത്തിൽ അടിക്കപ്പെട്ടത

ശ്രേഷ്ഠന്മാരുടെ അനുവാദപ്രകാരം

1871



ആത്മാവിൽ സ്നാനപ്പെട്ട ഒരാൾ

ആഷാമേനോൻ

ആത്മാവ് എങ്ങനെയാണ് സ്നാനപ്പെടുക? നിത്യവും നിരാമയവുമായ ആത്മാവ് ഏതു വിധം ഭൗതികമോ പഞ്ചഭൂതാത്മകമോ ആയ ചാർത്തുകൾക്കും അപ്പുറമായിരിക്കേ, ജലമോ അഗ്നിയോ കാറ്റോ അതിനെ സ്പർശിക്കയില്ലെന്നിരിക്കേ, കർമങ്ങളാണ് ആത്മാവിനെ സ്നാനപ്പെടുത്തുക. ആത്മാവ് ഏതു ക്ഷേത്രത്തിൽ (ശരീരമെന്നു വിവക്ഷ) വാഴുന്നുവോ, ആ ക്ഷേത്രത്തിന്റെ കർമശുദ്ധി അതിനെ സൗന്ദര്യമയമാക്കുന്നു. ആത്മസൗന്ദര്യം, അന്തിമാർഥത്തിൽ കർമങ്ങളുടെ സൗന്ദര്യം തന്നെ. സുകൃതം, ദുഷ്കൃതം എന്നിവ ഈ ലോകത്തിൽ നിലകൊള്ളുന്നിടത്തോളം ആത്മാക്കൾ വിഭിന്നങ്ങളായിരിക്കാതെ വയ്യ, യുക്തിസഹമായ തെളിവുകൾ നമുക്ക് ഇല്ലെങ്കിലും. വിശുദ്ധ പുണ്യവാളനായി ഉയർത്തപ്പെട്ട ചാവറയച്ചൻ, ഇത്തരത്തിൽ ആത്മാവിൽ സ്നാനപ്പെട്ട ഒരു വൈദികനായിരുന്നു. അൽഫോൻസാമ്മയ്ക്കുശേഷം ആ മഹിമയിൽ കുടിയിരുത്തപ്പെടുന്ന പുരോഹിതൻ കൂടിയാണദ്ദേഹം, ഏവുപ്രാസ്യാമ്മയ്ക്കൊപ്പം. ഇവരുടെ മാഹാത്മ്യം, നിശ്ചയം വചനങ്ങളോട്, ഉദ്ഗ്രഥിക്കപ്പെട്ട ജീവിതമായിരുന്നു. സന്ന്യാസം നിങ്ങളെ ദൈവവുമായി പരിണയത്തിൽ ഏർപ്പെടുത്തുന്നു. Wed-string എന്നതിനേക്കാൾ ധ്വനിപൂർണമാണ് 'പരിണയം'. ദൈവവുമായുള്ള പരിണയം, സ്വാഭാവികമായും ലൗകികത്തിനപ്പുറമായിരിക്കണം. പരിണയമല്ല, പരിചയംപോലും.

അൽഫോൻസാമ്മയുടെ പള്ളിയിൽ ഞാനെപ്പോഴോ പോകുകയുണ്ടായി. ശബരിമലയിൽനിന്ന് മടങ്ങുന്ന വഴിയാവണം. ഭരണങ്ങാനം വഴി വരുമ്പോൾ വലതുവശത്ത് ആ പള്ളി കാണാം. ഉച്ചനേരമായിരുന്നെന്ന് ഓർമ. പരിസരത്ത് ആരുമില്ല. വെറുതെ, അതിന്റെ മുറ്റത്ത് കയറിനിന്നു, Vibes പോലെ എന്തെങ്കിലും അനുഭവപ്പെടുമോ എന്നോർത്ത്. ആ വിജനതയിൽ അങ്ങനെ നിന്നപ്പോൾ, ഒരുപാടു വർഷങ്ങൾക്കു മുൻപ്, ഞാൻ ആദ്യമായി ഒരു ക്രിസ്ത്യൻ പള്ളിയിൽച്ചെന്ന് പ്രാർഥനാനിരതനായത് മനസ്സിൽ തെളിഞ്ഞു. നാൽപതിലേറെ വർഷങ്ങളായിരിക്കണം. സാൻതോം പള്ളി, സെന്റ് തോമസ് മൗണ്ട്, മദിരാശി. മുറിഞ്ഞുപോയ എഞ്ചിനീറിങ് വിദ്യാഭ്യാസത്തിനിടയ്ക്ക് അനുഭവസ്ഥമായ ഒരു ശാലീന സായാഹ്നം, ശാന്തസൂര്യന്റെ ശീതളമായ കിരണങ്ങൾ.....

Slant of light
on winter afternoons
that oppresses
like cathedral tunes.....

എമിലി ഡിക്കിൻസൺന്റെ ഈ വരികൾ പിന്നീടാണ് ഞാൻ വായിച്ചത്; പക്ഷേ, അതിന്റെ വിഷാദശ്രുതി ആ വൈകുന്നേരം എന്റെ മനസ്സിൽ പതിഞ്ഞല്ലോ, പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ. Oppression ആയിരുന്നില്ലെങ്കിലും depression ആയിരുന്നില്ലെങ്കിലും കുരിശിന്റെ വേദനപ്രസരിപ്പിക്കുന്നത് തീർച്ചയായും ഒരു വിരഹബോധമാണ്. പ്രാർഥനയിൽ ഒരുപക്ഷേ അത് കുറേയൊക്കെ നികത്തപ്പെടുമായിരിക്കാം.

ദൈവവുമായുള്ള പരിണയത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്. അതിന്റെ sacredness മാനുഷികമായ നിർവഹണങ്ങളിൽ ഒതുങ്ങുകയില്ല. ദൈവികമായ പരിണയം ഒരേസമയം നൈസർഗികവും വികാരാതീതവുമാകുന്നു. വൈകാരികതയിൽ ദൈവത്തെ തിരിച്ചറിഞ്ഞ എത്രയോ കാവ്യസന്ദർഭങ്ങൾ നമുക്ക് മുന്നിലുണ്ട്. പക്ഷേ, ആ വികാരങ്ങൾക്കെല്ലാം കണിശമായ ഒരു ഭാവാന്തരം സിദ്ധിച്ചിരിക്കും. അഥവാ, ആ വാഞ്ഛകൾ ഉദാത്തീകരിക്കപ്പെട്ടിരിക്കും. മീരയായാലും അക്കമഹാദേവിയായാലും ഔവ്വയാറായാലും അൽഫോൻസാമ്മയായാലും സ്നേഹത്തിന്റെ ഏറ്റം വിശുദ്ധമായ അവസ്ഥയാണ് ഒരുവളെ ദൈവദാഹിയാക്കുക. എല്ലാവരും അങ്ങനെ ദൈവദാഹികളാവുകയില്ല. അവർക്ക് ലൗകികതകളിലെ നിറവേറലുകൾ മതിയാവും. എല്ലാവരും തഥാഗതന്മാരാവുകയില്ല, അല്ലെങ്കിൽ ക്രൈസ്റ്റ് ആവുകയില്ല എന്നതിനെ ഭേദപ്പെടുത്തി എല്ലാവരും തഥാഗതത്വം കാംക്ഷിക്കുന്നില്ല, ക്രിസ്തുത്വം കാംക്ഷിക്കുന്നില്ല എന്ന്

എഴുതിപ്പോവുന്നു.


നിങ്ങൾ വേൾക്കുന്നത്, വേൾക്കാൻ ശ്രമിക്കുന്നത് എന്നു പറയുകയാവും ശരി, ഒരു നിസ്സീമതയെയെയാണ്. നിങ്ങളുടെ സീമിതമായ സത്തയിൽ അത് എങ്ങനെ ഒതുങ്ങാൻ? എങ്കിലും, ഏകകോശജീവികളിൽ നിന്ന് പരിണമിച്ചുണ്ടായ മനുഷ്യനു മാത്രമേ അത്തരം സാധ്യതകളുള്ളൂ, അവസ്ഥാന്തരത്തിന്റെ.

ചാവറയച്ചൻ, തന്റെ ധ്യാനോന്മുഖതയിലൂടെ, പ്രവൃത്ത്യുന്മുഖതയിലൂടെ നിറവേറ്റിയത് ആ വിധം ഒരു ദൈവദാഹിത്വമായിരുന്നു. ജീവിതത്തിൽ ചില പൊഴുതുകളെങ്കിലും അദ്ദേഹം ജീസസിനെ സാക്ഷാത്ക്കരിച്ചിരിക്കണം. തന്റെ സർഗാത്മകമായ ആവിഷ്ക്കാരങ്ങളിലൂടെയും അദ്ദേഹം ആരാഞ്ഞത് ഈ അപരിമേയതയാവണം. സന്ന്യാസം, ചാവറയച്ചന് ദൈവവുമായുള്ള ബാന്ധവം തന്നെയാവുന്നു. പൗരോഹിത്യം, ഇവിടെയെങ്കിലും സന്ന്യാസത്തിൽ നിന്നും ഭിന്നമാവുന്നില്ല. ഒരു യഥാർഥക്രിസ്ത്യാനിക്ക് മതഭേദമെന്യേ മനുഷ്യനെ സ്നേഹിക്കാൻ കഴിയും, യഥാർഥഹിന്ദുവിനെന്നതുപോലെ, യഥാർഥ മുസൽമാനെന്നതുപോലെ, യഥാർഥ ശിഖനെന്നതുപോലെ. അതിരുകളില്ലാത്ത കാരുണ്യം, അതിരുകളില്ലാത്ത സഹിഷ്ണുത - ഓരോ മതവും ഓരോ കൈവഴിയാണെന്ന് വിവേകാനന്ദൻ പറഞ്ഞതുപോലെ, ചാവറയച്ചൻ നേരത്തേ ഉൾക്കൊണ്ടിരിക്കണം. അനന്തമായ കടലിലേക്കുള്ള വഴികൾ എന്ന നിലയ്ക്കാണ് മതത്തിന്റെ നദീവേഗങ്ങൾ വിവേകാനന്ദൻ സങ്കൽപനം ചെയ്തത്. ചാവറയച്ചന്റെ *ചാവരുൾ* ഇതിൽനിന്നും വ്യത്യസ്തമാവാനിടയില്ലെന്നാണ് എന്റെ അനുമാനം.

സന്ന്യാസം നിങ്ങളെ ദൈവവുമായി വേഴ്ചയിലാഴ്ത്തുന്നു എന്ന് ചാവറയച്ചൻ പറയുമ്പോൾ, ഞാൻ ഡാന്റെയുടെ ഉജ്വലമായ കാവ്യപദം ഓർത്തു പോവുന്നു. 'Sorrow remarries you to God" (ദുഃഖം നിങ്ങളെ ദൈവവുമായി പുനർബാന്ധവത്തിൽ ഏർപ്പെടുത്തുന്നു). യാതനകളിൽ അവശരായി ഭവിക്കുന്ന മനുഷ്യരാശിക്ക് ഏറെ ശാന്തിദായകമായ വരിയാണത്. ചുരുക്കം ചിലരേ അതിന്റെ ഉൾപ്പിരിവുകൾ ധരിക്കും എന്നാകിലും എന്തൊക്കെയോ തേങ്ങലുകൾ കൊണ്ട് നിസ്സഹായരായി വാഴുന്ന മനുഷ്യന് ആ അഞ്ചുവാക്കുകൾ കരുണയുടെ, സമാശ്വാസത്തിന്റെ ഒരു ഉപാധി തന്നെ ആയിത്തീർന്നിരിക്കുന്നു. അതിന്റെ ഉൾപ്പിരിവുകളിലേക്കു കടന്നാൽ, യാതനകൾ സ്വയം ശുചീകരിക്കുന്ന പരീക്ഷണങ്ങളായി കാണാൻ കഴിഞ്ഞാൽ, ഒട്ടേറെ ആകുലതകളിൽ നിന്ന് നിങ്ങൾ വിടുതൽ തേടിയേക്കാം. സ്വയം ശുചീകരണം തന്നെയാവുന്നു ദൈവപദം, അന്തിമമായി. കുര്യാക്കോസ് ഏലിയാസ് അച്ചൻ തന്റെ, അന്യഥാ സംഭവബഹുലമല്ലാത്ത ജീവിതയാമങ്ങളിൽ ഈ പദം പലപ്പോഴും പ്രാപിച്ചിരിക്കണം. അല്ലായ്കിൽ ആ മനുഷ്യൻ ഇതുപോലെ ശാന്തവദനനായിരിക്കാൻ ഇടയില്ല. ആ പ്രസാദം ആത്മാവിൽ സ്നാനപ്പെട്ട ഒരാളുടേതാണ്.



അനസ്താസ്യായുടെ രക്തസാക്ഷ്യം തന്റെ ഖണ്ഡകാവ്യത്തിന് പ്രമേയമായി ചാവറയച്ചൻ സ്വീകരിച്ചപ്പോൾ, അദ്ദേഹം തന്റെ ദൈവാർപണം നിർവചിക്കാൻ ശ്രമിക്കുകയായിരുന്നു. അദ്ദേഹം സ്വയം പ്രകാശിപ്പിക്കുകയായിരുന്നു എന്നുകൂടി പറയാം. മതപരമായ പീഡനങ്ങൾ വെളിപ്പെടുത്തുന്നെങ്കിലും ഇത് ദൈവത്തിലേക്കുള്ള മാർഗം കൂടിയാണ്. ചാവറയച്ചനെപ്പോലൊരു വൈദികനിൽ നിന്നാവുമ്പോൾ, ആ പീഡനങ്ങൾക്ക് വല്ലാത്തൊരു



വിശ്വാസ്യതയുണ്ട്. ഇത്തരം പീഡനങ്ങളുടെ ക്രൂരമായ വിവരണങ്ങളുണ്ടെങ്കിലും ചാവറയച്ചൻ ഊന്നുക, ആ കന്യകയുടെ സഹനഗാഥയിലാണ്. പ്രത്യേകം ശ്രദ്ധിക്കുക, കന്യകയുടെ ആന്തരലാവണ്യം അത്തരം പീഡനമുറകളിലൂടെ എത്രയോ മടങ്ങ് എഴുന്നുവരികയാണ്. കാരുണ്യവും സഹനവും സൗന്ദര്യത്തിന്റെ അവിഭാജ്യാംശങ്ങളെന്ന സത്യാവസ്ഥയിലേക്ക് നാം ഉണരുന്നു, ചാവറയച്ചൻ നമ്മെ ഉണർത്തുന്നു. അനസ്താസ്യാ എന്ന കന്യക നൈമിഷികമായ സൗന്ദര്യം വഹിക്കുമ്പോൾതന്നെ വിഷയാതീതമായ ഒരു സത്തയും ഉൾക്കൊള്ളുന്നുണ്ട്. വലേറിയൻ ചക്രവർത്തിയുടെ ക്രസ്തുമത മർദനകാലത്തുണ്ടായ സംഭവമാണ് ഈ കവിതയുടെ കഥാതന്തു. ഇരുപതു വയസ്സുള്ള ഈ കന്യക അഭിജാതയും സൗന്ദര്യവതിയുമായിരുന്നു. അവളെ ചക്രവർത്തിയുടെ ആജ്ഞാനുവർത്തിയായ പ്രോബോ ബലാൽക്കാരേണ പിടിച്ചുകൊണ്ടുവന്നത്, തന്റെയോ ചക്രവർത്തിയുടെയോ ഇംഗിതത്തിനു കീഴ്പ്പെടുത്താനാവണം. അനസ്താസ്യായെപ്പോലൊരു ധീരയായ തരുണി, നിശ്ചയം, അത് ചെറുത്തുനിന്നിരിക്കണം. അഗ്നി കൊണ്ട് അവളുടെ ശരീരമാകെ പൊള്ളിക്കുമ്പോഴും അവൾ തന്റെ വേദനകൾ യേശുവിൽ സമർപിച്ചിരിക്കാം. ആ സമർപണം അവളെ കൂടുതൽ മർദനങ്ങൾ നേരിടാൻ പ്രാപ്തയാക്കിയതായി നാം മനസ്സിലാക്കുന്നു. തന്റെ സ്തനങ്ങൾ പിഴുതെടുക്കപ്പെടുമ്പോൾ, അവൾ നിലവിളിച്ചിരുന്നോ?

> "കന്നിയുടെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
> ചിന്നിവീഴും ചോരകൊണ്ട് കുതിർത്തു ഭൂമി....."

ശ്രദ്ധാലുവായ ഒരു വായനക്കാരന് രക്തത്തിൽ കുളിർത്ത വിത്തുകൾ ഒരുപാട് കാലത്തേക്ക് മുളച്ചുകൊണ്ടിരിക്കുമെന്ന് അറിയാവുന്നതേയുള്ളൂ. വളരെ അർഥദ്യോതകമായ ഒരു രൂപകമാണത്. സാധാരണ വിത്തുകൾ ജലത്തിലേ പോഷിപ്പിക്കപ്പെടുകയുള്ളൂ. രക്തത്തിന്റെ സാന്ദ്രത അവയെ ഹനിക്കയാണ് പതിവ്. പക്ഷേ മറ്റൊരു ജൈവസന്ദർഭത്തിൽ, ഓരോ പിറവിയും രക്തസ്നാനമാണ്, ജലാങ്കിതമെന്നതേക്കാൾ. വിശ്വാസത്തിന് ഈ രക്തകണങ്ങളോടുള്ള ചാർച്ച ഈ പ്രസക്തി



യിലാണ്, ഏതു തിരുപ്പിറവിയും രക്തസ്നിഗ്ധമായിരിക്കേ. ഇവ്വിധമൊരു രക്തസാക്ഷിത്വത്തിലൂടെ വടിവാർന്ന വിശ്വാസം അടിപതറാതെ തുടരുക തന്നെ ചെയ്യും, കാലാന്തരങ്ങളിൽ. കന്യാമറിയത്തിന്റെ ദൃഢത മുഴുവൻ ഈ ആഖ്യാനത്തിലൂടെ കുര്യാക്കോസ് അച്ചൻ വരച്ചിടുന്നു.

മതപരമായ പീഡനചരിത്രത്തിൽ ഇതിനൊരു സമാന്തരമുണ്ടെന്ന് ചൂണ്ടിക്കാണിക്കട്ടെ. ക്രൈസ്തവചരിത്രത്തിൽ, ലോകചരിത്രത്തിൽത്തന്നെ ആദ്യത്തെ ദൈവാന്വേഷിയായ ഹൈപേഷ്യ, ധിഷണയുടെയും ലാവണ്യത്തിന്റെയും അസാമാന്യമായ ഒരു ചേരുവ, അതിനു മുൻപോ പിൻപോ സംഭവിച്ചിട്ടില്ല. ആ വടിവുകൾ ദൈവികമെന്നുവരെ (Divine proportions) വിശേഷിക്കപ്പെട്ടിട്ടുണ്ട്. അലക്സാൻഡ്രിയായിൽ എ. ഡി. 370 ലാണ് ഹൈപേഷ്യ ജനിച്ചതെന്ന് കാൾ സാഗൻ പറയുന്നു. സ്ത്രീകൾ വെറും വസ്തുക്കളായി പരിഗണിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ, ഹൈപേഷ്യ അതിനെ അതിക്രമിച്ച് വളരുകയായിരുന്നു. പുരുഷാധിപത്യമുള്ള മേഖലകളിലെല്ലാം തന്നെ ആ മഹിള തന്റെ പാടവം തെളിയിച്ചു. ഗണിതജ്ഞ, ജ്യോതിശാസ്ത്രജ്ഞ, നിയോപ്ലാറ്റോനിക് ദർശനസംഹിതയുടെ അധ്യക്ഷ - നിറവേറലുകളുടെ അത്യസാധാരണമായ ഒരു സമ്മിശ്രം തന്നെയായിരുന്നത്രെ ഹൈപേഷ്യ- പറയുന്നത് കാൾ സാഗനാണ്. അലക്സാൻഡ്രിയായിലെ ആർച്ച് ബിഷപ് സിറിൾ അവളെ അപകടകാരിയായ ഒരു പ്രതിയോഗിയായി കണ്ടു. പ്രധാന കാരണം, അവളുടെ താരതമ്യാതീതമായ വൈഭവങ്ങൾ, പിന്നെ സർക്കാറുമായുള്ള ഹൈപേഷ്യയുടെ ശാന്തസൗഹൃദം. എ.ഡി. 415 ൽ സിറിൾ തന്റെ സൈനികരെക്കൊണ്ട് അവളെ പിടിച്ചുകെട്ടി ചിത്രവധം ചെയ്യുകയായിരുന്നു. എല്ലുകളിൽ നിന്നും മാംസം പറിച്ചെടുത്തു (Flayed her flesh from her bones). അവളുടെ ഭൗതികമായ എല്ലാം കത്തിച്ചുകളയുകയായിരുന്നു - ഏതെങ്കിലും ഭാഗം വിട്ടുകളഞ്ഞാൽ, അതിൽ നിന്നു ഉയിരാളിയാലോ എന്നു ഭയന്ന്! ക്രിസ്തീയമുറകളിൽ നിന്നും വേറിട്ട് അവളെ നിർദയം ക്രൂശിച്ച സിറിൾ വിശുദ്ധനായി അവരോധിക്കപ്പെട്ടു. ആത്മാവിൽ പങ്കിലനായ ഒരു മനുഷ്യൻ അങ്ങനെ അവരോധിക്കപ്പെടുമ്പോൾ നാം ആ 'വിശുദ്ധി' യെപ്പറ്റി സംശയാകുലരാകുന്നു. തുടർന്ന്, അലക്സാൻഡ്രിയായിലെ ലൈബ്രറി - സീമാതീതമായ ഗ്രന്ഥശേഖരം ആകെ നശിപ്പിക്കപ്പെടുകയായിരുന്നു. ദുരാധിപതികൾക്ക് എല്ലായ്പ്പോഴും ഭയം പുതിയ ആശയങ്ങളെയാണല്ലോ. ഹൈപേഷ്യയെ വിസ്മൃതിയിൽ നിന്ന് പുനർജനിപ്പിച്ച കാൾ സാഗനോട് ആധ്യാത്മിക സംസ്കൃതിക്ക് തീരാത്ത കടപ്പാടാണ്.

ഹൈപേഷിയുടെ ചരിത്രഗംഭീരത, അനസ്താസ്യായുടെ ലളിതാസ്തിത്വത്തിൽ അവകാശപ്പെടാവതല്ല. ക്രൈസ്റ്റിനായുള്ള സമർപണബോധത്തിലേ അവർ ഇരുവരും സമാനരായുള്ളു. പുരുഷവർഗത്തെ ഒട്ടാകെ സംഭ്രമിപ്പിച്ച ഹൈപേഷ്യയുടെ ശാസ്ത്രബോധ്യങ്ങളോ ദർശനശേഷിയോ അനസ്താസ്യാക്ക് ഇല്ലെന്നത് ഒരു വസ്തുതയായിരിക്കെ, ഇരുവരുടെയും രക്തസാക്ഷിത്വം ചില സമാനതകൾ വെളിപ്പെടുത്തുന്നുണ്ട്. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ ചാവറയച്ചൻ ക്രൈസ്തവാധ്യക്ഷന്മാരെ ദുഷിക്കാനല്ല ഒരുങ്ങിയത്. 'അവർ ചെയ്യുന്നത് അവരറിയുന്നില്ല, അവരോട് ക്ഷമിക്കുക' എന്ന യേശുവിന്റെ വചനം ശിരസാ വഹിച്ചുകൊണ്ട് അവർ ചെയ്യുന്നത് അവർ അറിഞ്ഞാലും മാപ്പ് നൽകാൻ വരെ സന്നദ്ധനാവുകയാണ്.

സഹാനുഭൂതിയിലാണ് ചാവറയച്ചൻ തന്റെ ആഹ്വാനത്തിന്റെ ലാവണ്യകേന്ദ്രം ബന്ധിക്കുന്നത്. വെറുതെ അലസമായി ഈ കവിതയിലൂടെ കടന്നുപോവുന്ന ഒരാൾ പോലും സ്പർശിക്കപ്പെടുന്നു, അഗാധമായി. നൂറ്റൻപത് വർഷങ്ങൾക്ക് മുൻപാണ് (1805-1871) ഏലിയാസച്ചൻ ഇങ്ങനെയൊക്കെ അഭിദർശിച്ചതെന്ന് നാം അത്ഭുതത്തോടെ ചിന്തിച്ചുപോയേക്കാം. സമകാലികത്വത്തിന്റെ തല്ലാത്ത ഒരു ദീർഘമുദ്ര അതിൽ പതിഞ്ഞുകിടപ്പുണ്ട്, ഞാനതിനെ പവിത്രം എന്നു വിശേഷിപ്പിക്കുന്നു.



മൃതിയുടെ തത്ത്വശാസ്ത്രം

ശ്രീധരനുണ്ണി

പഴയൊരു ഗാനം ഓർമവരുന്നു:

"ജന്മമെടുത്തതിനെന്തേ മൂലം
ജന്മമെടുത്തത് കർമ്മമൂലം
കർമമെടുത്തതിനെന്തേ മൂലം കൃഷ്ണാ
കർമമെടുത്തത് രാഗമൂലം
രാഗമെടുത്തതിനെന്തേ മൂലം കൃഷ്ണാ
രാഗമെടുത്തത് മാനമൂലം."

ജന്മാന്തരങ്ങൾക്ക് ആധാരം കർമമാണെന്ന് സിദ്ധാന്തിക്കുന്ന ഭാരതീയ തത്ത്വശാസ്ത്രം ഈ പാട്ടിൽ അന്തർലീനമാണ്. കർമമെടുക്കുമ്പോൾ മരണം. കർമങ്ങളിൽ തന്നെ സൽക്കർമങ്ങളും ദുഷ്കർമങ്ങളും ഉണ്ട്. ഫലേച്ഛ കൂടാതെ വേണം കർമാനുഷ്ഠാനം എന്ന് ഭഗവദ്ഗീത.

"കർമണ്യേ വാധികാരസ്തേ
മാ ഫലേഷു കഥാചനാ" - എന്ന സിദ്ധാന്തം പൗരസ്ത്യ ദർശനത്തിന്റെ കാതലാണ്.

ജീവിതം എന്നത് ദാർശനിക വീക്ഷണത്തിൽ ഒരു യാത്രയാണ്. മരണത്തിലേക്കുള്ള യാത്ര. മരണം എന്നത് അവ്യാഖ്യേയമായ ഒരു പ്രഹേളികയാണ്. എല്ലാ തത്ത്വശാസ്ത്രങ്ങളിലും മനുഷ്യൻ ഈശ്വരാംശം എന്ന് ഋഷിപ്രോക്തം. അതായത്, ഓരോ ജീവനും ഈശ്വരനിൽ നിന്ന് ഉത്ഭവിച്ച് കർമങ്ങളും ധർമങ്ങളും പൂർത്തിയാക്കി അവസാനം ഈശ്വരനിൽ വിലയം പ്രാപിക്കുന്നു.

ഭാരതീയ മിത്തോളജി പ്രകാരം അവതാര സങ്കൽപം ഈ തത്ത്വത്തെ വെളിവാക്കാനുള്ള ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അതുകൊണ്ടാണ് മനുഷ്യൻ മരണത്തെക്കുറിച്ചും അതിനുശേഷമുള്ള ജീവിതത്തെക്കുറിച്ചും ചിന്തിച്ചു പോകുന്നത്. എന്താണ് മരണം? എന്തിനുവേണ്ടിയാണ് മരണം? മരണാനന്തരം എന്ത്?- എന്നിങ്ങനെ ചിന്തകൾ നീളുന്നു. ലോകത്ത് ഇന്നോളം ഉത്ഭവിച്ച എല്ലാ തത്ത്വവിചാരങ്ങളിലും ഇതേക്കുറിച്ചുള്ള അന്വേഷണം ഉണ്ട്. എല്ലാ മതങ്ങളുടെയും ആത്യന്തികമായ ചിന്ത മരണത്തിൽ ഊന്നി നിൽക്കുന്നു. മനുഷ്യേതര മൃഗങ്ങൾക്ക് ചിന്തയില്ല. അത് വിശേഷബുദ്ധിയുള്ള മനുഷ്യന്റെ സിദ്ധാന്തമാണ്. അതിനാൽ അവൻ ജീവിതത്തിനും മരണത്തിനും വ്യാഖ്യാനം ചമയ്ക്കുന്നു. കർമസിദ്ധാന്തത്തിൽ അധിഷ്ഠിതമായ ജീവിതത്തെക്കുറിച്ച് മഹാകവി പുന്താനം ഇങ്ങനെ നിബന്ധിക്കുന്നു.

"നമ്മെയൊക്കെയും ബന്ധിച്ച സാധനം
കർമമെന്നറിയേണ്ടത് മുന്നിനാൽ
കർമപാശത്തെ ലംഘിക്കയെന്നത്
ബ്രഹ്മാവിന്നുമെളുതല്ല നിർണയം" -

അതുകൊണ്ടാണ് ജീവൽഗതിയെക്കുറിച്ച് കവി വാചാലനായത്. അസുരന്മാർ സുരന്മാരായും അമരൻമാർ മരങ്ങളായും അജം ഗജമായും നരി നരനായും നാരി കുറുക്കനായും ജനിക്കുന്നുവെന്ന് അദ്ദേഹം ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു. പുണ്യപാപ ബോധത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സങ്കൽപം ഒരു പടി കൂടി കടന്ന് "കൃപകൂടാതെ പീഡിപ്പിച്ചീടുന്ന നൃപൻ ചത്ത് കൃമിയായി പിറക്കുന്നു"എന്നുവരെ എഴുതി. ഇതെല്ലാം കർമസിദ്ധാന്തത്തെ പ്രസ്പഷ്ടമാക്കുന്നതാണ്. ഭാരതത്തെ കർമക്ഷേത്രമെന്നു വിശേഷിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ജന്മം, ചുട്ടുതിന്നാനോ വെറുതെ പാഴാക്കാനോ ഉള്ളതല്ല എന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. ചപല ജീവിതത്തിന്റെ നിരർഥകതയെക്കുറിച്ച് കവി ഉപപാദിക്കുന്നത് അതുകൊണ്ടാണ്. ഈ കർമസിദ്ധാന്തത്തെ തന്നെയാണ് ആധുനിക കാലഘട്ടത്തിൽ മഹാത്മാഗാന്ധി മാതൃകയാക്കിയത്. കർമസിദ്ധാന്തത്തിന് പുതിയ ഭാക്ഷ്യം ചമയ്ക്കുകയായിരുന്നു അദ്ദേഹം. ആയിരത്താണ്ടുകളായി നാം ഊട്ടിവളർത്തിയെടുത്ത സാമൂഹ്യപാഠത്തിന്റെ അഥവാ സാമൂഹ്യ ബോധത്തിന്റെ അനന്തരഫലമാണ് അത്. മനുഷ്യനെ നന്മയിലേക്ക് ആനയിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണല്ലോ, ഈ സാമൂഹ്യപാഠം.

അവിടെയാണ് ഹ്രസ്വമായ ജീവിതചക്രത്തെക്കുറിച്ചുള്ള ചിന്ത വരുന്നത്. ഈ ചുരുങ്ങിയ കാലയളവിൽ പലതും അനുഭവിച്ചു തീർക്കേണ്ടതുണ്ട് എന്നത് മനുഷ്യനറിയാം. ആസ്വദിച്ചു തീർക്കേണ്ടതുണ്ട് എന്ന ഒരു പാഠഭേദം കൂടി അതിനുണ്ട്. കാരണം അപ്പു

റത്ത് മരണം എന്ന പ്രഹേളിക കാത്തുനിൽക്കുന്നു. ജീവിതകാമന മരണത്തെ ഒരു ദുർഭൂതമായി കാണുന്നു. അതിനെ ഭയക്കണം. അതിന് പണ്ടുള്ളവർ മരണഭയം എന്നു പേരിട്ടു. എന്തുകൊണ്ടാണ് മരണഭയം ഏറ്റവും വലിയ ഭയമായി മാറുന്നത് എന്നതിനുത്തരം ഇപ്പറഞ്ഞതിലുണ്ട്. അതിനാൽ ചിലർ മരണത്തെക്കുറിച്ചു പാടി. ചിലർ മരണത്തെക്കണ്ട് നിർവികാരതയോടെ നിന്നു. ചിലർ പൊട്ടിച്ചിരിച്ചു.

"മരണകാലത്തെ ഭയത്തെ ചിന്തിച്ചാൽ
മതിമറന്നുപോ ജനമെല്ലാം" - എന്നും
"നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ
നരകത്തീനെന്നെ കരകേറ്റീടണം" -

എന്നു കവികൾ പാടി. ഇതു വാസ്തവത്തിൽ ഭാരതീയ മനസ്സിന്റെ വിലാപമായിരുന്നു. ഇതിനെ മറികടക്കണമെങ്കിൽ സ്ഥിതപ്രജ്ഞനാകണം. നമ്മുടെ മഹർഷി പാരമ്പര്യത്തിന് അതുണ്ടായിരുന്നു. അതുകൊണ്ട് അവർ നിസ്സംഗരായി; സർവസംഗ പരിത്യാഗികൾ പക്ഷെ, സാമാന്യജനം അങ്ങനെയല്ലല്ലോ. അവർക്കു മുന്നിൽ ഭൗതികമായ ഐഹിക ജീവിതം മാത്രമേയുള്ളൂ. അതിനാൽ അവർക്ക് ജീവൻ മരണങ്ങളെക്കുറിച്ച് അവബോധം വരുത്തേണ്ടിയിരുന്നു. ആധ്യാത്മിക ചിന്തകളുടെ വ്യാഖ്യാനത്തിലൂടെ ഭാരതീയർ അതു സാധിച്ചു. അതാണ് ജ്ഞാനമാർഗം. അവിടെ ഇഹലോകവും പരലോകവും ഉണ്ട്. പരലോകത്തിൽ സ്വർഗവും നരകവും ഉണ്ട്.

നരകത്തിൽ എത്താതിരിക്കണമെങ്കിൽ നല്ലവഴിയെ നടക്കണം. പൂന്താനം മുതലുള്ള കവികളൊക്കെ ചെയ്തത് സാധാരണക്കാർക്ക് ആ ഉപദേശം നൽകുകയാണ്. അത് ഹൈന്ദവമായ ജീവിത ചിന്തകൾ. ഈ പടവുകൾ എല്ലാം തന്നെ ഏറിയോ കുറഞ്ഞോ മറ്റു മതങ്ങളിലെല്ലാം ഉണ്ട്. അത് പല രൂപഭാവങ്ങളിലാണ് നമുക്ക് അനുഭവവേദ്യമാകുന്നത്. ക്രൈസ്തവ ദർശനത്തിൽ ഉയിർപ്പിന്റെ സന്ദേശവും തത്ത്വശാസ്ത്രവും ഉണ്ട്.

ഇന്ന് ജന്മപുനർജന്മ സിദ്ധാന്തത്തിന് പുതിയ വ്യാഖ്യാനം വന്നുകൊണ്ടിരിക്കുന്നു. അതനുസരിച്ച് സ്വർഗം, നരകം എന്നിവ ജീവിതാനുഭവങ്ങൾ മാത്രമാണ്. അത് ജീവിതകാലത്തുതന്നെ അനുഭവിച്ചു തീർക്കേണ്ടതാണ്. ഇതാകട്ടെ നവീന ഭൗതിക ദർശനവുമായി ബന്ധപ്പെട്ടതാണ്. മതങ്ങൾക്കും മതാചാര്യന്മാർക്കും ഇതറിയായ്കയല്ല. സാമാന്യജനങ്ങളെ ബോധവത്ക്കരിക്കണമെങ്കിൽ വിശ്വാസത്തിന്റെ അടിത്തറവേണം. ആത്മീയതയിൽ ഊന്നിയാൽ അതെളുപ്പം കഴിയുമെന്ന് ആചാര്യന്മാർക്ക് അറിയാമായിരുന്നു. വിഗ്രഹാരാധനയുടെ അർഥശൂന്യത അറിഞ്ഞുകൊണ്ടുതന്നെ ആണല്ലോ ശങ്കരാചാര്യരും മറ്റും ക്ഷേത്രദർശനത്തിന് പ്രാധാന്യം കൊടുത്തത്. ശ്രീനാരായണഗുരു കണ്ണാടി പ്രതിഷ്ഠിച്ചതിൽ ഈയൊരു വീക്ഷണത്തിൽ വായിക്കണം. ഇതെല്ലാം മനസ്സിലാക്കിയാണ് മതാചാര്യന്മാർ പുനർജന്മ സിദ്ധാന്തത്തിൽ ഊന്നിയത്. പാപത്തിന്റെ ശമ്പളം മരണമത്രേ എന്ന് ക്രൈസ്തവർ കർമസിദ്ധാന്തത്തെ വ്യാഖ്യാനിക്കുന്നു. മരിച്ചു കഴിഞ്ഞാലും ഈ പാപത്തിന്റെ ഫലം അനുഭവിക്കേണ്ടിവരും എന്നു മനസ്സിലാക്കിയാൽ പാപകർമങ്ങളിൽ നിന്ന് സാധാരണ മനുഷ്യർ മാറി നിൽക്കും. അത് സത്കർമങ്ങളനുഷ്ഠി





ക്കാൻ അവർക്ക് പ്രേരകമാണ്. അതിനാൽ ജീവിതകാലത്ത് നല്ലത് ഏതും ആഘോഷിക്കുകതന്നെ വേണം. മരണം അവസാനവാക്കല്ല, എന്ന് പഠിപ്പിക്കുകയാണ് എല്ലാ മതപണ്ഡിതന്മാരും ചെയ്തത്.

ജീവിതമരണ ദർശനങ്ങളെ കാവ്യാത്മകമായി സമീപിക്കുന്ന ഒരു കൃതിയിലേക്ക് ഒന്നു കണ്ണോടിക്കേണ്ടിയിരിക്കുന്നു. ചാവറ കുര്യാക്കോസ് അച്ചൻ എഴുതിയ *മരണവീട്ടിൽ പാടാനുള്ള പാന* എന്ന ഖണ്ഡകാവ്യമാണത്. പൂന്താനത്തിന്റെ ജ്ഞാനപ്പാനപോലെ ഉൾക്കാഴ്ചയും ദാർശനിക തീക്ഷ്ണതയും കൊണ്ട് വ്യതിരിക്തമാണ് ഈ കൃതി. മരിച്ചവീട്ടിൽ ബന്ധുജനങ്ങൾ ദു:ഖം അറിയിച്ച് സന്ദർശനം നടത്തുക പതിവാണല്ലോ. അവർ പരേതാത്മാവിന്റെ അപദാനങ്ങൾ പാടും. ഒരു അനുഷ്ഠാനം പോലെ വരികയും പോവുകയും ചെയ്യും. അങ്ങനെ ഒരു പരേതന്റെ വീട്ടിൽ എത്തിയ ബന്ധുമിത്രാദികളെ അഭിസംബോധന ചെയ്തുകൊണ്ട് പരേതാത്മാവ് പ്രത്യക്ഷപ്പെട്ടു സംസാരിക്കുന്നു. നൂതനമായ ഒരു രചനാതന്ത്രമാണ് കവി ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഇന്ന് ഫാന്റസി അഥവാ ഭ്രമകൽപന എന്നോ മെറ്റാഫിസിക്കൽ എന്നോ വ്യാഖ്യാനിക്കാവുന്ന രചനാതന്ത്രം ഏറെ പ്രശസ്തമായ മാജിക്കൽ റിയലിസത്തിന്റെ സ്വാധീനവും ഇതിൽ വായിക്കാം. കെട്ടുറപ്പുള്ള ഗാഥാ വൃത്തത്തിൽ നിബന്ധിച്ചിരിക്കുന്ന ഒരു കൃതിയാണ് ഇത്. അക്ലിഷ്ടമാണ് ഇതിലെ രചനാരീതി.

"ജന്മദിനത്തെക്കാൾ മൃത്യുദിനം നല്ലൂ
ജന്മഘോഷത്തേക്കാൾ മരണഘോഷം."

എന്ന തുടക്കംതന്നെ മരണത്തെ മഹത്വവത്ക്കരിക്കുന്നു. കല്യാണവീട്ടിലല്ല ചരമ അടിയന്തിരത്തിനാണ് പോകേണ്ടത് എന്നാണ് കവി തുടർന്നു പറയുന്നത്. തുടർന്ന്, ജീവിച്ച കാലത്ത് താൻ ചെയ്ത ദുഷ്കർമങ്ങളെക്കുറിച്ച് ആത്മാവ് വിലപിക്കുന്നു. ജീവിതകാലത്ത് സുഖലോലുപനായി കഴിയുമ്പോൾ ഒട്ടേറെ കൂട്ടുകാരുണ്ടാകും. പക്ഷേ മരണകാലത്ത് ആരും തുണയ്ക്കാൻ ഉണ്ടാവില്ല. ആപത്തു വരുമ്പോൾ ആരും സഹായിക്കാൻ ഇല്ലാത്ത ഒരവസ്ഥ വരും. താൻ ഏറെ പ്രിയപ്പെട്ടവരെന്നു കരുതിയവർ മാറി നിൽക്കും. അതിന് നാലു സ്നേഹിതന്മാരുടെ കഥ കവി ആഖ്യാനം ചെയ്യുന്നു. നാലു സ്നേഹിതന്മാരിൽ ആദ്യത്തെ മൂന്നുപേരെ താൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു. സഹായമഭ്യർഥിച്ചപ്പോൾ അവർ മൂന്നുപേരും പിൻവാങ്ങി. അത്രതന്നെ ഇഷ്ടപ്പെടാതിരുന്ന നാലാമത്തെ വ്യക്തി സഹായഹസ്തം നീട്ടി. ദു:ഖമറിയിച്ചു വന്നവർക്ക് മന:പൂർവം ഈ ഉദാഹരണം പരേതൻ പറഞ്ഞുകൊടുക്കുകയായിരുന്നു. ഔതിക ജീവിതകാലത്ത് കാണുകയും കേൾക്കുകയും ചെയ്യേണ്ടിവരുന്ന നാട്യങ്ങളെ തുറന്നുകാണിക്കുകയാണ് കവി ഈ ഉദാഹരണത്തിലൂടെ. അതിനാൽ എല്ലാവരും ജീവിച്ചിരിക്കുന്ന കാലത്തു തന്നെ വിധി, സ്വർഗം, നരകം എന്നിവയെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് പുണ്യകർമങ്ങൾ ചെയ്യുകയാണ് വേണ്ടത്.

കർമഫലത്തെക്കുറിച്ച് വാല്മീകിയുടെ വീക്ഷണം കൂടി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു അദ്ദേഹം.

"താൻതാൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
താൻതാനനുഭവിച്ചീടുകെന്നേ വരൂ"

"നിത്യവും ചെയ്യുന്ന കർമഗുണഫലം
കർത്താവൊഴിഞ്ഞ് മറ്റന്യൻ ഭുജിക്കുമോ."


കാട്ടാളനെ ചിന്താഗ്രസ്ഥനാക്കി മനം മാറ്റിയ ജീവിതദർശനമാണല്ലോ ഇത്. മരണവീട്ടിൽ പാടാനുള്ള പാനയിൽ ആത്മാവിന്റെ മോചനത്തെക്കുറിച്ച് കവി സൂചിപ്പിക്കുന്നുണ്ട്. ഭാരതീയവീക്ഷണവും പൗരസ്ത്യവീക്ഷണവും ക്രൈസ്തവദർശനവും ഇവിടെ സന്ധിക്കുകയാണ്. മരിച്ചയാളുടെ ആത്മാവിനുവേണ്ടി പ്രാർഥിക്കണം എന്ന് പരേതാ



രുമാവ് അഭ്യർഥിക്കുന്നു. ആധിയിലും വ്യാധിയിലും കൂടെ നിന്ന് ഔഷധവും ആശ്വാസവും പകർന്നവർ. അതിനേക്കാൾ കൂടുതലായി പ്രാർഥിക്കേണ്ടത് മോക്ഷപ്രാപ്തിക്ക് വേണ്ടിയാണ്.

നടേ സൂചിപ്പിച്ച ജീവിതധർമത്തെക്കുറിച്ച് കവി ഉപപാദിക്കുന്നു. മരണത്തെക്കുറിച്ചും വിധി, സ്വർഗം, നരകം എന്നിവയെക്കുറിച്ചും ചിന്തിച്ചുകൊണ്ട് വേണം പുണ്യകർമങ്ങൾ ചെയ്യാൻ എന്നതാണ് അതിലൊന്ന്. വേദനയിൽ തുണയ്ക്കുന്നവനെ ദൈവം തുണയ്ക്കും. ജീവിതത്തിൽ പാപം ചെയ്തവർക്ക് സ്വർഗപ്രവേശനം സാധ്യമല്ല. പാപം ചെയ്തവർ മരിച്ച് ചെന്നാലും സ്വർഗവാതിൽ തുറക്കപ്പെടുകയില്ല. പാപത്തിന്റെ പ്രതിഫലമായ പീഡകൾ അനുഭവിച്ചേ തീരൂ. ആലങ്കാരിക ഭാഷയിൽ ഇക്കാര്യങ്ങളൊക്കെ മരണപ്പാനയിൽ വ്യക്തമാക്കുന്നുണ്ട്. ശരീരം ഒരു മൃഗമത്രേ. അത് ഭാരം വഹിച്ചുകൊണ്ടുപോകുന്ന കഴുതയെപ്പോലെയാണ്, അല്ലെങ്കിൽ പോത്തിനെപ്പോലെയാണ്. തളർന്ന് വീണാൽ അവയെ തുണയ്ക്കാൻ ആരും വരുന്നില്ല. ശരീരത്തിന്റെയും സ്ഥിതി ഇതുതന്നെയാണ്. തളരുമ്പോൾ താങ്ങാൻ സഹായികൾ ഇല്ലാത്ത അവസ്ഥ. ജീവിതകാലത്ത് ഭൗതിക ധനത്തെ പിന്തള്ളി ആത്മീയധനം ആർജിക്കുകയാണ് വേണ്ടത്. തളർച്ച എന്ന ദുഃഖത്തിന് പരിഹാരം അതാണ്. പൂട്ടിത്തെളിയുന്ന കാളയ്ക്കേ ഭക്ഷണം കൊടുക്കൂ എന്നതാണ് ആധുനിക വികല തത്വശാസ്ത്രം.

ഉപകഥകളിലൂടെ കവിയുടെ ജീവിത തത്വശാസ്ത്രം കവിതയിൽ ഉടനീളം പ്രകടമാവുന്നു. അതിൽ സാമൂഹ്യപരിഷ്കർത്താവിന്റെ വീക്ഷണഗതിയും നമുക്ക് ദർശിക്കാം. പാപങ്ങളെ മറന്ന് സമൂഹത്തിനുവേണ്ടി ആണെങ്കിൽപ്പോലും സ്വത്ത് സമ്പാദിക്കുന്നത് നന്നല്ല എന്ന് അദ്ദേഹം കവിതയിലൂടെ സമർഥിക്കുന്നുണ്ട്. സ്ഥിതിസമത്വത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാടുതന്നെയാണ് ഇത്. സമൂഹത്തിൽ ദുഃഖിതരും പീഡിതരും ഉണ്ടായിക്കൂടാ. വൈദികൻ കൂടിയായ കവിയുടെ ചിന്ത ആ വഴിക്ക് നീങ്ങുന്നു. സ്വാർഥ



ക്രിസ്തുമത ആചാരപ്രകാരം നടത്തുന്ന ഒരു മൃതസംസ്കാര യാത്ര. ആർക്കുവേണ്ടിയാണ് മണി മുഴക്കുന്നത്? ഇന്ന് എനിക്കും നാളെ നിനക്കും വേണ്ടിയാണത്. ചാവറയച്ചന്റെ പാന മരണം എന്ന പ്രഹേളികയെപ്പറ്റിയാണ്.



ലാഭത്തിനുവേണ്ടിയുള്ള ധനസമ്പാദനം പാപകർമ്മമാണ്. ആ ധനത്തിന് നിലനിൽപില്ല. അതിന്നായി ചാവറയച്ചൻ നിർദേശിക്കുന്നത് സദ്ഗുണസമ്പന്നരുടെ കൂട്ടായ്മ ഉണ്ടാക്കുക എന്നതാണ്. ദൈവം തന്നത് ദൈവമക്കൾക്കുള്ളത് എന്ന തത്ത്വം അദ്ദേഹം ഘോഷിച്ചു. ജീവിതം വിനയാന്വിതമാകണമെന്ന് കവിതയിൽ ഗുണപാഠം കൂടിയുണ്ട്. അന്ത്യഅത്താഴത്തിനുശേഷം യേശുക്രിസ്തു ശിഷ്യന്മാരുടെ കാൽ കഴുകിയത് ഈ വിനയത്തിന്റെ മാതൃകയായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കുരിശുമരണം ഉറപ്പായിട്ടും വിനയത്തിന്റെ മാതൃക കാണിക്കുന്ന യേശുവിനെ അനുഗമിക്കാൻ കവി നിർദേശിക്കുന്നു. ഇന്നും പ്രതീകാത്മകമായി ഈ കർമങ്ങൾ അനുഷ്ഠിച്ചു വരുന്നുണ്ടല്ലോ.

സ്വന്തം ശവശരീരത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് ആത്മാവ് ബന്ധുമിത്രാദികളോട് പറയുന്ന ജീവിതസത്യങ്ങളാണ് *മരണവീട്ടിലെ പാന* യുടെ സത്ത. ഇത് കവിയുടെ സുചിന്തിതമായ മരണദർശനത്തിന്റെ ആകെത്തുകയാണ്. ഈ തത്ത്വം വെളിപ്പെടുത്താൻ ഒട്ടേറെ മിത്തുകൾ അഥവാ പുരാവൃത്തങ്ങൾ കവി അവലംബിക്കുന്നുണ്ട്. അതിലേറെയും ബൈബിളിലുള്ളവയുമാണ്. അതേസമയം ഇതര ജീവിതദർശനങ്ങളുമായി താദാത്മ്യം പ്രാപിച്ചു കൊണ്ടാണ് കവി പാന പാടിയിട്ടുള്ളത്. മരണദർശന പ്രധാനമായ ഒട്ടേറെ കൃതികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അവയോടൊക്കെ കിടപിടിക്കുന്ന 'മരണവീട്ടിൽ പാടാനുള്ള പാന'യും കുമാരനാശാന്റെ 'പ്രരോദനവും' 'വീണപൂവും' ഐഹിക ജീവിതത്തിന്റെ നിരർഥകതയിലേക്കു വിരൽ ചൂണ്ടി മോക്ഷപ്രാപ്തി എന്ന പരമസത്യത്തെ അംഗീകരിക്കുന്നു. പിൽക്കാല കവികളായ ഇടപ്പള്ളി രാഘവൻ പിള്ളയും ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയും ജി. ശങ്കരക്കുറുപ്പും പി. കുഞ്ഞിരാമൻ നായരും എല്ലാം മരണം എന്ന ആത്യന്തിക സത്യത്തെക്കുറിച്ച് പാടിയിട്ടുണ്ട്. ചിന്താബന്ധുരതകൊണ്ട് ചാവറയച്ചന്റെ പാനയ്ക്ക് ചിലയിടങ്ങളിൽ മുൻതൂക്കം കാണാം. കാരണം അത് *ജ്ഞാനപ്പാന* പോലെ ശാശ്വതമായ വായനയ്ക്കുള്ള പാനയാണ്. ചെറുശ്ശേരിയുടെ *കൃഷ്ണഗാഥ* കവിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട് എന്ന് കാണാം. പാന അഥവാ ഗാഥ എന്ന വൃത്തം എളുപ്പം ഹൃദിസ്ഥമാക്കാൻ കഴിയുന്നതാണ് എന്ന് ചാവറയച്ചൻ കണ്ടെത്തി. അതുകൊണ്ടാണ് ശുദ്ധമായ ഗാഥാവൃത്തം അദ്ദേഹം തെരഞ്ഞെടുത്തത്. പള്ളികളിൽ ചരമപ്രസംഗം സാധാരണമാണല്ലോ. പരേതന്റെ അപദാനങ്ങളെ വാഴ്ത്തുന്നതോടൊപ്പം നിത്യശാന്തിക്കുള്ള ഉപാധികൂടി വൈദികൻ പ്രഭാഷണത്തിൽ വ്യക്തമാക്കാറുണ്ട്. അതിനൊരു പ്രബോധനത്തിന്റെ ഛായയുണ്ട്. അവിടെ ശ്രോതാക്കളെ ഉദ്ബുദ്ധരാക്കുകയല്ല വേണ്ടത്. ഉപദേശങ്ങളിലൂടെ അവരുടെ മനസ്സ് മാറ്റുകയാണ്. അങ്ങനെ നോക്കുമ്പോൾ 'മരണവീട്ടിൽ പാടാനുള്ള പാന' ഒരു പ്രബോധനമാണ്. ഇവിടെ ഒരു പ്രത്യേകതയുണ്ട്. മറ്റൊരാളല്ല പ്രഭാഷകൻ. മരിച്ചു കിടക്കുന്ന മനുഷ്യന്റെ ആത്മാവാണ്. തന്നെക്കുറിച്ചു പറയാൻ ഏറ്റവും യോഗ്യൻ താൻ തന്നെ. തന്റെ കുറ്റങ്ങളും കുറവുകളും ഏറ്റുപറയുമ്പോൾ അതിലൊരു സംതൃപ്തിയുണ്ട്. അത് ഒരു തിരുത്തലാണ്. ക്രൈസ്തവദർശനമനുസരിച്ച് മനുഷ്യന് നാല് അന്ത്യങ്ങളുണ്ട്. മരണം, അന്ത്യവിധി, മോക്ഷം, നരകം എന്നിങ്ങനെ. അതിലേക്കെത്താൻ ശുദ്ധീകരണ പ്രക്രിയവേണം. ഏത് സൽസ്വഭാവിയും ഈ ശുദ്ധീകരണത്തിന് വിധേയനാകേണ്ടിവരും. മനുഷ്യന് പക്ഷെ ജീവിതകാലത്ത് ആ ചിന്തയില്ല. ചിന്താവിഹീനൻ മൃഗത്തിന് തുല്യനാണെന്നത്രേ പ്രമാണം. അതേസമയം സദാ മരണത്തെക്കുറിച്ച് ചിന്തിച്ചിരിക്കുന്നതിന്റെ ദോഷം വരികൾക്കിടയിൽ വായിക്കാം. അവിടെ കർമാനുഷ്ഠാനം തടസ്സപ്പെടും. എന്തായാലും മരിക്കുമല്ലോ എന്ന ചിന്തയല്ല വേണ്ടത്. മരണത്തിനു മുൻപെ ഇന്നതൊക്കെ ചെയ്തു തീർക്കാനുണ്ട് എന്ന കർമബോധമാണ്. ധർമം, അർഥം, കാമം, മോക്ഷം എന്നിവയിൽ ധർമത്തെയും മോക്ഷത്തെയും മുൻനിരയിൽ വരുത്തണം. അതിന് കർമം അനുഷ്ഠിക്കുകയും വേണം. ഇത് പ്രായോഗികതത്ത്വം.

ഇങ്ങനെ പ്രായോഗികതയിൽ ഊന്നിയ ചിന്താധാരകളാണ് കവി പ്രതിപാദിക്കുന്നത്. കവി, സാമൂഹ്യപരിഷ്കർത്താവ്, പണ്ഡിതൻ, കർഷകൻ, വിദ്യാഭ്യാസ വിചക്ഷണൻ, നവോത്ഥാന നായകൻ എന്നിങ്ങനെ ഒട്ടേറെ മുഖങ്ങൾ ചാവറയച്ചന് സ്വന്തമാണ്. ഈ നാനാമുഖങ്ങളെയും ഏകീകരിക്കുക എന്നത് ക്ഷിപ്രസാധ്യമല്ല. അത് നിർവഹിച്ചു എന്നതാണ് ചാവറയച്ചന്റെ സിദ്ധി. അമാനുഷികമായ ശക്തികളാലല്ല ഇതൊന്നും. തന്റെ മാർഗം സുസ്പഷ്ടമാക്കാൻ ഏറ്റവും ഉചിതം ഉപദേശരൂപത്തിലുള്ള അഥവാ പ്രബോധനപ്രധാനമായ ഒരു ഗാനകൃതിയാണ് എന്ന് അദ്ദേഹത്തിനു തോന്നിയത് മലയാണ്മയുടെ മഹാഭാഗ്യം. കെട്ടുറപ്പുള്ള, ആശയക്കരുത്തുള്ള ഈ ഖണ്ഡകാവ്യം കൈരളിക്കു കിട്ടിയ ഒരു സുവർണമുദ്രയത്രേ.

ആന്തരിക പുനർസൃഷ്ടിക്കൊരു ഗാഥ

എം. ഗോപിനാഥ്

മരണത്തെക്കുറിച്ചുള്ള ചിന്തകൾ ജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ കൂടിയാണ്. സ്റ്റീവ് ജോബ്സ് പറഞ്ഞതുപോലെ ജീവിതത്തിലെ മാറ്റത്തിന്റെ ഏജന്റാണ് മരണം. 'പുതിയതിനു വഴിയൊരുക്കുവാൻ അത് പഴയതിനെ ഒഴിവാക്കുന്നു' (സ്റ്റാൻഫഡ് സർവകലാശാലാ കോൺവക്കേഷൻ പ്രസംഗം. ജൂൺ 12, 2005).

ശരീരം നശിക്കുമ്പോൾ സംഭവിക്കുന്നത് വലിയൊരു സന്ദിഗ്ധാവസ്ഥയാണ്. വ്യക്തിപരമായി, ഓരോ മരണവും ജീവിച്ചിരിക്കുന്ന ബന്ധുക്കൾക്ക് നൊമ്പരപ്പെടുത്തുന്ന ഓർമയാണ്. നിർമമതയോടെ നോക്കിയാൽ മരണം ഒരു യാത്രയാണ്; ജീവിതത്തെ അതിന്റെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്ന യാത്ര. പ്രിയപ്പെട്ടവരുടെ മരണം ജീവിച്ചിരിക്കുന്നവരുടെ മനസ്സിൽ നിറയ്ക്കുന്നതു നൊമ്പരമാണ്. അതു വിഷാദമായി വളർന്ന് ദീർഘകാല പ്രത്യാഘാതങ്ങൾ ഉളവാക്കിയേക്കാം. മരണ സംബന്ധിയായ കാവ്യരൂപങ്ങൾ പലതാണ് -വിലാപം, സ്തുതി, ആദരാഞ്ജലി, വിഷാദം മുതലായ പല ഭാവങ്ങളിലും രൂപങ്ങളിലുമുള്ളവ. രൂപമേതായാലും എഴുതപ്പെടുന്ന നാടിന്റെ സംസ്കാരമുദ്രകൾ അവയിൽ പതിഞ്ഞിരിക്കും; ജീവിതത്തിന്റെ ക്ഷണികതയായിരിക്കും പ്രതിപാദ്യവിഷയം.



പ്രിയപ്പെട്ടവരുടെ വേർപാടിലുള്ള അതിരറ്റ വേദനയെ ആന്തരിക പുനർനിർമാണത്തിനുള്ള നിമിത്തമാക്കി പരിവർത്തിപ്പിക്കുക എന്നതാണ് ചാവറയച്ചൻ രചിച്ച *മരണവീട്ടിൽ പാടുന്നതിനുള്ള പാന*യുടെ ലക്ഷ്യം. ഗ്രീക്ക് തത്ത്വചിന്തകൻ സെനെക്ക പറഞ്ഞതുപോലെ 'ജീവിക്കാൻ പഠിക്കുന്നപോലെ ഒരാൾ മരിക്കാനും പഠിക്കണം' എന്ന സന്ദേശമാണ് അതിന്റെ കാതൽ.

വിലാപസാഹിത്യം – ഒരു ഹ്രസ്വദർശനം

വിവിധ ഭാഷകളിലും സംസ്കാരങ്ങളിലും നിന്നു തിരഞ്ഞെടുത്ത കൃതികളുടെ പശ്ചാത്തലത്തിൽ വിലാപസാഹിത്യരൂപങ്ങളെ പരിചയപ്പെടാം. മലയാള വിലാപകാവ്യശാഖയുടെ അടിസ്ഥാനമായ 'പാന'യെ മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കാൻ അതു സഹായിച്ചേക്കും.



മഹാഭാരതം പതിനൊന്നാം പർവത്തിൽ കൗരവസൈനികർ കൂട്ടത്തോടെ മരിച്ചുകിടക്കുന്നതു കണ്ട് കരയുന്ന സ്ത്രീജനങ്ങളുടെ പ്രരോദനങ്ങൾ ശക്തമായ വിലാപകാവ്യങ്ങളാണ്. ഗ്രീക്ക് ഇതിഹാസകാവ്യമായ ഇലിയഡിൽ അക്കിലസിന്റെ മരണത്തിൽ ദേവതകൾ പോലും വിലപിക്കുന്നു.

സമകാലിക ആഫ്രിക്കൻ ജനതകൾക്കിടയിൽ സംഘം ചേർന്നുള്ള വിലാപത്തിനു വലിയ പ്രാധാന്യം കാണുന്നു. ഘാനയിലെ അക്കാൻസ്, സീറാലിയോണിലെ ലിംബാസ് ഭാഷകളും വിലാപകാവ്യങ്ങളുടെ അക്ഷയഖനിയാണ്. നൈജീരിയയിലെ 'യോരുബ' വംശക്കാരാകട്ടെ മരണാവസരങ്ങിലെ വിലാപത്തിനു മാറ്റുകൂട്ടാൻ പ്രഫഷനൽ വിലാപക്കാരെ ക്ഷണിക്കുകപോലും ചെയ്യുന്നു. ആഫ്രിക്കയിൽ ജനിച്ച് കരീബിയൻ ദ്വീപുകളിൽ പ്രചുരപ്രചാരം നേടിയ കോന്ത് ഗാനങ്ങൾ രോഗ-മരണ സംബന്ധിയായ വിഷയങ്ങളെ നൃത്തത്തിന്റെയും വാദ്യങ്ങളുടെയും അകമ്പടിയോടെ ഉത്സവച്ഛായയിൽ അവതരിപ്പിക്കുന്നവയാണ്.

ജാപ്പനീസ് സംസ്കാരത്തിൽ ശവമഞ്ചം വലിക്കുന്നതുമായി ബന്ധമുള്ള ബങ്കാ ഗാനങ്ങൾക്കു വലിയ സ്ഥാനമുണ്ട്. സെൻ സന്ന്യാസികൾ അവതരിപ്പിച്ച ജിഷേയ് എന്ന മരണഗീതങ്ങൾ നിറയെ പൂർണചന്ദ്രൻ, പടിഞ്ഞാറൻ ആകാശം, കുയിൽ മുതലായ ബിംബങ്ങളാണ്.

ഇംഗ്ലീഷ് നവോത്ഥാന കവികളായ ബെൻ ജോൺസൺ, അലക്സാണ്ടർ പോപ്പ്, ജോൺ ഡൺ മുതലായവർ വിലാപവും വിലാപകാവ്യവും രണ്ടാണെന്നു സമർഥിച്ചു. വ്യക്തിയെന്ന നിലയിൽ ആഴമായ ദുഖത്തിന്റെ പ്രകടനവും സമാശ്വാസം തേടലുമാണ് വിലാപം. കാവ്യരൂപമെന്ന നിലയിൽ അത് മരണം, വേർപാട്, ദുഃഖം മുതലായ കാര്യങ്ങളെ ഗീതം, വിലാപം, മരണക്കുറി, പുകൾപാടൽ മുതലായ വിവിധ രൂപഭാവങ്ങളിൽ അവതരിപ്പിക്കും.

ഷെയ്ക്സ്പിയറിന്റെ *ദ ടെംപസ്റ്റ്* എന്ന നാടകത്തിൽ ഫെർഡിനാന്റിന്റെ പിതാവിനെ ഓർത്ത് ഏരിയൽ പാടുന്നത് ഒന്നാന്തരം വിലാപകാവ്യമാണ്. സഹപാഠിയും ആത്മസുഹൃത്തുമായിരുന്ന എഡ്വേഡ് കിങ്ങിന്റെ മരണത്തിൽ അനുശോചിച്ച് ജോൺ മിൽട്ടൺ എഴുതിയ 'ലിസിഡാസ്' ആണ് മറ്റൊരു പ്രശസ്ത വിലാപകാവ്യം. വേഡ്സ്വർത്, ടെന്നിസൺ, വാൾട്ട് വിറ്റ്മാൻ, യെയ്റ്റ്സ്, തോമസ് ഹാർഡി മുതലായവരുടെ പ്രതിഭാസ്പർശമേറ്റ് പത്തൊൻപതാം നൂറ്റാണ്ടിൽ വിലാപഗാനശാഖ തഴച്ചുവളർന്നു. ഓഡൻ, ഡിലാൻ തോമസ്, വാലസ് സ്റ്റീവൻസ്, റോബർട് ലോവൽ, അലൻ ഗിൻസ്ബർഗ് മുതലായവർ ഈ പാരമ്പര്യം പരിപാലിച്ചുവളർത്തി.

അറേബ്യൻ-പേർഷ്യൻ നാടുകളിലെ ഇസ്ലാം സംസ്കാരത്തിനു കീഴിൽ വളർന്നുവന്ന സൂഫി ഗസലുകൾ മനുഷ്യാസ്തിത്വം സംബന്ധിച്ച അധ്യാത്മാന്വേഷണമായി വിഷാദഭാവങ്ങളെ വളർത്തിയെടുത്തു. പന്ത്രണ്ടാം നൂറ്റോണ്ടോടെ ഗസലുകൾ ഇന്ത്യയിലേക്കും ഒഴുകിയെത്തി ഇവിടുത്തെ തദ്ദേശീയ കാവ്യശാഖകളുടെ മേൽ സ്വാധീനം ചെലുത്തിത്തുടങ്ങി. മലയാളസാഹിത്യത്തിൽ ഇരുപതാം നൂറ്റാണ്ടിനു മുൻപു കാണുന്ന വിലാപകാവ്യശകലങ്ങൾ *രാമായണം*, *മഹാഭാരതം*, കാളിദാസകൃതികൾ മുതലായവയുടെ സ്വാധീനത്താൽ ഉളവായവയാണ്.

മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ സൈദ്ധാന്തികത്തികവോടെ സമീപിക്കുന്ന പൂന്താനത്തിന്റെ *ജ്ഞാനപ്പാന* മലയാള വിലാപകാവ്യശാഖയ്ക്ക് ഒരു മുതൽക്കൂട്ടാണ്. മകന്റെ മരണം നൽകിയ നൊമ്പരത്തെ അദ്ദേഹം ജീവിതം, മരണം, ആത്മീയത മുതലായവയെക്കുറിച്ചുള്ള ദർശനമായി വളർത്തുകയായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ അർണോസ് പാതിരി 'പുത്തൻ പാന' എഴുതിയത് ജ്ഞാനപ്പാനയിൽ നിന്നു പ്രചോദനമുൾക്കൊണ്ടായിരുന്നു. അതിനും ഏറെ ശേഷമാണ് മരണവീട്ടിൽ പാടുന്നതിനുള്ള പാന ചാവറയച്ചൻ രചിച്ചത്. *ബധിരവിലാപം* (വള്ളത്തോൾ), *ഒരു വിലാപം* (വി.സി.ബാലകൃഷ്ണപ്പണിക്കർ), *കണ്ണുനീർത്തുള്ളി* (നാലപ്പാട്ട് നാരായണമേനോൻ), *പ്രരോദനം* (കുമാരനാശാൻ) എന്നിവയാണ് മലയാളത്തിലെ ലക്ഷണമൊത്ത വിലാപകാവ്യങ്ങളായി അറിയപ്പെടുന്നവ.

സാമൂഹികപശ്ചാത്തലം

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കേരളത്തിൽ മരണനിരക്കു വളരെ കൂടുതലായിരുന്നു. കോളറ, വസൂരി (സ്മോൾ പോക്സ്), മലേറിയ, വയറിളക്കം മുതലായവ വ്യാപകമായിരുന്നു അക്കാലത്ത്. കുടുംബക്കാരടക്കം ഒരുപാടു പേരുടെ മരണം നൽകിയ നൊമ്പരം ചാവറയച്ചനും നേരിട്ടനുഭവിച്ചിട്ടുണ്ട്. വസൂരി പിടിപെട്ടു കിടപ്പിലായിപ്പോയ നാളുകൾ അദ്ദേഹം 'നാളാഗമങ്ങളി'ൽ വിവരിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ എയ്ഡ്സ് മരണങ്ങളെത്തുടർന്ന് വിഷാദകാവ്യങ്ങളുടെ കുത്തൊഴുക്കുണ്ടായതുപോലെ ചാവറയച്ചന്റെ കാലത്ത് കോള

റയും വസൂരിയും കവർന്നവരുടെ ബന്ധുക്കൾക്ക് മോഹഭംഗത്തെ അതിജീവിക്കാനും ജീവൽപ്രേരണ നൽകാനും ദാർശനിക വ്യാഖ്യാനങ്ങൾ ആവശ്യമായിരുന്നു. പട്ടിണിയും പോഷണക്കുറവും കൊണ്ട് ദുർബലരായ പാവപ്പെട്ടവരായിരുന്നു പകർച്ചവ്യാധികൾക്ക് എളുപ്പം കീഴ്പ്പെട്ടിരുന്നത്. അകാലമരണമെന്ന ദുർഭൂതം അവർക്കു മീതേ ഭീതിദമായ നിഴൽ പരത്തി ഉയർന്നുനിന്നു.

ദുരിതബാധിതരായ കുടുംബങ്ങളെ സമാശ്വസിപ്പിക്കാൻ ആവുന്നതൊക്കെ ചെയ്തെങ്കിലും പകർച്ചവ്യാധികൾ തടയുന്നതിൽ സഭയുടെ ദുരിതാശ്വാസസംവിധാനങ്ങൾക്ക് വലിയ പരിമിതികളുണ്ടായിരുന്നു. രോഗപ്രതിരോധ മരുന്നുകളൊന്നും ഇല്ലായിരുന്നു; പൊതുശുചിത്വം വളരെ പ്രാകൃതമായിരുന്നുതാനും. അക്കാലത്താണ് ചാവറയച്ചൻ 'മരണവീട്ടിൽ പാടാനുള്ള പാന' രചിക്കുന്നതും അതു പ്രാർഥനാക്രമത്തിന്റെ ഭാഗമാക്കുന്നതും. തിരുവിതാംകൂർ രാജകുടുംബം മുൻകൈയെടുത്ത് രോഗപ്രതിരോധസംവിധാനം നടപ്പാക്കുന്നത് പിന്നെയും ഏറെ കഴിഞ്ഞാണ്. വസൂരിപ്രതിരോധമരുന്നു നിർമാണത്തിനുള്ള സൗകര്യം കേരളത്തിലുണ്ടാകുന്നത് 1888 ൽ മാത്രമാണ്. ബൈബിളിലെ ജോബിന്റെ പുസ്തകവും വിലാപങ്ങളുടെ പുസ്തകവും 'പാന'യുടെ അന്തർധാരയായി വർത്തിക്കുന്നു. ജോബിന്റെ പുസ്തകം വ്യക്തിസഹനത്തിന്റെയും വിലാപങ്ങളുടെ പുസ്തകം സമൂഹസഹനത്തിന്റെയും ഉദ്ഘോഷങ്ങളാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ വ്യക്തിസഹനത്തിന്റെയും സമൂഹസഹനത്തിന്റെയും പശ്ചാത്തലത്തിലാണ് ചാവറയച്ചന്റെ 'പാന' വിരചിതമായത്.

കാൻവാസ്

പാനയുടെ ഉറവിടവും പ്രചോദനവും ബൈബിളിൽ നിന്നാണ്. ഈ ലോകത്തിൽ നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കടപ്പെട്ടവരാണ് നാം; കടപ്പാടുകൾ നിറവേ





റ്റുന്നതിലൂടെ മാത്രമേ സ്വർഗപ്രാപ്തിക്കും അവിടെ സമാധാനസമ്പൂർണമായ ജീവിതത്തിനും അർഹത ലഭിക്കൂ എന്നാണ് അതു പറയുന്നത്. സ്വർഗത്തിലെത്തിച്ചേരാൻ കുറുക്കുവഴികളില്ല എന്ന ദൈവകല്പിതഭാഗധേയമാണത്. ബൈബിളിൽ നിന്നുള്ള ബിംബങ്ങൾ പാനയിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

മരണത്തെ ഒരിടത്തും ഭീകരരൂപിയായി ചിത്രീകരിക്കുന്നില്ല 'പാന'. മനുഷ്യമനസ്സുകളെ ഉത്തേജിപ്പിക്കാൻ ചാവറയച്ചനു സവിശേഷമായ വാസനയുണ്ടായിരുന്നു. പ്രത്യാശയുടെ ഇഴകൾ ചേർത്തു നെയ്തെടുത്തതാണ് അദ്ദേഹത്തിന്റെ പാന. പാപത്തെയും ശിക്ഷയെയും പറ്റി ഭയപ്പെടുത്തുന്ന ചിന്തകൾക്ക് അത് ഇടം നൽകുന്നില്ല. വരാനിരിക്കുന്ന നാളുകളുടെ മഹനീയതയിലേക്കും അർഥവ്യാപ്തിയിലേക്കും വായനക്കാരുടെ മനസ്സുകളെ നയിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ജീവിതത്തിന്റെ ഉയർന്ന തലത്തിലേക്കുള്ള പുരോഗതിയാണ്, വലിയ നേട്ടത്തിനുവേണ്ടിയുള്ള ചെറിയ നഷ്ടമാണ്, മരണമെന്ന് ചാവറയച്ചൻ ധൈര്യം പകരുന്നു.

ആർത്തിക്കും സ്വാർഥതയ്ക്കും വശംവദരായിപ്പോകുന്ന തിമിരം ബാധിച്ച മനുഷ്യമക്കൾക്കുള്ള മുന്നറിയിപ്പാണ് ചാവറയച്ചന്റെ പാന. സ്വന്തം വഴികൾ തിരുത്താൻ, അന്ത്യവിധിയുടെ 'സൂചിക്കുഴക്കാർക്കശ്യം' നേരിടാൻ സജ്ജരാകാൻ അദ്ദേഹം അവരെ ഉദ്ബോധിപ്പിക്കുന്നു. 'വിനാശത്തിന്റെ നഗര'ത്തിൽ നിന്ന് 'സ്വർഗീയനഗര'ത്തിലേയ്ക്കു യാത്ര ചെയ്യുന്ന 'ക്രിസ്ത്യൻ' എന്നയാളുടെ കഥ പറയുന്ന ജോൺ ബനിയന്റെ *ദ പിൽഗ്രിംസ് പ്രോഗ്രസ്* എന്ന കവിതയെ അനുസ്മരിപ്പിക്കുന്നതാണ് മരണവീട്ടിൽ പാടുന്നതിനുള്ള *പാന*.

പരദേശീമോക്ഷയാത്ര എന്ന പേരിലാണ് *ദ പിൽഗ്രിംസ് പ്രോഗ്രസ്* മലയാളത്തിലേക്കു വിവർത്തനം ചെയ്തതെന്നത് കേവലയാദൃച്ഛികതയ്ക്കപ്പുറമാണ്. 1847 ൽ ആർച്ച്ഡീക്കൻ കോശി ആണ് ഈ കൃതി മലയാളത്തിനു പരിചയപ്പെടുത്തിയത്. അതേ വർഷം തന്നെ *സഞ്ചാരിയുടെ പ്രയാണം* എന്ന പേരിൽ ബാസൽ മിഷനും വിവർത്തനം പ്രസിദ്ധീകരിച്ചു. ചാവറയച്ചന്റെ ജീവിതത്തിലെ ഊർജസ്വലമായ കാലമായിരുന്നു അത്. ഇംഗ്ലീഷ് കവി ഡാന്റെയുടെ *ദ ഡിവൈൻ കോമഡി* ആണ് ചാവറയച്ചന്റെ പാനയിലെ കാഴ്ചപ്പാടുകളുമായി സാദൃശ്യമുള്ള മറ്റൊരു പ്രശസ്ത കൃതി. പാനയിലെ ചിന്തകളെ രൂപപ്പെടുത്തുന്നതിൽ നേരിട്ടോ അല്ലാതെയോ സ്വാധീനം ചെലുത്തിയിട്ടുണ്ടാകാവുന്ന മറ്റു രണ്ടു കൃതികളാണ് അജ്ഞേയവാദ അധ്യാത്മദർശനത്തിലൂന്നിയ *അസന്റ് ഓഫ് മൗണ്ട് കാർമൽ, ദ ഡാർക് നൈറ്റ് ഓഫ് ദ സോൾ* എന്നീ ആത്മീയ ഗ്രന്ഥങ്ങൾ. ദൈവസ്നേഹത്തിൽ വിലയം പ്രാപിക്കാനുള്ള ആത്മാവിന്റെ പ്രയാണം വിവരിക്കുകയാണ് ജോൺ ഓഫ് ദ ക്രോസ് ഈ കൃതികളിലൂടെ.

ആദിമകൃപ

സമൂഹത്തിലും മതത്തിലും ആഴത്തിൽ വേരൂന്നിയിട്ടുള്ള ഭയത്തിനെയും അശുഭചിന്തകളെയും ആദരവും നന്മയും കൊണ്ടു നേരിടേണ്ടതുണ്ട് എന്ന് മാത്യു ഫോക്സ് എന്ന ആധുനിക സ്വതന്ത്രചിന്തകൻ പറയുന്നു. 1983 ൽ ഇറങ്ങിയ ബെസ്റ്റ് സെല്ലറാണ് അദ്ദേഹത്തിന്റെ 'ആദിമകൃപ: സൃഷ്ടികർമത്തിലെ ആത്മീയതയ്ക്ക് ഒരാമുഖം— നാലു വഴികൾ, 26 വിഷയങ്ങൾ, രണ്ടു ചോദ്യങ്ങൾ' എന്ന പുസ്തകം. *Original Blessing: A Primer in Creation Spirituality Presented in Four Paths, Twenty-Six Themes and Two Questions (1983).*

മറ്റുള്ളവരെ സേവിക്കുന്നതിൽ ആനന്ദം കണ്ടെത്താൻ കഴിയുന്നതാണ് സുന്ദരമായ ജീവിതത്തിന്റെ സത്ത എന്ന് അദ്ദേഹം പറയുന്നു. ദൈവം നൽകിയ ആദിമകൃപയുടെ കേന്ദ്രബിന്ദുവാണ് സേവനമനോഭാവം. ആദിമപാപത്തിന്റെ പ്രത്യാഘാതമെന്നോണം സമൂഹത്തിൽ നടമാടിയിരുന്ന ഭയത്തെയും അശുഭചിന്തകളെയും അതിജീവിക്കാൻ ആദിമകൃപയെന്ന ആശയം മാത്യു ഫോക്സിനും ഒരു നൂറ്റാണ്ടു മുൻപേ ചാവറയച്ചൻ പ്രയോഗിച്ചതിന്റെ സാക്ഷ്യമാണ് അദ്ദേഹത്തിന്റെ പാന. ആദിമകൃപയെ ഊതിയുരുക്കി മാറ്റു കൂട്ടിയെടുക്കാനും സാർവലൗകികമായ ആനന്ദം ഉരുവാക്കാനുമുള്ള പണിശാലയായി ഈ ഭൂമിയെ ചാവറയച്ചൻ മഹത്ത്വവത്കരിക്കുന്നു. ആദിമകൃപയെ പാലിച്ചുവളർത്താൻ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു. ജന്മപാപത്തെക്കുറിച്ചോർത്തു നീറാനുള്ളതല്ല, ആദിമകൃപകൊണ്ട് ആഘോഷിക്കാനുള്ളതാണ് ഈലോകജീവിതം. സുകൃതസരണിയിൽ മുന്നേറാനും ജീവിതസന്ധികളെ അവസരങ്ങളായി പരിവർത്തിപ്പിക്കാനുമുള്ള നന്മയുടെ ആഹ്വാനമാണ് ചാവറയച്ചൻ നൽകുന്നത്.

ജീവൽസ്പർശമുള്ള മരണം

ജീവിതം തന്നെ മരണമായിരിക്കുന്ന അവസ്ഥ 'ദ എൻഷ്യന്റ് മാരിനർ' എന്ന കവിതയിൽ കോളറിഡ്ജ് എന്ന ഇംഗ്ലീഷ് കവി

അവതരിപ്പിക്കുന്നുണ്ട്. മരിച്ചവരെപ്പോലെ ജീവിച്ചിരിക്കേണ്ടിവരുന്ന (സ്വയം വിളിച്ചുവരുത്തുന്ന സഹനങ്ങളുടെ) അവസ്ഥയിൽ നിന്നു മനുഷ്യനെ മോചിപ്പിക്കാനുള്ള ശ്രമമാണ് ചാവറയച്ചന്റെ പാന. ജീവൽസ്പർശമുള്ള മരണത്തെ (സഹനങ്ങളിൽ നിന്നുള്ള വിടുതലിനെ) ആഘോഷിക്കുകയാണ് ഈ കവിത. വിലാപകാവ്യങ്ങൾക്ക് വിഷാദച്ഛവിയില്ലാത്ത, ഉത്തേജനദായകമായ പരിവേഷവും മാതൃകയും നൽകുകയായിരുന്നു ചാവറയച്ചൻ അതുവഴി. കാണുന്ന ലോകവും കാണാൻ കഴിയാത്ത ലോകവും തമ്മിലുള്ള അന്തരം ഉൾക്കൊള്ളാനും ആ പ്രയാണത്തിനു സാമാന്യജനത്തെ പ്രാപ്തരാക്കാനും ഉതകുന്ന ഉത്തേജകമായ സംഘഗാനമാണ് ഇതിലുള്ളത്. റാം മോഹൻ റോയ് (1772–1833) എഴുതിയ 'യേശുവിന്റെ സിദ്ധാന്തങ്ങൾ: ആനന്ദത്തിനുള്ള കൈപ്പുസ്തകം' പോലെ മനുഷ്യനെ സഹനങ്ങളിൽ നിന്നു മോചിപ്പിക്കാനുള്ള ഉൾക്കാഴ്ചയുള്ള സമീപനം.


നന്മയുടെ ശക്തി

ഒരുവന് മൂന്നു സുഹൃത്തുക്കളുണ്ടായിരുന്നു. അവന് എന്തെങ്കിലും അത്യാഹിതമുണ്ടായാൽ സഹായത്തിന് ഓടിയെത്തുമെന്ന് പ്രതിജ്ഞ ചെയ്തിരുന്നു അവർ. എന്നാൽ രാജാവ് അയാളെ മരണത്തിനു വിധിച്ചപ്പോൾ അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല; വാഗ്ദാനങ്ങളൊന്നും നൽകിയിട്ടില്ലായിരുന്ന, നാലാമതൊരു സുഹൃത്താണ് സഹായത്തിനുണ്ടായത്. നാലു സുഹൃത്തുക്കൾ ആരൊക്കെയാണെന്നു വെളിപ്പെടുത്തുന്നുണ്ട് പിന്നീട്. ലോകം ആണ് ഒന്നാമത്തെ സുഹൃത്ത്. മരണത്തെ മുഖാമുഖം കാണുമ്പോൾ അതിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. രണ്ടാമത്തെ സുഹൃത്ത് ബന്ധുജനങ്ങൾ. ആയുസ് ഒരു നിമിഷം പോലും കൂട്ടിയെടുക്കാൻ അവർക്കും കഴിയുന്നില്ല. മൂന്നാമത്തെ സുഹൃത്ത് ഞാനെന്ന ഭാവം, അഹംഭാവത്തിന്റെ അന്ത്യമാണല്ലോ മരണം. മൂന്നു സുഹൃത്തുക്കളും നിസ്സഹായരായിപ്പോകുമ്പോൾ നാലാമത്തെ സുഹൃത്ത് കടന്നുവരുന്നു—ജീവിതസുകൃതങ്ങൾ. ജീവിച്ചിരിക്കുമ്പോൾ ചെയ്ത സൽപ്രവൃത്തികൾ മാത്രമായിരിക്കും മരണാനന്തരം ആത്മാവിനു കൂട്ടായിരിക്കുക.

ശുദ്ധീകരണസ്ഥലം

ഒരാൾ മരിച്ചാൽ സ്നേഹത്തിന്റെയും കരുണയുടെയും നിറകുടമായ ദൈവം അയാളുടെ ആത്മാവിനെ ശുദ്ധീകരണസ്ഥലത്ത് (purgatory) അയച്ച് സ്ഫുടം ചെയ്തെടുക്കും. അങ്ങനെ അത് സ്വർഗപ്രാപ്തിക്കു യോഗ്യത നേടും. സംസ്കരണ പ്രക്രിയയുടെ അന്ത്യഘട്ടമാണ് ശുദ്ധീകരണസ്ഥലം. ഒരു വെയ്റ്റിങ് റൂം. കാത്തിരിപ്പുസ്ഥലം. കാത്തിരിപ്പ് ഭഗ്നാശതയല്ല; പ്രതീക്ഷയുടെ നവീകരണമാണ്. ശാശ്വതമോ നിശ്ചലമോ ആയ ഒരവസ്ഥയല്ല ശുദ്ധീകരണസ്ഥലം. പാപങ്ങളും അപൂർണതകളും നീക്കി വിശുദ്ധീകരിക്കുന്ന പ്രക്രിയയാണിവിടെ. പീഡ കുറഞ്ഞ നരകമോ സുഖം കുറഞ്ഞ സ്വർഗമോ അല്ല അത്. അവിടെ ദൈവകൃപയുണ്ട്. അവിടെ ശിക്ഷ പീഡിപ്പിക്കലല്ല, ശുദ്ധീകരിക്കലാണ്. നിരാശയിലാണ്ടല്ല അവിടെ കാലം കഴിക്കുന്നത്; ദൈവത്തെ കാണാനും അനുഗൃഹീതരുടെ നിരയിൽ ചേരാനും പ്രതീക്ഷയോടെയുള്ള കാത്തിരിപ്പാണത്. ശുദ്ധീകരണസ്ഥലം എന്താണെന്നു വിശദീകരിക്കുന്നതിനെക്കാൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കുക അന്യാപദേശകഥയാണ്. ചാവറയച്ചൻ അത്തരമൊരു കഥ പറയുന്നു.

പിശുക്കനായ ഒരാശ്രമാധിപനുണ്ടായിരുന്നു. ആശ്രമത്തിനുവേണ്ടി ധാരാളം സമ്പത്തു സ്വരുക്കൂട്ടണമെന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ പരിഗണന. ഒരു പകർച്ചവ്യാധിയിൽ നിരവധി സന്ന്യാസികൾ മരിച്ചു. മരിച്ചവരുടെ ആത്മശാന്തിക്കായി പാവപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടത്ര പണം





നൽകിയില്ല ആശ്രമാധിപൻ. പരിഹാരകർമങ്ങൾ വേണ്ടത്ര ചെയ്യാത്തതിനാൽ ആ ആത്മാക്കൾ ശുദ്ധീകരണസ്ഥലത്ത് കുടുങ്ങി. കുപിതരായ ആത്മാക്കൾ ആശ്രമാധിപനെ മാരകമായി മുറിവേൽപിച്ചു. അദ്ദേഹത്തിൽ നിന്നു വിവരങ്ങളറിഞ്ഞ ആശ്രമവാസികൾ ആത്മാക്കൾക്കാവശ്യമായ പരിഹാരകർമങ്ങൾ ചെയ്ത് അവരെ ശുദ്ധീകരണസ്ഥലത്തുനിന്നു മോചിപ്പിക്കുവാൻ സഹായിച്ചു. ആ പരുക്കിൽ നിന്നു മോചിതനാകാതെ മരിച്ച ആശ്രമാധിപൻ നാലാം നാൾ ശുദ്ധീകരണസ്ഥലത്തെത്തി, ശുദ്ധീകരണ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി സ്വർഗപ്രവേശനത്തിന് അനുമതിയും നേടി. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കും നഷ്ടത്തിന്റെ വേദനയുണ്ട്; പക്ഷേ ആ വേദനയെ മയപ്പെടുത്താൻ അവിടെ പ്രതീക്ഷയുണ്ട്. നരകത്തിലെ ആത്മാക്കൾക്കു പ്രതീക്ഷക്കു വകയില്ല.

മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർഥിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയാൻ ചാവറയച്ചൻ പല ഉപകഥകളും സമഞ്ജസമായി സമ്മേളിപ്പിക്കുന്നു. പീഡകൾക്കിടയിലും പ്രതീക്ഷയുടെ ഇടമാണ് ശുദ്ധീകരണസ്ഥലമെന്ന്, ബലികളും പ്രാർഥനകളും സൽപ്രവൃത്തികളും ദാനങ്ങളും കൊണ്ട് മരിച്ചവരുടെ ആത്മാക്കളെ നമുക്കു സഹായിക്കാൻ കഴിയുമെന്ന് അദ്ദേഹം വായനക്കാരെ ബോദ്ധ്യപ്പെടുത്തുന്നു. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കാൻ കടപ്പെട്ടവരാണ് നാം. നശ്വരമായ മനുഷ്യാത്മാവിനെ വീണ്ടെടുത്ത് മോക്ഷാനുഭവത്തോളം വലുതാക്കാൻ കെൽപുള്ള പ്രാപഞ്ചികശക്തിയാണ് പ്രാർഥന. ഓരോരുത്തരും ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ അതിന്റെ വിത്തുകൾ സ്വയം വിതയ്ക്കണം, ശുദ്ധീകരണസ്ഥലത്തിൽ വിളവു കൊയ്യണം, എന്നിട്ടാണ് നിത്യസ്വർഗം പ്രാപിക്കുന്നത്. ജെറി എൽ. വാൾസ് എഴുതി ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിച്ച *Purgatory: The Logic of Total Transformation* ഇതു സംബന്ധിച്ച് മികച്ച ദർശനം നൽകുന്ന രചനയാണ്.

പ്രാർഥനയിലൂടെ രക്ഷ

സൽപ്രവൃത്തികളുടെ പശ്ചാത്തലമൊരുക്കിയിട്ട് പാന നീങ്ങുന്നത് ആത്മാക്കളുടെ രക്ഷയ്ക്കായി പ്രാർഥിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ്. ആത്മാവിനെ ദൈവത്തി



ങ്കലേക്ക് ഉയർത്തലാണ് പ്രാർഥന. 'ദൈവം തന്റെ കരുണയാൽ ഓരോ വീഴ്ചയും പൊറുത്ത് അവരെ അബ്രാഹമിന്റെ മാറിൽ സ്വീകരിക്കേണ്ടതിന് ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കായി പ്രാർഥനകളും ബലികളും അർപ്പിക്കണം' എന്നാണ് പറയുന്നത്. രക്ഷ സുനിശ്ചിതവും അനായാസവും സ്വാഭാവികവുമാണെന്നു തെറ്റിദ്ധരിക്കരുത്. അത് ഓരോരുത്തരും മനസ്സിലാക്കിയെടുക്കേണ്ടതും പ്രവൃത്തികളുടെയും പ്രാർഥനയുടെയും കരുത്താൽ ആർജിച്ചെടുക്കേണ്ടതുമാണ്. മനസ്സിലാക്കലിന്റെയും ആർജനത്തിന്റെയും കവാടമാണ് 'മരണവീട്ടിൽ പാടുന്നതിനുള്ള പാന'.

സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെ വിധാതാവാണ് ദൈവം എന്ന് ആവർത്തിച്ചുറപ്പിക്കുകയാണ് പാന. മാറ്റങ്ങളെ കൈകാര്യം ചെയ്യാൻ സുസജ്ജമായ ഒരു പ്രവർത്തന സംവിധാനം തന്റെ സമൂഹത്തിനും വരാനിരിക്കുന്ന തലമുറകൾക്കും നൽകുക എന്നതായിരുന്നു പാന രചിക്കാനുള്ള പ്രേരണ. മരണം വഴി വേർപിരിഞ്ഞുപോയ ആത്മാക്കളോട് നമ്മൾ ഒരുപാട് കടപ്പെട്ടിരിക്കുന്നു; നമ്മളെ ഇന്നത്തെ രീതിയിൽ ആക്കിത്തീർക്കുന്നതിൽ അവർ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അവരില്ലായിരുന്നെങ്കിൽ ദിശാബോധം നഷ്ടപ്പെട്ടവരാകുമായിരുന്നു നമ്മൾ. അവരുടെ രക്ഷ നമ്മുടെ രക്ഷയ്ക്കുള്ള വഴിയൊരുക്കുക കൂടിയാണ് ചെയ്യുന്നത്. അവരുടെ ആത്മീയ കുടിശ്ശികകൾ വീട്ടിത്തീർക്കുകയാണ് പ്രാർഥനയിലൂടെ നമ്മൾ ചെയ്യുന്നത്. മാനവരാശിയുടെ കൂട്ടായ രൂപകല്പനയാണ് സ്വർഗരാജ്യം. രൂപകൽപനാപ്രക്രിയക്കിടയിലെ പിഴവുകൾ തിരുത്തലാണ് ശുദ്ധീകരണസ്ഥലം. അതുകൊണ്ടാണ് മരിച്ചവർക്കായി പ്രാർഥിക്കണമെന്ന് ബൈബിൾ പഠിപ്പിക്കുന്നത്. ആത്മാവിന് ആത്യന്തിക ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് ഊർജത്വരകമായി വർത്തിക്കുന്നു പ്രാർഥന.

ഹൃദയത്തോടു ചേർത്തുവച്ചിരുന്ന ഒരാളുടെ മരണം ആൾക്കാരെ തകർത്തുകളയുന്നു. ഈ തകർച്ചയുടെ ആഘാതം ലഘൂകരിക്കാനുള്ള ദിവ്യ ഔഷധമാണ് പാന. അതിന്റെ ഹൃദയസ്പർശിയായ ആലാപനം മാനവരാശിക്കു പൊതുവായുള്ള ഒരു ആത്മീയ ഇടം നിർമിച്ചെടുക്കുന്നു. അതിന്റെ സൗഖ്യദായകമായ സ്പർശം വിഷാദിയുടെ മനസ്സിൽ മെച്ചപ്പെട്ട നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ വളർത്തിയെടുക്കുന്നു. ഓരോരുത്തരും ലയിച്ചുചേരേണ്ട ആത്യന്തിക യാഥാർഥ്യമായി മരണത്തെ നേരിടേണ്ട വഴികൾ കൃത്യതയോടെ, നൂതനതയോടെ ചർച്ച ചെയ്യുന്നു ചാവറയച്ചന്റെ പാന.

സാഹിത്യമേന്മ

സൈദ്ധാന്തികസംവാദത്തിന്റെ ഗരിമയെ നാടൻപാട്ടിന്റെ ലളിതമായ കഥാകഥനവുമായി സമന്വയിപ്പിക്കുകയാണ് പാനയിൽ ചാവറയച്ചൻ. ഗതകാലപാപങ്ങളുടെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ഘോരഘോരം പ്രസംഗിക്കുകയോ വായനക്കാരെ ഭീതിദരാക്കുകയോ ചെയ്യുന്നില്ല പാന. തളർത്തുന്ന വിഷാദത്തിൽ നിന്നു സ്വയം മോചിതരായി മുന്നോട്ടു നീങ്ങാനും മരിച്ചയാളുടെ ആത്മാവിന്റെ മോചനത്തിനായി പ്രവർത്തിക്കാനും ജീവിച്ചിരിക്കുന്നവർക്ക് പ്രചോദനം നൽകുകയാണ് അതു ചെയ്യുന്നത്. ഭാഷ ആലങ്കാരികമാണ്, അതേസമയം ലളിതവും.

പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിൽ പട്ടിണിയും പകർച്ചവ്യാധികളും കൊണ്ടു നട്ടം തിരിഞ്ഞ നാട്ടുകാർക്ക് ജീവിതത്തെ മുന്നോട്ടു നയിക്കാൻ ഏറെ അത്യാവശ്യമായിരുന്ന ആത്മവിശ്വാസവും പ്രതീക്ഷയും പകർന്നു നൽകുന്നതായിരുന്നു ചാവറയച്ചന്റെ പാന. ആവർത്തിച്ചുപാടുന്ന കോറസുകളോ പിടികിട്ടാത്ത കഠിനപദങ്ങളോ ചാവറയച്ചൻ ഉപയോഗിക്കുന്നില്ല. വാഗ്ധോരണിയുടെ ശബ്ദഘോഷമില്ല. പ്രായോഗിക മൂല്യവും വായനക്കാരെ സ്വാധീനിക്കാവുന്ന സൗന്ദര്യാവബോധവുമാണ് ഉള്ളത്. വ്യക്തിനിഷ്ഠമായ വികാരവിചാരങ്ങളെ നിർമമതയുടെ അകലം പാലിച്ച് സാർവലൗകിക യാഥാർഥ്യങ്ങളുടെ തലത്തിലേക്ക് ഉയർത്തുന്നു. സങ്കീർണമായ വ്യത്തങ്ങളല്ല, അനായാസമൊഴുകുന്ന താളത്തിനു വഴങ്ങുന്നതാണ് വരികൾ. ലളിതമായ വാക്കുകളും പദസന്തുലനവും പാലിച്ചിരിക്കുന്നു. മലയാളഭാഷ ശൈശവദശയിലായിരിക്കുന്ന, ആധ്യാത്മിക വിഷയങ്ങൾ കൈകാര്യം ചെയ്യാൻ തക്കവിധം ഭാഷ വളർച്ചയെത്താത്ത കാലഘട്ടത്തിലാണ് ചാവറയച്ചൻ ഇത്ര മനോഹരമായി ഈ കാവ്യം രചിച്ചത് എന്നത് അത്ഭുതകരമാണ്.

ഹൃദയം തുറന്നുള്ള സംഭാഷണം

ദൈവവുമായുള്ള സംഭാഷണമാണ് ഭൂമിയിലെ വിഷമമേറിയ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സൃഷ്ടിപരത സമ്മാനിക്കുന്നത്. ദൈവത്തിന്റെ മുഖം ദർശിക്കാനും സ്വരം ശ്രവിക്കാനും കഴിയുന്ന പുതിയ തലങ്ങളിലേക്ക് അതു മനുഷ്യരാശിയെ ഉയർത്തുന്നു. അത്തരമൊരു സംഭാഷണത്തിനു വഴിതുറ



ക്കുകയാണ് പാന. കൃപാനിർഭരമായ പരസ്പരപൂരകത്വമാണ് അതു നൽകുന്നത് — ലൗകിക ഉത്തരവാദിത്തങ്ങളോടു മമതയും ലൗകിക പ്രലോഭനങ്ങളോടു നിർമമതയും. മരണവിരഹം തളർത്തിയ മനസ്സുകളിൽ അതു സമചിത്തതയും ശാന്തിയും പകരുന്നു.

ഘടനാഭദ്രത

ഹൃദിസ്ഥമാക്കാൻ എളുപ്പം നൽകുന്ന വിധം ഉടനീളം ഏകതാനമായ ഘടനയാണ് പാനയുടേത്. രൂപവും ഘടനയും പദവിന്യാസവും ആദ്യന്തം പൊരുത്തം പുലർത്തുന്നു. അടിസ്ഥാന സന്ദേശത്തെ നിരവധി ബിംബകൽപനകളാൽ ബലപ്പെടുത്തുന്ന കവിത, അന്തസാരശൂന്യമായ ആവർത്തനങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കുന്നുമുണ്ട്.

ആന്തരിക പുനഃരൂപകൽപന

ജാതിമതഭേദമെന്യേ സ്വീകാര്യതയർഹിക്കുന്ന കവിതയാണ് 'മരണവീട്ടിൽ പാടുന്നതിനുള്ള പാന'. വിവിധ മതസംസ്കാരങ്ങളുടെ മുദ്ര. പതിഞ്ഞ ആചാരാനുഷ്ഠാനങ്ങളിലൂടെ സാർവലൗകികമായ ആത്മീയാന്തരീക്ഷമാണ് അതു കൈവരിക്കുന്നത്. നന്മയാണ് രക്ഷയിലേക്കുള്ള മാർഗം എന്ന് ഊന്നിപ്പറയുക വഴി മതിൽക്കെട്ടുകളില്ലാത്ത അയൽബന്ധത്തിന്റെയും ബഹുമുഖമായ ഊഷ്മളബന്ധങ്ങളുടെയും പ്രസക്തി വ്യക്തമാക്കുകയായിരുന്നു ചാവറയച്ചൻ. ആധുനികലോകത്തിലെ 'നന്മ'യുടെ രണ്ടു സുപ്രധാന ഭാവങ്ങൾ ഇവ രണ്ടുമാണല്ലോ.

മരണദുഃഖം അനുഭവിച്ചിട്ടുള്ള എല്ലാവരും ജാതി, മത, സംസ്കാര വ്യത്യാസമില്ലാതെ പാനയുമായി താദാത്മ്യം പ്രാപിക്കും. കാരണം, അത് നമ്മുടെ ഓരോരുത്തരുടെയും കഥയാണ്. നമുക്കെല്ലാം പൊതുവായുള്ള വിധിയുടെ, നാമെല്ലാം ഒരുപോലെ അനുഭവിക്കുന്ന ദുഃഖങ്ങളുടെ കഥ. റോക്കോസ് ശീശ്മയുടെ കാലത്ത് 'അനസ്താസ്യായുടെ രക്തസാക്ഷ്യം' നിർവഹിച്ച പങ്കാണ്, പകർച്ചവ്യാധികൾ ദുരിതം വിതച്ച കാലത്ത് 'പാന' നിർവഹിച്ചത്. വ്യക്തികളുടെയും സമൂഹത്തിന്റെയും ആന്തരിക പുനഃരൂപകൽപനയിലൂടെ അവരെ ശക്തിപ്പെടുത്തുകയായിരുന്നു ചാവറയച്ചൻ ഈ കൃതിയിലൂടെ.




ഈ കടലാസ് മരിക്കയില്ല!

സുഭാഷ് ചന്ദ്രൻ

ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന പേരിൽ പത്തൊൻപതാം നൂറ്റാണ്ടിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ രചിച്ച ഒരു ലഘുഗ്രന്ഥത്തിൽ നിന്നുള്ള ഒരു എളിയ വാചകഖണ്ഡം ഈ കുറിപ്പിന്റെ തലവാചകം ആക്കിയതിന് പ്രത്യേകം ലക്ഷ്യങ്ങളുണ്ട്. തലമുറകൾക്കു കൈമാറാനുള്ള 'ക്രിസ്തീയ കുടുംബചട്ടം' ആയിട്ടാണ് ആ വിശുദ്ധപുരുഷൻ ഇങ്ങനെയൊരു പുസ്തകം എഴുതിയുണ്ടാക്കിയത്. അന്ന് അച്ചടി അതിന്റെ ശൈശവാസ്ഥയിലാണെന്ന് നമുക്കറിയാം. മലയാളഭാഷയിൽ നോവൽ, ചെറുകഥ എന്നിത്യാദി സാഹിത്യരൂപങ്ങൾ ആവിർഭവിക്കുന്നത് ഈ പുസ്തകമുണ്ടായി പിന്നെയും എത്രയോ ദശവർഷങ്ങൾ കഴിഞ്ഞിട്ടാണെന്നും ഇന്നു നമുക്ക് ഓർമിക്കാം. അങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് 'ഈ കടലാസ് മരിക്കയില്ല' എന്ന് ചാവറയച്ചൻ ആ പുസ്തകത്തിന്റെ ആമുഖത്തിൽ കുറിച്ചുവച്ചത്. തുടർന്ന് ഇത് തന്റെ നിക്ഷേപമായി കാപ്പാൻ അദ്ദേഹം അഭ്യർഥിക്കുകയും ചെയ്യുന്നു!

സാധാരണയായി അക്ഷരങ്ങളിലൂടെയും കടലാസിലൂടെയും അമരന്മാരായി നിൽക്കാൻ മോഹിക്കുന്നവരെ സാഹിത്യകാരന്മാർ എന്നാണ് വിളിക്കാറ്. ചില സാഹിത്യ പരിശ്രമങ്ങൾ ചാവറയച്ചനും ചെയ്തിട്ടുണ്ടെന്ന കാര്യം മറന്നുകൊണ്ടല്ല ഇതു പറയുന്നത്. എന്നാൽ കാലം തന്നെ വിളിക്കാൻ പോകുന്ന വിശേഷണം സാമൂഹ്യപരിഷ്കർത്താവ് എന്നായിരിക്കുമെന്ന് ഉത്തമബോധ്യമോ ഉൾവിളിയോ തോന്നി ജീവിതത്തിന്റെ കർമകാണ്ഡങ്ങൾ കഴിച്ചുകൂട്ടിയ അദ്ദേഹത്തിന് കടലാസിന്റെ ഈ അതിജീവനശക്തിയെക്കുറിച്ച് തിരിച്ചറിവുണ്ടായത് ബൈബിൾ എന്ന മഹാഗ്രന്ഥത്തിൽ നിന്നായിരിക്കുമെന്ന് തീർച്ച. ലോകത്തെമ്പാടും പ്രചരിച്ച ആ വരേണ്യഗ്രന്ഥത്തിന്റെ ശക്തിയിൽനിന്ന് അൽപം കൈവായ്പയായി വാങ്ങി അച്ചൻ തീർത്ത കൈപ്പുസ്തകമായിരുന്നു ഈ കുടുംബചട്ടം.

സ്നേഹം, മനോതാഴ്മ, സംസർഗം, അധ്വാനം, പരോപകാരം, നീതി, ദൈവഭയം, ക്ഷമ, സൽഗ്രന്ഥങ്ങൾ എന്നിങ്ങനെ നല്ല മനുഷ്യരെ കുടുംബത്തിനകത്ത് വാർത്തെടുക്കാൻ ഉപയുക്തമായ ഉപാധികളെക്കുറിച്ചുള്ള അച്ചന്റെ ധ്യാനമാണ് ഇത്. നമ്മളിന്ന് 'സെൽഫ് മാനേജ്മെന്റ്' എന്ന ഇനത്തിൽപ്പെട്ട് ഉൽപാദിപ്പിച്ചുതള്ളുന്ന പുസ്തകങ്ങളുടെ ആദ്യമാതൃകയായിരുന്നു ഈ ഗ്രന്ഥമെന്നു മനസ്സിലാക്കുമ്പോഴാണ് ചാവറയച്ചന്റെ ദർശനവിശുദ്ധിയും ദീർഘവീക്ഷ




ചാവരുളിന്റെ കൈയെഴുത്തുപ്രതിയിൽ നിന്ന്



ണവും നമുക്ക് അത്ഭുതമായിത്തീരുന്നത്. ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കാൻ റോമിലേക്ക് കൊടുത്തുവിട്ട അദ്ദേഹത്തിന്റെ മരണാനന്തര അത്ഭുതപ്രവൃത്തികളുടെ കൂട്ടത്തിൽ ഇതുണ്ടായിരുന്നോ എന്നെനിക്ക് തീർച്ചയില്ല. മിക്കവാറും അതൊരു രോഗസൗഖ്യം പോലെ താരതമ്യേന ചെറിയ അത്ഭുതവൃത്തിയാകാനാണ് ഇടയുള്ളത് എന്ന് ഊഹിക്കാം. എന്നാൽ മറ്റു വിശുദ്ധരിൽ നിന്ന് അച്ചനെ വ്യതിരിക്തനാക്കുന്നത് സാമൂഹ്യരംഗത്ത് അദ്ദേഹം നിർവഹിച്ച ഇത്തരം അസംഖ്യം വിസ്മയപ്രവർത്തനങ്ങളാണെന്ന് ഞാൻ കരുതുന്നു.

ചാവറയച്ചനെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ ഗുരുശ്രേഷ്ഠനായ സുകുമാർ അഴീക്കോട് മുമ്പൊരിക്കൽ എഴുതിയത് ഓർമവരുന്നു. "നമ്മളെല്ലാം ഇന്നു ജീവിക്കുന്നുണ്ട് എന്ന് അഭിമാനിക്കുന്നുണ്ടല്ലോ. എന്നാൽ നമ്മുടെ അഭിമാനിക്കപ്പെടുന്ന ജീവിതത്തിന്റെ വിജയമാനദണ്ഡം വാസ്തവത്തിൽ നമ്മുടെ ഇന്നത്തെ ജീവിതത്തെയല്ല, അടുത്ത നൂറ്റാണ്ടിൽ നമ്മെ ആരെങ്കിലും അനുസ്മരിക്കുന്നുണ്ടോ, നമ്മുടെ കുടുംബത്തിൽ ആരെങ്കിലും അനുസ്മരിക്കുന്നുണ്ടോ എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു. ചാവറയച്ചന്റെ ജീവിതം വളരെ ധന്യമായിരിക്കുന്നു എന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നത് ഇക്കാരണത്താലാണ്."

എത്ര ശരി! മലയാളിയുടെ ജീവിതചരിത്രത്തിൽ ഇന്നും ആദരവോടെ ഓർക്കുന്ന ആളുകളുടെ പട്ടികയെടുത്താൽ മൺമറഞ്ഞ ഏതെങ്കിലും മഹാരാജാക്കന്മാരെയോ ഭരണാധികാരികളെയോ അതിൽ നമ്മൾ പെടുത്തിയിട്ടില്ല എന്നു കാണാം. ചീരാമനിൽ തുടങ്ങി ചെറുശ്ശേരി, കണ്ണശ്ശൻ, എഴുത്തച്ഛൻ എന്നിങ്ങനെ നീളുന്ന അതിന്റെ ആദിമ പ്രഭാപരമ്പരയിൽ മിക്കവാറും എല്ലാവരും അവരെഴുതിവച്ച അക്ഷരങ്ങളുടെ പേരിലാണ് ആദരിക്കപ്പെടുന്നതെന്നും മനസ്സിലാക്കാം. നമ്മുടെ സാമൂഹ്യപരിഷ്കർത്താക്കളിൽ അതും സാക്ഷാൽ ശ്രീനാരായണഗുരുവിനും എത്രയോ മുമ്പേ ജീവിച്ചുമരിച്ച ഒരാളുടെ പേരും പട്ടുപോലെ വെട്ടിത്തിളങ്ങുന്നു! അദ്ദേഹം ചാവറയച്ചനല്ലാതെ മറ്റാരുമല്ല. ഈ കടലാസ് മരിക്കുകയില്ല എന്ന് ഏതൊരു മഹാനായ എഴുത്തുകാരനേക്കാളും ഉറച്ച ബോധ്യം തന്റെ സാംസ്കാരികസാന്നിധ്യത്തെപ്രതി ഉണ്ടായിരുന്ന മഹാനുഭാവൻ!



അദ്ദേഹത്തിന് രണ്ടു നൂറ്റാണ്ടിനിപ്പുറം നിന്നുകൊണ്ട് ഒരു നല്ല നമസ്കാരം പറയുമ്പോൾ അഭിമാനം കൊണ്ടെന്റെ മനം തുടിക്കുന്നു!

കുടുംബചട്ടത്തിന്റെ സമൂഹശാസ്ത്രതലം

എൻ. പി. ഹാഫിസ് മുഹമ്മദ്

ചാവറയച്ചൻ 1868 ൽ എഴുതിയ കുടുംബചട്ടം (Directives for Families) പലതലങ്ങളിൽ അത്ഭുതപ്പെടുത്തുന്ന ഒരു ചരിത്രരേഖയാണ്. ചാവറയച്ചൻ കുടുംബചട്ടം എഴുതിയിരിക്കുന്നത് ഒന്നരനൂറ്റാണ്ടോളം മുൻപാണ്. അതെഴുതുമ്പോഴാവട്ടെ, നാട്ടാചാരങ്ങളുടെ പിൻബലത്തിൽ പൊതുവെ വിവാഹപൂർവ ബന്ധവും വിവാഹേതര ബന്ധവും താൽക്കാലിക കെട്ടുബന്ധങ്ങളും പല ജാതിവിഭാഗങ്ങളും വച്ചുപുലർത്തുന്ന സാമൂഹികത നിലനിന്നിരുന്നതിനാൽ, ആശങ്കകൾക്കോ ഭയത്തിനോ ഒരു സാധാരണ കേരളീയൻ കീഴ്പ്പെട്ടിരിക്കാനിടയില്ല. ജാതിവിധിപ്രകാരം സംബന്ധവും രാഷ്ട്രീയമായി വിവാഹേതര ബന്ധവും പുരുഷാധിപത്യ സമൂഹം ആഘോഷമാക്കിയിരുന്ന ഒരു കാലത്ത് ചാവറയച്ചൻ അണുകുടുംബം, കുടുംബ ഭദ്രത, ബന്ധങ്ങളുടെ സുദൃഢത, ഫലവത്തായ രക്ഷകർത്തൃത്വം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിചാരം നടത്തിയിരിക്കുന്നു. അതാവട്ടെ വരാനിരിക്കുന്ന കാലത്തേക്ക് കൂടിയുള്ള മാർഗരേഖയാണെന്ന് ചാവറയച്ചന് ഉറപ്പുണ്ട്: "എന്റെ മാംസസംബന്ധക്കാരായ (blood relationship) നിങ്ങൾക്ക് നീതിയാലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്." ചാവറയച്ചൻ തുടരുന്നു: "ഞാൻ മരിച്ചാലും ഈ കടലാസ്സ് മരിക്കില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി കാപ്പാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏൽപ്പിക്കുന്നു." അദ്ദേഹം കുടുംബചട്ടം എന്തു ചെയ്യണമെന്നതിന് മാർഗനിർദ്ദേശം നൽകുന്നതിങ്ങനെ: "ഞാൻ ഈ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർക്കുന്നതിന് വേണ്ടി ഇതിനെ പാടുള്ളവനൊക്കെയും പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ!" മാസത്തിലെ ആദ്യത്തെ ശനിയാഴ്ച എല്ലാവരോടും ഈ രേഖ വായിക്കാനും, അദ്ദേഹം മരിക്കുന്ന ദിവസം ഇതിനാലെ ഓർമ്മിക്കുവാനും നിർദ്ദേശിക്കുന്നു.

ചാവറയച്ചൻ കുടുംബചട്ടം എഴുതുമ്പോഴും സമർപ്പിക്കുമ്പോഴും മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യാൻ ആവശ്യപ്പെടുമ്പോഴും അദ്ദേഹത്തിന് വ്യക്തമായ ചില ധാരണകളുണ്ട്. അവയിൽ ചിലത്:

1. കുടുംബത്തെക്കുറിച്ചുള്ള തന്റെ സങ്കല്പനങ്ങളും (Concept) അനുമാനങ്ങളും (Assumptions) നാളേക്ക് കൂടിയുള്ളതാണ്. അത് സമൂഹത്തിന്റെ നിലനിൽപ്പിനനിവാര്യമാണ്. സാമൂഹികാരോഗ്യം നിലനിർത്താൻ ഈ ചട്ടങ്ങൾ പാലിക്കേണ്ടിയിരിക്കുന്നു.



മദ്യപാനാസക്തിയുടെ ദുരന്തം പ്രതിപാദിച്ച് ദേവഗിരി സി.എം.ഐ. പബ്ലിക് സ്കൂളിലെ ആറാംതരം വിദ്യാർഥിനി നയന സിത്താര വരച്ച ചിത്രം. കുടുംബത്തിന്റെ കണ്ണീർക്കണത്തിലാണ് ഒരുവൻ ഉത്തരവാദിത്വം മറന്നും ജീവിതം ഹനിച്ചും മദ്യപിക്കുന്നത്. ചാവരുളിൽ ചാവറയച്ചൻ മദ്യപാനം നിഷിദ്ധമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.



2. പ്രസക്ത കുടുംബവിചാരത്തിന് നൂറ്റാണ്ടുകൾ കഴിഞ്ഞാലും പ്രാധാന്യമുണ്ട്. സാംസ്കാരികവും സാമൂഹികവുമായി കാരണങ്ങളാൽ കുടുംബത്തിന്റെ ആരോഗ്യം സാമൂഹിക സുരക്ഷിതത്വത്തിന് ആവശ്യമാണ്.

3. കുടുംബചട്ടത്തിന്റെ കർത്താവിനെ കാലം എന്നും ഓർക്കും. മറ്റൊരർഥത്തിൽ സാമൂഹികപരിഷ്കർത്താവിന്റെ നിയോഗം കാലാതീതമായ ധർമനിർവഹണമാണ് എന്നുവരുന്നു.

4. മനുഷ്യരുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള കുടുംബചട്ടം വരുംതലമുറയ്ക്ക് കൈമാറ്റം ചെയ്യുക എന്നത് സമൂഹത്തിലെ അംഗങ്ങളുടെ ചുമതലയാണ്.

വിസ്മയപ്പെടുത്തുന്ന ദീർഘദർശിത്വമാണ് ചാവറയച്ചന്റെ കുടുംബചട്ടം വെളിപ്പെടുത്തുന്നത്.

കുടുംബചട്ടത്തിന്റെ കാലം

നൂറ്റാണ്ടുകൾക്ക് മുമ്പ് കുടുംബബന്ധങ്ങൾക്ക് സ്ഥായിഭാവമോ സുദൃഢതയോ ഉണ്ടായിരുന്നില്ല എന്ന് അനുമാനിക്കപ്പെടുന്നു. അധികാരം കയ്യാളുന്ന ജാതി/സാമുദായ വിഭാഗങ്ങളിൽപ്പെട്ട പുരുഷന്മാർക്ക് ലൈംഗിക മോഹസഫലീകരണത്തിനുള്ള വിഭവമോ വിസർജ്യമോ ആയിരുന്നു കീഴ്ജാതി/സമുദായങ്ങളിൽപെട്ട സ്ത്രീകൾ. അന്ന് സംബന്ധങ്ങളും ബഹുഭർതൃത്വവും നടമാടിയിരുന്നു. ഒന്നിലധികം ഭർത്താക്കന്മാരുള്ളത് അഭിമാനമായി കണക്കാക്കിയിരുന്ന മാതൃദായക്രമം (Matriliny) കൊണ്ടാടിയിരുന്ന നാളുകൾ കേരളചരിത്രത്തിൽ എമ്പാടും പിന്നിലല്ലാതെ കുടികൊള്ളുന്നുണ്ട്. കീഴ്ജാതികളിലെ സ്ത്രീകളുടെ ശരീരത്തിന് മീതെ സർവാവകാശവും വച്ചു പുലർത്തിയിരുന്നതും അധഃസ്ഥിതരുടെ കുടുംബത്തിന്റെ വിധി നിർണയിച്ചതും മേൽജാതിക്കാരിലെ പുരുഷവർഗമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ഇത്തരം സാമൂഹ്യക്രമം കൊണ്ടാടപ്പെടുന്ന കാലത്താണ് ചാവറയച്ചൻ ക്രൈസ്തവരോട് ആരോഗ്യകരമായ കുടുംബാന്തരീക്ഷം കെട്ടിപ്പടുക്കുവാനുള്ള മാർഗനിർദേശം നൽകുന്നത്. അത് ക്രൈസ്തവസമുദായത്തിന് മാത്രമല്ല, മറ്റുള്ളവർക്കും ബാധകമാണ് എന്ന് അദ്ദേഹത്തിന് നിശ്ചയമുണ്ടായിരിക്കണം. മറ്റ് വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തി എന്ന നിലയിൽ ചാവറയച്ചൻ കുടുംബാരോഗ്യത്തിന്റെ സാർവത്രികമായ ആവശ്യകത അറിയാതെ പോകാനിടയില്ല.

കുടുംബചട്ടത്തിലെ കുടുംബം

ചാവറയച്ചൻ കുടുംബത്തെ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായി (unit) കണക്കാക്കുന്നു. ആധുനിക സമൂഹം കുടുംബത്തെ ഇന്ന് പരിഗണിക്കുന്നത് മറ്റൊന്നായല്ല. പിൽക്കാലത്ത് രൂപംകൊണ്ട സമൂഹശാസ്ത്രം (Sociology) കുടുംബത്തെ പ്രഥമ സ്ഥാനത്ത് നിലകൊള്ളുന്ന സാമൂഹ്യസ്ഥാപനമായി (Social institution) വിലയിരുത്തുന്നു. ശാസ്ത്രീയ വിശകലനത്തിൽ, മനുഷ്യർ സംഘജീവിതം തുടങ്ങി, ഒരു പ്രത്യേക ദേശത്ത് സ്ഥിരതാമസം തുടങ്ങിയതോടെ കുടുംബം സാമൂഹ്യജീവിതത്തിലെ അനിവാര്യതയായി മാറി എന്ന് അനുമാനിക്കപ്പെടുന്നുണ്ട്. സാമൂഹ്യ ജീവിതത്തിലെ വിവിധതലങ്ങളെ കൂട്ടിയിണക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന കുടുംബം ഒരാളിന്റെ വ്യക്തിത്വ വികസനത്തിൽ നിർണായകമായ പങ്ക് വഹിക്കുന്നത് ചാവറയച്ചൻ നിരീക്ഷിക്കുന്നു. പരസ്പരാശ്രയത്വം, പരസ്പര വിശ്വാസം, സ്നേഹപരിചരണം, വൈകാരികതയിൽ അടിയുന്നിയ ബന്ധം, പരസ്പര സഹായം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള കൂട്ടുജീവിതത്തെക്കുറിച്ചാണ് ചാവറയച്ചൻ അർഥശങ്കയില്ലാത്തവിധം മാർഗദർശനം നൽകുന്നത്.

ചാവറയച്ചൻ കുടുംബത്തെ നിർവചിക്കുമ്പോൾ ഊന്നൽകൊടുക്കുന്ന കാര്യങ്ങൾ സമൂഹശാസ്ത്രവിശകലനത്തിലും ഊന്നൽ കൊടുത്തിട്ടുള്ളവയാണ്.

1. രക്തബന്ധത്തിലൂടെ ഉരുത്തിരിയുന്ന സംഘം
2. അംഗങ്ങൾക്കിടയിലെ സ്നേഹബന്ധം
3. അംഗങ്ങൾക്കിടയിൽ നിലകൊള്ളുന്ന പരസ്പര ബഹുമാനം
4. രക്ഷാകർത്താക്കളോടു അനുസരണ കാണിക്കുന്ന ബന്ധം
5. ജീവിതാവസ്ഥയിലെ സ്ഥാനത്തിനനുസരിച്ചുള്ള ഓരോ ആളിന്റെയും സാക്ഷാത്കാരം
6. ആത്മീയതലങ്ങളിലെ സഫലീകരണം.

സമൂഹശാസ്ത്രപരമായ ഒരു നിർവചനം ഈ ഘടകങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. 'ഒന്നിച്ചു വസിക്കുകയും ഭാര്യ-ഭർത്താവ്, അച്ഛൻ-അമ്മ, മകൻ-മകൾ, സഹോദരൻ-സഹോദരി തുടങ്ങിയ സാമൂഹിക പദവിയിൽ നിന്നുകൊണ്ട് പരസ്പരം ബന്ധപ്പെടുകയും ആശയവിനിമയം നടത്തുകയും ഒരു പൊതു സംസ്കാരം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്ന, വിവാഹം, രക്തബന്ധം, ദത്തെടുക്കൽ തുടങ്ങിയവയാൽ ഒന്നിക്കുന്ന ഒരു സംഘമാണ്

കുടുംബം' (ബർജസ്, ലോക്ക്)

ചാവറയച്ചൻ നൽകുന്ന നിർവചനത്തിൽ സ്പർശിക്കുന്ന കാര്യങ്ങൾ ആധുനിക സമൂഹശാസ്ത്രജ്ഞരും അടിവരയിട്ട് നൽകുന്നുണ്ട് എന്ന് കാണാനാവും. കുടുംബനാഥനോടൊപ്പം ദൈവംതമ്പുരാനോടുള്ള വിധേയത്വവും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. 'അംഗങ്ങൾ തങ്ങളുടെ ജീവിതാവസ്ഥക്കനുസരിച്ച് നിതാന്ത സാക്ഷാത്കാരത്തിന് (Eternal Salvation) വേണ്ടി ജീവിക്കുകയും സമാധാനം നേടുകയും ചെയ്യുന്നു' എന്ന് അദ്ദേഹം രേഖപ്പെടുത്തുമ്പോൾ, കുടുംബജീവിതത്തിലെ മതപരമായ മൂല്യങ്ങൾക്കും മാർഗത്തിനും അദ്ദേഹം പ്രാധാന്യം നൽകുന്നുവെന്ന് മനസ്സിലാക്കാനാവും. ആത്മീയ കാര്യങ്ങളിൽ മാർഗനിർദ്ദേശം നൽകുന്ന ഒരു പുരോഹിതനെ സംബന്ധിച്ച് കുടുംബത്തിന്റെ വിശ്വാസതലം ഒഴിവാക്കാൻ സാധിക്കുകയുമില്ല.

സമൂഹശാസ്ത്ര നിർവചനങ്ങളിൽ കാണുന്ന, ചാവറയച്ചൻ ചേർക്കാതെ പോയ ഘടകങ്ങൾ/കാര്യങ്ങൾ വിശകലനം ചെയ്യേണ്ടതുണ്ട്.

1. രക്തബന്ധത്തിനപ്പുറം വിവാഹബന്ധത്തേയോ ദത്തെടുക്കലിനേയോ പരിഗണിച്ചിട്ടില്ല. ചാവറയച്ചൻ ജീവിച്ചിരിക്കുന്ന കാലം വൈവാഹിക ബന്ധത്തിന് പ്രാധാന്യമില്ലാതെ പോകുന്നില്ല. വൈവാഹിക ബന്ധത്തിൽ കുട്ടികളുണ്ടാവുന്നതിന് പ്രാധാന്യം നൽകുന്നതിനാൽ രക്തബന്ധത്തിൽ വൈവാഹിക ബന്ധത്തെകൂടി ഉൾപ്പെടുത്തിയിരിക്കാനാണ് സാദ്ധ്യത. കുട്ടികളില്ലാതെ പോകുന്ന ഭാര്യാഭർത്താക്കന്മാർ മാത്രം ഒന്നിച്ചു കഴിയുന്ന ഒരവസ്ഥയെ ചാവറയച്ചൻ മുന്നിൽ കണ്ടിട്ടില്ലെന്നതും ഒരു വസ്തുതയാണ്. ദത്തെടുക്കലിനെയും നിർവചനത്തിൽ നിന്ന് മാറ്റിനിർത്തിയിട്ടുണ്ട്. ദത്തെടുക്കൽ നിയമവിധേയമാക്കപ്പെടുകയോ അത്തരമൊരു സാദ്ധ്യതയെ സ്വപ്നം കാണുകയോ ചെയ്യാത്ത ഒരു കാലത്തെയാണ് ചാവറയച്ചൻ പ്രതിനിധീകരിക്കുന്നത്.

2. ഭാര്യാഭർത്താക്കന്മാർക്കിടയിലെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ചാവറയച്ചൻ പ്രത്യേകമായി പറയുന്നില്ല. പരസ്പരബഹുമാനത്തേയും മുതിർന്നവരോടുള്ള വിധേയത്വത്തേയും അദ്ദേഹം സ്പർശിക്കുന്നുണ്ട്. കുടുംബത്തെ മാനവിക-വ്യവഹാരശാസ്ത്രങ്ങൾ വിശകലനം ചെയ്തു തുടങ്ങിയിട്ടില്ലാത്ത ഒരു കാലത്ത് കാലൂന്നിയാണ് ചാവറയച്ചൻ കുടുംബബന്ധത്തെ വിശകലനം ചെയ്യുന്നത്. മറ്റൊരർത്ഥത്തിൽ കുടുംബത്തെ



മതപരമോ സാമുദായികമോ ആയി മാത്രം വിശദീകരിക്കുവാനോ വിന്യസിക്കുവാനോ സാദ്ധ്യമാകുന്ന സമൂഹത്തെയാണ് ചാവറയച്ചൻ അഭിസംബോധന ചെയ്യുന്നത്. മനുഷ്യ വ്യവഹാരങ്ങളെക്കുറിച്ചുള്ള, സാമൂഹിക ബന്ധങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയാന്വേഷണം വേരുപിടിക്കുന്നത് പിൽക്കാലത്താണ്. വിശ്വാസപരമായ ഘടകത്തിന് ഇന്നിൽ നിന്നും വ്യത്യസ്തമായ ഒരു തലം നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിട്ടുണ്ടുതാനും.

3. ലൈംഗികാവശ്യങ്ങളുടെ സുസ്ഥിരമായ സഫലീകരണം, വ്യക്തിക്ക് ലഭിക്കുന്ന സാമൂഹ്യപദവി, സാമുദായികാചാരങ്ങളും അനുഷ്ഠാനങ്ങളും പകുത്തുനൽകൽ, സാമൂഹിക വ്യക്തിത്വത്തിന്റെ നിർമിതി തുടങ്ങിയ, കുടുംബത്തിന്റെ സാർവദേശീയഭാവം വ്യക്ത




മാക്കുന്ന ധർമ്മങ്ങൾ ചാവറയച്ചൻ നിർവചനത്തിൽ ഒഴിവാക്കുന്നു. എന്നാൽ എന്തായിരിക്കണം കുടുംബം എന്ന് നിർദ്ദേശിക്കുന്ന സന്ദർഭത്തിൽ ഇവയിൽ മിക്ക ധർമ്മങ്ങളും നേരിട്ടോ അല്ലാതെയോ വ്യക്തമാക്കുന്നുണ്ട്.

കുടുംബചട്ടത്തിൽ ചാവറയച്ചൻ വ്യക്തമാക്കുന്ന സവിശേഷ കാര്യങ്ങളിൽ ചിലത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്:

പരസ്പരം സ്നേഹാദരങ്ങളോടെ ബന്ധപ്പെട്ടിരിക്കുക എന്നത് കുടുംബ ബന്ധത്തിന്റെ സാഫല്യമായി പല സന്ദർഭങ്ങളിലും തലങ്ങളിലും ചാവറയച്ചൻ വിശദീകരിക്കുന്നുണ്ട്: "ഒരു വീട്ടിൽ തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽ തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദു:ഖിക്കത്തക്കത്." വേദവാക്യത്തിന്റെ പിന്തുണയോടെ, വഴക്കുണ്ടാക്കുന്ന കുടുംബം വേഗത്തിൽ തകരുമെന്നും അംഗങ്ങൾക്കിടയിൽ തെറ്റുകുറ്റങ്ങളംഗീകരിച്ചുള്ള ജീവിതം സാദ്ധ്യമല്ലെങ്കിൽ കുടുംബത്തിന് പുറത്തുനിന്നുള്ളവരിൽ നിന്ന് അതെങ്ങിനെ പ്രതീക്ഷിക്കാനാവുമെന്നും ചാവറയച്ചൻ പറയുന്നുണ്ട്. മാത്രമല്ല കുടുംബാംഗങ്ങൾ അവരുടെ സംഘർഷത്തെ നിയമപരമായ നടപടികളിൽ നിന്ന് മാറ്റിനിർത്തുന്നതാണ് നല്ലതെന്നും അദ്ദേഹം ഉപദേശിക്കുന്നു: "സർക്കാർ വഴക്കുകൾ കുടുംബത്തെ നശിപ്പിക്കുന്നു." എത്ര ന്യായമുള്ള കാര്യങ്ങളായാലും കോടതി കേറി സ്വയം നശിക്കാതിരിക്കുന്നതാണ് വിവേകം എന്ന് ചാവറയച്ചൻ അഭിപ്രായപ്പെടുന്നു. കോടതി വ്യവഹാരം നീണ്ടുപോകുകയും സംഘർഷത്തിന് പരിഹാരം കാണാനാവാതെ കുടുംബത്തിന്റെ സ്വാസ്ഥ്യം നഷ്ടപ്പെടുകയും ചെയ്യുന്ന വർത്തമാനകാലത്തെ കൂടി ചാവറയച്ചൻ മുന്നിൽ കാണുന്നു.

കുടുംബചട്ടത്തിലെ രക്ഷകർത്തൃത്വം

കുടുംബത്തിന്റെ ധർമ്മങ്ങളിൽ (functions) കുട്ടികളുടെയും മറ്റംഗങ്ങളുടെയും സാമൂഹീകരണം പ്രധാനപ്പെട്ടതാണ്. ചാവറയച്ചൻ എഴുതുന്നു: "നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾക!" ദൈവം ഏൽപ്പിച്ച നിക്ഷേപമാണ് കുട്ടികൾ എന്നും ആത്മാക്കളാണെന്നും, അവരെ യഥാവിധി വളർത്തിയെടുക്കേണ്ടത് കുടുംബധർമ്മ



'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന സുദീർഘമായ കുടുംബചട്ടത്തിന്റെ കൈയെഴുത്തുപ്രതിയിൽ നിന്ന്.



നിർവഹണത്തിൽ പ്രമുഖമെന്നും ചാവറയച്ചൻ വ്യക്തമാക്കുന്നു.

ദൈവഭക്തിയുള്ളവരായിരിക്കണം മക്കൾ എന്നതിൽ കുടുംബ ചട്ടമെഴുതിയയാളിന് സംശയമില്ല. 'ശരീരത്തിനടുത്ത'യാവന അവർക്ക് കൊടുക്കുന്നതിനോട് കൂടെ ആത്മത്തിനടുത്ത് യാവനയായ കാര്യങ്ങളായി ദൈവഭയം, ഭക്തി, ജപം, അനുഷ്ഠാനം എന്നിവയെ ചാവറയച്ചൻ കണക്കാക്കുന്നു. അത് ഉണ്ടാക്കിയെടുക്കുക എന്നത് രക്ഷകർത്താക്കളുടെ ഉത്തരവാദിത്തമായി കണക്കാക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് നൽകേണ്ട മറ്റു മാർഗനിർദേശങ്ങളെക്കുറിച്ചും പരിശീലനത്തെക്കുറിച്ചും ചാവറയച്ചൻ വിശദമായി നിഷ്കർഷിക്കുന്നുണ്ട്:

1. വസ്ത്രം ധരിച്ച് കുട്ടികളെ വീട്ടിനകത്തും പെരുമാറാൻ ശീലിപ്പിക്കുക.
2. കുട്ടികൾക്ക് മുന്നിൽ വച്ച് പരദൂഷണമോ ചീത്ത വാക്കുകളോ പറയരുത്.
3. കുട്ടികൾക്ക് സ്വന്തമായ മുറിയുണ്ടാക്കുക.
4. ആൺ-പെൺ കുട്ടികളെ വ്യത്യസ്തമായ മുറികളിൽ കിടത്തുക. (അവർക്കറിയാത്തത് പിശാച് അവരെ പഠിപ്പിക്കും.)
5. കുട്ടികളുടെ കളികളിൽ രക്ഷിതാക്കൾക്ക് മേൽനോട്ടം വേണം.
6. കുട്ടികളെ, തിരിച്ചറിവുണ്ടായാലുടൻ, സ്കൂളുകളിൽ ചേർക്കുകയും അവർ പഠിക്കുന്നവരാണോ എന്നന്വേഷിച്ചുകൊണ്ടിരിക്കുകയും സഹവാസം ആർക്കൊപ്പമെന്നത് പരിശോധിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.
7. രക്തബന്ധമില്ലാത്തവരുടെ വീടുകളിൽ കുട്ടികളെ രാപ്പാർപ്പിക്കുമ്പോൾ ശ്രദ്ധിക്കുക.
8. മക്കളോട് അധികബന്ധവും (അനുഗ്രഹവും) അകൽച്ചയും (കടുപ്പവും) വർജ്ജിക്കുക. (അതിവാത്സല്യം, നിഗളവും അധിക കോപം, ശിക്ഷയും ശരണക്കേടും നാണമില്ലായ്കയും ബുദ്ധിമടുപ്പും അവർക്ക് വരുത്തും.)
9. കുട്ടികൾക്ക് ശിക്ഷ നൽകുമ്പോൾ അതീവ ശ്രദ്ധ പുലർത്തണം. ശിക്ഷിക്കും മുമ്പെ 'വിവേകമുള്ള മഹിമയോടെ' ബോദ്ധ്യപ്പെടുത്തുക. കുറ്റങ്ങൾ വ്യക്തമാക്കുക. അടുത്ത ഘട്ടങ്ങളിൽ ഭക്ഷണം കുറയ്ക്കുവാനും, പിന്നീട് കടുപ്പമല്ലാത്ത ശിക്ഷകൾ (മുട്ടിൻമേൽ നിറുത്തുക) നൽകാനുമാണ് നിഷ്കർഷിക്കുന്നത്. ഒരിക്കലും ചീത്തവാക്കുകൾ പറയരുത്.
10. അച്ഛനമ്മമാർ പരസ്പരം സ്നേഹം കാണിച്ചും ശീലിച്ചും കുട്ടികൾക്ക് മാതൃകയാവുക. (കാരണവന്മാർ തമ്മിൽ തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കുകയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.)
11. മറ്റുള്ളവരും ചെയ്യുന്നുണ്ടല്ലോ എന്ന് പറഞ്ഞ് നുണ, സൂത്രങ്ങൾ, തട്ടിപ്പ്, ചതിവ് എന്നിവ കുട്ടികളെ പരിശീലിപ്പിക്കരുത്.
12. കൗമാരക്കാരായ മക്കൾക്ക് പ്രത്യേക കഴിവ് നൽകുക. അവരുടെ പ്രായത്തിന് ചേർന്ന തൊഴിൽ പരിശീലനം നൽകുക.
13. പ്രദർശനപരതയ്ക്കും പ്രതാപം കാണിക്കുന്നതിനും മക്കളെ അണിയിച്ചൊരുക്കി നടക്കുന്നത് ഒഴിവാക്കുക. ('ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും, ഭക്തിയും, മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു.')
14. കുട്ടികൾക്കിടയിലെ വഴക്കിനും വക്കാണത്തിനും രക്ഷിതാക്കൾ പ്രോത്സാഹനം നൽകരുത്.
15. ഉചിതമായ സന്ദർഭങ്ങളിൽ അന്തസ്സ് തെരഞ്ഞെടുക്കുന്ന കാര്യങ്ങളിൽ കുട്ടികൾക്ക് പൂർണസ്വാതന്ത്ര്യം നൽകുക.
16. മക്കളുടെ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായി തേടുക.
17. കഴിയുമെങ്കിൽ മക്കൾക്ക് സ്വന്തമായി താമസിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. സ്വത്തുവകകൾ ബോധമുള്ള കാലം ഭാഗംചെയ്തു കൊടുക്കുക. തങ്ങളുടെ മരണത്തിന് ശേഷം കുടുംബത്തിലുണ്ടാവാനിടയുള്ള സംഘർഷം ഇതിനാൽ ഒഴിവാക്കാനാവും.

മക്കളെ വളർത്തുന്നതിൽ ചാവറയച്ചൻ നൽകുന്ന നിർദേശങ്ങൾ ആധുനിക മനഃശാസ്ത്രത്തിന്റെയും പ്രായോഗിക സമൂഹശാസ്ത്രത്തിന്റെയും പിൻബലമുള്ള ആശയങ്ങളാണ്. ആധുനിക വ്യവഹാര ശാസ്ത്രങ്ങളുടെ ഉത്ഭവത്തിനും മുമ്പാണ് കുട്ടികളുടെ സാമൂഹീകരണത്തെക്കുറിച്ച് ഒരു പുരോഹിതൻ ഈവിധം രേഖപ്പെടുത്തി വയ്ക്കുന്നത്. അതിശയപ്പെടുത്തുന്ന ഒരു ശാസ്ത്രബോധം ചാവറയച്ചന്റെ കുടുംബചട്ടം വെളിപ്പെടുത്തുന്നു.

കുടുംബചട്ടത്തിലെ ശാസ്ത്രതലം

ചാവറയച്ചൻ മുന്നോട്ട് വയ്ക്കുന്ന കുടുംബത്തിലെ പെരുമാറ്റചട്ടങ്ങളിലും സമൂഹ മനഃശാസ്ത്ര തന്ത്രങ്ങൾ അടിത്തറയായിട്ടുണ്ട്.



1. പ്രദർശനപരത ഒഴിവാക്കുക. ('ഉള്ള ഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു.')
2. ആചാരാനുഷ്ഠാനങ്ങൾക്ക് ചെലവ് ചെയ്യുമ്പോൾ മിതത്വം പാലിക്കുക. ('ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചെലവും ചെയ്യേണ്ടാ.')
3. മറ്റുള്ളവരുടെ രഹസ്യങ്ങൾ അന്വേഷിക്കരുത്. സ്വന്തം കാര്യങ്ങളിൽ ഇടപെടുന്നവർ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
4. മറ്റുള്ളവർക്ക് വീടിനകം പ്രവേശനം നൽകുമ്പോൾ ശ്രദ്ധിക്കുക. മര്യാദയും ഭയവുമുള്ളവരെ വീട്ടിനകത്ത് പ്രവേശിപ്പിക്കാവുന്നതാണ്.
5. വിദ്യാഭ്യാസത്തിനും അറിവിനും അനുയോജ്യമായ ജോലിചെയ്യുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല.
6. മദ്യപാനം അരുത്. ('മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു.')
7. കച്ചവടം ചെയ്യുന്നവർ ഉയർന്ന നീതിബോധം കാണിക്കുക.
8. പരോപകാര പ്രവൃത്തികൾ ശീലമാക്കുക.
9. അതിധാരാളിത്തവും ലുബ്ധും ഒഴിവാക്കുക.
10. സൗഹൃദത്തിൽ എണ്ണമല്ല, മേന്മയാണ് പ്രധാനം. ('ആയിരം പേരിൽനിന്ന് സൂക്ഷിച്ച് ഒരുവനെ തിരഞ്ഞെടുക്കുക.')
11. കട്ട വസ്തുക്കൾ വീട്ടിൽ സൂക്ഷിക്കരുത്.
12. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കുക. അത് വൈകരുതുതാനും.
13. പാവപ്പെട്ടവരെ നിന്ദിക്കരുത്.
14. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും ഒതുക്കവും ഔചിത്യവും കാണിക്കുക.
15. ഞെരുക്കകാലത്തും ദൈന്യതയിലും ദൈവഭയം കൈവിടാതിരിക്കുക.
16. ഉറക്കം, എഴുന്നേൽക്കൽ എന്നിവയിൽ സൂക്ഷ്മത കാണിക്കുക. ഭക്ഷണം, അനുഷ്ഠാനം തുടങ്ങിയവയിലും ക്രമം പാലിക്കുക.

കുടുംബചട്ടങ്ങൾക്ക് ഇന്നും പ്രായോഗികമായ പ്രസക്തിയുണ്ട്. അത് ഉത്തമമായ ഒരു സമുദായത്തിന്റെ നിർമിതിക്കുള്ള അടിസ്ഥാന ശിലകൾകൂടിയാണ്. അവ ഉയർന്ന നീതിബോധത്തിന്റെയും തുല്യ നീതിയുടെയും ആദരണീയമായ മാന്യതയുടെയും നേടാവുന്ന സ്വാസ്ഥ്യത്തിന്റെയും അടയാളങ്ങളാണ്.

കുടുംബചട്ടത്തിന്റെ സമൂഹശാസ്ത്രം

ചാവറയച്ചൻ ക്രൈസ്തവർക്കാണ് കുടുംബചട്ടം നൽകിയതും കൈമാറാൻ നിർദേശിച്ചതും. എന്നാൽ ഇത് കുടുംബാചരണം നടത്തുന്ന ആർക്കും ഫലവത്തായ കുടുംബാവസ്ഥ സ്വരൂപിക്കാനുള്ള മാർഗനിർദേശങ്ങളാണ്. സാമൂഹികബന്ധത്തിന്റെ ആണിക്കല്ലായി കുടുംബത്തെ കാണുന്ന ചാവറയച്ചൻ കുടുംബത്തിന്റെ സാർവ്വദേശീയത (universality) യും ധർമ്മനിർവഹണ പ്രാധാന്യവും (Functional Importance) മനസിലാക്കി ഒരു പ്രായോഗിക സമൂഹശാസ്ത്രജ്ഞന്റെ (Applied Sociologist) ഉൾക്കാമ്പോടെയാണ് ഇക്കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. സമൂഹശാസ്ത്രവും മനഃശാസ്ത്രവും ശാസ്ത്രശാഖകളായി വേരു പിടിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാതിയിലാണ്. അൻപതുകളോടെയാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട ചില സർവകലാശാലകളിൽ സമൂഹശാസ്ത്ര പഠനം വരുന്നത്. അതിനു ശേഷമാണ് സമൂഹശാസ്ത്രവും, പിന്നീട് മനഃശാസ്ത്രവും കേരളത്തിൽ പ്രത്യേക പഠനശാഖയായി മാറിയത്. കുടുംബത്തിൽ വരുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ആശങ്കകൾ അക്കാലത്താണ് രേഖപ്പെടുത്തുന്നത്. ക്രാന്തദർശിയായ ഒരു സാമൂഹ്യപരിഷ്കർത്താവ് വരാനിരിക്കുന്ന കാലത്തിന്റെ വിശേഷഭാവങ്ങൾ മുൻകൂട്ടി കാണുന്നു. ചാവറയച്ചൻ യുക്തിയുടെയും വസ്തുനിഷ്ഠാപരതയുടെയും അടിത്തറയിൽ കുടുംബചട്ടം തയ്യാറാക്കിയത് ഏകദേശം ഒന്നര നൂറ്റാണ്ട് മുമ്പാണെന്നത് ശ്രദ്ധേയമാണ്.

കുടുംബത്തിന്റെ സവിശേഷ സ്വഭാവങ്ങൾ സമൂഹശാസ്ത്രജ്ഞർ വിശകലനം ചെയ്തിട്ടുണ്ട്:

1. അന്തർദേശീയത (Universality): എല്ലാ സമൂഹങ്ങളിലും സംഘജീവിതത്തോടെ ഉരുത്തിരിഞ്ഞുവന്ന സാമൂഹികതയാണ് കുടുംബം.

2. വൈകാരിക തലം (Emotional Basis): ഇണയെ കണ്ടെത്തൽ, പ്രജനനം, രക്ഷാകർത്തൃത്വം തുടങ്ങിയ പ്രക്രിയകളിലൊക്കെയും സ്നേഹം, പരിഗണന, അനുകമ്പ, സഹവർത്തിത്വം തുടങ്ങിയ വികാരതലങ്ങൾ പ്രബലമായി നിലകൊള്ളുന്നുണ്ട്. ഇവ കുടുംബത്തിന്റെ വൈകാരിക ഭാവത്തെ തീവ്രതര



മാക്കുന്നു.

3. നിയന്ത്രിത വലുപ്പം (Limited Size): സാമൂഹിക സംഘങ്ങളിൽ കുടുംബം ചെറുതാണ്. ശാരീരികമായ കാരണങ്ങൾ കുടുംബാംഗങ്ങളുടെ എണ്ണം നിജപ്പെടുത്തുന്നുണ്ട്.

4. വളർച്ചയിലെ സ്വാധീനം (Formative Influence): ഓരോ അംഗത്തിന്റെയും വളർച്ചയുടെ വിവിധഘട്ടങ്ങളിൽ കുടുംബം അസാധാരണമായ സ്വാധീനം ചെലുത്തുന്നുണ്ട്. കുടുംബം മനുഷ്യഭാവം വളർത്തിയെടുക്കുന്ന നഴ്സറിയാണ്.

5. സമൂഹഘടനയിലെ കേന്ദ്ര സ്ഥാനം (Nuclear Posititon in Social Structure): വിവിധ സാമൂഹിക സ്ഥാപനങ്ങളുടെയും വ്യവഹാരങ്ങളുടെയും കേന്ദ്രം കുടുംബമാണ്. മതം, സാമ്പത്തികം, രാഷ്ട്രീയം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക വ്യവഹാരങ്ങൾ കുടുംബത്തോട് ചേർന്ന് കിടക്കുന്നു.

6. ഉത്തരവാദിത്ത നിർവഹണം (Responsiibility of the Members): അംഗങ്ങളുടെ സ്ഥാന-പദവികൾക്ക് അനുസരിച്ച് ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുണ്ട്. അവ പാലിക്കുന്നതിൽ പറ്റുന്ന പാളിച്ചകളെ സമൂഹം ഗൗരവത്തോടെ വിലയിരുത്തുന്നു.

7. സാമൂഹിക നിയന്ത്രണം (Social Regulation): സാമൂഹികനിയമങ്ങൾ (Social Norms) സ്വീകരിക്കാനും അതിനനുസൃതമായി പെരുമാറാനും കുടുംബം അംഗങ്ങളുടെമേൽ സമ്മർദ്ദം ചെലുത്തുന്നു. വ്യക്തികളുടെ സംഘവ്യവഹാരം ചിട്ടപ്പെടുത്തുന്നതിന് കുടുംബം പ്രധാന പങ്ക് വഹിക്കുന്നു.

8. സ്ഥിരവും അസ്ഥിരവുമായ സ്വഭാവം (The Permanent and Temporary Nature): കുടുംബം ഒരു സ്ഥാപനമെന്ന നിലയിൽ സ്ഥിരത പ്രകടിപ്പിക്കുന്നു. ജൈവപരവും വൈകാരിവുമായ കാരണങ്ങളാൽ അത് നിലകൊള്ളുന്നു. എന്നാൽ ഒരു സംഘടന (Association) എന്ന നിലയിൽ അതിനു അസ്ഥിരതയും കാണാനാവുന്നു.

കുടുംബത്തിന്റെ ഈ സവിശേഷ ഭാവങ്ങളുടെ പ്രാധാന്യത്തിലടിയൂന്നിയാണ് ചാവറയച്ചൻ കുടുംബചട്ടം രചിച്ചതെന്ന് വ്യക്തമാണ്. കുടുംബത്തിന് മറ്റ് സാമൂഹിക സ്ഥാപനങ്ങളോടുള്ള വേർപിരിക്കാനാവാത്ത ബന്ധവും, ആധിപത്യവും അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്. അംഗങ്ങളുടെ ഉത്തരവാദിത്തവും ധർമ്മ നിർവഹണവും ചാവറയച്ചൻ എടുത്തുപറയുന്നു. രക്ഷകർത്തൃത്വത്തിന്റെ പ്രാധാന്യം അദ്ദേഹം കുടുംബചട്ടത്തിൽ അർത്ഥശങ്കകളില്ലാത്തവിധം രേഖപ്പെടുത്തുകയും ചെയ്യുന്നു. കുടുംബത്തിന്റെ സാമൂഹ്യ ധർമ്മനിർവഹണം അക്കാലത്തു തന്നെ ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. ഈ തിരിച്ചറിവിന് ഇന്നും പ്രസക്തിയുണ്ട് എന്ന



പാലാ കൊട്ടാരത്തിൽ ജോസ്-മേരിക്കുട്ടി ദമ്പതികളുടെ മകൾ മരിയ. വിശുദ്ധ പദവി പ്രഖ്യാപനത്തിനുള്ള അത്ഭുതമായി വത്തിക്കാനിലെ നാമകരണ കോടതി അംഗീകരിച്ചത് ചാവറയച്ചന്റെ മധ്യസ്ഥതയിൽ കണ്ണിനു ലഭിച്ച സൗഖ്യമാണ്.

താണ് വിശേഷപ്പെട്ട കാര്യം.

മനുഷ്യരുടെ ലൈംഗികചോദനകളുടെ സ്ഥായിയും ഫലവത്തുമായി സഫലീകരണം, ഗർഭധാരണം, പ്രസവം എന്നിവയെക്കുറിച്ച് ചാവറയച്ചൻ മൗനം പാലിക്കുന്നുണ്ട്. ഒരുപക്ഷേ, കഴിഞ്ഞ കാലത്തിന്റെ രീതിശാസ്ത്രമാകാം ഈ മാറ്റിനിർത്തലിന് കാരണം. അതല്ലെങ്കിൽ ഒരു പുരോഹിതന്റെ അക്കാലത്തെ പരിമിതിയാകാം. എന്നാൽ കുടുംബത്തിന്റെ സാമൂഹികധർമ്മത്തിന് ചാവറയച്ചൻ അർത്ഥശങ്കകളില്ലാത്തവിധം അടിവരയിടുന്നു. സാമ്പത്തികം, മതപരം, വിനോദം തുടങ്ങിയ തലങ്ങളിൽ കുടുംബത്തിന്റെ ധർമ്മനിർവഹണം സാമൂഹിക വ്യവഹാരത്തിന്റെ ആധാരശിലയായി അദ്ദേഹം കണക്കാക്കുന്നു. അതുകൊണ്ടാണ് കുടുംബത്തിന് വരാനിടയുള്ള ചില മാറ്റങ്ങളെക്കുറിച്ച് ആശങ്കപ്പെടുന്ന ഒരു സുമനസ്സിനെ കുടുംബചട്ടത്തിനുള്ളിൽ കാണാനാവുന്നത്. മനുഷ്യക്ഷേമം അദ്ദേഹത്തിന്റെ മുഖ്യ ലക്ഷ്യമായിരുന്നുതാനും. ഒരു സമൂഹശാസ്ത്രജ്ഞനും സാമൂഹിക പരിഷ്കർത്താവും ഈ കുടുംബചട്ടമൊരുക്കിയ പുരോഹിതനിൽ സമ്മേളിച്ചിരിക്കുന്നുവെന്നതിൽ സംശയമില്ല.



ചാവറയച്ചന്റെ കുടുംബദർശനം

ജാൻസി ജെയിംസ്

തലമുറകളിൽ നിന്ന് തലമുറകളിലേക്ക് അനായാസമായി കൈമാറിയിരുന്ന നൈതികമൂല്യങ്ങൾ സ്വന്തം മക്കളിലേക്ക് വിനിമയം ചെയ്യാനുള്ള ശ്രമങ്ങൾ വിഫലമാണെന്ന ബോധം-സംസ്കാരങ്ങൾക്കും ഭൂഖണ്ഡങ്ങൾക്കും അതീതമായി ഇന്ന് മാതാപിതാക്കളെയും കുടുംബങ്ങളെയും അലട്ടുന്ന ഒരു പ്രശ്നമാണ്. തലമുറകൾ തമ്മിലുള്ള ഈ വിടവ് നിത്യവുമെന്നോണം വർധിക്കുന്നത് മാതാപിതാക്കൾക്കും മക്കൾക്കും ഇടയിൽ മാത്രമല്ല. അധ്യാപകർക്കും വിദ്യാർഥികൾക്കും തൊഴിലാളികൾക്കും തൊഴിൽദാതാക്കൾക്കും എന്തിന് സഹോദരങ്ങളും ദമ്പതികളും ഉൾപ്പെടെ പല ബന്ധങ്ങൾക്ക് ഇടയിലും പ്രായവ്യത്യാസമനുസരിച്ച് ഇത് നിലനിൽക്കുന്നുണ്ട്.

തങ്ങൾക്ക് തീർത്തും അന്യവും ചിലപ്പോൾ അസ്വീകാര്യവുമായ ലോകത്തിലും യുഗത്തിലുമാണ് ഇന്നത്തെ കുട്ടികളെന്ന് മാതാപിതാക്കൾക്ക് തോന്നാറുണ്ട്. കുടുംബബന്ധത്തിന്റെ ഇഴകൾ അതിവേഗം ലോലമാവുകയാണ്. കുട്ടികൾ കുടുംബം വിട്ട് ദൂരദേശങ്ങളിലേക്ക് ഒഴുകുന്നത് സർവസാധാരണമാണിന്ന്. ഇത് ഭൗതികമായ അകന്നുപോകൽ മാത്രമല്ല. സമകാലീന ലോകത്തിലെ വിജയകരവും സന്തുഷ്ടവുമായ ജീവിതത്തിന് മാതാപിതാക്കളുടെ സാന്നിധ്യവും സ്വാധീനവും അനുചിതമായ പഴഞ്ചൻ മൂല്യങ്ങളായി കാണുന്ന യുവതലമുറയുടെ ആശയപരമായ അരങ്ങൊഴിയൽ കൂടിയാണിത്. ഇന്ത്യൻ സമൂഹത്തിലെ മധ്യവർഗത്തിനും അതിനു മുകളിലുമുള്ള മിക്ക കുടുംബങ്ങളിലും ധാരണകളുടെയും കാഴ്ചപ്പാടുകളുടെയും രണ്ട് ലോകങ്ങളുണ്ട്. ഇതൊരു തലമുറകളുടെ വിടവ് മാത്രമല്ല, പരിപോഷ്യാവിനും സ്വീകർത്താവിനും ഇടയിലെ ദുരന്തപൂർണമായ ആശയവിനിമയവിടവിന്റെ ഉദാഹരണം കൂടിയാണ്. കുടുംബവുമായി തങ്ങൾക്ക് ബന്ധമില്ലെന്ന കുട്ടികളുടെ തോന്നലും വേരുകളും നങ്കൂരവും ബോധപൂർവം അവർ തിരസ്കരിക്കുന്നതും കുടുംബത്തിന്റെ ഘടനയെത്തന്നെ പിടിച്ചുകുലുക്കുന്ന ഒരു പറ്റം വിഷയങ്ങൾ ഉന്നയിക്കുന്നു.

ആധുനിക കുടുംബങ്ങൾ നേരിടുന്ന ഈ പ്രതിസന്ധിയിലാണ് കുടുംബം നോക്കി നടത്തുന്നതിനെപ്പറ്റി അനുഗൃഹീതനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ പ്രബന്ധങ്ങൾ മാതാപിതാക്കളും കുട്ടികളുടെ വളർച്ചയും വികാസവും നോക്കിനടത്തുന്നവരും അമൂല്യമായ മുന്നറിയിപ്പുകളെന്ന നിലയിൽ സൂക്ഷിച്ച് വായിക്കേണ്ടത്. കൈനകരിയിലെ തന്റെ ഇടവകക്കാർക്ക് തലമുറകളിലൂടെ കൈമാറാനും 'പൂർവികരുടെ ആജ്ഞ' എന്ന നിലയിൽ നടപ്പാക്കാനുമുള്ള കുടുംബങ്ങളുടെ പെരുമാറ്റച്ചട്ടം ആയ ഒരു പ്രമാണപത്രമായി 1868 ൽ അദ്ദേഹം രചിച്ച കൃതിയാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ* (ഒരു നല്ല പിതാവിന്റെ അന്ത്യവചനങ്ങൾ).





തന്റെ മരണശാസനമായി അദ്ദേഹം വിവരിച്ച ഈ രേഖയുടെ വിസ്മയകരമായ പ്രസക്തി സൂക്ഷ്മപാരായണത്തിൽ നമ്മുടെ മുന്നിൽ തെളിഞ്ഞുവരും. ആധികാരികതയും ആജ്ഞകൾ അനുസരിക്കണമെന്ന നിർബന്ധവും അതിൽ മുഴങ്ങുന്നു. ഒരേ സമയം കുടുംബജീവിതത്തിലെ മൂല്യത്തിന്റെ ആഘോഷവും കുട്ടികളെ വളർത്തുമ്പോൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളെപ്പറ്റിയുള്ള രേഖയുമാണത്.

ഒരു നല്ല ക്രിസ്തീയ കുടുംബം സ്വർഗത്തിന്റെ പ്രതിച്ഛായയാണ് എന്ന അസന്ദിഗ്ധമായ പ്രഖ്യാപനത്തോടെയാണ് ആ പ്രമാണപത്രം ആരംഭിക്കുന്നത്. കേട്ടാൽ ഒരു മതവിഭാഗവുമായി മാത്രം ബന്ധപ്പെട്ട കാര്യമാണെന്ന് തോന്നുമെങ്കിലും മാതൃകാകുടുംബത്തിന്റെ നിർവചനം വച്ച് ഈ ഗ്രന്ഥം നല്ല കുടുംബങ്ങൾക്ക് സാർവത്രികമായി പ്രയോജനപ്പെടുന്ന കൈപ്പുസ്തകമാണ്. "രക്തത്തിന്റെയും സ്നേഹത്തിന്റെയും കെട്ടുകളാൽ ബന്ധിക്കപ്പെട്ടവർ, ഒന്നിച്ചു ജീവിക്കുന്നവർ, ഓരോരുത്തരും സ്വന്തം കർത്തവ്യമനുസരിച്ച് അവരുടെ മോക്ഷത്തിനായി മാതാപിതാക്കളെ വേണ്ടവിധം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർ ചേർന്നാണ് നല്ല കുടുംബം കെട്ടിപ്പടുക്കുന്നത്." കുടുംബജീവിതത്തിന്റെ ആനന്ദം സമ്മതിക്കുന്നതിന് അദ്ദേഹത്തിലെ പൗരോഹിത്യം തടസ്സമായില്ല.

ഈ കണ്ണീർ താഴ്വരയിലെ ദുരിതങ്ങളും പരീക്ഷണങ്ങളുമെല്ലാം നേരിടുന്നതിലെ മധുരമുള്ള ഏക ആശ്വാസം സ്നേഹവും ക്രമവും സമാധാനവും വാഴുന്ന ഒരു കുടുംബത്തിലെ അംഗത്വം മാത്രമാണ്. പക്ഷേ ഈ ആനന്ദം കുടുംബാംഗങ്ങളുടെ ധാർമികമൂല്യങ്ങളുടെ അവഗണനയും ഉത്തരവാദിത്തമില്ലാതെ കുട്ടികളെ വളർത്തലും മൂലം നഷ്ടമാവുന്നതിനെപ്പറ്റി അദ്ദേഹത്തിന് ആശങ്കകളുണ്ട്.

കുട്ടികളെ വളർത്തുന്നത് സംബന്ധിച്ച തന്റെ ബോധ്യങ്ങളും കൽപനകളും അദ്ദേഹം 11 വിഭാഗങ്ങളിൽ ക്രോഡീകരിച്ചു. കുടുംബത്തിനുള്ളിലെ പെരുമാറ്റച്ചട്ടങ്ങളും മാതൃകാകുടുംബത്തിന്റെ ലക്ഷണങ്ങളും കൊണ്ട് സാന്ദ്രമാണ് കുടുംബസ്ഥർക്കുള്ള അദ്ദേഹത്തിന്റെ ഉപദേശങ്ങൾ. അവയ്ക്ക് അത്യുതകരമായ ലാളിത്യവും നിത്യജീവിതത്തിൽ അനായാസമായി പ്രയോഗിക്കാവുന്ന പ്രത്യക്ഷതയുമുണ്ടായിരുന്നു. കുര്യാക്കോസ് ഏലിയാസച്ചന്റെ അഭിപ്രായത്തിൽ കടങ്ങളില്ലാത്ത കുടുംബമാണ് ഏറ്റവും സമ്പന്നമായ കുടുംബം. കുടുംബങ്ങൾ സമ്പത്ത് പ്രദർശിപ്പിക്കുന്നതിനും ധൂർത്തടിക്കുന്നതിനുമെതിരെ അദ്ദേഹം ശക്തമായി സംസാരിച്ചു. കുടുംബാംഗങ്ങളും അന്യരുമായുള്ള ഇടപഴകലിനെപ്പറ്റി പറയുമ്പോൾ മാതൃകാകുടുംബത്തിൽ ആരെയെല്ലാം സ്വാഗതം ചെയ്യണമെന്ന് അദ്ദേഹം വ്യക്തമായി പറയുന്നുണ്ട്. ദൈവഭയമുള്ളവരെ മാത്രമേ ജോലിക്കാരായിപ്പോലും നിയോഗിക്കാൻ പാടുള്ളൂ.

പള്ളിക്കും ഇടവകക്കാർക്കും സമൂഹത്തിനും വേണ്ടി ഒരു ആയുഷ്കാലം കഠിനാധ്വാനിയായിരുന്ന മനുഷ്യനാണ് കുര്യാക്കോസച്ചൻ. കഠിനാധ്വാനത്തിലൂടെ സമ്പത്ത് വർധിപ്പിക്കണമെന്ന് നിർബന്ധിക്കുമ്പോൾത്തന്നെ സമ്പത്ത് ശേഖരിക്കാൻ അഴിമതിയുടെ മാർഗമുപയോഗിക്കുന്നതിനെതിരെ അദ്ദേഹം മുന്നറിയിപ്പുകൾ നൽകുകയും ചെയ്തു. ചതിയിലൂടെയും തട്ടിപ്പിലൂടെയും നേടുന്ന സമ്പത്ത് മഞ്ഞുപോലെ ഉരുകിപ്പോകും, ധാരാളിത്തവും പിശുക്കും ഒരു പോലെ പാപമാണ്. 'ധാരാളിയുടെ ആഡംബരങ്ങളെല്ലാം പുകപോലെ അപ്രത്യക്ഷമാകും ഉൾക്കാഴ്ചയുള്ള, പ്രവാചകസമാനനായ ഈ പുരോഹിതന്റെ ഉള്ളിലെ വിവേകശാലി സുഹൃത്തുക്കളെ തിരഞ്ഞെടുക്കുന്നതിൽ ജാഗ്രത പുലർത്താനും ഉപദേശിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദൈവത്തെ സ്നേഹിക്കാത്തവർ തങ്ങളുടെ സുഹൃത്തുക്കളെയും ആത്മാർഥമായി സ്നേഹിക്കില്ല.

തന്റെ പ്രിയപ്പെട്ടവർക്കായി അദ്ദേഹം നൽകിയ ഒരു നിര ഉപദേശങ്ങളിതാ. ന്യായമായ മാർഗങ്ങളിലൂടെ മാത്രം നേടിയ വസ്തുക്കൾ സൂക്ഷിക്കുന്ന കാര്യത്തിൽ കുടുംബങ്ങൾ ഒരു വീട്ടുവീഴ്ചയും കാണിക്കരുത്. അൽപനേരത്തേക്ക് പോലും മോഷണവസ്തുക്കൾ വീട്ടിൽ വയ്ക്കരുത്, അന്യരുടെ മുതൽ മോഷ്ടിക്കുന്നവരുമായി കുടുംബാംഗങ്ങൾ ഇടപഴകാനും പാടില്ല. തൊഴിലാളികൾക്ക് ന്യായമായ കൂലി നൽകുന്നതിൽ കാലതാമസം പാടില്ല. അതിന്റെ പവിത്രതയിലും ദൈവേച്ഛയ്ക്ക് പൂർണമായും കീഴടങ്ങാനുള്ള അംഗങ്ങളുടെ സന്നദ്ധതയിലുമാണ് അവശ്യമായും ഒരു കുടുംബത്തിന്റെ മൂല്യം കിടക്കുന്നത്. 'അപകീർത്തികരവും കെട്ടതുമായ സംസാരം നല്ല കുടുംബത്തിലെ വെളിച്ചം ഇല്ലാതാക്കും' എന്നും അദ്ദേഹം വിശദീകരിച്ചു. പതിവായ പ്രാർഥനകൾ വേണമെന്ന് അദ്ദേഹം ശാഠ്യം പിടിച്ചു, വിശിഷ്ടദിനങ്ങളിലും നോമ്പ് ദിനങ്ങളിലും പ്രാർഥിക്കണമെന്നും. ചീത്ത പുസ്തകങ്ങൾ വീട്ടിൽ സൂക്ഷിക്കുന്നത് അദ്ദേഹം വിലക്കി. പകരം വിവേകത്തിന്റെയും ദാർശനികജ്ഞാനത്തിന്റെയും ഗ്രന്ഥങ്ങൾ സൂക്ഷിക്കാനും വായി

ക്കാനും അദ്ദേഹം മാതാപിതാക്കളെ ഉപദേശിച്ചു. മക്കൾക്കായി അവർ സമ്പാദിക്കുന്ന യഥാർഥ 'നിധി' അതാണ്, അദ്ദേഹം പറഞ്ഞു. നിത്യവ്യത്തികളെ സംബന്ധിച്ചാണ് വിശുദ്ധ കുര്യാക്കോസ് അച്ചൻ നൽകിയ ഏറ്റവും ശക്തവും അമൂല്യവുമായ ഉപദേശം, അതായത് നിത്യവും വീട്ടിൽ ചെയ്യുന്ന കർമങ്ങളുടെ കൃത്യതയെപ്പറ്റി. ഗൃഹാന്തരത്തിലെ കർമങ്ങളുടെ കൃത്യതയെപറ്റിയുള്ള നിശ്ചയങ്ങളിൽ നിന്നെല്ലാം അകന്നുപോകുന്ന നവതലമുറ കുടുംബങ്ങൾക്കുള്ള ഉണർത്തുപാട്ടാണത്. സൗകര്യവും മനോഭാവവും സ്വാർഥതാത്പര്യങ്ങളുമാണ് ഗൃഹാന്തരീക്ഷത്തിൽ നമ്മുടെ പ്രവർത്തനങ്ങളുടെയെല്ലാം സമയം നിർണയിക്കുന്നത്. അതിനാൽ കുട്ടികൾ വരുംദിവസത്തിന്റെ ആദ്യ യാമങ്ങളിൽ ഉറങ്ങാൻ കിടക്കുകയും മനോഹരമായ പ്രഭാതവേള ഉറങ്ങിത്തീർക്കുകയും ചെയ്യുന്നു. വിശുദ്ധന്റെ തന്നെ അമൂല്യമായ വാക്കുകൾ ഞാൻ കടമെടുക്കാം: 'സമയത്തു തന്നെ ഉറങ്ങാൻ കിടക്കാനും കൃത്യമായി ഉണരാനും ശ്രദ്ധിക്കുക. കുറഞ്ഞത് ആറ് മണിക്ക് എല്ലാവരും ഉണരണം. പ്രഭാതപ്രാർഥനകൾ ചൊല്ലണം. കുർബാന കൈക്കൊള്ളാൻ കഴിവുള്ളവർ അത് ചെയ്യണം. 8 മണിക്ക് പ്രാതൽ, 12 മണിക്ക് ഊൺ. വൈകീട്ട് ത്രിസന്ധ്യാപ്രാർഥനയ്ക്കുശേഷം കുടുംബപ്രാർഥന എല്ലാവരും ഒന്നിച്ച് ചൊല്ലുക. എന്നിട്ട് അര മണിക്കൂർ ധ്യാനിക്കുക. ഏതെങ്കിലും സത്ഗ്രന്ഥങ്ങളുടെ ആത്മീയ പരായണത്തിൽ നിന്ന് ലഭിക്കുന്ന വിഷയത്തെ പറ്റിയാകാം അത്. ആ സമയത്ത് വീട്ടിൽ ഏതെങ്കിലും പ്രമുഖ ലൗകികവ്യക്തിത്വങ്ങൾ ഉണ്ടെന്ന പേരിൽ അതിന് മുടക്കം വരുത്തരുത്. കാരണം മനുഷ്യർ അവരുടെ പക്കലേക്കും ദൈവം അവന്റെ പക്കലേക്കും നിങ്ങളെ വിളിക്കും. നിങ്ങൾ ഏത് വഴിയാണ് പോകുന്നതെന്ന് അവൻ നിരീക്ഷിക്കും. അതിനാൽ ഒരു കാരണവശാലും ഈ നിത്യകർമത്തിന് മുടക്കം വരുത്തരുത്. നിങ്ങൾ അന്യർക്ക് നല്ല ഉദാഹരണമാണ് കാട്ടിക്കൊടുക്കുന്നത്. അവർ നിങ്ങളെ പരിഹസിക്കുകയാണെങ്കിൽ അത് നിങ്ങളുടെ ഭാഗ്യമായി കരുതുക. 8 മണിക്കുശേഷം അത്താഴം കഴിച്ച് മനസ്സാക്ഷി പരിശോധിക്കുക, കിടക്കും മുമ്പ് പ്രാർഥനകൾ ചൊല്ലുക, ഉറങ്ങുക. കുടുംബനാഥൻ ഈ പതിവ് തെറ്റാതെ നോക്കണം. എല്ലാ ഞായറാഴ്ചയും എല്ലാ മാസത്തിന്റെയും ആരംഭത്തിലും എല്ലാ കുടുംബാംഗങ്ങളുടെയും മുന്നിൽ വച്ച് ഈ ദിനചര്യ വായിക്കുക.' ഇതൊരു രാജകീയവിളംബരം പോലെ തോന്നുന്നില്ലേ?



മരണപത്രികയുടെ രണ്ടാം ഭാഗം കുട്ടികളെ വളർത്തുന്നത് സംബന്ധിച്ച് അനുഗൃഹീതപിതാവ് സങ്കൽപിച്ച പെരുമാറ്റച്ചട്ടമാണ്. ലൗകിക വിവേകവും ആധികാരികതയും മനശ്ശാസ്ത്രപരമായ ഉൾക്കാഴ്ചയും ബോധോദയവും ദാർശനിക കാഴ്ചപ്പാടും അഗാധവും തീവ്രവുമായ ആത്മീയവിശ്വാസവും മുഴങ്ങുന്നതാണീ ഭാഗം. മാതാപിതാക്കളെ ഏൽപിക്കപ്പെട്ട പവിത്രമായ നിധിയായിട്ടാണ് അദ്ദേഹം കുട്ടികളെ കണ്ടത്, 'നല്ല ക്രിസ്ത്യാനികൾ' എന്ന നിലയിൽ കുട്ടികൾക്ക് മാതാപിതാക്കൾ നല്ല ആത്മീയ അടിത്തറ നൽകണമെന്ന് അദ്ദേഹം നിർബന്ധം പിടിക്കുന്നു. മാതാപിതാക്കൾ വൃദ്ധരാകുമ്പോൾ മക്കളുടെ സ്നേഹബഹുമാനങ്ങൾ ഉറപ്പാക്കാനുള്ള ഏകമാർഗം ഇതാണ്, അദ്ദേഹത്തിന് ഉറപ്പുണ്ട്. ഭൗതികതലത്തിനൊപ്പം ആത്മാവിനെക്കൂടി പരിപോഷിപ്പിക്കുമ്പോൾ മാതാപിതൃത്വം മഹനീയമാവും. കുട്ടികളോട് വളരെ കാർക്കശ്യമോ അയഞ്ഞ സമീപനമോ പാടില്ല. മാതാപിതാക്കൾ പരസ്പരം ബഹുമാനിക്കണം, ഇല്ലെങ്കിൽ കുട്ടികൾ അവരെ ബ



ഹുമാനിക്കില്ല. ലൗകികകാര്യങ്ങളിൽ വിട്ടു വീഴ്ച ചെയ്യാതെ സത്യത്തോടും നീതിയോടും പരിഗണന പുലർത്താൻ കുട്ടികളെ പഠിപ്പിക്കണം. ഒരിക്കലും കലഹങ്ങളുണ്ടാക്കരുത്, പ്രത്യേകിച്ചും കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ. സ്വന്തം ദൗത്യങ്ങൾ തിരഞ്ഞെടുക്കാൻ കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുക.

'സാധാരണക്കാർക്കുള്ള ചാവറയച്ചന്റെ മരണപത്രം' തന്റെ ഇടവകക്കാരോടുള്ള അദ്ദേഹത്തിന്റെ ആത്മാർഥസ്നേഹത്തിന്റെ ഹൃദയസ്പർശിയായ ഉദാഹരണമാണ്. കുട്ടികളെ വളർത്തുന്നതിന്റെ അതിസൂക്ഷ്മമായ വിശദാംശങ്ങളെപ്പറ്റിപ്പോലും അദ്ദേഹം പരാമർശിക്കുന്നു. കുട്ടികളെ വളർത്തിവലുതാക്കുന്നതിന്റെ പ്രയാസങ്ങളെപ്പറ്റി പൂർണമായ അവബോധമുണ്ടായിരുന്നു അദ്ദേഹത്തിന്. ആ നിർണായകമായ ഉത്തരവാദിത്തത്തിൽ മാതാപിതാക്കളെ സഹായിക്കണമെന്നുമുണ്ടായിരുന്നു അദ്ദേഹത്തിന്.

മാതാപിതാക്കളാവുന്നതിനെപ്പറ്റിയുള്ള ഒരു കൃതിയും ചെറുതും വലുതുമായ ഇത്രയേറെ വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടാവില്ല. 12 വയസ്സിന് മുകളിലേക്കുള്ള പ്രായം ആപത്കരമായ കാലമായിട്ടാണ് അദ്ദേഹം കണക്കാക്കിയത്. ഈ കാലത്ത് അവർ വീട്ടിലുള്ളപ്പോൾ പ്രായത്തിന് അനുയോജ്യമായ എന്തെങ്കിലും പ്രവർത്തനങ്ങളിൽ പൂർണമായി മുഴുകണം, അദ്ദേഹം നിഷ്കർഷിച്ചു. വീട്ടിനുള്ളിൽപ്പോലും നഗ്നരായി ഓടിനടക്കാൻ അവരെ അനുവദിക്കരുത്, മാതാപിതാക്കൾ ഉറങ്ങുന്ന മുറിയിൽ ഉറങ്ങാൻ അവരെ അനുവദിക്കരുത്, ചെറിയ ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരേ മുറിയിൽ ഉറങ്ങാൻ വിടരുത്, ബന്ധുക്കളോടൊപ്പം കഴിയാൻ അവരെ പറഞ്ഞുവിടുകയും അരുത്. അവരെ അശ്രദ്ധരായ ജോലിക്കാരുടെ ഒപ്പം വിട്ടുപോകരുത്. സ്കൂളിൽ അവരുടെ പുരോഗതി നിരീക്ഷിക്കണം. മാതാപിതാക്കൾ സ്വന്തം കരുത്തും കഴിവുകളുമാണ് കുട്ടികളിൽ മുദ്രവയ്ക്കേണ്ടത്, അല്ലാതെ സ്വന്തം അനിശ്ചിതത്വങ്ങൾ അവരുടെ മുന്നിൽ പ്രദർശിപ്പിക്കരുത്.

കുട്ടികളെ കുഞ്ഞുനാളിൽത്തന്നെ കന്യാമറിയത്തോട് സ്നേഹവും ബഹുമാനവും ഉള്ളവരാകാൻ പ്രേരിപ്പിക്കണം. അവരൊരിക്കലും മാതാപിതാക്കൾക്ക് എന്തെങ്കിലും ദുഃഖമുണ്ടാകാൻ അവസരം ഉണ്ടാക്കരുത്.

യുവതലമുറയെപ്പറ്റി ആശങ്കകളുള്ള സ്നേഹത്തിന്റെ ശബ്ദമാണ് *'നല്ല അപ്പന്റെ ചാവരുൾ'*. പള്ളിയോട് ചേർന്നുള്ള സ്കൂളുകളുടെ -പള്ളിക്കൂടങ്ങളുടെ- സ്ഥാപകൻ എന്ന നിലയിലും വിദ്യാഭ്യാസത്തിന്റെ മഹാനായ പ്രചാരകൻ എന്ന നിലയിലും വിദ്യാർഥികളുടെ മേലുള്ള നിയന്ത്രണങ്ങളുടെ ആവശ്യകതയെപ്പറ്റി കുര്യാക്കോസ് അച്ചന് നല്ല അവബോധമുണ്ടായിരുന്നു. അക്കാലത്ത് തന്നെ അത് തലമുറകളുടെ വിടവ് എന്ന വെല്ലുവിളി സൃഷ്ടിക്കുന്നുണ്ടായിരുന്നു.

വിദ്യാഭ്യാസം വ്യക്തിയെ സ്ഫുടം ചെ



യ്യുകയും ബോധദീപ്തമാക്കുകയും സമൂഹത്തെ ഉദ്ധരിക്കുകയും ചെയ്യുമെന്നാണ് കരുതപ്പെടുന്നത്. പള്ളിക്കൂടങ്ങളെന്ന പേരിൽ പള്ളികളോട് ചേർന്ന് വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിച്ച അഗ്രഗാമിയെന്ന നിലയിൽ അനുഗൃഹീതനായ കുര്യാക്കോസ് അച്ചൻ രംഗത്ത് വരുമ്പോൾ കേരളസമൂഹത്തിലെ ഭൂരിപക്ഷം പേരും അക്ഷരങ്ങളുടെയും അറിവിന്റെയും ലോകത്തിൽ നിന്ന് അകന്ന് അജ്ഞതയുടെ അവസ്ഥയിലാണ് കഴിഞ്ഞത്. തീർച്ചയായും വിദ്യാഭ്യാസം വ്യക്തികളുടെ ബുദ്ധിശക്തിയിൽ പുരോഗതി ഉണ്ടാക്കി, ധാരണകളിൽ മാറ്റമുണ്ടാക്കി, സാമൂഹ്യസ്ഥിതിയിൽ തന്നെ വലിയ മാറ്റങ്ങളുണ്ടാക്കി. അദ്ദേഹം ഈ മാറ്റങ്ങളെ പ്രത്യാശയോടെയും ആശങ്കകളോടെയുമാണ് കണ്ടത്. ബൗദ്ധികമായ വളർച്ച ആത്മീയഗുണങ്ങളെ ശോഷിപ്പിച്ചേക്കുമെന്നും നാട്ടുനടപ്പിന്റെയും പരമ്പരാഗത ശീലങ്ങളുടെയും മുതിർന്നവരോടുള്ള അനുസരണയുടെയും പേരിൽ നിലനിന്നിരുന്ന നന്മയെയും ധാർമികമൂല്യങ്ങളെയും ലഘൂകരിച്ചേക്കുമെന്നും അദ്ദേഹത്തിന് ഭയമുണ്ടായിരുന്നു. അത് യുക്തിയും വിശ്വാസവും തമ്മിലുള്ള,. ബൗദ്ധികവളർച്ചയും ആത്മീയസമ്പത്തും തമ്മിലുള്ള, അജ്ഞതയും വിദ്യാഭ്യാസവും തമ്മിലുള്ള പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷത്തിന്റെ ആരംഭം കൂടിയായിരുന്നു. ഈ പ്രതിസന്ധിക്ക് പരിഹാരങ്ങൾ നിർദേശിക്കാതെ ഇഹലോകം വിട്ടുപോകണമെന്ന് കുര്യാക്കോസ് അച്ചന് ആഗ്രഹമില്ലായിരുന്നു.

വ്യക്തികളെ രൂപീകരിക്കാനും അവരെ ഒരു കുടക്കീഴിൽ നിർത്താനും ശേഷിയുള്ള ഏറ്റവും വീര്യമുള്ള വ്യവസ്ഥയായി അദ്ദേഹം കണ്ടത് കുടുംബത്തെയായിരുന്നു. ഈ വ്യവസ്ഥയിൽ ഉണ്ടാകുന്ന ഏത് തകർച്ചയും അതിലെ അംഗങ്ങളെ നശിപ്പിക്കുമെന്നു മാത്രമല്ല സമൂഹത്തിന്റെ അടിത്തറ തന്നെ അട്ടിമറിക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ പാതിയിൽ, വിദ്യാഭ്യാസം ആരംഭദശയിൽ മാത്രം എത്തിയ കാലത്തു തന്നെ മനുഷ്യർ കുടുംബത്തിൽ നിന്നും അനുബന്ധബന്ധനങ്ങളിൽ നിന്നും വേറിട്ട യുക്തിജീവികളായി മാറിയേക്കാം എന്ന ആശങ്ക അദ്ദേഹത്തിന്റെ പ്രവാചകസമാനമായ വിവേകമാണ് വെളിപ്പെടുത്തുന്നത്. അത്തരം ഒരു അത്യാഹിതം ഒഴിവാക്കണമെന്നും കുടുംബത്തെയും മാതൃകാപരമായ ശിശുപരിപാലനത്തെയും നിലനിർത്തണമെന്നും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെയാണ് പ്രമാണപത്രം രചിക്കപ്പെട്ടത്. അദ്ദേഹം അത് കൈയെഴുത്തായി സ്വയം തന്നെ ചെയ്തു. മൂലകൃതി പള്ളിയിൽ തന്നെ അടച്ചുപൂട്ടി വച്ച ശേഷം ആളുകൾ അത് പകർത്തി എഴുതി സ്വന്തം ഭവനങ്ങളിൽ സൂക്ഷിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. തന്റെ ഇടവകക്കാർ എല്ലാ മാസത്തെയും ആദ്യശനിയാഴ്ച അത് വായിക്കണമെന്നും. അതിലെ സന്ദേശം അവരുടെ പൈതൃകമായിരുന്നു.

സമകാലീന സമൂഹത്തിൽ ഈ പ്രമാണപത്രത്തിന് അത്ഭുതകരമായ പ്രസക്തിയുണ്ട്. ആധുനിക ജീവിതവും സാങ്കേതിക വിദ്യയിലുണ്ടായ പുരോഗതിയും മനുഷ്യരെ ചാവറയച്ചൻ വിഭാവനം ചെയ്ത തരം കുടുംബത്തിൽ നിന്ന് കുടിയൊഴിച്ചിരിക്കുന്നു. ഈ രേഖയിലെ ഓരോ നിർദേശവും കുടുംബജീവിതം സംബന്ധിച്ച നമ്മുടെ ധാരണകളെയും രീതികളെയും പരിശോധിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കുമുള്ള അനുസ്മരിപ്പിക്കലാണ്. ഈ ഹ്രസ്വകൃതിയുടെ കർത്താവ് ഒരു കത്തോലിക്കാ പുരോഹിതനാണെങ്കിലും എല്ലാ മതങ്ങളും ഇതിന്റെ സത്തയും സന്ദേശവും സമ്മതിക്കും.

ചാവറ പിതാവിന്റെ കാലത്ത് അദ്ദേഹം ആശങ്കപ്പെട്ടതിലും വലിയ പ്രതിസന്ധിയിലാണ് നാമിന്ന്. നമ്മുടെ കാലത്തെ ഏറ്റവും ദയനീയമായ അത്യാഹിതം കുടുംബത്തിന്റെ വിഘടനവും മാതാപിതാക്കളിൽ നിന്നും മക്കളുടെ അന്യവത്കരണവുമാണ്. ആധികാരികതയുടെ ശബ്ദവും വ്യക്തതയും വിശ്വാസത്തിന്റെ അഗാധമായ ധൈര്യവും നിറഞ്ഞ വിശുദ്ധചാവറ പിതാവിന്റെ ഈ പ്രമാണം മാതാപിതാക്കൾക്കും മക്കൾക്കും ഒരു മഹാസംശയനിവാരണകൃതി കൂടിയാണ്. ശിശുപരിപാലനവും കുടുംബവും സംബന്ധിച്ച ഒരു അനുഭവമേഖലയും അത് അഭിസംബോധന ചെയ്യാതിരിക്കുന്നില്ല. സന്മനോഭാവവും ലോകം സന്തുഷ്ടമാകണമെന്നും ഭാവിതലമുറകൾ ധാർമികശക്തിയും ദൈവഭയവുമുള്ള വരാകണമെന്നുമുള്ള മഹാഭിലാഷവും നിറഞ്ഞതാണത്. അതിന്റെ ലാളിത്യവും പ്രത്യക്ഷതയും പണ്ഡിതരെപ്പോലും ലജ്ജിപ്പിക്കും. അതിന്റെ സന്ദേശത്തിന് നിത്യാനന്തമൂല്യവും പ്രസക്തിയുമുണ്ട്, കാരണം സമൂഹം ഔതികമായും ബുദ്ധിപരമായും പുരോഗമിക്കുമ്പോൾ കുടുംബപരിപാലനവും കുട്ടികളെ വളർത്തലും ഏറ്റവും വെല്ലുവിളികൾ നിറഞ്ഞ ദൗത്യങ്ങളാണ്.



വീട്ടിലേക്കുള്ള വഴി

ബോബി ജോസ് കട്ടിക്കാട്ട്

തൊണ്ടക്കുഴിയിൽ കൊലക്കയർ മുറുകുമ്പോഴും ഒരാൾ കാണുന്ന കിനാവ് അതു തന്നെയാണ്, വീട്ടിലേക്കുള്ള ദുർഘടമായ വഴി തേടുക. പൊള്ളുന്ന ചുംബനം കൊണ്ട് ആ മടക്കയാത്രയെ ഘോഷിക്കാൻ ആയുമ്പോൾ കുരുക്ക് മുറുകുക. An Occurence at Owl Creek Bridge എന്ന ചിത്രത്തിന്റെ കഥാസാരമതായിരുന്നു. എളുപ്പമല്ല വീട്ടിലേക്കുള്ള വഴി, കുത്തനെയുള്ള, പുല്ല് പിടിച്ച ഓരോ ചുവടിലും വഴുതുന്ന വഴി. ആ പേരിൽ മനോഹരമായ കവിതയെഴുതിയ ഒരാൾ വാടകവീടിന്റെ നിരാലംബതയിൽ കടന്നുപോയി. ബാലമാസികകളിൽ ആ പേരിൽ ഒരു കളിയുണ്ട്. കുഞ്ഞുങ്ങൾ ജയിക്കുന്ന ആ കളിയിൽ മുതിർന്നവർ അങ്ങോട്ടുമിങ്ങോട്ടും വലം ചുറ്റിയും പതറിയും ഇടറിയും പരുങ്ങിയും ഉള്ളിലേക്ക് പ്രവേശിക്കാനാവാതെ ഇങ്ങനെ..

സരളമായിരുന്നില്ല ഒരാൾക്കും ഈവഴി. സോക്രട്ടീസും ഗാന്ധിജിയും ടോൾസ്റ്റോയിയുമൊക്കെ തോറ്റുപോയ കളിയാണത്. ഗാന്ധിജിയെ മാത്രമെടുക്കു. ആൾക്കൂട്ടത്തിൽ നിന്ന് നിങ്ങളാണ് എന്റെ ജീവിതം തകർത്തതെന്ന് കൈചൂണ്ടി ആക്രോശിക്കുന്ന, മൂക്കറ്റം മദ്യപിച്ച മകനെ കാണാൻ ശേഷിയില്ലാത്തതുകൊണ്ട് കണ്ണടയെടുത്ത് മാറ്റുന്ന ആ





മഹാത്മാവിനെ, തോറ്റത് വീട്ടങ്കണത്തിൽ മാത്രമായിരുന്നു. തോൽപിച്ചത് പതിവ്പോലെ ഉറ്റവരും. വീട് പണിയുന്നതുപോലെ എളുപ്പമല്ല, വീടിനകം ഭംഗിയാക്കുക. ഇഷ്ടികകൾ കൊണ്ടാണ് വീട് പണിയേണ്ടതെന്ന് തെറ്റിദ്ധരിച്ചവരോട് ഇനി എന്ത് പറയാൻ? ഒരാത്മീയ പരിസരത്തിന്റെ പേരാണത്!

വീട്ടിലേക്കുള്ള വഴി ഈശ്വരനിലേക്കുള്ള വഴിയാണെന്ന് ക്രിസ്തു ഭൂമിക്ക് പറഞ്ഞു തന്നു. ധൂർത്തപുത്രന്റെ ഉപമയിലൂടെയായിരുന്നു അത്. പടിയിറങ്ങിയവർ അന്നത്തിലേക്കും ആനന്ദത്തിലേക്കും ഈശ്വരനിലേക്കും ഒരുമിച്ചാണ് മടങ്ങുന്നത്. ആവശ്യത്തിലേറെ അലഞ്ഞതുകൊണ്ടാവണം വീടിനെ ഹരിതാഭമായ ഒരു കിനാവ് പോലെ കൂടെ കൊണ്ടു നടക്കാൻ യേശു എപ്പോഴും ശ്രദ്ധിച്ചിരുന്നു. അഗാധ ബന്ധങ്ങളെ അടയാളപ്പെടുത്തുവാൻ ക്രിസ്തു കണ്ടെത്തിയ രൂപകംപോലും അതായിരുന്നു- നിങ്ങൾ എന്നിൽ വസിക്കുക. ഏതു കാലത്തിലേക്ക് വച്ചും ഏറ്റവും അഴകും ആത്മാവുമുള്ള ഗൃഹം അവിടന്നു തന്നെ. ക്രിസ്തുവെന്ന ഗൃഹത്തിൽ ഇളം പ്രായത്തിലെ പാർത്തു തുടങ്ങിയതുകൊണ്ടാവണം, ചാവറപിതാവിന് പരിമളമുള്ള വാക്കുകൾ വീടിനുമീതെ കുറിക്കാനായത്...

കൃത്യമായി പറഞ്ഞാൽ പത്താം വയസ്സിൽ വീട് വീട്ടൊരാളായിരുന്നു അദ്ദേഹം. ഒരു പക്ഷേ ആ കാരണം കൊണ്ട് കൂടിയാവണം വീടിനെ ഇത്രമേൽ അദ്ദേഹം ധ്യാന വിഷയമാക്കിയത്. ചിരപരിചയം കൊണ്ടും ആവർത്തനം കൊണ്ടും വിരസമാകുന്ന അനുഭവങ്ങളുടെ അഴക്, അതിൽ നിന്ന് തെല്ല് അടർന്ന് നിൽക്കുന്നവർക്കേ വെളിപ്പെട്ടു കിട്ടുകയുള്ളൂ എന്ന പൊതുനിയമത്തോട് അത് ചേർന്ന് നിൽക്കുന്നു.

വഴുതിപ്പോകാവുന്ന ഒരു കുട്ടനാടൻ വയൽവരമ്പിലൂടെ, കൊടിയ ഇരുട്ടിൽ സഞ്ചരിക്കേണ്ടി വന്ന ചിലരെപ്പോലെ നമ്മൾ, മഴ കഴിഞ്ഞൊരു രാത്രിയാണത്. പെട്ടെന്ന് ഒരു ചൂട്ടുകറ്റയും വീശി ദേവദൂതനെക്കണക്ക് ഒരാൾ പ്രത്യക്ഷപ്പെടുന്നു. നല്ല അപ്പന്റെ ചാവരുൾ അനുഷ്ഠിക്കുന്ന ധർമ്മമതാണ്. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കുകയില്ല എന്ന ആ താപസവിശുദ്ധന്റെ മനക്കണക്ക് എത്ര ശരിയാണ്. കാലവും സാഹചര്യങ്ങളും പരിസരവും മാറുന്നുണ്ടാവും. ഒന്നര നൂറ്റാണ്ടിനപ്പുറം ഒരു മഹാനഗരത്തിലൂടെ ഡ്രൈവ് ചെയ്തുപോകുന്ന ആത്മവിശ്വാസമുള്ള ഒരു സ്ത്രീ. പൊടുന്നനവെ വാഹനത്തിനുള്ളിലെ ജി.പി.എസ്. നിശ്ചലമാകുന്നു. പുറത്ത് കനത്ത മഞ്ഞാണ്. തലയ്ക്കടിച്ച് നിൽക്കുമ്പോൾ വയോധികനായ ഒരു ടാക്സി ഡ്രൈവർ ചില്ലിൽ തട്ടുന്നു. അറിയാവുന്ന വഴിയാണ്. പിന്നാലെ വന്നുകൊള്ളൂ. അവളെന്തുകൊണ്ടാണ് പെട്ടെന്ന് എത്രയോ കാതങ്ങൾപ്പുറത്തു നിൽക്കുന്ന തന്റെ അപ്പനെ ഓർമിച്ചത്?

"ഞാൻ മരിച്ചാലും ഈ കടലാസു മരിക്കയില്ല. അതിനാൽ ഇതെന്റെ നിക്ഷേപമായി കാണുക. ഞാൻ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർമിക്കാൻ വേണ്ടി ഇതിനെ മറ്റുള്ളവരെല്ലാം പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ."

ആകാശമോക്ഷം പോലെ ഒരു വീട്

എന്തൊരു സ്വപ്നമാണ് അദ്ദേഹം വച്ചു നീട്ടുന്നത്. വലിയ സ്വപ്നങ്ങളിൽ അഭിരമിക്കുകയാണ് യാത്രയുടെ അഴകും ആഴവും ഏകാഗ്രതയും നിലനിർത്താനുള്ള ഏക വഴി. ദുഃഖങ്ങളുടെ സ്ഥലമായിരുന്ന ഈ ലോകത്ത് ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കുന്ന ആശ്വാസം സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.

സ്വർഗമാവേണ്ട ഭവനങ്ങൾ! വീടിനകത്തുള്ള ഹാർമണിയാണ് ആ ഒരിത്തിരി ഇടത്തെ സ്വർഗമാക്കി മാറ്റേണ്ടത്. എന്നിട്ടും നമ്മുടെ അഹമെന്ന അവനവൻ കടമ്പയിൽ തട്ടി ചോരപൊടിഞ്ഞും നുറുങ്ങിയും നമ്മൾ ജീവിച്ചു തീർക്കുന്ന ദിനരാത്രങ്ങൾ. വൈകാതെ നമ്മളെ വലം ചുറ്റി ജീവിക്കുന്ന ഏതാനും പേരുടെ ജീവിതത്തെയും നാം നരകതുല്യമാക്കും. സ്വയം ചിരികളഞ്ഞുപോയവർ, അപരന്റെ പുഞ്ചിരികളെയും ഊതിക്കെടുത്തും. അപ്പോൾ പുറത്തു കാണുന്ന ചന്തം മാത്രമേ ഈ വീടുകൾക്കുണ്ടാവുകയുള്ളൂ. അകത്ത് ദേവദൂതരുടെ ഗീതങ്ങളല്ല അസംതൃപ്തരുടെ വിലാപങ്ങളും അമർഷത്തിന്റെ പല്ല് കടിയും. 'നീലം മാങ്ങകളുടെ വീടെ'ന്നൊരു പുസ്തകം വായിച്ചു. നമ്മുടെ വീട് നീലം മാങ്ങ പോലെയാണ്. കാണാൻ നല്ല ഭംഗി. പക്ഷേ അതിനൊരു തകരാറുണ്ട്. മാങ്ങ കായിച്ചു തുടങ്ങുമ്പോൾ ഒരു ജാതി ഈച്ച അതിന്റെ തൊലിക്കകത്തു മുട്ടയിടും. മുട്ട വിരിഞ്ഞു തുടങ്ങുന്ന പുഴു അകത്തെ മാംസളമായ ഭാഗം തുരന്നു നശിപ്പിക്കും. പുറമെ കുഴപ്പമില്ലായിരിക്കാം, മുറിച്ച് ചെല്ലുമ്പോഴാണ് പുഴുക്കൾ കണ്ണിൽപ്പെടുക. പുറം ലോകത്തിന് നമ്മൾ ഒരു മാതൃകാ കുടുംബം.

ധൂർത്തപുത്രന്റെ കഥ 'പുൽപിറ്റിൽ' നിന്ന് കേൾക്കുമ്പോൾ, മടങ്ങിവരാൻ നിശ്ശബ്ദനായി ക്ഷണിക്കുന്ന ഒരു വീടിന്റെ സൗഭാ


ഗ്യം എത്ര പേർക്കുണ്ടാവുമെന്ന് ഞാൻ അമ്പരക്കുന്നു. ഒരു ദിവസം സ്കൂളിലേക്ക് പോയ നിങ്ങളുടെ കുഞ്ഞ് തിരികെ വരാതെ എവിടെയൊക്കെയോ അലഞ്ഞ്, സദാ സ്നേഹത്തിന്റെ വിരുന്ന് വിളമ്പുന്ന വീട്ടുമേശയുടെ സ്മൃതിയിൽ മടങ്ങിവരുമോ എന്നു തുടങ്ങിയ എത്ര ആശങ്കകളാണ് വീടിനെക്കുറിച്ച് ഇനി നാം പുലർത്തേണ്ടത്.

എന്തിന്റെയും അഴക് നിർണയിക്കുന്നതുമായി ബന്ധപ്പെട്ട ചില അളവുകളാണ് ഫോട്ടോഗ്രഫി അതിൽ പരാമർശിക്കപ്പെടുന്ന സുവർണ അനുപാതം പോലെ, സുവിശേഷം പോലും കാലാതീതമായി നിലനിൽക്കുന്നത് അത് വച്ച് നീട്ടുന്ന അളവുകളുടെ പ്രത്യേകത കൊണ്ടാണ്. തച്ചന്റെ കൃത്യതയോടുള്ള അളവുകൾ! ഓർക്കണം ചലനങ്ങൾക്ക് അളവുണ്ടാവുമ്പോൾ നൃത്തവും, ഭാഷണത്തിന് അളവ് ലഭിക്കുമ്പോൾ സംഗീതവുമൊക്കെ രൂപപ്പെടുന്നത്. ഒക്കെ വളരെ സ്വാഭാവികമെന്ന് കരുതരുത്, എല്ലാത്തിനും ചില ക്രമങ്ങളും അളവുകളുമൊക്കെ വേണം. വീട് പണിയാൻ ഒരു സ്കെച്ചുപയോഗിക്കുന്നതിനെക്കാൾ പ്രധാനമാണ് അതിന്റെ ആന്തരികതയെ പരിശോധിക്കാൻ സനാതനമായ ഒരു മാർഗരേഖ ഉണ്ടായിരിക്കണം എന്നത്. ദീർഘ വർഷങ്ങളുടെ നിരീക്ഷണവും ധ്യാനവും, അത്തരമൊന്ന് രൂപപ്പെടുന്നതിന് ചാവറപിതാവിനെ സഹായിച്ചിട്ടുണ്ട്. സുവിശേഷത്തിന്റെ അളവുകളെ പരാമർശിച്ച് യേശു പറയുന്നത് വലിയൊരളവിൽ നല്ല അപ്പന്റെ ചാവരുളിനും ബാധകമാണ്: 'ഞാനിവയൊക്കെ സംസാരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകാനും ജീവൻ സമൃദ്ധമായി ഉണ്ടാകാനും വേണ്ടിയാണ്.' ഗാർഹിക ജീവിതത്തിലെ സമൃദ്ധിയെ സഹായിക്കാൻ പോകുന്ന ഈ അളവുകളെ നമുക്കൊന്ന് ഗൗരവമായിട്ടെടുത്താലെന്താ?

കുടുംബചട്ടം

* നിന്റെ വീട്ടുകാര്യങ്ങൾ ക്രമീകരിക്കുക

അതീവ ജാഗ്രതയും ശ്രദ്ധയും ആവശ്യവുമുള്ള ഇടമാണ് വീടെന്നൊക്കെ പറയുന്നതിൽ ഒരു പുതുമയും ഇല്ല. യഹൂദ വിവാഹ ആഘോഷത്തിന്റെ ചടങ്ങുകൾ അവസാനിക്കുന്നത് വധുവും വരനും വീഞ്ഞു നുകർന്ന ആ ചില്ലുചഷകത്തെ നിലത്തിട്ട് ഉടച്ചാണ്. ഒരു നിമിഷം അശ്രദ്ധ കൊണ്ടോ, അനാദരവുകൊണ്ടോ ചോര പൊടിഞ്ഞേക്കാവുന്ന വളരെ 'ഫ്രജയിലാ'യ ഒരിടമായിരിക്കുമെന്ന സൗമ്യമായ ഓർമപ്പെടുത്തൽ. പൂക്കളുടെ ഇടമെന്ന അർഥത്തിൽ തങ്ങളുടെ സ്വപ്നഭവനങ്ങൾക്ക് പേരിട്ട കവികളൊക്കെയുണ്ട്.



പൂക്കൾ കരിഞ്ഞുപോകുമെന്നും മുള്ളുകൾ സദാ നിലനിൽക്കുമെന്നും അറം പറ്റിയ കറുത്ത ഫലിതങ്ങൾ. ഏതൊരു മനുഷ്യന്റെയും ശിരസ്സിനുമേലെ തലമുടി നാരിൽ കെട്ടപ്പെട്ട സാധ്യതയാണത്!

പരസ്പരം വിഭജിക്കപ്പെടുന്ന ഭവനത്തിന്റെ സ്വാഭാവിക പരിണതിയെക്കുറിച്ചുള്ള ക്രിസ്തുമൊഴികളുമായാണ് ചാവറ പിതാവ് ഉപവിയുടെ ചട്ടങ്ങളെ ഓർമിപ്പിച്ചു തുടങ്ങുന്നത്. അന്തഃച്ഛിദ്രമുള്ള ഒരു ഭവനവും നിലനിൽക്കില്ല. വീടിനു മാത്രമല്ല സംസ്കാരങ്ങൾക്കും സംഭവിക്കാവുന്ന ദുരന്തമാണത്. ഏതാണ്ട് പന്ത്രണ്ടോളം സംസ്കാരങ്ങൾ ചരിത്രത്തിൽ മറഞ്ഞുപോയത് ആന്തരിക ജീർണതകൊണ്ടാണെന്ന് ടോയൻസി പറയുന്നത് വീടിന്റെ കാര്യത്തിൽ കിറുകൃത്യമാകുന്നു. ഏത് വീട്ടിൽ പ്രവേശിച്ചാലും ആ വീടിന് സമാധാനം ആശംസിക്കുക, സമാധാനത്തിന്റെ മക്കൾ ആ ഭവനത്തിലുണ്ടെങ്കിൽ നിങ്ങളുടെ ആശംസ എന്നും ആ ഭവനത്തിലുണ്ടായിരിക്കും. ഇല്ലെങ്കിൽ അത് നിങ്ങളിലേക്ക് തന്നെ മടങ്ങിവരുമെന്നൊരു വചനം കൂടി യേശു മൊഴികളിൽ നിന്ന് ധ്വനിച്ചാൽ നല്ലത്.

മാപ്പിന്റെ ഒരു സംസ്കാരം രൂപപ്പെടുത്താനുള്ള ക്ഷണമതിൽ മുഴങ്ങുന്നുണ്ട്. 'നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമെയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷംപേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണ



മെങ്കിൽ ഇന്ന് ശേഷംപേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ.' ഏഴ്, എഴുപത് പ്രാവശ്യം പൊറുക്കുക എന്ന ക്രിസ്തുമൊഴികളിൽ നിന്ന് പൊടിച്ച നാമ്പുകളാണീ വിചാരങ്ങളൊക്കെ. ക്ഷമയെ ഒരു ശീലമാക്കുകയെന്നതാണല്ലോ ആ ഗുരുവചസ്സുകളുടെ സാരം - സംസ്കാരമെന്ന പദത്തിന് പിന്നിൽ (culture) നിരന്തരം ഏർപെട്ടുകൊണ്ടിരിക്കുന്ന ഒരു കർമമെന്ന വ്യുൽപത്തിയുണ്ട്. പാടത്തിലൂടെ ഒരു കലപ്പ നിരന്തരം ഉഴുത് അഗാധമായ ചാലുകൾ ഉണ്ടാക്കുന്നതുപോലെ ശക്തമായ ചില നിലപാടുകൾ ജീവിതത്തിലുണ്ടാവുന്നതിന് വിളിക്കുന്ന പേരാണത്.

മാപ്പ് കൊടുക്കുന്നതിന്റെ അഴക് വ്യക്തമാക്കുന്ന ഒരു ചിത്രം കൂടി ചാവറപ്പിതാവ് വരച്ചു കാട്ടുന്നുണ്ട്. ഒരു മഹാചക്രവർത്തിയുടെ കണ്ഠത്തിൽ ഒരാൾ അടിച്ചു. അയാളെ കൊല്ലണമെന്ന രാജസദസ്സിന്റെ ശാഠ്യത്തോട് ഇങ്ങനെയാണ് ആ മഹാരാജാവ് പ്രതികരിച്ചത്. എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്യാൻ കഴിയുന്നത്, ഞാൻ ചെയ്യുന്നത് വലിയ കാര്യമോ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റവും വലിയ ശക്തിയുടെ അടയാളമാകുന്നു. കുലീനമായി വർത്തിക്കാനുള്ള ക്ഷണമാണീ ചാവരുൾ നിറയെ. തനിക്ക് മാപ്പ് നൽകിയ എസാവിനെക്കുറിച്ച് യാക്കോബ് കണ്ടെത്തിയതുപോലെ, ഇപ്പോൾ അങ്ങയുടെ മുഖം ദൈവത്തെപ്പോലെയിരിക്കുന്നു, എന്നത് വീടിന് നല്ലൊരു ധ്യാനവിഷയമാണ്.

മണലിലല്ല, ശിലയിലാണ് വീട് പണിയേണ്ടതെന്ന ക്രിസ്തുമൊഴികളുടെ അനുബന്ധവിചാരണങ്ങളാണിതൊക്കെ. നിലനിൽപില്ലാത്ത അമിത വൈകാരികതയുടെ മണൽപ്പുറത്താണ് ഏതാണ്ടെല്ലാവരും തന്നെ തങ്ങളുടെ ഭവനങ്ങളെ ഇന്ന് പണിയുന്നത്. അതിന്റെ ആയുസ്സ് എത്ര ചെറുതാണ്. പാറമേലാണ് വീട് പണിയേണ്ടത്. വ്യക്തമായ ജീവിത നിലപാടുകളാണീ ശില. നിർഭാഗ്യവശാൽ പൊലിയിച്ചെടുത്ത അമിതവൈകാരികതയും രോഗാതുരവുമായ ഇടങ്ങളായി വീട്ടുപരിസരങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. തിരുക്കുടുംബമെന്ന വിശേഷണത്തോടെ ഗാർഹിക ജീവിതത്തെ ചിട്ടപ്പെടുത്താൻ ക്രിസ്തുവിനോളം പഴക്കമുള്ള ഒരടയാളത്തിന്റെ ഭാഗ്യം ലഭിച്ചവരാണ് നമ്മൾ. വ്യക്തമായ ധാർമിക വിചാരത്തിന് മീതെയാണ് പലപ്പോഴും മേൽക്കൂരയില്ലാത്ത അവരുടെ വീട് നിലനിന്നത്. ആ വീടിന്റെ പുരുഷന് ബൈബിൾ ചാർത്തികൊണ്ടിരുന്ന കൽപനയിതാണ് - ജോസഫ് നീതിമാനായിരുന്നു.

അമിത വൈകാരികതയിലേക്ക് വഴുതിപ്പോകാതെ ഗാർഹിക ജീവിതത്തെ നിലനിർത്താനുള്ള ഒത്തിരി സൂചനകളുടെ സമൃദ്ധിയുണ്ട് നല്ല അപ്പന്റെ ചാവരുളിൽ. ഒരു മരണം ഒരു വീടിന്റെ നിലനിൽപിനെ എത്ര മാത്രം ഉലയ്ക്കുമെന്ന് ധാരണയില്ലാത്തയൊരാളൊന്നുമല്ല ചാവറപിതാവ്. എന്നിട്ടും നേരത്തെ സൂചിപ്പിച്ച മണൽപുറത്തെ ഭവനമായി നിങ്ങളുടെ വീട് ദുർബലമാക്കാതിരിക്കാൻ വേണ്ടി ഒറ്റനോട്ടത്തിൽ തെല്ല് കഠിനമെന്നു തോന്നുന്ന ചില വരികൾ പോലും ആമുഖ വിചാരങ്ങളിൽ അദ്ദേഹം കുറിച്ചിട്ടിരിക്കുന്നതു നോക്കൂ. 'വീട്ടിൽ വല്ലവരും മരിച്ചാൽ (ആവശ്യമുള്ളവരൊഴികെ) ശേഷമുള്ളവർ സ്വന്തം ആത്മകാര്യങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നത് ദൈവത്താലും വിശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമര്യാദയാകുന്നു.'

വിനീതം

മനോതാഴ്മയെന്ന ഉപശീർഷകത്തിനു താഴെ ലളിതജീവിതത്തിലേക്കുള്ള ക്ഷണമാണ് ചാവറപിതാവ് കരുതിവയ്ച്ചിരിക്കുന്നത്. ഇതൊന്നു വായിച്ചുനോക്കൂ: 'ഒരു ദിവസം റോമക്രസ്തോസ എന്ന ശാസ്ത്രിയോട് മനുഷ്യരിൽ ഏറ്റം മുഖ്യതയുള്ളവനാരെന്നു ചോദിച്ചപ്പോൾ ലഭിച്ച ഉത്തരം, ഏറ്റവും കുറഞ്ഞ ഭാവം കാണിക്കുന്ന മനുഷ്യനെന്നത്രേ.'

ലളിതവും ഋജുവുമായ ജീവിതസമീപനങ്ങൾ ഗാർഹിക ജീവിതത്തിന് സമ്മാനിക്കുന്ന അഴകിനെക്കുറിച്ച് ചാവറപിതാവ് സദാ ബോധവാനായിരുന്നു. വാൾഡൺ നദിക്കരയിലിരുന്ന് ഹെന്റി ഡേവിഡ് തോറ ഒരു നൂറ്റാണ്ടു മുൻപ് കുറിച്ചിട്ടപോലെ ഭൂമിയിലുള്ള പാപം അത്ര കഠിനമൊന്നുമല്ല. അതൊരു വിനോദമാണ്. അതിന് ഒരാൾ സരളമായും ബോധപൂർവവും ജീവിക്കാൻ പരിശീലിച്ചാൽ മതി. ലളിതമെന്ന പദത്തിന് ശബ്ദതാരാവലിയിൽ സൗന്ദര്യമുള്ളത് എന്നൊരർഥം കൂടി കൊടുത്തിട്ടുണ്ട്. വീടിന്റെ ലാവണ്യത്തെ തിരികെ പിടിക്കുവാൻ ലാളിത്യമല്ലാതെ മറ്റ് വഴികളില്ല.

പഴയ നിയമത്തിലെ ദാവീദിനെ സാവൂൾ അണിയിക്കുന്നതുപോലെ നമുക്ക് ഇണങ്ങുകയോ ഉതകുകയോ ചെയ്യാത്ത എത്ര കവചങ്ങളാണ് വർത്തമാനകാലം നമ്മെ അണിയിക്കുന്നത്? എന്നിട്ട് ഓരോരോ മത്സരങ്ങളുടെ കടമ്പയിൽ തട്ടിയും മുട്ടിയും മുട

ന്തിയും സ്വന്തം ജീവിതം വല്ലാതെ ദുഷ്കരമാക്കുന്നവർ, ആ പൊയ്ക്കാലുകൾ വേണ്ടെന്ന് വയ്ക്കാൻ ദാവീദെന്ന ഇടയബാലൻ കാട്ടിയ ആർജവമാണ് അവന്റെ ജീവിതത്തെ അഴകുള്ളതാക്കിയത്. ഇത് എനിക്കുള്ളതല്ല എന്ന് ഒരാൾ നിശ്ചയിക്കുമ്പോൾ അയാൾ അനുഭവിക്കുന്ന ആനന്ദത്തിനും സ്വാതന്ത്ര്യത്തിനും അതിരുകളില്ല.

കുട്ടിക്കുറച്ച് ഹരിച്ച് കഴിയുമ്പോൾ ഒരാൾക്ക് ജീവിക്കുവാൻ എത്ര കുറച്ച് കാര്യങ്ങൾ മതി. നിറയെ കതിർമണികൾ ഉള്ള ഒരു പാടത്തിൽ നിന്ന് ഒരു കതിർമണി മാത്രം മതിയെന്ന് കരുതുന്ന ആകാശപ്പറവകൾക്കുള്ള വാഴ്ത്താണ് സുവിശേഷം. വിഭവങ്ങളോട് മാത്രമല്ല, വൈകാരികതയോടും പറയണം, മതിയെന്ന്. ലാളിത്യം ഒരു ജീവിത സമീപനമാണ്. കുറച്ച് കാര്യങ്ങളിൽ ജീവിതത്തെ പരിമിതപ്പെടുത്തുക എന്നതു മാത്രമല്ല അതിന്റെ സാരം. നേർരേഖകളിൽ എല്ലാം കാണാൻ കഴിയുക എന്നതാണ് അതിന്റെ പൊരുൾ. അനന്തരം അതിൽ നിന്ന് ഒരു പൂവുണ്ടായി. നിറയെ പരിമളമുള്ള തൃപ്തിയെന്ന പൂവ്.

ആഡംബരമെന്ന പാപത്തെ പ്രതിരോധിക്കാനുള്ള നിശ്ചയദാർഢ്യമുണ്ടാവണമെന്നുള്ള ക്ഷണം ചാവരുളിൽ ശക്തമായുണ്ട്. അക്കാലത്തെ ചില നിരീക്ഷണങ്ങളുടെ പശ്ചാത്തലമതിലുണ്ടാവണം'

'ദീപാളി കുളിച്ച് തകർന്ന തറവാടുകൾ' ഒരു സാധാരണ കാഴ്ചയായിരുന്നു. ഒരു ദ്രവ്യസ്ഥൻ വിരുന്നുകൾ, കല്ല്യാണങ്ങൾ മുതലായവ നടത്തിയതിനാൽ ദരിദ്രസ്ഥിതിയിലായി ദുഃഖിച്ചിരിക്കയിൽ ഒരു ശാസ്ത്രി അവനെ കണ്ടു പറഞ്ഞതായത്: 'സഹോദരാ നീ പകൽ വിളക്ക് കത്തിക്കാതിരുന്നെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു.'

സദ്സംഘ്

"നിങ്ങൾ ഏതെങ്കിലും പട്ടണത്തിലോ, ഗ്രാമത്തിലോ പ്രവേശിക്കുമ്പോൾ അവിടെ യോഗ്യതയുള്ളവർ ആരെന്ന് അന്വേഷിക്കുകയും നഗരം വിടുവോളം അവരോടൊപ്പം താമസിക്കുകയും ചെയ്യുവിൻ" (മത്താ 10;11).

നമ്മുടെ സംസർഗങ്ങൾ ആരോടൊപ്പമായിരിക്കണമെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ട്, ചാവരുളിൽ ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ട. എല്ലാവക ആളുകളെയും നിന്റെ വീട്ടിൽ കയറ്റേണ്ട. പിന്നെയോ നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രം കൈകൊള്ളുക.

ആത്മീയ അറിവുമുള്ളവർക്ക് ഭാരതം അനുശാസിക്കുന്ന അനിവാര്യതകളിലൊന്നാണ് സദ്സംഘം. സത്യസന്ധർ, സത് -നല്ലവർ, സാത്വിക് - ദർശനമുള്ളവർ എന്നൊക്കെ അതിനെ കരുതാവുന്നതാണ്. ഉള്ളിൽ തമോഗർത്തം, സൂക്ഷിക്കുന്ന മനുഷ്യരുണ്ട്. അവരിൽ നിന്ന് അകലം സൂക്ഷിക്കണം. അന്തരീക്ഷത്തിലെ ശൂന്യതയാണത്. അത് പ്രകാശഗോളങ്ങളെ തങ്ങളിലേക്കടുപ്പിച്ച് അതിന്റെ പ്രകാശത്തെ കെടുത്തിക്കളയുന്നു. ഉള്ളിൽ ഇരുട്ടുള്ളവർക്ക് വെളിച്ചമുള്ളവരേക്കാൾ കൂടുതൽ ഗുരുത്വാകർഷണമുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഒരു നിമിഷം കൊണ്ട് ജീവിതത്തിന്റെ മുഴുവൻ ഭ്രമണപഥങ്ങളെയും തെറ്റിച്ചുകളയുന്ന മനുഷ്യരുണ്ട്. അവരിൽ നിന്ന് അകലം സൂക്ഷിക്കുക. ആൾക്കൂട്ടം തിക്കിത്തിരക്കികൊണ്ടിരുന്നപ്പോൾ ഹെറോദോസിന്റെയും കൂട്ടുകാരുടെയും പുളിമാവിനെ സൂക്ഷിച്ചുകൊ





ള്ളുവാൻ ക്രിസ്തു ആവശ്യപ്പെടുന്നു.

'നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്ക് ചേരാത്ത വചനങ്ങളും ശേഷം പേരുടെ അറ്റകുറ്റങ്ങളെ പറവാനും പിറുപിറുപ്പിനും ചട്ടമില്ലായെന്നും സംസാരത്തിനടുത്ത വീടല്ലായെന്നും എല്ലാവരും അറിവാൻ തക്കതിൽ വണ്ണം കാട്ടുക' കൊച്ചുവർത്തമാനങ്ങളെപ്പോലും ഗൗരവമായെടുക്കണമെന്ന് സാരം. രണ്ടുപേരുടെ സൗഹൃദഭാഷണങ്ങൾക്കിടയിൽ ഒരു പന്തമെറിയണമെന്ന് മരുഭൂമിയിലെ പിതാക്കന്മാരിലൊരാൾ പറയുന്നു. കാരണം രണ്ടുപേരുടെ കൈയിലും ഓരോ മെഴുകുതിരികൾ ഉണ്ട്. കൈവശമുള്ള ചെറിയ മെഴുകുതിരികൾ കാറ്റിൽ കെട്ടുപോകുന്നു. അവ ചേർത്തുപിടിച്ചാൽ അങ്ങനെ സംഭവിക്കുന്നില്ല. ഓരോ ഭാഷണങ്ങൾക്കു മുമ്പും ഏശയ്യാ ദൈവത്തോട് സങ്കടപ്പെട്ടതുപോലെ നമ്മൾ അശുദ്ധമായ നാവുള്ളവർ, അശുദ്ധമായ നാവുള്ളവരോടൊത്ത് വസിക്കുന്നവർ എന്ന് ഏറ്റു പറയാനാവണം, അപ്പോൾ ദേവദൂതർ ഒരു കനൽ നമ്മുടെ നാവിൽതുമ്പിൽ വച്ച് നമ്മളെ ശുദ്ധീകരിക്കും.

സ്വേദം

'ആരിൽ നിന്നും ഞങ്ങൾ അപ്പം ദാനമായി ഭക്ഷിച്ചിട്ടില്ല. ആർക്കും ഭാരമാകാതിരിക്കാൻ ഞങ്ങൾ രാപകൽ കഷ്ടപ്പെട്ട് കഠിനാധ്വാനം ചെയ്തു. ഞങ്ങൾക്ക് അവകാശമില്ലാഞ്ഞിട്ടല്ല, അനുകരണാർഹമായ ഒരു മാതൃക തരാനാണ് ഇപ്രകാരം ചെയ്തത്' (2 തെസ 3:7-9).

ഒരാൾ പിറന്ന മണ്ണ് ഒരു ഭൗമിക സാഹചര്യമെന്നതിനെക്കാൾ ഒരാത്മീയ പരിസരമായിട്ടാണ് പിന്നീട് രൂപപ്പെടുക. കുട്ടനാടെന്ന പുന്നെല്ലിന്റെയും ചേറിന്റെയും മിശ്രിതഗന്ധമുള്ള ഒരു ദേശത്തെ ചാവറപിതാവ് അവസാനത്തോളം കൂടെ കൊണ്ടുനടന്നു. അതുകൊണ്ട് തന്നെ കഠിനാധ്വാനത്തിന്റെ സുകൃതങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞേ തീരൂ. മണ്ണിൽ മനുഷ്യൻ ചൊരിയുന്ന വിയർപിനെക്കുറിച്ച് പറയുമ്പോൾ ആ വാക്കുകൾക്ക് എന്തൊരു പശിമയും ഈർപവുമാണ്. ഒരു ദൃഷ്ടാന്ത കഥ നോക്കൂ: അധ്വാനശീലനായ ഒരു മനുഷ്യനെതിരെ അസൂയാലുക്കൾ, അവൻ നിക്ഷേപം ഒളിച്ചുവച്ചിരിക്കുന്നു എന്ന് അവന്റെ പേരിൽ സർക്കാരിൽ അന്യായം കൊടുത്തു. ഇതിനാൽ അവനുള്ള ദ്രവ്യം മുഴുവന്റെയും വിവരം ബോധിപ്പിക്കണമെന്ന് രാജാവിന്റെ കൽപനയുണ്ടായി. എന്നാൽ അയാൾ സർക്കാരിൽ ചെന്ന് എന്റെ നിക്ഷേപം എന്റെ ചെറു പറമ്പാകുന്നു എന്നും അതിന്റെ മണ്ണ് എന്റെ നെറ്റിയിലെ വിയർപുകൊണ്ട് നനയ്ക്കുന്നതിനാൽ അതു പൊന്നായിപ്പോകുന്നു എന്നും പറഞ്ഞു.

കൂലിപ്പണിക്കാരന്റെ മതമാണിതെന്ന ശക്തമായ വിചാരമുണ്ടാവണം. ഒരു മരയാശാരിയും കുറെ മുക്കുവരും അവരുടെ കൈകളിലെ തഴമ്പിനെയോർത്താൽ പിന്നെ ഒരാൾക്ക് മരണത്തോളം കർമനിരതനാവുകയേ തരമുള്ളൂ. ചരിത്രത്തിൽ മറ്റൊരു ഗുരുവിനും ഇത്രയും ദീർഘമായ സ്വേദകാണ്ഡമുണ്ടാവില്ല. പന്ത്രണ്ടു വയസ്സുമുതൽ മുപ്പതുവരെ അവൻ തച്ചു പണിയിലായിരുന്നു. അതിനുശേഷമുള്ള രണ്ടരവർഷക്കാലം മരത്തെ ചിന്തേരിടുന്നതിനെക്കാൾ പ്രധാനമാണ് മനസ്സിനെ രൂപപ്പെടുത്തുക എന്നവൻ കരുതി. അങ്ങനെ അവന്റെ വാമൊഴിയും വിയർത്തു. കൂലിപ്പണിക്കാരന്റെ പോലെ ദുർമേദസില്ലാത്ത ഒരു ഭാഷയുണ്ടായി.

വേലയുടെ മഹത്ത്വം വീണ്ടെടുക്കാനുള്ള അനുശാസനവും ഇതിൽ സംഭവിക്കുന്നുണ്ട്. തന്റെ പട്ടണത്തിൽ കൈത്തഴമ്പുണ്ടോ ഇല്ലയോയെന്ന പരിശോധന വച്ച് അവർക്ക് അവിടെ വസിക്കാൻ അർഹതയുണ്ടോയെന്ന് നിശ്ചയിച്ച ഒരു പ്രഭുവിന്റെ കഥ ചാവറപിതാവ് പറയുന്നുണ്ട്. തൊഴിലിനും മീതെ എങ്ങനെയോ ഒരു ശാപത്തിന്റെ നിഴൽ വീണതായി നാം കരുതാറുണ്ട്. അത് നമ്മുടെ വേദപുസ്തക വായനയിൽ സംഭവിച്ച പാളിച്ചയാണ്. അവിശ്വസ്തതയുടെ പേരിൽ ഏദനിൽ നിന്ന് പുറത്താക്കപ്പെട്ട ആദവും ഹവ്വായും. ദൈവത്തിന് ആരെയും ശപിക്കാനാവില്ല. സ്ത്രീയോട് അവൻ പറഞ്ഞു: നീ നൊന്തുപ്രസവിക്കണം, ശാപമാണോ, അത്?

രണ്ടാംമൈൽ

'മനുഷ്യൻ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കൽപിക്കപ്പെട്ട ഒരു പ്രമാണമാകുന്നു, എന്ന് ബോധിച്ച ഒരു മനുഷ്യൻ ദിവസം തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുപോന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്ന് ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്ത് എഴുന്നേറ്റ് ആയത് കഴിച്ചതിൽപിന്നെ മാത്രമെ അത്താഴം കഴിച്ചുള്ളൂ.'

വീട് വല്ലാതെ 'ചുരുങ്ങുന്നു'വെന്നാണ്, സങ്കടപ്പെടുത്തുന്ന ഒരു വർത്തമാനസാക്ഷ്യം. അപരന്റെ സങ്കടത്തിലേക്ക് തുറന്നിട്ട മുഴുവൻ ജാലകങ്ങളും എല്ലാവരും ഒരുതരം ശാഠ്യത്തോടെ കൊട്ടിയടച്ചുകൊണ്ടിരിക്കുക



യാണ്. യേശുവിന്റെ ഭാഷയിൽ 'രണ്ടാം മൈൽ സഞ്ചരിക്കാത്ത നമ്മുടെ ജീവിതങ്ങൾ തന്റെതല്ലാത്ത ഉത്തരവാദിത്തങ്ങളെ സ്നേഹപൂർവം എടുക്കാനുള്ള ക്ഷണമാണീ രണ്ടാംമൈലിന്റെ പൊരുൾ.

രക്തബന്ധങ്ങളെപ്പോലെ ദൃഢമായ കർമബന്ധങ്ങളുടെ സാധ്യത ആരായണം. അത്തരം ചില ആകാശങ്ങളിലേക്ക് വിരൽ ചൂണ്ടിയാണല്ലോ സുവിശേഷത്തിന്റെ വികാസം. പുറത്ത് അമ്മയും സഹോദരരും കാത്തു നിൽക്കുന്നുവെന്ന് പറയുമ്പോൾ ക്രിസ്തു ഇങ്ങനെ പറഞ്ഞു: ആരാണ് എന്റെ അമ്മയും സഹോദരരും? ചുറ്റും ഇരിക്കുന്നവരെ നോക്കികൊണ്ട് അവൻ തുടർന്നു: ഇതാ എന്റെ അമ്മയും സഹോദരരും... ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മാർക്കോ 3:31-35).

സ്വാഭാവിക ബന്ധങ്ങളെ ക്രിസ്തു സ്നാനപ്പെടുത്തുകയാണ്. ഉടപ്പിറന്നവരാകാൻ ഇനിമുതൽ ഒരേ കുടുംബവൃക്ഷത്തിന്റെ ചില്ലകളിൽ തളിർക്കണമെന്നില്ല. വീട്ടുതടങ്കൽ എന്നൊരു പദം അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ ധാരാളം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. നിർഭാഗ്യവശാൽ പലരുമിപ്പോൾ വീട്ടുതടങ്കലിലാണ്. വീട് തന്നെ ഒരു തരം തടവറയാകുന്നു. കുറച്ചൊക്കെ സുരക്ഷിതത്വം ആദ്യഘട്ടത്തിൽ അനുഭവപ്പെട്ടേക്കാം. വൈകാതെ വീട് പൊള്ളയായ അകക്കാമ്പില്ലാത്ത ഒരിടമായി നിങ്ങൾക്ക് തന്നെ മനസ്സിലാകും!

അതിധാരാളിത്തവും ലുബ്ധും ഒരേപോലെ തിന്മയായി എണ്ണാൻ പറ്റണമെന്ന് ഓർമപ്പെടുത്തൽ കൂടിയുണ്ട്. ബുദ്ധകഥപോലെ കൈ മുഷ്ടി തുറന്ന് സദാ ഇരിക്കുന്നയാളും കൈമുഷ്ടി സദാ ചുരുട്ടിപ്പിടിച്ചിരിക്കുന്നയാളും ഒരേപോലെ രോഗാതുരരാണെന്ന് തോന്നുന്നു. നല്ലൊരു സ്നേഹിതനെന്ന അനുഗ്രഹത്തെയും ചാവറപിതാവ് പരാമർശിക്കുന്നുണ്ട്. അധികം സ്നേഹിതരെന്തിന്? 'ആയിരം പേരിൽ നിന്ന് സൂക്ഷിച്ച് ഒരാളെ തെരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കയില്ല'. ഭൂമി കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും അഗാധമായി പരസ്പരം സ്നേഹിച്ചവരെ പിതാവ് നമുക്ക് വേണ്ടി പരിചയപ്പെടുത്തുന്നുണ്ട്. ജോനാഥനും, ദാവീദും: ജോനാഥൻ കടന്നുപോയപ്പോൾ ദാവീദ് അയാളെ ഓർത്തു വിലപിക്കുന്ന ഭാഗം വേദപുസ്തകത്തിൽ നിന്ന് ഒന്ന് തപ്പിയെടുത്ത് വായിച്ചുനോക്കു.

നീതിക്ക് വേണ്ടി വിശക്കേണ്ടവർ

തിരുക്കുടുംബമെന്ന സങ്കൽപം നിലനിൽക്കുന്നതുപോലും നീതിയെന്ന മൂലക്കല്ലിലാണ്. വ്യക്തമായ ഒരു ധാർമിക അടിത്തറയിലാണ് പലപ്പോഴും മേൽക്കൂരയില്ലാത്ത ആ ഭവനം നിലനിന്നത്. പന്ത്രണ്ടു വർഷം അവർ നാടോടികളായിരുന്നുവെന്നോർക്കണം. ആ വീടിന്റെ പുരുഷന് വേദപുസ്തകം ചാർത്തിക്കൊടുക്കുന്ന വിശേഷണമതാണ്- 'ജോസഫ് നീതിമാനായിരുന്നു'. വേറൊന്നും പറയാനില്ല! ഒരു വീടിന് കിട്ടാവുന്ന ഏറ്റവും വലിയ അനുഗ്രഹം നീതിബോധമുള്ള ഒരു പിതൃബിംബമാണ്. സിംഹക്കുട്ടികൾ പോലും വിശന്നു കരയുന്ന ഭൂമിയിൽ, നീതിമാന്റെ മക്കൾക്ക് ഇരക്കേണ്ടിവരില്ലെന്ന ആ സങ്കീർത്തനം ഓർമിക്കുക. അത്തരമൊരു നീതിബോധത്തിന്റെ അഭാവത്തിൽ അയാൾക്ക് ചുറ്റുമുള്ളവർ അനുഭവിക്കേണ്ടിവരുന്ന സമ്മർദത്തെക്കുറിച്ചും ഭാരത്തെക്കുറിച്ചും നമുക്കെന്ത് ധാരണയുണ്ട്? സ്നേഹം ലഭിക്കാതെ നിങ്ങൾക്ക് ജീവിക്കാനാവും എന്നാൽ നീതി തരാത്ത ഒരാളോടൊപ്പമുള്ള ജീവിതം ഏതാണ്ട് അസാധ്യം തന്നെ.

പഴങ്കഥയാണ്; പട്ടാളത്തിലുള്ള മകൻ വീട്ടിലേക്ക് ഫോൺ ചെയ്യുന്നു. ഇത്തവണ അവധിക്ക് വരുമ്പോൾ എന്റെയൊപ്പം ഒരു സുഹൃത്തുമുണ്ടായിരിക്കും. നമുക്ക് അവനെക്കൂടി വീട്ടിൽ താമസിപ്പിക്കാൻ പറ്റുമോ? മനസ്സില്ലാമനസ്സോടെ അപ്പൻ സമ്മതിക്കുന്നു. അപ്പോളവൻ പതുക്കെ മറ്റു ചില കാര്യങ്ങൾ കൂടെ വെളിപ്പെടുത്തുന്നു. യുദ്ധത്തിൽ അവന് ഒരു കാൽ നഷ്ടമായെന്നും അവന്



പോകാൻ ഒരിടമില്ലെന്നും. അത്രയുമൊന്നും ഹൃദയവിശാലത പുലർത്തേണ്ട കാര്യമില്ല അപ്പന്. അയാൾ ഫോൺ ഡിസ്കണക്ട് ചെയ്തു. വൈകാതെ വീട്ടിലേക്ക് ടെലഗ്രാം വന്നു. തന്റെ മകൻ ആത്മഹത്യ ചെയ്തുവെന്ന്. ഔദ്യോഗിക ബഹുമതികളോടെ അവന്റെ ശരീരം വീട്ടിലേക്ക് കൊണ്ടുവന്നു. അതിന് മീതെയുള്ള വെളുത്ത തുണി മാറ്റിയപ്പോൾ നടുക്കത്തോടെ ആ കുടുംബം കണ്ടു. അവന് ഒറ്റക്കാലെ ഉണ്ടായിരുന്നുള്ളൂ. തന്റെ തന്നെ വിധിയെ ചങ്ങാതിയുടെ വേഷമണിയിച്ച് സ്വന്തം വീടിനുമുന്നിൽ അവതരിപ്പിക്കാൻ ശ്രമിച്ച്, തോറ്റുപോയ മകൻ.

എന്താണ് നീതി, വളരെ ലളിതമായി അതിനെ നിർവചിക്കാവുന്നതേയുള്ളൂ. അർഹതയുള്ള കാര്യങ്ങൾ ഒരാൾക്കും നിഷേധിക്കാതിരിക്കുകയെന്നതാണ് ഏറ്റവും ഋജുവായ വഴി. വയോധികരായ മാതാപിതാക്കന്മാരുടെ തണുത്ത കണ്ഠത്തിലേക്ക് ഇറ്റുവീഴ്ത്തുന്ന ചൂടുകഞ്ഞി, അവളുടെ കേൾക്കപ്പെടുകയെന്ന ആഗ്രഹത്തെ പാലിക്കുന്ന ദീർഘമായ സൗഹൃദയാമങ്ങൾ, കുഞ്ഞുങ്ങൾക്ക് കൂട്ടിരിക്കുന്ന ബന്ധുക്കൾ, വിശക്കുന്നവർക്കും പൈതൃക്കാർക്കും മേശയൊരുക്കുന്ന കരുണ, തൊടിയിലെ പച്ചയ്ക്ക് മീതെ തളിക്കുന്ന ഒരു കുമ്പിൾ ജലം - ഒന്നും നിഷേധിക്കരുത്.

അന്നന്നത്തെ അപ്പത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഒരു പശ്ചാത്തലത്തിൽ നിന്ന് വന്നതുകൊണ്ടാവണം, വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിക്കുകയോ ചെയ്യരുത്, എന്തെന്നാൽ ഇത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപമാണ് എന്ന് പിതാവ് ചേർത്തെഴുതുന്നത്.

ഇസ്രായേലിന്റെ പശ്ചാത്തലത്തിൽ ഈ തിരുവചനത്തെ (ലേവ്യർ 19:13) മനസ്സിലാക്കുമ്പോഴാണ്, അതെത്ര മനുഷ്യോന്മുഖമായ വാക്കാണെന്ന് നമുക്ക് വെളിപ്പെട്ടു കിട്ടുക. സന്ധ്യക്ക് കൂലി എന്ന അലിഖിത ശീലത്തിലാണ് അയാളുടെ ജോലി തുടങ്ങുക. അതു റപ്പാക്കാൻ അയാളുടെ ഉടമയ്ക്ക് കഴിഞ്ഞില്ലെങ്കിൽ ആ രാത്രിയിൽ ഒരു കുടുംബം അത്താഴപ്പട്ടിണിയിലായിരിക്കുക എന്നല്ലാതെ മറ്റെന്താണർഥം? മറ്റൊരു തിരുവചനഭാഗം കൂടി ഇതോടൊപ്പം ഒന്നു ചേർത്തു വായിക്കൂ (നിയ 24:14-15).

നിത്യനായ ആതിഥേയൻ

വിളമ്പിയത് ഭക്ഷിക്കുക (ലൂക്കാ 10, 8). എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസ്സിന് നിന്നെത്തന്നെ കൈയാളിക്കുക. സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ ശക്തിയില്ലാത്ത ആളാകുന്നു. ദൈവത്തെ നിത്യനായ ആതിഥേയനായിട്ടാണ് വേദപുസ്തകം പരിചയപ്പെടുത്തുന്നത്. അവനെനിക്ക് കഷ്ടതയുടെ അപ്പവും വ്യഥയുടെ ജലവും വിളമ്പിയാലും തന്റെ മുഖം ഒരിക്കലും മറച്ചുപിടിക്കില്ലയെന്ന ചിര പരിചിതമായ ആ വേദപുസ്തകസാക്ഷ്യത്തിൽ ഈ വിചാരത്തിന്റെ അനുരണനങ്ങളുണ്ട്.

വിളമ്പിയത് ഭക്ഷിക്കുകയെന്ന അനുശാസനം അത്ര ലളിതമായ ഒന്നായി കരുതരുത്. ഒരു പക്ഷെ ഇതിനേക്കാൾ കഠിനമായ അധികം കാര്യങ്ങൾ ഒന്നും ഉണ്ടാവില്ല. പഠിപ്പിച്ച ആചാര്യൻ പോലും പതറിയ ഭാഗമായിട്ടാണ് ഈ വിചാരത്തെ കരുതുന്നത്. തന്റെ മേശയിൽ വിളമ്പിയ പാനപാത്രത്തെ എടുത്തുമാറ്റാൻ രക്തം വിയർത്തു പ്രാർഥിക്കുന്ന യേശുവിനെയോർമിക്കുക. എന്നിട്ടും ആ പാനപാത്രം എടുത്തു മാറ്റപ്പെട്ടില്ല. എല്ലാ പാനപാത്രങ്ങളും കുടിക്കാനുള്ളതാണ്, ചൊരിഞ്ഞു കളയാനുള്ളതല്ല.

ഓരോരോ പ്രതിസന്ധികളിൽ നമ്മൾ പുലർത്തുന്ന സമചിത്തതയാണ് ജീവിതാരോഗ്യത്തിന്റെ ഉരകല്ല്, കാര്യമായ അത്ഭുതങ്ങളില്ലാതെ അസാധാരണ അഴകിൽ ജീവിക്കാൻ കഴിയുന്ന നമ്മുടെ സാധാരണജീവിതം! പൊലിപ്പിച്ചെടുക്കുന്ന അമിത വൈകാരികതയുടെ ഒരു വർത്തമാന ആത്മീയത കാണാതെ പോകുന്നത് സുവിശേഷത്തിന്റെ ഈ മർമമാണ്. അത്ഭുതങ്ങളെ അനുപാതങ്ങളില്ലാതെ ഘോഷിക്കുമ്പോൾ തെളിഞ്ഞോ മറഞ്ഞോ 'ഐശ്വര്യങ്ങളുടെ ദൈവത്തെയാണ് നമ്മൾ പ്രഘോഷിക്കുന്നത്. അങ്ങനെയെങ്കിൽ അവനിൽ അഴകോ, ഐശ്വര്യമോ ഉണ്ടായിരുന്നില്ല എന്ന യേശുകേന്ദ്രീകൃതമായ ഏശയ്യായുടെ മൊഴികളെ നാമെന്തു ചെയ്യും?

അല്ലെങ്കിൽ തന്നെ നിലത്തു വീണഴിയേണ്ട ഗോതമ്പുമണിയെക്കുറിച്ച് വാഴ്ത്തിയാടുന്ന സുവിശേഷത്തിൽ നിന്ന് സുരിക്ഷിതത്വമെന്ന ഒരനുഗ്രഹം തിരയാൻ നമ്മളെ പഠിപ്പിച്ചതാര്?

ജ്ഞാനത്തിന്റെ പുസ്തകം

'ഞാൻ ആ ചെറിയ ചുരുൾ ഭക്ഷിച്ചു അതെന്റെ അധരത്തിൽ മധുരിച്ചു. ഉദരത്തിൽ കയ്ച്ചു' (വെളി 10:10).

കേരളത്തിലെ മുദ്രണ പ്രേഷിതത്വത്തിന്റെ പ്രേരണയെന്ന് വിളിക്കപ്പെടേണ്ടയാ

ളാണ് ചാവറപിതാവ്. നാശമില്ലാത്തത്, അക്ഷരമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ചാവരുൾപോലും അത്തരം ഒരു വിശ്വാസത്തിലാണ് കുറിക്കപ്പെടുന്നത്. മനുഷ്യർ കടന്നുപോയിട്ടും അവർ അവശേഷിപ്പിക്കുന്ന 'കടലാസ് നിലനിൽക്കുന്നു'.

ബൗദ്ധികവും തത്ത്വശാസ്ത്രപരവുമായ ചില അടിത്തറകൾ കൂടി വീട് അർഹിക്കുന്നുണ്ട്. 'പാവവീട്' എന്ന ഇബ്സന്റെ പ്രശസ്തമായ നാടകത്തിനൊടുവിൽ ദീർഘമായ ദാമ്പത്യത്തിനൊടുവിൽ വീട്ടിൽ നിന്നറിങ്ങിപ്പോകാൻ തുടങ്ങുന്ന നോറയോട് ആ കഠിനമായ തീരുമാനത്തിന്റെ കാരണം അവളുടെ പുരുഷൻ ആരായുമ്പോൾ അവൾ പറയുന്ന കാരണങ്ങളിലൊന്നാണിത്; ഈ വീടിനകത്ത് ഗൗരവമുള്ള ഒന്നും നാം ചർച്ച ചെയ്യുന്നില്ലയെന്ന്. അത്തരം ചില സാധ്യതകൾ നിലനിർത്താനാവാതെ പോകുമ്പോൾ വീട് എത്ര പൊള്ളയായ ഇടമായി പരിണമിക്കുന്നു.

വായനയാണ് ശ്രദ്ധേയമായ പരിഹാരം. ആ വായനയിലും ചിലപ്പോൾ അപകടം പതിഞ്ഞിരിപ്പുണ്ട്. രോഗം നിയന്ത്രണാധീനമായിട്ടും അതിന്റെ വിത്തുകൾ പലയിടത്തും



കാത്തിരിക്കുന്നു, പുസ്തക അലമാരയിൽ ഉൾപ്പെടെയെന്ന് ..... പ്ലേഗ് എന്ന പ്രസിദ്ധമായ പുസ്തകത്തിൽ പറയുന്നതുപോലെ നന്മയുടെ സുഗന്ധമില്ലാത്ത പുസ്തകങ്ങൾ വീട്ടിൽ വച്ച് സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിപ്പിക്കുന്നതിന് തുല്യമാണെന്ന ജീവിത നിരീക്ഷണം ചാവറ പിതാവിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

'മക്കൾക്ക് വയ്ക്കേണ്ട നിക്ഷേപങ്ങളാണ്' പുസ്തകങ്ങളൊക്കെ എന്ന് പറയാനുള്ള പ്രകാശം ഒന്നരനൂറ്റാണ്ടിനു മുമ്പ് ഒരു സന്ന്യാസശ്രേഷ്ഠൻ പറയുമ്പോൾ ആ വാക്കുകൾക്ക് കാലാതീതമായ പ്രസക്തി ലഭിക്കുന്നു. കൂടുതൽ പുസ്തകങ്ങളെ കാണാനും പഠിക്കാനുമൊക്കെയുള്ള സന്ന്യാസജീവിതത്തിന്റെ പശ്ചാത്തലത്തിൽ നിന്നാവണം ഈ വിശ്വാസ പ്രമാണവും! പഴയകാലത്തെ ഏറ്റവും നല്ല ഗ്രന്ഥപുരകൾ ആശ്രമങ്ങളിലായിരുന്നുവെന്നോർക്കണം. ഈ പുസ്തകങ്ങളുടെ ആഡംബരം നിങ്ങൾക്ക് ഒഴിവാക്കാനാവില്ലേയെന്ന് ചോദിച്ച സന്ദർശകനോട്, ഭക്ഷിക്കുകയെന്നൊരു വാക്കാണ് വായനയ്ക്ക് വേണ്ടി വേദപുസ്തകം കരുതിവച്ചിരിക്കുന്നത്. ഏതിനകത്തുനിന്നാണോ നിങ്ങൾക്ക് ഊർജം കിട്ടുന്നത് അതിനെ വിളിക്കേണ്ട വാക്കാണ് ഭക്ഷണം. അന്തിമവിധിയിൽ ദൈവത്തോടൊപ്പം പുസ്കതങ്ങളും നമുക്ക് മീതെ തീർപ്പ് കൽപിക്കുമെന്ന ഒരു പുതിയ നിയമ സൂചനയുണ്ട്. വെളിപാട് ഇരുപതാം അധ്യായത്തിലാണത്. മരിച്ചവരെല്ലാം, വലിയവരും ചെറിയവരും സിംഹാസനങ്ങളിൽ നിൽക്കുന്നത് ഞാൻ കണ്ടു. ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു, മറ്റൊരു ഗ്രന്ഥവും തുറക്കപ്പെട്ടു. അത് ജീവന്റെ ഗ്രന്ഥമാണ്. ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന പ്രവൃത്തികൾക്ക് അനുസൃതമായി മരിച്ചവർ വിധിക്കപ്പെട്ടു (വെളി 20:12-14). ജീവന്റെ ഗ്രന്ഥം വേദപുസ്തകമെന്നു തന്നെ കരുതുക. അപ്പോൾ മറ്റു ഗ്രന്ഥങ്ങളുടെ സൂചനയെന്താണ്. വേദത്തിലെന്നപോലെ വെളിച്ചത്തെ പ്രസരിപ്പിക്കുന്ന ഉദാത്ത സൃഷ്ടികളായിരിക്കുമോ അവ. അവ പ്രകാശിപ്പിക്കാൻ ശ്രമിച്ച ആന്തരിക ലോകത്തിൽ അമ്പേ തോറ്റുപോയതുകൊണ്ടാണോ നമുക്കീ നിത്യശിക്ഷ. വാക്കിനുശേഷം വെളിച്ചമുണ്ടായെന്നാണ് ഉൽപത്തിപുസ്തകത്തിന്റെ സാക്ഷ്യം. ഏതൊരു വാക്കിനുശേഷവും അതങ്ങനെ തന്നെയാവണമെന്നാണ് എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടി നമുക്കുയർത്താവുന്ന കൂട്ടപ്രാർഥന.

നല്ലതല്ലാത്ത പുസ്തകങ്ങളെക്കുറിച്ച് ചാവറപിതാവ് ഉപയോഗിക്കുന്ന രൂപകം,

വൈക്കോലിൽ വച്ച തീയെന്നാണ്! അനന്യമായ പ്രത്യാശയിലേക്ക് വിരൽ ചൂണ്ടുകയാണ് ഏതൊരു നല്ല പുസ്തകത്തിന്റെയും ധർമം. അങ്ങനെയല്ലെങ്കിൽ യൗതോഷാംഗിന് സംഭവിച്ചതുപോലെ എപ്പോഴെങ്കിലും എഴുത്തുകാരൻ കുറ്റബോധത്തിലേക്ക് വലിച്ചെറിയപ്പെടും. ഒരു പുസ്തകശാലയിൽ നിൽക്കുമ്പോൾ അയാളുടെ സാന്നിധ്യമറിയാതെ അയാളുടെ പുസ്തകത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു പുരുഷനെയും സ്ത്രീയെയും അയാൾ ശ്രദ്ധിച്ചു. അയാളുടെ പുസ്തകം വാങ്ങണമെന്ന് ശഠിച്ച സ്ത്രീയോട് പുരുഷൻ പറഞ്ഞു. അതിൽ ജീവിക്കാനുള്ള ഒരു പ്രേരണയുമില്ല. ചെറിയൊരു മിന്നലിൽ എഴുത്തുകാരൻ കരിഞ്ഞുപോയി. വലിയൊരു തുക റോയൽറ്റിയായി കിട്ടിയത് പോക്കറ്റിലുണ്ടായിരുന്നു. പുറത്ത് കടന്ന് ഒരു പുഴയിലേക്ക് ലഭിച്ച റുബിളുകളെ പ്രതീകാത്മകമായിട്ട് ഒഴുക്കിവിട്ടു. ജീവിക്കാൻ പ്രേരണതരാത്ത ഒന്നിനും ഒരു പുസ്തകഷെൽഫിൽ ഇടമുണ്ടാകരുത്. കേരളത്തിലെ മുദ്രിത പ്രേഷിതത്വം ആരംഭിച്ചതും സജീവമായി നിലനിന്നതും ചാവറപിതാവിനോട് ബന്ധപ്പെട്ടായിരുന്നുവെന്നത് ഇത്തരം ചില വിചാരങ്ങളോട് ചേർത്ത് വായിക്കണം.

ഉപസംഹാരം

നേരത്തെ സൂചിപ്പിച്ചിട്ടുള്ള ഉപശീർഷ വിചാരങ്ങൾ കൂടാതെ കുറെയധികം പ്രായോഗിക ജീവിത ചട്ടങ്ങൾ പിതാവ് വച്ച് നീട്ടുന്നുണ്ട്. വിശദീകരണമോ, വ്യാഖ്യാനമോ ആവശ്യമില്ലാത്ത വിധത്തിൽ ഋജുവാണത്. ചിലതിലെങ്കിലും ആ കാലത്തിന്റെ മുൻവിധികളുടെ നിഴൽ വീണിട്ടുണ്ടാവണം. മക്കളുടെ വളർത്തൽ തുടങ്ങിയവയിലെ ചില ഭാഗങ്ങൾ ആ വാദത്തെ സാക്ഷ്യപ്പെടുത്തുന്നു. പൊതുവേ ചേരാത്ത രണ്ടു പദങ്ങൾ -Poet, Pragmatic- ചാവറപിതാവിൽ സമന്വയിക്കപ്പെട്ടുവെന്ന് മാത്രം കരുതിയാൽ മതി. പ്രായോഗികത ഒരപരാധമല്ല! പരുക്കൻ



യാഥാർഥ്യങ്ങളോട് നിങ്ങളെ ചേർത്തു നിർത്തുന്ന ചരടാണത്.

ഒന്നുറപ്പാണ്, താൻ വായിക്കുകയും പഠിക്കുകയും പ്രാർഥിക്കുകയും ചെയ്ത സുവിശേഷ മൂല്യങ്ങളുടെ അന്തർധാര കൃത്യമായി ഈ ചാവരുളിലുണ്ട്. അസ്സീസിയിലെ ഫ്രാൻസിസിന്റെ ടെസ്റ്റമെന്റിനെക്കുറിച്ച് പഠിച്ചവർ പറയുന്നതുപോലെ, സുവിശേഷ സൂചനകൾ അതിൽ നിന്ന് കുറച്ചാൽ പിന്നെ അവശേഷിക്കുന്നത് വെള്ളക്കടലാസ് മാത്രമായിരിക്കുമെന്നതിന് സമാനമായി സുവിശേഷ സൂചനകളും മൂല്യങ്ങളും ഒഴിവാക്കിയാൽ ചാവരുളിൽ ബാക്കിയെന്തുണ്ടാവും? വീട്ടിലേക്കുള്ള വഴി, സുവിശേഷത്തിന്റെ വഴി മാത്രമാണെന്നുള്ളതാണ് ചാവരുളിന്റെ സാരാംശം! സുവിശേഷത്തിന് മരണമില്ലാത്തതുപോലെ, സുവിശേഷസാരത്തിൽ ഈ അനുബന്ധവിചാരങ്ങളും കാലത്തെ അതിജീവിക്കും.



ചാവറയച്ചന്റെ ഇടയനാടകങ്ങൾ

കെ.വി. തോമസ്

കേരള ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും നാൾവഴിക്കണക്കുകൾ രേഖപ്പെടുത്തിയവർ പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹിക ചലനങ്ങളെ യഥാവിധി നിരീക്ഷിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ആദ്യത്തെ യാൾക്കു പറ്റിയ തെറ്റ് പിന്നീടുള്ളവരും ആവർത്തിക്കുന്നതാണു പൊതുവെ കണ്ടുവരുന്നത്. ശ്രീനാരായണഗുരുവിന്റെ കണ്ണാടി പ്രതിഷ്ഠയെപ്പറ്റി വാചാലരായവർ ഗുരു ജനിക്കുന്നതിനും രണ്ടു വർഷം മുൻപ് അന്തരിച്ച അയ്യാവൈകുണ്ഠസ്വാമികളുടെ കണ്ണാടി പ്രതിഷ്ഠയെ ശ്രദ്ധിച്ചില്ല. മഹാകവി ഉള്ളൂർ തന്റെ സാഹിത്യ ചരിത്രത്തിൽ പറഞ്ഞ ഒരു കാര്യം തെറ്റിദ്ധരിച്ച്, വാസനാവികൃതി എന്ന ആദ്യ മലയാള കഥ എഴുതിയതു വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ആണെന്നു കോമളേഴത്തു ജി. മാധവൻ എഴുതിയതു പിന്നീടു വന്നവർ മുൻപിൻ നോക്കാതെ ആവർത്തിച്ചു. (വാസ്തവത്തിൽ ആ കഥയുടെ കർത്താവ് ആരെന്ന് ഇന്നും വ്യക്തമല്ല). കല്ലൂർ ഉമ്മൻ ഫിലിപ്പോസ് 1866 ൽ എഴുതിയ 'ആൾമാറാട്ടം' ഒരു നോവലാണെന്ന് ഉള്ളൂർ തെറ്റിദ്ധരിച്ചെഴുതിയതിൽ ഭ്രമിച്ച് അതൊരു നാടകമാണെന്ന വസ്തുത പലരും ശ്രദ്ധിക്കാതെ പോയി.

നമ്മുടെ ചരിത്ര രചനയുടെ മാനദണ്ഡങ്ങൾക്കുമുണ്ട് ഇങ്ങനെ ചില തരക്കേടുകൾ. 'ഘാതകവധം' എന്ന നോവലിന് ആദ്യ മലയാളനോവൽ എന്ന പദവികിട്ടാതെ പോയത് അതൊരു തർജമ ആയതുകൊണ്ടാണ്. കോളിൻസ് മദാമ്മ കേരളീയ പശ്ചാത്തലത്തിൽ എഴുതിയ The slayer slain എന്ന നോവലിന്റെ പരിഭാഷ ആയിട്ടുകൂടി 'ഘാതകവധം' രക്ഷപ്പെട്ടില്ല. എന്നാൽ നാടക ചരിത്രമെഴുതിയപ്പോൾ ഈ മാനദണ്ഡം ഉപയോഗിച്ചില്ല. കേരളവർമ വലിയ കോയിത്തമ്പുരാന്റെ ശാകുന്തളം പരിഭാഷയ്ക്കാണ് ആദ്യ മലയാള നാടകം എന്ന ഖ്യാതി ഉണ്ടായത്. അതിനും മുമ്പെഴുതിയ ആയില്യം തിരുനാളിന്റെ ശാകുന്തള പരിഭാഷയെയോ അതിനൊക്കെ വർഷങ്ങൾക്ക് മുമ്പ് (1866) കല്ലൂർ ഉമ്മൻ ഫിലിപ്പോസ് ഷേക്സ്പിയറിന്റെ Comedy of Errors എന്ന നാടകത്തിന്റെ പരിഭാഷയായി പ്രസിദ്ധീകരിച്ച 'ആൾമാറാട്ട'മോ പരിഗണിച്ചില്ല. ചരിത്രം 'അവന്റെ' കഥയാണെന്നു പറയാറുണ്ടല്ലോ. 'അവൻ' എന്നാൽ അധികാരവും ആൾബലവും ഉള്ളവൻ.



വാസ്തവത്തിൽ കേരളീയ നവോത്ഥാനത്തിന്റെ ചരിത്രത്തിൽ വൈകുണ്ഠസ്വാമികൾ, തൈക്കാട്ട് അയ്യാവു സ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദ ഗുരുദേവൻ, ഹെർമൻ ഗുണ്ടർട്ട് എന്നിവർക്കൊപ്പം സ്മരിക്കപ്പെടേണ്ട ഒരു വ്യക്തിയാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ഉദയംപേരൂർ സൂനഹദോസിന്റെ വിധിവിലക്കുകൾക്കിടയിൽപ്പെട്ടു ശ്വാസം മുട്ടിക്കഴിഞ്ഞിരുന്ന കേരളീയ ക്രൈസ്തവ സമൂഹത്തിനു പുതിയ ആകാശവും പുതിയ ഭൂമിയും



ചാവറയച്ചൻ നാടക പരിശീലനത്തിനു മേൽനോട്ടം വഹിക്കുന്നു. വൈദികപരിശീലനത്തിൽ വിശുദ്ധഗ്രന്ഥ പഠനത്തിൽ തീയറ്റർ വഹിക്കുന്ന പങ്ക് അറിയാമായിരുന്ന ചാവറ പത്ത് ഇടയനാടകങ്ങൾ രചിക്കുകയും ക്രിസ്തുമസ് വേളകളിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഈ ലഘുനാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി.

കാണിച്ചുകൊടുത്ത ക്രാന്തദർശിയാണദ്ദേഹം. സംഗീത സാഹിത്യാദി കലകളിൽനിന്ന് അകറ്റപ്പെട്ട്, കൃഷിയും കച്ചവടവുമായി അജ്ഞതയുടെ അന്ധകാരത്തിൽക്കഴിഞ്ഞ നിരക്ഷരലക്ഷങ്ങൾക്ക് വിദ്യയുടെ വെളിച്ചം പകരുകയും സാർവത്രിക വിദ്യാഭ്യാസത്തിനു കളമൊരുക്കുകയും ചെയ്ത ചാവറയച്ചന്റെ ചെയ്തികളുടെ ആക്കവും തൂക്കവും നാം വേണ്ടത്ര വിലമതിച്ചിട്ടുണ്ടോ? അച്ചടി, പത്രപ്രവർത്തനം, വിദ്യാഭ്യാസപരിപാടികൾ, കവിത, നാടകം, സ്ത്രീ ശാക്തീകരണം തുടങ്ങി അദ്ദേഹം ആരംഭിച്ച സംരംഭങ്ങളുടെ വ്യാപ്തിയും കേരളീയ സമൂഹത്തിൽ അവ വരുത്തിയ സത്വരപരിണാമങ്ങളും ആരെയും അമ്പരപ്പിക്കുന്നതാണ്.

സഭാചരിത്രത്തിലും, ഭാഷാ ചരിത്രത്തിലും ചാവറയച്ചന്റെ അദ്വിതീയ മുദ്രകളെന്തൊക്കെയാണ്?

1. ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസ സഭയായ സി.എം.ഐ യുടെ സ്ഥാപനത്തിൽ പാലയ്ക്കൽ തോമസ് മല്പാൻ, പോരൂക്കര തോമസ് മൽപാൻ എന്നിവർക്കൊപ്പം പങ്കാളിയായി (1831).
2. സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി (1833).
3. മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും ആരംഭിച്ചു (1846).
4. ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു (1846).
5. പത്ത് ഇടയനാടകങ്ങൾ (Ecologues) രചിച്ചു (1855-56).
6. മലയാളി എഴുതിയ മലയാളത്തിലെ ആദ്യഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചു.

ഇങ്ങനെ എണ്ണമറ്റ പല പുതുമകളുടെയും പ്രാദുർഭാവം നമുക്ക് ചാവറയച്ചനിൽ ദർശിക്കാം. എങ്കിലും സാഹിത്യ ചരിത്രദൃഷ്ട്യാ പ്രാധാന്യമർഹിക്കുന്ന സംഗതി അദ്ദേഹത്തിന്റെ നാടക രചയിതാവ് എന്ന സ്ഥാനമാണ്.

അറിയപ്പെടുന്ന സാഹിത്യചരിത്രങ്ങളെയെല്ലാം ബഹുദൂരം പിന്നിലാക്കിക്കൊണ്ട്



മലയാളത്തിലെ ആദ്യ നടകങ്ങളുടെ രചയിതാവ് എന്ന സ്ഥാനം സംശയലേശമന്യേ ചാവറയച്ചൻ വഹിക്കുന്നതായി അദ്ദേഹത്തിന്റെ നാടകങ്ങളും തത്സംബന്ധമായ സാക്ഷ്യങ്ങളും സ്ഥാപിക്കുന്നു.

മലയാളത്തിലെ ആദ്യനാടകമായി (ആദ്യ നാടകപരിഭാഷയായി) അറിയപ്പെടുന്നതും 1866 ൽ കല്ലൂർ ഉമ്മൻ ഫീലിപ്പോസ് രചിച്ചതുമായ ആൾമാറാട്ടത്തിനും (1866) പത്തുകൊല്ലം മുമ്പ് ചാവറയച്ചൻ മലയാള നാടകങ്ങളെഴുതി അവതരിപ്പിച്ചിരുന്നുവെന്നു സംശയലേശമെന്യേ ഇന്നു വെളിപ്പെട്ടിരിക്കുന്നു. സെമിനാരികളിൽ ക്രിസ്തുമസ്സിനെ തുടർന്നുള്ള ദിവസങ്ങളിൽ അഭിനയിക്കാൻ വേണ്ടി ചിട്ടപ്പെടുത്തിയ ഈ നാടകങ്ങളെ എക്ലോഗുകൾ (Eclogues) എന്നാണ് ചാവറയച്ചൻ തന്നെ വിളിച്ചിരുന്നത്. ഉണ്ണിയേശുവിന്റെ ജനനം, മംഗളവാർത്ത കേട്ട് ആട്ടിടയന്മാരുടെയും രാജാക്കന്മാരുടെയും ആഗമനം, അവർക്കു നേരിടേണ്ടിവരുന്ന മാർഗവിഘ്നങ്ങൾ, ഒടുവിൽ അവർ അനുഭവിക്കുന്ന ദർശന സായുജ്യം എന്നിവയാണ് ഇവയിലെ പൊതുപ്രമേയം. ഈ ഇതിവൃത്തത്തെ പല ഉപാഖ്യാനങ്ങളായിത്തിരിച്ച് വ്യത്യസ്ത നാടകങ്ങളായായാണു രചിച്ചിരിക്കുന്നത്. ഒട്ടാകെ പത്തു നാടകങ്ങളുണ്ടീ ഗണത്തിൽ.

എന്താണ് എക്ലോഗുകൾ?

പാശ്ചാത്യ നാടകങ്ങളുടെ ജന്മഗൃഹം ഗ്രീസാണ് എന്നു നമുക്കറിയാം. ട്രാജഡികളും കോമഡികളുമാണ് പ്രസിദ്ധ ഗ്രീക്കുനാടകരൂപങ്ങൾ. മതപരമായ അനുഷ്ഠാനങ്ങളിൽ നിന്നാണ് ഇവ രൂപംകൊണ്ടത്. ഡയണീഷ്യസ് ദേവന്റെ ഉത്സവത്തിനാണ് (ഡയണീഷ്യ) ആദ്യകാലത്ത് ഇവ കെട്ടിയാടിയിരുന്നത്. കാലക്രമേണ ഇവയുടെ അനുഷ്ഠാന സ്വഭാവം നഷ്ടമാവുകയും സ്വതന്ത്രനാടക പദവിയിലേക്ക് അവ ഉയരുകയും ചെയ്തു. ഈസ്കിലസ്, സോഫോക്ലീസ്, യൂറിപിഡിസ് എന്നിവർ ട്രാജഡിയുടെയും അരിസ്റ്റോഫനീസ് 'കോമഡി'യുടെയും കുലപതികളായി അറിയപ്പെടുന്നു. ഇവർക്കുശേഷം വന്ന തിയോക്രിറ്റസ് (ബി.സി. 3-ാം നൂറ്റാണ്ട്) ആണ് എക്ലോഗുകൾ എന്ന ഹ്രസ്വനാടകരൂപത്തിന്റെ ആവിഷ്കർത്താവ് എന്നു കരുതപ്പെടുന്നു. ആടുമാടുകളുടെ സംരക്ഷണത്തിനായി എഴുതപ്പെട്ട ഈ ഹ്രസ്വനാടകങ്ങൾ ബുക്കോലിക്ക (Bucolica) എന്നാണ് ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നത് (ആടുമാടുകളുടെ സംരക്ഷണം' എന്നാണ് ബൂക്കോലിക്ക എന്ന പദത്തിനർത്ഥം). 'ട്രാജഡി' എന്ന വാക്കിന്റെ അർത്ഥം 'ആടുകളുടെ ഗാനം' എന്നായിരുന്നു എന്ന് ഓർക്കുക.





തിയോക്രിറ്റസിന്റെ എക്ലോഗുകൾ റോമൻ കവിയായ വെർജിലി (Virgil) നെ ആകർഷിച്ചു. ബി.സി. ആദ്യ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിർജിൽ ഇറ്റാലിയൻ ഭാഷയിലെഴുതിയ എക്ലോഗുകൾ ഈ നാടകശാഖയെ പുതിയ ഉയരങ്ങളിലെത്തിച്ചു. ഇടയഗാനം എന്ന പേര് അവയ്ക്ക് ഉറച്ചു. ബി.സി. 44 നും 39 നുമിടയ്ക്കുള്ള കാലത്താണ് വെർജിലിന്റെ എക്ലോഗുകൾ രചിക്കപ്പെട്ടത് എന്നു കരുതുന്നു. റോമിലെ സാമൂഹിക ചലനങ്ങൾ ഇടയന്മാരുടെ സംഭാഷണത്തിലൂടെ അവതരിപ്പിക്കുന്ന കൊച്ചു നാടകങ്ങളായിരുന്നു അവ.

റോമാ സാമ്രാജ്യത്തിന്റെ തകർച്ചയോടെ കത്തോലിക്കാ സഭ ശക്തിപ്പെട്ടപ്പോൾ നാടകാവതരണങ്ങൾക്കു വിലക്കുണ്ടായി. നാടകം ദൈവനിന്ദ വളർത്തും എന്നായിരുന്നു ധാര



ണ. കുരിശുയുദ്ധങ്ങളുടെ കാലം നാടകത്തിന്റെ അന്ധകാരയുഗമായിരുന്നു.

എന്നാൽ എ.ഡി. ഒൻപതാം നൂറ്റാണ്ടായപ്പോഴേക്കും വിശുദ്ധ കുർബാനയോടനുബന്ധിച്ച് ലഘുനാടകങ്ങൾ അവതരിപ്പിക്കുന്ന പതിവുണ്ടായി. ഈ രീതി പുതിയ രൂപഭാവങ്ങളിൽ പല നാടുകളിലും വളർന്നുവന്നു. മിറക്കിൾ നാടകങ്ങൾ, മിസ്റ്ററി നാടകങ്ങൾ എന്നൊക്കെ ഈ അവതരണരീതി അറിയപ്പെട്ടു. ഈ പാരമ്പര്യം പിൻപറ്റിയാണ് മലയാളത്തിലും പത്തൊൻപതാം നൂറ്റാണ്ടിൽ എക്ലോഗുകൾ പിറക്കുന്നത്. ഇറ്റാലിയൻ ഭാഷ വശമായിരുന്ന ചാവറയച്ചനെ പ്രചോദിപ്പിച്ചിരുന്നത് ഇറ്റാലിയൻ എക്ലോഗുകളായിരിക്കണം. വെർജിലിന്റെയും ദാന്തെയുടെയും രചനകൾ അദ്ദേഹം മാതൃകയാക്കിയിട്ടുണ്ട് എന്നു വേണം കരുതാൻ.

1855–56 കാലത്ത് തന്റെ സെമിനാരിയിലെ വൈദിക വിദ്യാർഥികൾക്ക് അവതരിപ്പിക്കാൻ വേണ്ടിയാണ് ചാവറയച്ചൻ എക്ലോഗുകൾ എഴുതിയത്. എന്നുവച്ചാൽ ഇന്ത്യൻ ഭാഷയിലെതന്നെ ആദ്യത്തെ നാടകസംരംഭമായിരുന്നു അത്. രംഗപ്രയോഗത്തെ ലക്ഷ്യമാക്കി മലയാളത്തിൽ നാടകങ്ങളുണ്ടാവാൻ പിന്നെയും പതിറ്റാണ്ടുകൾ വേണ്ടിവന്നു. മലയാളത്തിൽ ആദ്യം എഴുതപ്പെട്ട നാടകങ്ങളൊക്കെ വായിച്ചു രസിക്കാൻ വേണ്ടിയുള്ളതായിരുന്നു. മലയാളത്തിലെ നാടക സാഹിത്യത്തിന്റെ മാത്രമല്ല, രംഗവേദിയുടെയും ആരംഭം ചാവറയച്ചനിൽ നിന്നാണെന്നു ചുരുക്കം. ഭാരതീയ ഭാഷകളിൽ എഴുതപ്പെട്ട ആദ്യ നാടകമായി അറിയപ്പെടുന്നത് 1857 ൽ രാംനാരായൻ തർക്കറാത്ന എഴുതിയ 'കുലീൽ കുല സർബാസവ' ആണെന്ന് ഓർക്കണം. അതിനും ഒരു വർഷം മുൻപ് ചാവറയച്ചൻ നാടകം എഴുതുക മാത്രമല്ല അവതരിപ്പിക്കുകയും ചെയ്തു തുടങ്ങി എന്നതാണു വസ്തുത. 1960 വരെയെങ്കിലും സി.എം.ഐ. സെമിനാരികളിൽ ചാവറ നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടിരുന്നു. നടന്മാർ വേഷ വിതാനത്തിനായി പുതപ്പുകൾ ഉപയോഗിച്ചിരുന്നതുകൊണ്ട് 'പുതപ്പു നാടകങ്ങൾ' എന്നും ഇവ അറിയപ്പെട്ടിരുന്നു. ഈ അവതരണങ്ങളത്രയും സെമിനാരികളുടെ ആവൃതിക്കുള്ളിൽ ഒതുങ്ങിപ്പോയതുകൊണ്ടാവാം പുറംലോകം ഈ 'സദ്വാർത്ത' അറിയാതെ പോയത്.

ഒട്ടാകെ പത്ത് എക്ലോഗുകളാണ് ചാവറയച്ചൻ എഴുതിയിട്ടുള്ളത്. അതിൽ ആദ്യത്തെ അഞ്ചെണ്ണം ചാവറയച്ചന്റെ സ്വന്തംകൈപ്പടയിലാണുള്ളത്. പിന്നീടുള്ളവ പകർപ്പുകളാണ്. ഭാഷയിലും വലിയ അന്തരം കാണുന്നു. നാടകം അവതരിപ്പിച്ചവർ കാലോചിതമായ മാറ്റം ഭാഷയിൽ വരുത്തി തിരുത്തി എഴുതിയതുകൊണ്ടാണ് ഈ വ്യത്യാസം വന്നു ചേർന്നത്.

ആദ്യത്തെ അഞ്ചുനാടകങ്ങളുടെ ഭാഷ ഒന്നര നൂറ്റാണ്ടു പഴക്കമുള്ളതാണ്. പ്രചാരലുപ്തമായ ഒട്ടേറെ പദങ്ങൾ അവയിൽ കാണാം. ഭാഷാപരിണാമത്തിന്റെ ചരിത്രമന്വേഷിക്കുന്നവർക്കുള്ള അക്ഷയഖനിയാണീ നാടകങ്ങൾ. ഇവയിൽ *ശാസ്ത്രികളുടെ എക്ലോഗ്, അവിശ്വാസികളുടെ എക്ലോഗ്, വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതം* എന്നീ മൂന്നെണ്ണം പദ്യത്തിലാണു രചിച്ചിരിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിലെ പ്രധാന ആവിഷ്കരണോപാധി പദ്യമായിരുന്നല്ലോ. കേക, കാകളി തുടങ്ങിയ ദ്രാവിഡവൃത്തങ്ങൾ തനിക്ക് അനായാസം വഴങ്ങുമെന്ന് ചാവറയച്ചൻ തെളിയിച്ചിരുന്നു. ഇടയ്ക്കിടെ 'ബൈബിൾ വാക്യങ്ങൾ' സംസ്കൃതത്തിൽ രചിച്ചിരിക്കുന്നതും കാണാം. ഒരു സംസ്കൃത പണ്ഡിതൻ കൂടിയായിരുന്നല്ലോ അദ്ദേഹം. മറ്റു നാടകങ്ങളിലെ ഗദ്യമാകട്ടെ പദ്യത്തോടു വളരെ അടുത്തു നിൽക്കുന്നതും.

മേൽ സൂചിപ്പിച്ചവയിൽ 'വിശ്വാസവും ശരണവും ഉപവിയും തമ്മിലുള്ള സുഭാഷിതം' എന്ന രചന മറ്റുള്ളവയിൽ നിന്നു വ്യത്യസ്തമാണ്. ആട്ടിടയന്മാരും ഉണ്ണിയേശുവുമൊക്കെയാണു മറ്റു നാടകങ്ങളിലെ കഥാപാത്രങ്ങളെങ്കിൽ ഈ നാടകത്തിൽ അമൂർത്താശയങ്ങളെ കഥാപാത്രങ്ങളാക്കി അവതരിപ്പിച്ചിരിക്കയാണ്.

ഏതാനും പരിഭാഷകളിലാണല്ലോ നാളിതുവരെ മലയാള നാടകത്തിന്റെ ആരംഭചരിത്രം നാം അടയാളപ്പെടുത്തിയിരുന്നത്. എന്നാൽ സ്വതന്ത്രരചനകളിൽ നിന്നു തന്നെ നമ്മുടെ നാടകചരിത്രം എഴുതിത്തുടങ്ങാമെന്നു ചാവറയച്ചന്റെ നാടകങ്ങൾ നമ്മെ ധൈര്യപ്പെടുത്തുന്നു. കേരളീയമായ രംഗവേദിയുടെ തുടക്കക്കാരനെന്ന ഖ്യാതിയും അദ്ദേഹത്തിനുമാത്രം അവകാശപ്പെട്ടതാണ്.


മാന്നാനം നാളാഗമങ്ങൾ-
ചെറിയ ചുവടുകളിലൂടെ വലിയ ദൂരം

എം. ഗോപിനാഥ്

കാലത്തിന്റെ കുത്തൊഴുക്കിൽ ഓർമകൾ ഒലിച്ചുപോകുക സ്വാഭാവികം മാത്രം. മനുഷ്യന്റെ ദുർബലമായ ഓർമശക്തിക്കു പരിഹാരം ചെയ്യലാണ് ഡയറിക്കുറിപ്പുകൾ. 'നിസാരമെന്നു തോന്നുന്ന കാര്യങ്ങൾ പോലും എഴുതിസൂക്ഷിച്ചാൽ കുറേക്കാലത്തിനുശേഷം അവ വായിക്കുമ്പോൾ നിങ്ങൾക്ക് ഏറെ സന്തോഷം ഉണ്ടാകും' എന്ന് 1867 ഏപ്രിൽ 29 ന് എഴുതിയ കത്തിൽ ചാവറയച്ചൻ കുനമ്മാവ് മഠത്തിലെ കന്യാസ്ത്രീകളെ ഉദ്ബോധിപ്പിക്കുന്നു. വ്യക്തിജീവിതത്തിന്റെ ഇടുങ്ങിയ മതിൽക്കെട്ടു കടന്ന് സമൂഹത്തിനു നേരെ പിടിച്ച കണ്ണാടിയായി വർത്തിക്കാൻ അപൂർവം ചില ഡയറിക്കുറിപ്പുകൾക്കേ കഴിഞ്ഞിട്ടുള്ളൂ. ഡയറിക്കുറിപ്പുകൾ സമൂഹോന്മുഖമാകുമ്പോൾ അവ നാളാഗമങ്ങളായി-ചരിത്രരേഖകളായി-മാറുന്നു.

കേരളചരിത്രത്തിൽ സങ്കലനങ്ങളുടെ





നൂറ്റാണ്ടായിരുന്ന പത്തൊൻപതാം നൂറ്റാണ്ടിലേക്കു വെളിച്ചം വീശുന്ന വിളക്കുമരമാണ് ചാവറയച്ചനെഴുതിയ നാളാഗമങ്ങൾ. അയൽക്കാരന് എന്തെങ്കിലുമൊരു നന്മ ചെയ്യാത്ത ദിവസം ഒരുവന്റെ ജീവന്റെ പുസ്തകത്തിൽ ഇടം പിടിക്കില്ല എന്ന് 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ലേഖനത്തിൽ ചാവറയച്ചൻ പറയുന്നു. ഈ ആദർശവാക്യത്തിനൊത്തതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം എന്നതിനു തെളിവാണ് അദ്ദേഹം കുറിച്ചുവച്ചിരുന്ന നാളാഗമങ്ങൾ. മറ്റുള്ളവർക്ക് ഉപകാരം ചെയ്യാത്ത ഒരു ദിനം പോലും അദ്ദേഹത്തിന്റെ വൈദികജീവിതത്തിലുടനീളം ഉണ്ടായിട്ടില്ല.

നാളാഗമങ്ങളുടെ ഒരു സമഗ്രപഠനമല്ല ഇത്. സാർവലൗകികവും മതാതീതവുമായ പ്രസക്തിയുള്ള ചില നിത്യഹരിതധാരകളെ ഇഴ ചേർക്കാനും അത്രയധികം ശ്രദ്ധിക്കപ്പെടാതെ പോയതും എന്നാൽ വലിയ സമകാലികപ്രസക്തിയുള്ളതുമായ ചില കാര്യങ്ങളെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള എളിയ ശ്രമമാണിത്.

മുൻമാതൃകകൾ

ഇസ്രയേൽ എന്ന രാഷ്ട്രത്തിന്റെ ചരിത്രം അനാവരണം ചെയ്യുന്നതാണ് ബൈബിളിലെ പഴയനിയമത്തിലെ രാജാക്കന്മാരുടെ പുസ്തകം. മധ്യയുഗ യൂറോപ്പിലെ ക്രൈസ്തവ സഭയും രാഷ്ട്രങ്ങളും പ്രചാരണവേല വലിയ ആയുധമായി ഉപയോഗിച്ചിരുന്നു. അതിന് അവർ നാൾവഴിയെഴുത്തുകാരെയും ചരിത്രകാരന്മാരെയും ഉപയോഗപ്പെടുത്തിയിരുന്നു. ഇക്കാലത്തെ എഴുത്തുകാരിലേറെയും സന്ന്യാസാശ്രമങ്ങളിൽ നിന്നായിരുന്നു; ആശ്രമങ്ങളിൽ അവർക്ക് എഴുത്തുകലയിൽ സവിശേഷ പരിശീലനം നൽകുകയും അവരുടെ കൃതികൾ പണ്ഡിതോചിതമായി ഗണിക്കുകയും ചെയ്തുപോന്നു. ക്രമേണ നാൾവഴികൾ സാഹിത്യോന്മുഖവും വിവരണാത്മകവുമായി തുടങ്ങി. കലാചാതുരിയാർന്ന ദൈവാലയങ്ങളുടെയും മറ്റും ഹൃദ



യാവർജകമായ വർണനകൾ പല രചനകളിലും കാണാം. ഒസ്തിയായിലെ ലിയോയുടെ ക്രോണിക്കിൾ ഓഫ് മൊണ്ടെ കാസിനോയിൽ സെന്റ് ബെനഡിക്ട് ബസ്സിക്കയുടെ അൾത്താരകൾ എത്ര അവധാനതയോടും സമർപണത്തോടുംകൂടെയാണ് നിർമിച്ചത് എന്നുള്ള വർണന ഒരു മികച്ച ഉദാഹരണമാണ്.

മധ്യകാല യൂറോപ്യൻ നാൾവഴികൾ ചാവറയച്ചൻ പരിചയിച്ചിട്ടുണ്ടാകാൻ വളരെ സാധ്യതയുണ്ട്. മാന്നാനം ദൈവാലയത്തിന്റെയും ആശ്രമത്തിന്റെയും കൂനമ്മാവിലെ സന്ന്യാസിനിമഠത്തിന്റെയും നിർമാണഘട്ടങ്ങൾ ചാവറയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതിൽ ഇതിന്റെ സ്വാധീനം ഉണ്ടായിരിക്കാം.

കേരളത്തിന്റെ ചരിത്രവും തനതുസംസ്കാരവും സംബന്ധിച്ച് ആഴമായ അറിവും ഉൾക്കാഴ്ചകളും ഉണ്ടാക്കിയെടുക്കാൻ ബദ്ധശ്രദ്ധനായിരുന്നു ചാവറയച്ചൻ. ഐതിഹ്യങ്ങളും കെട്ടുകഥകളും യാഥാർഥ്യങ്ങളും ഇടകലർന്നുകിടക്കുന്ന 'കേരളോത്പത്തി' എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ വായനാശേഖരത്തിലുണ്ടായിരുന്നിരിക്കണം. മലയാളഭാഷയുടെ പിതാവായി പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന തുഞ്ചത്തെഴുത്തച്ഛനാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവെന്നാണ് ഒരു നിഗമനം. ഏതായാലും സമാനതകളില്ലാത്ത ഈ ഗ്രന്ഥം പരാമർശിക്കാതെ കേരളചരിത്രപഠനം പൂർണമാകുകയില്ല.

രാജകുടുംബങ്ങളോ മറ്റു സമ്പന്ന കുടുംബങ്ങളോ മുൻകൈയെടുത്ത് എഴുതിച്ചിരുന്ന 'ഗ്രന്ഥവരികൾ' ആണ് കേരളചരിത്രത്തിലേക്ക് വെളിച്ചംവീശുന്ന മറ്റു പ്രധാന രേഖകൾ. അധികാരികൾ പ്രതിഫലം കൊടുത്തു നിയോഗിച്ചിരുന്ന സ്തുതിപാഠകരായിരുന്നു മിക്കവാറും ഇവയുടെ കർത്താക്കൾ എന്നതുകൊണ്ടുതന്നെ അവയിൽ പെരുപ്പിക്കലും പൊലിപ്പിക്കലും ഒക്കെ ഉണ്ട്.

യൂറോപ്യൻ നാൾവഴികളും കേരളോത്പത്തിയും ഗ്രന്ഥവരികളും ഒക്കെ വായിച്ചറിഞ്ഞ ചാവറയച്ചന്റെ മനസ്സിൽ നാളാഗമങ്ങൾ സംബന്ധിച്ച് ചില കാഴ്ചപ്പാടുകളും നിലപാടുകളും രൂപം കൊണ്ടിട്ടുണ്ടാകണം. തീയതി തെറ്റാതെ സംഭവങ്ങളെ അക്കമിട്ടു നിരത്തിയാൽ യഥാർഥ നാളാഗമം ആകില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. ഭാഷാപരമായ ഏകതാനത വേണം, സത്യസന്ധത വേണം, വിവരിക്കപ്പെടുന്ന ഓരോരോ സംഭവവും തമ്മിൽ യുക്തിഭദ്രമായ ബന്ധം വേണം, ഓരോന്നും വിവരിക്കുന്നതിന് ഒരു ഉദ്ദേശ്യവും വരുംതലമുറയ്ക്ക് ഉപയോഗപ്രദമാകുന്ന സന്ദേശവും വേണം, ഇങ്ങനെ സമഗ്രതയുള്ളതാകണം നാളാഗമങ്ങൾ എന്ന് അദ്ദേഹത്തിലെ ധിഷണാശാലി മനസ്സിലാക്കി.

ആഴമേറിയ അർഥതലങ്ങളുള്ള, എഴുതുന്നയാളുടെയും സമകാലിക സമൂഹത്തിന്റെയും മനസ്സിനെ പ്രതിഫലിപ്പിക്കുന്ന, ആത്മപരിശോധനയും സ്വയംവിമർശനവും ഉൾച്ചേർന്ന, ഉന്നതമായ ധാർമികബോധത്തോടെ സഭാനിലപാടുകൾ സ്പഷ്ടമാക്കുന്ന ഇതളുകളാകണം ആ താളുകളെന്ന് അദ്ദേഹത്തിനു നിഷ്കർഷയുണ്ടായിരുന്നു. ആ നിലപാടുതറയിൽ നിന്നുകൊണ്ടാണ് അദ്ദേഹം കർമനിരതവും സംഭവബഹുലവുമായ നാല്പതു വർഷത്തെ (1829–1870) ജീവിതത്തെ അടയാളപ്പെടുത്തുന്നത്. ആഗോളകത്തോലിക്കാസഭയുടെ ക്രൈസ്തവമൂല്യങ്ങളും കേരളത്തിന്റെ തനതുസംസ്കാരവും പരസ്പരം സമന്വയിച്ച വർഷങ്ങളായിരുന്നു അവ. മാന്നാനത്തെ സി.എം.ഐ. ആശ്രമത്തിൽ രണ്ടു വാല്യങ്ങളിലായി 'മാന്നാനം നാളാഗമങ്ങൾ' സംരക്ഷിച്ചിരിക്കുന്നു.

നാളാഗമക്കുറിപ്പുകളിൽ സ്വയം മഹത്ത്വീകരിക്കാൻ അദ്ദേഹം തെല്ലും ശ്രമിച്ചില്ല; അതു പ്രസിദ്ധീകരിക്കണമെന്ന ഉദ്ദേശ്യവും അദ്ദേഹത്തിനില്ലായിരുന്നു. ആത്മപരിശോധനയ്ക്കുള്ള ഉപകരണവും തെറ്റുകൾ തിരുത്തി മുന്നോട്ടു പോകാനുള്ള ദിശാസൂചിയും ആയാണ് അദ്ദേഹം അതിനെ കണ്ടത്.

നാളാഗമങ്ങളിലെ കുറിപ്പുകളെ നാലു വിഭാഗങ്ങളായി തിരിക്കാം.

1. സി.എം.ഐ., സി.എം.സി. സന്ന്യാസസഭകളുടെ സ്ഥാപനവും വളർച്ചയും
2. പ്രൊപ്പഗാന്ത മിഷനറിമാരും പാദ്രുവാദോ സംഘവും
3. കേരളസഭയെ പിടിച്ചുലച്ച സംഭവവികാസങ്ങളും അതിലുൾപ്പെട്ട പ്രമുഖരും
4. പാലയ്ക്കൽ തോമാ മൽപാന്റെ ജീവചരിത്രം

(ചാവറയിലെ കുഞ്ഞുകുര്യാക്കോസിനെ സെമിനാരിയിലേക്കു കൂട്ടിക്കൊണ്ടുപോയതും അദ്ദേഹത്തിന്റെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ ഗുരുവും പിതാവുമായി നിന്നു വളർത്തിക്കൊണ്ടുവന്നതും സി.എം.ഐ. സന്ന്യാസസമൂഹ രൂപീകരണത്തിനു നടുനായകത്വം വഹിച്ചതും പാലയ്ക്കലച്ചനായിരുന്നു).

സുപ്രധാന ചിന്താസരണികൾ

നിരവധി ചിന്താസരണികളുടെ സംഗമസ്ഥാനമാണ് മാന്നാനം നാളാഗമങ്ങൾ. അവ





യെല്ലാം അവലോകനം ചെയ്യുക സുസാധ്യവുമല്ല. രണ്ടു സുപ്രധാന പ്രേരകശക്തികളെയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

1. പശ്ചാത്താപവും തെറ്റു തിരുത്തി മുന്നോട്ടുള്ള പ്രയാണവും
2. സമ്പൂർണമായ കീഴടങ്ങൽ

പശ്ചാത്താപം, സ്വയംതിരുത്തൽ

മനസ്സിന്റെയും മനോഭാവത്തിന്റെയും പരിവർത്തനമാണ് പശ്ചാത്താപം. സ്വയംവിമർശനത്തിലൂടെ തെറ്റുകൾ തിരുത്തി മുന്നോട്ടു പോകാനുള്ള മനോഭാവം. ജീവിതത്തിന്റെ ദിശ തന്നെ മാറ്റിമറിക്കുന്ന ഒരു സ്വയംപരിഷ്കരണം. ദുഃഖിച്ചിരിക്കുന്ന ഒരു നിഷ്ക്രിയാവസ്ഥയല്ല, വന്നുപോയ പിഴവിനു പരിഹാരം ചെയ്തു കൂടുതൽ കരുത്തോടും വേഗത്തോടും കൂടെ മുന്നോട്ടു പോകുന്ന സക്രിയ ഊർജമാണ് യഥാർഥ പശ്ചാത്താപം.

ആത്മീയകാര്യങ്ങളിലെ സുതാര്യതയും അറിവുവിതരണത്തിൽ സർവർക്കും പങ്കാളിത്തവും ചാവറയച്ചന് ഏറെ നിർബന്ധമുണ്ടായിരുന്ന കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ അക്കാലത്തെ അറിവുനിയന്ത്രണ സംവിധാനങ്ങളിൽ അദ്ദേഹത്തിന് അതൃപ്തിയും പശ്ചാത്താപവുമുണ്ടായിരുന്നു. അധികാരകേന്ദ്രങ്ങളോട് അടുത്തുനിൽക്കുന്ന ഏതാനും പേർക്കു മാത്രമായിരുന്നു കാര്യങ്ങളുടെ ഗതിവിഗതികൾ സംബന്ധിച്ച് എന്തെങ്കിലും വിവരം കിട്ടുക. ബാക്കിയുള്ള മഹാഭൂരിപക്ഷം പേരും അറിവുസമ്പാദിക്കാൻ മാർഗമില്ലാത്ത നിരക്ഷരരായിരുന്നു. ഈ മഹാപരാധം തിരുത്താനുള്ള ഉത്തരവാദിത്തം ചാവറയച്ചൻ സ്വയം ചുമലിലേറ്റി. വിദ്യാഭ്യാസം സർവർക്കും പ്രാപ്യമാക്കിക്കൊണ്ടുള്ള മഹത്തായ ഒരു സാക്ഷരതായജ്ഞം, അറിവുസമ്പാദനത്തിന്റെയും വിതരണത്തിന്റെയും തുടർച്ച ഉറപ്പാക്കാനായി ഒരു അച്ചടിശാല എന്നിവ ഈ പ്രതിബദ്ധതയുടെ പരിണതഫലങ്ങളായിരുന്നു.

ജനസംഖ്യയിൽ മഹാഭൂരിപക്ഷത്തെയും അധഃകൃതരെന്നു മുദ്രകുത്തി വിദ്യയിൽ നിന്ന് അകറ്റിനിർത്തിയതായിരുന്നു ചാവറയച്ചൻ തിരുത്താനുറപ്പിച്ച മറ്റൊരു ചരിത്രാപരാധം. എല്ലാ പള്ളിയോടും ചേർന്നു പള്ളിക്കൂടം, അവിടെ ക്രൈസ്തവരല്ലാത്തവർക്കും പ്രവേശനം, പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി പുസ്തകവും വസ്ത്രവും സൗജന്യ ഉച്ചഭക്ഷണവും എന്നിങ്ങനെ തെറ്റുതിരുത്തലും പ്രായശ്ചിത്തവുമായി സംഭവബഹുലമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഇടവകാംഗങ്ങൾ ഇല്ലായ്മക്കിടയിൽ നിന്നു സമാഹരിക്കുന്ന സംഭാവനകൾ കൊണ്ടായിരുന്നു പാവപ്പെട്ടവരെ സഹായിച്ചിരുന്നത്. വിധേയത്വത്തോടും വിശ്വാസത്തോടും അനുസരണയോടുംകൂടെ അതു ചെയ്യാൻ ആളുകളെ പ്രേരിപ്പിക്കുന്ന ഒരു മാസ്മരികശക്തി അച്ചനുണ്ടായിരുന്നു. അങ്ങനെ മുഴുവൻ ജനങ്ങളെയും അദ്ദേഹം തന്റെ തിരുത്തൽ പ്രക്രിയയിൽ പങ്കാളികളാക്കി.

സ്ത്രീസന്ന്യാസവും അതുവഴി സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് 1860 ൽ പുത്തൻപള്ളിയിൽ ഒരു കന്യാസ്ത്രീമഠം പണിയാൻ ഒരുങ്ങിയതാണ് ചാവറയച്ചൻ. എന്നാൽ റോക്കോസ് ശീശ്മയുടെ പശ്ചാത്തലത്തിൽ അതു വൈദികസെമിനാരിയായി മാറ്റേണ്ടിവന്നു. മഠം എന്ന പദ്ധതി നീട്ടിവയ്ക്കേണ്ടിവന്നു. ഇതിലുള്ള പശ്ചാത്താപവും അതിനുള്ള പ്രായശ്ചിത്തവും ക്രിയാത്മകമായപ്പോൾ കൂനമ്മാവിലെ മഠം പിറന്നു.

ദൈവവുമായുള്ള സംവാദത്തിനുള്ള ഉപകരണം കൂടിയായിരുന്നു ചാവറയച്ചന് നാളാഗമങ്ങൾ, പ്രാർഥനയും കുമ്പസാരവുമെന്നപോലെ. തെറ്റുപറ്റുക മാനുഷികമാണ്; ക്ഷമിക്കുക എന്നത് ദൈവികവും എന്ന ആപ്തവാക്യം ജീവിച്ചുകാട്ടുംപോലെയായിരുന്നു ആ ജീവിതം. സഭയ്ക്കുള്ളിൽ ആഴമേറിയ മുറിവുകളും അരക്ഷിതാവസ്ഥയും സൃ



ഷ്ടിച്ച റോക്കോസ് ശീശ്മയുടെ സ്രഷ്ടാവ് ബിഷപ് തോമസ് റോക്കോസിന് മാർപാപ്പയുടെ കൽപന പ്രകാരം കേരളം വിട്ടു മടങ്ങേണ്ടിവന്നപ്പോൾ അപമാനഭാരമേൽക്കാതെ മടങ്ങിപ്പോകാൻ വഴിയൊരുക്കിയതു മാത്രം മതി ചാവറയച്ചന്റെ ക്ഷമയുടെയും പ്രതിപക്ഷ ബഹുമാനത്തിന്റെയും ആഴം മനസ്സിലാക്കാൻ.

സന്ന്യാസാശ്രമത്തിന്റെ പേരിൽ മറ്റു മതങ്ങളിലെ വിശ്വാസികൾക്ക് അസ്വസ്ഥതയുണ്ടാകുന്ന ഒന്നും ചെയ്യരുതെന്ന നിഷ്ഠയും ചാവറയച്ചനുണ്ടായിരുന്നു. അക്കാരണത്താൽ പുല്ലരിക്കുന്നിൽ നിന്ന് മാന്നാനം കുന്നിലേക്ക് ആശ്രമം മാറ്റുന്നതും നാളാഗമങ്ങളിൽ കാണുന്നു.

കീഴടങ്ങൽ

നിഷേധാത്മകമെന്നോ നിഷ്ക്രിയമെന്നോ തോന്നാവുന്ന ഒരു പദമാണ് കീഴടങ്ങൽ. എന്നാൽ ഏതൊരു വ്യക്തിയുടെയും മാനസ്സികവും വൈകാരികവുമായ വളർച്ചയിൽ വലിയ പങ്കു വഹിക്കുന്ന ഒരു മനോഭാവമാണ് ദൈവത്തിന്റെ തീരുമാനങ്ങൾക്കു കീഴടങ്ങുക എന്നത്. മാറ്റാൻ പറ്റാത്തവയെ സ്വീകരിക്കാനുള്ള ഹൃദയശാന്തതയും മാറ്റാൻ കഴിയുന്നവയെ മാറ്റാനുള്ള ധൈര്യവും ഇവ തമ്മിൽ വേർതിരിച്ചറിയാനുള്ള വിവേകവും നൽകണേ ദൈവമേ എന്ന പ്രാർഥനയെ ഈ മനോഭാവത്തിന്റെ കാതലായി കാണാം.

പരിവർത്തനത്വരയും അപാരമായ കർമോത്സുകതയും നിറഞ്ഞ ജീവിതമായിരുന്നു ചാവറയച്ചന്റേത്. ഒരുപാട് കാര്യങ്ങളെ മാറ്റിമറിച്ച ജീവിതം. അതേസമയം മാറ്റാൻ പറ്റാത്ത കാര്യങ്ങളെ പിറുപിറുപ്പു കൂടാതെ സ്വീകരിക്കാൻ കഴിഞ്ഞു എന്നതും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മഹാസന്ദേശമാണ്. കുടുംബാംഗങ്ങളെ ഒന്നാകെ മഹാവ്യാധി കവർന്നപ്പോൾ ദൈവത്തോടു മറുതലിച്ച് സെമിനാരി വിട്ടിറങ്ങാനല്ല അവിടത്തോട് ഒന്നുകൂടി ചേർന്നുനിൽക്കാനാണ് അദ്ദേഹം തിരുമാനിച്ചത്.

കേരളസഭയുടെ സാംസ്കാരികത്തനിമ നിലനിർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഉത്തമബോധ്യങ്ങളുണ്ടായിരുന്നിട്ടും മാർപാപ്പയുടെയും അദ്ദേഹത്തിന്റെ പ്രതിനിധിയായ ആർച്ച്ബിഷപ്പിന്റെയും തീരുമാനങ്ങൾ ദൈവതിരുമാനങ്ങളായി കണ്ട് നടപ്പാക്കാൻ ചാവറയച്ചൻ മുന്നിട്ടുനിന്നു. അതിന്റെ പേരിൽ സഭയിൽ അന്തഃഛിദ്രങ്ങളുണ്ടായപ്പോഴും മറുപക്ഷം ശക്തി പ്രാപിച്ചപ്പോഴും പ്രതിഫലമായി അവർ മെത്രാൻ സ്ഥാനം വച്ചുനീട്ടിയപ്പോഴുമൊന്നും ആ മനസ്സ് ചഞ്ചലമായില്ല. ദൈവതിരുമനസ്സിനു കീഴടങ്ങി, നമുക്കു നല്ലതെന്തോ അതു യഥാകാലം ദൈവം തരും എന്നു വിശ്വസിച്ച് സഭയെ ഉറപ്പിച്ചു നിർത്താനാണ് അദ്ദേഹം പരിശ്രമിച്ചത്.

അക്ഷരസ്നേഹി

നാലു പതിറ്റാണ്ടോളം ഇടമുറിയാത്ത ഡയറിക്കുറിപ്പുകൾ. അത്ഭുതാവഹമാണ് അത്. ആത്മവിമർശനവും സാമൂഹ്യവിമർശനവും ചരിത്രാലേഖനവുമെല്ലാം അതിൽ ഉൾച്ചേർന്നിരിക്കുന്നു. ആധുനികകേരളത്തിന്റെ ശില്പികളിലൊരാൾ എന്നു ചാവറയച്ചനെ നിസ്സംശയം വിളിക്കാനാവശ്യമായ തെളിവുകൾ നാളാഗമങ്ങളിൽ ഒളിഞ്ഞിരിക്കുന്നു. ആന്തരികജീർണതയും സൈനിക-സാംസ്കാരികാധിനിവേശഭീഷണികളും നിറഞ്ഞ ഒരന്തരീക്ഷത്തിൽ കേരളത്തെ സഹിഷ്ണുതയും സഹജീവിസ്നേഹവും നിറഞ്ഞ ഭൂമിയായി മാറ്റിയെടുക്കുന്നതിൽ അതുല്യമായ പങ്കാണ് ചാവറയച്ചൻ വഹിച്ചത്.

ആധുനികമലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രാരംഭദശയുമായിരുന്നു അത്. ഭാഷയ്ക്കും സാഹിത്യത്തിനും ചരിത്രാലേഖനത്തിനും പുതിയ ദിശാബോധം നൽകിയതിലും ചാവറയച്ചനു നിസ്തുലമായ പങ്കുണ്ട്. നാലു പതിറ്റാണ്ടുകാലത്തെ നിഷ്പക്ഷമായ സാമൂഹികവീക്ഷണം നൽകുന്ന കൃതി എന്ന നിലയിൽ മാന്നാനം നാളാഗമങ്ങൾക്കു വലിയ പ്രസക്തിയുണ്ട്.

ചാവറയച്ചന്റെ കത്തുകൾ

എം. ഗോപിനാഥ്



ദീർഘദർശികളായ ശ്രേഷ്ഠപുരുഷർ മാർഗദർശനത്തിനുള്ള ഉപകരണമായി കത്തുകളെ ഉപയോഗിക്കുന്നത് നൂറ്റാണ്ടുകൾ പഴക്കമുള്ള ശീലമാണ്. ക്രിസ്തുവിനും മുൻപ് ഗ്രീക്ക് റോമൻ സംസ്കാരങ്ങളുടെ സുവർണ കാലം മുതലെങ്കിലും ഇതിനുള്ള ഉദാഹരണങ്ങൾ കാണാൻ കഴിയും. ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടിൽ ആദിമ ക്രൈസ്തവസഭകൾക്ക് വിശുദ്ധ പൗലോസ് എഴുതിയ കത്തുകൾ ബൈബിളിന്റെ തന്നെ അവിഭാജ്യഭാഗമായി മാറി. ക്രൈസ്തവമൂല്യങ്ങൾ ഊട്ടിയുറപ്പിച്ച് ആദിമസഭകളെ ഏകോപിപ്പിച്ച് വളർത്തുന്നതിൽ വിശുദ്ധ പൗലോസിന്റെ കത്തുകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യപുരോഗതിയിലും ഇവിടുത്തെ കത്തോലിക്കാസഭയുടെ സുസംഘടിതമായ വളർച്ചയിലും ചാവറയച്ചന്റെ കത്തുകളും നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്.

ചാവറയച്ചന്റെ കത്തുകൾ എന്ന പേരിൽ പുസ്തകരൂപത്തിൽ അവ പ്രസിദ്ധീകരിക്കുക വഴി ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ് കേരള ചരിത്രത്തിനു തന്നെ വലിയ സേവനമാണ് ചെയ്തിരിക്കുന്നത്. അക്ഷരവിസ്മയങ്ങൾ കൊണ്ട് സാമൂഹ്യവിപ്ലവം തീർത്ത ഒരു മഹാരമാവിന്റെ സ്മരണയെ ചരിത്രഗ്രഹണങ്ങളിൽ നിന്നു പരിരക്ഷിക്കേണ്ടത് ഒരു സമൂഹത്തിന്റെ കടമതന്നെയാണ്. ചാവറയച്ചൻ എന്ന മിസ്റ്റിക്കിനെയും സാമൂഹ്യപരിഷ്കർത്താവിനെയും കുറിച്ച് കൂടുതൽ ജിജ്ഞാസ വളർത്തുന്നതാണ് അദ്ദേഹത്തിന്റെ കത്തുകൾ.

ചാവറയച്ചൻ ഏതാണ്ട് രണ്ടര ദശാബ്ദക്കാലം കൊണ്ട് 86 കത്തുകൾ എഴുതിയിട്ടുണ്ട്. കടലാസും മഷിയും അസുലഭ വ



സ്തുക്കളായിരുന്ന, കത്തെഴുത്ത് ചെലവേറിയ ഏർപ്പാടായിരുന്ന കാലം. കത്തെഴുത്ത് ഒരു അപൂർവ കലയായിരുന്നു; കത്തു കിട്ടുന്നത് അപൂർവചാരുതയുള്ള ഒരു അനുഭവവും. കടലാസിന്റെ ഗന്ധംപോലും ആത്മഹർഷമാണ് കത്തു കിട്ടുന്നവർക്കു സമ്മാനിച്ചിരുന്നത്. വ്യക്തിപരമായിരുന്നാലും ഔദ്യോഗികമായിരുന്നാലും കത്തുകൾ വലിയ ചലനമുണ്ടാക്കുന്ന ഒന്നായിരുന്നു. ഒന്നുകിൽ ഊഷ്മളതയും ആനന്ദവും, അല്ലെങ്കിൽ ഭയവും വിധേയത്വവും. ഏതായാലും വെറുതെ അവഗണിക്കാവുന്ന ഒന്നായി കത്തുകളെ കാണാൻ അന്നത്തെ കാലത്തു കഴിയുമായിരുന്നില്ല. ആധുനിക തപാൽസംവിധാനങ്ങളൊന്നുമില്ല. കത്തു ലക്ഷ്യസ്ഥാനത്തെത്താൻ ഏറെ സമയം വേണമായിരുന്നു. കടൽ കടന്നുള്ള കത്തുകളാണെങ്കിൽ അത്യപൂർവവും. ഇങ്ങനെയൊരു കാലത്താണ് ചാവറയച്ചൻ വ്യക്തിബന്ധങ്ങൾ ഊട്ടിവളർത്താനും ഭരണച്ചുമതലകൾ നിർവഹിക്കാനും സുതാര്യത ഉറപ്പാക്കാനുമുള്ള ഉപകരണമായി കത്തുകളെ ഫലപ്രദമായി ഉപയോഗിക്കുന്നത്.

മലയാളം, സുറിയാനി, ഇറ്റാലിയൻ, തമിഴ് ഭാഷകളിലായി എഴുതപ്പെട്ടവയാണ് ചാവറയച്ചന്റെ കത്തുകൾ. അദ്ദേഹത്തിന്റെ ബഹുഭാഷാവൈദഗ്ധ്യം മാത്രമല്ല ഇതുവഴി വെളിപ്പെടുന്നത്, എത്ര വൈവിധ്യമാർന്ന ജനവിഭാഗങ്ങളുമായാണ് അദ്ദേഹത്തിനു സംവദിക്കേണ്ടിയിരുന്നത് എന്നു കൂടിയാണ്. കത്തുകളുടെ സ്വഭാവമനുസരിച്ച് അവയെ പത്തു വിഭാഗങ്ങളായി തിരിക്കാം:

1. മാർപാപ്പയ്ക്കുള്ള രണ്ടു കത്തുകൾ
2. പ്രൊപ്പഗാന്ത തിരുസംഘത്തിന് ആറെണ്ണം
3. ബിഷപ്പുമാർക്കുള്ള പത്തെണ്ണം
4. യൂറോപ്യൻ കർമലീത്ത സഭാധികാരികൾക്ക് രണ്ടെണ്ണം
5. കേരള സി.എം.ഐ. സഭാംഗങ്ങൾക്ക് 19 കത്തുകളും അഞ്ചു സർക്കുലറുകളും
6. കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രീകൾക്കെഴുതിയ 22 കത്തുകൾ
7. ഇടവകവൈദികർക്കുള്ള ആറു കത്തുകൾ
8. വൈദികർക്കും വിശ്വാസികൾക്കുമായെഴുതിയ പത്തു സർക്കുലറുകൾ
9. കുടുംബങ്ങൾക്കുള്ള മാർഗദർശനപ്രമാണം (ഒരു നല്ല അപ്പന്റെ ചാവരുൾ)
10. വ്യവഹാരസംബന്ധമായ കത്തുകൾ

ചാവറയച്ചൻ കൈകാര്യം ചെയ്തിരുന്ന കാര്യങ്ങളുടെ വ്യാപ്തി, അദ്ദേഹം നേരിട്ടിരുന്ന സമയപരിമിതി, വിഭവദാരിദ്ര്യം എന്നിവ പരിഗണിക്കുമ്പോൾ അവിശ്വസനീയമാംവിധം വലുതാണ് അദ്ദേഹത്തിന്റെ കത്തുകളുടെ എണ്ണവും വൈവിധ്യവും ആഴവും പരപ്പും.

മതാതീതമായി കേരളസമൂഹത്തിന്റെ വളർച്ചയ്ക്കും കേരളത്തിലെ കത്തോലിക്കാസഭയുടെ തനതുപൈതൃകം കാത്തുപരിപാലിക്കുന്നതിനും അതേസമയം മാർപാപ്പയുടെ കീഴിലുള്ള ആഗോള കത്തോലിക്കാസഭയുടെ അവിഭാജ്യഭാഗമായിരിക്കുന്നതിനുമായി അദ്ദേഹം നടത്തിയ നിരന്തരമായ ഇടപെടലുകളുടെ സാക്ഷ്യങ്ങളാണ് ഈ കത്തുകൾ. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിന്റെ ചരിത്രം രേഖപ്പെടുത്തുമ്പോൾ ശ്രദ്ധാപൂർവം പഠിക്കേണ്ട രേഖകളാണ് അവ.

ജാതിസ്പർധകളും ഉച്ചനീചത്വങ്ങളും കൊണ്ട് ഭ്രാന്താലയമായി മാറിയിരുന്ന ഒരു സമൂഹം ഉള്ളിൽ, കച്ചവടത്തിന്റെ കഴുകൻകണ്ണുകളുമായി അധീശത്വത്തിനും ചൂഷണത്തിനും മല്ലടിക്കുന്ന യൂറോപ്യൻ ശക്തികൾ പുറമേ. ഇതിനിടയിലായിരുന്നു സമത്വത്തിനും സമന്വയത്തിനുമായി ചാവറയച്ചന്റെ അശ്രാന്തപരിശ്രമങ്ങൾ.

സാംസ്കാരികത്തനിമയുടെയും സ്വത്വത്തിന്റെയും കരുത്തുറ്റ വക്താവായിരുന്നു ചാവറയച്ചൻ. മതവും പ്രേഷിതവേലയും ഈ ഉന്നതലക്ഷ്യങ്ങളെ പോഷിപ്പിക്കുന്ന പ്രേരകശക്തികളാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കേരളത്തനിമ നിലനിർത്തുന്ന ഒരു സഭ ഉരുത്തിരിഞ്ഞുവരുന്നതിനും മതാതീതമായി കേരളസമൂഹം കരുത്താർജിക്കുന്നതിനും അദ്ദേഹം നൽകിയ സംഭാവനകൾ ആ കത്തുകളിൽ തെളിഞ്ഞുകാണാം. ആത്മീയതയും ദൈവശാസ്ത്രവും ധാർമികതയും ഭരണകാര്യങ്ങളുമൊക്കെ ആ കത്തുകളിൽ പരാമർശവിഷയമാകുന്നുണ്ട്. അക്കാലത്തെ ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് എഴുതുമ്പോൾ പോലും തത്കാലപരിഹാരത്തിൽ അവസാനിക്കാതെ കാലാതിവർത്തിയായ ആധ്യാത്മിക-സാമൂഹിക പ്രസക്തിയുള്ള വിധമാണ് അദ്ദേഹത്തിന്റെ കത്തുകൾ. അദ്ദേഹത്തെക്കുറിച്ച് അറിയുംതോറും ഇനിയുമറിയാൻ ഏറെ ബാക്കി എന്നു ധ്വനിപ്പിക്കുന്നവ.

മാസ്റ്റർപീസുകൾ

ചാവറയച്ചന്റെ കത്തുകളിൽ ഏറ്റവും പ്രശസ്തമായവ അദ്ദേഹം മാർപാപ്പയ്ക്ക് എഴുതിയ രണ്ടു കത്തുകളാണ്. എഴുതിയതു മാർപാപ്പയ്ക്കാണ് എന്നതുകൊണ്ടല്ല, എഴുതാനുണ്ടായ പശ്ചാത്തലവും കത്തിലെ ഉള്ള

ടക്കവും തന്നെയാണ് അവയ്ക്കു ലഭിച്ച പ്രാമുഖ്യത്തിനു കാരണം. ഈ രണ്ടു കത്തുകളും അവയ്ക്കു മാർപാപ്പ അയച്ച മറുപടിയുമാണ് കേരളത്തിലെ കത്തോലിക്കാസഭ പ്രാദേശികയാഥാർഥ്യങ്ങൾക്കു നിരക്കും വിധം തനതുവ്യക്തിത്വം പാലിച്ചുകൊണ്ട് അഭിവൃദ്ധി പ്രാപിക്കാൻ നിമിത്തമായത്.

മാർപാപ്പ അധികാരപ്പെടുത്തിയിട്ടാണെന്നു തെറ്റിദ്ധരിപ്പിച്ച് ബാഗ്ദാദിൽ നിന്നെത്തിയ ബിഷപ് തോമസ് റോക്കോസ് കേരള കത്തോലിക്കാ സഭയുടെ ഭരണം കൈയാളാൻ ശ്രമിക്കുന്നതും കേരളത്തിന്റെ സാംസ്കാരികത്തനിമ നിഷേധിച്ച് സഭയിൽ പാശ്ചാത്യവത്കരണം നടത്തിക്കൊണ്ടിരുന്ന യൂറോപ്യൻ മെത്രാപ്പോലീത്തമാരിൽ മനംമടുത്ത ഒരുപാട് വിശ്വാസികൾ കൂറുമാറി റോക്കോസിനൊപ്പം ചേരുന്നതുമായിരുന്നു കത്തുകളുടെ പശ്ചാത്തലം. മാർപാപ്പയോടും



കുനമ്മാവ് സി.എം.സി. സഭയുടെ മാതൃഭവനത്തിന്റെ ഇടനാഴിയിൽ സന്ന്യാസിനിയുമായി സംഭാഷണത്തിലേർപ്പെട്ടിരിക്കുന്ന പാവറയച്ചൻ



അദ്ദേഹത്തിന്റെ പ്രതിനിധിയായ മെത്രാപ്പോലീത്തയോടും അചഞ്ചലമായ കൂറു പ്രഖ്യാപിച്ചും എന്നാൽ കേരളസഭയുടെ തനിമ കാത്തുപാലിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചും റോക്കോസിന്റെ അവകാശവാദങ്ങളുടെ നിജസ്ഥിതി അറിയിക്കണമെന്ന് അഭ്യർത്ഥിച്ചും ആയിരുന്നു ചാവറയച്ചന്റെ കത്ത്. അധികാരസ്ഥാനങ്ങളോടുള്ള വിധേയത്വവും വിനയവും കൈമോശം വരാതെ ധീരതയോടെ സമചിത്തതയോടെ വസ്തുതകൾ അവതരിപ്പിക്കുന്നതെങ്ങനെ എന്നു പഠിക്കാനുള്ള പാഠപുസ്തകമാണ് ഈ കത്തുകൾ.

വിദ്യാവിപ്ലവം സൃഷ്ടിച്ച കത്ത്

നിർബന്ധിത, സൗജന്യ, സാർവലൗകികവിദ്യാഭ്യാസം: ഇപ്പോഴും നമ്മൾ നേടിക്കഴിഞ്ഞിട്ടില്ലാത്ത ഈ മഹാലക്ഷ്യം ഒന്നര നൂറ്റാണ്ടോളം മുൻപ് വിഭാവനം ചെയ്ത് അതിനായി അക്ഷീണം യത്നിച്ച മഹാരഥനാണ് ചാവറയച്ചൻ. എല്ലാ ഇടവകകളിലും സ്കൂളുകൾ തുടങ്ങണം, അവിടെ ജാതിമത ഭേദമന്യേ കുട്ടികൾക്കു പ്രവേശനം നൽകണം എന്ന് ഉത്തരവിടുകയും അനുസരിക്കാൻ കൂട്ടാക്കാത്ത പള്ളികൾ പൂട്ടുമെന്നു മുന്നറിയിപ്പു നൽകുകയും ചെയ്ത സർക്കുലർ ചാവറയച്ചന്റേതായിരുന്നു.

ഔദ്യോഗിക ഒപ്പ് ആർച്ച്ബിഷപ്പിന്റേതായിരുന്നെങ്കിലും വിശദാംശങ്ങൾ വിഭാവനം ചെയ്തതും അതിന്റെ പ്രസക്തി ആർച്ച്ബിഷപ്പിനെ ബോധ്യപ്പെടുത്തിയതും സർക്കുലർ തയാറാക്കിയതും അതു നടപ്പാക്കുന്നതിൽ കരളുറപ്പോടെ ഉറച്ചുനിന്നതും ചാവറയച്ചനായിരുന്നു. അതുകൊണ്ടും അടങ്ങാതെ സ്കൂളുകൾ തുടങ്ങിക്കഴിഞ്ഞപ്പോൾ പാവപ്പെട്ടവർക്കും ദളിതർക്കും സൗജന്യമായി വസ്ത്രവും പുസ്തകവും ഉച്ചഭക്ഷണവും നൽകാനും അദ്ദേഹം ഏർപ്പാടു ചെയ്തു. മാന്നാനം നാളാഗമങ്ങളുടെ മൂന്നാം വാല്യത്തിലും ചാവറയച്ചന്റെ കത്തുകളിലും നിന്നാണ് ഈ വിവരങ്ങൾ നമുക്കു ലഭിക്കുന്നത്.

കേരള കത്തോലിക്കാ സഭക്ക് മതേതര മുഖം നൽകുകയും സാർവലൗകികവിദ്യാഭ്യാസത്തിന്റെ പ്രസക്തി ലോകത്തോടു വിളിച്ചു പറയുകയും ചെയ്യുന്നതിൽ ഈ സർക്കുലറിന്റെ പ്രസക്തി അനുപമം തന്നെ. ഈ ഒരു സർക്കുലറില്ലായിരുന്നെങ്കിൽ കേരള കത്തോലിക്കാ സഭയുടെയും സി.എം.ഐ. സമൂഹത്തിന്റെയും മുഖം മറ്റൊന്നാകുമായിരുന്നു. കേരള സമൂഹത്തിന്റെ വളർച്ച മറ്റൊരു ദിശയിലാകുമായിരുന്നു.

കൂനമ്മാവു മഠത്തിലെ സന്ന്യാസിനികൾക്കെഴുതിയ കത്തുകൾ

സ്ത്രീശാക്തീകരണത്തോടുള്ള ചാവറയച്ചന്റെ പ്രതിബദ്ധത വെളിവാക്കുന്നതാണ് സന്ന്യാസിനികൾക്ക് എഴുതിയ കത്തുകൾ. ശൈശവദശയിലൂടെ കടന്നുപോകുന്ന മഠത്തിന് സർവതോൻമുഖമായ വളർച്ച നേടാനും ആത്മീയ ഉണർവു നിലനിർത്താനുമുള്ള മാർഗദർശനം നൽകുന്നതിൽ അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിരുന്നു. മിക്ക കത്തുകളും ഹ്രസ്വവും ഉപദേശരൂപേണയുള്ളതും വാത്സല്യഭരിതവുമാണ്. കന്യാസ്ത്രീമഠത്തിന് നമ്മുടെ നാട്ടിൽ മുൻമാതൃകകളൊന്നും ഇല്ലായിരുന്നതിനാൽ ഓരോ ചുവടിലും അദ്ദേഹത്തിന്റെ കരുതലും മാർഗദർശനവുമുണ്ടായിരുന്നു. രോഗാതുരനായിരിക്കുമ്പോഴും ജോലിത്തിരക്കുകളിൽ മുങ്ങിപ്പോകുമ്പോഴും അതിനു മുടക്കം വരാതെ കാക്കാനുള്ള ഉപകരണം കൂടിയായിരുന്നു ചാവറയച്ചന് കത്തുകൾ. വിദ്യാഭ്യാസപരിഷ്കാരങ്ങൾ, വനിതകൾക്കു തൊഴിൽപരിശീലനം മുതലായ കാര്യങ്ങളെക്കുറിച്ച് എഴുതിയ കത്തുകൾ പുതിയ പാതകൾ വെട്ടിത്തുറക്കുന്ന, ആരും നടക്കാത്ത വഴികളിലൂടെ നടക്കാൻ ധൈര്യപ്പെടുന്ന ഒരു ധിഷണാശാലിയെ കാട്ടിത്തരുന്നു.

ചാവറയച്ചൻ എഴുതുക മാത്രമല്ല എഴുതാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. "നിസാരമെന്നു തോന്നുന്ന കാര്യങ്ങൾ പോലും എഴുതി സൂക്ഷിച്ചാൽ കുറെക്കാലത്തിനു ശേഷം അവ വായിക്കുമ്പോൾ നിങ്ങൾക്ക് ഏറെ സന്തോഷം ഉണ്ടാകും" എന്ന് 1867 ഏപ്രിൽ 29 ന് എഴുതിയ കത്തിൽ അദ്ദേഹം കന്യാസ്ത്രീകളെ ഉദ്ബോധിപ്പിക്കുന്നു. ഡയറിയെഴുത്ത് ആത്മപരിശോധനയും തെറ്റുതിരുത്തി മുന്നോട്ടു പോകാനുള്ള ചാലകശക്തിയും ചരിത്രാലേഖനവുമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ചാവറയച്ചന്റെ പ്രോത്സാഹനത്തിൽ കൂനമ്മാവ് മഠത്തിലെ കന്യാസ്ത്രീകൾ എഴുതിസൂക്ഷിച്ച നാളാഗമങ്ങൾ സഭയുടെയും കേരളത്തിന്റെയും ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന രേഖകളായിരിക്കുന്നു എന്നത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണം വിളിച്ചോതുന്നു.

മരണവുമായി മുഖാമുഖം

കോറിന്തോസുകാർക്കെഴുതിയ കത്തിൽ വി. പൗലോസ് ചോദിക്കുന്നു: "മരണമേ നിന്റെ ദംശനമെവിടെ? ശവകൂടീരമേ, നിന്റെ വിജയമെവിടെ?" ചാവറയച്ചനും മരണത്തെക്കുറിച്ച് അഗാധമായ ദർശനവും ബോധ്യ



ങ്ങളുമുണ്ടായിരുന്നു. ബാലനായിരിക്കുമ്പോൾ തന്നെ മാതാപിതാക്കളെയും സഹോദരനെയും ഒറ്റയടിക്കു നഷ്ടപ്പെട്ടയാളായിരുന്നു അദ്ദേഹം. പിന്നെയും രണ്ടു തവണ മാരകരോഗങ്ങൾ ഉറ്റവരെ തട്ടിയെടുത്തപ്പോഴും മരണം അദ്ദേഹത്തെ വിട്ടയയ്ക്കുകയായിരുന്നു. ഒരുപാട് മരണങ്ങൾ അടുത്തുകണ്ട അദ്ദേഹത്തിന് മരണം ഒരു കുടുംബത്തിലുണ്ടാക്കുന്ന പ്രക്ഷുബ്ധത നന്നായി മനസ്സിലാകുമായിരുന്നു; എന്നാൽ പ്രശാന്തതയോടെ മരണത്തെ സമീപിക്കാൻ ഈ അനുഭവങ്ങൾ അദ്ദേഹത്തെ പ്രാപ്തനാക്കുകയും ചെയ്തു. പ്രക്ഷുബ്ധമായ ജീവിതസമുദ്രം താണ്ടി വാഗ്ദത്തനാട്ടിലേക്കുള്ള യാത്ര ലളിതസുന്ദരമാക്കാനുള്ള വിവിധ മാർഗങ്ങളെപ്പറ്റി അദ്ദേഹം പലേടത്തും പരാമർശിക്കുന്നുണ്ട്.

സ്വന്തം ഇടവകയായ കൈനകരിയിലെ വിശ്വാസികൾക്ക് 1843 ൽ ചാവറയച്ചനെഴുതിയ കത്ത് ഹൃദയസ്പർശിയാണ്. വി.യൗസേപ്പിന്റെ നാമധേയത്തിൽ തുടങ്ങുന്ന നന്മരണക്കൂട്ടായ്മയിൽ അംഗങ്ങളാകാൻ അദ്ദേഹം അവരെ ഉദ്ബോധിപ്പിക്കുന്നു. ആത്മവിശ്വാസത്തോടെ മരണത്തെ അഭിമുഖീകരിക്കാനും സ്വർഗം പ്രാപിക്കാനും അതു സഹായിക്കുമെന്ന് അദ്ദേഹം പറയുന്നു. പരിശുദ്ധകന്യകാമറിയം ഏതു കൊടുങ്കാറ്റിനെയും അതിജീവിക്കാൻ കെല്പുള്ള കപ്പലാണ്; വി. യൗസേപ്പ് അപകടങ്ങളിൽപ്പെടാതെ ആ കപ്പൽ ലക്ഷ്യത്തിലെത്തിക്കാൻ കെല്പുള്ള കപ്പിത്താനും. "കർത്താവേ അങ്ങേ ദാസന്റെ ആത്മാവിനെ നീതിമാന്മാരുടെ ഭവനത്തിൽ സ്വീകരിക്കണമേ" എന്ന പ്രാർഥന ഓരോ മാസവും ഒരു നിശ്ചിതദിവസം ചൊല്ലണമെന്നും അദ്ദേഹം നിഷ്കർഷിക്കുന്നു.

കൈനകരിക്കാർക്ക് 1869 ഒക്ടോബറിലെഴുതിയ കത്തിൽ അദ്ദേഹം മരണത്തെ കൂടുതൽ ദാർശനികമായാണ് സമീപിക്കുന്നത്. പരിഭ്രാന്തി കൂടാതെ മരണത്തെ എതിരേൽക്കാൻ സഹജീവികളെ സജ്ജരാക്കുക എന്ന ദൗത്യമായിരുന്നു അദ്ദേഹം അതിൽ വിഭാവനം ചെയ്തത്. ജീവിക്കുന്ന കാലത്തോളം ആത്മാഭിമാനത്തോടെ ജീവിക്കാൻ പാവപ്പെട്ടവരെ പ്രാപ്തരാക്കുക; മരണത്തെ ഈ ലോകയാത്രയുടെ അന്ത്യത്തിൽ അടുത്തയിടത്തേക്കുള്ള ബഹിർഗമനകവാടമായി കണ്ട് ആത്മവിശ്വാസത്തോടെ യാത്ര തുടരാൻ പ്രാപ്തരാക്കുക, ഇതു രണ്ടും തുല്യപ്രധാനമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ആത്മീയമായ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടാനുള്ള പ്രലോഭനങ്ങളെ കരുതിയിരിക്കണമെന്ന് ഈ കത്തിൽ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. അനാഥാലയങ്ങൾ, മരണാസന്നർക്കായുള്ള ഉപവിശാലകൾ മുതലായവയുടെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്യുന്നു.

ഇഹലോകജീവിതത്തിന്റെ നൈമിഷകതയെപ്പറ്റിയും മരണത്തുരുത്തിന്റെ മറ്റേയറ്റത്തു പ്രാപ്തമാകുന്ന സ്വർഗലോകവെളിച്ചത്തെപ്പറ്റിയും വർഷങ്ങൾ നീണ്ട ധ്യാനമനനങ്ങളിലൂടെ കണ്ടെത്തിയ വിസ്തൃതദർശനമാണ് 'ഒരു നല്ല അപ്പന്റെ ചാവരുൾ'. കുടുംബബന്ധങ്ങളും ആധ്യാത്മികചോദനകളും ജീവിതമൂല്യങ്ങളും സംബന്ധിച്ച അതുല്യപ്രമാണങ്ങളാണ് അതിൽ നിറയെ. പ്രത്യക്ഷത്തിൽ ക്രൈസ്തവകുടുംബങ്ങൾക്കുള്ളതെന്നു തോന്നാമെങ്കിലും മതാതീതമായി ഏതു സാഹചര്യത്തിലുമുള്ള കുടുംബബന്ധങ്ങൾക്ക് കരുത്തു പകരുന്ന മാർഗനിർദ്ദേശങ്ങളാണ് അതിലുള്ളത്.

ആലേഖനപാടവം

അതുല്യമായ ആലേഖനപാടവമാണ് ഒന്നാം വത്തിക്കാൻ സൂനഹദോസ് സംബന്ധിച്ച് ചാവറയച്ചനെഴുതിയ കത്തുകളിൽ കാണുന്നത്. സൂനഹദോസിന്റെ നടത്തിപ്പ് എങ്ങനെയാണെന്നും ഫ്രാങ്കോ-പ്രഷ്യൻ യുദ്ധമടക്കമുള്ള ആഗോള സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ കത്തോലിക്കാസഭയുടെ ഭാവിയിൽ അതിനുള്ള പ്രസക്തിയെന്തെന്നും ഒക്കെ അദ്ദേഹം വൈദികർക്കും വിശ്വാസിസമൂഹത്തിനും മനസ്സിലാകുംവിധം വിശദമാക്കുന്നു.

തയ്യിൽ പോത്തൻ, തുരുത്തുമാലിൽ യാക്കോബ് എന്നിവർക്ക് 1857 ജൂൺ 12 ന് എഴുതിയ കത്ത് അദ്ദേഹത്തിന്റെ ലേഖനചാതുരിയുടെ മറ്റൊരു മുഖമാണ് കാട്ടിത്തരുന്നത്. ആയിരക്കണക്കിന് ഏക്കർ ഭൂമിയുടെ ആധാരം സംബന്ധിച്ച വകുപ്പുകളും ആ ഭൂമിനെല്ലും തെങ്ങും മറ്റു കൃഷികളും ചെയ്യാൻ വിനിയോഗിക്കേത് എങ്ങനെയെന്നും വിശദമായി പ്രതിപാദിക്കുന്നു ഈ കത്ത്.

സഭയുടെയും ആശ്രമത്തിന്റെയും ദൈനംദിന പ്രവർത്തനങ്ങളിൽ എല്ലാവരുടെയും അഭിപ്രായങ്ങൾക്ക് വില കല്പിച്ചിരുന്നു ചാവറയച്ചൻ. വാക്കാൽ പറഞ്ഞതോ ചർച്ച ചെയ്തതോ ആയ കാര്യങ്ങൾ പോലും ആവശ്യമെങ്കിൽ രേഖമൂലം ആവർത്തിച്ചുറപ്പിക്കാനും വ്യക്തത വരുത്താനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ആശയവിനിമയ മാർഗങ്ങൾ അവ്യക്തതയ്ക്കും തെറ്റായ വ്യാഖ്യാനങ്ങൾക്കും പഴുതു നൽകാത്ത

വിധം ലളിതവും കൃത്യത പുലർത്തുന്നതുമായിരുന്നു.

അഭിപ്രായഭിന്നതകളോ സംഘർഷങ്ങളോ സംബന്ധിച്ച കത്തുകളിലെ അദ്ദേഹത്തിന്റെ നയചാതുരി പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ആരെയെങ്കിലും പഴിചാരി ക്രൂശിക്കുന്നതതിലായിരുന്നില്ല, പ്രശ്നത്തിനു പരിഹാരം കാണുന്നതിനായിരുന്നു അദ്ദേഹം പ്രാമുഖ്യം നൽകിയിരുന്നത്. എത്ര കുഴഞ്ഞ പ്രശ്നത്തിനും സരളമായ പരിഹാരങ്ങൾ കാണാനുള്ള പ്രത്യേക വാസനതന്നെ ഉണ്ടായിരുന്നു ചാവറയച്ചന്. കഴിയുന്നതും ഇരുകൂട്ടരെയും വേദനിപ്പിക്കാതെ കഴിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1851 മാർച്ച് രണ്ടിന് ബിഷപ് ലുഡോവിക്കോസിന് എഴുതിയ കത്തും 1853 നവംബർ 12 ന് ബിഷപ് ബെർണാഡിനോസിന് എഴുതിയ കത്തും ഇതിനുദാഹരണങ്ങളാണ്.

സി.എം.ഐ. സഭാസഹോദരങ്ങൾക്കെഴുതിയ കത്തുകളേറെയും സഭയുടെ സമഗ്ര വളർച്ച സംബന്ധിച്ച് അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ പ്രകടമാക്കുന്നവയാണ്. ദൈനംദിന വ്യവഹാരങ്ങൾക്കിടയിലും സഹപ്രവർത്തകർ സഭയുടെ ആകമാനവളർച്ചയെ സ്വാധീനിച്ചേക്കാവുന്ന ആഗോള സംഭവങ്ങളെക്കുറിച്ച് അവബോധമുള്ളവരായിരിക്കണമെന്നും അദ്ദേഹത്തിനു നിഷ്കർഷയുണ്ടായിരുന്നു. 1866 ഓഗസ്റ്റ് ആറിനയച്ച കത്ത് ഇതിനുദാഹരണമാണ്. ആധുനിക ഇറ്റാലിയൻ രാഷ്ട്ര രൂപീകരണവും അതിൽ മസ്സീനിയുടെയും ഗാരിബാൾഡിയുടെയും പങ്കും ഒക്കെ ഇതിൽ പ്രതിപാദിക്കുന്നു.

ഘടന, വായനാസൗകുമാര്യം

മലയാള ഭാഷയും കത്തെഴുത്തു ശീലങ്ങളും ഉരുത്തിരിഞ്ഞു വരികയായിരുന്ന കാലത്ത് പരിപക്വമായ ഒരു ഘടന കത്തുകളിലുടനീളം പാലിക്കാൻ ചാവറയച്ചൻ ശ്രദ്ധിച്ചിരുന്നു. തീയതി, അഭിസംബോധന, ഉപസംഹാരം, കോപ്പി അടയാളപ്പെടുത്തൽ മുതലായ ഘടനാംശങ്ങൾ മിക്കവാറും കത്തുകളിൽ പാലിക്കപ്പെട്ടിട്ടുണ്ട്. അന്നത്തെ മാനദണ്ഡങ്ങളനുസരിച്ച് മിതമായ പദപ്രയോഗങ്ങളും കാര്യമാത്രപ്രസക്തമായ ശൈലിയുമായിരുന്നു എഴുത്തിന്. വാചകങ്ങളും ഖണ്ഡികകളും ആശയത്തുടർച്ചയോടുകൂടി കൈകാര്യം ചെയ്തിട്ടുമുണ്ട്. എങ്കിലും പുരാതന ലിപികളും അന്നത്തെ വ്യാകരണരീതികളും വാഗർഥങ്ങളും വിദേശപദങ്ങളുടെ ബാഹുല്യവും ഇന്നത്തെ രീതിക്ക് അപരിചിതമായ വാക്കുകളും ചിഹ്നനവും ഒക്കെക്കൂടിയുള്ളതിനാൽ ചാവറയച്ചന്റെ കത്തുകൾ ആധുനിക മലയാളം മാത്രമറിയാവുന്നവർക്ക് അനായാസം വായിച്ചു മനസ്സിലാക്കുക ബുദ്ധിമുട്ടായിരിക്കും. ആധുനിക മലയാള ഭാഷയുടെ ജന്മദശയായിരുന്നല്ലോ അത്.





കത്തുകൾ: ആത്മാവിന്റെ കണ്ണാടികൾ

ആന്റണി ഞള്ളംപുഴ

കത്തുകളിൽ തെളിയുന്ന ചാവറമുഖം

മുഖം മനസ്സിന്റെ കണ്ണാടിയെങ്കിൽ കത്തുകൾ ഒരുവന്റെ വ്യക്തിത്വത്തിന്റെ കണ്ണാടിയാണ്. 'ആശ്രമം പുണ്യത്തിന്റെ കണ്ണാടി' യാണെന്ന് എഴുതിയ ചാവറ ദർശനത്തിലും ആ മഹാത്മാവിന്റെ ആത്മപ്രകാശനം നിറയുന്നുണ്ട്. മോശയുടെ ആത്മാവിന്റെ ഒരംശം എഴുപതുപേർക്കായി ദൈവം പങ്കുവയ്ക്കുന്നതായി പഴയനിയമത്തിൽ വായിക്കുന്നു. കത്തുകളും ഇതുപോലെതന്നെ ഒരുവന്റെ ആത്മാംശത്തിന്റെ പങ്കുവയ്ക്കലും പ്രകാശനങ്ങളുമാണ്. ആത്മപ്രകാശനദർപണമാണ് കത്തുകൾ. അകം പുറത്തുകാട്ടുന്ന അകത്തളദർപണം.

ചാവറയച്ചൻ പല കാലങ്ങളിലായി പലർക്കെഴുതിയ 86 ൽ പരം കത്തുകൾ അമൂല്യ നിധികളാണ്. വിശുദ്ധ അൽഫോൻസാമ്മ ആത്മപിതാവായ ഫാ. ളൂയിസ് പെരുമാലിൽ സി.എം.ഐ.ക്ക് എഴുതിയ കത്തുകൾ പോലെ. മദർതെരേസ തന്റെ ആത്മീയ ഉപദേശകനായ ഫാ. പികാചിക്ക് എഴുതിയ കത്തുകൾ പോലെ. 'Come, be my light' എന്ന പേരിൽ മദർ തെരേസയുടെ കത്തുകൾ പുസ്തകമായി.

ചാവറപിതാവായിരുന്നു, 1855 മുതൽ 1871 ൽ ഇഹലോകവാസം വെടിയുന്നതുവരെ 16 വർഷം സി.എം.ഐ. സന്ന്യാസ സമൂഹത്തെ നയിച്ചത്. അക്ഷരസ്നേഹിയായ, ചാവറയ





ച്ചൻ സമ്മാനിച്ച അക്ഷരനിധിയാണ് അദ്ദേഹത്തിന്റെ കത്തുകൾ. 66 വർഷത്തെ ജീവിതം അദ്ദേഹം ധന്യമാക്കിയത് ജീവിച്ച വർഷത്തിന്റെ നീളം കൊണ്ടല്ല, വർഷിച്ച ജീവിതത്തിന്റെ വലിപ്പം കൊണ്ടാണ്. സ്വന്തം കൈപ്പടയിൽ അദ്ദേഹമെഴുതിയ കത്തുകൾ തന്നെ അത് സംസാരിക്കുന്നു. 1843 മുതൽ 1870 വരെയുള്ള 27 വർഷങ്ങളിൽ മാർപാപ്പയ്ക്ക് എഴുതിയ കത്തുകൾ മുതൽ തയ്യിൽ കൊച്ചുപോത്തനും പെരുമാലിൽ കുര്യൻ തരകനും കൊടുത്ത രസീതുവരെ ഇതിലുണ്ട്. ബഹുഭാഷാ നിപുണനായിരുന്നു ചാവറയച്ചൻ (മലയാളം, തമിഴ്, സംസ്കൃതം, പോർച്ചുഗീസ്, സുറിയാനി, ഇറ്റാലിയൻ, ലത്തീൻ). സ്വന്തമായി എഴുതിയ നാലു ഭാഷകളിലുള്ള കത്തുകൾ (മലയാളം, സുറിയാനി, ഇറ്റാലിയൻ, ലത്തീൻ) അദ്ദേഹത്തിന്റെ വിശാലമായ ജീവിതവീക്ഷണത്തിന്റെ മനോഹരമായ സാക്ഷ്യപത്രങ്ങളാണ്.

മാർപാപ്പായ്ക്ക്, പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ടിന്, മെത്രാന്മാർക്ക്, കർമലീത്താ സഭാധികാരികൾക്ക്, സഭാംഗങ്ങൾക്ക്, കന്യാസ്ത്രീകൾക്ക്, ഇടവക വൈദികർക്ക്, കുടുംബങ്ങൾക്കൊക്കെയെഴുതിയ വ്യത്യസ്തമായ കത്തുകളുടെ സഞ്ചയം വ്യക്തമാക്കുന്നത് ആ വ്യക്തിത്വത്തിന്റെ വശ്യത തന്നെ.

സാഹോദര്യം

കത്തുകളിൽ സഹോദരസന്ന്യാസികളെ അഭിസംബോധന ചെയ്യുമ്പോൾ 'ആഹാ' എന്ന സുറിയാനി പദം ചേർക്കാൻ ചാവറയച്ചൻ ശ്രദ്ധിച്ചിരുന്നു. 'ആഹാ' എന്ന സുറിയാനി പദത്തിനർത്ഥം 'സഹോദരൻ' എന്നാണല്ലോ. സന്ന്യാസത്തിന്റെ സഹവാസവും, സാഹോദര്യവും ആഹ്ലാദവും 'ആഹാ' യിൽ നിറഞ്ഞ് നിൽക്കുന്നു. 'തിരുക്കുടുംബത്തിന്റെ ആഹാ കുര്യാക്കോസ് ഏലിയാ' എന്ന നാമമായിരുന്നു ചാവറയച്ചന്റേത്. ചില കത്തുകളിൽ 'കുര്യാക്കോസ് കത്തനാർ, ദൈവത്തിന്റെ ദാസൻ' എന്നും കാണാം. വാക്കുകളിലുപരി ജീവിതത്തിലും അദ്ദേഹം അതായിരുന്നു, ദൈവദാസൻ.

ഉയർന്ന ചിന്ത

ചില കത്തുകളിൽ "ബേസ് റൗമയിൽ നിന്നും എഴുതപ്പെട്ടത്" എന്ന് എഴുതിയിട്ടുണ്ട്. 'ബേസ് റൗമ' എന്ന സുറിയാനി പദം 'ഉയർന്ന വീട്', 'ഉയർന്ന സ്ഥലം', 'ഉയരങ്ങളിലെ ഭവനം' എന്നൊക്കെ അർഥമാക്കുന്നു. സത്യത്തിൽ ആ കത്തുകൾ ഉയരങ്ങളിൽ നിന്നും താഴ്വരകളിലേക്ക് ഒഴുകിയിറങ്ങിയ അദ്ദേഹത്തിന്റെ ആത്മീയതയാകുന്ന ഉയർന്ന ചിന്തകളാണ്, ഉദാത്തമൂല്യദർശനങ്ങളാണ്. കൊവേന്തക്കുള്ള സ്ഥലം തേടി നടന്നപ്പോഴും 'ഉയർപ്പെട്ട കുന്നും മലയും' മനസ്സിലുണ്ടായിരുന്നു. കണ്ണുകളുയർത്തി നോക്കിയ യേശുവിന്റെ ജീവിതശൈലി.


അധികാരികളോട് ആദരവ്

ചാവറയച്ചൻ മേലാധികാരികൾക്ക് എഴുതിയ കത്തുകൾ വ്യക്തിപരമായ എന്തെങ്കിലും കാര്യസാധ്യത്തിനായി ആയിരുന്നില്ല. കേരളസഭയിലെ പൊതുപ്രശ്നങ്ങളും ആവശ്യങ്ങളുമാണ് അതിൽ ഉന്നയിച്ചിട്ടുള്ളത്. അധികാരികൾക്കുള്ള കത്തുകളിലൂടെ കടന്നുപോകുമ്പോൾ ചാവറയച്ചന് അധികാരികളോട് ഉണ്ടായിരുന്ന ആദരവും വിധേയത്വവും വ്യക്തമാണ്. ഒപ്പം അധികാരികളെ വിവരങ്ങൾ ധരിപ്പിക്കുമ്പോൾ ന്യായാന്യായങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നതിനും അതിന്റെ വെളിച്ചത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ വയ്ക്കുന്നതിനും അദ്ദേഹം ഭയപ്പെടുകയോ മാറിനിൽക്കുകയോ ചെയ്യുന്നില്ല.

ഉദാ: "അതുകൊണ്ട് അത്യുന്നത തിരുമേനീ, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നതു വളരെ നല്ലതാണ്. ഒന്നു ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും" (പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ടിന് എഴുതിയ കത്ത്).

സഭാസ്നേഹം

വ്യക്തിതാൽപര്യങ്ങൾക്കായും കത്തുകൾ ചാവറയച്ചൻ വളച്ചൊടിച്ചിട്ടില്ല. ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക് എഴുതിയ കത്തും ശ്രദ്ധേയമാണ്: "അതിനാൽ പരിശുദ്ധ പിതാവേ, ഞങ്ങൾ വിനയത്തോടും നിറഞ്ഞ കണ്ണീരോടും കൂടി അങ്ങയോട് അപേക്ഷിക്കുന്നു. ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ വ്യക്തമായി അറിയിച്ചുതരണമെന്ന്. അത് ഞങ്ങളുടെ കൽദായഭാഷയിൽത്തന്നെ ആയിരിക്കണം. പാത്രിയാർക്കീസ് തിരുമേനി അങ്ങയോട് എന്ത് ആവശ്യപ്പെട്ടുവെന്നും അദ്ദേഹത്തിന് അങ്ങ് എന്തു മറുപടി കൊടുത്തുവെന്നും ഈ രണ്ടുപേരിൽ ആരെ ഞങ്ങൾ അനുസരിക്കണമെന്നും ആ എഴുത്തിൽ ഞങ്ങൾക്ക് വ്യക്തമാക്കിത്തരണം." പ്രസ്തുത കത്തിന് മറുപടി "ഞങ്ങളുടെ കൽദായ ഭാഷായിൽത്തന്നെ ആയിരിക്കണ" മെന്നും ചാവറയച്ചൻ എഴുതുന്നു. തനിമ



യുടെ മഹിമ കണ്ടെത്തിയ മഹാനുഭാവന്റെ വാക്കുകൾ. സ്വന്തം റീത്തിന്റെ തനിമ നില നിർത്തുവാനും അതിന്റെ പാരമ്പര്യങ്ങൾക്ക നുസൃതം പുതിയ സംവിധാനം ഉണ്ടാക്കാനും 19-ാം നൂറ്റാണ്ടിൽ ചാവറയച്ചനെപ്പോലെ പരി ശ്രമിച്ചവർ മറ്റാരുമില്ലെന്ന് സംസാരിക്കുന്ന ഇത്തരം കത്തുകൾ തന്നെ സാക്ഷി! അനൈ കൃത്തിലുപരി സഭകളുടെ ഐക്യം നിലനിർ ത്താൻ ശ്രമിക്കുകയായിരുന്നു ചില കത്തു കളിലൂടെ. തിരുസഭയോടും അധികാരിക ളോടുമുള്ള ചാവറയച്ചന്റെ സ്നേഹാദരവു കൾക്ക് അദ്ദേഹത്തിന്റെ കത്തുകൾ തന്നെ തെളിവ്.

ഹൃദയത്തിന്റെ സരളത

വ്യക്തിപരമായ കത്തുകളിൽ രേഖപ്പെടു ത്തിയിരിക്കുന്ന "കൂടെപ്പിറപ്പുകളേ, എന്റെ കു ഞ്ഞുങ്ങളേ, പൈതങ്ങളേ" തുടങ്ങിയ സം ബോധനകളിൽ തെളിയുന്നത് ചാവറപിതാ വിന്റെ പൈതൃകവാത്സല്യത്തിന്റെ ആഴവും ആർദ്രതയുമാണ്. സഹായം ചെയ്തവരെ നന്ദിയോടെ സ്മരിക്കണമെന്നും ശത്രുസ്നേ ഹം ക്രൈസ്തവന്റെ മുദ്രയാണെന്നും ചാവറ യച്ചൻ കത്തുകളിലൂടെ വ്യക്തമാക്കുന്നു.

ചാവറയച്ചന്റെ നിഷ്കളങ്കമായ മന:സാ ക്ഷിയുടെ നേർപോക്കും നേർമയും പ്രകാശി പ്പിക്കുന്നു റോക്കോസ് ശീശ്മയെക്കുറിച്ചുള്ള ആഖ്യാനത്തിൽ. പ്രശ്നക്കാരനായ കുടക്ക ച്ചിറ അന്തോനി കത്തനാരെക്കുറിച്ച് എഴുതേ ണ്ടിവന്നതിൽ വിഷമിക്കുന്നു ചാവറയ ച്ചൻ: "ഇവിടെ എന്റെ ഹൃദയവും ഈ തൂ വൽ പിടിച്ചിരിക്കുന്ന കൈകളും വിറയ്ക്കു ന്നു. എന്തെന്നാൽ ഞാൻ കണ്ടതും കേട്ടതും മാത്രമേ എഴുതുന്നുള്ളൂവെങ്കിലും ഇതിനാൽ ഈ ആളിനു കൂടെ മാനക്കേടുണ്ടായി വരും. അല്ലെങ്കിൽ കേൾക്കുന്നവർ ഞാൻ നിരൂപിച്ചു എഴുതുന്നതിനേക്കാൾ അധികം പൊരുൾ തിരിക്കും. എന്നാലും പലർക്കും ആത്മനാശം ഈ മുഖാന്തരത്താൽ വന്നിരിക്കുന്നതും ഇപ്പോൾ വരുന്നതും ഇനിയും വരുവാനിട വരുന്നതുമാകയാൽ...."

തിരുഹൃദയ ചിന്തയും വചനസമൃദ്ധിയും

'ദൈവം അനുവദിക്കുന്നുവെങ്കിൽ', 'ദൈ വതിരുമനസ്സ് സ്തുതിക്കപ്പെടട്ടെ', 'സമസ്ത വും ദൈവതിരുമനസ്സ്', 'തേവരുടെ ചി ത്തം, അടിയന്റെ ഭാഗ്യം', 'ദൈവത്തിരുമന സ്സിനെ സ്തുതിപ്പിൻ', 'ദൈവം തിരുമനസ്സാ കുമെങ്കിൽ' എന്നിങ്ങനെ കത്തുകളിൽ പലേ ടത്തും കാണാം. ഒപ്പം തിരുവചന സമ്പന്നവു മാണ് കത്തുകൾ. തിരുവചനബന്ധിയായി രൂപപ്പെടുത്തിയവ.

ഉദാ: 'മുന്നിലും കൂടുന്ന നൂൽ വേഗം പൊട്ടുന്നില്ലെന്ന് സോളമനും പറഞ്ഞിട്ടുണ്ട ല്ലോ. അതിനാൽ ഇതിനായി നിങ്ങൾ പൂർണ മനസ്സോടെ അധ്വാനിക്കുവിൻ. അപ്പോൾ ഈ ഉപവിശാല മുളവരി കൊണ്ടല്ല കല്ലും കുമ്മാ യവും കൊണ്ട് ഉറപ്പോടെ പണിയാൻ ഇട

വരും.'

'സാറാ മുലയൂട്ടുമെന്ന് ആരെങ്കിലും അബ്രാഹത്തോട് പറയുമായിരുന്നോ?' (ഉൽപ 21:7), ദാവീദ് കണ്ണീർ ചീന്തി പ്രാർഥിച്ചപ്പോൾ പുത്രനായ സോളമൻ ദൈവാലയം പണിയിച്ചു. അയാളുടെ മക്കൾ നീതിമാർഗത്തിൽ നിന്ന് വ്യതിചലിച്ചപ്പോൾ ബാബേൽ വഴി അത് നശിപ്പിക്കപ്പെട്ടു. വീണ്ടും ദാനിയേൽ പ്രവാചകൻ കരഞ്ഞ് അപേക്ഷിച്ചതിനാൽ സെറാ ബാബേൽ മുതലായവർ രണ്ടാമതായി പണിയിച്ചു. വീണ്ടും അവർ അഹങ്കരിച്ചപ്പോൾ ശത്രുക്കൾ നശിപ്പിച്ചു. മൂന്നാമത് മക്കബായരും മക്കളും കൂടി പണിയിച്ചു. അന്നാസും കയ്യാഫാസും അഹങ്കരിച്ച്... ഇക്കാര്യങ്ങളെല്ലാം നിങ്ങളെപ്പോഴും ഓർത്ത് നടന്നാൽ... നിങ്ങളുടെ പള്ളിയിലും വീട്ടിലും നാട്ടിലും ദൈവത്തിന്റെ ആശീർവാദം ലഭിക്കുകയും ദൈവത്തിരുമനസ്സ് നിറവേറുകയും ചെയ്യും" (ചേന്നങ്കരി പള്ളി ഇടവകയിൽ, കൈനകരി കുരിശുപള്ളിയിൽ ഉൾപ്പെട്ടവർക്ക്). വചനം പാനീയമാക്കണമെന്ന് പറഞ്ഞ ചാവറയച്ചൻ ഏറെ പാനം ചെയ്ത ടോണിക് വചനമായിരുന്നു!

ചൊല്ലുകളും വിശ്വചിന്തകളും

ചൊല്ലുകളും താത്ത്വികചിന്തകളും കത്തുകളിൽ കലർന്നിരിക്കുന്നു: 'ഒരു ചൊല്ലുണ്ടല്ലോ, വിലകുറഞ്ഞ സമ്മാനമെങ്കിൽ അതിൽ ഏറ്റം വലിയത് അധ്വാനിച്ചവന്, ബുദ്ധിമുട്ടുള്ളതെങ്കിൽ ഏറ്റം മോശമായത് പ്രിയോരച്ചന്...' എളിമയിൽ ഇറങ്ങി മുങ്ങിക്കിടക്കുന്നവൻ ജീവിക്കും, അയാൾ നിലനിൽക്കും. യൂറോപ്പിൽ ഒരു നിയമമുണ്ട്. ദുഷ്ടന്മാരോട് കൂട്ടുചേരാൻ മനസ്സില്ലാത്തവൻ കതകടച്ച് വീട്ടിനകത്തിരിക്കണം. തെരുവിലിറങ്ങിയാൽ അവരോടുകൂടികൂടിയില്ലെങ്കിൽ തൂക്കിക്കൊല്ലണമെന്നാണ് രാജവിധി. ഫ്രാൻസിലെ പ്രസിദ്ധ തലവനായ മസിനി ഇപ്പോൾ രാജാവിനെ സഹായിക്കാൻ ക്ഷണിക്കപ്പെടാതെ തന്നെ ചേർന്നിരിക്കുന്നു. വലിയ സേനകൾക്കും അവരുടെ ദുഷ്ടനായ സേനാപതി ഗരിബാൾഡിക്കും അദ്ദേഹം ദൈവപ്രണാമം പോലെ ഒരു ചെറിയ വാചകം എഴുതിയിരുന്നു: "നമ്മുടെ സൈന്യം ജയിച്ചാലും തോറ്റാലും ആയുധങ്ങളുമായി തയ്യാറായി നിൽക്കുവിൻ" (പോരൂർക്കര ഏലീശാച്ചന് എഴുതിയ കത്തിൽ നിന്നും).

ആത്മീയതയും പ്രായോഗികതയും

കന്യാസ്ത്രീകൾക്ക് എഴുതിയ കത്തിൽ ചാവറയച്ചൻ എഴുതി: "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുൻപിൽ ഇരുപ്പിൻ, തന്റെ അരികെ നടപ്പിൻ, തന്നോടുകൂടെ സംസാരിപ്പിൻ." കണക്കെഴുതേണ്ടവിധം വരെ കന്യാസ്ത്രീകൾക്ക് എഴുതിയ കത്തിൽ കാണാം: "കണക്കെഴുതുമ്പോൾ തുക കൃത്യമായി കാണിച്ച് എഴുതണം. വക-ക-ൽ ചെലവുള്ള 5 പറയും നീക്കി പത്തായത്തിൽ കിടപ്പ് 3 പറ, പള്ളിനെൽപ്പുരയിൽ 105 പറ. ഇങ്ങനെ തുക കൃത്യമായി എഴുതിവയ്ക്കണം."

വീണ്ടും കന്യാസ്ത്രീകൾക്കുള്ള കത്തിൽ, രുചി പകരുന്നവരാകാൻ ഓർമിപ്പിക്കുന്നു! "ഈ മാങ്ങ പാറായി എനിക്കു കൊടുത്തയച്ചതാണ്... തൊലി ചെത്തിക്കളഞ്ഞ് പൂളി എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം."

സന്ന്യസ്ത ബോധ്യങ്ങൾ

താഴെപ്പറയുന്ന ഉദ്ധരണികളിൽ നിന്നും കറതീർന്ന ഒരു സന്ന്യസ്തനെ നാം കണ്ടെത്തുന്നു: "സ്നേഹിക്കപ്പെട്ട കുടെപ്പിറപ്പുകളേ, നമ്മുടെ ഈ വിനീതസമൂഹം മനുഷ്യർ സ്ഥാപിച്ചതല്ല. പിന്നെയോ തമ്പുരാൻ തന്നെ ഇതിനെ... സ്ഥാപിക്കുകയും നടത്തുകയും വളർത്തുകയും ചെയ്തു..."

പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനു വേണ്ടി ദൈവത്തിൽ സ്ഥാപിക്കപ്പെട്ടതും വിശുദ്ധരുടെ സങ്കേതങ്ങളും ആയിരിക്കേണ്ട ഈ കൊവേന്തകൾ ഇപ്പോൾ കാര്യസ്ഥന്മാരുടെ കൂട്ടവും സ്വന്തം ഇഷ്ടം ചെയ്യുന്നവരുടെ വീടുകളും കഷ്ടിച്ചുമാത്രം കാര്യങ്ങൾ ചെയ്തു തീർക്കുന്നവരുടെ ഭവനങ്ങളും ആയിത്തീർന്നിരിക്കുന്നു.

"ഓരോരുത്തർക്കും ആയിരം ഇഷ്ടങ്ങ





ളും ആയിരം ആവശ്യങ്ങളുമാണ്. ചിലരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ഒരു അധികാരി മതിയാകില്ല എന്നു തോന്നിപ്പോകും... നൂറുകൂട്ടം ന്യായങ്ങൾ."

"ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, ഇതാണോ നമ്മുടെ ദൈവവിളി? നാം കൊവേന്തയിൽ ചേർന്നത് നമ്മുടെ ഇഷ്ടങ്ങൾ നിറവേറ്റാനാണോ? അങ്ങനെയെങ്കിൽ നമ്മുടെയും വീജാതീയരുടെയും അനുസരണം തമ്മിൽ എന്തു വ്യത്യാസം? നമ്മുടെ ഇഷ്ടം പോലെ പ്രവർത്തിക്കാനാണെങ്കിൽ ഈ സന്ന്യാസജീവിതം തിരഞ്ഞെടുത്തത് എന്തിന്? കൊവേന്തയിൽ ചേർന്നതും എന്തിന്?"

"ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, നിങ്ങളുടെ ദൈവവിളിയുടെ കടമകൾ നിർവഹിക്കാൻ നിങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ, നിങ്ങളുടെ ആത്മാവിനെ രക്ഷിക്കാൻ അറിയില്ലെങ്കിൽ പിന്നെ എന്ത് അറിവാണ് നിങ്ങൾക്കുള്ളത്? നിങ്ങൾ എന്ത് പഠിച്ചിട്ടുണ്ട്?"

"ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, ഈ വിധത്തിൽ തുടരുകയാണെങ്കിൽ ഇരുപതു വർഷത്തിനുള്ളിൽ ഈ കൊവേന്തകൾ ഇല്ലാതായിത്തീരുമെന്ന് ഉറപ്പായിട്ട് വിശ്വസിക്കുവിൻ."

ഇങ്ങനെ, ചാവറയച്ചന്റെ ബഹുമുഖ വ്യക്തിത്വം വെളിവാക്കുന്നതും കേരളസമൂഹത്തിന്റെയും കേരള കത്തോലിക്കാ സഭയുടെയും സി.എം.ഐ. സഭാസമൂഹത്തിന്റെയുമൊക്കെ ചരിത്രം അനാവരണം ചെയ്യുന്നതുമാണ് അദ്ദേഹത്തിന്റെ കത്തുകൾ.

ധ്യാനവിശുദ്ധിയുടെ അമരസല്ലാപം

മുഞ്ഞിനാട് പത്മകുമാർ

ക്രിസ്തു എന്റെ അനുഭവങ്ങളിൽ ആദ്യം സ്പർശിക്കുന്നത് ഒരു നോവൽ വായനയിലായിരുന്നു. പർലാഗർ കിസ്റ്റിന്റെ 'ബറാബാസ്' എന്ന നോവൽ. ചെല്ലംപിള്ളി അച്ചൻ ഒരു സമ്മാനമായി എനിക്കത് വച്ചുനീട്ടുകയായിരുന്നു. അതൊരു വേനലവധിക്കാലത്തായിരുന്നു. അച്ചനും ഞാനും മലയാറ്റൂർമല ഒന്നിലധികം തവണ കയറിയിറങ്ങിയിട്ടുണ്ട്. ഞങ്ങളൊരുമിച്ചാണ് കൂനമ്മാവിലെ വിശുദ്ധ ഫിലോമിന ആശ്രമത്തിൽ പോയത്. ഞങ്ങളൊരുമിച്ചാണ് അർത്തുങ്കൽ പള്ളിയിലും ഭരണങ്ങാനത്തും പോയത്. അച്ചനിന്നില്ല. അതുകൊണ്ട് തന്നെ എന്റെ തീർത്ഥാടനങ്ങളും കുറഞ്ഞിരിക്കുന്നു.

'ബറാബാസ്' തന്നുകൊണ്ട് അച്ചനെന്റെ ഹൃദയത്തെ ശുദ്ധീകരിക്കുകയായിരുന്നു. 'നീയിതു വായിക്ക്. ഇതൊരു പ്രാർഥനാപുസ്തകമാണ്. ജപമാലകൾ തുന്നിച്ചേർത്ത പുസ്തകം. നിത്യതയിൽ നിന്നാരംഭിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ആനന്ദം നിനക്കിതിൽ നിന്നു ലഭിക്കും.' അതൊരു വെളിപാടായിരുന്നു. അമ്മ മേരി, മഗ്ദലന മറിയം, കുരിശു ചുമന്നുകൊണ്ടു വന്ന കിറനേക്കാരൻ ശിമയോൻ, അരിമത്തെയാക്കാരൻ ജോസഫ് ഇവർക്കൊപ്പം അൽപം അകലെയായി നിൽക്കുന്ന പീതനിറത്താൽ പൊതിഞ്ഞ ഒരുവൻ. കുരിശിൽ പ്രാണൻ പിടയുന്നത് കണ്ടു നിൽക്കുകയാണ് അയാൾ. ചുവന്ന കണ്ണുകളും ചുവന്ന താടിയുമുള്ളവൻ. അവൻ ദൈവപുത്രന്റെ മരണം ആസ്വദിക്കുകയാണ്. പൊടുന്നനെ മേഘമാർഗങ്ങളിലേക്ക് കുരിശ് വളരുന്നതായി ബറാബാസിനു തോന്നി. കുരിശിൽ നിന്ന് പൊട്ടിയൊഴുകിയ പ്രാണസ്വനം അവൻ വ്യക്തമായി കേട്ടു. 'എന്റെ ദൈവമേ, അങ്ങ് എന്താണ് എന്നെ ഉപേക്ഷിച്ചത്?' ബറാബാസിന്റെ പ്രജ്ഞയിലേക്ക് ആരോ വാൾ ചുഴറ്റി. നട്ടുച്ച അന്ധകാരത്തിലേക്ക് പെയ്തിറങ്ങി. എനിക്ക് അവിടം വിട്ട് പോകുവാനായില്ല. ഇരുളിൽ ഞാൻ തപ്പിത്തടഞ്ഞു. ചാരുതയാർന്ന ആ നീലക്കണ്ണുകളിൽ നിന്ന് പ്രകാശം പുറത്തേക്കൊഴുകി. വെളിച്ചം വീണു കിടക്കുന്ന ഒറ്റ വഴിയിലൂടെ ഞാൻ പുറത്തേക്ക് നടന്നു. എനിക്കൊപ്പം ബറാബാസുമുണ്ടായിരുന്നു. അവന്റെ ചുവന്ന താടി കാറ്റിൽ വല്ലാതെ ഉലയുന്നുണ്ടായിരുന്നു. അവന്റെ ചോരക്കണ്ണുകൾ ചുട്ടുപഴുത്തിരുന്നു. ജറുസലേമിലെ അധമജീവിതത്തെക്കുറിച്ച് അവൻ തുറന്നു പറഞ്ഞു. പറയും തോറും അവന്റെ പ്രാണഹൃദയം മാനസാന്തരപ്പെട്ടുകൊണ്ടിരുന്നു. അതൊരു പൂമരമായി മാറുകയായിരുന്നു.





'I deliver up my Soul' എന്നൊരു വാക്യം നോവലിലുണ്ട്('നിനക്കായി ഞാൻ എന്റെ ആത്മാവിനെ വിട്ടു തരുന്നു'). നോവൽ വായനയിലുടനീളം ഈ വചനം എന്നെ പിൻതുടർന്നിരുന്നു. അതിനാൽ ഞാൻ ക്രിസ്തുവിനെ സ്പർശിച്ചുകൊണ്ടേയിരുന്നു. കൂനമ്മാവിലേക്കുള്ള യാത്രയിലായിരുന്നു ഞാനിത് വായിച്ചത് എന്നത് ഇപ്പോൾ അത്ഭുതമായി തോന്നുന്നു. 'ധ്യാനസല്ലാപങ്ങ'ളെക്കുറിച്ച് എഴുതാനിരുന്നപ്പോൾ ആരോ എന്നെ നോവലിലേക്ക് തള്ളിയിട്ടതുപോലെ. കന്യാസ്ത്രീമഠത്തിന് ചാവറയച്ചനയച്ച കത്തുകളിലൊന്ന് ഇപ്പോൾ ഓർമയിലെത്തുന്നു. 'ഉത്സാഹിക്ക. യാതൊരുത്തരും അൽപനേരവും വെറുതെ കളയായ്വാൻ ഉത്സാഹിക്കുക. ഇതിന്റെ വില എത്രയോ - എന്നോർക്കണമേ' - അച്ചന്റെ വചനത്തിൽ നിന്നാണ് ഞാൻ ഉത്സാഹത്തിന്റെ കുതിരപ്പുറത്ത് കയറിയത്. കാലത്തെക്കുറിച്ച് എനിക്ക് ബോധ്യമുണ്ടായത്. പ്രതിസന്ധിവേളകളിലെല്ലാം അച്ചന്റെ ഉത്സാഹമന്ത്രം എനിക്ക് തുണയായി വന്നിട്ടുണ്ട്. സന്ദേഹങ്ങൾക്കും കൃത്യ പാപവിചാരങ്ങൾക്കും നടുവിൽ നിന്ന എന്നിലെ ബറാബാസിനെ മാനസാന്തരപ്പെടുത്തിയത് അച്ചന്റെ സ്നേഹവചനങ്ങളായിരുന്നു.

ചാവറയച്ചന്റെ ധ്യാനസല്ലാപങ്ങൾ നിറയെ തേങ്ങലുകളാണ്. ഭൂമിയിലെ പാപപങ്കിലമായ മനസ്സുകളെ നോക്കി അച്ചൻ ഉതിർത്ത കണ്ണീർപ്പെയ്ത്ത്. ആ പെയ്ത്തിൽ നിറയെ സ്നേഹവിശുദ്ധിയുടെ നീർച്ചാലുകളുണ്ട്. അതെനിക്ക് ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം പോലെയാണ് അനുഭവപ്പെട്ടത്. ദൈവരാജ്യത്തെയും നിത്യജീവിതത്തെയും ലക്ഷ്യം വയ്ക്കുന്ന ഉദാത്തമായ അനുഭവസാക്ഷ്യങ്ങളാണ് അതു നിറയെ. ദൈവഹിതം നടപ്പിലാകട്ടെ എന്ന് ഗിരിപ്രഭാഷണം ഉദ്ഘോഷിക്കും പോലെയാണ് ധ്യാനസല്ലാപവും മന്ത്രിക്കുന്നത്. അത് സമർപ്പിതചിത്തത്തിന്റെ സഹസ്രാകാരപത്മമായിരുന്നു. അതുകൊണ്ടാണ് 'ഉന്നതമായ പുണ്യത്തിനും വലിയ ധ്യാനത്തിനും ഞാൻ യോഗ്യനല്ല, ഞാൻ വലിയ പാപിയാകുന്നു' എന്ന് ധ്യാനസല്ലാപങ്ങളുടെ പ്രാരംഭത്തിൽ ചാവറയച്ചൻ പറയുന്നത്. 'അയോഗ്യതയാണ് മുക്തിയിലേക്ക് പ്രവേശിക്കാനുള്ള എന്റെ യോഗ്യതയെന്ന്' രമണ മഹർഷി പറയുന്നുണ്ട്. ധ്യാനാരൂപിയും പുണ്യപൂർണതയും നേടുവാൻ ഞാൻ അർഹനല്ല എന്നു ചാവറയച്ചൻ പറയുന്നിടത്ത് അത് തെളിഞ്ഞ ജലാശയം പോലെ നമുക്ക് അനുഭവിക്കാൻ കഴിയുന്നു. ഇതെല്ലാം ദൈവതിരുമനസ്സിന്റെ തീരുമാനങ്ങളാണ്. അച്ചൻ പറയുന്നതു പോലെ 'ഞാനീ മണ്ണിൽ നിൽക്കുന്നു. എന്റെ വഴികൾ ദൈവഹിതത്താൽ നിശ്ചയിക്കപ്പെടുന്നു. അവിടന്ന് അത് നടത്തിക്കുന്നു.' ഈ ലോക ജീവിതം ഇതു തന്നെയല്ലേ?

അറബിന്ദോ 'സാവിത്രി'യിൽ പാടും പോലെ 'പ്രാർഥിച്ചു പ്രാർഥിച്ചു വേരോളം ചെല്ലുമ്പോൾ മദമടങ്ങിയ മൺ തണുപ്പ്. അതിനപ്പുറമോ ഇപ്പുറമോ ഇല്ല. അവിടെ എല്ലാം പൂർണം. എങ്കിലും അതിനപ്പുറം തേടുന്നൊരു മനസ്സാണ് മനുഷ്യന്റേത്. ഒടുവിൽ അപൂർണതയുടെ ഒരു ചെറുവേരിലൂടെ വീണ്ടും മനുഷ്യൻ മണ്ണിലേക്ക് ആണ്ടുപോകുന്നു.' ഇതാണ് പരമമായ ആത്മാന്വേഷണം. ഈ ആത്മാന്വേഷണമാണ് ധ്യാനസല്ലാപത്തിന്റെ പരമപദം. ക്ലേശങ്ങളിലൂടെയും സ്വസമർപണത്തിലൂടെയുമാണ് ആ അന്വേഷണം അനുഭവങ്ങൾ പിന്നിടുന്നത്. അതുകൊണ്ടാണ് അത് തേങ്ങലായി മാറുന്നത്; ആനന്ദത്തിന്റെ ഒരു മൺചെരാത് ഭൂമിയിലെ എല്ലാ സഹനങ്ങൾക്കും മുകളിൽ കൊളുത്തിവയ്ക്കുന്നത്. അതുകൊണ്ടാണ്

> "വാഴ്വിൽ ജ്ഞാനസ്നാനത്താലെ പുത്രനായ്
> വാനത്തിൻ മോക്ഷാനന്ദവും തന്നല്ലോ
> വിശ്വാസമുള്ള കാരണവന്മാരാൽ
> വിശ്വാസിയായി എന്നെയും തീർത്തു നീ."

എന്ന് പാടിപ്പോകുന്നത്. ഇത് പാപവിമോചനത്തിന്റെ കൂടി മധ്യസ്ഥപ്രാർഥനയാണ്. എല്ലാ വേദനകളും സുഖപ്പെടുത്തുന്ന പ്രാർത്ഥന.

ഒരു രാത്രിയിൽ ഞാൻ ധ്യാനസല്ലാപം വായിക്കുകയാണ്. ജനലിലൂടെ തണുത്ത കാറ്റ് പതിയെ കടന്നു വരുന്നുണ്ട്. നേരിയ കുളിർമ തോന്നി. പുസ്തകമടച്ച് ഞാൻ ഇരുളിലേക്ക് നോക്കി നിന്നു. മഴ പെയ്യുന്നുണ്ട്. നോക്കി നിൽക്കേ ഒരു ശലഭം മഴ നനഞ്ഞ് അകത്തേക്ക് പറന്നു വന്നു. ഭൂമിയിലെ എല്ലാ ഋതുക്കളുടെയും നിറങ്ങൾ അതെടുത്തണിഞ്ഞിരുന്നു. അത് മുറിയിലാകെ ചുറ്റിപ്പറന്നു. ഒടുവിൽ ക്രിസ്തുവിന്റെ ചിത്രത്തിനു മുകളിൽ ഇരുപ്പുറപ്പിച്ചു. രാവേറെ കഴിഞ്ഞിട്ടും അതവിടെ നിന്ന് പോയില്ല. അങ്ങനെ ഒരു രാത്രിയും ഒരു പകലും കഴിഞ്ഞു. ഇതെനിക്ക് ഒരത്ഭുതമായിരുന്നു. ധ്യാനശലഭം. ഞാൻ ധ്യാനസല്ലാപം തുറന്നു വായിക്കാൻ തുടങ്ങി. 'അപ്പാ, നിന്റെ തിരുമുഖം എത്രയോ അഴകുള്ളത്! സൃഷ്ടിക്കപ്പെട്ട സകല മുഖത്തേക്കാളും അഴകുള്ളതാകുന്നു. മനുഷ്യമക്കളിൽ ഏറ്റവും അഴകുള്ളവൻ എന്ന് പിതാവായ ദാവീദ് പാടുന്നതും ഞാൻ കേൾക്കുന്നു. ദുഃഖമുള്ളവർ ഈ മുഖം കണ്ടാൽ സ



ന്തോഷമുള്ളവരായി മാറുമെന്നും അങ്ങനെ പലർക്കും സംഭവിച്ചിരിക്കുന്നുവെന്നും ഞാൻ അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു.'

അഴകിന്റെ അഴകാണ് ഈ ധ്യാനശലഭം. ആകുലതകളൊഴിഞ്ഞ ധ്യാനം. അപ്പാ എന്നു വിളിക്കുമ്പോൾ ധ്യാനം അതിന്റെ തേങ്ങലുകളോടെ ആനന്ദത്തിലേക്ക് ചിറകു വിരിക്കുന്നു. ഭൂമിയിലെ അഴകുള്ളവൻ ക്രിസ്തുവായിരുന്നു എന്നായിരുന്നല്ലോ ജിബ്രാൻ പാടിയത്. അവന്റെ മുഖം കണ്ട് ദുഃഖിതരും പീഡിതരും ഒരുപോലെ ആനന്ദിക്കുന്നു. ആ ആനന്ദമാണ് നിത്യതയിലേക്ക് തുറന്നു കിടക്കുന്ന വഴിയും വെളിച്ചവും. അതിലൂടെ നീങ്ങുമ്പോൾ തങ്ങളുടെ പാദങ്ങൾക്ക് കരുത്തു നൽകേണമേ എന്നു ആരോ പ്രാർഥിക്കുന്നുണ്ട്. ആ വഴിയും വെളിച്ചവുമാണ് പലകാലങ്ങളിലായി ഞങ്ങൾ നഷ്ടപ്പെടുത്തിയത്. സ്നേഹവിശ്വാസത്തിനു മുകളിൽ ഞങ്ങൾ കടും നിറങ്ങൾ വാരിയൊഴിച്ചു. ഞങ്ങൾക്കതിൽ മനസ്താപമുണ്ട്. അതോർത്ത് ഞങ്ങൾ വിലപിക്കുന്നു. ഞങ്ങൾക്കൊരിക്കൽ കൂടി ആ മുഖം കാണണമെന്നുണ്ട്. "അപ്പാ, അങ്ങയുടെ മുഖം വിരൂപമാക്കിയതിന് ക്ഷമ ചോദിക്കുന്നു. അങ്ങയുടെ തലമുടി ഇളക്കിമാറ്റി, പിണർത്തിരിക്കുന്ന രക്തകണങ്ങളെല്ലാം വടിച്ചു നീക്കി ആ ചാരുമുഖം ഒന്നു കാണട്ടെ. അപ്പാ, ഞങ്ങളോട് പൊറുക്കൂ, പൊറുക്കൂ." ഇത് ധ്യാനത്തിന്റെ ആനന്ദാതിരേകമാണ്. ധ്യാനിക്കുവാനുള്ള കുറഞ്ഞ യോഗ്യത നിങ്ങൾ സഹനത്തിന്റെ പാതയിൽ നടക്കുന്നവരാകണം എന്നാണല്ലോ. എല്ലാം സഹിക്കുമ്പോഴാണ് എല്ലാം തുറന്നു പറയാനുള്ള ഒരു മനസ്സുണ്ടാകുന്നത്. ക്രിസ്തു സഹനങ്ങളുടെ വിരാട്



പുരുഷനായിരുന്നു. അതുകൊണ്ടാണ് ആ സഹനങ്ങൾ അമര കാവ്യങ്ങളായിത്തീർന്നത്. അപ്പനോടുള്ള മനസ്സു തുറക്കൽ ഭൂമിയിലെ എല്ലാ ദുഃഖിതരുടെയും പ്രാർഥനയായി മാറുന്നതും അതുകൊണ്ടാണ്.

ഗാഗുൽത്തായിലെ ബലി ധ്യാനത്തിന്റെ അഭിജാതമായൊരു നിമിഷമാണ്. അത് സമർപണങ്ങളുടെ അവസാനിക്കാത്ത തേങ്ങലായിരുന്നു. അച്ചൻ ധ്യാനിക്കുന്നു, "പാപം മൂലമുള്ള എന്റെ ദാഹം തീർക്കാനായി ഗദ്സേമിനിയിൽ മുതൽ ഞാൻ നിന്റെ രക്തം കുടിച്ചു തുടങ്ങി. രക്തഞരമ്പുകളിൽ ഉള്ള ചോര മുഴുവൻ കുടിച്ചിട്ടും തൃപ്തി വന്നില്ല. അവ തീർത്തിട്ടു മാംസത്തിന്റെ ഇടയിൽ ശേഷിച്ചിരുന്ന രക്തത്തുള്ളികൾ പോലും വലിച്ചു കുടിക്കാനായി നിന്റെ മാംസം ഞാൻ ചീന്തിപ്പൊളിച്ചുവല്ലോ." "ഹാ അപ്പാ, ഇവകൊണ്ടൊന്നും എനിക്ക് തൃപ്തി വന്നില്ലല്ലോ? എന്റെ മേൽ നീ വച്ച സ്നേഹത്തിനും മതി വന്നില്ലല്ലോ?"

ഇവിടെ എന്റെ മേൽ നീ വച്ച സ്നേഹത്തിനും മതി വന്നില്ലല്ലോ എന്നാണ് അച്ചന്റെ പ്രാർഥന. ധ്യാനപൂർണതയാണത്. ആ പൂർണതയിലാണ് അനശ്വരമായ ബലി കുടികൊള്ളുന്നത്. ആത്മാവിൽ നിന്നൂറിയ രക്തത്തുള്ളികൾ കൊണ്ടാണ് അത് അഭിഷിക്തമാകുന്നത്. എന്റെ പാപച്ചുമടുകൾ കെട്ടിവച്ചിരിക്കുന്ന ഭാരമേറിയ കുരിശിനെ സന്തോഷത്തോടെ എടുത്തുവച്ചുകൊണ്ട് നീ നടന്നുവല്ലോ എന്ന് പതിയെ മന്ത്രിക്കുമ്പോൾ ആ ഹൃദയഭാരം നാം അനുഭവിക്കുന്നുണ്ട്. ഓസ്തിയിൽ വാഴുന്ന ഈശോയെ ദർശിക്കുമ്പോഴും സ്നേഹമുള്ള അമ്മമാരെ കാണുമ്പോഴും ധ്യാനഗുരുനാഥനെ അനുഭവിക്കുമ്പോഴും രക്താഭിഷിക്തമായ ശരീരത്തെ ശുദ്ധമാക്കുമ്പോഴും ധ്യാനാനന്ദം ഈശോ വിളിക്കും പോലെ നമുക്കും അനുഭവവേദ്യമാകുന്നുണ്ട്. 'കർത്താവേ, നിന്റെ എത്രയും വലിയ അനുഗ്രഹത്തിന്റെയും ക്ഷമയുടെയും സ്നേഹത്തിന്റെയും കാലം ഇതാണെന്ന്' വിശുദ്ധ പൗലോസ് വിളിച്ചറിയിക്കുന്നതു പോലെ ഈ ധ്യാനസല്ലാപങ്ങൾ അനുഗ്രഹത്തിന്റെയും ക്ഷമയുടെയും സ്നേഹത്തിന്റെയും ധ്യാനാവസ്ഥകളിലൂടെ ഒഴുകിപ്പോകുന്നു. അനുഗ്രഹങ്ങളുടെ രാജകീയമുദ്രകളുള്ള എന്റെ അപ്പാ, എന്റെ നന്ദികേടുകളെല്ലാം മറന്നു കളയുകയും മുൻകാലത്തിലെന്നപോലെ എന്റെ പുത്രസ്ഥാനത്തിൽ വയ്ക്കുകയും ചെയ്യുന്നു. ഇതാണ് ധ്യാനസല്ലാപങ്ങൾ തരുന്ന ശുശ്രൂഷ. ഇത് മനസ്സുകൾക്കു വേണ്ടിയുള്ള പ്രാർഥനയാണ്. ഇതെന്നെ കൂടുതൽ വിനയാന്വിതനാക്കുന്നു. മദമടങ്ങിയ മനസ്സിന്റെ സമർപണം കൂടിയായി ഇതു മാറുന്നു. ഇതെന്നെ ആനന്ദാതിരേകത്തോളം കൊണ്ടെത്തിക്കുന്നു. എല്ലാം നഷ്ടപ്പെടുമ്പോഴും എന്തൊക്കെയോ ബാക്കിയാകുന്നു എന്ന സാന്ത്വനം. ആ സാന്ത്വനത്തിന്റെ രാപകലുകളിലൂടെ എന്റെ നഷ്ടജാതകം ഒഴുകിക്കൊണ്ടേയിരിക്കുന്നു.



ബഹുസ്വരനിരീക്ഷണങ്ങൾ

ജ്ഞാനകർമങ്ങളുടെ നാനാർഥങ്ങൾ

ശ്വസിക്കുന്ന കളിമണ്ണ്

ജോൺ മണ്ണാറത്തറ

നാറാണത്തുഭ്രാന്തനും സിസിഫസും പ്രത്യക്ഷത്തിൽ നിരർത്ഥകമായ കർമ്മത്തിലേർപ്പെട്ടിരുന്നു. ഭീമമായ കല്ലിനെ മലമുകളിലേക്ക് ഉന്തിക്കയറ്റുക. ശ്രമകരമായ ഈ ഉദ്യമം വിജയിച്ച് മുകളിലെത്തിയാൽ വീണ്ടും ഉരുട്ടി താഴേക്ക് തള്ളുക. ഒരാൾ ഉയരത്തിലെത്തുകയും വീണ്ടും കീഴടക്കാനുള്ള ഉയരം മുന്നിൽ കാണാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയിൽ കയറിയ ഉയരത്തെ വീണ്ടും വീണ്ടും സമീപിക്കുകയാണ് ഉത്തമമായിട്ടുള്ളത്. അവിരാമമായ പരിശ്രമത്തിനു കല്ല് ഒരു മാധ്യമം മാത്രമാണ്. ഉയരത്തിലേക്കെത്തിയ ആത്മാവ് ശരീരത്തെ ഉപേക്ഷിക്കുന്നു. ഭൗതികതയെ ഉപേക്ഷിക്കുന്നു. താഴേക്ക് തിരികെപോരുന്നു. ഈ 'അപ്ഹിൽ ജേർണി' അവിരാമമായി - തലമുറകളായി തുടർന്നുകൊണ്ടിരിക്കുന്നു.

സന്ന്യാസവും ഇതു തന്നെയാണ്. ഉയരത്തിലേക്കെത്തിയ ശേഷം മോഹങ്ങളെ പിന്നിലാക്കുന്നു. ആഗ്രഹങ്ങളെ കൈവിടുക. നിർവാണം/ജീവൻമുക്തി സിദ്ധിക്കാൻ ഉയരങ്ങളെ സ്വപ്നം കാണുന്നു. ഉയരത്തിൽ ഭവനം പണിയുന്നു. ചാവറയച്ചൻ സ്ഥാപിച്ച ഉയരത്തിലെ വീടാണ് ദർശനവീട്/ബസ്റൗമ. സന്ന്യാസം കൊണ്ട് സ്വന്തം ജീവിതത്തെ വിശുദ്ധീകരിച്ചിട്ട് കൂടപ്പിറപ്പുകളെയും ഉയരത്തിലേക്ക് ഉയർത്തുന്നു. സ്വർഗദർശനത്തിലേക്ക്, ഉയർന്ന സ്വപ്നത്തിലേക്ക്, മെച്ചമായ ഭാവിയിലേക്ക്, പുതിയ മാനവികതയിലേക്ക്. അവിടെ അവരോഹണവും (descent) ആരോഹണവും (re-ascent) ഉണ്ട്. ധന്യതയിലെത്തിയ ആൾ താഴെ വന്ന് സാധാരണ മനുഷ്യരെയും ധന്യതയിലേക്കുയർത്തണം.

സന്ന്യാസംപോലെ കുടുംബവും ഈ ധർമ്മം നിർവ്വഹിക്കുന്നുണ്ട്. വളർച്ച എത്തിയവരിൽ നിന്നും പുതിയ മനുഷ്യൻ ബീജവും അണ്ഡവുമായി ലളിതമായ അവസ്ഥയിലേക്ക് അവരോഹണം ചെയ്യുന്നു. അവ സംയോജിച്ച് സങ്കീർണ്ണതയിലേക്ക്, മനുഷ്യന്റെ ഉയർന്ന സാദ്ധ്യതയിലേക്ക് വീണ്ടും വളരുന്നു. സസ്യലോകത്തും വൃക്ഷം ചെറിയ വിത്തായി നിലത്തുവീഴുകയും അഴുകുകയും പുതിയ ജീവനായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. വീണ്ടും വൃക്ഷമായി വളരുന്നു.

മനുഷ്യന്റെ വൈകാരികവും ആത്മീയവുമായ ലോകത്തും പരിത്യജിക്കലുകളും പുനർജനിക്കലുകളും പരമ്പരയായി അരങ്ങേറിക്കൊണ്ടിരിക്കുന്നു. നിഷ്ക്കളങ്കവും സ്വാഭാവികവുമായ ആഗ്രഹങ്ങളെ പോലും നിയന്ത്രണത്തിന്റെയോ പരിത്യജിക്കലിന്റെയോ മരണതുല്യമായ പ്രക്രിയക്ക് വിധേയപ്പെടുത്തുന്നു. ജീവന്റെ സ്ഫുലിംഗമായി ദൈവവും ചെറുതായി മനുഷ്യനാകുകയും മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന ജീവന്റെ ക്രമം ക്രിസ്തുവിലും പ്രപഞ്ചം മുഴുവനിലും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് സി. എസ്. ലെവിസ് Incarnation എന്ന സംഹിതയിൽ വിശദീകരിക്കുന്നുണ്ട്.

തനിക്കുചുറ്റുമുള്ള ലോകത്തെ മാറ്റിമറിക്കാനല്ല മറിച്ച് തന്നെത്തന്നെ പരിവർത്തന



പ്പെടുത്തുകയെന്ന ശ്രമകരമായ ഉദ്യമമാണ് ഒരു ദൈവിക മനുഷ്യൻ പ്രധാനമായി കരുതുന്നതെന്ന് ക്ലെയർ സുത്ത് ലൂസ് നിരീക്ഷിക്കുന്നുണ്ട്. ദർശനവീട്/ആശ്രമം നൽകുന്ന ആത്മീയ പരിസരത്ത് ഘട്ടം ഘട്ടമായി ധന്യതയിൽ നിന്നും അതിധന്യതയിലേക്കുള്ള പ്രയാണമാണ് അഭികാമ്യമെന്ന് ചാവറയച്ചൻ വിശ്വസിച്ചിരുന്നു. സ്ഥാനമാനങ്ങൾ നൽകുന്ന ഒരു ഭൗതിക ഇടമല്ല, ത്യജിക്കൽ നൽകുന്ന ആത്മീയ ഇടമാണ് ചാവറയച്ചൻ കാംക്ഷിച്ചത്.

ചാവറയച്ചൻ എഴുതിയ *ആത്മാനുതാപം* എന്ന കൃതി തന്റെ ഇടം എവിടെയെന്ന അന്വേഷണമാണ്. തന്റെ നിസ്സാരത ഏറ്റുപറയുന്നതാണ് *ആത്മാനുതാപം*. കുമ്പസാരമെന്ന സങ്കേതത്തിലാണിത് ആവിഷ്കരിച്ചിട്ടുള്ളത്. തന്റെ ഇടം നിസ്സാരമാണെന്നു ബോധ്യപ്പെടുമ്പോഴാണ് കണ്ണീരിന്റെ നനവ് അനുഭവപ്പെടുന്നത്. അതിനെ ചാവറയച്ചൻ പശ്ചാത്തപിക്കുന്ന ഒരു ആത്മാവിന്റെ 'നിലവിളികൾ' എന്നു വിളിച്ചു.

അഹങ്കരിക്കാവുന്ന അങ്കികൾ ഓരോന്നായി അഴിച്ചു മാറ്റുന്നിടത്ത് അനാവൃതമായ മനസ്സുമായി ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നു. ഇങ്ങനെ നഗ്നനാക്കപ്പെടുന്ന ഒരു സഹനദാസനാണ് ഈയ്യോബ്. എല്ലാ സ്ഥാനമാനങ്ങളും കഷ്ടതകളുടെ അകമ്പടിയോടെ ബലാല്ക്കാരമായി ഉരിഞ്ഞു മാറ്റുന്നിടത്ത് ദൈവം തന്നു; ദൈവം തിരികെ എടുത്തുവെന്ന് വിളംബരം ചെയ്യുന്നു. ഇതാണ് ആത്മാവിനാൽ സ്നാനപ്പെടൽ. ഇതാണ് നിസ്സാരതയിൽ ഒരുവന്റെ ക്ഷണിക സ്ഥാനം. ശ്വസിക്കുന്ന മണ്ണാണ് മനുഷ്യനെന്ന് (breathing clay) ആയുസ് ഒരാളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

തന്നെ പട്ടക്കാരനാക്കിയതാര്? പ്രിയോർ എന്നു വിളിച്ചു? തനിക്കിതിനൊക്കെ എന്തു യോഗ്യത? തന്റെ നിസ്സാരത്വം ആത്മഗതം നടത്തുന്ന ചാവറയച്ചനാണ് ഈ വാക്കുകളിൽ തെളിയുന്നത്. ഒരുവനെ വിനീതമാക്കുന്ന ആത്മീയസംസ്കാരം എങ്ങനെ സാധ്യമാക്കാമെന്ന് കവിതയിലൂടെയും, സാധനയിലൂടെയും പ്രാർത്ഥനയിലൂടെയും ചാവറയച്ചൻ കാട്ടിത്തരുന്നു.

മുഖങ്ങൾക്കു പിറകിലെ പൊയ്മുഖങ്ങളുമായി *ദീർഘചതുരം* എന്ന നാടകം 2014 ജൂലൈ 25-ാം തിയതി കോഴിക്കോട് ടൗൺ ഹാളിൽ അരങ്ങേറുകയുണ്ടായി. സൂര്യാ കൃഷ്ണമൂർത്തി കഥയും സംവിധാനവും നിർവ്വഹിച്ച നാടകം ടെലിവിഷനിലെ ഒരു തത്സമയ അഭിമുഖത്തിന്റെ ശൈലിയിലാണ് അവതരിപ്പിച്ചത്. ഭാരതരത്ന നേടിയ സംഗീതജ്ഞനായ സ്വാമിനാഥൻ എന്ന കഥാപാത്രവുമായാണ് അഭിമുഖം നടത്തുന്നത്. പ്രശസ്തിയുടെയും പണത്തിന്റെയും മുകളിൽ നിൽക്കുന്ന സ്വാമിനാഥന്റെ വ്യക്തിജീവിതം ചോദ്യത്തിലൂടെ വെളിവാക്കപ്പെടുന്നു. തന്റെ വളർച്ചയുടെ പല ഘട്ടങ്ങളിലും താൻകാരണം വീണുപോയവരെ കാണുന്നു. താൻ പറയുന്ന വലിയ വാക്കുകൾക്കു കടകവിരുദ്ധമായി ജീവിക്കുന്ന തന്നെത്തന്നെ മനസ്സിലാക്കുന്നു. വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം തിരിച്ചറിയുന്നു. ഒടുവിൽ കുറ്റം സമ്മതിച്ച് പശ്ചാത്തപിച്ച് ഭാരതരത്ന അദ്ദേഹം ഉപേക്ഷിക്കുന്നു. നാം ഉപേക്ഷിച്ചു പോകുന്ന വഴികളിൽ പിന്നെയും യാത്രികർ ബാക്കിയുണ്ട് എന്ന തിരിച്ചറിയലിലും സന്ദേശത്തിലും നാടകത്തിനും തിരശ്ശീല വീഴുന്നു. കഠിനമായിത്തീർന്ന മനസാക്ഷിയെ തപിപ്പിക്കുന്ന ആത്മീയ രസതന്ത്രമാണ് ഈ ചോദ്യങ്ങളാകുന്ന സങ്കേതം. അഭിമുഖം തന്റെ തന്നെ മനസാക്ഷിയുടെ നേർക്കാഴ്ചയാകാം. ദൈവസന്നിധിയിൽ പശ്ചാത്തപിക്കുന്ന പാപിയാകാം. ഇങ്ങനെയാണ് ദാവീദ് തന്റെ ദുഷ്കർമ്മങ്ങളുടെമേൽ വിലപിക്കുന്നതും, ആത്മസംസ്കരണം വരുത്തുന്നതും, വിലാപങ്ങൾ സങ്കീർത്തനങ്ങളാകുന്നതും. ചാവറയച്ചൻ വിലപിക്കുന്നത് അതിധന്യമാകുന്നതിനുള്ള സങ്കേതമായിട്ടാണ്. ബാക്കിവന്നത് വിശുദ്ധജീവിതവും അരൂപിയുടെ മേലൊപ്പുള്ള കവിതാസമാഹാരവും. തന്റെ ഇടം കണ്ടെത്തുന്നതോടെ ജീവിതവും കവിതയും സമാപിക്കുന്നു.





മതനിരപേക്ഷ വിദ്യാഭ്യാസപ്രചാരകൻ

സി. കെ. രാമചന്ദ്രൻ

രാജ്യത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, പ്രൈമറി സ്കൂളുകളിലും 'ആറു മാസത്തിനകം' സൗജന്യമായി ഉച്ചഭക്ഷണം നൽകണമെന്ന് സുപ്രീംകോടതി ഉത്തരവിടുന്നത് 2001 നവംബർ മാസത്തിലാണ്. എന്നാൽ വിപ്ലവകരമായ ഈ പരിഷ്കാര നടപടിയുടെ വിത്തുകൾ, ഏതാണ്ട് 150 വർഷങ്ങൾക്കു മുമ്പേ കേരളത്തിലെ ഒരു കുഗ്രാമ ഇടവകയിൽ വിജയകരമായി വിതയ്ക്കുകയും കൊയ്യുകയും ചെയ്ത ഒരു സാധു പുരോഹിതനുണ്ടായിരുന്നു. മനസ്സു നിറയ്ക്കുന്നതിന് മുമ്പ് ഒരുവന്റെ വയറു നിറക്കേണ്ടതുണ്ടെന്ന് ഉറച്ചു വിശ്വസിച്ച ഒരാൾ.

ഈയൊരൊറ്റ പരിഷ്കാരത്തിന്റെ പേരിലല്ല, ചാവറയച്ചൻ ഇന്ന് സ്മരിക്കപ്പെടുന്നത്. എല്ലാ അർഥത്തിലും വിപ്ലവകരമായ ആശയങ്ങൾകൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും അദ്ദേഹം തന്റെ കാലത്തിലെ പഴഞ്ചൻ സങ്കുചിതത്വങ്ങളെ ഞെട്ടിച്ചു. 'കാലത്തിനു മുമ്പേ നടന്ന ആൾ' എന്നാണ് ചരിത്രകാരനായ പ്രൊഫ. എ. ശ്രീധരമേനോൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. പൗരന്മാർ തങ്ങളുടെ സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത് എങ്ങനെയെന്നതിന് ദൃഷ്ടാന്തമായിരുന്നു ചാവറയച്ചന്റെ മുഴുവൻ പ്രവർത്തനങ്ങളും. പള്ളിക്കൊപ്പം പള്ളിക്കൂടം തുടങ്ങണമെന്ന ഉത്തരവും സന്നദ്ധപ്രവർത്തനങ്ങളിലൂടെ നടത്തിയ ധനസമാഹരണ രീതിയും അവശതയനുഭവിക്കുന്നവർക്കുള്ള ആശാകേന്ദ്രങ്ങൾ ആരംഭിച്ചതുമെല്ലാം ഇതിന്റെ ഭാഗമായിരുന്നു.

വിദ്യാഭ്യാസമേഖലയിലായിരുന്നു ചാവറയച്ചന്റെ ആഴമേറിയ സംഭാവനകൾ. കേരളത്തിൽ ത്വരിതമായിക്കൊണ്ടിരുന്ന സാമൂഹ്യ പരിവർത്തനങ്ങളുടെ സന്ദിഗ്ധകാലത്തായിരുന്നു അദ്ദേഹം ജീവിച്ചിരുന്നത്. അടിച്ചമർത്തപ്പെട്ട നിന്ദിതരും പീഡിതരും തങ്ങളുടെ ശബ്ദവും സാമൂഹികസ്ഥാനവും വീണ്ടെടുക്കാൻ നടത്തിയ സമരകാലവുമായിരുന്നു അത്. പലപ്പോഴും മിഷനറിമാരുടെ പിന്തുണയോടെയായിരുന്നു ഇത്തരം സമരങ്ങൾ നടന്നിരുന്നത്. പ്രത്യേകിച്ചും തെക്കൻ തിരുവിതാംകൂറിൽ, ഇതിനെതിരെ, അധികാരം കൈയാളിയിരുന്ന ഉപരിവർഗത്തിന്റെ രൂക്ഷമായ തിരിച്ചടികളുമുണ്ടായിരുന്നു. നിലനിൽക്കുന്ന സാമൂഹികസമവാക്യങ്ങൾക്ക് ഇളക്കം തട്ടുന്നത് ഒരുവിധത്തിലും അവർക്ക് സഹിക്കുമായിരുന്നില്ല. അവരുടെ കഠിനമായ വെറുപ്പും എതിർപ്പും സധൈര്യം നേരിട്ടുകൊണ്ടല്ലാതെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കായി തുറന്നുകൊടുക്കുക അസാധ്യമായിരുന്നു. അസാമാന്യമായ ധൈര്യത്തോടെയും ചങ്കുറപ്പോടെയുമാണ് ചാവറയച്ചൻ അതിന് തുനിഞ്ഞിറങ്ങിയത്.

ചാവറയച്ചന്റെ ജീവചരിത്രകാരനായ ഫാദർ മുണ്ടാടൻ സൂചിപ്പിക്കുന്നതുപോലെ, "ഒരുപക്ഷേ പ്രൊട്ടസ്റ്റന്റുകാരിൽ നിന്നും പ്രചോദനം നേടിയാവണം ചാവറയച്ചൻ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയതും അച്ചടി മാധ്യമത്തിന് വലിയ മുൻതൂക്കം നൽകിയതും അതുവഴി നവോത്ഥാന നായകനായി ഉദയം ചെയ്തതും". അക്കാലത്ത് ബ്രിട്ടനിൽ ഉദയം ചെയ്തിരുന്ന സാമൂഹ്യപ്രസ്ഥാനങ്ങളെക്കുറിച്ചും കൊളോണിയൽ ഇന്ത്യയിലുണ്ടായ അവയുടെ രണ്ടുതരം സ്വാധീനങ്ങളെക്കുറിച്ചും (പ്രൊട്ടസ്റ്റന്റ് മിഷനറിയും ബ്രിട്ടീഷ് ഉദ്യോഗസ്ഥരും) മനസ്സിലാക്കിയാലേ മുണ്ടാടന്റെ പ്രസ്താവനയുടെ നിജസ്ഥിതി മനസ്സിലാക്കാനാവൂ.

ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ ബ്രിട്ടീഷുകാരായ ധാരാളം ഉദ്യോഗസ്ഥർക്ക് ഇന്ത്യക്കാരോടുള്ള കമ്പനിയുടെ സമീപനത്തിലും പെരുമാറ്റത്തിലും അഭിപ്രായ ഭിന്നതയുണ്ടായിരുന്നു. പാവപ്പെട്ടവരും താഴ്ന്നവരുമായവരുടെ ഉന്നമനത്തിന് വേണ്ടിയും ഇന്ത്യൻ ഉപരിവർഗം അവരോട് കാണിക്കുന്ന അനീതിക്കെതിരെയും അവർ ശബ്ദമുയർത്തി. ചാൾസ് ഗ്രാന്റ് അവരിൽ പ്രമുഖനായിരുന്നു. 1805 ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചെയർമാനായ ഗ്രാന്റ്, ക്രിസ്തീയ സുവിശേഷത്തിലൂടെയും കോളനികളോടുള്ള കമ്പനിയുടെ

പുതിയ സമീപനം ത്വരിതപ്പെടുത്തി. ഇന്ത്യാക്കാരായ സർക്കാർ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനായി ഫോർട്ട് വില്യം കോളേജും ഹെയിൽബെറി കോളേജും ആരംഭിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടായിരുന്നു. വിദ്യാഭ്യാസം, സാമൂഹ്യ പരിഷ്കരണം, ക്രിസ്ത്യൻ മതപ്രചാരണം എന്നിവ കോളനിരാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധനായിരുന്നു ഗ്രാന്റ്. എന്നാൽ തങ്ങളുടെ കച്ചവട താൽപര്യങ്ങളിൽ മാത്രം വ്യാപൃതനായിരുന്ന ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നയങ്ങൾ മതപ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുകൂലമായിരുന്നില്ല.

ഇന്ത്യക്കാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് മിഷനറിമാരെ ഇന്ത്യയിലേക്കയയ്ക്കാനുള്ള ഉത്തരവാദിത്തം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കടമയായി ബ്രിട്ടീഷ് നിയമനിർമാണ സഭ അംഗീകരിക്കുന്നത് 1813 ൽ മാത്രമാണ്. എന്നാൽ അതിനുംമുമ്പേ 1806 ൽ തന്നെ ക്ലോയിഡ് ബുക്കാനനെ കൽക്കട്ടയിലെ ചാൾസ് ഗ്രാന്റ് കേരളത്തിലേക്ക് ക്ഷണിച്ചുകൊണ്ടുവന്നിരുന്നു.

1810 ൽ കേണൽ മൺറോ കേരളത്തിലെ റസിഡന്റ് ആയതിൽ പിന്നെയാണ് മിഷനറി പ്രവർത്തനങ്ങൾക്ക് തിരുവിതാംകൂറിൽ കാര്യമായ പ്രോത്സാഹനം ലഭിച്ചത്. ലണ്ടൻ മിഷൻ സൊസൈറ്റി തിരുവിതാംകൂറിൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ, തിരുവിതാംകൂർ റാണിയിൽ നിന്നും കേണൽ മൺറോ മിഷനുവേണ്ടി ഒരു ബംഗ്ലാവ് വാങ്ങി. വിദ്യാഭ്യാസത്തിനുവേണ്ടി, 5000 രൂപയുടെ എൻഡോവ്മെന്റും ഏർപ്പെടുത്തി. മിഷൻ സൊസൈറ്റിയുടെ മുഖ്യ പ്രവർത്തകരിൽ ഒരാളായ മീഡിനെ നാഗർകോവിൽ സിവിൽ ജഡ്ജായി നിയമിച്ചെങ്കിലും ഒരു വർഷത്തിനുശേഷം ഈസ്റ്റ് ഇന്ത്യാ കമ്പനി അതു പിൻവലിച്ചു.

1817 ൽ കോട്ടയത്ത് സി.എം.എസ് കോളേജ് സ്ഥാപിച്ച ചർച്ച് മിഷൻ സൊസൈറ്റിയെ കേരളത്തിലേക്ക് ക്ഷണിച്ചതും മൺറോയായിരുന്നു. ബേസൽ ഇവാഞ്ചലിക്കൽ മിഷൻ 1834 ൽ മലബാറിലും മംഗലാപുരത്തും പ്രവർത്തനമാരംഭിച്ചു. ജാതിവ്യവസ്ഥയുടെ ക്രൂര നുകത്തിൽ നിന്ന് മതപരിവർത്തനത്തിലൂടെ മോചിതരായവർക്ക് വിദ്യാഭ്യാസവും തൊഴിലും നൽകലായിരുന്നു പ്രധാനമായും ഇവരുടെ പരിപാടി.

കേരളത്തിൽ നടന്ന ഇത്തരം സംഭവങ്ങൾ ചാവറയച്ചനെ നല്ല രീതിയിൽ സ്വാധീനിച്ചിട്ടുണ്ടെങ്കിലും നേരത്തേ പറഞ്ഞ രണ്ട് സമീപനങ്ങളിൽ നിന്നും അത് തികച്ചും വേറിട്ടു നിൽക്കുന്നുണ്ട്. സഹാനുഭൂതിയിലും ദയാവായ്പിലും അടിയുറച്ച ക്രിസ്തീയ മൂല്യബോധത്തോട് ചേർന്ന് നിൽക്കുമ്പോഴും ചാവറയച്ചന്റെ പരിഷ്കാരങ്ങളുടെ അടിത്തറ കൃത്യമായും ഭാരതീയമായിരുന്നു. പള്ളിക്കൊപ്പം പള്ളിക്കൂടവും എന്ന ചാവറയുടെ ആശയം യഥാർഥത്തിൽ ക്ഷേത്രത്തോട് അനുബന്ധമായി വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്ന പഴയ ഹൈന്ദവ രീതിയുടെ അനുരണനമായിരുന്നു. ബുദ്ധ, ജൈന രീതികളാണ് പിന്നീട് കൈമറിഞ്ഞ് ഹൈന്ദവമായതെന്ന് പ്രൊഫ. ശ്രീധരമേനോനെപ്പോലുള്ളവർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഒരു കളരിയാശാന്റെ കീഴിൽ മലയാളത്തിനു പുറമെ ശകലം തമിഴും സംസ്കൃതവും പഠിപ്പിക്കുന്ന ചാവറയച്ചന്റെ പള്ളിക്കൂടങ്ങൾ, പൂർണമായും മതനിരപേക്ഷവും വിഭാഗീയപരിഗണനകളൊന്നുമില്ലാതെ സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് വിഭാവനം





ചെയ്തത്.

1846 ൽ മാന്നാനത്ത് സ്ഥാപിച്ച സംസ്കൃത വിദ്യാലയമാണ് ചാവറയച്ചൻ സ്ഥാപിച്ച ആദ്യകാല വിദ്യാലയങ്ങളിൽ ഒന്ന്. ആശ്രമത്തിലെ അന്തേവാസികൾക്ക് പുറമേ സമീപ പ്രദേശങ്ങളിലുള്ളവർക്കും അവിടെ പ്രവേശനം നൽകിയിരുന്നു. മതനിരപേക്ഷമായ വിദ്യാഭ്യാസമാണ് ചാവറയച്ചന്റെ സന്ദേശം. രാജ്യമെങ്ങുമുള്ള ചാവറ സ്ഥാപനങ്ങൾ ഈ സന്ദേശം പിൻപറ്റുന്നു.

വ്യക്തിപരമായ ഒരു കാര്യംകൂടി സൂചിപ്പിക്കുന്നു. ചാവറ സ്ഥാപനങ്ങളിലൊന്നായ കോഴിക്കോട് ദേവഗിരി കോളേജിൽ 1966 മുതൽ 1969 വരെ ഞാനൊരു വിദ്യാർഥിയായിരുന്നു. ബിരുദകോഴ്സിന് പ്രവേശനം നേടുമ്പോൾ ഞാൻ ഒരൊറ്റ വിദ്യാർത്ഥി മാത്രമേ സംസ്കൃതം രണ്ടാം ഭാഷയായി തെരഞ്ഞെടുത്തിരുന്നുള്ളൂ. അഞ്ചാം ക്ലാസ്സ് മുതൽ സംസ്കൃതം പഠിച്ചിരുന്നതുകൊണ്ട്, മലയാളമോ സുറിയാനിയോ ഹിന്ദിയോ പഠിക്കാൻ എനിക്ക് സാധിക്കുമായിരുന്നില്ല. സ്വാഭാവികമായും ഒരാൾക്ക് മാത്രമായി സംസ്കൃതം പഠിപ്പിക്കുന്നതിലെ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി കോളേജ് മാനേജ്മെന്റ് കൈമലർത്തി. എന്നാൽ അന്നത്തെ പ്രിൻസിപ്പൽ ഫാ. മെലാനിയസ് സി.എം.ഐ. അതിനനുവദിച്ചില്ല. അദ്ദേഹവും സംസ്കൃതത്തിൽ തൽപരനായ ഒരാളായിരുന്നു. അങ്ങനെ കെ.വി. ഈശ്വര വാര്യർ എന്ന അധ്യാപകനെ (അദ്ദേഹം ഈയിടെ അന്തരിച്ചു) നിയമിക്കുകയും അദ്ദേഹം എന്നെ സംസ്കൃതം പഠിപ്പിക്കുകയും ചെയ്തു. എനിക്കങ്ങനെ ദേവഗിരിയിൽ തുടർന്ന് പഠിക്കാനുമായി.

മഹത്ത്വത്തിന്റെ കെടാവിളക്ക്

കെ. വി. മോഹൻകുമാർ

ഞാൻ പഠിച്ചുവന്നത് കടലോരത്തുള്ളൊരു ക്രൈസ്തവ സ്കൂളിലാണ്. പിന്നീടെന്റെ കോളേജ്വിദ്യാഭ്യാസം ആരംഭിച്ചത് ആലപ്പുഴ രൂപതയുടെ കീഴിലുള്ള ഒരു കോളേജിലാണ്. പിൽക്കാലത്താണ് ഞാൻ മനസ്സിലാക്കിയത്, ഇതെല്ലാം ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തുടങ്ങിവച്ച ഒരു പ്രക്രിയയുടെ ഭാഗമാണ് എന്നും, പള്ളികളോടു ചേർന്ന് പള്ളിക്കൂടമുണ്ടാകണം എന്നൊരാശയം നമ്മുടെ കേരളസമൂഹത്തിലേക്ക് കൊണ്ടുവന്നത് ചാവറയച്ചനാണ് എന്നും. ഒരു സാമൂഹിക സാഹോദര്യം, അല്ലെങ്കിൽ ഒരു സാമൂഹിക സഹവർത്തിത്വം, എല്ലാ ജാതികളുടെയും എല്ലാ മതത്തിന്റെയും നന്മ തിരിച്ചറിഞ്ഞ് എല്ലാമൊന്നാണെന്ന ഒരു തിരിച്ചറിവിൽ, മാനവരാശിയുടെ നന്മയ്ക്കുള്ളതാണു മതം എന്ന തിരിച്ചറിവിൽ ഒരു വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കമിട്ടത് ചാവറയച്ചനാണ്. വിദ്യകൊണ്ട് പ്രബുദ്ധത നേടാൻ ശ്രീനാരായണ ഗുരു ആഹ്വാനം ചെയ്യുന്നതിന് വളരെ മുമ്പ് ഇത് പ്രാവർത്തികമാക്കാൻ ശ്രമിച്ചയാളാണ് ചാവറ കുര്യാക്കോസച്ചൻ. അദ്ദേഹത്തിൽ ഞാൻ കാണുന്ന മഹത്വവും അതു തന്നെയാണ്. വിദ്യാഭ്യാസ സംബന്ധമായി കേരള സമൂഹം എത്രത്തോളം ഉയർച്ച നേടിയിട്ടുണ്ടോ അതിന് ആദ്യമായി വഴിതെളിച്ചത് അല്ലെങ്കിൽ തിരികൊളുത്തിയത് ചാവറയച്ചനാണ്. അദ്ദേഹത്തിനു ശേഷമാണ് ശരിക്കും പൊതുസമൂഹം പൊതുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിദ്യയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ്, ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങിയത്. പൊതുസമൂഹത്തെ കൂടുതൽ ഉത്തിഷ്ഠമാക്കിയ, അതിനെ കൂടുതൽ ജാഗരമാക്കിയ ഒരു സന്ന്യാസിവര്യൻ എന്ന നിലയ്ക്കാണ് അദ്ദേഹത്തെ കാണേണ്ടത്. ആ നിലയ്ക്ക് അദ്ദേഹത്തിന്റെ സംഭാവന എത്ര കാലഘട്ടം കഴിഞ്ഞാലും എത്ര നൂറ്റാണ്ടുകൾ കഴിഞ്ഞാലും കേരള സമൂഹം മറക്കില്ല എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. ക്രൈസ്തവ സമൂഹം മാത്രമല്ല, കേരള ജനതമുഴുവൻ അതെന്നും ഓർത്തിരിക്കും. കാരണം, അതിന്റെ സത്ഫലം ക്രൈസ്തവ സമൂഹത്തിന് മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനതയ്ക്കും കേരളത്തിലെ നാനാജാതിമതസ്ഥരായിട്ടുള്ളവർക്കും കിട്ടുകയുണ്ടായി. കേരളം ഇന്ന് കൈവരിച്ചിരിക്കുന്ന, വിദ്യാഭ്യാസരംഗത്ത് വരിച്ചിരിക്കുന്ന, പുരോഗതിക്ക് പ്രാധാനമായും നാന്ദി കുറിച്ചത് ചാവറ കുര്യാക്കോസച്ചന്റെ അനുഗൃഹീതമായ കൈകൾ കൊണ്ടാണ്. അതിന്റെ ഗുണഫലമാണ് ഇന്ന് കേരളത്തിലെ വിദ്യാഭ്യാസരംഗം അനുഭവിക്കുന്നത്. അതുപോലെ തന്നെ എടുത്തു പറയേണ്ട ഒരു കാര്യമാണ്, സഭാതലത്തിൽ അദ്ദേഹം നടത്തിയ ഒരുപാട് വിപ്ല





വകരമായ പ്രവർത്തനങ്ങൾ. ഒരു ഭാരതീയ ക്രൈസ്തവ സന്ന്യാസിസഭയ്ക്ക് അദ്ദേഹം രൂപം നൽകി. അത് സന്ന്യാസിമാർക്ക് അത്രയേറെ പരിഗണന കിട്ടാതിരുന്ന ഒരു കാലഘട്ടമായിരുന്നു. അന്നദ്ദേഹം സി.എം.സി. സന്ന്യാസിനി സഭയ്ക്ക് രൂപം നൽകി. അപ്പോൾ സഭയ്ക്കകത്തും, സഭയ്ക്കു പുറത്തും പൊതു സമൂഹത്തിലുമെല്ലാം തന്നെ അദ്ദേഹത്തിന്റെ പ്രവർത്തനം ഉണ്ടായിട്ടുണ്ട്. പുതിയൊരു പുരോഗതിയുടെ മാർഗദീപം തെളിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളതാണ് ഏറ്റവുമേറെ പ്രശംസനീയമായ, പ്രസക്തമായ കാര്യം. വളരെ പ്രശസ്തനായിട്ടുള്ള പാശ്ചാത്യ ദാർശനികൻ എറിക് ഫ്രോമിന്റെ സൈക്കോ അനാലിസിസ് ആന്റ് സെൻ ബുദ്ധിസം എന്ന പ്രബന്ധത്തിൽ വളരെ ശ്രദ്ധേയമായൊരു തിയറി ഉണ്ട്: ഒരു മനുഷ്യൻ പൂർണമായിട്ട് ജനിക്കുന്നത്, അയാൾ അയാളുടെ അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും ഭൂമിയിൽ പിറന്നു വീഴുന്ന നിമിഷമല്ല. ആ ജനനമെന്ന് പറയുന്ന പ്രക്രിയയുടെ തുടക്കം മാത്രമാണ്, ഒരാൾ ഒരാളുടെ അമ്മയുടെ ഗർഭപാത്രത്തിൽ നിന്നു ഭൂമിയിലേക്ക് പിറന്ന് വീഴുന്ന നിമിഷം. പിന്നീടങ്ങോട്ട് ജനനം എന്നു പറയുന്ന പ്രക്രിയ നടന്നു കൊണ്ടേയിരിക്കുകയാണ്. ഒരു മനുഷ്യന് ആത്മീയമായ ഔന്നത്യങ്ങളിൽ എത്താൻ കഴിയുമ്പോൾ മാത്രമാണ്, അയാൾ പൂർണമായും ജനിച്ചു എന്നു പറയാൻ കഴിയുന്നത്. എറിക് ഫ്രോം അതിന് രണ്ട് സാഹചര്യങ്ങൾ പറയുന്നുണ്ട്. ഒന്ന്, ഫിസിയോളജിക്കൽ. നമ്മൾ നോക്കുകയാണെങ്കിൽ ഒരു കുഞ്ഞ് ജനിച്ചു കഴിഞ്ഞാൽ ആ കുഞ്ഞ് ശാരീരികമായി വളർന്നുകൊണ്ടേയിരിക്കുകയാണ്. നമ്മളെല്ലാവരും വളർന്നുകൊണ്ടേയിരിക്കുകയാണ്. നമ്മുടെ ശരീരത്തിൽ പുതിയ ജനനം നടന്നു കൊണ്ടിരിക്കുന്നു. എറിക് ഫ്രോമിന്റെ ഒരു കണ്ടെത്തൽ അതാണ്. ഒരു മനുഷ്യൻ ജനിച്ച് അയാളുടെ ക്ലിനിക്കൽ ഡെത്ത് സംഭവിക്കുന്നതുവരെ അയാൾ വളർന്നുകൊണ്ടിരിക്കും. ഫിസിയോളജിക്കൽ ആയിട്ട്, പുതിയ കോശങ്ങൾ ജീവകോശങ്ങൾ, നമ്മുടെ ശരീരത്തിൽ ജനിച്ചുകൊണ്ടിരിക്കും. ഒരു ജീവകോശം പുതുതായി ജനിച്ചു കഴിഞ്ഞാൽ ആറ് മാസത്തിനുള്ളിൽ അത് നശിക്കും. വീണ്ടും പുതിയ ജീവകോശം അവിടെ ഉണ്ടാകും. അപ്പോൾ ശരീരികമായിട്ട്, ശരീര ശാസ്ത്രപരമായിട്ട്, ഒരു മനുഷ്യൻ അമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് ഭൂമിയിൽ ജനിക്കുന്നതു മുതൽ അയാളുടെ ജനനം എന്നു പറയുന്ന പ്രക്രിയ ആരംഭിക്കുകയാണ്, ക്ലിനിക്കൽ ആയിട്ട് അയാൾ മരിച്ചു എന്ന് സ്ഥാപിക്കുന്നത് വരെയും. അതുവരെ അയാളുടെ ജീവകോശങ്ങൾ ജനിച്ചുകൊണ്ടേയിരിക്കുന്നു. വാർധക്യം ബാധിക്കുമ്പോഴും ആ ജനനം എന്നു പറയുന്ന പ്രക്രിയ നമ്മുടെ ശരീരത്തിൽ നടന്നു കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം പേരുടെ കാര്യത്തിലും ആത്മീയമായിട്ടുള്ള, മാനസികമായിട്ടുള്ള ജനനം പൂർണമാകാറില്ല. ഒരു ഘട്ടം കഴിയുമ്പോൾ നമ്മുടെ മാനസികമായിട്ടുള്ള ജനനം നിലച്ചു പോകുകയാണു ചെയ്യുന്നത്. നമ്മുടെ മാനസിക വളർച്ച മുരടിച്ച്, ജനനം പിന്നെ മുന്നോട്ടു പോവാത്ത ഒരവസ്ഥയിലേക്ക് നമ്മളെത്തിച്ചേരും. ഒരു കോടി ജനതയിൽ ഒന്നോ രണ്ടോ പേരായിരിക്കാം ഒരു പക്ഷേ മാനസികമായി പൂർണമായിട്ട് ജനിച്ചു എന്ന് അവകാശപ്പെടാൻ കഴിയുന്നത്. അങ്ങനെയുള്ളവരാണ് ആത്മീയമായി ഔന്നത്യങ്ങളിലെത്തുന്നവർ. അവർ മാനവരാശിയുടെ വിശിഷ്ട സ്വത്താണ്. പൂർണമായി ജനിക്കുന്ന ഒരാൾ ആത്മീയമായ ഔന്നത്യങ്ങളിൽ എത്തിച്ചേരും. ആത്മീയമായി അയാൾ വളർന്നുകൊണ്ടേയിരിക്കും.

ചാവറ കുര്യാക്കോസച്ചൻ ആ ഗണത്തിൽപ്പെട്ടയാളാണ്. ആത്മീയമായ പരിപൂർണ വളർച്ചയിലെത്തിയ, പരിപൂർണമായി ജനിച്ച, ദൈവത്തിന്റെ സന്നിധികളിലേക്കെത്താവുന്ന ഔന്നത്യങ്ങളിലെത്തിയ മഹാനായ, മഹാത്മാവായ, ഒരാളായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹം തിരിതെളിച്ച മാർഗദീപം നൂറ്റാണ്ടുകളോളം നമുക്ക് വെളിച്ചം പകരും എന്നതിന് ഒരു സംശയവുമില്ല. ഇനിയും ഒരുപാടൊരുപാട് തലമുറ അദ്ദേഹത്തെ സ്മരിക്കും. ചാവറയച്ചൻ തിരിതെളിച്ച മാർഗദീപം ഒരിക്കലും കെട്ടുപോകുകയില്ല. ഇനിയും ഒരുപാട് തലമുറകളിൽ അത് പ്രകാശിച്ചുകൊണ്ടേയിരിക്കും.


കർമയോഗിയായ പുരോഹിതൻ

എൻ. ഗോപാലകൃഷ്ണൻ

തിരഞ്ഞെടുത്ത ജീവിതചര്യക്കുവേണ്ടി സമ്പൂർണ സമർപണം നടത്തിയ ചാവറയച്ചനെ അത്ഭുതാദരങ്ങളോടെയല്ലാതെ നോക്കിക്കാണുക വയ്യ. വളരെ ചെറുപ്പത്തിലേ തന്റെ ദൗത്യം അദ്ദേഹം തിരിച്ചറിഞ്ഞു. വിശുദ്ധ കുരിശിന്റെ വഴിയാണ് അദ്ദേഹം തിരഞ്ഞെടുത്തത്; പിന്നെ തിരിഞ്ഞുനോട്ടം ഉണ്ടായിട്ടില്ല. ഏറ്റെടുത്ത ദൗത്യങ്ങൾക്കുവേണ്ടിയുള്ള അശ്രാന്തപരിശ്രമങ്ങളായിരുന്നു അങ്ങോളം.

തീരെ ചെറിയ പ്രായം മുതലേ അടുക്കും ചിട്ടയും അച്ചടക്കവുമുള്ള ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഓരോ ദിവസവും ചെയ്യാനുള്ള കാര്യങ്ങൾ കുറിച്ചുവയ്ക്കുകയും അക്കാര്യങ്ങൾ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുമായിരുന്നു. പ്രായവും രോഗവും തളർത്തി മരണം അടുത്തെത്തിയെന്നു തോന്നിയ നാളുകളിലും വീഴ്ച കൂടാതെ ഈ അച്ചടക്കം അദ്ദേഹം തുടർന്നു. തന്റെ അധ്വാനത്തിൽ പലതിന്റെയും ഫലം കാണാൻ താനുണ്ടാവില്ല എന്ന തിരിച്ചറിവും അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ, അതാണല്ലോ യഥാർഥ കർമയോഗിയുടെ മുഖമുദ്ര. ഭഗവത്ഗീതയിൽ ഭഗവാൻ കൃഷ്ണൻ പറയുന്നതുപോലെ: "കർമണ്യേവാധികാരസ്തേ, മാ ഫലേഷു കദാചന" (കർമം ചെയ്യുക മാത്രമാണ് നിന്റെ നിയോഗം, ഫലമെന്താകുമെന്ന ചിന്ത നിന്റെ പങ്കല്ല).

വിദ്യാഭ്യാസമേഖലയിൽ ചാവറയച്ചൻ നൽകിയ സംഭാവനകളെക്കുറിച്ചു മാത്രം ചിന്തിച്ചാൽ മതി ഇതു മനസ്സിലാക്കാൻ. കേരളത്തിലെ പാരമ്പര്യനിഷ്ഠമായ സമൂഹം അന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന ഒരു കാലത്താണ് ചാവറയച്ചൻ ജീവിച്ചിരുന്നത്. ഉയർന്ന ജാതിക്കാർക്കിടയിൽ പോലും വിദ്യാഭ്യാസം അത്ര പ്രാപ്യമായിരുന്നില്ല. അധഃസ്ഥിതർക്കു വിദ്യാഭ്യാസം നൽകുന്ന ഒരു വിദ്യാലയം അദ്ദേഹം തുടങ്ങിയതോടെ വിദ്യാഭ്യാസപുരോഗതിക്കു വൻമുന്നേറ്റം നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വിദ്യാലയങ്ങളുയർന്നു. ഉന്നതകുലജാതർക്കു വേണ്ടിയുള്ള വിദ്യാലയങ്ങൾ പോലുമില്ലാതിരുന്ന സ്ഥലങ്ങളിലും അധഃസ്ഥിതർക്കായി വിദ്യാലയങ്ങൾ തുറക്കപ്പെട്ടു. ഉയർന്ന ജാതിക്കാർക്കിടയിലും വിദ്യാരഹിതരുണ്ടായിരുന്നു. തങ്ങൾ അവർക്കും മേലേയാണെന്ന് വിദ്യാഭ്യാസം നേടാൻ ഭാഗ്യം ലഭിച്ച അധഃസ്ഥിതർക്ക് അഭിമാനമുണർന്നു. സ്കൂളുകൾ ഉന്നതനിലവാരം പുലർത്തി. ഉച്ചജാതിക്കാരും നീചജാതിക്കാരും അവിടെ ഒരുമിച്ചിരുന്നു പഠിച്ചു. മഹത്തായ വിപ്ലവം എന്നതിൽ കുറഞ്ഞ ഒരു പേരും മതിയാവില്ല ചാവറയച്ചന്റെ ഈ ചെയ്തിയെ വിശേഷിപ്പിക്കാൻ.





നാലു ജാതികളായി മനുഷ്യരെ തിരിച്ചതിന്റെ ഉത്തരവാദിത്തം കൃഷ്ണൻ ഏറ്റെടുത്തതെന്തിനെന്ന് ഞാൻ പലപ്പോഴും അതിശയിച്ചിട്ടുണ്ട്. ''ചാതുർവർണ്യം മയാ സൃഷ്ടം'' എന്ന്, ഞാനാണ് ഈ നാലു ജാതികൾ സൃഷ്ടിച്ചത് എന്ന്, അർജ്ജുനനുമായുള്ള സംഭാഷണമധ്യേ അദ്ദേഹം പറയുന്നു. എന്നാൽ തുടർന്നു വായിക്കുമ്പോൾ അതിന്റെ അർഥം കുറെക്കൂടി സ്പഷ്ടമാകുന്നു: ''ജനത് ജായതേ ശൂദ്ര, കർമത് ജായതേ ബ്രാഹ്മണ'' (എല്ലാവരും ജന്മം കൊണ്ട് ശൂദ്രനാണ്, കർമംകൊണ്ടാണ് ഓരോരുത്തരും ബ്രാഹ്മണരാകുന്നത്).

ആധുനിക സമൂഹം പോലും ഈ തത്ത്വത്തിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത് എന്നത് എത്ര അതിശയകരം. ഭാരത സർക്കാർ ജീവനക്കാരെ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. കമ്പനികളുടെ മാനേജ്മെന്റ് ഘടനയെക്കുറിച്ചും ഇതു വാസ്തവമാണ്. പോളിസി, അഡ്മിനിസ്ട്രേഷൻ, എക്സിക്യൂഷൻ, ഫീൽഡ് വർക്ക് എന്നിങ്ങനെ നാലു തലങ്ങളിലുള്ള ജീവനക്കാരാണ് കമ്പനികളിലുള്ളത്. അതിലധിഷ്ഠിതമാണ് അവരുടെ സ്റ്റാറ്റസ്; എന്നിരുന്നാലും നാലു തലങ്ങളിലും നിന്ന് അങ്ങോട്ടുമിങ്ങോട്ടും ആളുകൾ പോക്കും വരവുമുണ്ട്. അതു പാരമ്പര്യാധിഷ്ഠിതമല്ല താനും. സർക്കാർ ഓഫീസിലെ പ്യൂണിന്റെ മകന് നന്നായി പഠിച്ച് സിവിൽ സർവീസ് പരീക്ഷ ജയിച്ച് ക്ലാസ് വൺ ഓഫിസറാകാൻ സാധിക്കും. ചാവറയച്ചൻ ഏറ്റെടുത്തു സാധ്യമാക്കിയ കർമത്തിന്റെ—വിദ്യാഭ്യാസം സർവർക്കും പ്രാപ്തമാക്കിയതിന്റെ—മഹത്ത്വമോർത്തു നോക്കിയാൽ അദ്ദേഹം കർമത്താൽ ബ്രാഹ്മണ്യം നേടിയ ആളാണെന്നു സമ്മതിക്കാതെ വയ്യ.

കത്തോലിക്കാസഭയിലെ അധികാരശ്രേണിയുടെ ഭാഗമായിരുന്നു ചാവറയച്ചനും. അതിനിടയിലെ ഉൾപ്പോരുകളും ശത്രുതകളുമൊക്കെ നേരിടേണ്ടിവന്നിട്ടുണ്ട് അദ്ദേഹത്തിന്. എന്നാൽ ആ കളികളിലൊന്നും വൈകാരികമായി വ്യാപൃതനായില്ല എന്നതിലാണ് അദ്ദേഹത്തിന്റെ മഹത്ത്വം. അതേസമയം ഈ പ്രതിലോമശക്തികളെ നിസ്സാരാക്കാൻ വേണ്ടത് അദ്ദേഹം ചെയ്തു, ഭഗവാൻ കൃഷ്ണനെപ്പോലെ. ലോകത്തിന്റെ വക്രതകൾ അദ്ദേഹത്തിനു നന്നായി മനസ്സിലാകുമായിരുന്നു, അവയെ കൈകാര്യം ചെയ്യാനുള്ള കൗശലവും ഉണ്ടായിരുന്നു. എന്നാൽ ഇതിനെല്ലാമിടയിലും സ്വന്തം നൈർമല്യം കൈമോശം വരാതെ കാത്തു അദ്ദേഹം. തന്റെ ചുമതലയെന്നു കരുതിയ കാര്യങ്ങൾ ഭംഗിയായി നിറവേറ്റി, തനിക്കെതിരെ പ്രവർത്തിക്കുന്നവരോടു പോലും മനസ്സിൽ കാലുഷ്യമില്ലാതെ, തികഞ്ഞ കർമയോഗിയായി ജീവിച്ചു ചാവറയച്ചൻ.

ഏതു മാനദണ്ഡം വച്ചു നോക്കിയാലും സ്ഥാനമോഹിയായിരുന്നില്ല അദ്ദേഹം. എന്നിട്ടും അധികാരശ്രേണിയിൽ ഉന്നതിയിലേക്കുള്ള അദ്ദേഹത്തിന്റെ വളർച്ച അഭംഗുരമായിരുന്നു. ദൂരെയുള്ള ഒരു നഗരത്തിലേക്കു വണ്ടിയോടിച്ചു പോകുന്ന ഡ്രൈവറെപ്പോലെയായിരുന്നു അദ്ദേഹം. മുഴുവൻ വഴിയും നന്നായി നിശ്ചയമുണ്ട്, എന്നാൽ കൺമുന്നിലുള്ള ഏതാനും വാര ദൂരം മാത്രം മനസ്സുറപ്പിച്ച് ശ്രദ്ധയോടെ ഓടിക്കുന്നയാൾ. അതുകൊണ്ട് ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങളിൽ മനസ്സുറപ്പിക്കാൻ കഴിയുമായിരുന്നു അദ്ദേഹത്തിന്.

ക്രിസ്ത്യൻ മിഷനറി എന്ന നിലയിൽ അദ്ദേഹം ചെയ്ത കാര്യങ്ങളൊന്നും ഞാൻ പരാമർശിച്ചിട്ടേയില്ല. കാരണം സാമൂഹ്യവിപ്ലവകാരി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഊന്നിപ്പറയേണ്ടിയിരിക്കുന്നു. നമ്മുടെ സമൂഹത്തിന്റെ പുരോഗതിയിൽ ചാവറയച്ചൻ നൽകിയ സംഭാവനകളെ ക്രൈസ്തവസഭയോ പൊതുസമൂഹമോ പൂർണമായി തിരിച്ചറിഞ്ഞിട്ടില്ല. ദളിതരുടെ അവശതകളെക്കുറിച്ച് ഇന്നും നാം ഒരുപാട് കേൾക്കുന്നുണ്ട് എന്നതു ശരിതന്നെ. സ്വന്തം കാര്യങ്ങൾ വേണ്ടയിടത്ത് വേണ്ടവിധം അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കിയത് ചാവറയച്ചന്റെ സംഭാവനയാണ് എന്നതു മറന്നുകൂടാ. സർക്കാരും ചില സാമൂഹ്യസംഘടനകളും വിദ്യാഭ്യാസവളർച്ചയിൽ വലിയ പങ്കു വഹിച്ചിട്ടുണ്ടെന്നതു സത്യമാണ്. എന്നാൽ ഇവർക്കെല്ലാം പ്രചോദനവും ശക്തിയുമായത് ചാവറയച്ചന്റെ പ്രവർത്തനങ്ങളാണ്.

നമുക്കു ചാവറയച്ചനു നൽകാവുന്ന ഏറ്റവും വലിയ സമ്മാനം മലയാളം അക്ഷരങ്ങൾ ആലേഖനം ചെയ്ത ഒരു ശിലാഫലകമാണ്. നമുക്ക് ഒരിക്കലും അക്ഷരങ്ങൾക്കു പഞ്ഞമുണ്ടായിട്ടില്ല. അതു വായിക്കാനറിയാവുന്ന ആളുകളുടെ കുറവേയുണ്ടായിട്ടുള്ളൂ. ഈ കുറവു നികത്താൻ ചരിത്രത്തിൽ മറ്റാരെക്കാളും വലിയ സംഭാവനകൾ നൽകിയിട്ടുള്ളത് ചാവറയച്ചനാണ്.

കാവ്യം ധന്യം സമ്പൂർണം

ജോൺ മണ്ണാറത്തറ

വിസ്മരിക്കാനാവാത്ത പ്രതിഭകൾ വളരെ വിരളമായിട്ടേ ചരിത്രത്തിൽ ഉണ്ടാകുന്നുള്ളു. ചരിത്രത്തിന്റെ തീരങ്ങളിൽ പാദമുദ്രകളും മനസ്സിന്റെ 'സെല്ലുലോയിഡി'ൽ ദർശനങ്ങളും പതിപ്പിച്ചു കടന്നുപോയ ചാവറയച്ചൻ നാം അറിഞ്ഞും അറിയാതെയും നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ആ നല്ല സ്വാധീനമാണ് നല്ല വ്യക്തികളും നല്ല കുടുംബങ്ങളും നല്ല സമൂഹങ്ങളും ഉണ്ടാകാൻ നിമിത്തമാകുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തെ പുനർനിർമിക്കാനും ഒരു ജനതയുടെ ജീവിതത്തെ പുനർനിർവചിക്കാനും ചാവറയച്ചനു കഴിഞ്ഞു എന്നതുകൊണ്ടാണ് പുരോ





ഹിതനായ ഈ മനുഷ്യസ്നേഹിയെ പഠന വിധേയനാക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ അഗാധമായ ദർശനവും അതു കർമപഥത്തിൽ വരുത്തുന്നതിനായി ഉപയോഗിച്ച പ്രായോഗികജ്ഞാനവും സാമൂഹിക സാംസ്കാരിക ആത്മീയമണ്ഡലങ്ങളിൽ മുമ്പെങ്ങുമില്ലാതിരുന്ന ഇടപെടലുകളും ചാവറയച്ചനെ ചരിത്രത്തിൽ ശ്രദ്ധേയനാക്കി.

സ്വർഗത്തിലെ അഗ്നി മനുഷ്യർക്കും വേണം. അത് എത്തിച്ചുകൊടുക്കുന്നതിൽ അഭിമുഖീകരിക്കേണ്ട വെല്ലുവിളികളെ പ്രൊമെത്യൂസ് ഭയന്നില്ല. ശിക്ഷയായി ബന്ധനസ്ഥനാക്കിയ പ്രൊമെത്യൂസിന്റെ ഹൃദയം കഴുകന്മാർ ദിവസവും കൊത്തിപ്പറിച്ചിരുന്നെങ്കിലും അതു പൂർവസ്ഥിതിയിലെത്തുന്ന അത്ഭുതം അദ്ദേഹത്തിന്റെ കർമശ്രേഷ്ഠത കൊണ്ടു സംഭവിച്ചുകൊണ്ടിരുന്നു. ചാവറയച്ചൻ 1846 ൽ ആരംഭിച്ച വിദ്യാലയത്തിൽ ദേവഭാഷയായ സംസ്കൃതം ജാതിഭേദമില്ലാതെ പഠിപ്പിക്കാനാരംഭിച്ചു. ദേവഭാഷയെ സവർണരിൽ നിന്നെടുത്ത് മറ്റുള്ളവരെയും പഠിപ്പിച്ചു. ചട്ടങ്ങൾ തെറ്റിക്കുന്നത് സമൂഹത്തിനു പുതിയ ദിശാബോധം നൽകുന്നതിനെങ്കിൽ താൽക്കാലിക എതിർപുകൾ സാവകാശം കെട്ടടങ്ങിക്കൊള്ളും. മനുഷ്യസ്നേഹം കൊണ്ട് അപരനെ ജ്ഞാനിയാക്കുന്ന ദൗത്യം സുകൃതമായി. കാണുന്നവരാണ് ചിരഞ്ജീവികളായ ജ്ഞാനയോഗികൾ.

വിപ്ലവം കർമമണ്ഡലത്തിലാണ് ഏറ്റവും ശക്തമെന്ന് ചാവറയച്ചൻ മനസ്സിലാക്കി. സംസ്കൃതസ്കൂൾ സ്ഥാപിക്കുകവഴി, ഭാഷ, വർഗവിവേചനത്തിന്റെയല്ല വർഗസമന്വയത്തിന്റെ ഉപകരണമാണെന്നു ചാവറയച്ചൻ പഠിപ്പിച്ചു. ഭാഷാപണ്ഡിതനായിരുന്ന ചാവറയച്ചൻ ഇന്ത്യയുടെ വൈവിധ്യങ്ങളെ സ്നേഹിക്കുകയും ഒരു ഉറുമ്പിനുപോലും ആത്മാഭിമാനം ഉണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ജോൺ കീറ്റ്സിന്റെ വാക്കുകളിൽ പള്ളിക്കൂടം ആത്മനിർമാണത്തിന്റെ താഴ്വാരമാണ് (The Vale of Soul-making). പള്ളിക്കൂടങ്ങളെ വിഭാവനം ചെയ്ത ചാവറയച്ചൻ നല്ല അധ്യാപകരെ തിരഞ്ഞിറങ്ങിയിട്ടുണ്ട്. സാങ്കേതികവിദ്യയും യന്ത്രമനുഷ്യരും ഗുരുജനങ്ങൾക്കു പകരമാകുന്നില്ല. ഇന്നലത്തെപ്പോലെ നാളെയും പള്ളിക്കൂടങ്ങൾ ആത്മനിർമാണത്തിന്റെ താഴ്വാരമാകുന്നതിന് നല്ല അധ്യാപകരെ കൂടുതലായി ആവശ്യമുണ്ട്. വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടത്തുന്നത് നല്ല അധ്യാപകർ കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ്. നല്ല അധ്യാപകരാണ് വിദ്യാഭ്യാസ പരിഷ്കർത്താക്കൾ. ഗുരുവിനെ ദൈവമായി ആദരിച്ചിരുന്ന ചാവറയച്ചന് അധ്യാപകരുടെ സ്ഥാനം സുവ്യക്തമായി അറിയാമായിരുന്നു.

ചാവറയച്ചൻ സന്ന്യാസവൈദികൻ ആയിരുന്നതോടൊപ്പം സന്ന്യാസ അധ്യാപകൻ കൂടിയായിരുന്നു. ദർശനവീടും പള്ളിക്കൂടവും സന്ന്യാസാധ്യാപകന് രണ്ടിടമാകുന്നില്ല. ഒരിടത്ത് ദർശനവും പുതിയ അറിവുകളും സ്വായത്തമാക്കുമ്പോൾ മറ്റൊരിടത്ത് വിദ്യാർഥികൾക്കായി അതു പങ്കുവയ്ക്കുന്നു. സന്ന്യാസവും അധ്യാപനവും ഒരാളുടെ രണ്ടു വിളികളാണ് ഇവിടെ. വിദ്യാലയം സന്ന്യാസഗുരുകുലമായി പരിണമിക്കുകയായിരുന്നു. ഇതിനുണ്ടായ മെച്ചം സന്ന്യാസാധ്യാപകന് തന്റേതായ ജീവിതം പരിപൂർണമായി സമർപിക്കാൻ കഴിഞ്ഞുവെന്നതാണ്. ഭാരതീയ പാരമ്പര്യത്തിൽ ഇത് അന്യമായിരുന്നില്ല. ഭാരതീയ സംസ്കാരത്തിൽ രൂപം കൊണ്ട സി.എം.ഐ. സഭയ്ക്കും സി.എം.സി. സഭയ്ക്കും ഒരുപോലെ സന്ന്യാസത്തെയും വിദ്യാഭ്യാസത്തെയും ജീവിതസപര്യയാക്കാൻ കഴിഞ്ഞു. പള്ളിയുടെയും പള്ളിക്കൂടത്തിന്റെയും ബന്ധിതാസ്തിത്വം ഒരേ വ്യക്തി അനുഷ്ഠിക്കുന്ന രണ്ടു ദൗത്യങ്ങളെ സൂചിപ്പിക്കുന്നു. പള്ളിക്കൂടങ്ങൾ അങ്ങനെ സങ്കുചിതമാകാത്ത പ്രവണതകളെ കാത്തുസൂക്ഷിക്കുന്ന കാവൽമാടങ്ങളായി ആഗോളതലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുതിയതലമുറയ്ക്കു ഭദ്രമായ ഭാവി യാഥാർഥ്യമാകാൻ ചാവറയച്ചന്റെ പാരമ്പര്യം ഇങ്ങനെ കാരണമാകുന്നു.

മതങ്ങൾ മാനവികതയുടെ നിർഝരികളാണ്. അതിൽ ഉദ്ഭവിക്കുന്ന മിസ്റ്റിക്കുകളും കവികളും മാനവികതയെ നീരുറവകളായി സൂക്ഷിക്കുകയും എന്നും ശുദ്ധിവരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മലിനീകരിക്കപ്പെടുന്നത് മോശം ജീവിതങ്ങൾകൊണ്ടും വിഷമയമായ പ്രത്യയശാസ്ത്രങ്ങൾകൊണ്ടുമാണ്. കാലാകാലങ്ങളിൽ അവതരിക്കുന്ന ദൈവമനുഷ്യൻ ശുദ്ധീകരണത്തിന്റെ നിയോഗത്തിൽ ഏർപെടുന്നു. അതിനു ജീവൻ വിലയായി കൊടുക്കേണ്ടിവന്നാലും പിൻതിരിയില്ല. ജീവനെ വീർപുമുട്ടിക്കുന്ന മലിനീകരണം ഒരു ഭാഗത്തു നടക്കുമ്പോഴാണ് ഇവർ മറുവശത്ത് മനുഷ്യനെയും പ്രകൃതിയെത്തന്നെയും സ്വച്ഛന്ദതയിൽ പുനർസൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ചാവറയച്ചനും അതിൽ ഭാഗഭാക്കായിയെന്നതാണ് നാമിവിടെ കണ്ടെത്തുന്നത്.

നാല്പതുമണിക്കൂർ ആരാധന ഒരു



പ്രാർഥനാസമൂഹത്തെ വളർത്താനായി ആരംഭിച്ചതാണ്. ആരാധനയിൽ ജനകീയ പങ്കാളിത്തം വിഭാവനചെയ്യാൻ കഴിയാതിരുന്ന കാലത്താണ് പുരോഹിത കേന്ദ്രീകൃത മല്ലാത്ത പ്രാർഥനാകൂട്ടായ്മകൾക്ക് ചാവറയച്ചൻ വഴിയൊരുക്കിയത്. തനിക്കായി കൃഷി ചെയ്തും പണിയെടുത്തും സമ്പാദിച്ചതു പോലും തനിക്കുമാത്രമുള്ളതല്ലെന്നും അന്നം കിട്ടാതെ അപരൻ പട്ടിണിയെങ്കിൽ സമ്പാദിച്ചതിൽ നിന്നും മാറ്റി വയ്ക്കണമെന്നും വ്യാഖ്യാനിച്ചു. പങ്കുവെക്കാൻ പറ്റാത്തിടത്ത് ഭക്തി കാപട്യമാകുന്നതെങ്ങനെയെന്നും ഈ കാർമികൻ വ്യക്തമാക്കി.

പള്ളിക്കൂടത്തിൽ നിന്നും നേടിയ ജ്ഞാനവും പള്ളിയിൽ നിന്നും ആർജിച്ച ഭക്തിയും ഒരുവനെ ധർമമെന്തെന്ന് ബോധ്യപ്പെടുത്തും. ആശ്രമവും പള്ളിക്കൂടവും സ്ഥാപിച്ച ശേഷം ചാവറയച്ചൻ കൈനകരിയിൽ 1869



ൽ ധർമശാല ആരംഭിച്ചു. ദൈവത്തിന്റെ നിസ്വർ അധിവസിക്കുന്നിടമാണ് ധർമശാല. അനാഥത്വവും വാർദ്ധക്യവും രോഗവും തിരസ്കരണവും മൂലം പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ സ്നേഹവീടാണ് ഉപവിശാല. ജന്മം കൊടുത്ത കുഞ്ഞുങ്ങളെയും വൃദ്ധരായ മാതാപിതാക്കളെയും ചിലർ ഉപേക്ഷിക്കുന്നു. മുപ്പത് വെള്ളിക്കാശിന് ദിവ്യപൈതലുകളെ വിൽക്കുന്നവരുണ്ട്. വിവിധങ്ങളായ കാരണങ്ങളാലാവാം സ്വധർമം വിസ്മരിക്കുന്നത്. മനസ്സാക്ഷിക്ക് ഭാരമില്ലാതെ ഇവർക്ക് ജീവിക്കാൻ ആകുമായിരിക്കാം. ചാവറയച്ചനും മദർ തെരേസക്കുമൊക്കെ മനസ്സിനെ ഭാരപ്പെടുത്തുന്ന ധർമസങ്കടമായിരുന്നു അനാഥത്വം. ചാവറയച്ചന് തലയണ അപരനോടുള്ള കരുതലായിരുന്നു. ഒറ്റയ്ക്കൊറ്റയ്ക്കുള്ള പതിതരുടെ കേഴൽ കോറസ്സായ സങ്കീർത്തനങ്ങളായത് ഈ ഉപവിശാലയിലാണ്.

മാന്നാനത്തും പുളിങ്കുന്നിലും ചെത്തിപ്പുഴയിലും വാഴക്കുളത്തും എൽത്തുരുത്തിലും മുത്തോലിയിലും ഒക്കെ ആശ്രമങ്ങൾ സ്ഥാപിച്ചു. ആശ്രമങ്ങൾ പ്രാർഥിക്കുന്നിടം മാത്രമായിരുന്നില്ല. മനുഷ്യരുടെ ഒരു സംഗമവേദിയും കൂടിയായിരുന്നു. വിപുലമായും ശാസ്ത്രീയമായും കൃഷി ചെയ്ത് അന്നവും നാണ്യവിളകളും ഉത്പാദിപ്പിച്ച് ജാതിമതഭേദമെന്യേ ഉപജീവനത്തിനുള്ള വഴി സംഘമായി കണ്ടെത്തി. അതോടൊപ്പം ഒരു കൃഷിസംസ്കാരവും ഉരുത്തിരിഞ്ഞു. ഈഴവർക്കും ഹരിജനങ്ങൾക്കും പറയർക്കും പുലയർക്കും ചണ്ഡാലർക്കും ആത്മാഭിമാനം നൽകാനും അവരെ സമൂഹത്തിൽ പുനഃരധിവസിപ്പിക്കാനും ഈ ആത്മീയകേന്ദ്രങ്ങൾക്കു സാധിച്ചു. അനേകം മനുഷ്യർ വിളയിറക്കാൻ മണ്ണില്ലാതെ പട്ടിണി കിടക്കുമ്പോൾ ഭൂമിയെ തരിശായിടുന്നത് പാപമാണെന്ന് 'ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ' എന്ന നോവലിൽ ജോൺ സ്റ്റെയിൻബെക്ക് പറയുന്നുണ്ട്. ആശ്രമം മനുഷ്യർക്ക് ആശ്വാസവും അന്നവും നൽകുന്ന ഇടമായിത്തീർന്നു.

ഇരുട്ടിൽ തപ്പിത്തടയുന്നിടത്ത് 'പ്രകാശമേ നയിച്ചാലും' എന്നു ജോൺ ഹെൻറി ന്യൂമാൻ പ്രാർഥിക്കുന്നു. എത്തുന്ന വിദൂരതയെ മുഴുവനായി കാട്ടിത്തരണമെന്നു പറയുന്നില്ല. അടുത്തുള്ള ആദ്യ ചുവടുവെപ്പിനു വേണ്ട പ്രകാശം, അതുമാത്രം. പിന്നെ അടുത്ത കാൽവയ്പ് എങ്ങോട്ട് എന്നു പറയുകപോലും ചെയ്യാതെ ഇറങ്ങിപ്പുറപ്പെടാൻ ആജ്ഞാപിക്കുന്ന ദൈവത്തെ അനുസരിക്കുന്ന അബ്രഹാം, കീർക്കഗാർഡിന്റെ ഭാഷയിൽ വിശ്വാസത്തെ കാണുന്നത് ഇരുട്ടിലേക്കുള്ള കുതിപ്പായിട്ടാണ് (Leap into darkness). പ്രാർഥിക്കുവാൻ ശിഷ്യരെ പഠിപ്പിക്കുമ്പോൾ അന്നന്നുവേണ്ട ആഹാരം മാത്രമെ ചോദിക്കുന്നുള്ളൂ. ആർത്തിക്ക് ഇവിടെ അതിർവരമ്പിടുകയാണ്. നാളെകൾ ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതമെന്നു കരുതുന്നു. ചാവറയച്ചന്റെ ജീവിതം ഈ മിതത്വത്തിന്റെ സാക്ഷിപത്രമായിരുന്നു. Ask the minimum. Take the minimum. തുച്ഛമായതു മാത്രം യാചിക്കുക. കിട്ടുന്നതിൽ തുച്ഛമായതുമാത്രം എടുക്കുക. അല്പംകൊണ്ട് അധികമായി കരുതാമെന്ന താവണം ജീവിതം. പതിനെട്ടു രൂപകൊണ്ട് സ്ത്രീവിമോചനത്തിനു ഒരു പനമ്പുവീടുണ്ടാക്കി. ഒരാത്മീയഭവനമായും തൊഴിൽ പരിശീലനകേന്ദ്രമായും സ്ത്രീകൾക്ക് ഒരിടം. ആവുന്നിടത്തോളം അന്നസമ്പാദനം സ്ത്രീയും ഏറ്റെടുക്കുന്നു. തുണയായി പുരുഷന്മാർ ഇല്ലാത്തിടത്ത്/വിധവകൾക്ക് അത്താണിയാകുന്ന ചെറിയ കുടിൽ വ്യവസായങ്ങൾ സമൂഹത്തിൽ ആരംഭിച്ചു.

സമൂഹത്തിൽ കോക്കസുകൾ സൗഹൃദങ്ങൾക്കു പകരമായി, നിശബ്ദതയെ ഉപേക്ഷിച്ച് ആരവങ്ങളെ എതിരേൽക്കുന്നു. എവിടെയെങ്കിലും നിശബ്ദയിടങ്ങൾ ബാക്കിയുണ്ടെന്നറിഞ്ഞാൽ അവിടം ബഹളമയമാക്കാൻ സ്വയം നിയോഗിക്കപ്പെട്ടവർ സമൂഹത്തിൽ വളരെ ഉണ്ടെന്ന് സി.എസ്. ലെവിസ് അഭിപ്രായപ്പെടുന്നുണ്ട്. ചന്തയുടെ ആരവത്തിൽ നിന്നും അകന്നിരിക്കണം ആശ്രമം എന്ന് ചാവറയച്ചൻ നിഷ്കർഷിക്കുന്നുണ്ട്. ചന്തയോട് ഓരം ചേർന്ന് വീടും പ്രാർഥനാലയങ്ങളും നിർമിക്കുന്നതിൽ നിന്നു മനുഷ്യരെ പിന്തിരിപ്പിക്കുവാൻ ഇന്ന് ആരും ഇല്ലാതായി. ആന്തരികതയിലേക്കു മനുഷ്യനെ എത്തിക്കുന്നത് നിശബ്ദതയാണ്. നല്ല വാക്കും ദർശനങ്ങളും പിറവിയെടുക്കുന്നത് നിശബ്ദത കാവൽ നിൽക്കുന്ന ദർശന വീട്ടിലാണ്. നാം ജീവിക്കാൻ നിർബന്ധിക്കപ്പെടുന്നത് സ്വകാര്യതയും നിശബ്ദതയും ആത്മാർഥമായ പരസ്പരതയും അന്യമാകുന്ന പശ്ചാത്തലത്തിലാണ്. വിവരപ്രളയത്തിന്റെ യുഗമാണ് ഇതെങ്കിലും ഏകാഗ്രത സാധ്യമാകാത്ത കാലവും. നഷ്ടമായ ഏകാഗ്രതയും പ്രാർഥനയുടെ ആന്തരികതയും തിരികെപിടിക്കാനുള്ള പ്രചോദനമാണ് നമുക്ക് ചാവറയച്ചനിൽ നിന്നു കിട്ടുന്നത്.

ഇതിഹാസവും പൈതൃകവും

സിറിയക് തോമസ്

കേരളത്തെ സംബന്ധിച്ചിടത്തോളം, എല്ലാ അർഥത്തിലും, പത്തൊൻപതാം നൂറ്റാണ്ട് തികച്ചും സംഭവബഹുലമായിരുന്നു. അടിസ്ഥാനപരവും ദൂരവ്യാപകവുമായ മാറ്റങ്ങൾ നാടിന്റെ സാമൂഹിക രാഷ്ട്രീയ മേഖലകളെ വളരെ ആഴത്തിൽ സ്പർശിക്കുകയും പുത്തൻ ആദ്ധ്യാത്മിക ദർശനങ്ങളും വ്യാഖ്യാനങ്ങളും പോലും ഉദയം ചെയ്യുകയും ചെയ്തു. ആധുനിക കണ്ടുപിടുത്തങ്ങളിലൂടെ ശാസ്ത്രം നൂതന മാനങ്ങൾ തേടുകയും നേടുകയും ചെയ്തു. പുസ്തകങ്ങളുടെയും വർത്തമാനപ്പത്രങ്ങളുടെയും അച്ചടിയും പ്രചാരവും സമ്പദ്ഘടന, വ്യവസായം, വാണിജ്യം, രാഷ്ട്രീയം, സമൂഹം, ഭരണം, അധികാരം തുടങ്ങിയവയുടെ വ്യവസ്ഥാപിത സിദ്ധാന്തങ്ങളെ, എന്തിനു യുദ്ധതന്ത്രങ്ങളെയും ആയുധങ്ങളെപ്പോലും അടിമുടി മാറ്റിമറിച്ചു. വ്യവസ്ഥിതിയിലെ വിപ്ലവകരമായ പുനഃസംവിധാനവും വിദ്യാഭ്യാസ മേഖലയുടെ നവീന കാഴ്ചപ്പാടുകളും വ്യക്തികളുടെയും സമൂഹത്തിന്റെയും വീക്ഷണങ്ങളിൽ സാരമായ പരിവർത്തനം വരുത്തി. തന്റെ കാലഘട്ടത്തിൽ കേരളത്തിൽ സംഭവിച്ച സാമൂഹിക പരിവർത്തനങ്ങളുടെ രൂപാന്തരീകരണ പ്രക്രിയയിൽ ചാവറയച്ചനും ഒരു രാസത്വരകമാവുകയായിരുന്നു.

മധ്യകേരളത്തിൽ ഒരു കുഗ്രാമത്തിൽ ജനിച്ച ചാവറയച്ചൻ ചക്രവാളസീമകളും കടന്നു വളർന്നു. തികച്ചും യാഥാസ്ഥിതികമായ ഒരു സാമൂഹിക വ്യവസ്ഥിതിയിൽ ജീവിച്ച അദ്ദേഹത്തിന് അതിന്റെ എല്ലാ പരിധികളെയും അതിവർത്തിക്കുവാനുമായി. എന്നാൽ ഒരു പുരോഹിതൻ എന്ന നിലയിൽ അച്ചൻ അനന്യമായ വിവേകത്തോടെ സഭാനിയമപ്രകാരമുള്ള സർവ ഉത്തരവാദിത്തങ്ങളും നിർവഹിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചു. ഒരു ആദ്ധ്യാത്മിക ചിന്തകൻ എന്ന നിലയിൽ ദൈവവചനം പ്രഘോഷിക്കുക എന്ന തന്റെ ധർമം തികഞ്ഞ ധീരതയോടെ അദ്ദേഹം നിറവേറ്റുകയും ചെയ്തു. അതിനായി അന്നേവരെ പരിചിതമല്ലാതിരുന്ന വഴികളിൽക്കൂടെപ്പോലും ചാവറയച്ചനു സഞ്ചരിക്കേണ്ടിവന്നു. പ്രസംഗിക്കുവാനുള്ള തന്റെ സിദ്ധി ഏതാണ്ട് പൂർണമായി തന്നെ അച്ചൻ ദൈവവചപ്രഘോഷണത്തിനായി ഉപയോഗപ്പെടുത്തി. ക്രമേണ ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവായി രൂപാന്തരം പ്രാപിക്കുകയായിരുന്നു. എന്നാൽ തുടങ്ങിവച്ച അനേകം സംരംഭങ്ങളുടെ ദൂരവ്യാപകമായ ഫലങ്ങളെയോ പ്രത്യാഘാതങ്ങളെയോ കുറിച്ച് അച്ചൻ ചിന്തിച്ചതുപോലുമില്ല. സർവതും ദൈവത്തിൽ സമർപ്പിച്ചു ജീവി





ക്കുക എന്നതായിരുന്നു അച്ചന്റെ പ്രമാണവും ശൈലിയും. അതായിരുന്നു അച്ചന്റെ സമർപ്പിത ജീവിതത്തിന്റെ അടിസ്ഥാനവും.

തന്റെ കാലഘട്ടത്തിനൊപ്പം സഞ്ചരിച്ചുകൊണ്ടുതന്നെ സ്വന്തം കാലത്തിനപ്പുറത്തേക്കും അച്ചൻ ഉൾക്കാഴ്ചയോടെ നോക്കി. അവിടെ ആ നൂറ്റാണ്ടിന്റെ സാമൂഹിക പരിഷ്കർത്താക്കളുടെ സ്വാമി വിവേകാനന്ദനെയും ശ്രീനാരായണ ഗുരുദേവനെയും പോലുള്ളവരുടെ നിരയിൽ തന്റേതായ ഒരു സ്ഥാനവും പദവിയും അച്ചൻ സൃഷ്ടിക്കുകയും ചെയ്തു. സാമൂഹിക നവോത്ഥാന നായകനെന്ന നിലയിൽ സമാനതകളില്ലാത്ത ഒരാളായിരുന്നു, മുൻപേ പറന്ന പക്ഷിയായിരുന്നു, ചാവറയച്ചൻ.

പുതിയ ഒരു പാതയിലൂടെ ഒരാൾ മുന്നേ നടക്കുമ്പോൾ അദ്ദേഹം മുൻഗാമിയായിത്തീരുന്നു എന്നാണ് നമ്മുടെയെല്ലാം പൊതുധാരണ. എന്നാൽ യഥാർഥത്തിൽ ഒരാൾ മുൻഗാമിയാകുന്നത് വഴിയില്ലാത്തിടത്ത് പുതുതായി വഴി വെട്ടി ആ വഴിയിലൂടെ ആദ്യം മുന്നേ നടക്കുമ്പോഴാണ്. ചാവറയച്ചൻ എല്ലാ അർഥത്തിലും നമ്മുടെ സമൂഹത്തിൽ മുൻഗാമിയായ ഒരു നവോത്ഥാന നായകനാണ്. ഇന്നും ചാവറയച്ചന്റെ പയ നിയർ പദവിക്കു മങ്ങലേറ്റിട്ടുമില്ല.

പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ് തുടങ്ങിയ കുടുംബക്കാർ പാലയൂരിൽ നിന്നു വന്നു കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രത്യേകിച്ചു തെക്കൻ കേരളത്തിൽ സ്വന്തം വാസസ്ഥാനം കണ്ടെത്തിയവരാണ്. അക്കാലത്തെ ഹൈന്ദവ ഭരണാധികാരികളുടെ അധികാരത്തിൻ കീഴിൽ അതതു പ്രദേശങ്ങളിൽ ഇതരസമുദായ വിഭാഗങ്ങളുമായി സഹവർത്തിത്വത്തിൽ ജീവിക്കുമ്പോഴും അവർ തങ്ങളുടെ വിശ്വാസപൈതൃകം കാത്തുസൂക്ഷിച്ചുവെന്നു മാത്രമല്ല അതു ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുവാനും ബദ്ധശ്രദ്ധരായിരുന്നു. ചാവറയച്ചൻ ഒരു വർക്ഷിയ വാദിയായിരുന്നുവെന്ന് ആരും ഒരിക്കലും

ആക്ഷേപിക്കാതിരുന്നതിന്റെ കാരണവും അച്ചൻ ഉയർത്തിപ്പിടിച്ച ഈ കൂലീന മതസൗഹൃദ പാരമ്പര്യവും സംസ്കാരവും ആയിരുന്നിരിക്കണം. എങ്ങിനെ നോക്കിയാലും അച്ചൻ സമൂഹത്തെയും മതത്തെയും ആദ്ധ്യാത്മികതയെയും അവയുടെ പൂർണ്ണതയിൽ ദർശിച്ച ഒരു മഹാമനുഷ്യനായിരുന്നുവെന്നു പറയുവാൻ ആർക്കും രണ്ടാമതൊന്നാലോചിക്കേണ്ടതില്ല.

ചാവറയച്ചന്റെ സന്ന്യാസയോഗ ലക്ഷണങ്ങളും അദ്ദേഹത്തെ ഒരു യഥാർഥ യോഗിയാക്കുന്നതിൽ സഹായിച്ചിരിക്കണം. പക്ഷേ, ചാവറയച്ചന്റെ ജീവിതവും കർമക്ഷേത്രവും സൂചിപ്പിക്കുന്നത് അച്ചന്റെ ജീവിതത്തിലുണ്ടായ ത്രിയോഗസംഗമം തന്നെയാവണം. സന്ന്യാസയോഗവും കർമയോഗവും രാജയോഗവും ഒരേ നക്ഷത്രത്തിൽ സംഗമിക്കുന്നത് അപൂർവമാണെന്നാണ് ജ്യോതിഷ വിശാരദന്മാരുടെ പൊതുവായ നിലപാട്. എന്നാൽ അച്ചന്റെ കാര്യത്തിൽ അങ്ങനെ ഒരു യോഗവുമുണ്ടെന്ന് വിശ്വസിക്കുന്നവർ ധാരാളമുണ്ട്. അതിനു സാക്ഷ്യമായി അവർ ചൂണ്ടിക്കാണിക്കുന്നത് അച്ചന്റെ ജീവിതവും.

അടിസ്ഥാനപരമായി അച്ചൻ മനസ്സുകൊണ്ടെന്നും ഒരു സന്ന്യാസി തന്നെയായിരുന്നു. സത്തയിലും അച്ചടക്കത്തിലും അനുസരണത്തിലും സന്ന്യാസ മനസ്സിനെ സമ്പൂർണമായി സാക്ഷ്യപ്പെടുത്തിയ ഒരു ജീവിതമായിരുന്നു ചാവറയച്ചന്റേതെന്നതിലും രണ്ടുപക്ഷമില്ല. ഒന്നാം സഭക്കാരുടെ ശ്രേഷ്ഠഗുരു, നലംതികഞ്ഞ ആത്മീയാചാര്യൻ; എന്നാൽ അതോടൊപ്പംതന്നെ അച്ചൻ സന്ന്യാസസമൂഹങ്ങളെയും മഹാ സ്ഥാപനങ്ങളെയും കെട്ടിപ്പടുത്ത രാജശില്പിയുമായിരുന്നു. താരതമ്യമില്ലാത്ത വിദ്യാഭ്യാസ വിചക്ഷണൻ. തികഞ്ഞ ക്രാന്തദർശി. യഥാർഥ ഭക്തൻ. കാപട്യങ്ങളോ നയതന്ത്രങ്ങളോ പരീക്ഷിക്കാത്ത ഭരണാധികാരിയും. ഭൗതികമായി ഉയർന്ന പടവുകളിലായിരുന്നപ്പോഴും ഉള്ളിന്റെയുള്ളിൽ വിനയാന്വിതൻ. സമർഥനായിരുന്നു അച്ചൻ. എന്നാൽ എന്നും എളിമയുടെ ആൾരൂപവും. അച്ചന്റെ ശരീരഭാഷപോലും ഒരു പ്രധാന പുരോഹിതന്റേതായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നവരുമുണ്ട്. സത്യത്തിൽ സുറിയാനിക്കാരുടെ അനഭിഷിക്തനായ മെത്രാനായിരുന്നല്ലോ ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന ചാവറയച്ചൻ. അതുകൊണ്ടുതന്നെ നാം ചാവറയച്ചനെ ചാവറപ്പിതാവ് എന്നും വിളിക്കുന്നു.

ജീവന്റെ പുസ്തകത്തിലെ രേഖപ്രകാരം ചാവറയച്ചൻ ജീവിച്ചിരുന്നത് 66 വർഷങ്ങൾ മാത്രമാണ്. ഇന്നത്തെ കാലഗണനയിൽ ദീർഘായുസ്സെന്നു പറയുവാൻ പ്രയാസം. എന്നാൽ പാലയ്ക്കൽ മല്പാനെയും പോരൂക്കരയച്ചനെയും പരിഗണിക്കുമ്പോൾ ആയുർബലത്തിൽ ചാവറയച്ചൻ തന്നെയാണ് മുൻപനെന്നും പറയേണ്ടിവരും. 66 വയസ്സുവരെ മാത്രമേ അച്ചൻ ജീവിച്ചിരുന്നുള്ളൂ എന്നു പറ





യുമ്പോഴും അച്ചന്റെ നേതൃസംഭാവനകൾ വിലയിരുത്തുമ്പോൾ ആ കാലഘട്ടം കൊണ്ട് അച്ചൻ 100 വർഷം ജീവിച്ചാലുള്ള നേട്ടങ്ങളാണ് സഭയ്ക്കും സമൂഹത്തിനും നൽകിയതെന്നും പറയേണ്ടിവരും.

തികച്ചും യാഥാസ്ഥിതികമായ ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടനയെ പരിഷ്കരിക്കുന്നതിനുള്ള സാർഥകമായ ശ്രമങ്ങളാണ് ചാവറയച്ചൻ നടത്തിയത്. സാഹസികമായ ഒരു പരീക്ഷണം തന്നെയായിരുന്നു ചാവറയച്ചന്റെ ജീവിതം. പിന്നീട് കേരളം സാക്ഷിയായ ഒട്ടനവധി സംരംഭങ്ങളുടെ പ്രാരംഭകനായതും ചാവറയച്ചൻ തന്നെ. അച്ചൻ ശക്തനായ ഒരു എഴുത്തുകാരനും ഭാവനാ സമ്പന്നനായ ഒരു കവിയുമായിരുന്നു. ഒപ്പം ശ്രേഷ്ഠ പുരോഹിതനും സമ്പൂർണ സന്ന്യാസിയും. മികവുറ്റ പ്രഭാഷകൻ, ധ്യാനഗുരു, എല്ലാറ്റിലുമുപരി ഉദാത്ത മനുഷ്യസ്നേഹിയും. ചാവറയച്ചൻ തന്റെ കാലത്തിനുമുൻപേ കടന്നുപോയ ക്രാന്തദർശിയായിരുന്നുവെന്നു പറയുന്നതാവും ഒരുപക്ഷേ, കൂടുതൽ ശരി.

ഒന്നരനൂറ്റാണ്ടുമുൻപ് ജീവിച്ചു നമ്മെ കടന്നുപോയ സാമൂഹിക പരിഷ്കർത്താവും നേതാവും ആത്മീയാചാര്യനുമായിരുന്നു ചാവറയച്ചൻ. അച്ചന്റെ നേതൃശൈലി ഇന്നും പ്രസക്തമാണെന്നതാണ് അച്ചന്റെ കാലിക സാംഗത്യം. അതാണ് അച്ചനെ വ്യത്യസ്തനാക്കുന്നത്. മഹാനാക്കുന്നത്. ഒരു വിസ്മയമാക്കുന്നതും. സി.എം.ഐ. സഭയുടെ പ്രഥമ പ്രിയോർജനറലായിരുന്ന അച്ചനെ ജനങ്ങൾ ആദരവോടെ വലിയ പ്രിയോരച്ചനെന്നും വിളിച്ചു. ഒരു പക്ഷേ, ചാവറയച്ചനുമാത്രം ലഭിച്ച ഒരു പദവിയും ബഹുമതിയുമായിരുന്നു ഇത്.

ചാവറ ചാവറതന്നെയായിരുന്നു. സത്യമായും ഒരു ഇതിഹാസം. വിശിഷ്ടമായ ഒരു പൈതൃകവും.

മതാതീതദർശനങ്ങളുടെ സന്ന്യാസി


തോമസ് പന്തപ്ലാക്കൽ

കേരളം മതങ്ങളുടെ ഈറ്റില്ലമാണ്. ഇവിടുത്തെ ജനസംഖ്യയിൽ ഏറ്റം കൂടിയ വിഭാഗം ഹിന്ദുമതസ്ഥർ എന്നാണ് പറയപ്പെടുക. ഇവർ പല ദൈവങ്ങളിൽ വിശ്വസിക്കുന്നവരും പല ജാതികളും വർണ വ്യത്യാസം ഉള്ളവരും വ്യത്യസ്തമായ ആചാരങ്ങളും മതാനുഷ്ഠാനങ്ങളും ഉള്ളവരുമാണ്.

ബി.സി. മൂന്നാം നൂറ്റാണ്ടു മുതലെങ്കിലും കേരളത്തിൽ ബുദ്ധമതവും ജൈനമതവും പ്രചരിച്ചിരുന്നു. ഇവിടുത്തെ അമ്പലങ്ങളുടെയും മോസ്കുകളുടെയും വാസ്തുശില്പ ശൈലിയിൽ ജൈനമതത്തിന്റെ അവതരണരീതികൾ കാണാൻ കഴിയും. അമ്പലങ്ങളിൽ ഉപയോഗിക്കുന്ന വിഗ്രഹങ്ങളിലും നടത്തുന്ന ഉത്സവങ്ങളിലും പ്രദക്ഷിണങ്ങളിലും ബുദ്ധമതത്തിന്റെ അവതരണരീതികളും ഉണ്ട്. ആശ്രമങ്ങളുടെയും അതിനോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും തുടക്കവും ബുദ്ധമതത്തിന്റെ പിൻതുടർച്ചയാണെന്നു പറയാം. എട്ടാം നൂറ്റാണ്ടു മുതൽ ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ശക്തി കേരളത്തിൽ ക്ഷയിച്ചുതുടങ്ങി.

ക്രിസ്തുവർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ കേരളത്തിൽ യൂദന്മാരുടെ സാന്നിധ്യം ഉണ്ടായിരുന്നു. ബാബിലോണിയൻ അടിമത്തത്തിന്റെ കാലത്ത് ചിതറിക്കപ്പെട്ട യൂദന്മാരുടെ തുടർച്ചയാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ഇവർ കേരളത്തിലെ നാട്ടുകാരോട് ഇടപഴകിയപ്പോൾ യൂദന്മാരുടെ ഒരു സങ്കരവർഗവും ഇവിടെയുണ്ടായി. 1949ൽ പുതിയ ഇസ്രായേൽ രാജ്യം ഉടലെടുത്തപ്പോൾ യൂദരിൽ 85 ശതമാനവും ഇസ്രായേലിലേക്ക് മടങ്ങിപ്പോയി.

ഏഴാം നൂറ്റാണ്ടു മുതൽ അറബി കച്ചവടക്കാരുടെ വരവോടെ കേരളത്തിൽ ഇസ്ലാം മതവിശ്വാസികളും ഉണ്ടായി. പിന്നീട് 18-ാം നൂറ്റാണ്ടിൽ മൈസൂരിൽനിന്നുള്ള ഹൈദരലി



മാർഗം കളിയുടെ ഒരു ദൃശ്യം. മാർഗം എന്നാൽ 'the way' എന്നാണ്. ക്രിസ്തീയ വിശ്വാസം (മാർഗം) സ്വീകരിച്ചവരെ 'മാർഗം കൂടിയവർ' എന്നു വിളിച്ചിരുന്നു. അങ്ങനെ കേരള ക്രിസ്തീയ നൃത്തകലാരൂപം 'മാർഗം കളി' എന്നും അറിയപ്പെട്ടു.

യുടെയും ടിപ്പുസുൽത്താന്റെയും പടയോട്ടത്തിന്റെ ഫലമായി ഹിന്ദുമതത്തിൽ നിന്നും ക്രിസ്തുമതത്തിൽ നിന്നും നിർബന്ധപൂർവം ഇസ്ലാം മതത്തിൽ ചേരേണ്ടിവന്നവരുടെ പരമ്പരയാണ് മറ്റൊരു കൂട്ടർ. കേരളത്തിലുള്ള ഇസ്ലാം മതാനുയായികളിൽ അധികപങ്കും മലബാർ പ്രദേശത്താണ്.

എ.ഡി. 52 ൽ ക്രിസ്തുവിന്റെ 12 ശിഷ്യരിലൊരുവനായ തോമ്മാശ്ലീഹാ കേരളത്തിൽ വന്നു സുവിശേഷം അറിയിച്ചു എന്നും അന്നുമുതൽ ക്രിസ്ത്യാനികൾ കേരളത്തിൽ ജീവിക്കുന്നു എന്നും അഭിപ്രായഭിന്നതയില്ലാതെ അംഗീകരിക്കപ്പെട്ടതും ആദ്യനൂറ്റാണ്ടുകൾ മുതലുള്ള ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളസംസ്കാരവുമായി വാസ്തുശൈലിയിലും ആചാരാനുഷ്ഠാനങ്ങളിലും സാമൂഹ്യജീവിതത്തിലും അലിഞ്ഞുചേർന്നിട്ടുള്ള ഒരു സമൂഹമാണ് കേരള ക്രൈസ്തവരുടെത്. മതമർദനങ്ങളോ, നിർബന്ധിത മതപരിവർത്തനമോ കൂടാതെ സ്വന്തം വിശ്വാസത്തിന്റെ ബോധ്യത്തിൽ നിന്നു വളർന്ന സഭയാണ് കേരള ക്രിസ്തീയ സഭ. ഇതുകൊണ്ടാണ് സുപ്രസിദ്ധ സഭാചരിത്രകാരനായ പ്ലാസിഡ് പൊടിപാറ സി.എം.ഐ. പറഞ്ഞത്: "കേരളസഭ സംസ്കാരത്തിൽ ഭാരതീയവും ആചാരനുഷ്ഠാനങ്ങളിൽ പൗരസ്ത്യവും വിശ്വാസത്തിൽ ക്രൈസ്തവവും" എന്ന്.



മുകളിൽ നൽകിയ വിശദീകരണങ്ങളിൽ നിന്ന് സ്പഷ്ടമാണ് കേരളത്തിലുള്ള മതങ്ങളെല്ലാം പാരമ്പര്യം കൊണ്ട് ആയിരമായിരം വർഷങ്ങൾ പഴക്കമുള്ളതാണ് എന്നത്. ഈ മതങ്ങളെല്ലാം അവരവരുടെ വിശ്വാസങ്ങളിൽ ഉറച്ചു നിൽക്കുകയും അതേസമയം സാംസ്കാരിക-സാമൂഹ്യാനുരൂപണത്തിലും വാസ്തുശൈലിയിൽ പോലും പരസ്പരം മറ്റുള്ളവരുടേത് സ്വീകരിക്കുകയും ചെയ്തു വളർന്നുവന്നു. സാഹോദര്യത്തിൽ കഴിഞ്ഞിരുന്ന മതങ്ങളാണ് കേരളത്തിലേത്. ഉദാഹരണമായി ഇന്നു ക്രിസ്തീയസമൂഹത്തിൽ വിവാഹസമയത്തുള്ള താലികെട്ടും മന്ത്രകോടി അണിയിക്കലുമെല്ലാം ഹൈന്ദവാചാരങ്ങളിൽ നിന്നെടുത്തിട്ടുള്ളതാണ്. ബുദ്ധമതത്തിൽ നിന്നു സ്വീകരിച്ച താലി ആലിലയുടെ രൂപത്തിലുള്ളതാണെങ്കിലും അതിനോട് കുരിശ് കൂട്ടിച്ചേർത്തപ്പോൾ ക്രിസ്തീയവിശ്വാസത്തിനനുസൃതമായി എന്നു മാത്രം. ഒരുകാലത്ത് അമ്പലങ്ങളോടു വളരെ സാദൃശ്യമുള്ളതായിരുന്നു ക്രിസ്തീയ ദൈവാലയങ്ങൾ. അമ്പലങ്ങളിലെ എഴുന്നള്ളത്തും ദൈവാലയങ്ങളിലെ പ്രദക്ഷിണവും മുത്തുക്കുടകളും വാദ്യഘോഷങ്ങളും ബുദ്ധ ഹൈന്ദവാചാരങ്ങളിൽ നിന്നും ക്രിസ്തീയാചാരങ്ങളിൽ നിന്നും അങ്ങോട്ടുമിങ്ങോട്ടും കടമെടുത്തിട്ടുള്ള സാംസ്കാരികാനുരൂപങ്ങളാണ്. ഇതിലൊന്നും ആരുമാരും കുത്തകാവകാശം അവകാശപ്പെടാറുമില്ല. കാരണം ഇവയൊന്നും ആരുടെയും സ്വന്തമെന്നാവകാശപ്പെടാൻ സാധിക്കാത്തവിധം കാലത്തിന്റെ സാംസ്കാരിക പ്രവാഹത്തിൽപ്പെട്ടു കൈമാറിവന്നിട്ടുള്ളതാണ്. ഈ മനോഭാവം ജനങ്ങളിലുണ്ടായിരുന്നതുകൊണ്ട് എതിർപിന്റെ സ്വരം എവിടെയുമില്ലായിരുന്നു.

അതുപോലെ പല മതാനുഷ്ഠാനങ്ങളിലും അമ്പലവും ദൈവാലയവും മോസ്ക്കുമൊക്കെ പരസ്പര സഹകരണത്തിനുള്ള ശ്രീകോവിലുകളായി കാണുവാനുള്ള വിശാലമനസ്സ് കേരളീയന്റെ സ്വന്തമായിരുന്നു. ഉദാഹരണമായി വ്രതവും നോമ്പും എടുത്ത് ശബരിമലക്കു പോകുന്ന അയ്യപ്പഭക്തരിൽ അധികം പേരും വെളുത്തച്ഛൻ എന്നറിയപ്പെടുന്ന അർത്തുങ്കൽ പള്ളിയിലെ വിശുദ്ധ സെബസ്ത്യാനോസിന്റെയടുത്ത് ചെന്നിട്ടാണ് ശബരിമലക്കു തിരിക്കുന്നത്. പോകും വഴി എരുമേലിയിലുള്ള വാവരുടെ മുസ്ലീം പള്ളിയുടെ മുമ്പിൽ തുള്ളൽ നടത്തിയതിനുശേഷമാണ് പമ്പാനദി കടന്ന് ശബരിമലക്കു പോകുന്നത്.

പഴയ നാട്ടുരാജാക്കന്മാർ പലരും ദൈവാ

ലയങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സ്ഥലവും മറ്റു സഹായങ്ങളും ചെയ്തിരുന്നു. കാഞ്ഞൂർ പള്ളിയിൽ ഉള്ള ആനവിളക്ക് ശക്തൻ തമ്പുരാൻ സമ്മാനിച്ചതാണ്. ഈ വിളക്കിൽ ഒഴിക്കാനുള്ള എണ്ണയ്ക്കുള്ള വരുമാനത്തിനായി 100 പറ നിലം പള്ളിക്ക് നൽകുകയും ചെയ്തു. എല്ലാവർഷവും ജനുവരി 20, 21 തീയതികളിൽ നടക്കുന്ന വലിയ തിരുന്നാൾ ദിനങ്ങളിൽ തിരുസ്വരൂപം എഴുന്നെള്ളിക്കുമ്പോൾ ഇന്നും രൂപത്തിനിരുവശങ്ങളും പിടിക്കുന്ന കുത്തുവിളക്ക് കൊട്ടാര അമ്പലത്തിൽ നിന്നായയ്ക്കുന്ന സ്ത്രീകളാണ് പിടിക്കുന്നത്.

വയനാട്ടിലെ മരിയൻ തീർത്ഥാടനകേന്ദ്രമായ പള്ളിക്കുന്നു പള്ളിയിലെ തിരുന്നാൾ ആ നാട്ടിലെ ഹൈന്ദവരുടെ, പ്രത്യേകിച്ചും ആദിവാസികളുടെ, ഉത്സവവും കൂടിയാണ്. ദൈവാലയങ്ങളും അമ്പലങ്ങളും മോസ്ക്കുകളും പണിയേണ്ടിവരുമ്പോഴും നാനാജാതി മതസ്ഥരും അങ്ങോട്ടും ഇങ്ങോട്ടും സഹായിക്കുക നമ്മുടെ നാടിന്റെ പ്രത്യേകതയായിരുന്നു. ഇങ്ങനെ വിലയിരുത്തുമ്പോൾ നൂറ്റാണ്ടുകളായി മതങ്ങളുടെയും മതസൗഹാർദത്തിന്റെയും കേളീരംഗമായിരുന്നു കേരളം എന്ന് സ്പഷ്ടമാകുന്നു.

നലം തികഞ്ഞ കേരളീയൻ, ഒന്നാന്തരം ദേശസ്നേഹി, ചാവറയച്ചന്റെ പ്രയാണപഥം വീക്ഷിക്കുന്ന ആർക്കും പെട്ടെന്നു വ്യക്തമാകുന്ന ഒരു കാര്യം ഇതാണ്. മതനിരപേക്ഷ വീക്ഷണമുള്ള ഒരുപാടു കാര്യങ്ങളുടെ സമാരംഭകനായിരുന്നു അദ്ദേഹം. കേരളനവോത്ഥാനത്തിനും സാമൂഹികപരിഷ്കരണത്തിനും വിത്തുപാകിയ മുൻനിരനേതാക്കളിലൊരാളായിരുന്നു അദ്ദേഹം. ഭാരതീയമായ സംസ്കാരികമൂല്യങ്ങളും ചൈതന്യവും ക്രൈസ്തവജീവിതചര്യയിൽ ഉൾച്ചേർത്തയാൾ. തദ്ദേശീയ സംസ്കാരവും ആചാരങ്ങളും പാരമ്പര്യങ്ങളും പരിരക്ഷിക്കാനുള്ള സന്ദേശം സീറോ-മലബാർ സഭാംഗങ്ങളിൽ മുഴുവനുമെത്തിക്കുക എന്നത് അദ്ദേഹം ഏറ്റവും മുൻഗണന കൊടുത്ത കാര്യങ്ങളിലൊന്നായിരുന്നു.

'കേരളത്തിലെ ക്രൈസ്തവസഭ' പോർച്ചുഗീസ് അധിനിവേശകാലത്തു തലപൊക്കിയ നിരവധി വിഭാഗീയതകൾക്കു പാത്രമായിരുന്നു. ദേശീയ-രാജ്യാന്തര തലത്തിലുള്ള പല സ്വാധീനങ്ങളും അവരുടെ മേലുണ്ടായിരുന്നു. എന്നാൽ ഇതിനെല്ലാമതീതമായി കേരള സമൂഹത്തിനും സംസ്കാരത്തിനും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട് അവർ. ദേശീയവീക്ഷണവും കേരളീയതയും കൈമുതലായ ഒരു ജനതയായിരുന്നു അവർ. ഭാരതത്തിലുടനീളം രാഷ്ട്രബോധം വളർന്നുവരുന്ന കാലമായിരുന്നു അത്. കേരളജനതയിൽ ആ ബോധം ഊട്ടിയുറപ്പിക്കുന്നതിൽ നിർണായകപങ്കാണ് ചാവറയച്ചൻ വഹിച്ചത്. കത്തോലിക്കരെ കേരളസമൂഹത്തിന്റെ മുഖ്യധാരയിൽ ചേർക്കുന്നതിൽ അദ്ദേഹത്തിന്റെ ആശയങ്ങളും നടപടികളും നിർണായകമായി. ഭാരതീയപൈതൃകങ്ങളുടെ പാത പിന്തുടരാൻ തന്റെ അനുയായികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

വേദങ്ങളും ഉപനിഷത്തുക്കളും സംസ്കൃതഭാഷയിൽ പഠിച്ചവർ പോലും ആ ഭാഷയെ കൈവെടിഞ്ഞുതുടങ്ങിയ നാളുകളിലാണ് ഭാരതത്തിന്റെ പൈതൃകഭാഷയെ വീണ്ടെടുക്കുന്നതിനും ജനകീയമാക്കുന്നതിനുമുള്ള നടപടികൾ ചാവറയച്ചൻ തുടങ്ങിവച്ചത്. സംസ്കൃതപഠനത്തിനു വലിയ പ്രാധാന്യം നൽകിയ അദ്ദേഹം 1846 ൽ മാന്നാനം സെമിനാരിയോടു ചേർന്ന് സംസ്കൃതസ്കൂളും തുടങ്ങി.

നിരവധി ഹൈന്ദവാചാരങ്ങൾ കുടുംബപ്രാർഥനയിലും പള്ളിയിലെ ആചാരങ്ങളിലും സ്വാംശീകരിച്ച് ക്രൈസ്തവസഭയെ ഭാരതീയമാക്കുന്നതിലും അദ്ദേഹം മുൻകൈയെടുത്തു. സന്ധ്യാപ്രാർഥന, വൈകുന്നേരങ്ങളിൽ നിലവിളക്കു തെളിക്കൽ, ജപമാല മുതലായവ ഹൈന്ദവാചാരങ്ങളുടെ അനുരൂപണമായിരുന്നു. സ്വന്തം നാടിന്റെ ആചാരാനു



ഷ്ഠാനങ്ങളോടു സ്വാഭാവികമായുള്ള ഒരടുപ്പം ഈ ചുവടുകളിൽ സ്പഷ്ടമായിരുന്നു. ഭരതനാട്യവും കഥകളിയും പോലുള്ള കലാരൂപങ്ങൾ പരിശീലിക്കാനും നാലുകെട്ടു രീതിയിലുള്ള വീടുകൾ പണിയാനും പായസം പോലുള്ള ഭക്ഷണസാധനങ്ങൾ പാകം ചെയ്തുപയോഗിക്കാനും അദ്ദേഹം ആളുകളെ പ്രോത്സാഹിപ്പിച്ചു. ഓരോരോ സമുദായങ്ങളുടേതു മാത്രമായിരുന്ന നല്ല ശൈലികളും കലാരൂപങ്ങളും ഭക്ഷണങ്ങളും അദ്ദേഹം കേരളത്തിന്റേതു മുഴുവനുമാക്കി മാറ്റി.

പള്ളികളലങ്കരിക്കാൻ കൃത്രിമപ്പൂക്കൾ വേണ്ട, യഥാർഥ പൂക്കൾ തന്നെ വേണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. പള്ളികളിൽ പാടുന്ന പാട്ടുകൾ ഇവിടുത്തെ സംസ്കാരത്തിൽ അടിയുറച്ചവയാകണമെന്ന് അദ്ദേഹം ശഠിച്ചു. ഭാരതീയപാരമ്പര്യങ്ങളോടു ചേർന്നുനടക്കാനുള്ള നിഷ്ഠയുടെ ഭാഗമായിരുന്നു ഇതൊക്കെ. അനുദിന ബൈബിൾ വായന, കുർബാനമധ്യേയുള്ള ഉദ്ബോധനപ്രസംഗം, പുരോഹിതർക്കും ഇടവകാംഗങ്ങൾക്കും വാർഷിക ധ്യാനം തുടങ്ങിയവ ഹൈന്ദവാചാരങ്ങളിൽ നിന്ന് ചാവറയച്ചൻ അനുരൂപണം നടത്തിയെടുത്ത വിശ്വാസാചരണങ്ങളാണ്. ജനങ്ങളുമായി ജനങ്ങളുടെ ഭാഷയിൽ സംവദിക്കുന്നതിനു തുടക്കം കുറിച്ച് അദ്ദേഹം സുവിശേഷപ്രസംഗങ്ങൾ മലയാളത്തിലാക്കുകയും ചെയ്തു.

ചാവറയച്ചൻ നാനാജാതി മതസ്ഥരുടെയും പ്രിയങ്കരനായിരുന്നു. ഇതിനു കാരണം എല്ലാ മതസ്ഥരോടുമുള്ള അദ്ദഹത്തിന്റെ തുറന്ന സമീപനരീതികളായിരുന്നു. തുടങ്ങുവാൻ പോകുന്ന സന്ന്യാസസഭയ്ക്ക് സ്ഥാപനമുണ്ടാക്കുവാൻ ചാവറയച്ചനും ടീമംഗങ്ങളും സ്ഥലമന്വേഷണം തുടങ്ങി. ഈ അന്വേഷണത്തിലും ഹിന്ദുക്കളും മുസ്ലീങ്ങളുമായ സഹോദരങ്ങൾ സഹായിച്ചു. നീണ്ടു നിന്ന അന്വേഷണങ്ങൾക്കുശേഷം അവരുടെ മനസ്സിനിണങ്ങിയ ഒരു സ്ഥലം അതിരമ്പുഴയ്ക്കടുത്തുള്ള പുല്ലരിക്കുന്നിൽ കണ്ടെത്തി. അതു വാങ്ങാനുള്ള നടപടികളും ആരംഭിച്ചു. അതിനുശേഷമാണ് പുല്ലരിക്കുന്നുംപുറം കുമാരനെല്ലൂർ ഭഗവതിയുടെ സങ്കേതമാകുന്നു എന്നും അവിടെ ദൈവാലയം വയ്ക്കുന്നതിൽ അവിടത്തുകാർക്ക് താല്പര്യമില്ലെന്നും മനസ്സിലായത്. അച്ചന്മാർക്ക് ഇഷ്ടപ്പെട്ട സ്ഥലമായതുകൊണ്ട് അതു വാങ്ങാൻ പലവിധ സഹായങ്ങളുമായി പലരും മുന്നോട്ടുവന്നു. അവരെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് ചാവറയച്ചനും കൂട്ടരും കൊടുത്ത മറുപടി: "ഞങ്ങൾക്ക് വഴക്കുണ്ടാക്കുവാൻ മനസ്സില്ലെന്നും സ്ഥലം മറ്റെവിടെയായാലും വേണ്ടില്ല" എന്നുമായിരുന്നു. ഈ മറുപടിയുടെ ചുരുക്കം മത സൗഹാർദത്തിന് തടസ്സമായതെന്തും മനുഷ്യ സാഹോദര്യത്തിനു ചേർന്നതല്ല എന്നതുതന്നെ ആയിരുന്നു.

പിന്നീട് മാന്നാനത്ത് സ്ഥലം കണ്ടെത്തി പണികൾ ആരംഭിച്ചപ്പോൾ അച്ചന്മാരെ സഹായിക്കാൻ നാനാജാതി മതസ്ഥരും മുന്നോട്ടുവന്നിരുന്നു. സ്ഥലമന്വേഷണത്തി



കോഴിക്കോട് ചാവറ കൾച്ചറൽ സെന്ററിൽ അവതരിപ്പിച്ച ദിവ്യകാരുണ്യ ചരിതം ആട്ടക്കഥയിലെ ഒരു ദൃശ്യം രേഖാചിത്രമാക്കിയത്. രാധാമാധവൻ രചിച്ച കഥ, കലാമണ്ഡലം സാജൻ ചിട്ടപ്പെടുത്തി അവതരിപ്പിച്ചിരിക്കുന്നു.



ന്റെ ആരംഭം മുതൽ ഹിന്ദുവായ ഇട്ടൻ എപ്പോഴും തന്നെ ഇവരുടെ കൂട്ടത്തിലുണ്ടായിരുന്നു. മാന്നാനം കുന്നിൽ പള്ളിക്കും ആശ്രമത്തിനും വേണ്ടി കാടു വെട്ടിത്തെളിച്ചു തുടങ്ങിയപ്പോൾ ഏറ്റുമാനൂരെ വലിയൊരു കച്ചവടക്കാരൻ ഒശനാരു മേത്തർ എല്ലാ പണികളുടേയും മുൻപന്തിയിലുണ്ടായിരുന്നു എന്നു മാത്രമല്ല ഒരു ദിവസം പണിയാളുകളെ അയച്ച് തന്റെ സ്വന്തം ചെലവിൽ കാടു വെട്ടിത്തെളിയിക്കാൻ സഹായിക്കുകയും ചെയ്തു. പൊവെനി, തറെൻ, മലെൻ എന്നിങ്ങനെ അന്യമതസ്ഥരായ പലരും പണികളിൽ ഔദാര്യപൂർവം സഹായിച്ചിരുന്നു.

മാന്നാനത്ത് സ്ഥലം കണ്ടെത്തുന്നതിനും മറ്റും വളരെയധികം സഹായിച്ച കുടമാളൂർ തെക്കേടത്ത് കോരപ്പണിക്കരുടെ മകൻ ഇട്ടിച്ചെറിയ എന്നയാളെ ചാവറയച്ചൻ പ്രത്യേകം സ്മരിക്കുന്നുണ്ട്. ഇതുപോലെ മാന്നാനം കുന്നിന്റെ താഴെ താമസിച്ചിരുന്ന ചിറ്റേഴത്ത് ഇച്ചരച്ചാരും കുടുംബവും കാണിച്ച സഹകരണത്തെക്കുറിച്ചും നാളാഗമത്തിൽ എഴുതിയിട്ടുണ്ട്.

ചാവറയച്ചന്റെ ജീവിതത്തെ ഇപ്രകാരം പരിശോധിക്കുമ്പോൾ അദ്ദേഹം ക്രിസ്തുമതാനുയായികളുടെ വിശ്വാസപരമായ കാര്യങ്ങളിൽ പ്രത്യേകനിലപാടു സ്വീകരിക്കുകയും വിശ്വാസത്തിലും വിശുദ്ധിയിലും വളരുവാൻ അവരെ പ്രേരിപ്പിക്കുകയും നയിക്കുകയും ചെയ്തിരുന്നെങ്കിലും മറ്റു മതവിശ്വാസങ്ങളോട് ആദരവും സഹിഷ്ണുതയും സഹകരണവും പുലർത്തിയിരുന്നു. അക്രൈസ്തവനായ തിരുവിതാംകൂർ രാജാവ് ഏറ്റുമാനൂർ എഴുന്നള്ളത്തിനു വന്നപ്പോൾ മാന്നാനത്തു നിന്നും സെമിനാരിക്കാരെയും വാദ്യമേളക്കാരെയും കൂട്ടിക്കൊണ്ടു പോയി രാജാവിനെ ആദരിക്കാൻ ചാവറയച്ചൻ നേതൃത്വം കൊടുത്തിരുന്നു.

സാഹിത്യകൃതികളിലുപയോഗിക്കുന്ന അലങ്കാരപ്രയോഗങ്ങളിലൂടെ കവിയുടെ ഹൃദയം കണ്ടെത്താമെന്നാണ് ആധുനിക വിമർശനശാസ്ത്രം പറയുന്നത്. ഗ്രാമീണകേരളത്തിന്റെ മിടിപ്പുള്ള പതിനഞ്ചോളം വൃത്തങ്ങളാണ് ചാവറയച്ചൻ കവിതകളിലുപയോഗിച്ചിരിക്കുന്നത്. അവ വീരേതിഹാസങ്ങൾ പാടുന്ന നാടൻപാട്ടുകളുടെ വൃത്തങ്ങളിൽ നിന്നു ഭിന്നമാണു താനും. ദൈവസ്തുതിക്കനുയോജ്യമായ വൃത്തങ്ങളിലാണ് അദ്ദേഹം സന്ധ്യാപ്രാർഥനകളും വിലാപകാവ്യങ്ങളും ഈശ്വരനുമായി സംവദിക്കുന്ന രീതിയിലുള്ള ഗാനങ്ങളും രചിച്ചത്. ഹൈന്ദവ സംസ്കാരവും താളങ്ങളും സ്വാംശീകരിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ തലമുറകളിലൂടെ ജനഹൃദയങ്ങളിൽ പതിഞ്ഞ് കേരള ക്രൈസ്തവരുടെ സാംസ്കാരികപാരമ്പര്യത്തിന്റെ ഭാഗമായി. രണ്ടു കാര്യങ്ങൾ സ്വീകരിക്കാനുള്ള സന്നദ്ധത ഇവിടെ സ്പഷ്ടമാണ്: പൊതുസംസ്കാരത്തിന്റെ അടിസ്ഥാനപ്രമാണങ്ങളും ഹൈന്ദവപാരമ്പര്യത്തിന്റെ അകക്കാമ്പിലുള്ള മനഃശാന്തിസൂത്രങ്ങളും. ക്രൈസ്തവ ആത്മീയതയെ പൊതുസംസ്കാരവുമായി ലയിപ്പിക്കുക എന്ന മഹത്തായ ദൗത്യത്തിനായി സ്വയം സമർപിച്ചവനായിരുന്നു ചാവറയച്ചൻ. ആളുകളെ മുഴുവൻ ക്രൈസ്തവരാക്കി മാറ്റുക എന്നതിനെക്കാൾ ക്രൈസ്തവചൈതന്യം ആളുകളിൽ നിറയ്ക്കുക എന്നതായിരുന്നു തന്റെ കവിതകളിലൂടെ അദ്ദേഹം നേടിയ ലക്ഷ്യം.

ചാവറയച്ചൻ നിരവധി കവിതകളെഴുതി. എഴുത്തച്ഛന്റെ കിളിപ്പാട്ടുശൈലിയിൽ ക്രിസ്തുവിന്റെ ജീവിതത്തെ ആധാരമാക്കി രചിച്ച ഒരു പ്രാർഥനയും ഇക്കൂട്ടത്തിൽ പെടുന്നു. പ്രാർഥനകൾ ജപിക്കുന്നതിലും ആരാധനാക്രമങ്ങളിലും തദ്ദേശീയപാരമ്പര്യങ്ങളുമായി ചേർന്നുനിൽക്കുന്നതിൽ അദ്ദേഹം നിഷ്കർഷ പുലർത്തി. സുറിയാനി ഭാഷയിലായിരുന്ന പ്രാർഥനകൾ മലയാളത്തിൽ തന്നെ വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മാതൃഭാഷയിലൂടെ പകർന്നുനൽകുന്ന ഉൾക്കാഴ്ചകളുടെ കനമാണ് ചാവറയച്ചന്റെ കൃതികളുടെ ഒരു സവിശേഷത. മലയാളഭാഷയിൽ ചെറുകവിതകളുടെ പ്രവേശനം കുറിച്ച കവിതയാണ് അദ്ദേഹം രചിച്ച അനസ്താസ്യായുടെ രക്തസാക്ഷ്യം. സാഹിത്യചരിത്രത്തിൽ ഇതു വേണ്ടവിധം ശ്രദ്ധിക്കപ്പെടാതെ പോയെന്നു മാത്രം.

മതാന്തരസംവാദങ്ങൾക്കും പരസ്പരസഹകരണങ്ങൾക്കും തുടക്കമിട്ട ആളായിട്ടാണ് ചാവറയച്ചൻ അറിയപ്പെടുന്നത്. കല്ലും മരവുമുപയോഗിച്ചു കെട്ടിപ്പൊക്കുന്ന മതസ്ഥാപനങ്ങളെക്കാൾ മഹത്തരം മനുഷ്യർ തമ്മിലുള്ള സാഹോദര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഈ മതസൗഹാർദ്ദചിന്തയുടെ ആദ്യപാഠങ്ങൾ ഒരുപക്ഷേ അദ്ദേഹത്തിനു സ്വന്തം നാട്ടിലും വീട്ടിലും നിന്നു ബാല്യത്തിലേ വീണുകിട്ടിയതാവണം. 1829 ൽ അദ്ദേഹം വൈദികനായി പട്ടമേറ്റത് അർത്തുങ്കൽ പള്ളിയിൽ വച്ചായിരുന്നു. ഉരുളുനേർച്ച മുതലായ അനുഷ്ഠാനങ്ങൾ കൊണ്ടും ശ്രദ്ധേയമാണ് ഈ ദൈവാലയം. വിശ്വാസനൈർമല്യത്തിന്റെയും മനുഷ്യസാഹോദര്യത്തിന്റെയും വേരുകൾ പടർന്ന ആ മണ്ണിന്റെ നന്മയാർന്ന നനവാകണം ചാവറയച്ചന്റെ മനസ്സിലും പതിഞ്ഞത്.

കാലം കൊളുത്തിയ ജ്വാല

സെബാസ്റ്റ്യൻ പോൾ

വിശുദ്ധപദവിയിലേക്കുള്ള വഴികൾ പലതാണ്. ചിലർ പ്രാർഥനയെ ജീവിതമാക്കുന്നു; ചിലർ ജീവിതത്തെ പ്രാർഥനയാക്കുന്നു. നിഷ്കാമമായ പ്രവർത്തനത്താൽ ജീവിതത്തെ ദൈവത്തിനുള്ള അർച്ചനയും സമൂഹത്തിനുള്ള അർപണവുമാക്കി മാറ്റിയ പുണ്യാത്മാവായിരുന്നു ചാവറയച്ചൻ. പത്തൊൻപതാം നൂറ്റാണ്ടിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഇത് ഭ്രാന്താലയമാമോ എന്ന വിവേകാനന്ദന്റെ ചോദ്യത്തിൽ ആ കാലത്തെ ഗ്രസിച്ചിരുന്ന ഇരുട്ടിന്റെ തീവ്രത ബോധ്യമാകുന്നു. ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും ചാവറയച്ചനുശേഷം ജീവിച്ചവരാണ്. ചാവറയച്ചൻ കണ്ട കേരളം അവർ കണ്ട കേരളത്തേക്കാൾ ഭീകരമായിരുന്നു. ജാതീയവും സാമുദായികവുമായ അടിച്ചമർത്തലിന് അദ്ദേഹമോ അദ്ദേഹത്തിന്റെ സമുദായമോ വിധേയമായിരുന്നില്ല. പക്ഷേ ചുറ്റും കണ്ട കാഴ്ചകളിൽ യവനകഥയിലെ പ്രൊമിത്യൂസിനെപ്പോലെ അദ്ദേഹം വേദനിച്ചു. മരവിച്ചുകിടക്കുന്ന സമൂഹത്തിന് ചൂടും വെളിച്ചവും പകരാൻ വിദ്യാഭ്യാസമെന്ന അഗ്നി അദ്ദേഹം ജ്വലിപ്പിച്ചു. ആ ചൂടും വെളിച്ചവും സ്വന്തം സമുദായത്തിനു മാത്രമായി പരിമിതപ്പെടുത്തിയില്ല. അദ്ദേഹത്തിന്റെ സഭാംഗങ്ങൾ നിസ്തുലമായ ആ പൈതൃകം മങ്ങാതെ സൂക്ഷിക്കുന്നു.



വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ടാണ് ചാവറയച്ചന്റെ പ്രശസ്തി. എന്നാൽ അദ്ദേഹത്തിന്റെ കർമരംഗം പള്ളിക്കൂടങ്ങളിൽ മാത്രമായി പരിമിതപ്പെട്ടില്ല. മനുഷ്യൻ വചനം കൊണ്ടോ പ്രാർഥനകൊണ്ടോ മാത്രമല്ല ജീവിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. തൊഴിലവസരങ്ങൾ കുറവായിരുന്ന കാലത്ത് കൂനമ്മാവിലെ ജനങ്ങളെ ചില കൈത്തൊഴിലുകൾ പഠിപ്പിച്ചു. കൊന്ത, കാശുരൂപം, മെഡലുകൾ തുടങ്ങിയവയുടെ നിർമാണകേന്ദ്രമാണ് ഇന്നും കൂനമ്മാവ്. വിവിധ പ്രദേശങ്ങളിലേക്ക് ഈ വസ്തുക്കൾ കയറ്റി അയക്കപ്പെടുന്നു. നാനാജാതി മതസ്ഥരുടെ കുലത്തൊഴിലായി ഇത് മാറിയിരിക്കുന്നു. ഭാവനയ്ക്കും കർമത്തിനും അതിരുകൾ നിശ്ചയിക്കാതിരുന്ന ശ്രേഷ്ഠനായ പുരോഹിതനായിരുന്നു കുര്യാക്കോസ് ഏലിയാസ്. സഭയോടുള്ള വിധേയത്വം നിലനിർത്തിക്കൊണ്ടുതന്നെ സ്വന്തം വഴികൾ തേടാതിരിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല.

കേരളത്തിൽ യാഥാർഥ്യമായിത്തീർന്ന നവോത്ഥാനത്തിന്റെ അമരക്കാരനായിരുന്നു ചാവറയച്ചൻ. നിശബ്ദമായ വിപ്ലവത്തിനാണ് വിനീതനായ ആ പുരോഹിതൻ തിരി കൊളുത്തിയത്. പക്ഷേ അത് വലിയ വിസ്ഫോടനത്തിനു കാരണമായി. ചാന്നാർ സ്ത്രീകൾ

മാന്യമായി വസ്ത്രം ധരിക്കുന്നതിനുള്ള അവകാശത്തിനുവേണ്ടി സമരം ചെയ്യുന്ന കാലം. ചന്തകളിൽ ബന്ധനസ്ഥരായ അടിമകളെ കാലികളെപ്പോലെ വില്പനക്കു നിർത്തിയിരുന്ന കാലം. എന്തൊരു കാലമായിരുന്നു അതെന്ന് ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാക്കാൻ പ്രയാസമായിരിക്കും. ഒന്നരനൂറ്റാണ്ട് മുമ്പു മാത്രമാണ് തിരുവിതാംകൂറിൽ അടിമവ്യാപാരം നിരോധിക്കപ്പെട്ടത്. ഏതാണ്ട് അതേകാലത്തുതന്നെയായിരുന്നു അമേരിക്കയിൽ ഏബ്രഹാം ലിങ്കൺ അടിമകളെ സ്വതന്ത്രരാക്കിയത്. ജാതിയെ അടിസ്ഥാനമാക്കിയുള്ള വിവേചനങ്ങളും അടിച്ചമർത്തലുകളും മനുഷ്യാവകാശലംഘനങ്ങളും കണ്ട കോപത്തിൽനിന്നാണ് വിവേകാനന്ദന്റെ ശകാരമുണ്ടായത്. കേരളമാകുന്ന ഈജിയൻ തൊഴുത്ത് വൃത്തിയാക്കുന്നതിന് വേമ്പനാട് കായലിലെ വെള്ളം മുഴുവൻ ഒഴുക്കിയാലും മതിയാവില്ലായിരുന്നു. പക്ഷേ ചാവറയച്ചൻ തനതായ ചില ശുദ്ധീകരണപ്രക്രിയകൾ ആരംഭിച്ചു. പള്ളിയോടൊപ്പം പള്ളിക്കൂടം തുടങ്ങിയ പരിപാടികൾ അതിന്റെ ഭാഗമായിരുന്നു.

ചാവറയച്ചന്റെ കാലത്തിനുശേഷവും പുലയരുടെ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനമുണ്ടായിരുന്നില്ല. കേരളത്തിലെ ആദ്യത്തെ കാർഷിക പണിമുടക്ക് അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്നത് പുലയക്കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം പ്രഖ്യാപിക്കുന്നതിനുവേണ്ടിയായിരുന്നു. മേലാളരുടെ വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ പ്രവേശിപ്പിച്ചില്ലെങ്കിൽ അവരുടെ വയലുകളിൽ പണിക്കിറങ്ങില്ലെന്നായിരുന്നു പുലയരുടെ സമരപ്രഖ്യാപനം. പുലയരുടെ വിയർപ്പ് വീണ അരി മേലാളർക്ക് ആഹാരമാകുമ്പോഴും അവരുടെ കുട്ടികൾക്ക് സ്വന്തം കുട്ടികൾക്കൊപ്പമിരുന്ന് പഠിച്ചുകൂടെന്ന അവസ്ഥ. കരയിൽ സമ്മേളിക്കുന്നതിന് അവസരം നിഷേധിക്കപ്പെട്ട പുലയർ കായലിൽ വള്ളങ്ങൾ കൂട്ടിക്കെട്ടി സമ്മേളനം നടത്തി.

അങ്ങനെയൊരു കാലത്താണ് പള്ളിക്കൊരു പള്ളിക്കൂടം എന്ന ആശയം ചാവറയച്ചൻ മുന്നോട്ടുവച്ചത്. വരാപ്പുഴ വികാരിയത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ ചുമതലയുള്ള വികാരി ജനറാളായിരുന്നു ചാവറയച്ചൻ. ആർച്ച്ബിഷപ്പായിരുന്ന ബെർണാദ് ബേച്ചിനെല്ലി ഈ ആശയം അംഗീകരിച്ച് ഇടയലേഖനമിറക്കിയതോടെ അത് കൽപനയായി. റിപ്പബ്ലിക് അറുപതു പിന്നിട്ട ശേഷമാണ് ഭരണഘടനയിൽ കുട്ടികളുടെ വിദ്യാഭ്യാസം *മൗലികാവകാശമായി* ചേർക്കപ്പെട്ടത്. പള്ളിക്കൂടങ്ങൾ സ്ഥാപിക്കുക മാത്രമല്ല പഠിക്കാനെത്തുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുകയെന്ന നിർദേശവും അന്നുണ്ടായി. പ്രഭാഷണം കേട്ടവർ വിശന്ന് മടങ്ങരുതെന്ന നിർദേശത്തിൽ നിന്നാണ് അഞ്ചപ്പം അയ്യായിരമായി വർധിച്ചത്. പഠിക്കാനെത്തുന്ന പാവങ്ങൾ വിശന്നിരിക്കരുതെന്ന നിർദേശത്തിനു പിന്നിൽ ദൈവികമായ സമീപനമുണ്ട്.



പള്ളിക്കൂടത്തിനൊപ്പം അച്ചുകൂടവും ചാവറയച്ചന്റെ സംഭാവനയാണ്. മലബാറിൽ ബാസൽ മിഷനും ഹെർമൻ ഗുണ്ടർട്ടും ചേർന്ന് മുദ്രണവും പ്രസിദ്ധീകരണവും ആരംഭിച്ചിരുന്നു. 1847 ലാണ് മലയാളത്തിലെ ഒന്നാമത്തെ പത്രം എന്ന് വിശേഷിപ്പിക്കപ്പെടുന്ന *രാജ്യസമാചാരം* പ്രസിദ്ധീകരിച്ചത്. എതാണ്ട് അക്കാലത്തുതന്നെ മാന്നാനത്ത് ചാവറയ



ച്ചൻ ഒരു പ്രസ്സ് സ്ഥാപിച്ചു. അവിടെനിന്നാണ് ചാവറയച്ചന്റെ കാലശേഷം 1887 ൽ *നസ്രാണി ദീപിക* പ്രസിദ്ധീകരണമാരംഭിച്ചത്.

വൈവിധ്യത്താൽ സമ്പന്നമായിരുന്നു ചാവറയച്ചന്റെ കർമപഥം. സവിശേഷമായ സർഗാത്മകത ആ പ്രവർത്തനങ്ങളെ വ്യത്യസ്തമാക്കി. അദ്ദേഹം പ്രവർത്തിച്ചിരുന്ന വരാപ്പുഴ അന്ന് സ്പാനിഷ് മിഷനറിമാരുടെ നിയന്ത്രണത്തിലായിരുന്നു. സ്പെയിനും ബ്രിട്ടനും ശത്രുതയിലായിരുന്നതിനാൽ വരാപ്പുഴയിൽ ഇംഗ്ളിഷ് പഠിക്കുന്നതിന് വിലക്കുണ്ടായിരുന്നു. പണവും പ്രാപ്തിയും ഉള്ളവർ അത് വകവയ്ക്കാതെ ട്രിച്ചിയിലും മംഗലാപുരത്തും പോയി ഇംഗ്ളിഷ് പഠിച്ചു. ഭാഷ രാഷ്ട്രീയവൽക്കരിക്കപ്പെട്ടിരുന്ന അക്കാലത്ത് ചാവറയച്ചൻ സംസ്കൃത വിദ്യാലയം സ്ഥാപിച്ചു. ആർക്കും സംസ്കൃതം പഠിക്കാൻ ഇന്ന് തടസമില്ല. പക്ഷേ അന്ന് ദേവഭാഷയായ സംസ്കൃതം എല്ലാവർക്കും പഠിക്കാവുന്ന ഭാഷയായിരുന്നില്ല. സംസ്കൃതം പഠിക്കാൻ ആഗ്രഹിച്ച അംബേദ്കർക്ക് ഇന്ത്യയിൽ അതിനുള്ള അവസരമുണ്ടായില്ല. ജർമനിയിൽ പോയപ്പോഴാണ് അദ്ദേഹം സംസ്കൃതം പഠിച്ചത്. ജാതിവ്യവസ്ഥയോടുള്ള കടുത്ത വെല്ലുവിളിയാണ് സംസ്കൃത വിദ്യാലയത്തിന്റെ സ്ഥാപനത്തിലൂടെ ചാവറയച്ചൻ നടത്തിയത്.

ചാവറയച്ചൻ ആരായിരുന്നുവെന്ന ചോദ്യത്തിന് പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന വിശുദ്ധൻ എന്നായിരിക്കും ഇന്നത്തെ കുട്ടികൾ നൽകുന്ന ഉത്തരം. ചാവറയച്ചനെ അങ്ങനെ അനായാസം നിർവചിക്കാനാവില്ല. സാഹിത്യ അക്കാദമി ഹാളിൽ ചെന്നാൽ മലയാളത്തിലെ പ്രമുഖരായ സാഹിത്യകാരന്മാർക്കൊപ്പം ചാവറയച്ചന്റെ ചിത്രം കാണാം. അദ്ദേഹം സാഹിത്യകാരനായിരുന്നു എന്നതുതന്നെ അതിനു കാരണം. കാവ്യാത്മകമായ ഭാഷയുടെ ഉടമയായിരുന്നു അദ്ദേഹം. കവിതകൾ രചിച്ചിട്ടുണ്ട്. ജീവചരിത്രം എഴുതിയിട്ടുണ്ട്.

സുഗമവും സർവത്ര സ്വീകാര്യവുമായ പാതയിലൂടെയാവില്ല അന്ന് ചാവറയച്ചൻ സഞ്ചരിച്ചത്. എതിർപ്പും ആക്ഷേപവും സ്വാഭാവികമാണ്. തന്നിൽ ദൈവത്തിന്റെ വരപ്രസാദമായി നിറഞ്ഞുനിൽക്കുന്ന ആധ്യാത്മിക ചൈതന്യത്താൽ ചാവറയച്ചൻ അവയെ അതിജീവിച്ചു. ദൈവത്തിന് സമർപിക്കാൻ മനോഹരമായത് എന്തെങ്കിലും കണ്ടെത്തുന്നതിനുള്ള അന്വേഷണമായിരുന്നു കൊൽക്കത്തയിലെ വിശുദ്ധയായ തെരേസയുടെ ജീവിതം. തത്തുല്യമായ അന്വേഷണമായിരുന്നു ചാവറയച്ചന്റെ ജീവിതവും. സർഗാത്മകമായ ആധ്യാത്മികതയായിരുന്നു ചാവറയച്ചന്റെ ജീവിതദർശനം. ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുന്ന ആത്മീയതയായിരുന്നു ചാവറയച്ചന്റേത്. സർഗാത്മകമായ ആത്മീയത കർമവൈവിധ്യത്തിലൂടെ പുഷ്കലമായി. ബഹുമുഖപ്രതിഭ എന്ന വിശേഷണം അർഥമറിഞ്ഞ് പ്രയോഗിച്ചാൽ അത് ചാവറയച്ചനെ സംബന്ധിച്ച് പൂർണമായും അനുയോജ്യമായിരിക്കും.

ചാവറയച്ചനെ കേരളം നന്ദിയോടെ ഓർമിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിലെ അന്ധകാരത്തിൽ കേരളം പ്രത്യാശയോടെ കണ്ട നവോത്ഥാനത്തിന്റെ ധ്രുവനക്ഷത്രമായിരുന്നു ചാവറയച്ചൻ. പിൽക്കാലത്തെ നവോത്ഥാനനായകർക്ക് വഴിയൊരുക്കിയിട്ട പുരോഗാമി. അദ്ദേഹം എറിഞ്ഞ വിത്തുകൾ പാറപ്പുറത്തോ മുൾപ്പടർപ്പിലോ വീണില്ല. പക്ഷികൾ കൊത്തിയെടുത്തതും വ്യത്യസ്തമായ ഇടങ്ങളിൽ വിതയ്ക്കപ്പെട്ടു. കാലം കരുതിയ വിത്തുകൾ അനുകൂലമായ അവസ്ഥയിൽ കിളിർത്തു. ആ ഹരിതഛായയുടെ സുരക്ഷിതത്വത്തിലും സമാശ്വാസത്തിലുമാണ് ആ വിശുദ്ധസ്മരണയ്ക്കു മുന്നിൽ നമ്മൾ പ്രണാമം അർപിക്കുന്നത്.

അവഗണിക്കപ്പെട്ട നവോത്ഥാന നേതൃത്വം

മൈക്കിൾ തരകൻ

എന്തുകൊണ്ടാണ് ചാവറയച്ചന്റെ നവോത്ഥാനനേതൃത്വത്തെ അർഹിതമായ വിധത്തിൽ കേരളത്തിലെ സമൂഹം പരിഗണിക്കാതിരുന്നത് എന്ന ചോദ്യം പ്രസക്തമാണ്. അതിന്റെ കാരണമന്വഷിക്കേണ്ടത് കേരളത്തിലെ സഭാഘടനയും സമുദായഘടനയും തമ്മിലുള്ള പാരസ്പര്യത്തിലെ സങ്കീർണതകളിലാണ്. മാണിക്കത്തനാരുടെ 'നസ്രാണി ദീപിക' കാലം മുതൽ തന്നെ യാക്കോബായ-സുറിയാനി സഭകൾ തമ്മിലുള്ള ആശയ വൈരുദ്ധ്യങ്ങൾ പ്രകടമായിരുന്നു. സഭകളും സമുദായങ്ങളും തമ്മിലുള്ള ചാർച്ചക്കുറവും ചാവറയച്ചനടക്കമുള്ള നവോത്ഥാനനായകരുടെ പ്രവർത്തനങ്ങളെ നിഷ്പക്ഷമായും അർഥവത്തായും വിലയിരുത്തുന്നതിൽ നിന്ന് പൊതുസമൂഹത്തെ പിന്തിരിപ്പിച്ചിട്ടുണ്ടാവാം.


സാമൂഹികാംഗീകാരം ഇനിയും പൂർണമായിട്ടില്ലെങ്കിലും ചാവറയച്ചനടക്കമുള്ള ക്രാന്തദർശികൾ നേതൃത്വം കൊടുത്ത നവോത്ഥാനധാരകളെ കാണാതിരിക്കാനാവില്ല. പ്രധാനമായും നാലു മേഖലകളിലാണ് ആ നേതൃത്വം പ്രവർത്തിച്ചത്. ഒന്നാമതായി, അത് ജാതിവ്യവസ്ഥയിലധിഷ്ഠിതമായ സമൂഹഘടനയെ ചോദ്യം ചെയ്തു. രണ്ടാമതായി,



ദേശീയപ്രസ്ഥാനത്തിന്റെ പുരോഗമന ധാരകളെ സാമൂഹിക നവോത്ഥാനവുമായി കൂട്ടിച്ചേർത്തു. മൂന്നാമത്തെ നേട്ടം, ഔപചാരിക വിദ്യാഭ്യാസം പ്രചരിപ്പിച്ചതിലും അതിനെ സാമൂഹ്യവികസനത്തിന്റെ ഉപാധിയായി വളർത്തിയതിലുമാണ്. അവസാനമായി, അത് വാണിജ്യവൽകൃതമായ കൃഷിയെ അവതരിപ്പിക്കുകയും ജന്മിവിരുദ്ധപ്രസ്ഥാനത്തിന് ആക്കം കൂട്ടുകയും ചെയ്തു. ഇതേ രംഗങ്ങളിൽ ഈ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ശ്രീനാരായണഗുരുവും നടത്തിയിരുന്നു. ഒരർഥത്തിൽ, മേൽപറഞ്ഞ എല്ലാ ധാരകളെയും ഉൾക്കൊണ്ടിരുന്നു എന്നതാണ് ശ്രീനാരായണഗുരുവിന്റെ സവിശേഷത.

1850 നും 1950 നും ഇടയിൽ കേരളീയ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ പ്രതിഭാശാലികളുടെ കാലയളവായിരുന്നു. കേരളീയ ചരിത്രത്തിലെ മഹാവ്യക്തിത്വങ്ങൾ ഒന്നിച്ചു പ്രത്യക്ഷപ്പെട്ട വേളയായിരുന്നു അത്.

ക്രിസ്തീയ സമുദായത്തെ സംബന്ധിച്ച് ലാറ്റിൻ, സുറിയാനി, യാക്കോബായ വിഭാഗങ്ങൾക്കുള്ളിൽ യൂറോപ്പിലെ നവോത്ഥാനത്തിനു സമാന്തരമായ നവോത്ഥാനം സംഭവിച്ച ഘട്ടവുമാണിത്. സ്വന്തം പാരമ്പര്യത്തെ വീണ്ടെടുക്കുക വഴി ഈ സമുദായങ്ങളെല്ലാം നവോന്മേഷമാർജിച്ചു. എന്നാൽ യൂറോപ്പിലുണ്ടായതിനു സമാന്തരമായി നവോത്ഥാനം കൃാപ്പിറ്റലിസത്തിന്റെയും ലിബറലിസത്തിന്റെയും പ്രോദ്ഘാടനത്തിലേക്ക് വഴി തെളിയിച്ചില്ല എന്നതിലാണ് കേരളീയ പ്രസ്ഥാനങ്ങളുടെ പരിമിതി. കേരളീയ നവോത്ഥാനം സംശയാസ്പദമാവുന്നതും അതിനാലാണ്. എഴുത്തച്ഛന്റെ രാമായണവും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഭാഗവതവും നവോത്ഥാ



ചാവറ ഹിൽസ്, കൊച്ചി. സി.എം.ഐ. സഭയുടെ പൊതുഭവനത്തിന്റെ രേഖാചിത്രം.

നത്തിന്റെ ഉൽപന്നങ്ങൾ തന്നെയാണ്. ഇവയെല്ലാം ഉണ്ടായിരുന്നിട്ടും നവോത്ഥാനം അതിന്റെ അഗാധതലങ്ങളിൽ സജീവതയാർജിച്ചില്ല എന്നു കാണാം. ചാവറയച്ചനടക്കമുള്ള നേതൃത്വത്തിന്റെ പ്രവർത്തന പരിസരത്തുനിന്നു വിലയിരുത്തുമ്പോൾ കേരളീയ നവോത്ഥാനമെന്നത് ഒരു അക്കാദമിക് പ്രശ്നമല്ല മറിച്ച് ഒരു സാമൂഹിക-രാഷ്ട്രീയ പ്രശ്നമാണെന്ന് കാണാം. നവോത്ഥാനത്തെ സംശയിക്കേണ്ടി വരുന്നത് അതിന്റെ പിന്തുടർച്ചയായുണ്ടായ മൂല്യത്തകർച്ചയുടെ പേരിലാണോ, അതോ ഇന്നത്തെ സമൂഹത്തിൽ മൂല്യങ്ങൾക്കുള്ള അഭാവത്തിന്റെ പേരിലാണോ എന്നത് സംഗതമാണ്.

ചരിത്ര പശ്ചാത്തലത്തിൽ വിലയിരുത്തുന്ന പക്ഷം ചാവറയച്ചനടക്കമുള്ള നവോത്ഥാനനായകരുടെ പ്രവർത്തനങ്ങളുടെ മഹത്വം മനസ്സിലാക്കാൻ കഴിയും. 1800 ൽ കേരളത്തിലെത്തിയ ഇംഗ്ലീഷ് സഞ്ചാരി ബുക്കനാൻ ആകെ രണ്ടു കുടിപ്പള്ളിക്കൂടങ്ങളേ കണ്ടുള്ളൂ. ചാവറയച്ചനടക്കമുള്ള പുരോഹിതരുടെ നേതൃത്വത്തിലാണ് ക്രിസ്ത്യൻ സമുദായമടക്കം വിദ്യാഭ്യാസ പുരോഗതിയുടെ വഴിയിലേക്ക് നീങ്ങുന്നത്.



സുറിയാനി-ലത്തീൻ സമുദായങ്ങൾ തമ്മിലുണ്ടായിരുന്ന ചേർച്ചക്കുറവിന് പാലയ്ക്കൽ തോമാ മൽപാന്റെ പ്രവർത്തനങ്ങളോടെയാണ് പരിഹാരമുണ്ടായത്. മൽപാനാണ് ലത്തീൻ മോഡലിൽ, പേപ്പൽ കേന്ദ്രീകൃതമായി സഭാവഴക്കങ്ങളെ ക്രോഡീകരിച്ചത്. കുമ്പസാരം, ളോപി, കൂദാശ, സെമിത്തേരി എന്നിങ്ങനെയുള്ള ചിട്ടകളേയും സെമിനാരി സമ്പ്രദായത്തെത്തന്നെയും സുറിയാനിസഭയിൽ അവതരിപ്പിച്ചത് അദ്ദേഹമാണ്.

മാന്നാനം, കൂനമ്മാവ്, എൽത്തുരുത്ത് തുടങ്ങിയ സ്ഥലങ്ങളിൽ സി.എം.ഐ, സി.എം.സി. സഭകളുടെ സംസ്ഥാപനം നിർവഹിച്ചത് ചാവറയച്ചനാണ്. പാലക്കലച്ചന്റെ വത്സല പിൻഗാമിയായിട്ടായിരുന്നു ചാവറയച്ചൻ ഈ ചരിത്രനിയോഗങ്ങൾ ഏറ്റെടുത്തത്.

ഇതേരീതിയിൽ പ്രസക്തമാണ് പാലയ്ക്കലച്ചന്റെ സാമുദായിക പ്രവർത്തനങ്ങളും. അധഃകൃതരും താഴ്ന്നജാതിക്കാരുമായവരുടെ പരിവർത്തനത്തിലൂടെയും മറ്റ് സമാന പ്രസ്ഥാനങ്ങളിലൂടെയും പാലയ്ക്കലച്ചൻ സാമുദായികാംഗങ്ങളുടെ ആൾബലം വർധിപ്പിച്ചു.

ഒരു കാര്യം നിസ്സംശയമാണ്. അവരുടെ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ വസ്തുനിഷ്ടമായി വിലയിരുത്തുമ്പോൾ നവോത്ഥാനനായകരുടെ സ്ഥാനത്തിലും പ്രസക്തിയിലും സംശയമുണ്ടാകാമെങ്കിലും ചാവറയച്ചനടക്കമുള്ള സാമുദായിക നേതൃത്വങ്ങളുടെ മഹത്വത്തിൽ തർക്കമേതുമില്ല. ഇഗ്നേഷ്യസ് ലയോള ഏതുവിധത്തിൽ യൂറോപ്പിലെ പ്രതിനവീകരണ (Counter reformation) ത്തിന്റെ ഉപകരണമായോ അതേവിധത്തിൽ കേരളീയ നവോത്ഥാനത്തിന്റെ ഉപകരണമായി സി.എം.ഐ. സന്ന്യാസ സഭയെ സൃഷ്ടിച്ചുവെന്നത് ചാവറയച്ചന്റെ നേട്ടമാണ്.

1871 ൽ പത്തിൽ താഴെ പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്ന ഒരു സമുദായം 1900 ൽ ഒട്ടനവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ രൂപീകരിച്ചത് ആ നേതൃത്വത്തിന്റെ മഹത്വമാണ്.

എല്ലാ എതിർപുകളെയും തൃണവൽക്കരിച്ച് അത്തരം നേട്ടങ്ങൾ സമൂഹത്തിലും സമുദായത്തിലും സാക്ഷാത്കരിച്ചതാണ് ചാവറയച്ചന്റെ മഹത്വം.

പൊതുസമൂഹത്തെ നെഞ്ചിലേറ്റിയ നവോത്ഥാന നായകൻ


പി.എസ്. ശ്രീധരൻപിള്ള

ഭാരതത്തിന്റെ ചരിത്രത്തിലൂടെ കടന്നു പോകുന്ന ഒരാൾക്ക് മനുഷ്യസംസ്കൃതിയുടെ രൂപപരിണാമങ്ങളിൽ നമ്മുടെ പൂർവികർ നൽകിയ സംഭാവനകളെ വിസ്മയത്തോടെ അഭിമാനപുരസ്സരം വിലയിരുത്താതെ പോകാനാവില്ല. വിശ്വചരിത്രകാരനായ എ.എൽ. ബാഷാം നമ്മുടെ നാടിനെക്കുറിച്ച് നടത്തിയ പഠനങ്ങൾക്ക് പേരിട്ടത് 'ഇന്ത്യയെന്ന വിസ്മയം' (The Wonder That Was India) എന്നാണ്. വൈവിധ്യത്തിലൂന്നിയ ജീവിതവീക്ഷണങ്ങളും മതവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭാരതത്തിന്റെ സവിശേഷതകളാണ്. ഏതെങ്കിലും മതത്തിനോ, ജാതിക്കോ, ഭാഷയ്ക്കോ, പ്രദേശത്തിനോ ഇന്ത്യയെ നിലനിർത്താനാവില്ല. ഏകതയുടെ ബീജം നമ്മുടെ വൈവിധ്യത്തിൽ അന്തർലീനമായി ജാഗ്രതയോടെ നിലനിൽക്കുന്നതുകൊണ്ടാണ് ഏകമനസ്സോടെ ഒരു രാഷ്ട്രമെന്നനിലയിൽ ഇന്ത്യക്ക് മുന്നേറാനാവുന്നത്. സർവ്വധർമ്മ സമഭാവമെന്ന അടിസ്ഥാന പ്രമാണമാണ് ഈ ചിരപുരാതന രാഷ്ട്രത്തിന്റെ പ്രാണവായു. മതഭരണകൂടമെന്ന ആശയം എന്നും ഇന്ത്യക്കന്യമായിരുന്നു.



എന്നാൽ ഇന്ന് നമ്മുടെ മതേതരത്വം മതനിരാസമായി മാറിയിട്ടുണ്ട്. എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യം നൽകി അവയെല്ലാം സംരക്ഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് ഉത്തമം. ലോകത്ത് അറിയപ്പെട്ട പന്ത്രണ്ട് മതങ്ങളും പൊതുവിൽ സ്വാഗതം ചെയ്യപ്പെട്ട ചരിത്രമാണ് ഭാരതത്തിനുള്ളത്. യുക്തിഭദ്രതയിലൂന്നി വിജ്ഞാനാധിഷ്ഠിത സർഗ്ഗശക്തിയുടെ പിൻബലത്തിൽ പ്രപഞ്ചവീക്ഷണം രൂപപ്പെടുത്തിയ ഇന്ത്യയിലേക്ക് കടന്നുവന്ന ക്രിസ്ത്യൻമിഷനറിമാരുടെ വിദ്യാഭ്യാസ ആതുരസേവന രംഗങ്ങളിലുള്ള സേവനം ശ്ലാഘനീയം തന്നെയാണ്.

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ക്രിസ്ത്യൻ മതാരമകജീവിതത്തിൽ ഉറച്ചു നിന്നുകൊണ്ട് പൊതുസമൂഹത്തെക്കൂടി നെഞ്ചിലേറ്റി പത്തൊമ്പതാം നൂറ്റാണ്ടിൽ നവോത്ഥാന നായകനായിതീർന്ന മഹാനാണ്. ഒരു ക്രിസ്തുമത പ്രചാരകൻ സഭയുടെ ചട്ടവട്ടങ്ങളും നിബന്ധനകളും അക്ഷരംപ്രതി പാലിച്ചുകൊണ്ട് പൊതുസമൂഹത്തിലേക്കു കൂടി വ്യാപിച്ച് കത്തോലിക്കാസഭയുടെ മുത്തും പൊതുസമൂഹത്തിന്റെ സ്വത്തുമായി തീർന്നുവെന്നതാണ് ചാവറയച്ചന്റെ സവിശേഷത. 'മാനവസേവ മാധവസേവ' യെന്ന ഹൈന്ദവസന്ദേശം ഫലത്തിൽ



ക്രിസ്തീയജീവിതത്തിന്റെയും അടിസ്ഥാന സന്ദേശമാണെന്ന് സ്ഥാപിക്കാൻ സ്വന്തം ജീവിതത്തിലൂടെ ചാവറപിതാവിന് കഴിഞ്ഞിട്ടുണ്ട്. നന്മചെയ്യാത്ത ഒരു ദിവസം പോലും ജീവിതത്തിലുണ്ടാവരുതെന്ന് സ്വയം നിഷ്കർഷിക്കുകയും അന്യരെ നിർബന്ധിക്കുകയും ചെയ്യുന്നിടത്തോളം മാതൃകാ മനുഷ്യസേവനത്തിന്റെ ആൾരൂപമായിരുന്നു ഈ കർമ്മയോഗി.

മലയാളികൾക്കിടയിൽ ജാതിവ്യവസ്ഥയും ഉച്ചനീചത്വവും അനാചാരങ്ങളും കൊടികുത്തിവാണ കാലഘട്ടമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ട്. അക്കാലത്ത് പള്ളിയും പള്ളിക്കൂടങ്ങളും സംസ്കൃത സ്കൂളുമൊക്കെ സ്ഥാപിക്കുകയും, അവിടെ വിലക്കില്ലാതെ നാനാജാതിമതസ്ഥർക്ക് പ്രവേശനം നൽകുകയും ചെയ്തുകവഴി യഥാർത്ഥ മനുഷ്യസ്നേഹത്തിന്റെയും സാമൂഹ്യനീതിയുടെയും ഉദാത്തതലങ്ങളാണ് വാഴ്ത്തപ്പെട്ടവനായിത്തീർന്ന ഈ മനീഷി തുറന്നത്. പള്ളിക്കൂടം തുറക്കാത്ത പള്ളികൾ വേണ്ടെന്ന നിർബന്ധബുദ്ധി വഴി വിജ്ഞാനവിപ്ലവത്തിനാണ് ചാവറയച്ചൻ വഴിമരുന്നിട്ടത്. വരുമാനത്തിന്റെ അഞ്ചു ശതമാനം അന്യർക്കായി നൽകാനും 'കെട്ടുതെങ്ങ്' സേവനത്തിനായി മാറ്റിവക്കാനും സ്വന്തം സമുദായത്തെ അദ്ദേഹം സജ്ജമാക്കി. അഗതിമന്ദിരം, നന്മമരണ സഹായസംഘം, പിടിയരിസമ്പ്രദായം തുടങ്ങി സാമൂഹിക സമർപ്പണത്തിന്റെയും സേവനത്തിന്റെയും പുത്തൻസരണികൾ അദ്ദേഹം സൃഷ്ടിച്ചിരുന്നു. 20-ാം നൂറ്റാണ്ടിൽ ഈ രീതികൾ ഹൈന്ദവസംഘടനകൾ മാതൃകയാക്കിയിട്ടുണ്ട്. ആതുരാലയങ്ങളും അച്ചടിവിദ്യാകേന്ദ്രങ്ങളുമൊക്കെ അക്കാലത്ത് സ്ഥാപിക്കാൻ കഴിഞ്ഞത് മികച്ചനേട്ടം തന്നെയാണ്. സാഹിത്യരംഗത്ത് ചാവറയച്ചന്റെ സംഭാവനകളും ചരിത്രത്തിന്റെ ഭാഗമാണ്. അദ്ദേഹത്തിന്റെ സമഗ്ര സംഭാവനകൾ സവിശേഷചരിത്രശ്രദ്ധ ആകർഷിച്ചവയാണ്.

ആത്മീയതയും ഭൗതികതയും സമന്വയിപ്പിച്ച് സമർപ്പിത ക്രിസ്തീയ ജീവിതം വഴി നന്മയുടെയും സ്നേഹത്തിന്റെയും ഒരു പ്രകാശഗോപുരമായിത്തീർന്ന നവോത്ഥാനനായകനായിരുന്നു ചാവറയച്ചൻ. ചാവറ ഏലിയാസ് പിതാവിനെ വിശുദ്ധ പദവിയിൽ പ്രതിഷ്ഠിക്കുന്നത് ആഹ്ലാദകരമാണ്. ആ ദിവ്യസ്മരണയ്ക്കു മുന്നിൽ നമോവാകം അർപ്പിക്കുന്നു.

ജ്ഞാനകർമങ്ങളുടെ നാനാർഥങ്ങൾ

പോൾ കല്ലാനോട്

നിരക്ഷരതയ്ക്ക്, ഒരു ശരറാന്തൽത്തിരിവെട്ടം.
ഉച്ചനീചത്വങ്ങൾക്ക് ജ്ഞാനസ്നാത സമതലം.
വറുതിക്ക് ഒരു പിടി, അരിയുച്ചയം.
അച്ചുകൂടങ്ങൾക്ക് അക്ഷരക്കട്ടകൾ
സംസ്കൃതത്തിന് അർപ്പിച്ച മുല്ലമാല.
കൈരളിക്ക് എഴുത്തോലത്തേനാണി.

പള്ളികൾക്ക് പള്ളിക്കൂടഗുരുത്വം
അയിത്തത്തിന് ആത്മീയ പ്രതിസ്പന്ദം
മതാന്ധതക്ക് മനുഷ്യാക്ഷികൾ.
വൈധവ്യങ്ങൾക്ക് ഉപവിഭവനാഭയം.
വൈഷമ്യങ്ങൾക്ക് ഔഷധക്കുറിപ്പടി.
ശ്വാസത്തിന് ശുഭാപ്തിവിശ്വാസഗതി.
തൂവൽതൂലികയ്ക്ക് നേരിന്റെ മഷിപ്പൊരുൾ.
ചിതറിയ വാക്കുകൾക്ക് ഛന്ദസ്കൃതചാരുത.

കൂടുംബത്തിന് കൂട്ടപ്രാർഥനാസ്തുതി.
മാതാപിതാക്കൾക്ക് നേർവഴിക്കൈനാട്ടി.
പ്രേതഭീതികൾക്ക് ഈശ്വരക്കൈത്തിരി.
എളിമകൾക്ക് വെഞ്ചരിച്ച വെന്തിങ്ങഭൂഷണം
പരേതാത്മാക്കൾക്ക് കൃതജ്ഞതാസ്തോത്രം.
ആസന്നകാലത്തിനു പ്രാണവായു.
ജീവചരാചരങ്ങൾക്ക് സാന്ത്വനക്കുടിവെള്ളം

കർഷകന് ഹർഷവർഷകേദാരകം.
കുട്ടനാടിന് കായൽകേവുവള്ളം.
ബന്ധബാദ്ധ്യതകൾക്ക് വില്ലുവണ്ടി.
ഊന്നി നടക്കാൻ ഉന്മേഷകാലൻകുട
വിമതവൈരങ്ങൾക്കു വീക്ഷണ സാമിപ്യം.
വിധിവൈപരീത്യങ്ങൾക്കു അനുഭാവത്തണൽക്കുളിർ.

നിസ്വന് ആശയുടെ വെള്ളിക്കാശുരൂപം
നിശാർദ്ധത്തിലും അഭയവാതായനം
ആയുധങ്ങൾക്ക് ബോധ്യവിഘാതം
എഴുത്തച്ഛന് ആത്മഭൂതപ്രണാമം.
ശ്രീനാരായണന് ഭാവിസ്തുതിഗീതം.
കൈരളിപ്പഴമയ്ക്ക് ഭാർഗവക്ഷേത്രം.

ഭാരതഭൂമിക്ക് അഖണ്ഡ ഭൂപടം.
നവോത്ഥാനത്തിന് സ്വാഗതഗാഥ.
പത്തൊൻപതാം നൂറ്റാണ്ടിന് ധർമചെരാത്.
ഓർമകളിൽ ഒരു കൊന്തമാലമണി.
സ്വർഗത്തിലേക്ക് മുമ്പേ ചിറകടിച്ചുയർന്ന പക്ഷി.



വിദൂരഭാവിയിൽ അലിഞ്ഞുചേരുന്ന
ദേവാലയമണിസ്വനമായവൻ
വിഹായസ്സു പരിധിയാക്കാനാശിച്ച
വിശ്വാസജ്ഞാന യാത്രികൻ
പരിവേഷങ്ങളണിയാത്ത
അപരിമേയമാനസൻ.
വിശുദ്ധിയുടെ നല്ല അയൽക്കാരൻ
പരിപൂതധൂമം പടരുന്ന ഒറ്റടയിപ്പാത.
തെങ്ങിൻതലപ്പുകളിൽ കുഞ്ഞിളം പുക്കുല.
മാമരച്ചില്ലകളിൽ കുഞ്ഞാറ്റക്കിളിക്കൂട്.

നാനാർഥങ്ങളുടെ ദൂരദൈർഘ്യമിനിയുമുണ്ട്.
മാന്നാനത്തിന്റെ നനമണ്ണിൽ വേരാഴ്ത്തി
ഉന്നതാതിർത്തികടന്ന് ആ വിശ്വാസഹസ്തങ്ങൾക്ക്
പര്യായങ്ങളുമേറെയുണ്ട്.
കാരണം ചാവറയച്ചൻ നാടിന്റെ ആകാശം തന്നെയായിരുന്നു.



ആരാണ് വിശുദ്ധർ

പ്രകാശത്തിന്റെ കിരീടം ചൂടിയവർ

ആകാശവീഥിയിൽ വിശുദ്ധി വിതറുന്നവർ

ബിനോയി പി. ജേക്കബ്

വിശുദ്ധരുടെ ശിരസിനു ചുറ്റും ഒരു പ്രഭാവലയം നിരവധി മതങ്ങൾ പിന്തുടരുന്ന ചിത്രീകരണശൈലിയാണ്. പ്രപഞ്ചമെമ്പാടും പ്രഭ വിതറിക്കൊണ്ട് ശരീരത്തിൽ നിന്ന് പ്രകാശകിരണങ്ങൾ ഉത്സർജ്ജിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ചിത്രം സുപ്രസിദ്ധമാണല്ലോ. നന്മയുടെയും ആത്മത്യാഗത്തിന്റെയും ജീവിതത്തിലൂടെ (ചിലർ രക്തസാക്ഷിത്വത്തോളം വരെ) ക്രിസ്തുവിന്റെ സഹനത്തിലും ഉത്ഥാനശോഭയിലും എളിയതോതിൽ പങ്കാളികളായ അപൂർവ്വജീവിതങ്ങൾക്കുടമകളാണ് ക്രിസ്തുമതസമ്പ്രദായത്തിൽ വിശുദ്ധരാകുന്നത്.

ഹാഗിയോസ് (ഗ്രീക്ക്), സാങ്റ്റസ് (ലാറ്റിൻ), ഹാലിഗ് (പുരാതന ഇംഗ്ലീഷ്) എന്നീ വാക്കുകളാണ് വിശുദ്ധരെ സൂചിപ്പിക്കുന്ന പാശ്ചാത്യപദങ്ങളുടെ അടിസ്ഥാനം. പൂർണതയെ സൂചിപ്പിക്കുന്ന പദങ്ങളാണ് ഇവ. ശാരീരികവും മാനസികവും വൈകാരികവും ആത്മീയവുമായ ഏകോപനത്തിലൂടെ സമ്പൂർണ്ണത കൈവരിച്ച ആളുകളാണ് വിശുദ്ധർ എന്നു വിവക്ഷ.

നമ്മളെയൊക്കെപ്പോലെ തന്നെ പാപികളായി ഈ ഭൂമിയിൽ ജീവിച്ച സാധാരണക്കാരാണ് വിശുദ്ധരും. ദൈവമക്കളാകാനുള്ള വിളിക്കു യോഗ്യരാകാൻ പാപത്തിനോടു പടപൊരുതി എന്നതാണ് അവരെ വേറിട്ടു നിർത്തുന്നത്. സ്വർഗസ്ഥനായ പിതാവിനെപ്പോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ (മത്തായി-5: 28) എന്നുള്ള ക്രിസ്തുവിന്റെ ആഹ്വാനത്തിനു പ്രത്യുത്തരം നൽകാൻ അവിരാമം യത്നിച്ചവർ; ക്രിസ്തുവിന്റെ അടയാളങ്ങൾ ശരീരത്തിലേറ്റുവാങ്ങിയവർ (ഗലാത്തിയ-6:17); ഓട്ടം പൂർത്തിയാക്കാനും വിശ്വാസം സംരക്ഷിക്കുവാനും (2 തിമോത്തി- 4:7) ആവേശപൂർവ്വം സഹനങ്ങളേറ്റുവാങ്ങിയവർ.

ക്രിസ്തുവിന്റെ പ്രതിരൂപങ്ങളാണെങ്കിലും ഇഹലോക വിപ്ലവങ്ങൾ നയിച്ച വീരനായകരല്ല വിശുദ്ധർ ആരുംതന്നെ. അവരുടെ പ്രയാണം മിക്കവാറും ആന്തരികമായിരുന്നു. ക്രിസ്തുവിനെ' ധ്യാനിച്ച്, ക്രിസ്തുവുമായി താദാത്മ്യം പ്രാപിച്ച് ആ ശക്തികൊണ്ട് ഭൂമിയിൽ രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക വിപ്ലവങ്ങൾക്കു നിമിത്തമാകുക മാത്രമാണ് അവർ ചെയ്തത്. അസീസിയിലെ വിശുദ്ധ ഫ്രാൻസീസിനെപ്പോലെ, ഇഗ്നേഷ്യസ് ലയോളയെപ്പോലെ, ആവിലയിലെ വിശുദ്ധ തെരേസയെപ്പോലെ കത്തോലിക്കാസഭയെ ചൈതന്യവത്താക്കിയ, മതത്തിനുമപ്പുറം ലോകജനതകളുടെ ജീവിതങ്ങളെ ആഴത്തിൽ സ്പർശിച്ച അനേകം വിശുദ്ധരുണ്ട്.

കൗമാരം വിട്ടുമാറും മുൻപേ ഫ്രഞ്ച് രാജാവിനു വേണ്ടി യുദ്ധം ചെയ്ത് ബ്രിട്ടീഷുകാരുടെ തടവുകാരിയായി, ദുർമന്ത്രവാദിനിയായി മുദ്രകുത്തപ്പെട്ട് തീയിലെരിയിക്കപ്പെട്ട്, അഞ്ചു നൂറ്റാണ്ടുകൾക്കു ശേഷം വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ജോൻ ഓഫ് ആർക് (Joan of Arc) നെപ്പോലെയുള്ളവരുണ്ട്.

കുഷ്ഠരോഗികളെ കൂട്ടത്തോടെ നാടുകടത്തി പാർപ്പിച്ചിരുന്ന ഹവായി ദ്വീപായ മൊളോക്കായിയിൽ സ്വമനസാലെ പോയി ആയുഷ്കാലം അവരെ പരിചരിച്ച് അവരോടൊപ്പം ജീവിച്ച് കുഷ്ഠം ബാധിച്ച് അവരോ



മദർ തെരേസ (1910-1997)

ടൊപ്പം മരിച്ച ഫാദർ ഡാമിയനെപ്പോലെയുള്ളവരുണ്ട്.

ഫ്രാൻസീസ് അസീസിയെപ്പോലെ, ഫാദർ ഡാമിയനെപോലെ പാവപ്പെട്ടവരെയും നിരാലംബരെയും പരിചരിക്കുകയായിരുന്നു മദർ തെരേസ. അൽബേനിയയിലെ സമ്പന്ന കുടുംബത്തിൽ പിറന്ന ആഗ്നസ് ബൊയാക്സിയു എന്ന യുവതി അയർലൻഡിലെ ഡബ്ലിനിൽ ലൊരേറ്റോ സന്യാസാശ്രമത്തിൽ ചേർന്നു. അവിടെനിന്ന് ഡാർജിലിങ്ങിലെ മഠത്തിലേക്കയയ്ക്കപ്പെട്ട അവർ സന്യാസവ്രതം സ്വീകരിച്ചപ്പോൾ തെരേസയായി. സ്നേഹം കൊണ്ട് അഗതികളുടെ ഹൃദയം കവർന്ന് കൊൽക്കത്തയുടെ മദർ തെരേസയായി. സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടി, മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്ന്യാസസഭ രൂപീകരിച്ചു. എല്ലാ മഹാത്മാക്കളെയും പോലെ അവർക്കും വിമർശകർ ധാരാളമുണ്ടായിരുന്നു. എങ്കിലും ദൈവസ്നേഹത്തിൽ അടിയുറച്ച് നന്മയുടെയും സ്നേഹത്തിന്റെയും സന്ദേശവുമായി ആ ജീവിതം മുന്നോട്ടുപോയി. 1,26,000 കുടുംബങ്ങളെ തീറ്റിപ്പോറ്റി, 97 സ്കൂളുകളിലായി 14,000 കുട്ടികളെ പഠിപ്പിച്ച്, 1,86,000 കുഷ്ഠരോഗികളെ പരിചരിച്ച്, 22,000 മരണാസന്നരെ ശുശ്രൂഷിച്ച് അതിശയിപ്പിക്കുന്നതാണ് ആ കൈകൾ ആലിംഗനം ചെയ്ത ജീവിതങ്ങളുടെ എണ്ണം.

വിശുദ്ധപദവിപ്രഖ്യാപനം--നടപടിക്രമങ്ങൾ

ഒരാൾക്ക് വിശുദ്ധപദവി നൽകാൻ കത്തോലിക്കാസഭ പിന്തുടരുന്ന നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്, അതിദീർഘമാണ്. പതിറ്റാണ്ടുകൾ (അപൂർവ്വമായി ചിലപ്പോഴെങ്കിലും നൂറ്റാണ്ടുകൾ തന്നെ) വേണ്ടിവരും അതു പൂർത്തിയാക്കാൻ. ദൈവദാസൻ/ദാസി (സെർവന്റ് ഓഫ് ഗോഡ് അഥവാ വെനെറബിൾ), വാഴ്ത്തപ്പെട്ട (ബ്ലെസഡ്) എന്നീ പദവികൾ കടന്നുവേണം വിശുദ്ധൻ/വിശുദ്ധ (സെയ്ന്റ്) പദവിയിലെത്താൻ.



വിശുദ്ധ ഫ്രാൻസീസ് അസീസി (1181-1226)

ഒന്നാം ഘട്ടം രൂപതാതലത്തിൽ

വിശുദ്ധനെന്ന്, വിശുദ്ധയെന്ന് ജനങ്ങൾ കരുതുന്ന ആളുടെ നാട്ടിൽ നിന്നു തന്നെയാണ് അതിനുള്ള പ്രക്രിയകൾ തുടങ്ങേണ്ടത്. ആ ആളുടെ മരണശേഷം അഞ്ചു വർഷം കഴിഞ്ഞാലേ നടപടിക്രമങ്ങൾ തുടങ്ങാൻ കഴിയൂ. ഇടവകയോ രൂപതയോ സന്ന്യാസസമൂഹമോ വിശ്വാസിസംഘടനകളോ ആരെങ്കിലും ബിഷപ്പിന് അപേക്ഷ നൽകണം. മാർപ്പാപ്പയുടെ അനുമതി ലഭിച്ചുകഴിഞ്ഞാൽ ഈ ആവശ്യത്തിനായി പ്രത്യേക രൂപതാകോടതി രൂപീകരിക്കും. കോടതി അദ്ദേഹത്തിന്റെ ജീവിതവും അദ്ദേഹമെഴുതിയതും അദ്ദേഹത്തെപ്പറ്റി എഴുതപ്പെട്ടതുമായ സർവ്വതും വിശദമായി പരിശോധിക്കും. ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേതെന്നതിന് നിരവധി പേരുടെ സാക്ഷ്യങ്ങൾ പരിശോധിക്കും. അതതു രാജ്യത്തെ ബിഷപ്സ് കോൺഫറൻസിന്റെ അഭിപ്രായം കേൾക്കും. പൊതുജനങ്ങളുടെ അഭിപ്രായം സമാഹരിക്കും. ഇതിന്റെയെല്ലാമടിസ്ഥാനത്തിൽ ബിഷപ്പ് വത്തിക്കാനിലേക്കു റിപ്പോർട്ട് നൽകണം.

രണ്ടാം ഘട്ടം വിശുദ്ധപ്രഖ്യാപനത്തിനുള്ള പ്രത്യേക തിരുസംഘത്തിന്റെ പഠനം

രൂപതാതലത്തിലെ അന്വേഷണം പൂർത്തിയായാൽ രേഖകളെല്ലാമടക്കം അത് വിശുദ്ധപ്രഖ്യാപനത്തിനുള്ള പ്രത്യേക തിരുസംഘത്തിന് (കോൺഗ്രിഗേഷൻ ഫോർ ദ കോസസ് ഓഫ് സെയ്ന്റ്സ്) കൈമാറും. റോം ആസ്ഥാനമായുള്ള പോസ്റ്റുലേറ്റർ ഈ രേഖകളെല്ലാം ക്രോഡീകരിക്കും. പോസിത്തിയോ എന്ന പേരിലറിയപ്പെടുന്ന ഈ രേഖയാണ് തുടർപഠനങ്ങൾക്കെല്ലാം ഉപയോഗിക്കുന്ന ഔദ്യോഗികരേഖ. ഒൻപതു ദൈവശാസ്ത്രവിശാരദർ അവലോകനം ചെയ്തു വോട്ടു രേഖപ്പെടുത്തിയിട്ടാണ് ഈ നാമനിർദ്ദേശം പരിഗണിക്കണോ എന്നു തീരുമാനിക്കുക. അനുകൂലമാണ് വോട്ടെങ്കിൽ തിരുസംഘത്തിലെ അംഗങ്ങളായ ബിഷപ്പുമാരുടെയും കർദ്ദിനാൾമാരുടെയും പരിശോധനയ്ക്ക് അയക്കും. മാസത്തിൽ രണ്ടുതവണയാണ് ഈ യോഗം നടക്കുക. അവരുടെ വിധിയും അനുകൂലമായാൽ തിരുസംഘത്തലവൻ മാർപ്പാ

പ്പയ്ക്കു മുൻപിൽ അവതരിപ്പിച്ച് അംഗീകാരം നേടും. ഇതേത്തുടർന്നാണ് മാർപാപ്പ അദ്ദേഹത്തെ ദൈവദാസൻ/ദാസി (സെർവന്റ് ഓഫ് ഗോഡ് അഥവാ വെനെറബിൾ) ആയി പ്രഖ്യാപിക്കുക.

വാഴ്ത്തപ്പെട്ട (ബ്ലെസഡ്) എന്ന പദവിയാണ് അടുത്തത്. ഒരു അത്ഭുതപ്രവൃത്തിയാണ് ഇതിനുള്ള മാനദണ്ഡം. സാധാരണഗതിയിൽ അസാധ്യമെന്നു തോന്നുന്ന എന്തെങ്കിലും കാര്യം അദ്ദേഹത്തിന്റെ മാധ്യസ്ഥ്യം വഴിയായി ദൈവം സാധിച്ചുകൊടുത്തതായി ബോധ്യപ്പെടണം. അത്ഭുതരോഗശാന്തിയാണ് എളുപ്പത്തിൽ മനസ്സിലാകുന്ന ഒരു ദാഹരണം. ജന്മനാ ഉള്ള വൈകല്യങ്ങളോ സുഖപ്പെടുത്താനാവില്ലെന്നു വൈദ്യശാസ്ത്രം വിധിയെഴുതിയ രോഗങ്ങളോ ഈ ദൈവദാസന്റെ/ദാസിയുടെ മാധ്യസ്ഥ്യം വഴി അത്ഭുതകരമായി സുഖപ്പെട്ടു എന്ന് ബോധ്യപ്പെട്ടാൽ അദ്ദേഹത്തെ വാഴ്ത്തപ്പെട്ട ആളായി ഉയർത്തും (ബിയാറ്റിഫിക്കേഷൻ). ഇതിന് കർക്കശമായ നിരവധി നടപടിക്രമങ്ങളുണ്ട്. സുഖം പ്രാപിച്ചയാളുടെ സാക്ഷ്യം, രോഗമുണ്ടായിരുന്നുവെന്ന് ഡോക്ടറുടെ സാക്ഷ്യവും വിശ്വസനീയമായ മെഡിക്കൽ റെക്കോഡുകളും, രോഗം മാറി എന്നതിന് വൈദ്യശാസ്ത്രത്തിന്റെ സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ പല ചിട്ടവട്ടങ്ങൾ പല തലങ്ങളിൽ നിറവേറണം. പ്രാദേശികതലത്തിലുള്ള അന്വേഷണങ്ങൾ നിരവധിയുണ്ടാകും. ശാസ്ത്രീയ പരീക്ഷണങ്ങളും സാക്ഷ്യപ്പെടുത്തലുകളും പല ഘട്ടങ്ങളിലുണ്ടാകും. ഇതെല്ലാം പൂർത്തിയാക്കി ദൈവശാസ്ത്രപണ്ഡിതരും കർദ്ദിനാൾമാരും വൈദ്യശാസ്ത്ര വിദഗ്ധരും അടങ്ങുന്ന രാജ്യാന്തര പാനലിന്റെ അംഗീകാരം ലഭിച്ചാലേ പ്രഖ്യാപനമുണ്ടാകൂ.

വിശുദ്ധൻ/വിശുദ്ധ (സെയ്ന്റ്) ആയി ഉയർത്തുന്ന പ്രക്രിയയെ ഇംഗ്ലീഷിൽ കാനോനൈസേഷൻ എന്നു പറയുന്നു. വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയതിനു ശേഷം അദ്ദേഹത്തിന്റെ മാധ്യസ്ഥ്യം വഴി മറ്റൊരു അത്ഭുതപ്രവൃത്തി സംഭവിച്ചാലാണ് വിശുദ്ധപദവി നൽകുക. ഇതിനും മുൻപറഞ്ഞ പ്രക്രിയകൾ മുഴുവൻ യഥാവിധി പൂർത്തിയാക്കണം.

2014 നവംബർ 23-ാം തീയതി എവുപ്രാസിയാമ്മയെയും ചാവറയച്ചനെയും ഫ്രാൻസിസ് മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിക്കുന്നതോടെ വി. അൽഫോൻസാമ്മ അടക്കം മൂന്നു പേരാണ് ഭാരതസഭയ്ക്കുള്ളത്.

വിശുദ്ധ അൽഫോൻസാമ്മ

സമർപ്പണവും സഹനവും ക്ഷമയും പ്രാർത്ഥനയുമായിരുന്നു അൽഫോൻസാമ്മയുടെ ശക്തി. കേരളത്തിലെ കോട്ടയത്തിനടുത്ത കുടമാളൂരിൽ 1910 ഓഗസ്റ്റ് 19 ന് ജനിച്ച അന്നക്കുട്ടിക്ക് ഒരു മാസം പ്രായമുള്ളപ്പോൾ അമ്മ മരിച്ചു. അമ്മയുടെ സഹോദരിയുടെ വീട്ടിൽ അവരുടെ മക്കളോടൊപ്പമായിരുന്നു വളർന്നത്. ചെറുപ്പത്തിലേ ദയയും ക്ഷമയുമെല്ലാം നിറഞ്ഞതായിരുന്നു അവളുടെ പ്രകൃതം. സുന്ദരിയായിരുന്നതിനാൽ ചെറുപ്പത്തിലേ വിവാഹാലോചനകൾ പെരുകിവന്നു. കന്യാസ്ത്രീയാകണമെന്ന് വലിയ മോഹമായിരുന്നതിനാൽ വിവാഹം ഒഴിവാകാനായി ഉമിത്തീയിൽ ചവിട്ടി സ്വയം കാലു പൊള്ളിച്ചു. പതിനെട്ടാം വയസിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മഠത്തിൽ ചേർന്നു. ഇരുപതാം വയസിൽ ആത്മീയഗുരുവിനോട് അവൾ തന്നെ വെളിപ്പെടുത്തുമ്പോഴാണ് കാലുപൊള്ളിയതെങ്ങനെയെന്ന് വീട്ടുകാർ പോലും അറിയുന്നത്. സന്യാസവ്രതമേൽക്കുമ്പോൾ അന്നക്കുട്ടി അൽഫോൻസ എന്ന പേരു സ്വീകരിച്ചു. അനാരോഗ്യവും രോഗപീഡകളും ഉലച്ച ജീവിതമായിരുന്നു അൽഫോൻസയുടേത്. മഠത്തിൽ തുടരാനുള്ള ആരോഗ്യം പോലുമില്ലാത്തതിനാൽ പല തവണ മടക്കി അയയ്ക്കാനൊരുങ്ങിയതുമാണ്. പ്രാർത്ഥനയിലൂടെ കൈവന്ന അത്ഭുതരോഗശാന്തിയാണ് ഓരോ തവണയും മഠത്തിൽ തന്നെ തുടരാൻ അവളെ സഹായിച്ചത്. തന്നെ ശുദ്ധീകരിക്കുന്ന ആത്മസുഹൃത്തായാണ് അവൾ പീഡകളെ കണ്ടത്. അതുകൊണ്ടുതന്നെ കൂടുതൽ സഹനങ്ങൾ നൽകി അനുഗ്രഹിക്കണമേയെന്ന് അവൾ പ്രാർത്ഥിക്കുകയും ചെയ്തു. നമ്മുടെ സങ്കല്പത്തിലെ ജീവിതവും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം മനസ്സുലയ്ക്കുന്നതാണ്. യാഥാർത്ഥ്യത്തെ മനസ്സാ സ്വീകരിച്ച് ജീവിക്കാൻ നമുക്കു മാതൃകയാണ് അൽഫോൻസാമ്മയുടെ ജീവിതം. യേശുവിന്റെ സാന്നിധ്യം അനുഭവിച്ചതിനാൽ വർഷങ്ങളുടെ നിരന്തരപീഡ ഒരു അർധനിമിഷം പോലെയേ അവൾക്കു തോന്നിയുള്ളൂ. ആയിരം വത്സരം അങ്ങയുടെ ദൃഷ്ടിയിൽ കേവലം ഒരു ദിവസം പോലെയാണ് എന്നു സങ്കീർത്തകൻ പാടുന്നതുപോലെ (സങ്കീ 90: 4). നിസാരവേദനകളുടെ പേരിൽ ജീവിതം തന്നെ അവസാനിപ്പിക്കുന്നവർ പെരുകിവരുന്ന ഈ കാലത്ത് വേദനകളെ അനുഗ്രഹമായി മാറ്റുന്നതെങ്ങനെയെന്ന അത്ഭുതപാഠമാണ് അൽഫോൻസാമ്മയുടെ ജീവിതം. 1946 ജൂലൈ 28ന് മരിച്ച അൽഫോൻസാമ്മയെ 1986ൽ വാഴ്ത്തപ്പെട്ടവളായും 2008 ഒക്ടോബർ 12 ന് വിശുദ്ധയായും നാമകരണം ചെയ്തു.

എവുപ്രാസ്യാമ്മ: നിശബ്ദ പ്രാർഥനയുടെ അനുഗൃഹീതമർമരം

എം. ഗോപിനാഥ്

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം. ചാവറയച്ചനെ പോലെ ആത്മവിശുദ്ധിയുള്ള ഒരുപറ്റം ദാർശനികരുടെ ചിറകിലേറി കേരളം പതുക്കെ ഉണർവിന്റെ പാതയിലേക്കു വരികയായിരുന്നു. ദൈവത്തിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് നിരന്തരം നന്ദി പ്രകടിപ്പിക്കുകയും എന്നാൽ തങ്ങളിലൂടെ സമൂഹത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളുടെ പേരിൽ നന്ദിയോ ആദരവോ ആഗ്രഹിക്കാതിരിക്കുകയും ചെയ്ത മഹാത്മാക്കളായിരുന്നു അവർ. ഈ ഗണത്തിലാണ് അനുഗൃഹീതയായ സിസ്റ്റർ എവുപ്രാസ്യാമ്മയെ നമ്മൾ കാണേണ്ടത്. ബഹുമുഖമായിരുന്നു എവുപ്രാസ്യാമ്മയിൽ പ്രകടമായ ദൈവാനുഗ്രഹങ്ങൾ-ഉന്നതമായ ധർമബോധം, അഗാധമായ ദൈവവചനജ്ഞാനം, വലിയ ആത്മനിയന്ത്രണവും അശ്രാന്തപരിശ്രമവും, ദൈവഭക്തി, അനുകമ്പ, സ്നേഹം ഈ സർവഗുണങ്ങളെയും ചേർത്തുകെട്ടിയ മൂലശക്തി പ്രാർഥനയായിരുന്നു. കർമമെവിടെയോ അവിടെയാണ് യഥാർഥ പ്രാർഥന എന്ന ആപ്തവാക്യം അന്വർഥമാക്കുന്നതായിരുന്നു എവുപ്രാസ്യാമ്മയുടെ ജീവിതം. താൻ സേവിച്ചുകൊണ്ടിരുന്ന സമൂഹത്തിന് ദിവ്യമായ ഒരു ഊർജം പകരാൻ പ്രാർഥനാനിർഭരമായ ജീവിതം അവരെ പ്രാപ്തയാക്കി. സ്വതസിദ്ധമായ നിശ്ശബ്ദതയെ അവർ കരുത്തുറ്റ ഒരു ആധ്യാത്മിക ഉപകരണമാക്കി പരിവർത്തിപ്പിച്ചു. അതിന്റെ ശക്തിയാൽ ആയിരക്കണക്കിന് ആളുകൾ അവരുടെ സാമീപ്യത്തിനു കൊതിച്ചു. 'യേശുവിന്റെ നിഴലിലൊളിച്ച അജ്ഞാതവിശുദ്ധ' ആയിരിക്കാൻ സ്വയം നിശ്ചയിച്ച ആ വിനീതവനിതയുടെ സമീപത്തായിരിക്കാൻ ഭക്തജനങ്ങൾ ദാഹിച്ചു.



വിശുദ്ധ എവുപ്രാസ്യാമ്മ (1877-1952)

തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടക്കടുത്ത കാട്ടൂർ ഗ്രാമത്തിൽ 1877 ഒക്ടോബർ 17 നായിരുന്നു ജനനം. എടത്തൂരുത്തി എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മകൾ, പേര് റോസ. സമ്പന്ന കുടുംബത്തിലെ ഒൻപതു മക്കളിൽ മൂത്തയാൾ. ധനാഢ്യനും നാട്ടിലെ പ്രമാണിയുമായിരുന്ന അപ്പന്റെ നിശ്ചയദാർഢ്യവും ആജ്ഞാശക്തിയും ഈ മൂത്ത മകൾക്കും കിട്ടി. പരമ്പരാഗത കത്തോലിക്കാ കുടുംബിനിയായിരുന്ന അമ്മയുടെ പ്രാർഥനാശീലവും മരിയഭക്തിയും അനുകമ്പയും സഹനശക്തിയും മകളിലും വളർന്നുവന്നു.

റോസയുടെ എട്ടു സഹോദരങ്ങളിൽ നാലു പേരും ശൈശവത്തിലേ മരിച്ചുപോയി. മൂത്ത മകളെ പട്ടിലും പൊന്നിലും പൊതിഞ്ഞ് പ്രതാപമുള്ള ഒരു കുടുംബത്തിലേക്കു

കെട്ടിച്ചയയ്ക്കണമെന്നു നിനച്ചിരിക്കുന്ന അപ്പന്റെയടുത്താണ് റോസ മഠത്തിൽ പോകാനുള്ള നിശ്ചയമറിയിക്കുന്നത്. എത്ര നിർബന്ധിച്ചിട്ടും അപ്പൻ വഴങ്ങിയില്ല. അവൾ നോമ്പും ഉപവാസവുമായി പ്രാർഥനകളിലാണ്ടു. ഇതിനിടെ ആക്സമികമായി റോസയുടെ അനുജത്തി മരിച്ചു. ശേഷിക്കുന്ന മകളെക്കൂടി നഷ്ടപ്പെടുമോ എന്നു ഭയന്ന് അപ്പൻ റോസയെ മഠത്തിൽ ചേരാൻ അനുവദിച്ചു.

അങ്ങനെ പതിനൊന്നാം വയസിൽ, 1888 ജൂലൈ മൂന്നിന്, റോസ കുനമ്മാവ് കർമലീത്താമഠത്തിന്റെ ബോർഡിങ്ങിൽ ചേർന്നു. 1866 ൽ ചാവറയച്ചൻ തുടങ്ങിവച്ചതായിരുന്നു ഈ മഠം. പുരുഷമേധാവിത്വത്തിന്റെ ചവിട്ടടിയിലമർന്ന് വീടിന്റെ ചാവടികളിലും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലുമായി നരകിച്ചു തീരുന്ന കേരളസ്ത്രീകൾക്കു വിമോചനത്തിന്റെ പാത തുറന്നുകൊടുക്കാനാഗ്രഹിച്ച ചാവറയച്ചന്റെ സങ്കല്പങ്ങളോടു നൂറിൽ നൂറു പൊരുത്തമുള്ള ശിഷ്യയായിരുന്നു റോസ എന്നു പറയാം. 1897 മേയ് ഒൻപതിന് അമ്പഴക്കാട്ട് മഠത്തിൽ വച്ച് റോസ ശിരോവസ്ത്രവും സന്ന്യാസനാമവും സ്വീകരിച്ചു. അങ്ങനെ കാട്ടൂർ എലുവത്തിങ്കൽ അന്തോണിയുടെ മകൾ റോസ ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യ ആയി. 1898 ജനുവരി 10 ന് തൃശൂർ മെത്രാനായ മാർ യോഹന്നാൻ മേനാച്ചേരിയിൽ നിന്നു കർമലസഭാവസ്ത്രം സ്വീകരിച്ച് ദൈവശുശ്രൂഷയ്ക്കായി സമ്പൂർണ സമർപണം നടത്തി. 1900 മേയ് 24 ന് ഒല്ലൂരിലെ മഠത്തിൽ വച്ച് നിത്യവ്രതവാഗ്ദാനവും നടന്നു.

ദിവ്യദർശനങ്ങളും അനുഗ്രഹങ്ങളും കഠിനമായ രോഗപീഡകളും ഇടകലർന്നതായിരുന്നു എവുപ്രാസ്യയുടെ 75 വർഷത്തെ ജീവിതം.

ഒൻപതാം വയസിൽ പ്രാർഥനക്കിടെ 'മാലാഖാമാരുടെ രാജ്ഞി' എന്ന് ഉരുവിട്ടപ്പോൾ ആരാണീ മാലഖാമാരുടെ രാജ്ഞി എന്നു കുഞ്ഞു റോസയുടെ മനസിൽ സംശയം തോന്നി. അപ്പോൾ വളരെ ഭംഗിയുള്ള ഒരു സ്ത്രീ അവളുടെ അടുക്കൽ വന്ന് ഈശോയുടെ അമ്മയും മാലാഖമാരുടെ രാജ്ഞിയും നിന്റെ അമ്മയും ഞാനാണ് എന്നു സ്വയം പരിചയപ്പെടുത്തി. റോസയോട് കന്യാസ്ത്രീ ആകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സംഭവത്തിൽ നിന്നാണ് അവൾ അപ്പന്റെ എതിർപ്പിനെയും അതിജീവിച്ച് മഠത്തിൽചേരാനുള്ള കരുത്തു നേടിയത്.

അമ്പഴക്കാട്ട് നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> "സഹോദരി എവുപ്രാസ്യക്ക് അടുത്ത മരണയോഗ്യം കണ്ടതിനാൽ ബ.അച്ചനെ വരുത്തി അന്ത്യകൂദാശകൾ കൊടുക്കുകയും അത്യന്തം അപകടസ്ഥിതിയിൽ ഇരുന്നിരുന്ന ആ രോഗം പെട്ടെന്ന് പ്രത്യക്ഷത്താൽ സുഖപ്പെടുകയും ചെയ്തു. ഈ ആൾക്ക് ഇതുപോലുള്ളതും ഇതിൽ മേല്പെട്ടതുമായ അനവധി അതിശയങ്ങൾ 12 വയസു മുതൽ പരസ്യമായി സംഭവിച്ചിട്ടുണ്ട്. പല ദൈവികവെളിപാടുകളും സംഭവങ്ങളും നടന്നുവരുന്നുണ്ട്. താൻ വളരെ ദീനക്കാരത്തിയാണെങ്കിലും പാടുകളുടെ കാഠിന്യംകൊണ്ട് ഒരിക്കലും ആവലാതി പറയാതെ വളരെ ക്ഷമയോടെ സഹിച്ചിരുന്നു."

കുനമ്മാവ് മഠത്തിൽ നിന്ന് അമ്പഴക്കാട്ട് മഠത്തിലേക്ക് കന്യാസ്ത്രീകളെ അയച്ചപ്പോൾ കുനമ്മാവ് മഠാധിപതി മെത്രാനച്ചനു കൊടുത്തുവിട്ട കത്തിലും ഇത്തരമൊരു പരാമർശമുണ്ട്. 'ആരോഗ്യക്കുറവു മൂലം വീട്ടിലേക്കു തിരിച്ചയയ്ക്കാനിരുന്ന റോസയ്ക്ക് അത്ഭുതകരമായി തിരുക്കുടുംബദർശനത്താൽ സുഖം ലഭിച്ചതായി ആ കത്തിൽ പറയുന്നു. ഈ സംഭവം കൊണ്ടും കുട്ടിയുടെ അടക്കവും ഭക്തിയും ക്രമവും മറ്റും കൊണ്ടുമാണ് പിന്നീട് കൈക്കൊള്ളുവാൻ സമ്മതിച്ചത്' എന്നാണ് കത്തിൽ പറയുന്നത്.

ആത്മീയപിതാവായ മെത്രാനച്ചനുമായി ശിശുസഹജമായ ആശ്രിതത്വമായിരുന്നു എവുപ്രാസ്യാമ്മക്ക്. നിഷ്കളങ്കമായ തുറന്ന മനസ്സോടെ തന്റെ ആത്മീയസംഘർഷങ്ങളും തളർച്ചകളും വളർച്ചകളും സംശയങ്ങളും ആശങ്കകളുമെല്ലാം അവൾ ആത്മീയ പിതാവുമായി പങ്കുവച്ചു. നേരിൽ കണ്ടു സംസാരിക്കാൻ അവസരമില്ലാതെ വരുമ്പോൾ കത്തുകളിലൂടെ കാര്യങ്ങൾ ധരിപ്പിച്ചു; ആത്മീയ പിതാവിന്റെ നിർദ്ദേശങ്ങൾ ശിരസാ വഹിച്ചു. 1919 ഡിസംബർ 19 ന് മെത്രനച്ചൻ മരിക്കുന്നതുവരെ ഈ ആത്മീയബന്ധം തുടർന്നു. എവുപ്രാസ്യാമ്മ ആത്മീയപിതാവിനയച്ച കത്തുകളിൽ നിന്നാണ് അവരുടെ സഹനങ്ങളും സംഘർഷങ്ങളും സമർപണവും അത്ഭുതങ്ങളുമൊക്കെ നമ്മൾ അടുത്തറിയുന്നത്.

കാർക്കശ്യം, വാത്സല്യം

സ്വതേ ആർദ്രഹൃദയയായിരുന്നു എവുപ്രാസ്യാ. എന്നാൽ ആധ്യാത്മികതയിലും


സന്ന്യാസച്ചിട്ടകളിലും വിട്ടുവീഴ്ചയില്ലായിരുന്നു. നൊവീസ് മിസ്ട്രസായി നവസന്ന്യാസിനികളുടെ പരിശീലനച്ചുമതല വഹിച്ച കാലത്ത് കർക്കശതയോടെയായിരുന്നു അവരുടെ പെരുമാറ്റം. അനുസരണയും പ്രാർഥനയും തപോനിഷ്ഠയുമില്ലാതെ ഉദാസീനതയോടെ ജീവിക്കുന്നവർക്കുള്ളതല്ല സന്ന്യാസം എന്ന് അവർ വിശ്വസിച്ചിരുന്നു. എന്നാൽ അവശ്യസന്ദർഭങ്ങളിൽ അവർക്ക് അവൾ വാത്സല്യമുള്ള അമ്മയുമായി. സ്ഥലം മാറ്റപ്പെട്ട ഒരു നവസന്ന്യാസിനിക്കു വേണ്ടി മെത്രാനച്ചന്റെ പക്കൽ വക്കീലിനെപ്പോലെ വാദിക്കുന്നതു നോക്കുക:

> "കുട്ടിയുടെ സ്വഭാവത്തെക്കുറിച്ച് സമൂഹത്തിന് അംഗീകാരമില്ലാത്ത ഈ സ്ഥിതിയിൽ കുട്ടിയെ അമ്പഴക്കാട്ടേക്കു തന്നെ വിടണോ പിതാവേ? കഴിയുന്നതും കുട്ടിയെ നന്നാക്കിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഉപദേശനിർദ്ദേശങ്ങളനുസരിച്ച് സൂക്ഷിച്ചു നടക്കാൻ അവൾ പ്രയാസപ്പെടുന്നുമുണ്ട്. അതിനാൽ ഈ നിലയിൽ വിടാൻ എനിക്കു പ്രയാസം തോന്നുന്നു. കുട്ടിയുടെ സ്വഭാവത്തിൽ കാര്യമായ വ്യത്യാസം വന്നതിനുശേഷം എവിടേക്കെങ്കിലും വിടുന്നതിൽ എനിക്കു ദുഃഖമില്ല. വരുംകാലങ്ങളിൽ ഈ മോശമായ അഭിപ്രായം മറ്റുള്ളവരാരും അറിയാതിരിക്കുന്നതല്ലേ നല്ലത്. അതിനാൽ സ്നേഹപിതാവ് ഒന്നുകൂടി ആലോചിച്ച് സാധിക്കുമെങ്കിൽ ആദ്യം നൽകിയ കല്പന ഒഴിവാക്കണമെ"



നിരന്തരം പ്രാർഥനാലീനയായിരുന്ന എവുപ്രാസ്യാമ്മക്ക് പ്രാർഥന ശ്വാസോച്ഛ്വാസം തന്നെയായിരുന്നു. ഒല്ലൂരിലെ നാട്ടുകാർ അവരെ വിളിച്ചിരുന്നത് 'പ്രാർഥിക്കുന്ന അമ്മ' എന്നായിരുന്നു. ചുറ്റുമുള്ള കുടുംബങ്ങൾ രോഗം, സാമ്പത്തികഞെരുക്കം, പരീക്ഷകൾ, ജോലിക്കായുള്ള ശ്രമങ്ങൾ മുതലായ അനുദിനകാര്യങ്ങളിൽ അമ്മയുടെ പ്രാർഥനാസഹായം തേടിയിരുന്നു. അവരുടെ കാര്യങ്ങൾ സാധിച്ചുകിട്ടുകയും ചെയ്തിരുന്നു.

കഠിനമായ നെഞ്ചുവേദനയും ശ്വാസംമുട്ടലും വയറുവേദനയും കൊണ്ടു പുളഞ്ഞിരുന്ന പാത്തുമ്മ എന്ന സ്ത്രീ, അന്നനാളം ശുഷ്കിച്ച് ഭക്ഷണം കഴിക്കാൻ വയ്യാതായ സിസ്റ്റർ ഗാസ്പർ, ചെറുളയ സ്കൂളിലെ കാലുകൾ രണ്ടും തളർന്ന പ്രദീപ് എന്ന വിദ്യാർഥി, സംസാരശേഷി കിട്ടിയ മറ്റൊരു കുട്ടി—എവുപ്രാസ്യാമ്മയുടെ പ്രാർഥനശക്തിയുടെ അനുഗ്രഹം ലഭിച്ചവർ അനവധിയാണ്.



ബോൺ ക്യാൻസർ ബാധിച്ച് നിരവധി പരിശോധനകൾക്കും ചികിത്സകൾക്കും ശേഷം ശസ്ത്രക്രിയ നിശ്ചയിച്ചിരുന്ന തോമസ് എന്ന രോഗിയുടെ സുഖപ്രാപ്തി ഡോക്ടർമാരെപ്പോലും അത്ഭുതപ്പെടുത്തി. തൃശൂരിലെ മിഷൻ ഹോസ്പിറ്റലിൽ ശസ്ത്രക്രിയയുടെ തലേന്ന് 1997 ഡിസംബർ നാലിന് രോഗിയുടെ സ്കാനിങ് നടത്തിയപ്പോൾ രോഗം പൂർണമായി സുഖപ്പെട്ടതായി കണ്ടുവെന്ന് ഡോക്ടർ രാജീവ് റാവു സാക്ഷ്യപ്പെടുത്തുന്നു. രോഗി ആരോഗ്യവാനായി തിരിച്ചുപോയി. പിന്നീട് ഒരു മരുന്നും കഴിക്കേണ്ടിവന്നതുമില്ല.

സി.എം.സി. സഭാസ്ഥാപനത്തിനു പിന്നിലെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കും വിധമുള്ള സ്തുത്യർഹമായ നിരവധി സേവനങ്ങളാണ് എവുപ്രാസ്യാമ്മയിൽ നിന്ന് സമൂഹത്തിനു ലഭിച്ചത്. അത്ഭുതരോഗശാന്തികൾ മാത്രമല്ല, മറ്റു പല വിധത്തിലും ഈ അനുഗ്രഹവർഷം കാണാം. ദൈവകൃപ എത്രമേൽ വൈവിധ്യമാർന്ന രൂപങ്ങളിലാണ് സമൂഹത്തിൽ പ്രത്യക്ഷമാകുക എന്നതിന് കൺമുന്നിലുള്ള രണ്ട് ഉദാഹരണങ്ങളാണ് ചാവറയച്ചനും എവുപ്രാസ്യാമ്മയും. കേരളത്തിന്റെ സാമൂഹ്യ, ആധ്യാത്മിക മണ്ഡലങ്ങളിലെ ഉണർവിന് ക്രൈസ്തവ മൂല്യങ്ങളിലൂന്നിയ കരുത്തു നൽകി ഇരുവരും.

എവുപ്രാസ്യാമ്മ പകർന്നു നൽകിയ സാർവലൗകികതയുടെ വിശാല സന്ദേശം മുൾക്കൊള്ളുക, കൃത്രിമമായ ജാതിമത അതിർവരമ്പുകളെ മറികടന്ന് സമൂഹത്തിനും വരുംതലമുറകൾക്കും വേണ്ടി നമുക്കോരോരുത്തർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നു വിശ്വസിക്കുക, അതിനായി അവിരാമം യത്നിക്കുക, നമുക്ക് ഇത്രയെല്ലാം വാത്സല്യവും കരുതലും പകർന്നു നൽകിയ ആ അമ്മയോടു നമുക്കുള്ള വിശുദ്ധമായ കടപ്പാടാണത്.

ഗ്രന്ഥസൂചി

1. Chatterjee, Rimi B. (2006) *Empires of the Mind: A History of the Oxford University Press.* New Delhi: Permanent Black.
2. Darnton, Robert (2002) *Book Production in British India*, 1850-1900, *Book History Journal.* John Hopkins University Press, Vol.5.
3. Eisentein, Elizabeth L. (1982) *The Printing Press As An Agent of Change: Communication ad Cultural Transformations in Early Modern Europe.* Vol. 1. (1980) Vol. 1&2 (1982) Cambridge: Cambridge University Press.
4. Febure, Lucien & Henri Jean-Martin (1976) *The Coming of the Book: The Impact of Printing 1450-1800.* London: Verso.
5. Gupta, Abhijth & Swapankumar Chakravarty (2004) *Print Areas: Book History in India.* New Delhi: Permanent Black.
6. Gupta, Abhijith & Swapankumar Chakravarty (2008) *Movable Type: Book History in India.* New Delhi: Permanent Black.
7. Mundadan A.M. (2008) *Blessed Kuriakose Elias Chavara.* Bangalore: Dharmaram Publications.
8. Orsini, Francesca (2009) *Print and Pleasure: Popular Literature and Entertaining Fiction in Colonial North India.* New Delhi: Permanent Black.
9. Stark, Ulrike(2007) *An Empire of Books: The Naval Kishore Press and The Diffusion of the Printed Word in Colonial India.* New Delhi: Premanent Black.
10. Chackalackal, Saju (2013) *Igniting the Minds to Transform the Society: "Legacy of K.E. Chavara for Innovative & Inclusive Education" & Other Essays on Education.* Bangalore: Dharmaram Publications.
11. Chacko K.C. (1959) *Father Kuriakose Elias Chavara.* Mannanam: St. Joseph's Press.
12. Hattstein, Markus (2010) *Monasteries: Places of Spirituality & Seclusion Around the World.* UK: Parragon Books.
13. Moozhoor Z.M. CMI Fr. (1993) Ed. *Blessed Chavara: The Star of the East.* Kottayam: Deepika Book House.
14. Panthaplackal, Thomas CMI Fr. (2013) *Kuriakose Elias Chavara: Great Soul of India.* Kochi: Chavara Central Secretariat.
15. Paul, Jose (1953) Ed. *The Servant of God: Kuriakose Elias Chavara.* Mannanam: St Joseph's Press.
16. Beccaro, Leopold O.C.D. Fr. (1871) A Short Biography of the Venerable Person Who Wrote This Pious Colloquy, (Mal.) Koonammavu (An Introduction to Chavara's Work, *Atmanuthapam*).
17. ഗോവി. കെ.എം. (1998), *ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും.* തൃശൂർ: കേരള സാഹിത്യ അക്കാദമി.
18. ചന്തുമേനോൻ. ഒ.(1890) *ഇന്ദുലേഖ.* (ഒന്നാംപതിപ്പ് 1889). കോഴിക്കോട്: ജനറൽ ആൻഡ് എഡ്യുക്കേഷണൽ ബുക്ക് ഡിപ്പോ.
19. ചാവറയച്ചൻ (2000) *ചാവറയച്ചന്റെ സമ്പൂർണകൃതികൾ.* മാന്നാനം: സി.എം.ഐ. പ്രസാധക കമ്മിറ്റി.
20. ഐക്കര, തോമസ് സി.എം.ഐ. ഡോ. (എഡി.) (2012) *ദീപിക: ചരിത്രത്തിന്റെ ദീപശിഖ.* കോഴിക്കോട്: മീഡിയ ഹൗസ്.
21. മൂഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (1981) *ചാവറയച്ചന്റെ സമ്പൂർണ കൃതികൾ, വാല്യം 1, നളാഗമങ്ങൾ.* മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
22. മൂഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (1981) *ചാവറയച്ചന്റെ സമ്പൂർണ കൃതികൾ, വാല്യം 2, നളാഗമങ്ങൾ.* മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
23. മൂഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (1981) *ചാവറയച്ചന്റെ സമ്പൂർണ കൃതികൾ, വാല്യം 3, നളാഗമങ്ങൾ.* മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.

24. വിത്തുവെട്ടിക്കൽ, ലൂക്കോസ് ഫാ. (എഡി.) (1981) *ചാവറയച്ചന്റെ സമ്പൂർണ കൃതികൾ, വാല്യം 3*. മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
25. മുഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (1990) *ആത്മാനുതാപം, ഗദ്യാവിഷ്കരണം*. മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
26. ഏലീശാ, കുര്യാക്കോസ് (1905) *പോരൂക്കര, സ്ഥാപക പിതാക്കന്മാർ*. മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
27. വലേരിയൻ (1939) *മലങ്കര സഭോദ്ധാവിന്റെ ഒരു വീരസന്താനം*. മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
28. മുഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (2003) *അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ*. തിരുവനന്തപുരം: കാർമൽ പബ്ലിക്കേഷൻ സെന്റർ.
29. ചാവറയച്ചൻ (2004) *ചാവറ ജന്മ ദിശതാബ്ദി സ്പെഷ്യൽ*. ദീപിക പബ്ലിക്കേഷൻ.
30. മുഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. *ധ്യാന സല്ലാപങ്ങൾ*. തൊടുപുഴ: ആരാമം പബ്ലിക്കേഷൻസ്.
31. സാനു. എം.കെ. (2014) *ജീവിതം തന്നെ സന്ദേശം: വിശുദ്ധ ചാവറയുടെ ജീവിതം*. കോട്ടയം: മനോരമ ബുക്സ്.
32. കണിച്ചായ്, സിറിയക് സി.എം.ഐ. ഫാ. (2014) *വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ യേശുദർശനയോഗം*. കൊച്ചി: ചാവറ സാംസ്കാരിക കേന്ദ്രം.
33. പോൾ, ജോൺ (എഡി.) (2012) *സുകൃതാംസ്മര*. കാക്കനാട്: ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്.
34. വലേറിയൻ സി.ഡി. ഫാ. (1939) *വാഴ്ത്തപ്പെട്ട ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ*. മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
35. കളപ്പുരയ്ക്കൽ, എം.ജെ. സി.എം.ഐ. ഫാ. (2004) *ചാവറയച്ചന്റെ ഹൃദയത്തുടിപ്പുകൾ*. മാന്നാനം: സെന്റ് ജോസഫ്സ് പ്രസ്സ്.
36. ലെയോനില സി.എം.സി. സിസ്റ്റർ (എഡി.) (2012) *ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ*. കൊച്ചി: സെൻട്രൽ സെക്രട്ടറിയേറ്റ്.
37. കണ്ണൻചിറ, റോബി സി.എം.ഐ. ഫാ. (എഡി.) (2011) *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും*. കൊച്ചി: ബേസ്റൗമ.
38. വടക്കേടത്ത്, കുര്യാക്കോസ് ഏലിയാസ് (2005) *ചാവറ ആധ്യാത്മികത*. കോട്ടയം: ദീപിക ബുക്ക് ഹൗസ്.
39. പന്തപ്ലാക്കൽ, തോമസ് സി.എം.ഐ. ഫാ. & ജോസി സി.എം.സി. സിസ്റ്റർ (എഡി.) (2011) *ചാവറയച്ചന്റെ കത്തുകൾ*. കൊച്ചി: ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്.
40. ബീന എം.പി. (2013) *ചാവറയച്ചൻ ജീവചരിത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
41. മുഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (2006) *ചാവറയച്ചന്റെ കാവ്യകൃതികൾ പഠനങ്ങൾ*. പാലാ: ആരാമം പബ്ലിക്കേഷൻസ്.
43. മുഴൂർ, സെഡ്. എം. സി.എം.ഐ. ഫാ. (2010) *അനസ്താസ്യായുടെ രക്തസാക്ഷ്യം*. കൊച്ചി: സി.എം.ഐ.-സി.എം.സി. സംയുക്ത സമിതി.
44. പൈകട, അലക്സാണ്ടർ സി.എം.ഐ. ഫാ. (2013) *കാലം നമിക്കുന്ന കർമയോഗി*. കൊച്ചി: ബേസ് റൗമ.
45. കുര്യാക്കോസ് ഏലിയാസ് ചാവറ (2003) *ഒരു നല്ല അപ്പന്റെ ചാവരുൾ*. മാന്നാനം:
46. കുര്യാക്കോസ് ഏലിയാസ് ചാവറ (2009) *വാഴ്ത്തപ്പെട്ട ചാവറയച്ചൻ രചിച്ച കവിതകൾ*. കൊച്ചി: സി.എം.ഐ. - സി.എം.സി. സംയുക്ത സമിതി.
47. പന്തപ്ലാക്കൽ, തോമസ് സി.എം.ഐ. ഫാ. (2012) *ഇതാ ഞാൻ അവിടുത്തെ ദാസൻ*. കൊച്ചി: ബേസ് റൗമ.
48. മാണിക്കത്താൻ, ഡൊമീഷ്യൻ (1984) *കേരള സഭാദീപം*. കൊച്ചി: കെ.സി.എം. പ്രസ്സ്.
49. കണ്ണൻചിറ, റോബി സി.എം.ഐ. ഫാ. (2012) *അനസ്താസ്യായുടെ രക്തസാക്ഷ്യം ഒരു പുനർവായന*. കൊച്ചി: ബേസ് റൗമ.
51. റോസ്, സോഫി സി.എം.സി. സിസ്റ്റർ ഡോ. (2012) *ഇതാ ഈ വഴിയെ*. കൊച്ചി: ബേസ് റൗമ.

എഴുത്തുകാർ

ഡോ. എം.ജി.എസ്. നാരായണൻ

രാജ്യാന്തര തലത്തിൽ ശ്രദ്ധേയനായ ചിത്രകാരൻ. തൃപ്പൂണിത്തുറ സെന്റർ ഫോർ ഹെറിട്ടേജ് സ്റ്റഡീസിന്റെ ഡയറക്ടർ ജനറൽ. ഐ.സി.എച്ച്.ആർ.-ന്റെ മുൻ ചെയർമാൻ. നിരവധി വിദേശ സർവകലാശാലയിലെ വിസിറ്റിംഗ് പ്രൊഫസർ. പെരുമാൾസ് ഓഫ് കേരള, കാലിക്കറ്റ്: ദ സിറ്റി ഓഫ് ട്രൂത്ത് എന്നിവ ശ്രദ്ധേയമായ ഗ്രന്ഥങ്ങളാണ്.

സി. രാധാകൃഷ്ണൻ

എഴുത്തുകാരൻ, മാധ്യമപ്രവർത്തകൻ. അഗ്നി ഉൾപ്പെടെ നാലു മലയാള സിനിമകളുടെ തിരക്കഥയും സംവിധാനവും നിർവ്വഹിച്ചു. ദേശീയ-സംസ്ഥാന സാഹിത്യ അക്കാദമികളുടെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2013 ലെ മൂർത്തീദേവി പുരസ്കാരം നേടി.

ഡോ. കെ.എസ്. രാധാകൃഷ്ണൻ

എഴുത്തുകാരൻ, വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ, കേരള പി.എസ്.സി. ചെയർമാൻ, കാലടി സംസ്കൃത സർവകലാശാലയിലെ മുൻ വൈസ് ചാൻസലർ.

പ്രൊഫ. എം. തോമസ് മാത്യു

സാഹിത്യ നിരൂപകൻ, വിദ്യാഭ്യാസ വിചക്ഷണൻ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ആയിരുന്നു. "മാരാർ - ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം" എന്ന കൃതിക്ക് വയലാർ രാമവർമ അവാർഡ് ലഭിച്ചു.

ജോൺ പോൾ

പ്രശസ്ത തിരക്കഥാകൃത്ത്, പത്രപ്രവർത്തകൻ, കോളമിസ്റ്റ്. ചാമരം, ഇളക്കങ്ങൾ എന്നിവ ഉൾപ്പെടെ നിരവധി സിനിമകൾ

എം ടി ഒരു അനുയാത്ര എന്ന കൃതിക്ക് മികച്ച സിനിമാ സാഹിത്യത്തിനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. ഒരു ചെറു പുഞ്ചിരി എന്ന സിനിമയുടെ നിർമ്മാതാവ്.

രമേശ് ചെന്നിത്തല

കേരള ആഭ്യന്തര മന്ത്രി. മൂന്ന് പതിറ്റാണ്ടോളം ദേശീയ രാഷ്ട്രീയത്തിലെ നിറസാന്നിധ്യം. രാജീവ് ഗാന്ധിയുടെ കാലത്ത് യൂത്ത് കോൺഗ്രസ് അഖിലേന്ത്യാ സെക്രട്ടറി. ഇരുപത് വർഷത്തോളം എ.ഐ.സി.സി. സെക്രട്ടറി. മുൻ കെ.പി.സി.സി. പ്രസിഡണ്ട്, സാമൂഹിക പ്രവർത്തകൻ.

എം.പി. വീരേന്ദ്രകുമാർ

എഴുത്തുകാരൻ, ചിന്തകൻ, സാഹിത്യ- സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ നിറസാന്നിധ്യം. മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനിയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമാണ്. ഹൈമവത ഭൂവിൽ യാത്രാവിവരണത്തിനുള്ള പ്രഥമ കേന്ദ്ര സാഹിത്യ അവാർഡ് കരസ്ഥമാക്കി. ഡാന്യൂസ് സാക്ഷി, രാമന്റെ ദുഃഖം തുടങ്ങിയ നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

അഡ്വ. പി.എസ്. ശ്രീധരൻപിള്ള

എഴുത്തുകാരൻ, അഭിഭാഷകൻ, സാമൂഹ്യപ്രവർത്തകൻ. ഭാരതീയ ജനതാപാർട്ടിയുടെ മുൻ സംസ്ഥാന പ്രസിഡണ്ട്. ഇപ്പോൾ ബി.ജെ.പി.യുടെ നാഷണൽ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമാണ്. മദർ തെരേസ സർവീസ് അവാർഡ്, എസ്.കെ. പൊറ്റെക്കാട്ട് ലിറ്ററി അവാർഡ് തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ബോൺസായി (കവിതാസമാഹാരം) വിദ്യയും വീക്ഷണവും (ലേഖനങ്ങൾ) പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ചിലതാണ്.

കല്പറ്റ നാരായണൻ

വാഗ്മി, കവി, സാംസ്കാരിക നിരീക്ഷകൻ. കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിൽ മലയാളം അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഈ കണ്ണാടിയൊന്നു വച്ചു നോക്കൂ, അവർ കണ്ണുകൊണ്ടു കേൾക്കുന്നു, ഒഴിഞ്ഞ വൃക്ഷച്ഛായയിൽ, തത്സമയം, എന്റെ ബഷീർ എന്നിവ കൃതികളിൽ ചിലതുമാത്രമാണ്.

ഡോ. പി. കെ. രാജശേഖരൻ

എഴുത്തുകാരൻ, പത്രപ്രവർത്തകൻ, നിരൂപകൻ. മാതൃഭൂമി കണ്ണൂർ ബ്യൂറോ ചീഫ്. അന്ധനായ

ദൈവം-മലയാള നോവലിന്റെ നൂറ് വർഷങ്ങൾ എന്ന കൃതിക്ക് മികച്ച സാഹിത്യനിരൂപണത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാരം ലഭിച്ചു.

ഫാദർ ബോബി ജോസ് കട്ടിക്കാട്ട്

കപ്പൂച്ചിൻ സഭാംഗം, മതാതീത ആത്മീയ മണ്ഡലത്തിൽ ശ്രദ്ധേയൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ. സഞ്ചാരിയുടെ ദൈവം, മൂന്നാം പക്കം തുടങ്ങിയവ പുസ്തകങ്ങളിൽ ചിലതാണ്.

ഡോ. (ഫാദർ) പോൾ തേലക്കാട്ട്

സീറോ മലബാർ ചർച്ചിന്റെ വക്താവ്. മലയാളം കത്തോലിക്കാ വാരികയായ 'സത്യദീപ'ത്തിന്റെ മുഖ്യപത്രാധിപരായി 18 വർഷം പ്രവർത്തിച്ചു. ഇപ്പോൾ ലൈറ്റ് ഓഫ് ട്രൂത്ത് എന്ന ഇംഗ്ലീഷ് എഡിഷന്റെ ചീഫ് എഡിറ്റർ ആണ്.

ആഷാമേനോൻ

പ്രശസ്ത മലയാളം എഴുത്തുകാരനും നിരൂപകനുമാണ്. അടരുന്ന കക്കകൾ എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമിയുടെ സഞ്ചാരസാഹിത്യത്തിനുള്ള പ്രഥമ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഖൽസയുടെ ജലസ്മൃതി പ്രശസ്ത കൃതിയാണ്.

ഡോ. കെ. വി. തോമസ്

മലയാള ഭാഷാ പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനുമാണ്. പ്രൊഫ. എം.എം. ഖനി അവാർഡ്, ഉറൂബ് അവാർഡ്, ഖസാക്ക് അവാർഡ് എന്നിവ നേടിയിട്ടുണ്ട്. സമകാലീന സാഹിത്യ സിദ്ധാന്തങ്ങൾ സമീപകാല കൃതിയാണ്.

ബിനോയ് പി. ജേക്കബ്

പത്രപ്രവർത്തകൻ. ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ എഴുതാറുണ്ട്. മലയാള മനോരമ, യാഹു ഇന്ത്യ, അസിംപ്രേംജി ഫൗണ്ടേഷൻ എന്നിവയിലും പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. പി. ലാൽ മോഹൻ

മാധ്യമപ്രവർത്തകൻ, എഴുത്തുകാരൻ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ മാധ്യമപഠന വിഭാഗത്തിൽ അസി. പ്രൊഫസർ. മലയാള മനോരമയിൽ ജോലി ചെയ്തിട്ടുണ്ട്.

ഫാദർ തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

സി.എം.ഐ. റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ വിംഗിന്റെ ഡയറക്ടർ. ചാവറയച്ചൻ ഒരു രേഖാചിത്രം ഉൾപ്പെട്ട നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

ഡോ. ജാൻസി ജയിംസ്

എഴുത്തുകാരി, വിദ്യാഭ്യാസവിദഗ്ധ. കാസർകോട് കേന്ദ്ര സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ. ഉൾക്കാഴ്ചകൾ പ്രധാനകൃതി.

ഒ. പി. സുരേഷ്

മലയാള കവി, പത്രപ്രവർത്തകൻ, കോളമിസ്റ്റ്. കോഴിക്കോട് ദേശാഭിമാനിയുടെ ഡപ്യൂട്ടി മാനേജർ, ആദ്യകവിത പലകാലങ്ങളിൽ ഒരു പൂവ് 2008ൽ പ്രസിദ്ധീകരിച്ചു.

റിൻസി എബ്രഹാം

തലശ്ശേരി രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക. വിവർത്തനങ്ങളും സ്വതന്ത്രരചനകളുമായി അഞ്ചു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീധരനുണ്ണി

കവി, ഗാനരചയിതാവ്. 2014 ൽ പ്രസിദ്ധീകരിച്ച ശ്രീധരനുണ്ണിയുടെ കവിതകൾ കവിതാസമാഹാരങ്ങളിൽ ഏറെ ശ്രദ്ധേയമാണ്. താലപ്പൊലി, ആകാശക്കുട തുടങ്ങിയവ ബാലസാഹിത്യ രചനകളിൽ ചിലതാണ്. 1969 മുതൽ 2004 വരെ ആകാശവാണിയിൽ സേവനമനുഷ്ഠിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ്, ഇടശ്ശേരി അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

പി. ഗോപകുമാർ

എഴുത്തുകാരൻ, നിരൂപകൻ. കേരളസംസ്കൃതിയുടെ സമയരേഖകൾ-നാണയങ്ങളിലൂടെ, യാത്രാസ്മൃതി, സൂക്ഷ്മസത്യത്തിന്റെ മുഗ്ദദർശനം എന്നീ കൃതികളുടെ രചിതാവാണ്.

എം.പി. ബീന

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്യോഗം. യുറീക്ക പത്രാധിപസമിതി അംഗം. പേരാലിലെ കൂട്ടുകാർ, ശ്രീകൃഷ്ണലീലകൾ, ചാവറയച്ചൻ എന്നീ പുസ്തകങ്ങളുടെ രചയിതാവ്

സുഭാഷ് ചന്ദ്രൻ

ചെറുകഥാകൃത്ത്, നോവലിസ്റ്റ്, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ഘടികാരങ്ങൾ നിലയ്ക്കാത്ത സമയം എന്ന കഥയ്ക്ക് 2002-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. ഓടക്കുഴൽ അവാർഡും നേടിയിട്ടുണ്ട്. മനുഷ്യന് ഒരു ആമുഖം പ്രഥമ നോവൽ ആണ്.

ഡോ. എൻ.പി. ഹാഫിസ് മുഹമ്മദ്

സാമൂഹിക പ്രവർത്തകൻ, ചിത്രകാരൻ. കാലിക്കറ്റ് സർവകലാശാലയിലെ മികച്ച അധ്യാപകനുള്ള അവാർഡ് നേടി. പൂവും പുഴയും എന്ന കൃതിക്ക് സാഹിത്യ അക്കാദമി അവാർഡും ഇടശ്ശേരി അവാർഡും നേടി.

ഫാദർ ആന്റണി ഞള്ളംപുഴ സി.എം.ഐ.

പ്രഭാഷകൻ, എഴുത്തുകാരൻ, പരിശീലകൻ. സി.എം.ഐ. കോട്ടയം പ്രൊവിശ്യാംഗം. പ്രസംഗിച്ചു വളരാൻ വളർത്താൻ, വചനമനനങ്ങൾ, സന്ന്യാസം സമർപ്പണം തുടങ്ങിയ പുസ്തകങ്ങളുടെ രചയിതാവ്.

ഡോ. മുഞ്ഞിനാട് പത്മകുമാർ

കവി, വിവർത്തകൻ. എഡിറ്റർ, നാഷണൽ ബുക്ക് സ്റ്റാൾ. മുപ്പത്തഞ്ചിലധികം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗബ്രിയേൽ ഗാർസ്യ മാർക്കേസ്, വായനയുടെ ക്ലാസിക് അനുഭവങ്ങൾ, സോളമന്റെ ഉത്തമഗീതം എന്നിങ്ങനെ മുപ്പതിൽപരം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

സി.കെ. രാമചന്ദ്രൻ ഐ.എ.എസ്.

ജമ്മു കാശ്മീർ വിദ്യാഭ്യാസ-വ്യവസായ വകുപ്പ് സെക്രട്ടറി, കൊമേഴ്സ്യൽ ടാക്സ് കമ്മീഷണർ, കാർഗിൽ ജില്ലാ കലക്ടർ എന്നീ ചുമതലകൾ നിർവഹിച്ചിട്ടുണ്ട്. തുമ്പ വി.എസ്.എസ്.സി. കംട്രോളർ ആയിരിക്കെ 1977 ൽ സ്വമേധയാ വിരമിച്ചു. ഇപ്പോൾ കോഴിക്കോട് പാലിയേറ്റീവ് മെഡിസിനിൽ സന്നദ്ധസേവനം ചെയ്യുന്നു.

ഡോ. സെബാസ്റ്റ്യൻ പോൾ

അഭിഭാഷകൻ, സാംസ്കാരിക പ്രവർത്തകൻ, മാധ്യമചിന്തകൻ, കോളമിസ്റ്റ്, പ്രഭാഷകൻ, ലോക്സഭയിലും നിയമസഭയിലും അംഗമായിരുന്നു. Forbidden zones- Law and the Media എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ കർത്താവാണ്.

ഡോ. സിറിയക് തോമസ്

സാമൂഹ്യ പ്രവർത്തകൻ, വിദ്യാഭ്യാസ വിദഗ്ധൻ. കോട്ടയം മഹാത്മാ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ. ഇപ്പോൾ ഡൽഹിയിൽ ന്യൂനപക്ഷ കമ്മീഷൻ അംഗം.

കെ.വി. മോഹൻകുമാർ ഐ.എ.എസ്.

പത്രപ്രവർത്തകൻ, സാഹിത്യകാരൻ. കേരളത്തിലെ വിവിധ ജില്ലകളിൽ കലക്ടറായി സേവനമനുഷ്ഠിച്ചു. പ്രണയത്തിന്റെ മൂന്നാം കണ്ണ്, അലിഗയിലെ കലാപം ഉൾപ്പെടെ നിരവധി കൃതികളുടെ രചയിതാവ്. 'കേശു' എന്ന ചലച്ചിത്രത്തിന്റെ തിരക്കഥാകൃത്ത്. സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

എൻ. ഗോപാലകൃഷ്ണൻ

എഴുത്തുകാരൻ, വിവർത്തകൻ. ഇന്ത്യൻ റെയിൽവെയിൽ സേവനമനുഷ്ഠിച്ചു. രമാകാന്ത് രഥിന്റെ ശ്രീരാധ എന്ന കൃതിയുടെ മലയാള വിവർത്തനത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കോഴിക്കോട് പാലിയേറ്റീവ് മെഡിസിനിൽ സന്നദ്ധസേവനം നടത്തുന്നു.

ഡോ. മൈക്കിൾ തരകൻ

കാസർഗോഡ് കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ, ചരിത്രകാരൻ. ഇപ്പോൾ ഗവേഷണത്തിലും എഴുത്തിലും ഏർപ്പെട്ടിരിക്കുന്നു.

ഗോപിനാഥ് എം.

വിദ്യാഭ്യാസ വിദഗ്ധൻ, എഴുത്തുകാരൻ, വിവർത്തകൻ. ബി സ്കൂൾ, കോർപറേറ്റ് പരിശീലകനായി വിദേശത്തും സ്വദേശത്തും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദേവഗിരി സി.എം.ഐ. പബ്ലിക് സ്കൂൾ മാനവശേഷി കേന്ദ്രത്തിന്റെ ഡയറക്ടർ. ചാവറയച്ചന്റെ കൃതികളെയും സംഭാവനകളെയും അധികരിച്ച് പഠനം നടത്തുന്നു.

ചിത്രീകരണം

ആർട്ടിസ്റ്റ് നമ്പൂതിരി

പ്രമുഖ ശിൽപിയും ചിത്രകാരനും. രേഖാചിത്രങ്ങളിലെ അതുല്യമായ ശൈലി പ്രശസ്തമാണ്. നാണിയമ്മയും ലോകവും എന്ന കാർട്ടൂൺ ഏറെ ജനകീയം. കേരളലളിതകലാ അക്കാദമിയുടെ മുൻ ചെയർമാൻ.

മദനൻ

മാതൃഭൂമി പബ്ലിക്കേഷൻസിൽ ആർട്ട് എഡിറ്റർ, കേരള ലളിതകലാ അക്കാദമി മുൻ അംഗം. കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവ്. രേഖാ ചിത്ര രചനയിൽ ശ്രദ്ധേയൻ.

പോൾ കല്ലാനോട്

പ്രശസ്ത ചിത്രകാരൻ, കാർട്ടൂണിസ്റ്റ്, ശിൽപി, കവി എന്നീ നിലകളിൽ അറിയപ്പെടുന്നു. ദേവഗിരി സി.എം.ഐ. പബ്ലിക് സ്കൂളിൽ അധ്യാപകൻ. കേരള സാഹിത്യഅക്കാദമി അവാർഡ്, കനകശ്രീ അവാർഡ്, മഹാകവി ഇടശ്ശേരി അവാർഡ് എന്നിവയുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ദേവസ്യ ദേവഗിരി

ശിൽപി, ചിത്രകാരൻ, സാവിയോ ഹയർസെക്കൻഡറി സ്കൂളിൽ ചിത്രകലാ അധ്യാപകൻ. കോഴിക്കോട്ടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇദ്ദേഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സുചിത്ര ഉല്ലാസ്

ചിത്രകാരി, ദേവഗിരി സി എം ഐ പബ്ലിക് സ്കൂളിൽ അധ്യാപിക. ഇവരുടെ കലാസൃഷ്ടികൾ നിരവധി എക്സിബിഷനുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

റോണി ദേവസ്യ

അനുഗൃഹീതനായ ചിത്രകാരൻ. അഹമ്മദാബാദിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ-ന്റെ സംഭാവന. മുബൈ ഐ.ഐ.ടിയിൽ അനിമേഷനിൽ ഉപരിപഠനം.

മോത്തി ഷെറാ

ചിത്രകാരൻ, ക്ലെ മ്യൂറൽസിൽ വിദഗ്ധൻ. പോണ്ടിച്ചേരി സ്വദേശി.

ഫിറോസ് പി.കെ

ചിത്രകാരൻ. സച്ചിൻ ടെണ്ടുൽക്കർ, ഡീഗോ മാറഡോണ, ഡോ. മൻമോഹൻസിംഗ് ഉൾപ്പെടെ ദേശീയ-അന്തർദേശീയ പ്രശസ്തരായ വ്യക്തികളുടെ പെയിന്റിംഗ് ചിത്രരചനകളിലൂടെ ശ്രദ്ധേയനായി.

ഷിജു ജോർജ്

ഡിജിറ്റൽ പെയിന്റിംഗിലും അനിമേഷൻ ഡോക്യുമെന്ററികളിലും വൈദഗ്ധ്യം. ഇന്ത്യയിലും വിദേശത്തുമായി ഒട്ടേറെ പുസ്തകങ്ങളിൽ രേഖാചിത്രീകരണം നടത്തുന്നു. ഇപ്പോൾ ഡൽഹിയിൽ.

കബിത മുഖോപാധ്യായ

ചിത്രകാരി, ശില്പി. പ്രശസ്തമായ വിശ്വഭാരതി സർവ്വകലാശാലയുടെ സംഭാവന. രവീന്ദ്രനാഥ ടാഗോറിന്റെ കൃതികളുടെ മൊഴിമാറ്റങ്ങൾക്ക് രേഖാചിത്രങ്ങൾ വരച്ചിട്ടുണ്ട്.

പ്രേമദാസ് ഇരുവള്ളൂർ

ചിത്രകാരനും ഗാനരചയിതാവുമായ പ്രേമദാസ് സ്വതന്ത്രമായ രചനകൾക്കു പുറമെ ധാരാളം പ്രസിദ്ധീകരണങ്ങളിൽ ചിത്രീകരണം നടത്തിവരുന്നു.

സുനിൽ അശോകപുരം

ചിത്രകാരൻ. മലയാള മനോരമ, ഭാഷാപോഷിണി, ദേശാഭിമാനി എന്നീ പ്രസിദ്ധീകരണങ്ങളിൽ കഥകൾക്കും നോവലുകൾക്കും ചിത്രീകരണം ചെയ്യുന്നു.

മോണ്ടു ചിത്രകാർ

സ്ക്രോൾ പെയിന്റിംഗ് വിഭാഗത്തിലെ ബംഗാളി ചിത്രകാരനാണ് മോണ്ടു ചിത്രകാർ. പ്രകൃതിയുടെ സ്വഭാവിക നിറങ്ങളാണ് ചിത്രത്തിനുപയോഗിക്കുന്നത്.

നന്ദകുമാർ കെ.

പെയിന്റർ, സംഗീത സംവിധായകൻ, ഗായകൻ. ദേവഗിരി സി.എം.ഐ പബ്ലിക് സ്കൂൾ അധ്യാപകൻ.



കടപ്പാട്

ചാവറയച്ചനെപ്പറ്റി ഒരു സംഘവിചാരം നടത്തിയതിന്റെ ഫലമാണ് ഈ പുസ്തകം. സമൂഹത്തിന്റെ ക്ഷേമത്തിനും നല്ല നാളേയ്ക്കുമായി അസ്വസ്ഥപ്പെടുന്ന സമുന്നതരായ നേതാക്കളും എഴുത്തുകാരും കലാകാരന്മാരും കേരളത്തിന്റെ സുകൃതമായിരുന്ന ചാവറയച്ചനോടു കാട്ടിയ ഈ ആദരം സ്നേഹത്തോടെ സ്മരിക്കുന്നു. ഇതിന് അവതാരികയെഴുതുകയും ചാവറയച്ചനെ കൂടുതലായി അറിയാൻ വൈകിയതിൽ ഖേദം അറിയിക്കുകയും ചെയ്ത ശ്രീ. എം പി വീരേന്ദ്രകുമാറിന് ആദ്യമായി എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. ഈ സംരംഭത്തിന് എനിക്ക് ആത്മധൈര്യം പകർന്ന ശ്രീ. സി. രാധാകൃഷ്ണനും ശ്രീ. കെ.എസ്. രാധാകൃഷ്ണനും ശ്രീ. എം. രാധാകൃഷ്ണനും എന്റെ കൃതജ്ഞത അറിയിക്കുന്നു.

ചെയ്തു തീർക്കേണ്ട എല്ലാ കർത്തവ്യങ്ങൾക്കുമപ്പുറം അധികദൂരം സഞ്ചരിക്കുന്നവരാണ് സമൂഹത്തെ പുതിയ പടിവാതിൽ കടക്കാൻ സഹായിക്കുന്നുവർ. അങ്ങനെ ഒരു സാമൂഹ്യ പരിഷ്കർത്താവിനോട് നിറവേറ്റേണ്ട കടമയായി കരുതി വിലപ്പെട്ട സമയവും അഗാധമായ വിചിന്തനങ്ങളും നൽകി അനുഗ്രഹിച്ച പ്രിയപ്പെട്ട എഴുത്തുകാർക്ക് എന്റെ പ്രണാമം അർപ്പിക്കുന്നു.

കലകൾ ആത്മീയ ലോകത്തെ ദൃശ്യസാധ്യമാക്കിത്തരുന്നു. വരകൾക്കൊണ്ടും വർണങ്ങൾകൊണ്ടും നിത്യതയെ അനുഭവവേദ്യമാക്കിത്തരുന്നത് കലാകാരന്മാരാണ്. ചാവറയച്ചൻ നമുക്കിടയിലൂടെ ഇന്നും സഞ്ചരിക്കുന്നുവെന്ന് തോന്നിക്കും വിധമാണ് പുസ്തകത്തിലെ ചിത്രീകരണങ്ങൾ. ലഭ്യമായ ഒരു ഛായയിൽ നിന്നുമാണ് ഇത്രയും ചിത്രങ്ങളെ ഭാവനാപരമായി സൃഷ്ടിച്ചിട്ടുള്ളത്. ഈ സൃഷ്ടികർമത്തിന് കാർമികത്വം വഹിച്ച പോൾ കല്ലാനോട് സാറിനും പ്രമുഖരായ കലാകാരന്മാർക്കും ഹൃദ്യമായ എന്റെ കടപ്പാട് അറിയിക്കുന്നു.

പത്താംക്ലാസ് കഴിഞ്ഞ് തുടർപഠനത്തിന് തയ്യാറെടുക്കുമ്പോഴായിരുന്നു ചാവറയച്ചന്റെ പൈതൃകധാരയിൽ ജീവിതത്തെ സമർപ്പിക്കാൻ ലിസ്ബത്ത് മേരി സിസ്റ്ററിൽ നിന്നും ക്ഷണം കിട്ടുന്നത്. സി.എം.ഐ. സമൂഹം എന്റെ വിശാല ഭവനമായി തീർന്നു. അതിന്റെ ശ്രേഷ്ഠനായ പ്രിയോർ ജനറാളച്ചനായ ബഹു. പോൾ ആച്ചാണ്ടിയച്ചനും, എന്നെ ഈ ഉദ്യമത്തിന് സ്നേഹത്തോടെ അനുഗ്രഹിക്കുന്ന കോഴിക്കോട് പ്രൊവിൻഷ്യൽ ജോസഫ് വയലിലച്ചനോടും വിദ്യാഭ്യാസ സെക്രട്ടറി ബിജു വെള്ളക്കടയച്ചനോടും ദേവഗിരി ആശ്രമശ്രേഷ്ഠനും എന്റെ ഗുരുനാഥനുമായ ജോസഫ് പൈകടയച്ചനോടും സുഹൃത്തും സഹപ്രവർത്തകനുമായ ജോണി കൊച്ചുതാഴത്തച്ചനോടും നന്ദി രേഖപ്പെടുത്തുന്നു. എനിക്കുമുമ്പേ ചാവറയച്ചനെപ്പറ്റി ഏറെ പഠിക്കുകയും എഴുതുകയും ചെയ്ത സഭാംഗങ്ങളെ, പ്രത്യേകിച്ച് ഇസെഡ്.എം. മൂഴൂച്ചനെയും മത്തിയാസ് മുണ്ടാടനച്ചനെയും തോമസ് കൊച്ചുമുട്ടത്തച്ചനെയും മാത്യു കളപ്പുരയ്ക്കലച്ചനെയും തോമസ് പന്തപ്ലാക്കലച്ചനെയും സെബാസ്റ്റ്യൻ പൂണോലിയച്ചനെയും ഞാൻ സ്നേഹത്തോടെ സ്മരിക്കുന്നു.

ദേവഗിരി സി.എം.ഐ. പബ്ലിക് സ്കൂളാണ് ചാവറയച്ചനോടുള്ള ഈ സ്നേഹോപഹാരത്തിന് വേദിയായത്. ഈ ഉദ്യമത്തിൽ പങ്കുചേർന്ന എന്റെ എല്ലാ സഹപ്രവർത്തകർക്കും ശ്രീ. എം. ഗോപിനാഥ്, ശ്രീ. പോൾ കല്ലാനോട്, ജ്യോതി കൃഷ്ണനുണ്ണി, മെലനി മാർക്കസ് ഷിബു, ജിജി മാത്യു, സംഗീത് ദാസ്, ആനി വിമൽ, ശ്രീലത നായർ, ഫർസാന കെ. എന്നിവർക്കും പരിഭാഷ നടത്തിയ ബിനോയ് പി. ജേക്കബിനും കെ.കെ. ബലരാമനും ഭാഷാ പരിശോധന നടത്തിത്തന്ന പ്രിയപ്പെട്ട എം. രാധാകൃഷ്ണനും പി.എ. സണ്ണിക്കും വിമൽ വള്ളോപ്പിള്ളിക്കും പി.ഐ. സോളമനും ശ്രീരമക്കും വി. കെ. അജയകുമാറിനും എൻ. രാജേഷിനും ബി.കെ. രാജേഷിനും എന്റെ നന്ദി അറിയിക്കുന്നു.

മാതൃഭൂമിക്കുവേണ്ടി ഈ പുസ്തക പ്രസിദ്ധീകരണത്തിന് മാർഗനിർദേശം നൽകിയ കെ.ആർ. പ്രമോദിനോടും നൗഷാദിനോടും ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്ന കേരളത്തിന്റെ അക്ഷരവീടായ *മാതൃഭൂമി*യോടും ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു.

ജോൺ മണ്ണാറത്തറ



ചാവറയച്ചൻ

കേരള ആധുനികത്വത്തിന്റെ ശില്പി

എഡിറ്റർ
ജോൺ മണ്ണാറത്തറ

പൊതുസമൂഹനിർമിതിക്ക് അനല്പമായ സംഭാവന നല്കിയ ചാവറയച്ചനെ പുനരാലോചനയ്ക്കു വിധേയമാക്കുന്ന പുസ്തകം. ഈ നാടിന്റെ ആകാശമായി മാറിയ ചാവറയച്ചനെ സമൂഹത്തിന്റെ നാനാതുറകളിൽനിന്നുള്ളവർ നോക്കിക്കാണുകയാണിവിടെ.

അനുപമവും വിപ്ലവകരവുമായ പ്രവർത്തനങ്ങൾകൊണ്ടാണ് നാം ഇന്നും ചാവറയച്ചനെ ഓർമിക്കുന്നത്. അദ്ദേഹം ഈ പരിഷ്കരണങ്ങളൊക്കെ നടത്തിയ കാലത്ത് ശ്രീനാരായണഗുരു, കേവലം സ്കൂളിൽ പഠിക്കുന്ന ഒൻപതോ പത്തോ വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിയായിരുന്നു. ഇത്തരത്തിൽ ചിന്തിച്ചാൽ ശ്രീനാരായണഗുരുദേവന്റെ നവോത്ഥാനശ്രമങ്ങൾക്ക് പരോക്ഷമായെങ്കിലും വഴിതെളിക്കുന്നതിലും അതിനുള്ള ഒരു വിളനിലമൊരുക്കുന്നതിലും ചാവറയച്ചന്റെ പരിഷ്കരണപ്രവർത്തനങ്ങൾ വഹിച്ച പങ്ക് ചെറുതല്ലെന്നു കാണാം.

– ഡോ. എം.ജി.എസ്. നാരായണൻ

ഭാരതീയമായ ക്രൈസ്തവ സന്ന്യാസപാരമ്പര്യം സൃഷ്ടിച്ച ചാവറയച്ചൻ കേരളീയ ക്രൈസ്തവ ആധ്യാത്മികപാരമ്പര്യത്തിലെ അദ്ഭുതമാണ്. ആധ്യാത്മികതയെയും ആധുനികത്വത്തെയും കൂട്ടിയിണക്കിയ പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റേത്. പള്ളിയിൽനിന്ന് പള്ളിക്കൂടത്തിലേക്കും അച്ചുകൂടത്തിലേക്കും എഴുത്തിലേക്കും നീങ്ങിയ അദ്ദേഹം 19-ാം നൂറ്റാണ്ടിലെ കേരളത്തിലുണ്ടായ സാമൂഹികപരിവർത്തനങ്ങളുടെ ചാലകരിലൊരാളാണ്.

– ഡോ. പി.കെ. രാജശേഖരൻ

അവതാരിക
എം.പി. വീരേന്ദ്രകുമാർ

Malayalam / Anthology
Cover design: Satheesh Unnikrishnan

Non-fiction

ISBN 978-81-8266-227-8

₹ 500

www.mathrubhumibooks.com ◆ 2014
The Mathrubhumi Printing & Publishing Co. Ltd., Kozhikode